# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 19, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1074/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ.ടി.എം.തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..107

**II അടിയന്തരപ്രമേയം**

ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവും

(അവതരണാനുമതി നിഷേധിച്ചു.) ..520

**III ശ്രദ്ധ ക്ഷണിക്കൽ**

1. ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ

- ശ്രീ. കെ.ജെ. മാക്സി ..545

2. ഫ്ലക്സ് നിരോധനം

- ശ്രീ. പി. കെ. അബ്ദു റബ്ബ് ..547

**IV സബ്മിഷൻ**

1. ആലപ്പുഴ ബൈപ്പാസ് നിർമ്മാണം

- പ്രതിപക്ഷനേതാവ്

(ശ്രീ. രമേശ് ചെന്നിത്തല) ..551

2. സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ

- ശ്രീ. മഞ്ഞളാംകുഴി അലി ..557

3. കായംകുളം താലൂക്ക് രൂപീകരണം

- ശ്രീമതി യു. പ്രതിഭ ..560

4. കുടിവെള്ള പദ്ധതി

- ഡോ. എൻ. ജയരാജ് ..562

*പേജ്*

5. ഉരുക്ക് തടയണ നിർമ്മാണം

- ശ്രീ. പി. കെ. ശശി ..564

6. തടയണകളുടെ നിർമ്മാണം

- ശ്രീ. മുഹമ്മദ് മുഹസിൻ പി. ..566

7. കാർഷിക കോളേജ്

- ശ്രീ. കെ. ബാബു ..567

8. സാംസ്കാരിക സമുച്ചയങ്ങൾക്ക് സ്ഥലം ഏറ്റെടുക്കൽ

- ശ്രീ. പി. ടി. എ. റഹീം ..569

9. റോഡ് നവീകരണം

- ശ്രീ. വി. പി. സജീന്ദ്രൻ ..570

10. ആലുവ ഇ. എസ്. ഐ. ആശുപത്രി

- ശ്രീ. അൻവർ സാദത്ത് ..573

**V ഗവൺമെന്റ് പ്രമേയം**

ബി.പി.സി.എൽ സ്വകാര്യവൽക്കരണം ..573

**VI റിപ്പോർട്ട് സമർപ്പണം** ..575

**VII ക്രമപ്രശ്നം** ..578

ഡിലേ സ്റ്റേറ്റുമെന്റുകളിലെ അവ്യക്തത

- ശ്രീ. റോജി എം. ജോൺ ..581

**റൂളിംഗ്** ..581

**VIII നിയമനിർമ്മാണകാര്യം** ..582

<u>സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u> ..

(i) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ

(ii) 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2019 നവംബർ 19, ചൊവ്വ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2019 നവംബർ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ചോദ്യം നമ്പർ *481

### ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനം

1 (*481) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ബി. സത്യൻ:
ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പതിനാറായിരം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ പുതുതായി തുടങ്ങി അതുവഴി അരലക്ഷത്തിലധികം പേർക്ക് തൊഴിൽ നൽകണമെന്ന ലക്ഷ്യത്തോടെ ചെയ്തുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) വ്യവസായങ്ങൾ തുടങ്ങി മൂന്നു വർഷത്തിനകം അനുമതി നേടിയാൽ മതിയെന്ന മാതൃകാപരമായ നിയമം ചെറുകിട വ്യവസായ രംഗത്ത് ചുവപ്പുനാട ഒഴിവാക്കി വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള സിഡ്കോയുടെ പ്രവർത്തനം കാര്യക്ഷമമാണോ; വ്യക്തമാക്കുമോ;

(ഡി) സിഡ്കോയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രാവലോകനം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) 2019-20-ലെ ബജറ്റിൽ ഈ വർഷം ആകെ 1550 കോടി രൂപ മൂലധന നിക്ഷേപമുള്ള 16000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കുവാനും അതുവഴി 55000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി 31-10-2019 വരെ 772.92 കോടി രൂപ നിക്ഷേപത്തിൽ 7888 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭങ്ങളിലൂടെ 27048 പേർക്ക് തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിലൂടെ 382 സംരംഭകർക്ക് 24.50 കോടി രൂപ നിക്ഷേപ സബ്സിഡിയായി 2019 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ അനുവദിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്കായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- വ്യവസായ വളർച്ചയിൽ മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തുക എന്ന ലക്ഷ്യം മുൻനിർത്തി കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതി നടപ്പിലാക്കിവരുന്നു.

- വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം 'കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റർ ഡിസ്പ്പോസൽ ആന്റ് ട്രാൻസ്പെരൻസി)' 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. ഇതുവഴി അനുമതികൾക്കായി അപേക്ഷിക്കേണ്ടതായ പതിനഞ്ചോളം വകുപ്പുകൾ/ഏജൻസികൾ എന്നിവിടങ്ങളിലേയ്ക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. കോമൺ ആപ്ലിക്കേഷൻ ഫോറം,

ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാന സവിശേഷതകൾ. പൂർണ്ണ രൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുവാനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ സാധിക്കും. പ്രസ്തുത സംവിധാനം ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതിയെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്താൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 'ഇൻവെസ്റ്റ് കേരള പോർട്ടൽ' സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

- യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിച്ചുവരുന്നു.

(ബി)സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുവഴി നിക്ഷേപവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി പത്ത് കോടി രൂപവരെ മുതൽമുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൂന്ന് വർഷത്തെ ഇളവ് അനുവദിക്കുന്ന 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ' ഈ സഭാ സമ്മേളന കാലയളവിൽ ബില്ലായി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതോടെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപവുമുള്ള പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് മൂന്ന് വർഷത്തേയ്ക്ക് ഇളവ് ലഭിക്കുന്നതാണ്.

(സി & ഡി) സിഡ്കോയുടെ അധീനതയിൽ 17 മേജർ വ്യവസായ എസ്റ്റേറ്റുകൾ, 36 മിനി വ്യവസായ എസ്റ്റേറ്റുകൾ, 7 വ്യവസായ പാർക്കുകൾ എന്നിവ ഉൾപ്പെടെ ആകെ 60 എസ്റ്റേറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ യൂണിറ്റുകളുടെ കൈമാറ്റത്തിലൂടെയും മറ്റും ആകെ 350-ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചെറുകിട വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ സർക്കാർ സഹായത്തോടെയും അനുബന്ധ ഭൂമി അനുവദിച്ചത് വഴി ലഭിച്ച തുകയുടെ 50% തുക ഉപയോഗിച്ചും നടന്നുവരുന്നു. വ്യവസായികൾക്ക് അനുവദിച്ച് വരുന്ന ഷെഡ്/ഭൂമിക്ക് സെയിൽ ഡീഡ് നൽകി വരുന്നു. മതിയായ കാരണങ്ങളാൽ പ്രവർത്തനരഹിതമായ യൂണിറ്റുകൾ യോഗ്യരായ വ്യവസായികൾക്ക് കൈമാറ്റം ചെയ്ത് നൽകി വരുന്നു. ആയതിലൂടെ പുതിയ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് കഴിയും.

ചെറുകിട വ്യവസായ മേഖലയിലെ സിഡ്കോയുടെ പ്രവർത്തനത്തിലൂടെ 3332-ഓളം പുതിയ തൊഴിലവസരങ്ങൾ പ്രത്യക്ഷമായി ചെറുകിട വ്യവസായ മേഖലയിൽ സൃഷ്ടിക്കുന്നതിനും ഇതിലൂടെ 145 കോടി രൂപയുടെ മൂലധന നിക്ഷേപം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വ്യവസായരംഗം പുഷ്ടിപ്പെട്ടു എന്നുമാത്രമല്ല, ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ നൽകി അവരെ സഹായിക്കുന്നതിനുവേണ്ടി മുൻകയ്യെടുത്ത ഈ ഗവൺമെന്റിനെയും വകുപ്പുമന്ത്രിയെയും ഞാൻ

പ്രത്യേകം അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി മൂന്നോനാലോ പ്രാവശ്യം ഇടപെട്ട് യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുകയും 10 കോടിയിൽപ്പരം രൂപ വീണ്ടും കൊടുക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 കൊല്ലക്കാലമായി പൂട്ടിക്കിടന്ന ഉദുമ ടെക്സ്റ്റൈൽ മിൽ എന്ന വ്യവസായ സ്ഥാപനം തുടങ്ങാൻ സാധിക്കുകയും അതിൽ മുന്നൂറിൽപ്പരം ആളുകൾക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള സംരംഭം ഉണ്ടാക്കാനും കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് 5 കൊല്ലക്കാലം അത് പൂട്ടിയിട്ടു. മുന്നൂറിൽപ്പരം ആളുകളെ ആ ഗവൺമെന്റ് നിയമിച്ചിരുന്നുവെങ്കിലും ആർക്കും തൊഴിൽ കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരികയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇ. പി. ജയരാജൻ ഇടപെട്ടതിന്റെ ഫലമായി അവർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കുകയും ചെയ്തു.

ഈ ഗവൺമെന്റ് പുതുതായി തുടങ്ങുന്ന ഏകജാലക നടപടികൾ പ്രകാരം വ്യവസായങ്ങൾ തുടങ്ങാൻ തടസ്സമുണ്ടാകില്ലെന്നും മന്ത്രി വിശദീകരിക്കുകയുണ്ടായി. വ്യവസായ വകുപ്പ് ഇതിന് അനുകൂല നടപടി സ്വീകരിച്ചാലും ത്രിതല പഞ്ചായത്തിന്റെയും മറ്റ് ബന്ധപ്പെട്ട ആളുകളുടെയും കൺസെഷൻ നടപടികൂടി ഉണ്ടെങ്കിൽ മാത്രമേ ഇത് പൂർത്തിയാക്കാൻ കഴിയൂ. ആ തടസ്സം നീക്കുന്നതിനുവേണ്ടി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിയുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കാൻ, അതിവേഗത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി 1999-ലെ നിയമം ഭേദഗതി ചെയ്ത് ആധുനിക 'കെ-സ്വിഫ്റ്റ്' സംവിധാനത്തിലൂടെ ഏതാണ്ട് 7 വകുപ്പുകളിലൂടെയുള്ള 10 നിയമങ്ങൾ ലഘൂകരിച്ചുകൊണ്ട് അതിവേഗത്തിൽ ലൈസൻസുകളും മറ്റ് നടപടികളും പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആ സംരംഭവുമായി മുന്നോട്ടുപോകുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾകൂടി മനസ്സിലാക്കി, ഏതൊരു സംരംഭകനും അതിവേഗത്തിൽ സംരംഭം ആരംഭിക്കാൻ കഴിയത്തക്ക നിലയിൽ പുതിയൊരു നിയമം തയ്യാറാക്കുന്നതിന്റെ ഭാഗമായി ബിൽ അവതരിപ്പിച്ചിട്ടുണ്ട്. നാളെ ആ ബിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരം സഭയിൽ ചർച്ചയ്ക്ക് വരുന്നുണ്ട്. അതോടുകൂടി കേരളത്തിൽ ഒട്ടനവധി സംരംഭങ്ങൾക്ക് വേഗത കൂട്ടിയെടുക്കാൻ സാധിക്കും. എന്നുമാത്രമല്ല, അതിലൂടെ കൂടുതൽ സംരംഭങ്ങൾ നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആ കാര്യങ്ങൾ നാളത്തെ ബില്ലിന്റെ ചർച്ചയിലുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പൂട്ടിക്കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞുവെന്നും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണത്തെ ലാഭത്തിലാക്കാൻ കഴിഞ്ഞു എന്ന കാര്യവുംകൂടി അറിയാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, എല്ലാ വ്യവസായങ്ങളെയും ലാഭകരമാക്കിത്തീർക്കാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. പൂട്ടിക്കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രത്യേകതകൾ പരിശോധിച്ചു കൊണ്ട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അതിന്റെ കണക്ക് പ്രത്യേകമായി ശേഖരിക്കേണ്ടതാണ്. എന്റെ ഓർമ്മയിലുള്ളതൊക്കെ പറയാം. വളരെക്കാലമായി ചാലക്കുടിയിൽ അടച്ചിട്ടിരുന്ന ഏറ്റവും പ്രശസ്തമായ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ അവിടത്തെ തൊഴിലാളികളും യൂണിയൻ നേതാക്കളും നാട്ടുകാരും ചേർന്ന് ഒരു സംരംഭം ഉണ്ടാക്കുകയും അതിന്റെ ഫലമായി തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപോലെ നമ്മുടെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള വ്യവസായങ്ങളെ സജീവപ്പെടുത്താനുള്ള സത്വര നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, സിഡ്കോ വഴിയാണ് ഇന്ന് ചെറുകിട വ്യവസായ മേഖലയുടെ സംരക്ഷണം നടപ്പിലാക്കുന്നത്. എന്നാൽ ഇപ്പോൾത്തന്നെ 17 മേജർ വ്യവസായ എസ്റ്റേറ്റുകളും 36 മിനി വ്യവസായ എസ്റ്റേറ്റുകളും 7 വ്യവസായ പാർക്കുകളും സിഡ്കോയുടെ കീഴിലുണ്ട്. അവിടെ ഉല്പാദിപ്പിക്കുന്ന പല ഉല്പന്നങ്ങളും അവിടത്തെ സാങ്കേതിക വിദ്യയും കാലഹരണപ്പെട്ടതാണ്. അതിന്റെ ഫലമായി ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് വലിയ പ്രശ്നമാണ്. പുതിയ കാലത്തിനനുസരിച്ച ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന രീതിയിൽ സിഡ്കോയുടെ നേതൃത്വത്തിൽ റിസർച്ച് സംവിധാനം കൊണ്ടുവരികയും മാർക്കറ്റിംഗിന് പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കാൻ കഴിയുകയും വേണം. അതിനാവശ്യമായ ഒരു സംവിധാനം സിഡ്കോ ഉണ്ടാക്കണം. എറണാകുളം ജില്ലയിലെ കടവന്ത്രയിൽ സിഡ്കോയുടെ കുറേ ഭൂമി നിലവിലുണ്ട്. അതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് റിസർച്ചും മാർക്കറ്റിംഗുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സിഡ്കോയ്ക്ക് മുന്നോട്ടു വരാൻ സാധിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഈ പറഞ്ഞ കാര്യങ്ങൾ തീർച്ചയായും പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്. കടവന്ത്രയിൽ നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചു പിടിച്ചു. ഏറ്റവും വിലപിടിപ്പുള്ള ഒരു സ്ഥലമായിരുന്നു കടവന്ത്രയിൽ സിഡ്കോയുടെ കൈവശമുണ്ടായിരുന്നത്. ഗുരുതരമായ അഴിമതിയും തെറ്റായ നടപടികളും സ്വീകരിച്ച് സംസ്ഥാനത്തിന് നഷ്ടപ്പെട്ടു പോകുന്ന അവസ്ഥയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് തിരിച്ചുപിടിച്ച് വ്യവസായ വികസനത്തിനായി മാറ്റിവച്ചിരിക്കുകയാണ്. പുതിയ സംരംഭങ്ങൾക്കുവേണ്ടി ആ സ്ഥലം ഉപയോഗിക്കാൻ സാധിക്കും. അതിനാവശ്യമായ നടപടികൾ സിഡ്കോ സ്വീകരിച്ചു വരികയുമാണ്. സിഡ്കോയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുകയും വ്യവസായങ്ങൾക്ക് വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കൾ വ്യവസായികൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് സിഡ്കോയുടെ പ്രധാന പ്രവർത്തനം. അത് നല്ല നിലയിൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കാലോചിതമായ നിലയിൽ കാലഹരണപ്പെട്ടുപോയ വ്യവസായങ്ങളെ മാറ്റി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇപ്പോൾ സിഡ്കോയുടെ എല്ലാ യൂണിറ്റുകളും വളരെ സജീവമായി, ചലനാത്മകമായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ബി. സത്യൻ: സർ, 1996 കാലയളവിൽ പുതിയ സാമ്പത്തിക നയം രാജ്യത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി, ചെറുകിട സംരംഭങ്ങളാകെ തകർക്കപ്പെട്ടതിന്റെ ഭാഗമായി Micro Small and Media Enterprises-(MSME) എന്ന ചെറുകിട വ്യവസായങ്ങളെ നിയന്ത്രിക്കുന്ന സ്ഥാപനത്തിന് കീഴിൽ എന്റെ മണ്ഡലത്തിലും ഒരു ഫാക്ടറി പ്രവർത്തിച്ചിരുന്നു. 1996-ൽ അത് അടച്ചുപൂട്ടപ്പെട്ടു. തൊഴിലാളികൾക്ക് തൊഴിലവസരം ലഭ്യമാക്കിയ, ഏറ്റവും നന്നായി പ്രവർത്തിച്ച ഒരു സ്ഥാപനമായിരുന്നു അത്. നീണ്ട പരിശ്രമത്തിന്റെ ഭാഗമായി, ചെറുകിട സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി അങ്ങ് സ്വീകരിച്ച നടപടികളുടെ ഭാഗമായി ഈ നവംബർ 1-ന് അത് തുറക്കാൻ സാധിച്ചു. സംസ്ഥാന വ്യവസായ വകുപ്പിന്റെയും ഡയറക്ടറുടെയും നല്ല പിന്തുണ ഉണ്ടായിരുന്നു. പക്ഷെ സ്ഥാപനം തുറന്നുവെങ്കിലും പഴയ കാലത്തെപ്പോലെ അതിന്റെ പ്രവർത്തനം തുടർന്നും മുമ്പോട്ടു കൊണ്ടു പോകാനാവില്ല. അങ്ങ് മുൻകയ്യെടുത്ത് ഈ സ്റ്റീൽ ഫാക്ടറിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

ശ്രീ. ഇ. പി. ജയരാജൻ: സർ, എല്ലാ വ്യവസായങ്ങളെയും ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നതെന്ന് ഞാൻ പറഞ്ഞു. MSME-യുടെ

കാര്യവും ഇവിടെ പറഞ്ഞു. ഒരു ലൈസൻസുമില്ലാതെ വ്യവസായം തുടങ്ങാം. സ്ഥാപനം പ്രവർത്തിച്ച് മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനുള്ളിൽ ലൈസൻസെല്ലാം ശേഖരിച്ച് സബ്മിറ്റ് ചെയ്താൽ മതി. ഏതാണ്ട് 10 കോടിയോളം രൂപയുടെ നിക്ഷേപങ്ങൾ വരുന്ന സ്ഥാപനങ്ങളാണ് MSME യൂണിറ്റുകൾ. ഇത്തരത്തിലുള്ള നിക്ഷേപങ്ങൾ, വ്യവസായങ്ങൾ, കേരളത്തിലുണ്ടായാൽ അത് വലിയൊരു സംരംഭവും മാറ്റവുമായിരിക്കും. ഇന്നത്തെ വ്യവസായ സൗഹൃദ കാലാവസ്ഥകൂടി പരിശോധിച്ചാൽ ഇതിനുള്ള സാധ്യതകൾ വർദ്ധിച്ചുവരികയാണ്. ഈ നടപടികളിലൂടെ കേരളം ഒരു വ്യവസായ കുതിപ്പിലേയ്ക്ക് തന്നെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇവിടെ പറഞ്ഞിട്ടുള്ള ഓരോ കാര്യങ്ങളും, ഓരോ വ്യവസായത്തിന്റെയും പ്രശ്നങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് പരിഹാരം കാണുകയാണ്. അതിവേഗത്തിൽ കാര്യങ്ങൾ നിർവ്വഹിക്കണം. അതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റ് വ്യാവസായിക വളർച്ചയുടെ കാര്യത്തിൽ കേരളത്തെ ഇന്ത്യയിൽത്തന്നെ ഒന്നാം സ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ടുവരും. നേരത്തെ കേരളം 21- ാം സ്ഥാനത്തായിരുന്നു. ഇനി നമുക്ക് ഒന്നാം സ്ഥാനത്തേയ്ക്കു വരണം. അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

<u>ശ്രീമതി വീണാ ജോർജ്ജ്:</u> സർ, നമ്മുടെ നാട്ടിൽ ധാരാളമായി കിട്ടുന്ന വിഭവങ്ങൾ ഉപയോഗിച്ച് കൂടുതൽ ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണല്ലോ അടുത്തിടെ കോഴിക്കോട് "Coconut Expo" നടന്നത്. ഇതിലൂടെ ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾക്കുള്ള സാധ്യതകൾ തുറക്കപ്പെട്ടിട്ടുണ്ടോ; ചെറുകിട സംരംഭകർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, മാർക്കറ്റ് വിപുലമാകുന്നില്ല എന്നുള്ളതാണ്. ഒന്നുകിൽ പഞ്ചായത്ത് അല്ലെങ്കിൽ പരമാവധി ആ ജില്ല, അതിനപ്പുറത്തേയ്ക്ക് പോകുന്നില്ല. അവർക്ക് കേന്ദ്രീകൃതമായിട്ടുള്ള ഒരു മാർക്കറ്റിംഗ് സംവിധാനം ഉണ്ടാകണം. അതോടൊപ്പം ഇന്ന് ഓൺ ലൈൻ ഷോപ്പിംഗിന്റെ കാലഘട്ടമാണ്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഈ ചെറുകിട സംരംഭകർക്ക് വേണ്ടിയിട്ടുള്ള ഒരു "ഓൺ ലൈൻ ഷോപ്പിംഗ് പ്ലാറ്റ്ഫോം" സൃഷ്ടിക്കുവാൻ സാധിക്കുമോ;

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, ഇത് ഒരു നല്ല നിർദ്ദേശമാണ്. ഇപ്പോൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലുള്ള ഒരു പ്രത്യേക വിഷയം തന്നെയാണിത്. ഈ ഓൺലൈൻ സംവിധാനത്തിലൂടെ മാർക്കറ്റിംഗ് രംഗത്തെ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇതിനാവശ്യമായ ഒരു പോർട്ടൽ വ്യവസായ വകുപ്പിനുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റൊരു കാര്യം, കാർഷിക വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായങ്ങൾക്ക് നല്ല സാധ്യതകളുണ്ട് എന്നതാണ്. അതിന് ഉദാഹരണമാണ് കോഴിക്കോട് നടന്ന 'Coconut Expo'. കേരളം കേരയുടെ നാടാണ്. പക്ഷേ ഇന്ത്യയിൽ നാളികേര ഉൽപ്പാദനത്തിന്റെ കാര്യത്തിൽ കേരളം ഇപ്പോൾ മൂന്നാം സ്ഥാനത്തേയ്ക്ക് തള്ളപ്പെട്ടിരിക്കുകയാണ്. അത് മാറ്റിയെടുക്കാൻ കൃഷി വകുപ്പ് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ വാർഡുകളിലും ഒരു വർഷം ഒരു കൃഷിക്കാരൻ എന്ന നിലയിൽ 75 നാളികേര തൈകൾ സൗജന്യമായി കൊടുക്കുക. അങ്ങനെ വന്നാൽ 3 വർഷം കൊണ്ട് 10 ലക്ഷം നാളികേരവൃക്ഷം നമുക്കിവിടെ വച്ചുപിടിപ്പിക്കാൻ സാധിക്കും. കേരളം നാളികേരത്തിന്റെ കാര്യത്തിൽ മുന്നിലേയ്ക്ക് വരികയാണ്. സംസ്ഥാനത്ത് നാളികേര ഉല്പാദനം വർദ്ധിക്കുമ്പോൾ അതിനെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാൻ കഴിയണം. അതിന് സഹായകരമായിട്ടുള്ള ഒരു എക്സ്പോ ആണ് കോഴിക്കോട് നടന്നത്. അവിടെ നടത്തിയിട്ടുള്ള എക്സ്പോയിലൂടെ ഒരുപാട് അറിവുകൾ കൃഷിക്കാർക്ക് ലഭ്യമായിട്ടുണ്ട്. നാളികേര കൃഷിക്കാർതന്നെ ഇത്തരം സംരംഭങ്ങൾ കണ്ട് മനസ്സിലാക്കി പിന്നീട് വ്യവസായ വകുപ്പിന്റെ ജില്ലാ ആഫീസുകളുമായി ബന്ധപ്പെടുകയും ഈ നാളികേര എക്സ്പോ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കണമെന്ന് നിർദ്ദേശങ്ങൾ വച്ചിട്ടുമുണ്ട്. അവിടെ നടന്ന എക്സ്പോയിൽ കാണാൻ സാധിച്ച ഒരു കാര്യം, നാളികേരം ഉപയോഗിച്ചുകൊണ്ട് ഏകദേശം എൺപതിലധികം ഉല്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. അത്രയും വലിയ സാധ്യതകളുണ്ട്. വ്യവസായ വകുപ്പ് ഈ സാധ്യതകളെ കണ്ടുകൊണ്ട് കേരളത്തിൽ നാളികേര വ്യവസായത്തെ പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പുതിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അത് തീർച്ചയായും കേരളത്തിന്റെ വ്യാവസായിക രംഗത്തും തൊഴിൽ മേഖലയിലും നാളികേര കൃഷിക്കാർക്ക് ആശ്വാസകരമായിട്ടുള്ള ഒരു സംരംഭമായിത്തീരും.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന ഒരു പരമ്പരാഗത വ്യവസായമാണ് ഈറ്റ, പനമ്പ് മേഖല. എന്റെ നിയോജകമണ്ഡലത്തിലടക്കം ധാരാളം ആളുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ചെറുകിട സൂക്ഷ്മ മേഖലയിൽ ധാരാളം വ്യവസായ സാധ്യതകളുണ്ട്. പക്ഷേ ഇന്ന് അവർ നേരിടുന്ന പ്രധാന പ്രശ്നം ഈറ്റയുടെ ലഭ്യതക്കുറവും കാലങ്ങളായിട്ടുള്ള ഡി.എ. കുടിശ്ശികയുമാണ്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ഈ മേഖലയെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഈറ്റയുടെ കുറവുണ്ട്. മുള വച്ചു പിടിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. വനങ്ങളിലും വനത്തിന്റെ സമീപ പ്രദേശങ്ങളിലും മുള വച്ചുപിടിപ്പിച്ച് അത് വെട്ടിയെടുത്ത് പുതിയ സംരംഭങ്ങളിലേയ്ക്ക് കടക്കാൻ ജനങ്ങളെ ബോധവാന്മാരാക്കുന്നു. പൊതുമേഖലാ സ്ഥാപനമായ ബാംബൂ കോർപ്പറേഷൻ ഈറ്റ, പനമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ഫ്ലോറിംഗ് നിർമ്മിക്കാനും പുതിയ സംരംഭങ്ങളിലേയ്ക്ക് അതായത് കാലഘട്ടത്തിനനുയോജ്യമായ പ്രോഡക്റ്റ് ഉല്പാദിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈറ്റ, പനമ്പ് മേഖലയിൽ തൊഴിലെടുക്കുന്നവർ പാവപ്പെട്ട വനവാസികളാണ്. അവർക്ക് സഹായം ചെയ്തുകൊടുക്കണം. അതിനുവേണ്ടി അവർക്ക് തൊഴിൽ കൊടുക്കണം. അവർക്ക് കൃത്യമായി വേതനം കൊടുക്കാൻ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട്. വലിയ സാമ്പത്തിക പ്രശ്നം ഈ മേഖലയിലില്ല. കഴിഞ്ഞ മാസം ഈ മേഖലയുടെ വികസനത്തിനുവേണ്ടി 2 കോടി രൂപ സംസ്ഥാന വ്യവസായ വകുപ്പ് നൽകിയിട്ടുണ്ട്. ഞങ്ങൾ ഈ കാര്യങ്ങളെല്ലാം റിവ്യൂ ചെയ്തിട്ടുള്ളതാണ്. മെച്ചപ്പെട്ട നിലയിലാണ് പ്രവർത്തിച്ചു വരുന്നത്. പഴയകാല ഓർമ്മകളായിരിക്കും ഇങ്ങനെ പറയാൻ നിങ്ങളെ നിർബന്ധിതരാക്കുന്നത്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, ഇപ്പോൾ ചവറ കെ.എം.എം.എൽ. കരിമണലിൽനിന്നും ഇൽമനൈറ്റ് മാത്രമാണ് എടുക്കുന്നത്. കോടിക്കണക്കിന് രൂപ വരുമാനമുണ്ടാക്കാവുന്ന മറ്റ് ധാതുക്കൾ ഉപേക്ഷിക്കുകയാണ്. ഇവയിൽനിന്നും പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പദ്ധതിയുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടന്നിട്ടുണ്ടോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കെ.എം.എം.എൽ.-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കണം. ഗൾഫ് രാജ്യങ്ങളിലൊക്കെ പെട്രോളും ഡീസലും ലഭിക്കുന്നതുപോലെ കേരളത്തിൽ നീണ്ടകര മുതൽ കായംകുളം വരെയുള്ള പ്രദേശങ്ങളിൽ കടൽ/പ്രകൃതി നമുക്ക് തരുന്ന സ്വത്താണ് കരിമണൽ. ആ കരിമണൽ മുഴുവൻ ശേഖരിച്ച് പ്രോസസ്സ് ചെയ്യാൻ കഴിഞ്ഞാൽ കേരളം വൻ സാമ്പത്തികാഭിവൃദ്ധിയിലേയ്ക്ക് പോകും. അതുപോലെതന്നെ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാനും സാധിക്കും. ചില പ്രശ്നങ്ങളുണ്ടാക്കി ഈ മേഖലകളിൽ അസംതൃപ്തി ഉണ്ടാക്കപ്പെടുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ പരിഹാരം കണ്ടെത്തി വ്യവസായം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതോടൊപ്പംതന്നെ പുതിയ സംരംഭങ്ങൾ, സീ വാഷ് നടത്തി പ്രോസസ്സ് ചെയ്ത് പുതിയ പ്രോഡക്ട് കണ്ടെത്തുന്നതിന് ഒരു റിസർച്ച് സെന്റർ കെ.എം.എം.എൽ.-ൽ ആരംഭിക്കുന്നതിന്

നിർദ്ദേശിച്ചിട്ടുണ്ട്. കരിമണലിൽനിന്നും ഏതൊക്കെ പ്രോഡക്ടുകൾ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നും അതിനെ ഏതെല്ലാം തരത്തിൽ ഉപയോഗിക്കാൻ കഴിയുമെന്നതിനെക്കുറിച്ചും പഠിച്ച് നിർദ്ദേശങ്ങൾ നൽകാൻ സാധിക്കത്തക്ക നിലയിൽ ഒരു റിസർച്ച് സെന്റർ/സയന്റിസ്റ്റ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അത് ഇതിന്റെ പ്രവർത്തനങ്ങളെ കുറേക്കൂടി സഹായിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ഇനിയും പരിശോധനയ്ക്ക് വിധേയമാക്കാവുന്നതാണ്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റിലുള്ള കെട്ടിടങ്ങളുടെ നിലവാരവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരവും മോശമാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പുതിയതായി വ്യവസായ പ്ലോട്ടുകളോ ഏരിയകളോ സിഡ്കോയുടെയോ വ്യവസായ വകുപ്പിന്റെയോ നേതൃത്വത്തിൽ വാങ്ങാത്തതുകാരണം ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ ഭൂമി കുറഞ്ഞ നിരക്കിൽ ലഭ്യമാകാത്ത പ്രശ്നമുണ്ട്. ഇത് പരിഹരിക്കുന്നതിന് സിഡ്കോയും വ്യവസായ വകുപ്പും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, സിഡ്കോയുടെ പ്രവർത്തനരംഗം കുത്തഴിഞ്ഞ നിലയിലും ഏതാണ്ട് തകർച്ചയിലുമായിരുന്നു. അപ്പുറത്തിരിക്കുന്ന ഒട്ടനവധി അംഗങ്ങൾക്കും അതിന്റെ കാര്യങ്ങളെല്ലാം അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ ഇപ്പോൾ സിഡ്കോ റെയിൽപാളത്തിൽ കയറിയിട്ടുണ്ട്. സിഡ്കോയുടെ എല്ലാ ഇൻഡസ്ട്രിയൽ പ്ലോട്ടുകളും പരിശോധിച്ച് ഉപയോഗശൂന്യമായവ ആവശ്യക്കാർക്ക് നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വ്യവസായ വളർച്ചയ്ക്കും വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കി പ്രവർത്തിക്കുകയാണ്. കിൻഫ്ര തന്നെ കേരളത്തിൽ എല്ലാ ജില്ലകളിലും 100 ഏക്കർ വീതം ഭൂമി കരുതിവച്ച് വ്യവസായ സംരംഭങ്ങൾക്ക് വഴിയൊരുക്കി കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിഡ്കോയുടെ ദുർബ്ബലപ്പെട്ടു കൊണ്ടിരിക്കുന്ന മേഖലകൾ പരിശോധിച്ച് സജീവമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സിഡ്കോ അതിന്റെ കുറവുകളെല്ലാം പരിഹരിച്ചുകൊണ്ട് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരികയാണ്. ഇനിയും കുറെയേറെ പ്രശ്നങ്ങൾ പരിഹരിക്കാനുണ്ട്. അതിലെല്ലാം ഗവൺമെന്റ് സജീവമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വ്യവസായ രംഗത്ത് വിപ്ലവകരമായ പുരോഗമന നടപടികൾ സ്വീകരിച്ചുവരികയാണ്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ മുതലായ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമി ലീസിനെടുത്ത് വ്യവസായം സ്ഥാപിച്ച് നടത്തിവരുന്നവരുണ്ട്. അവർക്ക് ഏതെങ്കിലും കാരണത്താൽ വ്യവസായം നടത്താൻ സാധിക്കാതെ വരുമ്പോൾ അത് മറ്റൊരാൾക്ക് കൈമാറാൻ ഇപ്പോൾ വ്യവസ്ഥയില്ല. ആ വ്യവസ്ഥ ഇല്ലാത്തതു കൊണ്ടുതന്നെ അത് അടച്ചിട്ടാൽ ഒഴിപ്പിക്കാൻ ഗവൺമെന്റ് നോട്ടീസ് കൊടുക്കും. അതുകഴിഞ്ഞാൽ അവർ കോടതിയിൽ പോകും. അങ്ങനെയൊരു സ്തംഭനാവസ്ഥ, ഉൽപ്പാദനവും തൊഴിലും ഇല്ലാത്തൊരു അവസ്ഥ വരികയാണ്. അതുകൊണ്ട് വ്യവസായത്തിന് മാത്രം എന്നുള്ള വ്യവസ്ഥയിൽ ഇത് കൈമാറാനുള്ള അനുവാദം നൽകുകയാണെങ്കിൽ, അവിടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എപ്പോഴും സജീവമായിരിക്കും. അതിനാവശ്യമായ ഭേദഗതി കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടുമോ;

ശ്രീ. ഇ. പി. ജയരാജൻ: സർ, നിലവിലുള്ള നിയമം അനുസരിച്ചിട്ടുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഒരാൾക്ക് ഒരു വ്യവസായ എസ്റ്റേറ്റിൽ ഒരു പ്ലോട്ട് അനുവദിച്ചാൽ; അദ്ദേഹം അത് കുറച്ചുകാലം നടത്തി നഷ്ടം വന്നു; പിന്നീട് ആ സ്ഥാപനം അടച്ചിടേണ്ടിവന്നു. അദ്ദേഹത്തിന് പിന്നീടത് തുറന്ന് പ്രവർത്തിക്കണമെങ്കിൽ ചില സാങ്കേതിക പ്രശ്നങ്ങൾ നേരിടേണ്ടതുണ്ട്. ചില പ്ലോട്ടുകൾ കൊടുത്തു, ആ സംരംഭകൻ മരിച്ചുപോയി. അത് അദ്ദേഹത്തിന്റെ അവകാശികൾക്ക് കൈമാറി കൊടുക്കാൻ നിയമപരമായി തടസ്സങ്ങളുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കി അവകാശികൾക്ക് കൈമാറാൻ വ്യവസായ സംരംഭകത്വത്തിനുതന്നെ അത് ഉപയോഗപ്പെടുത്താൻ കഴിയത്തക്ക നിലയിൽ നിയമപരമായ ചില കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഇപ്പോൾ നമ്മൾ അതിനുവേണ്ടിയിട്ടുള്ള നടപടികൾ ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഈ പുതിയ നിയമം വരുന്നതോടുകൂടി കേരളത്തിൽ വ്യവസായ സംരംഭകർക്ക് ഭൂമിയില്ലാതെ വ്യവസായം ഉപേക്ഷിക്കേണ്ടിവരുന്ന ഒരവസ്ഥ ഉണ്ടാകില്ല. അതുപോലെതന്നെ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് കടം വന്നു, partnership change ചെയ്യേണ്ടി വന്നാൽ, അതിനൊക്കെ ഉണ്ടാകുന്ന കാലതാമസവും നിയമപരമായ പ്രശ്നങ്ങളും മാറ്റുന്നതിനുള്ള നടപടികളും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ: വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ധാരാളം ഉപചോദ്യങ്ങൾ വന്നിട്ടുണ്ട്. നമുക്കത് ചോദ്യം നം. *482-നുശേഷം *483-ാം ചോദ്യത്തിന്റെ കൂടെ എടുക്കാമെന്ന് തോന്നുന്നു.

## കിഫ്ബി പദ്ധതികളുടെ അവലോകനം

2 (*482) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം എപ്രകാരമാണ് നടത്തുന്നതെന്നും അതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അവലോകനത്തിനായി 31-10-2019 വരെ കിഫ്ബി എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) കിഫ്ബി പദ്ധതികളുടെ പ്രോജക്ട് അപ്രൈസർ ജോലികൾ ടെറനസ് എന്ന സ്ഥാപനം നടത്തുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബി പ്രോജക്ടുകൾ അപ്രൈസ് ചെയ്യുന്നതിനുള്ള സാങ്കേതിക മികവ് ടെറനസ്സിന് ഉണ്ടോയെന്ന് അറിയിക്കാമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും അല്ലെങ്കിൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി ക്യാബിനറ്റ് അംഗീകരിച്ചതുമായ പദ്ധതികളാണ് കിഫ്ബി ധനസഹായത്തിന് പരിഗണിക്കുന്നത്. അത്തരം പദ്ധതികൾക്ക് അതത് ഭരണവകുപ്പുകൾ ഭരണാനുമതി നൽകുന്നതാണ് ആദ്യപടിയായുള്ള നടപടി. തുടർന്ന് ഭരണവകുപ്പ് പദ്ധതി നടപ്പിലാക്കാനുള്ള പദ്ധതി നിർവ്വഹണ ഏജൻസിയെ (എസ്.പി.വി.) തെരഞ്ഞെടുക്കുന്നു. കിഫ്ബി നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ തയ്യാറാക്കുന്നതും കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) എസ്.പി.വി. കിഫ്ബിക്ക് സമർപ്പിക്കുന്നു. ഈ പദ്ധതി റിപ്പോർട്ടുകൾ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനകൾക്കുശേഷം സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. ടി റിപ്പോർട്ടിൽ എസ്.പി.വി. സമർപ്പിച്ച പദ്ധതി രേഖയിൽ ന്യൂനതകളുണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ എസ്.പി.വി.-ക്ക് നൽകുന്നു. പുനർസമർപ്പിക്കുന്ന പദ്ധതിരേഖ വീണ്ടും അവലോകന വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കും.

അവലോകനത്തിന്റെ ഭാഗമായി പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പിലെ വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി Detailed Appraisal Report എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയോ ബോർഡിന്റെയോ അന്തിമ അനുമതിക്കായി സമർപ്പിക്കുന്നു. അവലോകന യോഗത്തിൽനിന്നും ലഭ്യമാകുന്ന സാങ്കേതിക അവലോകന റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് എസ്.പി.വി.-കൾക്ക് ആവശ്യമായ സാങ്കേതിക സഹായം കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നുണ്ട്.

കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.എം. കോഴിക്കോടിലെ രണ്ട് ഫാക്കൽറ്റികളുടെ സേവനമാണ് പ്രോജക്ട് അപ്രൈസൽ ചെയ്യുന്നതിന് ആദ്യഘട്ടത്തിൽ ഉപയോഗപ്പെടുത്തിയത്. എന്നാൽ ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവത്തിൽ ഇത് വേണ്ടത്ര ഫലപ്രദമല്ലെന്ന് കണ്ടതിനാൽ കിഫ്ബിയിൽ തന്നെ പ്രോജക്ട് അപ്രൈസലായി ഒരു ടീമിനെ നിയമിക്കുന്നതിനും അവരെ സഹായിക്കുന്നതിനായി അടിയന്തരമായി സ്പെഷ്യലൈസ്ഡ് പ്രൊഫഷണൽ സർവ്വീസിനെ പുറത്തുനിന്നും ഉപയോഗപ്പെടുത്തുന്നതിനും തീരുമാനിച്ചു. ബന്ധപ്പെട്ട ഭരണവകുപ്പിൽനിന്നും അംഗീകാരത്തിനായെത്തുന്ന പദ്ധതികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ ആഭ്യന്തര അപ്രൈസൽ സംവിധാനത്തിന് സമയബന്ധിതമായി അപ്രൈസൽ നടത്താൻ ബുദ്ധിമുട്ട് നേരിട്ട സാഹചര്യമുണ്ടാവുകയും ഇത് മറികടക്കുന്നതിനായി മറ്റൊരു സർക്കാർ അംഗീകൃത സ്ഥാപനത്തിന്റെ സഹായം തേടാമെന്ന് തീരുമാനിക്കുകയുമായിരുന്നു. ഇത്തരത്തിൽ ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിന്റെ സേവനം ലഭ്യമാകുന്നതുവരെ പദ്ധതി അവലോകന പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുപോകുന്നതിന് തടസ്സം നേരിടാതിരിക്കാൻ ഷോർട്ട് ക്വട്ടേഷൻ മുഖേന സ്ഥാപനങ്ങളുടെ താൽപ്പര്യപത്രം ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെറനസ് എന്ന സ്ഥാപനത്തെ താൽക്കാലികമായി ചുമതലപ്പെടുത്തുകയുമായിരുന്നു. ടെറനസ്സിന്റെ സേവനം മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ലഭ്യമാക്കിയിരുന്നു. 2017 ആഗസ്റ്റ് മാസം മുതൽ

കിഫ്ബിയുടെ പദ്ധതി അവലോകനത്തിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തു.

(ബി) പദ്ധതി അവലോകനത്തിനായി മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ടെറനസ് എന്ന സ്ഥാപനത്തിന് 63,38,697 രൂപയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന് 31-10-2019 വരെ 36,700 കോടി രൂപയുടെ 644 പദ്ധതികൾ അവലോകനം നടത്തിയ ഇനത്തിൽ ജി.എസ്.ടി. ഉൾപ്പെടെ 20.71 കോടി രൂപയും നൽകിയിട്ടുണ്ട്.

(സി&ഡി) പദ്ധതികളുടെ ബാഹുല്യവും വൈവിധ്യവും കണക്കിലെടുത്ത കൊണ്ട് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന് പുറമെ അപ്രൈസലിനായി സർക്കാർ അംഗീകൃത സ്ഥാപനമായ സി.എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയിട്ടുള്ളവരാണ് സി.എം.ഡി.-യിൽ അപ്രൈസൽ നടത്തുന്നത്. അപ്രൈസലുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധനകൾക്ക് സി.എം.ഡി.-യിലെ വിദഗ്ധരെ സഹായിക്കുന്നതിനായി സുതാര്യമായ ടെണ്ടർ നടപടികളിലൂടെ ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നതായി സി.എം.ഡി. അറിയിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത ഓരോ കൺസൾട്ടൻസിയും ക്വാട്ട് ചെയ്ത റേറ്റ് എന്നിവ സി.എം.ഡി. ലഭ്യമാക്കിയതുപ്രകാരം ചുവടെ ചേർക്കുന്നു:

| കൺസൾട്ടൻസിയുടെ പേര് | പ്രോജക്ട് കാറ്റഗറി | ക്വാട്ട് ചെയ്ത തുക (ലക്ഷം രൂപ) |
|---|---|---|
| ജ്യോതി കൺസൾട്ടന്റ്സ് | 10 കോടി -50 കോടി | 9.75 |
| | 50 കോടി -100 കോടി | 26.9 |
| | 100 കോടിക്ക് മുകളിൽ | 34.5 |
| സ്പാരോ കൺസ്ട്രക്ഷൻ, മാനേജ്മെന്റ് &കൺസൾട്ടൻസി | 10 കോടി -50 കോടി | 4.25 |
| | 50 കോടി -100 കോടി | 6.75 |
| | 100 കോടിക്ക് മുകളിൽ | 7.95 |
| ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റ് | 10 കോടി -50 കോടി | 1.9 |
| | 50 കോടി -100 കോടി | 3.85 |
| | 100 കോടിക്ക് മുകളിൽ | 5.75 |

ടെണ്ടർ പ്രകാരം പ്രസ്തുത കമ്പനിക്ക് പദ്ധതികളുടെ അപ്രൈസൽ രംഗത്തെ പരിചയവും ടെണ്ടറിൽ പറഞ്ഞ എല്ലാ മാനദണ്ഡങ്ങളും വിദഗ്ദ്ധരുടെ പ്രാഗത്ഭ്യവും കണക്കാക്കിയാണ് ടെറനസിനെ തെരഞ്ഞെടുത്തതെന്ന് സി.എം.ഡി. അറിയിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അപ്രൈസലുമായി ബന്ധപ്പെട്ട് ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യങ്ങളാണ് ഇതിന്റെ ഷെഡ്യൂളിൽ അങ്ങ് പറഞ്ഞിട്ടുള്ളത്. കിഫ്ബി നേരിട്ട് സി.എം.ഡി.-ക്കാണ് അപ്രൈസലിന് കൊടുത്തിട്ടുള്ളത്. സി.എം.ഡി. അതിനെ സബ്‌ലീസ് ചെയ്ത് ടെറനസിന് കൊടുത്തു. യഥാർത്ഥത്തിൽ ടെറനസിന് കിഫ്ബിയുമായി നേരിട്ട് ഒരു ബന്ധവുമില്ലാതെ വരികയാണ്. എത്ര കോടി രൂപയുടെ വർക്കാണ് ടെറനസിന് കൊടുത്തിട്ടുള്ളതെന്ന് പറയാമോ; ആ പ്രോജക്ട് അപ്രൈസൽ സി.എം.ഡി.-യെ ഏൽപ്പിച്ചപ്പോൾ അതേ കമ്പനിതന്നെ വീണ്ടും വന്നതെന്തുകൊണ്ടാണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ആറ് മാസക്കാലത്തേയ്ക്ക് 16,000 കോടി രൂപയുടെ പ്രോജക്ടുകൾ പരിശോധിക്കുന്നതിന് കിഫ്ബി നേരിട്ട് 65 ലക്ഷം രൂപയാണ് ടെറനസിന് കൊടുത്തത്. ഒരു പ്രോജക്ടിന് ഇത്ര രൂപ എന്ന റേറ്റനുസരിച്ചല്ല. കൺസൾട്ടിംഗ് ഏജൻസികളിൽ ഇന്ന വൈദഗ്ദ്ധ്യമുള്ള ആളുകൾ വേണം; അവരുടെ സേവനം ഞങ്ങൾക്ക് ആവശ്യമാണ്; അതിന് മണിക്കൂറിൽ ഇത്ര രൂപ വച്ച് തരുമെന്നാണ് ഷോർട്ട് ക്വട്ടേഷനിലൂടെ നമ്മൾ ആവശ്യപ്പെട്ടത്. അന്ന് 16,000 കോടി രൂപയുടെ പ്രോജക്ടുകളുടെ അപ്രൈസലിന് വന്നത് 0.004 ശതമാനം മാത്രമാണ്. 10 കോടി മുതൽ 50 കോടി രൂപവരെയുള്ള പ്രോജക്ടുകൾക്ക് 3 ലക്ഷം രൂപ, 50 കോടി മുതൽ 100 കോടി രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 6 ലക്ഷം രൂപ, 100 കോടി രൂപയ്ക്ക് മുകളിലുള്ള പ്രോജക്ടുകൾക്ക് 9 ലക്ഷം രൂപ എന്ന രീതിയിലാണ് സി.എം.ഡി.യുമായി ധാരണയിലെത്തിയത്. സി.എം.ഡി. ടെണ്ടർ വിളിച്ചപ്പോൾ ഓരോ ടെണ്ടറിലും പറഞ്ഞ തുക കുറഞ്ഞു. ആ തുകയുടെ അടിസ്ഥാനത്തിലാണ് പണം കൈമാറിയിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് എന്റെ പ്രധാനപ്പെട്ട ചോദ്യം: കിഫ്ബിയും സി.എം.ഡി.-യുമായുള്ള എഗ്രിമെന്റിൽ, ഒരു തേർഡ് പാർട്ടിയായി വരുന്നതാണ് ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം. ആ സ്ഥാപനത്തിന് അപ്രൈസൽ കൊടുത്തത് സി.എം.ഡി.യാണ്. അതനുസരിച്ച് കിഫ്ബിയും ടെറനസും തമ്മിൽ ഒരു ബന്ധവുമില്ലെന്നുള്ളത് അങ്ങ് അംഗീകരിക്കുകയാണ്. അപ്രൈസ് ചെയ്യാൻ മുൻപരിചയമില്ലാത്ത, 2015-ൽ മാത്രം സ്ഥാപിച്ച, വഴുതക്കാട്ടുള്ള ഒരു പെട്ടിക്കടയിൽ പ്രവർത്തിക്കുന്ന ടെറനസിന് ഇത് നൽകാനുള്ള കാരണത്തെക്കുറിച്ച് അങ്ങ് എപ്പോഴെങ്കിലും തിരക്കിയിട്ടുണ്ടോ; ആ കാരണം വിശദീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങയുടെ ആദ്യത്തെ പ്രസ്താവന വളരെ ശരിയാണ്. കിഫ്ബിയുമായി ടെറനസിന് നേരിട്ട് ബന്ധമില്ല. സി.എം.ഡി.-യുമായി മാത്രമേ ബന്ധമുള്ളൂ. സി.എം.ഡി. അപ്രൈസൽ നടത്തുന്നതിന് ഇന്നയിന്ന കാര്യങ്ങൾ പരിശോധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആ പരിശോധന നടത്തുന്നതിന് സഹായത്തിനായി അവർ പലരെയും വിളിക്കും. ഉദാഹരണത്തിന് സി.എം.ഡി.യിൽ റിട്ടയേർഡ് എഞ്ചിനീയർമാരുടെ ഒരു ഗ്രൂപ്പുണ്ടാക്കിയിട്ടുണ്ട്. അതുപോലെ ഫീൽഡ് വർക്കിനും മറ്റും മറ്റൊരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതാണ് നല്ലതെന്ന് അവർക്ക് തോന്നി. അതിനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. അതിന് ആവശ്യമായ യോഗ്യതയെന്ത്? എന്തൊക്കെ യോഗ്യതകൾ വേണമെന്ന് റിക്വസ്റ്റ് ഓഫ് പ്രൊപ്പോസലിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത യോഗ്യതയുള്ള മൂന്ന് കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്. നമ്മുടെ നാട്ടിലെ നിയമപ്രകാരം ടെണ്ടറിൽ പങ്കെടുക്കുന്നതിൽ ഏറ്റവും കുറഞ്ഞ ടെണ്ടർ തുക ക്വാട്ട് ചെയ്യുന്നയാളിന് ടെണ്ടർ നൽകും. അതാണ് ഇവിടെയും നടന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ 50,000 കോടി രൂപയുടെ അപ്രൈസൽ നടത്താൻ കിഫ്ബി ഷോർട്ട് ക്വട്ടേഷനിലൂടെ ഒരു വർഷത്തെ ബാലൻസ് ഷീറ്റ് മാത്രം ഫയൽ ചെയ്ത സ്ഥാപനമായ ടെറനസിനെ ചുമതലപ്പെടുത്തി. ടെറനസിന് അപ്രൈസൽ നടത്താൻ യോഗ്യതയുണ്ടെന്നാണ് അങ്ങിവിടെ പറഞ്ഞത്. സർക്കാർ മനഃപൂർവ്വം ടെറനസിനെ ക്വാളിഫൈഡാക്കിയതാണ്. അതിനുശേഷം സി.എം.ഡി.-യെ ചുമതലപ്പെടുത്തിയപ്പോൾ, 2017 ഒക്ടോബറിൽ ടെണ്ടർ വിളിച്ചു. നീതി ആയോഗ്, കിഫ്ബി, എ.ഡി.ബി. എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കുറഞ്ഞത് 50 കോടി രൂപയുടെ 20 പ്രോജക്ടുകൾ ഗവൺമെന്റ് സെക്ടറിൽ നടത്തിയിട്ടുള്ള കമ്പനികൾക്കാണ് യോഗ്യതയുള്ളതെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. നേരത്തെ ഡയറക്ടായി ഷോർട്ട് ക്വട്ടേഷനിലൂടെ ടെറനസ് എന്ന കമ്പനിക്ക് കൊടുത്തശേഷം രണ്ടാമത്, സി.എം.ഡി.-യെക്കൊണ്ട് ഈ മാനദണ്ഡങ്ങൾ വച്ച് ടെണ്ടർ വിളിപ്പിച്ച് അവരെ മനഃപൂർവ്വം യോഗ്യരാക്കിയതല്ലേ; കിഫ്ബി നേരിട്ട് ഷോർട്ട് ടെണ്ടറിലൂടെ ക്ഷണിച്ച് യാതൊരു മാനദണ്ഡവുമില്ലാതെ അവരെ ഏൽപ്പിച്ചതുകൊണ്ടല്ലേ അതവർക്ക് കിട്ടിയത്. യാതൊരു യോഗ്യതയും പ്രവർത്തന പരിചയവുമില്ലാത്ത ടെറനസ് എന്ന കമ്പനിക്ക് കൊടുക്കുന്നതിനു വേണ്ടിയല്ലേ ഇത്തരം ഒളിച്ചുകളി നടത്തിയത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, തികച്ചും അടിസ്ഥാന രഹിതമായ ആരോപണമാണിത്. അപ്രൈസൽ നടത്തുന്നത് എങ്ങനെയാണെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. ആദ്യം ഇത് ചെയ്യുന്നതിനായി കിഫ്ബി നേരിട്ട്

ഐ.ഐ.എം., കോഴിക്കോട് നിന്നും രണ്ടു മൂന്ന് വിദഗ്ദ്ധരുടെ സേവനമാണ് ഉപയോഗപ്പെടുത്തിയിരുന്നത്. വളരെ വ്യത്യസ്തമായ വൈദഗ്ദ്ധ്യമുണ്ടെങ്കിൽ മാത്രമേ ഇതിലുള്ള പ്രോജക്ടുകൾ പരിശോധിക്കാൻ സാധിക്കുവെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് താൽക്കാലികമായോ കരാറടിസ്ഥാനത്തിലോ എടുക്കേണ്ട എഞ്ചിനീയർമാരുടെയും വിദഗ്ദ്ധരുടെയും ഒരു ലിസ്റ്റ് തയ്യാറാക്കി; പ്രസ്തുത സേവനം നൽകാൻ തയ്യാറുള്ള കമ്പനികളുടെ ടെണ്ടർ വിളിച്ചു. അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തത് ടെറനസ് എന്ന കമ്പനിയായിരുന്നു. അതുകൊണ്ട് അവരെ തെരഞ്ഞെടുത്തു. രണ്ടാമത് ടെണ്ടർ വിളിച്ചപ്പോൾ ഒരു കമ്പനി മാത്രമല്ല, മൂന്ന് കമ്പനികളുണ്ടായിരുന്നു. ഞാൻ ആ കമ്പനികളുടെ റേറ്റും വായിച്ചു. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനിക്ക് ടെണ്ടർ കൊടുത്തു. അങ്ങനെയല്ലാതെ പിന്നെ എങ്ങനെയാണ് ചെയ്യുന്നത്? ഇപ്പോൾ കിഫ്ബിയുടെ അപ്രൈസൽ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൃത്യമായി കണക്ക് പറഞ്ഞാൽ, അനുവദിച്ച തസ്തികകളിൽ 12 പേരെ അവിടെ നിയമിച്ചിട്ടുണ്ട്. അതിൽ പ്രോജക്ട് അസിസ്റ്റന്റ്, പ്രോജക്ട് മാനേജർ, അസിസ്റ്റന്റ് പ്രോജക്ട് മാനേജർ, ജനറൽ മാനേജർ, ഇതിനുപുറമെ റിട്ടയർ ചെയ്ത ആറ് ചീഫ് എഞ്ചിനീയർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ കൺസൾട്ടന്റായി പാനൽ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ ക്വാർട്ടറിൽ സി.എം.ഡി.ക്ക് കൊടുക്കുന്നതും കുറച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ ഇന്റേണലായി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയാണ് അതിന്റെ പ്രോസസ്സ് നടക്കുന്നത്. നിങ്ങൾ മനസ്സിലാക്കേണ്ടത്, 50,000 കോടി രൂപയുടെ ഇത്രയും പ്രോജക്ടുകൾ വിലയിരുത്തി അപ്രൈസൽ നടത്തുന്നതിന് എത്ര ചെറിയ സംവിധാനമാണിവിടെ ഉപയോഗിക്കുന്നത്. ടെറനസിന് ആദ്യം 0.004 ശതമാനമാണ് കൊടുത്തത്. ഇപ്പോൾ പ്രോജക്ട് കോസ്റ്റിന്റെ 0.06 ശതമാനം മാത്രമേ സി.എം.ഡി.-ക്ക് കൊടുക്കുന്നുള്ളൂ. സാധാരണ അപ്രൈസൽ നിരക്കിനേക്കാൾ എത്രയോ താഴ്ന്ന നിരക്കാണ് ഇവർക്ക് കൊടുക്കുന്നത്. അതുകൊണ്ടാണ് ഇത് കാര്യക്ഷമമായാണ് നടക്കുന്നതെന്ന് ഞാൻ പറയുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഇവിടെ വിവിധ ഭരണ വകുപ്പുകൾക്ക് വളരെ ശക്തമായ എഞ്ചിനീയറിംഗ് വിംഗുണ്ട്. പി.ഡബ്ല്യൂ.ഡി.-യിലാണെങ്കിൽ താഴെത്തട്ടുമുതൽ ചീഫ് എഞ്ചിനീയർവരെ, അതിൽത്തന്നെ കെ.എസ്.ടി.പി., ബിൽഡിംഗ്സ്, ബ്രിഡ്ജസ്, റോഡ്സ് എന്നിവയ്ക്കെല്ലാം പ്രത്യേകം വിംഗുണ്ട്. അതുപോലെ വാട്ടർ അതോറിറ്റിക്കും ഇറിഗേഷനുമെല്ലാം ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിംഗുണ്ട്. കിഫ്ബിക്കും അപ്രൈസൽ വിംഗുണ്ട്.

അതിനുപുറമെയാണ് സി.എം.ഡി.-യെ ഏൽപ്പിച്ചത്. അവരാണ് സബ്‌ലീസ് കൊടുത്ത് ടെറനസിനെ ഏൽപ്പിച്ചിരിക്കുന്നത്. ചെലവഴിച്ച സംഖ്യയാണെങ്കിൽ, സി.എം.ഡി.-ക്കുതന്നെ 20 കോടിയിലധികം രൂപ ഇതിനോടകം കൊടുത്തുകഴിഞ്ഞു. ഈ പ്രോസസ്സ് വളരെ ഡിലേയ്ഡ് പ്രോസസ്സാണ്. ചെലവുകൂടിയ ഒരു സിസ്റ്റമാണ് അപ്രൈസൽ വിംഗിനുവേണ്ടി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരത്തിലുള്ള അനാവശ്യ ചെലവുകൾ തടയാൻ നിലപാട് സ്വീകരിക്കുമോ; ഇതിനെ ആരെങ്കിലും ബകൻ എന്നുവിളിച്ചാൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞതുപോലെ നമ്മുടെ വകുപ്പുകളിൽ വളരെ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുണ്ട്. അവരുടെ സഹായത്തോടുകൂടിയാണ് SPV-കൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. അങ്ങനെ തയ്യാറാക്കിയ എസ്റ്റിമേറ്റ് വിദഗ്ദ്ധ പരിശോധനയിലൂടെ അവലോകനം നടത്തണ്ടേ; എത്ര വലിയ തുകയാണ് രണ്ടുമൂന്ന് വർഷങ്ങൾകൊണ്ട് നിക്ഷേപിക്കുന്നത്. ഭാവിയിൽ നമ്മൾ വീണ്ടുവിചാരമില്ലാതെ ചെയ്തുവെന്ന് കുറ്റപ്പെടുത്താൻ പാടില്ല. അതുകൊണ്ട് പരിശോധന വേണമെന്നുമാത്രമല്ല, വായ്പ തരുമ്പോഴും, ബോണ്ട് ഇറക്കുമ്പോഴൊക്കെ, നിങ്ങൾ കൃത്യമായി പരിശോധിക്കണമെന്നുള്ള കണ്ടീഷൻ അവർ വയ്ക്കുന്നുണ്ട്. ആ പരിശോധനയ്ക്ക് ഇന്നയിന്ന സംവിധാനങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെടുത്തിയിട്ടാണ് ഈ വായ്പ വാങ്ങുന്നത്. അല്ലാതെ എവിടെയെങ്കിലും ചെന്നു കൈ നീട്ടിയാൽ 50,000 കോടി രൂപ നൽകുമോ; ക്രെഡിറ്റ് മാർക്കറ്റിൽ നമ്മുടെ ക്രെഡിബിലിറ്റി ഉയർത്തിപ്പിടിക്കാൻ പറ്റുന്ന രീതിയിൽ വളരെ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്ന് പറയാം. അതിന് പരമാവധി കാലതാമസം ഒഴിവാക്കാൻ നോക്കാം. ഈ എക്സ്പീരിയൻസ് കിട്ടുന്നതോടുകൂടി കിഫ്ബി നേരിട്ട് അപ്രൈസൽ നടത്താൻ സാധിക്കുന്ന രീതിയിൽ പാനൽ ചെയ്ത് കൂടുതൽ കാര്യങ്ങൾ ചെയ്യുകയാണ്. അതുകഴിഞ്ഞിട്ടുള്ളത് മാത്രമാണ് ഇപ്പോൾ പുറത്തേയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഒരു ലേണിംഗ് പ്രോസസ്സ് ഉണ്ട്. കാലതാമസമുണ്ടെങ്കിൽ അതൊഴിവാക്കാം. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, externally aided ആയ വലിയൊരു പ്രോജക്ട് എടുത്തുവെന്നിരിക്കട്ടെ, സാധാരണഗതിയിൽ എത്ര വർഷത്തേയ്ക്കാണ് നെഗോസിയേഷൻസ് നടത്തുന്നത്; കെ.എസ്.ടി.പി. പ്രോജക്ട്, എ.ഡി.ബി.-യുടെ കുടിവെള്ള പ്രോജക്ട് ഇവയിൽ ഏതുമാകട്ടെ, മൂന്ന് വർഷമൊക്കെ നെഗോഷിയേറ്റ് ചെയ്തിട്ടല്ലേ അതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നത്. ഇത് ഏതാണ്ട് 46,000

കോടി രൂപയുടെ പ്രോജക്ടുകളാണ്. നിയമം പാസ്സാക്കി കാര്യങ്ങൾ എസ്റ്റാബ്ലിഷ് ചെയ്ത് കിഫ്ബി രൂപം കൊള്ളുന്നതുതന്നെ 2016-ന്റെ അവസാനത്തിലാണ്. രണ്ടുവർഷം കൊണ്ട് അപ്രൈസൽ നടത്തി ചെയ്തത് റെക്കോർഡ് വേഗതയിലാണ്. ഇങ്ങനെയൊരു കാര്യം ചെയ്യാൻ സാധിച്ചതിൽ സർക്കാരിനെ അഭിനന്ദിക്കുകയാണ് വേണ്ടത്.

ശ്രീ. എം. വിൻസെന്റ്: സർ, ടെറനസ് മാത്രമല്ല ഈ ടെണ്ടറിൽ പങ്കെടുത്ത മൂന്ന് കമ്പനികളും പെട്ടിക്കടകളാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ തന്നെയുള്ള മൂന്ന് കമ്പനികളാണിത്. 2008-ൽ മാത്രം എഞ്ചിനീയറിംഗ് കഴിഞ്ഞിറങ്ങിയ ഒരു വ്യക്തിയാണ് ടെറനസിന്റെ മേധാവി. നേരത്തേ കേന്ദ്ര ഗവൺമെന്റിലോ സംസ്ഥാന ഗവൺമെന്റിലോ ഏതെങ്കിലും തരത്തിലുള്ള കൺസൾട്ടൻസി വർക്കുപോലും നടത്തി എക്സ്പീരിയൻസില്ലാത്ത ഒരു കമ്പനിയാണിത്. ഇതിൽ രണ്ടാമത്തെ കമ്പനിയും ടെറനസിന്റെ മേധാവിയും ഒരേ സ്ഥാപനത്തിൽ പഠിച്ചിറങ്ങിയവരാണ്. ഈ ടെണ്ടർ വായിച്ചു നോക്കുമ്പോൾത്തന്നെ അറിയാം, പരസ്പരം സഹായിച്ച് എഴുതിയ, പരസ്പരം സമ്മതിച്ചെഴുതിയ ഒരു ടെണ്ടർ പോലെയാണ് തോന്നുന്നത്. യാതൊരു മുൻപരിചയവുമില്ലാത്ത ഒരു കമ്പനിക്ക് ഈ ടെണ്ടർ കൊടുക്കുന്നതിനുവേണ്ടി കിഫ്ബി അംഗീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മിനിമം ക്വാളിഫിക്കേഷൻസ് എന്താണ്, എക്സ്പീരിയൻസ് എന്തായിരിക്കണമെന്നത് സംബന്ധിച്ച് ചോദ്യകർത്താവ് തന്നെ മാനദണ്ഡങ്ങൾ പറഞ്ഞു. ഒരു എക്സ്പീരിയൻസും ഇല്ലാത്തവരല്ല. എക്സ്പീരിയൻസ് ഉള്ളവർ തന്നെയാണ് അവർ. പ്രത്യേക ചോദ്യം തന്നാൽ ടെണ്ടറിലെ കണ്ടീഷൻ എന്തൊക്കെയാണെന്ന് വായിക്കാം. എന്റെ കയ്യിൽ ഇപ്പോൾ അതിന്റെ കൃത്യമായ പേപ്പറില്ല. ആ മാനദണ്ഡങ്ങൾ ശരിയാണോ, ഇങ്ങനെയാണോ എന്നുള്ളതല്ലേ തർക്കം; 2008-ൽ ഇറങ്ങിയതേയുള്ളൂ. ഈ ചെറുപ്പക്കാരായ സംരംഭകരെ വിശ്വസിക്കുക. നമ്മൾ സ്റ്റാർട്ട്അപ്-നെക്കുറിച്ചൊക്കെ വർത്തമാനം പറയുമ്പോൾ 2008-ൽ ഇറങ്ങിക്കഴിഞ്ഞാൽ ബുദ്ധി ഉണ്ടാവുകയില്ല, തല നരച്ചാൽ മാത്രമേ ബുദ്ധി ഉണ്ടാകൂ എന്നൊക്കെ പറയുന്നത് ശരിയല്ല.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇന്ത്യാ രാജ്യത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു അടിസ്ഥാന സൗകര്യ വികസന നിധിയാണ് കിഫ്ബി. എന്റെ അറിവ് ശരിയാണെങ്കിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നുവരെ കിഫ്ബി സംവിധാനം ഏത് രീതിയിലാണ് മുന്നോട്ടുപോകുന്നതെന്നുള്ള

അന്വേഷണം ഉണ്ടായിട്ടുണ്ട്. കിഫ്ബി സംവിധാനം കേരള സംസ്ഥാനത്ത് അടിസ്ഥാന വികസന രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി പ്രതിപക്ഷ കക്ഷികൾ കേരളം ഭരിച്ചപ്പോഴൊക്കെത്തന്നെ ഇത്രയും വലിയ വികസന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതോടൊപ്പം തന്നെ ഇന്ത്യാരാജ്യം ഇത്ര വലിയൊരു സാമ്പത്തിക മാന്ദ്യത്തെ നേരിടുമ്പോൾ കേരള സംസ്ഥാനത്ത് ഇത്രയും വലിയ അടിസ്ഥാന സൗകര്യ വികസനങ്ങൾ നടക്കുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന പ്രതിപക്ഷത്തിന്റെ എതിർപ്പ് മാത്രമായി ഇതിനെ കണ്ടാൽ മതിയാകും. എന്റെ ചോദ്യം, കിഫ്ബി സംവിധാനത്തിൽ ഇനിയുള്ള ഇൻവെസ്റ്റ്മെന്റുകൾക്ക് ആക്കം കൂട്ടുന്ന രീതിയിൽ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതൊരു അന്യാദൃശ നിക്ഷേപ പദ്ധതിയാണ്. അതിന്റെ വലിപ്പം മനസ്സിലാക്കണമെങ്കിൽ ഉമ്മൻ ചാണ്ടി സർക്കാർ, വി.എസ്. സർക്കാർ, ആന്റണി സർക്കാർ എന്നീ മൂന്ന് സർക്കാരുകളുടെ കാലത്ത് റോഡ്, പാലം, കെട്ടിടം തുടങ്ങിയ മൂലധന ചെലവിന് ആകെ മുടക്കിയിട്ടുള്ളത് 40,000 കോടി രൂപയിൽ താഴെയാണ്. ബജറ്റിൽ നിന്നുള്ള മൂലധന ചെലവ് പതിവുപോലെയുണ്ട്. അതിനുപുറമെയാണ് രണ്ടുമൂന്ന് വർഷം കൊണ്ട് നമ്മൾ 50,000 കോടി രൂപയുടെ മൂലധന നിക്ഷേപം നടത്തിയത്. ഇത് കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റും. പക്ഷേ കിഫ്ബി അക്ഷയ ഖനിയാണ്; എത്ര പ്രോജക്ട് വേണമെങ്കിലുമെടുക്കാം എന്നുള്ള തെറ്റിദ്ധാരണ വേണ്ട. ഈ നിയമസഭയുടെ തുടക്കത്തിൽത്തന്നെ അതിനുള്ള ഒരു രൂപരേഖ അവതരിപ്പിച്ചിരുന്നു. 50,000 കോടി രൂപയുടെ പദ്ധതികളാണ് ഇതുവഴി നടത്താനുദ്ദേശിക്കുന്നത്. ആ 50,000 കോടി രൂപയുടെ പദ്ധതികൾക്ക് ഉറപ്പായിട്ടും ഈ വർഷം അനുമതി നൽകി പ്രവർത്തനത്തിലേക്ക് നീങ്ങും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ക്രെഡിബിലിറ്റിയെയും കോൺഫിഡൻസിനെപ്പറ്റിയുമാണ് കൂടുതലായി സൂചിപ്പിച്ചത്. ഇന്റർനാഷണൽ ഫിനാൻഷ്യൽ മാർക്കറ്റിൽ തീർച്ചയായും ക്രെഡിബിലിറ്റിയുണ്ടെങ്കിൽ മാത്രമേ ബോണ്ട് ആണെങ്കിലും മറ്റ് കാര്യങ്ങളാണെങ്കിലും ചെയ്യാൻ സാധിക്കൂ. ഇവിടെ മെമ്പർമാർ എല്ലാവരും ചോദിച്ച ചോദ്യം പ്രസക്തമാണ്. എന്റെ ചോദ്യം, ആദ്യം സി.എം.ഡി.-യെ നിയമിച്ചു. സി.എം.ഡി. അത് ടെറനസിന് കൊടുത്തു. ലോവസ്റ്റാണെന്നുള്ളത് ശരിയാണ്. പക്ഷേ അതുതന്നെ ശ്രീ. എം. വിൻസെന്റ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ പങ്കെടുത്ത സ്പാരോ, ടെറനസ്, ജ്യോതി എന്നീ മൂന്ന് കമ്പനികളും ചേർന്ന്,

ഇവർ തമ്മിലുള്ള അറേഞ്ച്മെന്റിലാണ് ലോവസ്റ്റ് ക്വട്ടേഷനായി വന്നത് എന്നതാണ് പരാതി. ഇവിടത്തെ പ്രശ്നം, ഇത്രയും പ്രധാനപ്പെട്ട കോൺഫിഡൻസ് ഇൻഫ്യൂസ് ചെയ്യേണ്ട, മാർക്കറ്റിൽ ക്രെഡിബിലിറ്റി ഉയർത്തിപ്പിടിക്കേണ്ട ഒരു സ്ഥാപനത്തിന്റെ പ്രോജക്ട് അപ്രൈസൽ ഇതുപോലുള്ള തട്ടിക്കൂട്ട് കമ്പനിക്ക് കൊടുക്കുന്ന നടപടിയോട് അങ്ങ് യോജിക്കുന്നുണ്ടോ; അത് പുനഃപരിശോധിക്കാൻ തയ്യാറാണോ; സാങ്കേതിക മികവില്ലാത്ത ഇത്തരം കമ്പനികളെ ഏൽപ്പിച്ച സാഹചര്യമെന്താണെന്ന് പരിശോധിച്ച് കറക്റ്റീവ് സ്റ്റെപ്പ് എടുക്കാൻ അങ്ങ് തയ്യാറാണോ എന്നാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, തട്ടിക്കൂട്ട് കമ്പനികളെന്ന് വിശേഷിപ്പിക്കുന്നത് ശരിയല്ല. നമ്മൾ ടെണ്ടർ വിളിക്കുമ്പോൾ അതിന് ഇന്നയിന്ന നിബന്ധനകളും ക്വാളിഫിക്കേഷൻസും വേണമെന്നുണ്ട്. ആ നിബന്ധനകൾ മീറ്റ് ചെയ്യുന്നവരാണ് ഈ മൂന്ന് കമ്പനികളും. പക്ഷേ ഇന്റേണലായി അപ്രൈസലിന്റെ കഴിവ് കിഫ്ബിയിൽ തന്നെയുണ്ടാക്കണമെന്നുള്ള കാഴ്ചപ്പാടാണുള്ളത്. അതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യവും പറഞ്ഞു. അപ്രൈസൽ വിഭാഗത്തിൽ സീനിയറായിട്ടുള്ള 10 പോസ്റ്റുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. അവിടെ നിയമനം നടന്നുകഴിഞ്ഞു. ഇതിനുപുറമേയാണ് ആറ് ചീഫ് എഞ്ചിനീയർമാരെ എംപാനൽ ചെയ്തിരിക്കുന്നത്. ഇവരെല്ലാം ചെയ്തുകഴിഞ്ഞിട്ട് പിന്നെയും ബാക്കി വന്നാൽമാത്രമേ നമ്മൾ പുറത്തേക്ക് ഇപ്പോൾ നൽകുന്നുള്ളൂ.

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, കിഫ്ബി മുഖാന്തരം നടക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ ഡി.പി.ആർ. കണിശമായ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ വിശദീകരിച്ചു. കുറ്റമറ്റനിലയിൽ പ്രവൃത്തികൾ നടത്തുന്നതിന് പരിശോധന അനിവാര്യമാണ്. അത് നമുക്ക് ഒഴിവാക്കാനാവില്ല. എന്നാൽ ഇത്തരം പരിശോധന നടക്കുന്നതുകൊണ്ട് കാലതാമസം സംഭവിക്കുന്നുണ്ട്. ഇപ്പോൾ പ്രത്യേകിച്ചും അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോയെന്ന് നമുക്ക് കരുതാനുമാവില്ല. എന്റെ ചോദ്യം, കണിശമായ പരിശോധനയ്ക്കുശേഷം ഒരു ഡി.പി.ആർ. അംഗീകരിച്ചു. അത് ഒരു പാലത്തിന്റേതാണെന്ന് ഇരിക്കട്ടെ. അതിന്റെ നിർമ്മാണത്തിന് രണ്ടുവർഷം എടുക്കുന്നുണ്ടെങ്കിൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലം കൂടി നമ്മൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ലാന്റ് അക്വിസിഷൻ കൂടി കഴിഞ്ഞതിനുശേഷം നിർമ്മാണം ആരംഭിക്കണമെന്നാണ് ആലോചിക്കുന്നത്. എസ്.ഐ.എസ്. (സോഷ്യൽ ഇംപാക്ട് സ്റ്റഡി) കൂടി കഴിയുമ്പോൾ ചിലപ്പോൾ ആറുമാസമോ അതിലധികമോ കാലതാമസമെടുക്കും. മുൻകാലങ്ങളിൽ അങ്ങനെ എടുക്കാത്തതുകൊണ്ടുള്ള ഒരുപാട് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. മന്ത്രി ഇവിടെ പറഞ്ഞതിന് ഞാനും സാക്ഷിയാണ്. നമുക്കൊക്കെ

അത്തരം അനുഭവവുമുണ്ട്. പക്ഷേ അതൊരു കഴിഞ്ഞ കാലമാണ്. ഒരു പാലത്തിന്റേതാണെങ്കിലും, നിർമ്മാണ പ്രവർത്തനമാരംഭിക്കുമ്പോൾ simultaneous ആയി അക്വിസിഷൻ നടത്തുമെന്ന് ഉറപ്പുവരുത്തിയാൽ പോരേ; അങ്ങനെയാണെങ്കിൽ അതിന്റെ കാലതാമസം നമുക്ക് ലഘൂകരിക്കാൻ സാധിക്കുമോ എന്നാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, എത്ര കാലതാമസം ഉണ്ടെങ്കിലും ഏതാണ്ട് 46,000 കോടി രൂപയുടെ പദ്ധതികൾ അംഗീകരിച്ചുകഴിഞ്ഞു. അതിൽ പതിനായിരം കോടി രൂപയുടെ ടെണ്ടർ വിളിച്ച് പ്രവർത്തനത്തിലേയ്ക്ക് നീങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള കേസ്സുകൾ, കേസ് ബൈ കേസ്സായിട്ടല്ലാതെ നയമായി എടുക്കാൻ സാധിക്കുകയില്ല. അതിന് യാതൊരു സംശയവുമില്ല. കാരണം റോഡ് പണി തുടങ്ങാം. ഭൂമി കിട്ടാതിരിക്കുമ്പോൾ ആ റോഡ് പിന്നെ ഇത്രയായി കുറയ്ക്കാം എന്ന രീതിയൊന്നും ചെയ്യാൻ കഴിയില്ല. പക്ഷേ കേസ് ബൈ കേസ്സായി എന്തിനെങ്കിലും ഒരു എക്സംപ്ഷൻ വേണമോ തുടങ്ങിയ കാര്യങ്ങൾ വേറെ പരിശോധിക്കാം. പൊതുവായി ഭൂമി പിന്നെ എടുക്കാം, പണി ഇപ്പോൾ തുടങ്ങാം എന്നുള്ള രീതി സ്വീകരിക്കുകയില്ല. പക്ഷേ കേസ് ബൈ കേസ് പരിശോധനയുണ്ട്.

ഡോ. എൻ. ജയരാജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി ബൈപ്പാസുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിക്ക് 2013-ലെ ആക്ട് പ്രകാരം ഒരുപാട് നടപടിക്രമങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. ഒന്നര വർഷമായി ഈ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കിയെല്ലാ കാര്യങ്ങളുമായി. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ കുറെക്കൂടി ത്വരിതപ്പെടുത്താൻ, അടിയന്തര ഘട്ടങ്ങളിൽ, വളരെ പ്രധാനപ്പെട്ട പ്രവൃത്തികൾക്ക് ഒരു പ്രത്യേക ടീമിനെ നിയമിച്ചുകൊണ്ട് അതിന്റെ ഗതിവേഗം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം വരുന്നുണ്ട്. കിഫ്ബി വർക്കുകളുടെ ഭൂമി ഏറ്റെടുക്കാൻവേണ്ടി 4 പ്രത്യേക ലാൻഡ് അക്വിസിഷൻ ഗ്രൂപ്പുകളെ നിയോഗിച്ചുകഴിഞ്ഞു. ഇനി അതിന്റെ പ്രവർത്തനങ്ങൾ പോരാ, കൂടുതൽ വേണമെന്നാണെങ്കിൽ ടെമ്പററിയായി അതിനുള്ള നടപടികൾ സ്വീകരിക്കാം.

ഡോ. എം. കെ. മുനീർ: സർ, കേരളാ റോഡ് ഫണ്ട് ബോർഡ് ഉണ്ടാക്കിയ സമയത്ത് ഫിനാൻഷ്യൽ എക്സ്പെർട്ട്സ്, അപ്രൈസൽ ചെയ്യാൻ പറ്റുന്ന എക്സ്പെർട്ട്സ് ഇവരെയൊക്കെ ഡയറക്ടർ ബോർഡ് മെമ്പേഴ്സാക്കിയിരുന്നു. ഉദാഹരണത്തിന് IL & FS (Infrastructure Leasing and Financial Services) ഒക്കെ അന്ന് ഡയറക്ടർ ബോർഡ് മെമ്പേഴ്സായിരുന്നു. കിഫ്ബി ഡയറക്ടർ

ബോർഡ് മെമ്പേഴ്സിൽ, അപ്രൈസലിന് നമ്മെ സഹായിക്കാൻ പറ്റുന്ന Nationally and internationally അറിയപ്പെടുന്നവർ ഇല്ലേ, അതോ ഉണ്ടോയെന്നുള്ള ഒരു സംശയം ഞാൻ ഉന്നയിക്കുകയാണ്. ഉണ്ടെങ്കിൽ അപ്രൈസലിനായി വേറൊരാളെ വീണ്ടും ആശ്രയിക്കേണ്ട ആവശ്യമില്ല. ഡയറക്ടർ ബോർഡിൽ ആരൊക്കെയാണുള്ളത്; അപ്രൈസൽ ചെയ്യാൻ പറ്റുന്ന വലിയ ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ടോ തുടങ്ങിയ കാര്യങ്ങൾ അറിയാൻ താൽപ്പര്യമുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബി ഡയറക്ടർ ബോർഡിൽ എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യവും അപ്രൈസൽ വൈദഗ്ദ്ധ്യവുമുള്ള ആളുകളില്ല. അവരെല്ലാവരുംതന്നെ ഫിനാൻഷ്യൽ എക്സ്പെർട്ട്സാണ്. വലിയ ബാങ്ക് മേധാവികൾ മുതൽ റിസർവ് ബാങ്കിലും സെബിയിലുമെല്ലാം ജോലി ചെയ്തിരുന്ന വളരെ സീനിയറായുള്ള ആളുകൾ മാത്രമേ കിഫ്ബി ഡയറക്ടർ ബോർഡിലുള്ളൂ. കിഫ്ബി ബോർഡ് അപ്രൈസൽ നടത്തില്ല. ഏതെങ്കിലും കമ്പനിയിലെ ബോർഡ് മെമ്പേഴ്സ് അപ്രൈസൽ നടത്തുന്നതായി എനിക്ക് തോന്നുന്നില്ല. അതിനുള്ള സംവിധാനം വേറെയുണ്ടാകും. അങ്ങ് പറഞ്ഞ ഒരു കാര്യം പരിഗണിക്കാം. ഇങ്ങനെയുള്ള വൈദഗ്ദ്ധ്യം കിഫ്ബിയിൽ in-house ആയി ഉണ്ടാകണമെന്നുള്ള കാര്യത്തിൽ എനിക്ക് തർക്കമില്ല. ബില്ലിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇനിയും അത് മെച്ചപ്പെടുത്തണമെന്ന് പ്രതിപക്ഷനേതാവും പറയുകയുണ്ടായി. നമുക്കത് പരിശോധിക്കാം.

## വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം

3 (*483) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. പി. ടി. തോമസ്: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിക്കൊടുക്കാൻ സംസ്ഥാന സർക്കാരിന് കഴിയുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ഉണ്ടായ വീഴ്ച വ്യാവസായിക മേഖലയിലെ വികസനത്തിന് തിരിച്ചടിയാകുന്നതായും സംരംഭകർ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേയ്ക്ക് ചേക്കേറുന്നതായും കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായം ആരംഭിക്കാൻ വന്ന ഏതൊക്കെ വൻകിട കമ്പനികളാണ് പ്രസ്തുത സംരംഭം ഉപേക്ഷിച്ചതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) ഉണ്ട്. വ്യാവസായിക മേഖലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ സംരംഭകർക്ക് സംരംഭം ആരംഭിക്കുന്നതിനായി വിവിധ ജില്ലകളിലുള്ള 2424 ഏക്കർ വ്യവസായ ഭൂമിയിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിൽ 39 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ ഭൂമി അനുവദിക്കുന്നുണ്ട്. പ്രസ്തുത ഏരിയ/പ്ലോട്ടുകളിൽ ഭൂവികസനം, ജലലഭ്യത ഉറപ്പാക്കൽ, ഊർജ്ജ വിതരണം, പാരമ്പര്യേതര ഊർജ്ജം ഉപയുക്തമാക്കൽ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് "നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ ഡെവലപ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണം" എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിലെ സ്ഥലപരിമിതി കണക്കിലെടുത്തുകൊണ്ടുള്ള ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ വികസന മേഖലയിലും കോട്ടയം ജില്ലയിലെ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിലും MSE-CDP (Micro & Small Enterprises - Cluster Development Programme) എന്ന പദ്ധതിയുടെ കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ എന്ന പദ്ധതി ആരംഭിക്കുകയും അതിനുവേണ്ടി 2018-19 ബജറ്റിൽ 140 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ വിവിധോദ്ദേശ്യ വിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് 978.93 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കി വ്യവസായ സംരംഭകർക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ എഞ്ചിനീയറിംഗ്/ജനറൽ വ്യവസായങ്ങൾക്കായി ഒരു വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആമ്പല്ലൂരിൽ ഒരു ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് തുടങ്ങുന്നതിന് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ഒരു ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഭക്ഷ്യ സംസ്കരണത്തിനായി ആലപ്പുഴ ജില്ലയിൽ ഒരു മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര 24 വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കി സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലവും കെട്ടിട സമുച്ചയവും ലഭ്യമാക്കിവരുന്നു. സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആക്കം കൂട്ടുന്നതിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാതൃകയിൽ ഒരു കമ്പനി കോട്ടയം ജില്ലയിൽ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കമ്പനി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി ശിപാർശ ചെയ്യുന്നതിന് രൂപീകരിച്ച ടെക്നിക്കൽ ടീം കാഞ്ഞിരപ്പള്ളി താലൂക്കിലെ 2 സൈറ്റുകൾ പരിശോധിക്കുകയും ഇടക്കുന്നം വില്ലേജിൽ M/s. Tropical Plantations Limited-ന്റെ ഉടമസ്ഥതയിലുള്ള 200 ഏക്കർ സ്ഥലം കമ്പനി സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ സിഡ്കോ ചെറുകിട വ്യവസായ സംരംഭത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കിവരുന്നുണ്ട്. സിഡ്കോയുടെ അധീനതയിലുള്ള 2 മിനി വ്യവസായ എസ്റ്റേറ്റുകളുടെയും 5 വ്യവസായ എസ്റ്റേറ്റുകളുടെയും നവീകരണത്തിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള പ്രവർത്തന മൂലധനമായി 175 ലക്ഷം രൂപ വർക്കിംഗ് ക്യാപ്പിറ്റൽ അസിസ്റ്റൻസായി സിഡ്കോയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. സിഡ്കോയുടെ 8 ഉൽപ്പാദന യൂണിറ്റുകളുടെ നവീകരണത്തിനായി 9.95 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായം ആരംഭിക്കാൻ വന്ന വൻകിട കമ്പനികളൊന്നും സംരംഭം ഉപേക്ഷിച്ചിട്ടില്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഒരു സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന്റെ ഏറ്റവും അടിസ്ഥാനഘടകം എന്നുപറയുന്നത് സംരംഭകരായി സംസ്ഥാനത്തേയ്ക്ക് വരുന്നവർക്ക് ആകർഷണീയമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ്. പക്ഷെ, നമുക്ക് പല പരിമിതികളുമുണ്ട്. ഇത്രയും വലിയ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് സ്ഥലമെന്നത് precious commodity ആണ്. രൂക്ഷമായ ഊർജ്ജ പ്രതിസന്ധിയുള്ള ഒരു സംസ്ഥാനമാണ്

കേരളം. നമ്മുടെ പരിമിതിയിൽ നിന്നുകൊണ്ടുള്ള ഏറ്റവും ആകർഷണീയമായ വ്യവസ്ഥകൾ, അടിസ്ഥാന സൗകര്യങ്ങൾ ഇവയൊക്കെ ഓഫർ ചെയ്യാൻ കഴിയണം. എന്റെ ചോദ്യം, നമ്മൾ പല വ്യവസായ പാർക്കുകളിലായി അവരുടെ കയ്യിൽനിന്നും പണം വാങ്ങിച്ചിട്ട് സംരംഭകർക്ക് സ്ഥലം കൊടുത്തിട്ടുണ്ട്. അവർക്ക് കൃത്യമായി പട്ടയം ചെയ്തു കിട്ടാത്തതുകൊണ്ട്, ഈ സ്ഥലം പ്ലഡ്ജ് ചെയ്ത് അവരുടെ വ്യവസായ വികസനത്തിനുവേണ്ടിയോ എക്സ്റ്റൻഷനോ എക്സ്പാൻഷനോ വേണ്ടി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അങ്ങ് അടിയന്തരമായി പണം കൊടുത്ത് സ്ഥലം വാങ്ങിയ വ്യവസായ പാർക്കുകളിലെ മുഴുവൻ ആളുകൾക്കും പട്ടയം കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ:</u> സർ, വ്യവസായ രംഗത്ത് കുറെ കാലമായി തുടർന്നു കൊണ്ടിരിക്കുന്ന ഒരു കാര്യമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞ കാര്യങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ഞങ്ങൾ ഇപ്പോൾ ഓരോ വ്യവസായ പാർക്കുകളിലുമുള്ള സംരംഭകരെ കൂട്ടിച്ചേർത്തുകൊണ്ട് പ്രത്യേകമായ കമ്മിറ്റികളും അതിനനുയോജ്യമായ ബാക്കി കാര്യങ്ങളും നിർവ്വഹിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. വികസന കാര്യങ്ങൾ നിർവ്വഹിക്കാനും മാർക്കറ്റിംഗ് രംഗത്തെ ശക്തിപ്പെടുത്താനുമുള്ള സഹായങ്ങൾ കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നേരത്തെ തുടർന്നുകൊണ്ടിരിക്കുന്ന ഒരു സിസ്റ്റത്തിന്റെ ഭാഗമായി ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം ശരിയാണ്. കിൻഫ്രയും വ്യവസായ വകുപ്പും വ്യവസായ ഡയറക്ടറേറ്റുമൊക്കെ ഏറ്റെടുത്ത് വിതരണം ചെയ്യുന്ന ഭൂമിയുടെ നിലപാട് സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടായിരുന്നു. ഒരു സംരംഭകൻ വ്യവസായം തുടങ്ങുമ്പോൾതന്നെ ഭൂമിക്ക് വലിയ വില കൊടുക്കേണ്ടിവരുന്നുണ്ട്. അത് ലഘൂകരിക്കാനും ഈ രംഗത്ത് വ്യവസായ സംരംഭകർക്ക് ആകർഷകമായ ചില മാറ്റങ്ങൾ വരുത്താനും ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അത്തരം കാര്യങ്ങളെ സംബന്ധിച്ച് നാളെ നടക്കുന്ന ബില്ലിന്റെ ചർച്ചയിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ശരിയാണ്. അവർക്ക് അതിന്റെ അവകാശം കൊടുക്കേണ്ടതുണ്ട്; കാരണം അവർ പണം മുഴുവൻ അടച്ചിട്ടുണ്ട്. ഒരു വ്യവസായ പ്ലോട്ടിൽ വ്യവസായം തുടങ്ങുന്നതിനായി വാങ്ങിയ ഭൂമിയുടെ മുഴുവൻ വിലയും അതിന്റെ പലിശയടക്കം

അടച്ചെങ്കിലും അവർക്ക് അത് കൈകാര്യം ചെയ്യാനുള്ള അധികാരമില്ല. ഇങ്ങനെയുള്ള നിയമപ്രശ്നങ്ങൾ വിദഗ്ദ്ധമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഒരു കാര്യം ഞാൻ വ്യക്തമാക്കുകയാണ്, നിക്ഷേപകർക്ക്, സംരംഭകർക്ക് ഏറ്റവും ആകർഷകമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, അവർക്ക് പ്രത്യേകമായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താമെന്ന് അങ്ങ് പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പല പാർക്കുകളിലുമുണ്ട്. കൃത്യമായ സമയത്ത് വൈദ്യുതി ലഭ്യമാകുന്നില്ല, റോഡുകൾ കേടായിക്കിടക്കുന്നു, വ്യാവസായിക ആവശ്യത്തിനാവശ്യമായ വെള്ളം ലഭിക്കുന്നില്ല. ഇത്തരം അടിസ്ഥാനപരമായ കാര്യങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ശരിയാണ്. പല വ്യവസായ പാർക്കുകളിലും റോഡുകളുടെ പുനർനിർമ്മാണം, വൈദ്യുതി ലഭ്യമാക്കുക, വെള്ളം എത്തിച്ചുകൊടുക്കുക തുടങ്ങിയ കാര്യങ്ങൾ പ്രസ്തുത ഇൻഡസ്ട്രിയൽ പാർക്കുകളിൽ പ്രവർത്തിക്കുന്ന വ്യവസായികളുടെ കൂട്ടായ സംരംഭം ഉപയോഗപ്പെടുത്തിക്കൊണ്ട്, അവരെ സഹകരിപ്പിച്ചുകൊണ്ട് ചെയ്യുന്നുണ്ട്. സോളാർ എനർജി ഉപയോഗിച്ച് വൈദ്യുതി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. അതിനുവേണ്ടി കേരളത്തിലെ എല്ലാ വ്യവസായ പാർക്കുകളിലും സോളാർ എനർജി ഉൽപ്പാദിപ്പിക്കാനും ആ പ്ലോട്ടിലുള്ള വ്യവസായത്തിനുവേണ്ട വൈദ്യുതി കൊടുക്കാനും അധികം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിനു തിരിച്ചുകൊടുക്കാനും സാധിക്കും; അതിന്റെ വില ലഭ്യമാകുകയും ചെയ്യും. ഇതും ഓരോ വ്യവസായ പാർക്കുകളിലും ആരംഭിക്കാൻ ഉദ്ദേശിക്കുകയാണ്.

സ്വകാര്യ പാർക്കുകളെയും ഗവൺമെന്റ് പ്രൊമോട്ട് ചെയ്തിട്ടുണ്ട്. സ്വകാര്യ പാർക്കുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഗ്രാമപ്രദേശങ്ങളിൽ 25 ഏക്കറിന്റെയും പട്ടണങ്ങളിൽ 15 ഏക്കറിന്റെയും പാർക്കുകൾ ആരംഭിക്കാം. സ്വകാര്യ പാർക്കുകളിലും വെള്ളം, വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനുവേണ്ട എല്ലാ കാര്യങ്ങളും പ്രത്യേകമായി ചെയ്യുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ........ ഓർഡർ........... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ടൂറിസം പ്രോജക്ടുകൾ

4(*484) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിന് ലഭിച്ച ദേശീയ, അന്തർദ്ദേശീയ പുരസ്കാരങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ പരിപ്രേക്ഷ്യം അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ പൈതൃകം ലോകത്തിന് പരിചയപ്പെടുത്തുന്നതിനും അതോടൊപ്പം പ്രദേശവാസികൾക്ക് വരുമാനദായകമായ പൈതൃക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിനോദസഞ്ചാര വിപണനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) വിവിധ ടൂറിസം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ടൂറിസത്തിന് ലഭിച്ച ദേശീയ, അന്തർദ്ദേശീയ പുരസ്കാരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരളത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത മനസ്സിലാക്കി നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു വിനോദസഞ്ചാര കാഴ്ചപ്പാട് ആവിഷ്കരിക്കുക എന്നതാണ് പുതിയ ടൂറിസം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നയത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെത്തുന്ന ടൂറിസ്റ്റുകളിൽ കേരളത്തിലേയ്ക്ക് വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. കേരളത്തിലെ ഇനിയും പുറംലോകം അറിയാത്ത നാട്ടുവിശേഷങ്ങളും തനിമകളും പുത്തൻ ഉത്പന്നങ്ങളായി വിപണിയിലെത്തിക്കണം. ഓരോ ടൂറിസം ഉത്പന്നങ്ങളും മൂല്യ വർദ്ധിതമാക്കുകയും കാലോചിതമാക്കുകയും ചെയ്യുന്നതാണ്. ആരോഗ്യ ടൂറിസം രംഗത്ത് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിയും സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണം കർശനമാക്കിയും വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കി അപകട സാധ്യതകൾ ഒഴിവാക്കുന്നു.

കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക, ആയുർവേദം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കുക, ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക, പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക, കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക, കേരള ടൂറിസം സംരംഭകത്വ ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം, മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക, സുരക്ഷയും 'കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി' എന്ന പുത്തൻ ആശയം നടപ്പാക്കുക, ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കുക, ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം, ഹരിത പെരുമാറ്റച്ചട്ടം മുഖാന്തരം മാലിന്യ നിർമ്മാർജ്ജനം എന്നിവ ടൂറിസം നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

(സി) സംസ്ഥാനത്തിന്റെ പൈതൃകവും സംസ്കാരവും ലോകത്തിന് പരിചയപ്പെടുത്തുന്നതിനും ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കുന്ന രണ്ട് പ്രധാന പദ്ധതികളാണ് മുസിരീസ് പൈതൃക പദ്ധതിയും ആലപ്പുഴ പൈതൃക പദ്ധതിയും. തലശ്ശേരി പൈതൃക പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ, പൈതൃകവും തനതു സംസ്കാരവും ലോകത്തിന് പരിചയപ്പെടുത്തുന്നതിനും തദ്ദേശീയരായ ജനങ്ങൾക്ക് ടൂറിസം വഴി വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ടൂറിസം ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി.മിഷൻ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകൃതമാവുകയും 2017 ആഗസ്റ്റ് മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

<u>ആർ.ടി. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ</u>

- പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.
- ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.
- ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.

കേരള സംസ്കാരത്തെയും പൈതൃകത്തെയും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും പ്രദേശവാസികളായ ജനങ്ങൾക്ക് ടൂറിസം വഴി വരുമാനം ലഭ്യമാക്കുന്നതിനുമായി ആർ.ടി.മിഷൻ നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു:

ഉത്തരവാദിത്ത ടൂറിസത്തെപ്പറ്റി പൊതുസമൂഹത്തെയും ടൂറിസം മേഖലയെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെയും പൊതു പ്രവർത്തകരെയും മറ്റു ബന്ധപ്പെട്ട ആളുകളെയും ബോധവാന്മാരാക്കുന്നതിനു ചെറുതും വലുതുമായ അവബോധ ശില്പശാലകൾ സംഘടിപ്പിക്കുന്നു. പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വരുമാനം ലഭ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനങ്ങൾ നൽകുകയും പരിശീലനം ലഭിച്ചവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി നെറ്റ് വർക്ക് ചെയ്യുകയും ചെയ്യുന്നു. അതോടൊപ്പംതന്നെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടുത്താവുന്ന വിവിധ തൊഴിലുകൾ ചെയ്യുന്നവരെ കണ്ടെത്തി അവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു ടൂറിസം മേഖലയുമായി നെറ്റ് വർക്ക് ചെയ്യുന്നു. ആർ.ടി. മിഷന് യൂണിറ്റുകളെ വിനോദസഞ്ചാര മേഖലയുമായി നേരിട്ട് ബന്ധപ്പെടുത്തുന്നതിനായി ആർ.ടി. മിഷന്റെ 3 ഓൺലൈൻ പ്ലാറ്റ്ഫോമുകൾ പ്രവർത്തിക്കുന്നു. (വിവിധ കലാപ്രവർത്തകർക്കായി ആർ.ടി. ആർട്ട് ആൻഡ് കൾച്ചറൽ ഫോറം, വിവിധ പ്രാദേശിക ഉത്പന്നങ്ങൾ വിൽക്കുന്നതിനായി കേരള റെസ്പോൺസിബിൾ ടൂറിസം നെറ്റ് വർക്ക്, പ്രാദേശിക തൊഴിൽ സേവനങ്ങളെ ബന്ധിപ്പിക്കുന്നതിനായി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി). ഒരു പ്രാദേശത്തിന്റെ ടൂറിസം വികസനത്തിൽ പ്രാദേശിക സമൂഹത്തിന്റെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ആർ.ടി. മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'. ഉത്തരവാദിത്ത ടൂറിസം മിഷന്റെ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നമ്മുടെ നാടിന്റെ സാംസ്കാരികവും പൈതൃകവുമായ സവിശേഷതകൾ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതും, അതിലൂടെ അന്യം നിന്ന്

പോയേക്കാവുന്ന പല കലാരൂപങ്ങൾ, പാരമ്പര്യ തൊഴിലുകൾ എന്നിവയെ പുനരുജ്ജീവിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതോടൊപ്പം പ്രദേശ വാസികൾക്ക് വരുമാന ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ആർ.ടി. മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് എക്സ്പീരിയൻസ് എത്തിക്ക് ക്യൂസിൻ. കേരളത്തിൽ 14 പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ഡി) വിദേശ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനും വിപണനത്തിനുമായി വിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്നു.

- നവമാധ്യമങ്ങളായ ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം, യൂട്യൂബ് എന്നിവയിലൂടെയുള്ള ഓൺലൈൻ പ്രചാരണങ്ങൾ
- ഓൺലൈൻ ടൂർ പ്ലാനറുകൾ
- ലൈവ് ടെലികാസ്റ്റുകൾ
- ക്ലിന്റ് മെമ്മോറിയൽ ഇന്റർനാഷണൽ ഓൺലൈൻ പെയിന്റിംഗ് കോംപറ്റീഷൻ ഉൾപ്പടെയുള്ള ഓൺലൈൻ മത്സരങ്ങൾ
- ഇ ബ്രോഷറുകൾ
- ടൂറിസം ഡെസ്റ്റിനേഷനുകളുടെ റിസോഴ്സ് മാപ്പിംഗ്
- ഹോളിഡേ IQ, ട്രിപ്പ് അഡ്വൈസർ, ഭാരത് മാട്രിമോണി തുടങ്ങി നിരവധി പോർട്ടലുകളിലൂടെയുള്ള ഓൺലൈൻ പ്രചാരണം.
- കൂടുതൽ അന്തർദ്ദേശീയ ഭാഷകളിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് ലഭ്യമാക്കൽ.

(ഇ) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ദ്രുതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. ഇവ വിവിധ ഘട്ടത്തിലാണ്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി യുടെ അദ്ധ്യക്ഷതയിലും ഉന്നത ഉദ്യോഗസ്ഥതലത്തിലും നടത്തിവരുന്നു.

- ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ. ചെയർമാനായി അസംബ്ലി നിയോജകമണ്ഡല അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

- ടൂറിസം വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. വനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പു വരുത്തിയിട്ടുണ്ട്.

- അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജുമെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ പ്രധാന ഡെസ്റ്റിനേഷനുകളിൽ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

- 14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

## വ്യവസായ പ്രോത്സാഹനത്തിന് കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനങ്ങൾ

5(*485) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) സംസ്ഥാനം വ്യവസായ സൗഹൃദമാക്കാനുള്ള പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ;

(സി) തോന്നയ്ക്കലിൽ ആരംഭിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ ലക്ഷ്യങ്ങൾ അറിയിക്കാമോ;

(ഡി) ഇതിന്റെ ഒന്നാം ഘട്ടത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മെഡിക്കൽ ഡിവൈസസ് പാർക്കിനെക്കുറിച്ച് വിശദമാക്കാമോ;

(ഇ) പാലക്കാട് ജില്ലയിലെ ലൈറ്റ് എഞ്ചിനീയറിംഗ് പാർക്കിന്റെ വിശദാംശം ലഭ്യമാക്കാമോ; ഇതിന്റെ രണ്ടാംഘട്ട വികസനം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(എഫ്) ഫാക്ടിൽ നിന്നും വാങ്ങുന്ന ഭൂമിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിൽ ഫാർമസ്യൂട്ടിക്കൽ മേഖലയിലെ എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നിബന്ധനകൾക്ക് വിധേയമായി പരമാവധി 35 കോടി രൂപവരെ വായ്പാ സഹായം കെ.എസ്.ഐ.ഡി.സി. നല്കുന്നുണ്ട്.

വ്യവസായ രംഗത്ത് അടിസ്ഥാനസൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത

വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്/ ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. പാലക്കാട് ജില്ലയിൽ വ്യവസായപാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് (ആമ്പല്ലൂർ, എറണാകുളം) സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാകേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാനസൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് വികസിപ്പിക്കുന്നതുവഴി സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിൽ കെ.എസ്.ഐ.ഡി.സി. പങ്കാളികളാവുന്നു.

(ബി) സംസ്ഥാനത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ ചുവടെ കൊടുത്തിരിക്കുന്നു.

- ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ നിലവിലുള്ള 10 ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്.

- വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതി, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത് തുടങ്ങിയ ഒട്ടനവധി വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.

- വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ

നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാന സവിശേഷതകൾ.

- നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. ടി സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ ധാരാളം സംരംഭകർ രജിസ്റ്റർ ചെയ്യുകയും 324 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 144 ക്ലിയറൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

- സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെയാണ് ഇൻവെസ്റ്റുമെന്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്.

- പ്രസ്തുത പോർട്ടൽ മുഖേന ഏതൊരു വ്യവസായിക്കും സംസ്ഥാനത്ത് വ്യവസായം തുടങ്ങുവാനും നടത്തുവാനും തങ്ങൾക്കാവശ്യമുള്ള എല്ലാ വിവരങ്ങളും അപേക്ഷ ഫോറങ്ങളും അപേക്ഷിക്കേണ്ട വെബ്സൈറ്റുകളിലേയ്ക്കുള്ള ലിങ്കുകളും ലഭ്യമാണ്. ഇത് കൂടാതെ സംസ്ഥാനത്തിന്റെ വിവിധ വ്യവസായ മേഖലകളുടെ നോഡൽ ഓഫീസർമാരുടെ വിവരങ്ങളും, ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ജനറൽ മാനേജർമാരുടെ വിവരങ്ങളും പ്രസ്തുത പോർട്ടലിൽ ലഭ്യമാണ്.

- സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഐ.പി.എഫ്.സി. സംരംഭകർക്കായുള്ള എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നതിന് വേണ്ടിയാണ് രൂപീകരിച്ചിട്ടുള്ളത്.

- കൂടാതെ, കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കെ-സ്വിഫ്റ്റ് (KSWIFT-Phase-II) വിപുലീകരിക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്.

- സംസ്ഥാനത്തെ വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മയും സ്ഥല ദൗർലഭ്യവും പരിഗണിച്ച് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വ്യവസായവത്കരണം ത്വരിതപ്പെടുത്തുന്നതിനുമായി പത്ത് കോടി രൂപ വരെ മുതൽ മുടക്കുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മുൻകൂർ അനുമതി ആവശ്യമില്ലായെന്ന് സർക്കാർ നിർണ്ണയിക്കുകയും ടി തീരുമാനത്തിന് ആവശ്യമായ 'കേരള സൂക്ഷമ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ' നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബിൽ 7-11-2019-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

- നിലവിലുള്ള സംരംഭകരിൽ 15 കോടി രൂപയിൽ താഴെയുള്ള സംരംഭങ്ങൾക്ക് ആവശ്യമായി വരുന്ന ലൈസൻസുകൾ, അനുവാദങ്ങൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, പരിശോധനകൾ എന്നിവ ലഭിക്കുന്നതിനായി കളക്ടർ ചെയർമാൻ ആയ ഡിസ്ട്രിക്ട് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും 15 കോടി രൂപയിന്മേലുള്ള സംരംഭങ്ങൾക്ക് ആവശ്യമായി വരുന്ന ലൈസൻസുകൾ, അനുവാദങ്ങൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ, പരിശോധനകൾ എന്നിവ ലഭിക്കുന്നതിനായി കേരള ചീഫ് സെക്രട്ടറി ചെയർമാൻ ആയ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും സമീപിച്ച ലഭ്യമാക്കാവുന്നതാണ്.

(സി) ഇന്ത്യയിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന വിജ്ഞാനാധിഷ്ഠിത മേഖലകളിൽ ഒന്നായ ജൈവ സാങ്കേതിക മേഖലയ്ക്ക് രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ സുപ്രധാന പങ്ക് വഹിക്കാനാവുന്നതാണ്. ഗവേഷണ-വികസന സൗകര്യങ്ങൾ, വിജ്ഞാന വൈദഗ്ദ്ധ്യം, മൂല്യ വർദ്ധനവ് എന്നിവയിലൂടെ ധാരാളം അവസരങ്ങൾ ലഭ്യമാക്കുന്നത് വഴി ജൈവസാങ്കേതിക വ്യവസായത്തിന് അതിബൃഹത്തായ സാധ്യതകൾ ആഗോളതലത്തിൽ സൃഷ്ടിക്കാനാവും. ലോകത്തിലെ ജൈവ വൈവിദ്ധ്യ മേഖലകളിൽ ഒന്നായ കേരളത്തിന്റെ ഭൂമി ശാസ്ത്രപരമായ സമ്പന്നതയെ കൂട്ടിയിണക്കി, കേരള സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തരം തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ വെയിലൂർ വില്ലേജിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന പദ്ധതിയാണ് ലൈഫ് സയൻസസ് പാർക്ക്.

പ്രസ്തുത പാർക്കിലൂടെ ബയോടെക്നോളജി, നാനോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത് കെയർ, മെഡിക്കൽ ടെക്നോളജി തുടങ്ങിയ മേഖലകളിലെ വ്യാവസായിക വികസനമാണ് ലക്ഷ്യമിടുന്നത്. ജൈവ ശാസ്ത്രാധിഷ്ഠിതമായ വ്യവസായങ്ങൾക്കും ഗവേഷണ വികസന സ്ഥാപനങ്ങൾക്കും ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഈ പാർക്കിലൂടെ ലഭ്യമാകുന്നതാണ്.

(ഡി) ലൈഫ് സയൻസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യും ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി ചേർന്ന് ഏകദേശം 260 കോടി രൂപ ചെലവിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് മെഡിക്കൽ ഡിവൈസസ് പാർക്ക് അഥവാ "മെഡ്സ്പാർക്ക്". ഇന്ത്യയുടെ ആരോഗ്യ പരിരക്ഷാ വ്യവസായത്തിന്റെ 9% വിഹിതം മെഡിക്കൽ ഉപകരണ മേഖലയുടേതാണ്. ആഗോളതലത്തിൽ വളരെ വേഗം വളർന്ന് വരുന്ന അതിനൂതന മേഖലയായ മെഡിക്കൽ ടെക്നോളജി രംഗത്ത് കേരളത്തിന്റെ കാൽവയ്പ്പായിരിക്കും മെഡ്സ്പാർക്ക്. പ്രോട്ടോ ടൈപ്പിങ്ങ് & ഇൻക്യുബേഷൻ സെന്റർ, നോളഡ്ജ് റിസോഴ്സ് സെന്റർ, ആനിമൽ ഹൗസ്, എന്നിവ ഈ പദ്ധതിയുടെ പ്രധാന ഭാഗങ്ങളാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ പാരിസ്ഥിതികാനുമതി ലഭ്യമാകുന്നതോടെ ഇവയുടെ നിർമ്മാണം തുടങ്ങുവാനും അടുത്ത മൂന്നു വർഷം കൊണ്ട് പൂർത്തീകരിക്കുവാനും ലക്ഷ്യമിടുന്നു.

(ഇ) പാലക്കാട് ജില്ലയിൽ പുതുശ്ശേരി വില്ലേജിൽ കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമുള്ള 34.05 ഏക്കർ സ്ഥലത്താണ് ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത പാർക്ക് വ്യാവസായിക ആവശ്യങ്ങൾക്ക് പ്ലോട്ടുകൾ ഏക്കറിന് 1,23,50,822 രൂപ നിരക്കിൽ 30 വർഷത്തെ ലീസ് വ്യവസ്ഥയിൽ നല്കി വരുന്നുണ്ട്. ഇതുകൂടാതെ 5600 സ്ക്വയർ ഫീറ്റുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടത്തിൽ ചെറുകിട സംരംഭങ്ങൾക്ക് sq.ft നു 13.31 രൂപ നിരക്കിൽ വാടക വ്യവസ്ഥയിൽ ബിൽറ്റ് അപ് സ്പേസ് ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായപാർക്കിൽ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി 61000 sq.ft വിസ്തൃതിയിലുള്ള രണ്ടാമത്തെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നുണ്ട്. പ്രസ്തുത നിർമ്മാണം 2021 ജനുവരിയോടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. സർക്കാർ ഉത്തരവ്

G.O.(Rt)No.1022/2019/ID dated. 11-10-2019 പ്രകാരം 481.79 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ കിൻഫ്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20-12-2017 തീയതി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുപ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 481.79 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എല്ലിന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാദ്ധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കരുതുന്നു. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധനസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

ഫാക്ടിൽ നിന്നും വാങ്ങുന്ന ഭൂമിയിൽ പെട്രോകെമിക്കൽ ഉൽപന്നങ്ങളുടെ ബൈപ്രോഡക്ടുകൾ ഫാർമസ്യൂട്ടിക്കൽ മേഖലയ്ക്ക് അനുയോജ്യമായ അസംസ്കൃത വസ്തുക്കളായി മാറുന്നുണ്ട്. ആയതിനാൽ അത്തരത്തിലുള്ള വ്യവസായങ്ങൾക്ക് പ്രസ്തുത പാർക്കിൽ നിക്ഷേപിക്കുന്നതിന് അവസരങ്ങളുണ്ട്.

## ഹൈഡൽ ടൂറിസം സാധ്യതകൾ

6(*486) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസം വകുപ്പ് സംസ്ഥാനത്തെ ഡാമുകൾ കേന്ദ്രീകരിച്ചുള്ള ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ആർച്ച് ഡാം കേന്ദ്രീകരിച്ച് എന്തെല്ലാം ടൂറിസം സാധ്യതകളാണ് പഠനവിധേയമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സഞ്ചാരികളുടെ ശ്രദ്ധാകേന്ദ്രമായ ഇടുക്കി ആർച്ച്ഡാമിന്റെയും പ്രകൃതി രമണീയമായ സമീപ പ്രദേശങ്ങളുടെയും ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് വർണ്ണവിസ്മയമൊരുക്കുന്ന ലേസർ ഷോ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിലുള്ള ഡാമുകൾ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനമായും ഇടുക്കി ഡാം കേന്ദ്രീകരിച്ച് ലേസർ ഷോയും അക്വേറിയവും ആരംഭിക്കുന്നതിനും ഇടുക്കി ജില്ലയിലെ പൊൻമുടി, മാട്ടുപ്പെട്ടി, ആനയിറങ്കൽ, ശെങ്കുളം, തിരുവനന്തപുരം ജില്ലയിലെ ലോവർ മീൻമുട്ടി എന്നീ ഡാമുകളിലും മൂന്നാർ ഹൈഡൽ പാർക്കിലും സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അമ്യൂസ്മെന്റ് പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് തുടക്കമായിട്ടുണ്ട്.

(ബി&സി) കേരള ഹൈഡൽ ടൂറിസം സെന്റർ ഇടുക്കിഡാമിനോടനു ബന്ധിച്ചുള്ള ടൂറിസം വികസനത്തിനായി 2015-16 കാലയളവിൽ ഒരു പദ്ധതി തയ്യാറാക്കുകയുണ്ടായി. ഇടുക്കി ആർച്ച് ഡാമിൽനിന്നും ഉദ്ദേശം 250 മീറ്റർ താഴേക്ക് മാറി ഡാമിന് അഭിമുഖമായ ഒരു പവലിയനും അതിനോടനുബന്ധിച്ചുള്ള ഷോപ്പിംഗ് സെന്ററുകളും ഒരു തുറന്ന ഗാലറിയും അവിടെ നിന്നും ദൃശ്യമാകുന്ന രീതിയിൽ ഇടുക്കി ആർച്ച് ഡാം തന്നെ സ്ക്രീൻ ആക്കി മാറ്റി (ഉദ്ദേശം 500 അടി ഉയരം x 600 അടി വീതി) കേരള ചരിത്രവും വൈദ്യുതി ബോർഡിന്റെ ചരിത്രവും വ്യക്തമാകുന്ന ഒരു ലേസർ ഷോയുമാണ് തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ കാതലായ ഭാഗം. 6-ഡി തിയേറ്ററുകളും വിവിധ തരത്തിലുള്ള വീഡിയോ ഗെയിമുകളും പവലിയനു താഴെയായി ഡാമിൽനിന്നുള്ള ജലമുപയോഗിച്ചുള്ള ഒരു സ്വാഭാവിക അക്വേറിയവുമാണ് ഈ പദ്ധതിയുടെ പ്രധാന ആകർഷണങ്ങൾ. ഇതിനായി 26 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തിക സഹായത്തിനു വേണ്ടി കേരള ടൂറിസം ഡിപ്പാർട്ടുമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.

## ഇ-വേ ബിൽ

7(*487) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ ഇല്ലാതെയും ബില്ലിൽ കൃത്രിമം കാണിച്ചും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ചരക്കുകൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നികുതി വെട്ടിപ്പ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത നടപടികളിലൂടെ എത്രത്തോളം നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഇ-വേ ബിൽ ഇല്ലാതെയും ബില്ലിൽ കൃത്രിമം കാണിച്ചും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ചരക്കുകൾ കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ചരക്ക് സേവന നികുതി നിയമം നടപ്പിലാക്കിയതോടനുബന്ധിച്ച് അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയെങ്കിലും സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കി നികുതി വെട്ടിപ്പിന്റെ പഴുതുകൾ അടച്ചുവരുന്നു. കൂടാതെ ഇ-വേ ബില്ലോ മതിയായ രേഖകളോ ഇല്ലാതെ വരുന്ന ചരക്ക് വാഹനങ്ങൾക്ക് നികുതിയും പിഴയും ഈടാക്കിവരുന്നു. ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നത് മൂലം ചരക്ക് സേവന നികുതിയിൽ നികുതി വെട്ടിപ്പ് തടയുന്നതിനും തദ്വാര നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാഹചര്യം സൃഷ്ടിച്ചു.

(ബി) നികുതി വെട്ടിപ്പ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. രാജ്യത്ത് ജി.എസ്.ടി നിലവിൽ വന്നശേഷം സംസ്ഥാന അതിർത്തികളിൽ നിലവിലുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായതിനെ തുടർന്ന് അതിർത്തി കടന്നുവരുന്ന ചരക്ക് വാഹനങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർവൈലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. അന്തർ സംസ്ഥാന ചരക്കു നീക്കങ്ങളോടൊപ്പം സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങളും നിരീക്ഷണ വിധേയമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഇന്റലിജൻസ് സ്ക്വാഡുകൾ ചരക്കു വാഹനങ്ങളിൽ ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്നതിൽ കർശന പരിശോധന നടത്തിവരുന്നു.

2. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ

സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) പ്രസ്തുത നടപടികളിലൂടെ നികുതിയും പിഴയും ഉൾപ്പെടെ 11.35 കോടി രൂപ (ഇ-വേ പരിശോധനയിലൂടെ) 30-09-2019 വരെ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ജി.എസ്.ടി. പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടി**

8(*488) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.-യിൽ മുൻവർഷത്തെ അപേക്ഷിച്ച് ഇരുപത്തിയേഴ് ശതമാനം വർദ്ധനവുണ്ടാകുമെന്ന നിഗമനം യഥാർത്ഥ്യമാകാനിടയുണ്ടോ; പ്രതീക്ഷിത വരുമാനത്തിലുണ്ടാകാനിടയുള്ള കുറവ് ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനാവിഷ്കരിച്ചിട്ടുള്ള സുപ്രധാന പദ്ധതികളെ ബാധിക്കാനിടയുണ്ടോ;

(ബി) ജി.എസ്.ടി. വാർഷിക റിട്ടേൺ പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പുറത്തു നിന്ന് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന ചരക്കുകളുടെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇൻവോയ്സ് മാച്ചിംഗിനു വേണ്ട സോഫ്റ്റ് വെയർ തയ്യാറായിട്ടുണ്ടോ; നാല്പത് ലക്ഷത്തിനുമേൽ വിറ്റുവരവുണ്ടായിട്ടും ഇതുവരെ രജിസ്ട്രേഷൻ എടുക്കാത്തവരെ കണ്ടെത്താൻ നടപടി സാധ്യമാണോ; അണ്ടർ ഇൻവോയ്സിംഗ് തടയാൻ മാർഗം ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2019-20 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ചരക്ക സേവന നികുതിയിൽ 37% വളർച്ചയാണ് പ്രതീക്ഷിച്ചിരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ (ഒക്ടോബർ മാസം വരെ) 4542.68 കോടി രൂപ ചരക്ക് സേവന നികുതി വരുമാനം (SGST) ലഭ്യമായപ്പോൾ 2019-20-ൽ 5336.52 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ അഡ്ഹോക് സെറ്റിൽമെന്റ് ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലഘട്ടത്തിൽ 1935.04 കോടി രൂപ ലഭ്യമായിടത്ത് 2019-20-ൽ 567.59 കോടി രൂപ മാത്രമാണ് ലഭ്യമായത്. എന്നിരുന്നാലും GST കോമ്പൻസേഷൻ ഉൾപ്പെടെ 14% വളർച്ച ഉറപ്പ് വരുത്തിയിട്ടുള്ളതാണ്.

അഖിലേന്ത്യാ അടിസ്ഥാനത്തിൽ 2018-19, 2019-20 കാലയളവിലെ ചരക്ക് സേവന നികുതി വരുമാനത്തിന്റെ (SGST) വിശകലനത്തിൽ കേരളത്തിന് 21.74% വളർച്ചാ നിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ ജി.എസ്.ടി. വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള തീയതി 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തെ റിട്ടേൺ സമർപ്പിക്കേണ്ട തീയതി 2020 മാർച്ച് 31 വരെയും ദീർഘിപ്പിച്ചു. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ പരിശോധന പൂർത്തീകരിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.

പുറത്തുനിന്ന കൊണ്ടുവരുന്ന ചരക്കുകളുടെ ഇ-വേ ബിൽ പരിശോധിക്കുന്നതിനായി സംസ്ഥാനത്തുടനീളം 24 മണിക്കൂറും പ്രവർത്തന സജ്ജമായ സ്ക്വാഡുകൾ വിന്യസിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്ക വാഹനങ്ങൾക്ക് ഇ-വേ ബിൽ ഉണ്ടോയെന്ന് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുന്നു.

ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

(സി) മൂല്യവർദ്ധിത നികുതി നിയമപ്രകാരം ചരക്കുകളുടെ വാങ്ങലുകളും വിൽപനകളും സംബന്ധിച്ച ഇൻവോയ്സുകൾ റിട്ടേൺ ഫയൽ ചെയ്യുന്നതിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ട ആവശ്യകതയുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ഇൻവോയ്സ് മാച്ചിംഗിന് സോഫ്റ്റ്വെയർ അനിവാര്യമായിരുന്നു. എന്നാൽ ചരക്ക സേവന നികുതി നിയമപ്രകാരം വിതരണഘട്ടത്തിൽ മാത്രമാണ് ഇൻവോയ്സ് വിവരങ്ങൾ നൽകേണ്ടത്. പ്രസ്തുത ഇൻവോയ്സുകൾ 2A റിട്ടേണിലൂടെ സാധനങ്ങൾ വാങ്ങിയ വ്യാപാരികൾക്ക് ലഭ്യമാകുന്നതും അർഹമായ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് സ്വീകരിക്കാവുന്നതുമാണ്.

വാറ്റ് നിയമപ്രകാരം 10 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള വ്യാപാരികൾ രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരായിരുന്നു. പ്രസ്തുത നിയമപ്രകാരം രജിസ്ട്രേഷനുള്ള വ്യാപാരികൾ ചരക്ക സേവന നിയമപ്രകാരം മൈഗ്രേറ്റ് ചെയ്യുകയുണ്ടായി. പ്രതിവർഷം ചരക്കുസേവന നികുതിയിൽ സേവനങ്ങൾക്ക് 20 ലക്ഷവും ചരക്കുകൾക്ക് 40 ലക്ഷവും വിറ്റുവരവുണ്ടെങ്കിൽ മാത്രമേ രജിസ്ട്രേഷൻ ബാധ്യതയുള്ളൂ. സ്ട്രീറ്റ് സർവ്വെ തുടങ്ങിയ നടപടികളിലൂടെ രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

ഇന്റലിജൻസ് വിഭാഗം ചരക്കുവാഹനങ്ങൾ പരിശോധന വിധേയമാക്കുകയും ഇ-വേ ബിൽ എടുത്തിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നു. ചരക്ക വാഹനത്തോടൊപ്പമുള്ള ബില്ലിൽ കാണിച്ചിരിക്കുന്ന വിലയിൽ അണ്ടർ വാല്യുവേഷനുള്ള കേസുകളിൽ മേൽ നടപടികൾ സ്വീകരിക്കാറുണ്ട്.

**ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി**

9(*489) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പുതുക്കിയിട്ടുണ്ടോ; ശമ്പളം യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരുമാനം തീരെ കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർ ദാരിദ്ര്യത്തിലാണെന്നത് കണക്കിലെടുത്ത് അവരുടെ ദുരവസ്ഥ പരിഹരിക്കാൻ വരുമാനമുള്ള ക്ഷേത്രങ്ങളുടെ മിച്ചം തുക പൊതുഫണ്ടിലേക്ക് മാറ്റാൻ സാധിക്കുമോ; ഇതിനായി മറ്റു ദേവസ്വം ബോർഡുകൾക്ക് സമാനമായ തരത്തിൽ നിയമനിർമ്മാണം ആലോചിക്കുമോ;

(സി) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റേതുൾപ്പെടെ സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>):

(എ) 1-3-2009 പ്രാബല്യത്തിൽ പുതുക്കി നൽകിയിരുന്നു. 1-1-2019 പ്രാബല്യത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത ജീവനക്കാർക്ക് 2000 രൂപ നിരക്കിൽ 1-6-2019 മുതൽ പ്രാബല്യത്തിൽ ഇടക്കാല ആശ്വാസം അനുവദിച്ചിട്ടുണ്ട്. ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 15 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായി ഉയർത്തി 3-9-2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ഷേത്ര ട്രസ്റ്റിമാർ ക്ഷേത്ര കണക്കുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിൽ വീഴ്ച വരുന്ന സാഹചര്യത്തിലാണ് ശമ്പള ഗ്രാന്റ് അനുവദിക്കാൻ കഴിയാതെ വരുന്നത്.

(ബി) വരുമാനമുള്ള ക്ഷേത്രങ്ങളുടെ മിച്ചം തുക പൊതു ഫണ്ടിലേയ്ക്ക് മാറ്റാൻ നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ല. മലബാർ ദേവസ്വം ബോർഡ് നിയമം പരിഷ്കരിക്കുന്നതിന് നിയമിക്കപ്പെട്ട അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായുള്ള നിയമ പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ രണ്ടാമത് ശിപാർശയായി ബോർഡിന് കീഴിലെ എല്ലാ ക്ഷേത്രങ്ങളിലെയും വരുമാനം ബോർഡിന്റെ സഞ്ചിത നിധിയിലേയ്ക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച ശിപാർശ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരികയാണ്.

മറ്റ് ദേവസ്വം ബോർഡുകൾക്ക് സമാനമായ തരത്തിൽ നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(സി) ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള വസ്തുക്കളിൽ അനധികൃത കൈയ്യേറ്റം കാരണം അന്യാധീനപ്പെട്ടിട്ടുള്ള വസ്തു വീണ്ടെടുക്കുന്നതിനായി ലാൻഡ് കൺസർവൻസി യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ലാൻഡ് സ്പെഷ്യൽ ഓഫീസറുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## ടൂറിസം വികസന പദ്ധതികൾ

10(*490) ശ്രീ. കെ. ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പൈതൃക സ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും അതിലൂടെ ടൂറിസം വികസനത്തിന്റെ സാധ്യതകൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പുരാതനവും പ്രശസ്തവുമായ ആരാധനാലയങ്ങളുടെ സുരക്ഷയും പവിത്രതയും ആചാര രീതികളും നിലനിർത്തിക്കൊണ്ട് തീർത്ഥാടന ടൂറിസത്തിലൂടെ അഭിവൃദ്ധിയുണ്ടാക്കുവാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിലെ കല, സംസ്കാരം മറ്റ് ലോകരാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെ ചരിത്രം എന്നിവ വിളിച്ചോതുന്ന പദ്ധതികളാണ് മുസിരിസ്, ആലപ്പുഴ പൈതൃക പദ്ധതികൾ. പുരാവസ്തു ഗവേഷണം, സംരക്ഷണം, വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പിക്കൽ, മ്യൂസിയങ്ങളുടെ വികസനം, വിപണനം തുടങ്ങിയവയാണ് ഈ പദ്ധതികളിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും ഇതിനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

<u>പ്രധാന പൈതൃക സംരക്ഷണ പദ്ധതികൾ മുസിരിസ് പൈതൃക പദ്ധതി</u>

കേരളത്തിലെ കല, സംസ്കാരം, മറ്റ് ലോകരാജ്യങ്ങളുമായുണ്ടായിരുന്ന വ്യാപാരത്തിന്റെയും ചരിത്രം വിളിച്ചോതുന്ന പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഇതിൽ മ്യൂസിയങ്ങൾ, കൊട്ടാരങ്ങൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, സിനഗോഗ്, മറ്റ് ചരിത്ര സ്മാരകങ്ങൾ എന്നിവയെ ജലപാത വഴി ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്

നിലവിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിനോദ സഞ്ചാരകേന്ദ്രമായ ആലപ്പുഴയുടെ സമഗ്ര വികസനമാണ് ഈ പ്രോജക്ട് വഴി വകുപ്പ് ലക്ഷ്യമിടുന്നത്. ആലപ്പുഴയുടെ തനത് ഉല്പന്നമായ കയറുമായി ബന്ധപ്പെട്ടുള്ള പൈതൃക നിർമ്മാണ ശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം സജ്ജീകരിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാര യോഗ്യമാക്കി വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്.

<u>തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്</u>

തലശ്ശേരി പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിൽ ആദ്യഘട്ടത്തിൽ 4 പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി. ടി പ്രവൃത്തികളിൽ 1 ഒഴികെ (മൊയ്തുപാലം സംരക്ഷണം) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) പ്രവൃത്തികൾ ഏറ്റെടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ചുവരികയുമാണ്.

1. പഴയ ഫയർ ടാങ്ക് സംരക്ഷണം, താഴെ അങ്ങാടി പൈതൃക വീഥിയായി വികസിപ്പിക്കൽ - 60,76,000 രൂപ (90% പൂർത്തീകരിച്ചു)
2. തലശ്ശേരി പിയർ റോഡ് സംരക്ഷണം, ഭക്ഷ്യ വീഥി, ശില്പോദ്യാനമായി വികസിപ്പിക്കൽ - 2,12,54,000 രൂപ (90% പൂർത്തീകരിച്ചു)
3. ഗുണ്ടർട്ട് ബംഗ്ലാവ് സംരക്ഷണം, ഭാഷാമ്യൂസിയം, ജർമ്മൻ പഠന കേന്ദ്രമായി വികസിപ്പിക്കൽ - 2,10,00,000 രൂപ (ബംഗ്ലാവ് സംരക്ഷണ പ്രവൃത്തികൾ 80% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.)

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പദ്ധതിയുടെ പുരോഗതിക്കായി പൈതൃക മൂല്യമുള്ള തലശ്ശേരി പൈതൃകവുമായി ബന്ധപ്പെട്ട പുതിയ ഘടകങ്ങൾ കണ്ടെത്തുകയും അതിനുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയും ചെയ്യുന്നു.

2019-ൽ താഴെപ്പറയുന്ന 6 ഘടകങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്:

1. ടൂറിസം എക്സ്പീരിയൻസ് സ്ട്രീറ്റ്, കൊട്ടിയൂർ - 4,52,35,763 രൂപ
2. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് സ്ട്രീറ്റ് ഡെവലപ്മെന്റ് ആൻഡ് ലാൻഡ് സ്കേപ്പ് - 1,84,73,019 രൂപ
3. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ് - 4,84,02,866 രൂപ
4. തൊടീക്കളം ടെമ്പിൾ - മ്യൂസിയം ഓഫ് മ്യൂറൽസ് വിത്ത് ടൂറിസം അമിനിറ്റീസ് - 2,57,35,841 രൂപ
5. വള്ളിയൂർകാവ് - ഡെവലപ്മെന്റ് ഓഫ് മാർക്കറ്റ് ആൻഡ് എക്സിബിഷൻ സ്പേസ് - 4,87,55,960 രൂപ
6. വേ ഫൈന്റിംഗ് സൈനേജസ് ഓഫ് വേരിയസ് ഡെസ്റ്റിനേഷൻസ് ഓഫ് തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്- 1,30,00,000 രൂപ

(ബി) തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതിക്ക് വകുപ്പ് അതിയായ പ്രാധാന്യം നൽകിവരുന്നു. കേരളത്തിലെ പുരാതനവും പ്രശസ്തവുമായ ആരാധനാലയം സന്ദർശിക്കുന്ന തീർത്ഥാടകർക്കും മറ്റും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തീർത്ഥാടന ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ടൂറിസ്റ്റ് അമിനിറ്റി സെന്റർ, ഇന്റർപ്രെട്ടേഷൻ സെന്റർ, നടപ്പാതകൾ, വിശ്രമ കേന്ദ്രങ്ങൾ, ഇരിപ്പിടങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ പല ആരാധനാലയങ്ങളോടും ചേർന്ന് വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## വ്യാപാരികൾക്കുള്ള വാറ്റ് നികുതി കുടിശ്ശിക നോട്ടീസ്

11(*491) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നികുതി കുടിശ്ശിക ഈടാക്കുന്നതിനായി വ്യാപാരികൾക്ക് നൽകിയ നോട്ടിസുകളിൽ പിഴവ് സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം പിഴവ് സംഭവിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് നൽകിയ പ്രീ അസസ്സ്മെന്റ് നോട്ടീസുകളിൽ സൂചിപ്പിച്ചിട്ടുള്ള വിറ്റുവരവ് മറച്ചുവയ്ക്കൽ, വാങ്ങൽ മറച്ചുവയ്ക്കൽ തുടങ്ങിയവ എപ്രകാരം എത്തിച്ചേർന്നുവെന്ന കാര്യം വിശദമായി രേഖപ്പെടുത്തിയിട്ടില്ലായെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. മാത്രമല്ല, വ്യാപാരികൾക്ക് അനുവദനീയമായ പല ഇളവുകളും കണക്കിലെടുക്കാതെയാണ് നോട്ടീസ് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

(ബി) വ്യാപാരികൾ തമ്മിൽ നടത്തിയിട്ടുള്ള ക്രയവിക്രയങ്ങളിലെ വ്യത്യാസങ്ങൾ കൂടുതലായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രഡിറ്റ്, മതിയായ രേഖകളില്ലാതെ എടുത്തിട്ടുള്ള നികുതി ഇളവുകൾ തെറ്റായി നികുതി നിരക്ക് കാണിച്ചിട്ടുള്ള ചരക്കുകളുടെ വിവരങ്ങൾ തുടങ്ങിയവ ക്രോഡീകരിച്ച് സ്റ്റാന്റേഡൈസ് സ്ക്രൂട്ടിണി ചെയ്യുന്നതിലേയ്ക്കായിട്ടാണ് ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ വികസിപ്പിച്ചത്.

സ്ക്രൂട്ടിണി മോഡ്യൂളിൽ ലഭ്യമായ വിവരങ്ങൾ വ്യാപാരികൾ ഫയൽ ചെയ്ത റിട്ടേണുമായി താരതമ്യപ്പെടുത്തിയതിനുശേഷം മാത്രമേ നോട്ടീസുകൾ നൽകാവൂയെന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു. എന്നിരുന്നാലും പല നികുതി നിർണ്ണയ അധികാരികളും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ സ്ക്രൂട്ടിണി മോഡ്യൂളിൽ നിന്ന് രൂപപ്പെട്ട നോട്ടീസുകൾ അതേപടി നൽകിയത് വ്യാപാര മേഖലയിൽ പ്രതിഷേധത്തിനിടയാക്കി. എന്നാൽ നോട്ടീസുകളിൽ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വ്യാപാരികൾക്ക് മറുപടി നൽകുവാനും ഹിയറിംഗിനുമുള്ള അവസരം ലഭ്യമാക്കിയിരുന്നു. വ്യാപാര സംഘടനകൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകളിൽ നിയമ വകുപ്പുമായി ആലോചിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, ഏ.ജി.-യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്സ്മെന്റ് നടപടികൾ തുടരുന്നതാണ്.

## വിലക്കയറ്റത്തിൽ സഹകരണ മേഖലയുടെ ഇടപെടൽ

12(*492) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിൽ ഇടപെട്ട് സഹകരണ മേഖല സാധാരണക്കാർക്ക് ആശ്വാസം നൽകുന്നുണ്ടോ;

(ബി) പ്രസ്തുത ഇടപെടൽ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉത്സവ സീസണുകളല്ലാത്ത സമയത്തും കൺസ്യൂമർ ഫെഡ് വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിൽ ഇടപെട്ട് സഹകരണ മേഖല സാധാരണക്കാർക്ക് ആശ്വാസം നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില വർദ്ധന പിടിച്ചു നിർത്തുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയുറപ്പാക്കി വിലവർദ്ധനവ് നിയന്ത്രിച്ചു നിർത്തുവാൻ വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലെ വില വർദ്ധനവ് തടയുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക ഉത്സവ വിപണിയിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചുവരുന്നു.

(ബി) പ്രസ്തുത ഇടപെടൽ വിജയപ്രദമാണ്. പ്രധാന ഉത്സവങ്ങളായ ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നിവയോടനുബന്ധിച്ച് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിൽ അരിയുൾപ്പെടെയുള്ള 13 ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ ഫെഡ് മുഖേന സർക്കാർ നിശ്ചയിക്കുന്ന സബ്സിഡിയുടെ വിലയിൽ വിൽപ്പന നടത്തിവരുന്നു. ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, എസ്.സി., എസ്.റ്റി. സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ എന്നു തുടങ്ങി വിവിധ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഉത്സവകാല വിപണികൾ സംഘടിപ്പിച്ചുവരുന്നു.

(സി) ഉത്സവസീസണുകൾ അല്ലാത്ത സമയത്ത് കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നില്ല. എന്നാൽ ഈ കാലയളവിൽ കൺസ്യൂമർഫെഡ് നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 10% മുതൽ 30% വരെ വില കുറച്ചാണ് വില്പന നടത്തിവരുന്നത്.

**വിനോദസഞ്ചാര നയം**

13(*493) ശ്രീമതി സി. കെ. ആശ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിനോദസഞ്ചാരനയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ വിനോദസഞ്ചാര നയം ഏതൊക്കെ മേഖലകൾക്കാണ് ഊന്നൽ നല്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര നയത്തിൽ പ്രഖ്യാപിച്ച കാര്യങ്ങളിൽ പ്രാവർത്തികമാക്കിയത് ഏതൊക്കെയെന്നും അവശേഷിക്കുന്നത് ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ഡി) വിനോദ സഞ്ചാരനയത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച സംരംഭകത്വ ഫണ്ടിന്റെ പ്രവർത്തനത്തിന് ഉടൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. കേരളത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത മനസ്സിലാക്കി അവരുടെ താത്പര്യമനുസരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ടൂറിസം മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങളോടെ സ്വകാര്യ പങ്കാളിത്തം കൊണ്ടുവന്ന് പരിസ്ഥിതി സൗഹൃദമായ രീതിയിൽ ടൂറിസം പദ്ധതികളും ടൂറിസം രംഗവും വിപുലപ്പെടുത്തുകയും നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചും കൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുന്നതുമാണ് പുതിയ ടൂറിസം നയത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ കേരളത്തിലേയ്ക്ക് വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. കേരളത്തിലെ ഇനിയും പുറംലോകം അറിയാത്ത നാട്ടുവിശേഷങ്ങളും തനിമകളും പുത്തൻ ഉത്പന്നങ്ങളായി വിപണിയിലെത്തിക്കേണ്ടതുണ്ട്. ഓരോ ടൂറിസം ഉത്പന്നങ്ങളും മൂല്യ വർദ്ധിതമാക്കുകയും കാലോചിതമാക്കുകയും ചെയ്യുന്നതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണം കർശനമാക്കുന്നതിനും ടൂറിസം മേഖല കാലോചിതമായി പരിഷ്കരിക്കുന്നതിനും വിഭാവനം ചെയ്യുന്നതാണ് പുതിയ ടൂറിസം നയം.

(ബി) കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക, ആയുർവേദം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കുക, ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക, പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക, കിഫ്ബിയുടെ സാദ്ധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക, കേരള ടൂറിസം സംരംഭകത്വ ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കുക, സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയവും നടപ്പാക്കുക, ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കുക, ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം, ഹരിത പെരുമാറ്റച്ചട്ടം മുഖാന്തരം മാലിന്യ നിർമ്മാർജ്ജനം എന്നിവ ടൂറിസം നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

(സി)

1. വിനോദസഞ്ചാര നയത്തിൽ പ്രതിപാദിച്ചിരുന്ന പ്രധാന ഘടകമാണ് ഉത്തരവാദിത്ത ടൂറിസം. ഉത്തരവാദിത്ത ടൂറിസം എല്ലാ മേഖലയിലും പ്രാവർത്തികമാക്കുകയെന്ന ഉദ്ദേശത്തോടെ സർക്കാർ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചു.

2. ടൂറിസം വികസനത്തിൽ ടൂറിസ്റ്റുകളുടെ സവിശേഷത മനസ്സിലാക്കി അതിനനുസൃതമായ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

3. ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി വിദേശ രാജ്യങ്ങളിലും രാജ്യത്തെ മറ്റു പ്രദേശങ്ങളിലും മേളകൾ, റോഡ്ഷോകൾ എന്നിവ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചുവരുന്നു.

4. അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

5. വിഭവ സമാഹരണത്തിനായി കിഫ്ബിയുടെ സാദ്ധ്യത ടൂറിസം രംഗത്ത് പ്രയോജനപ്പെടുത്തുന്നതിന് തുടക്കം കുറിച്ചു.

6. ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

8. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ബാരിയർ ഫ്രീ കേരള ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

9. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

10. ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

11. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി മൺസൂൺ രാഗോത്സവം, വസന്തോത്സവം തുടങ്ങി വിവിധ ടൂറിസം ഉത്പന്നങ്ങൾ ആരംഭിച്ചു.

12. ടൂറിസം റെഗുലേറ്ററി അതോറിറ്റി ഓഫ് കേരള:

കേരളത്തിന്റെ ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും സേവനങ്ങളുടെയും ഉത്പന്നങ്ങളുടെയും കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്തുവാനുമുള്ള ലക്ഷ്യത്തോടെയാണ് കേരളം ടൂറിസം റെഗുലേറ്ററി അതോറിറ്റി ഓഫ് കേരള (TRAK) രൂപം നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ കരട് തയ്യാറാക്കുകയും ടൂറിസം മേഖലയിലെ സംരംഭകരുടെയും സംഘടനകളുടെയും അഭിപ്രായ രൂപീകരണത്തിനായി ചർച്ചകൾക്ക് വിധേയമാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്തിമരൂപം നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു.

വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിനുമായി വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർക്ക് അതാത് തസ്തികകളിലെ ചുമതലകളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ച് കാലാകാലങ്ങളിൽ ഭേദഗതി ഉത്തരവ് നൽകാറുണ്ട്. വകുപ്പിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ ആവശ്യമായ പരിശീലനം IMG, KITTS തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു. പ്രവർത്തന വേഗതയും കാര്യക്ഷമതയും കൈവരിക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ DDFS ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഹാജർ ഉറപ്പാക്കുന്നതിനും വേണ്ടി എല്ലാ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്പാർക്കും ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള ആധുനിക പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കിറ്റ്സിനെ 'മികവിന്റെ കേന്ദ്രമാക്കി' മാറ്റുന്നതിന്റെ ഭാഗമായി 2019 സെപ്റ്റംബർ 28, 29 തീയതികളിൽ ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഗ്ലോബൽ ട്രെൻഡ്സ് ഇൻ ടൂറിസം സ്റ്റഡീസ് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത കോൺഫറൻസിൽ ഐക്യരാഷ്ട്ര സഭയുടെ അന്താരാഷ്ട്ര ടൂറിസം സംഘടനയുടെ പ്രതിനിധിയടക്കം ഇന്ത്യയിലെ പ്രമുഖ ടൂറിസം വ്യവസായികളും പങ്കെടുക്കുകയുണ്ടായി. കൂടാതെ, കേരള സർവ്വകലാശാലയുടെ ബി.കോം ട്രാവൽ ആൻഡ് ടൂറിസം കോഴ്സും ബി.ബി.എ ടൂറിസം മാനേജ്മെന്റിന്റെ ഒരു അഡീഷണൽ ബാച്ചും 2019-20 അദ്ധ്യയന വർഷത്തിൽ കിറ്റ്സിനെ 'മികവിന്റെ കേന്ദ്രമാക്കി' മാറ്റുന്നതിന്റെ ഭാഗമായി ആരംഭിക്കുകയുണ്ടായി. വിനോദസഞ്ചാര നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഇക്കോ സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ

ഭാഗമായി കിറ്റ്സ് സാഹസിക ടൂറിസവുമായി ബന്ധപ്പെട്ട ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളും പരിശീലന പരിപാടികളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മൾട്ടി-ലിംഗ്വൽ ഗൈഡ് കോഴ്സ് മുഖേന വിദേശ ഭാഷകൾ കൈകാര്യം ചെയ്യുവാൻ ഗൈഡുകളെ പ്രാപ്തരാക്കുന്നതിന് പുറമെ സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും ഗൈഡ് പരിശീലന പരിപാടികൾ കിറ്റ്സ് സംഘടിപ്പിക്കുകയുണ്ടായി.

വിവിധ ടൂറിസം വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്ന് പഠനം പൂർത്തിയായി വരുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് വേണ്ടി കിറ്റ്സ് ഒരു എച്ച്.ആർ.പോർട്ടലും ആരംഭിക്കുകയുണ്ടായി. വിനോദസഞ്ചാര നയത്തിന്റെ ഭാഗമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് കണക്കിലെടുത്ത് കിറ്റ്സ് ടൂറിസം ഹോസ്പിറ്റാലിറ്റി രംഗത്ത് നൈപുണ്യം സിദ്ധിച്ച യുവാക്കളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കിറ്റ്സ് ട്രാവൽ ആൻഡ് ടൂറിസം, ഏവിയേഷൻ, ലോജിസ്റ്റിക്സ്, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ വിവിധയിനം കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു.

നടപ്പിലാക്കാൻ കഴിയാത്ത കാര്യങ്ങൾ

1. ടൂറിസം ബ്രാൻഡ് അംബാസഡറെ നിയമിക്കുന്നത്.
2. കേരള ടൂറിസം സംരംഭകത്വഫണ്ട്.
3. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ടൂറിസം കോഴ്സുകൾ തുടങ്ങുന്നത്.
4. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വൻകിട ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 5 വർഷത്തേയ്ക്ക് നികുതി അവധി നൽകുന്നത്.
5. ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം.

(ഡി) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വഫണ്ടിന് രൂപം നൽകുന്നതിന് 2017-ലെ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. പുത്തൻ തലമുറ സംരംഭകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ടൂറിസം

മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും നൂതന സേവനമോ പദ്ധതിയോ നടപ്പാക്കാനുള്ള ഉപദേശവും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ദ്ധ്യവും ഒപ്പം മൂലധനവും കണ്ടെത്തി നൽകുന്ന പദ്ധതിയാണിത്. ഇതിനായി സർക്കാർ മുൻകൈയെടുത്ത് വെഞ്ചർ ഫണ്ട് രൂപീകരിക്കും. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

**കാർഷിക മൂല്യവർദ്ധിതോൽപ്പന്ന വ്യവസായങ്ങൾ**

14(*494) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സജി ചെറിയാൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളിൽ അധിഷ്ഠിതമായി മൂല്യവർദ്ധിതോൽപ്പന്ന വ്യവസായം ആരംഭിച്ച് വ്യവസായ പുരോഗതിയോടൊപ്പം കാർഷിക മേഖലയുടെ പുരോഗതി കൂടി സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) വിലത്തകർച്ച നേരിടുന്ന റബ്ബർ കർഷകർക്ക്ആശ്വാസമേകുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ മൂല്യവർദ്ധിതോല്പന്ന വ്യവസായ സമുച്ചയം ആരംഭിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) ചേർത്തലയിൽ സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചും അതിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്.

(ബി) 2018-19 വർഷം പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിലായി 3 റൈസ് പാർക്കുകളാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ പ്രഖ്യാപിച്ച ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി പ്രഭുറാം മില്ലിൽ

ലഭ്യമായ 5.22 ഏക്കർ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കിറ്റ്കോ ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രാഥമിക പഠനം നടത്തുകയും പദ്ധതിയുടെ കരട് അടങ്കൽ തുകയായി 4138.24 ലക്ഷം രൂപയും കണക്കാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്തു തീരുമാനം അറിയിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല ബഹുമാനപ്പെട്ട ചെങ്ങന്നൂർ നിയോജകമണ്ഡലം എം.എൽ.എ. കിറ്റ്കോ, നോഡൽ ഓഫീസർ, കെ.എസ്.റ്റി.സി. മാനേജിംഗ് ഡയറക്ടർ എന്നിവർ സംയോജിത സൈറ്റ് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിലത്തകർച്ചമൂലം പ്രയാസമനുഭവിക്കുന്ന റബ്ബർ, കർഷകരെ സഹായിക്കുന്നതിനായി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി വ്യവസായ വകുപ്പിന് കീഴിൽ സിയാൽ മാതൃകയിൽ "കേരള റബ്ബർ ലിമിറ്റഡ്" എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. റബ്ബർ മൂല്യവർദ്ധിതോൽപ്പന്ന വ്യവസായ സമുച്ചയം പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മെഗാഫുഡ് പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സമുദ്രോൽപ്പന്ന സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഫുഡ് പാർക്കാണ് സ്ഥാപിതമാകുന്നത്. പ്രസ്തുത ഫുഡ് പാർക്ക് മുഖേന കേന്ദ്രീകൃത സമുദ്രോൽപ്പന്ന സംസ്കരണ കേന്ദ്രങ്ങളും സമുദ്രോൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പാദനവും അവയുടെ സംസ്കരണവും ശേഖരണവുമാണ് ലക്ഷ്യമിടുന്നത്. ഇതുവഴി മത്സ്യബന്ധന മേഖലയേയും സമുദ്രോൽപ്പന്ന സംസ്കരണ മൂല്യ വർദ്ധിത ഉൽപാദകരെയും വിപണനക്കാരെയും ഒരുമിപ്പിച്ചുകൊണ്ട് ഭക്ഷ്യ വസ്തുക്കളുടെ പാഴാക്കൽ കുറയ്ക്കുകയും മത്സ്യബന്ധന മേഖലയ്ക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഫുഡ് പാർക്കിൽ സംസ്കരണ മൂല്യവർദ്ധിത പ്ലാന്റുകൾക്ക് പുറമേ ഭക്ഷ്യ വസ്തുക്കൾ നശിച്ചുപോകാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് പ്ലാന്റുകളും വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈപ്പിൻ, മുനമ്പം, തോപ്പുംപടി ഹാർബറുകളോട് ചേർന്ന് സമുദ്രോൽപ്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനുള്ള പ്ലാന്റുകളും ചേർത്തല ഫുഡ് പാർക്കിന് അനുബന്ധമായി

സ്ഥാപിതമാകുന്നു. ചേർത്തല ഫുഡ് പാർക്ക് മുഖേന സമുദ്രോൽപ്പന്ന ഭക്ഷ്യ സംസ്കരണ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ സാധിക്കും. ഏകദേശം 3000-ത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങളാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

## ചെറുകിട വൈദ്യുതോല്പാദന രംഗത്തെ നേട്ടം

15(*495) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുതോല്പാദനരംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ചെറുകിട വൈദ്യുതോല്പാദന മേഖലയിൽ മുൻ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; അതിൽ ഈ സർക്കാർ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഈ മേഖലയിലെ അനാസ്ഥ വൈദ്യുതി മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വൈദ്യുതോല്പാദന പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും പ്രോത്സാഹനം നൽകുന്ന നയം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുമായി ആകെ 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു.

ഇടുക്കി ജില്ലയിലെ 3.6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി 8-9-2016-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 12.17 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. പത്തനംതിട്ട ജില്ലയിലെ 6 മെഗാവാട്ട്

സ്ഥാപിതശേഷിയുള്ള പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 3-6-2017 മുതൽ വൈദ്യുതി ഉൽപാദനം ആരംഭിച്ചു. ഈ പദ്ധതി 23-10-2017-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 25.77 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. കോഴിക്കോട് ജില്ലയിലെ 3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 16-07-2018-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 10.39 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും.

കൂടാതെ 93.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവയിൽ ചെറുകിട ജല വൈദ്യുത പദ്ധതികളായ ഭൂതത്താൻകെട്ട് (24 MW), പൊരിങ്ങൽകുത്ത് (24 MW), അപ്പർ കല്ലാർ (2 MW), ചാത്തങ്കോട്ടുനട -II (6 MW), പഴശ്ശി സാഗർ (7.5 MW), ചിന്നാർ (24 MW) പെരുവണ്ണാമൂഴി (6 MW) എന്നിവയുൾപ്പെടും. ഇതിൽ കണ്ണൂർ ജില്ലയിലെ 7.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 27-10-2017-ൽ ആരംഭിച്ചു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 25.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. 24 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 19-3-2018-ൽ ആണ് ആരംഭിച്ചത്. പദ്ധതിയുടെ വാർഷിക ഉല്പാദനശേഷി 76.45 ദശലക്ഷം യൂണിറ്റാണ്. കോഴിക്കോട് ജില്ലയിലെ 6 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 25-5-2018-ൽ ആരംഭിച്ചു. പദ്ധതി പൂർത്തിയാകുന്നതുവഴി പ്രതിവർഷം 24.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. ഇടുക്കി ജില്ലയിലെ 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 12-08-2016-ൽ ആരംഭിച്ചു. 2020 മാർച്ച് മാസം കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പൂർത്തിയാകുന്നതുവഴി 5.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉല്പാദിപ്പിക്കുവാൻ കഴിയും.

സ്വകാര്യമേഖലയിൽ സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കിയ ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് ബൂട്ട് അടിസ്ഥാനത്തിൽ പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടകം ഏകദേശം 200 MW-ന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ (25 MW വരെ

സ്ഥാപിതശേഷിയുള്ള) കെ.എസ്.ഇ.ബി.-യുടെയും സ്വകാര്യമേഖലയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വകയായി നടപ്പിലാക്കി വൈദ്യുതോല്പാദനം നടത്തിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ ഇത്തരത്തിൽ 20 പദ്ധതികളിലായി 47.4 MW സ്ഥാപിതശേഷിയുള്ള പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലാപഞ്ചായത്തും മറ്റ് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും ഓഹരി ഉടമകളായി തുടങ്ങിയ പാലക്കാട് സ്മാൾ ഹൈഡ്രോ പവ്വർ കമ്പനി മുഖാന്തരം 3 MW-ന്റെ മീൻവല്ലം ചെറുകിട ജലവൈദ്യുതപദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ കെ.എസ്.ഇ.ബി.-യ്ക്ക് നല്കിവരുന്നു. കൂടാതെ മാങ്കുളം പഞ്ചായത്തിന്റെ 110 KW മൈക്രോ ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് കെ.എസ്.ഇ.ബി.-യ്ക്ക് നൽകിവരുന്നു. 2018-ലെ പ്രളയത്തിൽ നശിച്ച ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 50 KW-ന്റെ മൈക്രോജലവൈദ്യുത പദ്ധതി പുനരുജ്ജീവിപ്പിക്കുവാനുള്ള നടപടികൾ ആലോചനയിലാണ്. ഇത്തരം പദ്ധതികളിൽനിന്ന് ലഭിക്കുന്ന വരവ് പഞ്ചായത്തുകളിലെ വികസന പ്രവർത്തനത്തിന് ഉപയോഗിച്ചുവരുന്നു. മാത്രമല്ല, ഈ പദ്ധതികളുടെ ദൈനംദിന നടത്തിപ്പ് തദ്ദേശീയരായ ആളുകൾ മുഖാന്തരമാണ്. അതിനാൽ ചെറിയ തോതിൽ തൊഴിൽ സാദ്ധ്യതയും ഇത്തരം പദ്ധതികൾ മൂലംവന്നുചേരുന്നു.

ഒരു കിലോ വാട്ട് മുതൽ 5 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള 125 പീക്കോ ജലവൈദ്യുത ടർബൈനുകൾ കേന്ദ്ര സർക്കാരിന്റെ സബ്സിഡിയോടികൂടി ഗുണഭോക്താക്കൾ വഴി ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

മറയൂരിൽ ഈച്ചാംപെട്ടി വനമേഖലയിലുള്ള ഒറ്റപ്പെട്ട കിടക്കുന്ന ആദിവാസികോളനിയിൽ 4 കിലോവാട്ട് പദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് ഒരു മൈക്രോഗ്രിഡ് വഴി വൈദ്യുതവിതരണം നടത്തിവരുന്നു. ചിന്നാർ വന്യമൃഗ സങ്കേതത്തിനുള്ളിലുള്ള തായണ്ണംകുടി ആദിവാസികോളനിയിൽ ഏകദേശം 60 കുടുംബങ്ങൾക്ക് മൈക്രോഗ്രിഡിന്റെ സഹായത്താൽ 3 കിലോവാട്ട് ജലവൈദ്യുത പദ്ധതി വഴി വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

(ബി) ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 24 മെഗാവാട്ടിന്റെ ഭൂതത്താൻകെട്ട് ജലവൈദ്യുത പദ്ധതിയും 24 മെഗാവാട്ടിന്റെ പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയും മുൻ സർക്കാരിന്റെ കാലത്ത് (2011-2016) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവയാണ്.

ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു. ടി പദ്ധതികൾ സമയബന്ധിതമായി തീർക്കുവാൻ ഈ സർക്കാർ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപുറമെ 2015 മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടന്നിരുന്ന ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി 6 MW പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി 2020 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഈ മേഖലയിൽ അടിയന്തര നടപടികൾ എടുത്തുവരുന്നതിനാൽ ഭൂരിപക്ഷം ചെറുകിട പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിച്ചു വരികയാണ്. ഇവയെല്ലാം പൂർത്തീകരിച്ചു കഴിഞ്ഞാലും കേരളത്തിന്റെ വൈദ്യുത ആവശ്യം നിറവേറ്റാൻ പുറത്തുനിന്നും വൈദ്യുതി വാങ്ങേണ്ടി വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

സ്വകാര്യമേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലും വനമേഖലകളിൽ ആയതിനാൽ വനസംരക്ഷണ നിയമം ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇത്തരം പദ്ധതികൾക്കാവശ്യമായ സ്ഥലത്തിന്റെ ലഭ്യതയും വിലയും ഒരു പരിധിവരെ പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. സൗരോർജ്ജം, കാറ്റ് എന്നീ പദ്ധതികൾ കൂടുതൽ വ്യാപിക്കുന്നതിനാൽ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം മൂലം അവയിൽ നിന്നുള്ള ഉത്പാദനക്കുറവ് ഒരു പരിധിവരെ ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ നേരിടാൻ സാധിക്കും.

(ഡി) ഉണ്ട്. 2012 ചെറുകിട ജലവൈദ്യുത പദ്ധതി നയം രൂപീകരിക്കുകയും ഇതിൻപ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുകയെന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് പുതിയ വൈദ്യുതനയം 2019 രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കരട് നയം പ്രസിദ്ധീകരിക്കുകയും ആയതിന്മേലുള്ള പൊതു അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. നിയന്ത്രണങ്ങളില്ലാതെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത ഇടതടവില്ലാതെ നിർവ്വഹിക്കുകയെന്നതാണ് കരട് വൈദ്യുത നയത്തിലെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്ന്. ഇതിന്റെ ഭാഗമായി പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് കരട് നയം വിഭാവനം ചെയ്യുന്നുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സ്വകാര്യ സംരംഭകരോ നടപ്പിലാക്കുന്ന വൈദ്യുതോൽപ്പാദന പദ്ധതികളിൽ നിന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന വിലയിൽ വൈദ്യുതി വാങ്ങാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു നിയമപരമായ ബാദ്ധ്യതയുണ്ട്.

**ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സംയുക്ത പരിശോധന**

16(*496) ശ്രീ. പാറക്കൽ അബ്ദുല്ല:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും സമീപം ക്വാറിക്ക് അനുമതി നൽകിയ കാര്യം പരിശോധിക്കുമോ;

(ബി) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാനും നിരീക്ഷിക്കാനും അധികാരമുള്ള പോലീസടക്കം ആറ് ഏജൻസികൾക്ക് സംയുക്തപരിശോധന നടത്തുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ്, മലിനീകരണ നിയന്ത്രണബോർഡ്, ജിയോളജി വകുപ്പ്, ആരോഗ്യ വകുപ്പ്, പോലീസ്, റവന്യൂ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ സംയോജിപ്പിച്ച് പരിശോധന നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വന്യജീവി സങ്കേതം ദേശീയോദ്യാനം എന്നിവയുടെ 10 കി.മീ. പരിധിയിൽ ഖനനം നടത്തുന്നതിന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള ക്ലിയറൻസ് ലഭ്യമാക്കേണ്ടതാണെന്ന 25-6-2018 തീയതിയിലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ദൂരപരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ ഖനന/അനുബന്ധ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപപത്രം (NOC) ലഭ്യമാക്കിയാൽ മാത്രമേ ടി മേഖലയിൽ ഖനന പ്രവർത്തനങ്ങൾ അനുവദിക്കുകയുള്ളൂ.

(ബി&സി) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാനും നിരീക്ഷിക്കാനും വിവിധ ഏജൻസികൾ ചേർന്ന് സംയുക്ത പരിശോധന

നടത്തുന്നതിന് നിലവിൽ പ്രയാസമുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് കാര്യക്ഷമമായ ഒരു നിരീക്ഷണ സംവിധാനത്തിനു രൂപം നൽകുന്നതിന് മുൻപായി ആയതിന്റെ പ്രായോഗികവശം സംബന്ധിച്ച പരിശോധന അനിവാര്യമാണ്. ആയതിനാൽ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കാനും നിരീക്ഷിക്കാനും കാര്യക്ഷമമായ ഒരു സംവിധാനത്തിനു രൂപം നൽകുന്ന വിഷയം വിശദമായി പരിശോധിച്ചശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**രണ്ടാം കയർ പുനഃസംഘടനാ പദ്ധതി**

17(*497) ശ്രീ. ബി. സത്യൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്ക്കരിച്ച രണ്ടാം കയർ പുനഃസംഘടനാ പദ്ധതി പ്രകാരം കയർ ഉത്പാദനത്തിലും സംഭരണത്തിലും ഉണ്ടായ വളർച്ച എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ബി) കയർ മേഖലയിലെ പരമ്പരാഗത തൊഴിൽ സംരക്ഷിക്കുന്നതി നോടൊപ്പം യന്ത്രവത്ക്കരണം നടപ്പാക്കുന്നതിന് ഈ പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കയർ പുനഃസംഘടനാ പദ്ധതി ഊർജ്ജിതമാക്കുന്നതിന് എൻ.സി.ഡി.സി. എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) കയർ വ്യവസായ മേഖലയിൽ പുതിയ ഉത്പന്നങ്ങൾ ആവിഷ്ക്കരിക്കാനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ മേഖല സമ്പൂർണ്ണ യന്ത്രവത്കരണത്തിലൂടെ ആധുനികവത്കരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് രണ്ടാം പുനഃസംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത

കൈവരിക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉൽപ്പന്ന രംഗത്ത് വൈവിദ്ധ്യവത്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ മറ്റ് പ്രധാന ഘടകങ്ങൾ. കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.-മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. കയർസഹകരണസംഘങ്ങൾക്ക് പുറമേ ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് പുതുതായി ആരംഭിക്കുന്ന സ്വകാര്യയൂണിറ്റുകൾക്ക് നിലവിൽ സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.-മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികളുമായി സഹകരിച്ച് പരമാവധി തൊണ്ട് ശേഖരിക്കുന്നതിനെപ്പറ്റിയുള്ള നടപടികൾ ആലോചിച്ചുവരുന്നു.

സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44% വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്ത് നിന്നോ, പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ചകിരി വില ലക്ഷത്തിൽ | |
|---|---|---|
| 2015-16 | ഇല്ല | 2019-20 സെപ്റ്റംബർ 30 വരെ 179.05 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻവർഷത്തേക്കാൾ 44% അധികമാണ്. |
| 2016-17 | 50.94 | |
| 2017-18 | 78.14 | |
| 2018-19 | 284.02 | |

13-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതോടുകൂടി ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്. കയർ സംഭരണം 78800 ക്വിന്റലിൽ നിന്ന് 1.57 ലക്ഷം ക്വിന്റലായും ഉൽപ്പന്ന സംഭരണം 97.99 കോടി രൂപയിൽ നിന്നും 153.08 കോടി രൂപയുമായി ഉയർന്നു. കയർ മേഖലയിൽ പ്രകടമായിട്ടുള്ള ഉണർവ്വിന്റെ ചിത്രമാണ് ഈ കണക്കുകൾ പ്രദാനം ചെയ്യുന്നത്.

(ബി) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽകരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡുവഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110 രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. 2019 സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം സർക്കാരിൽ നിന്നും കയർ വികസന വകുപ്പിന് ലഭ്യമായിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽനിന്നും 350 രൂപയാക്കി 1-1-2019 മുതൽ ഉയർത്തിയിട്ടുണ്ട്.

(സി) കയർ പുനഃസംഘടനാ പദ്ധതി ഊർജ്ജിതമാക്കുന്നതിനായി എൻ.സി.ഡി.സി.-യിൽ നിന്ന് 200 കോടി രൂപയുടെ ധനസഹായത്തിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 110 കോടി രൂപയ്ക്ക് ഇതിനോടകം തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. യന്ത്രവൽക്കരണം, കയർ മ്യൂസിയം, പ്രവർത്തന മൂലധനം, പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കൽ, റിസർച്ച് ആൻഡ് ഡെവലപ്മെന്റ്, കയർഫെഡിന്റെ ശാക്തീകരണം മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, പരിശീലനം അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലാണ് സഹായം ലഭ്യമാകുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി. ധനസഹായ പദ്ധതിപ്രകാരം തുക ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

കയർ അക്വസ്റ്റിക് പാനൽ

ശബ്ദം നിയന്ത്രിക്കാനായി ജൈവനാരായ കയറുപയോഗിച്ച് അക്വസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. തീപിടുത്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന ഈ ബോർഡുകൾ നിലവിൽ വിപണിയിലുള്ള അക്വസ്റ്റിക് പാനലുകളേക്കാൾ വളരെ ചെലവ് കുറഞ്ഞതും എന്നാൽ ഉപയോഗ പ്രദവുമായിട്ടുള്ളതാണ്. ശബ്ദം ആഗിരണം ചെയ്യുന്നതിനു പുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിന് സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കയർ കമ്പോസിറ്റ്സ്

ചകിരിനാരും പോളിമറും ഉപയോഗിച്ചുകൊണ്ട് മോട്ടോർ വാഹന വ്യവസായത്തിലും റെയിൽവേക്കും ഗാർഹികാവശ്യങ്ങൾക്കും വേണ്ടിയുള്ള കയർ കോമ്പോസിറ്റ്സുകളും വികസിപ്പിക്കുകയുണ്ടായി.

ബൈൻഡർലെസ് ബോർഡ്

തൊണ്ടുപയോഗിച്ച് തടിക്ക് പകരം രാസവസ്തുക്കൾ ഒന്നും ഉപയോഗിക്കാതെ കയർ ബോർഡുകൾ ഉത്പ്പാദിപ്പിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതിക്ക് അനുയോജ്യമായതും അഗ്നിബാധയെ ചെറുത്തുനിൽക്കാനും ശേഷിയുള്ള വസ്തുവാണ് ബൈൻഡർലെസ് ബോർഡ്.

കയർജിയോസെൽ

ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചരിവ് പ്രദേശത്ത് കൃഷിചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

മൾച്ചിംഗ് മാറ്റ്

വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി ചകിരിനാരും റബ്ബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്തവിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ പഠനങ്ങൾ വഴി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

## കയർ മേഖലയുടെ വികസനത്തിനായുള്ള കേന്ദ്ര പദ്ധതികൾ

18(*498) ശ്രീ. വി. ജോയി :
ശ്രീമതി യു. പ്രതിഭ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കയർ മേഖലയുടെ നവീകരണവും ആധുനികവത്കരണവും സാങ്കേതിക മെച്ചപ്പെടുത്തലും ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള കയർ ഉദ്യമി യോജന പ്രകാരം എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്;

(സി) ഈ മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ കയർ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് കയർ വികാസ് യോജന പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ഗ്രാമപ്രദേശങ്ങളിലെ സ്ത്രീ തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള മഹിളാ കയർ യോജന പ്രകാരം എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേരളം ഉൾപ്പെടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര പദ്ധതികൾ ചുവടെ ചേർക്കുന്നവയാണ്:

1. കയർ വികാസ് യോജന (Coir Vikas Yojana): ഈ പദ്ധതിക്ക് കീഴിൽ കയർ മേഖലയ്ക്കാവശ്യമായ ഗവേഷണ-വികസന പ്രവർത്തനങ്ങൾ, മനുഷ്യ വിഭവശേഷിയുടെ നൈപുണ്യ വികസനം, സ്റ്റൈപ്പന്റോടുകൂടിയുള്ള പരിശീലന പരിപാടികൾ എന്നിവ കയർ ബോർഡ് മുഖേന നടപ്പാക്കുന്നു. രാജ്യത്തിനകത്തും പുറത്തും കയർ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കയർ വികാസ് യോജന. ഈ പദ്ധതിയുടെ മറ്റു ലക്ഷ്യങ്ങൾ ആഭ്യന്തര വിപണിയുടെ വികസനത്തിനുള്ള പ്രോത്സാഹനം, കയറ്റുമതി വിപണിക്കുള്ള പ്രോത്സാഹനം എന്നിവ നൽകുകയെന്നതാണ്. കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കയർ ബോർഡ് ഷോറൂമുകളും ഡിപ്പോകളും സ്ഥാപിച്ചിട്ടുണ്ട്.

കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വികസനം ലക്ഷ്യമിട്ട് കയർ ബോർഡ് പ്രസ്തുത ഷോറൂമുകളും ഡിപ്പോകളും വഴി രാജ്യത്തുടനീളം ആഭ്യന്തര പ്രദർശനങ്ങൾ നടത്തുന്നു. ഇതുമായി ബന്ധപ്പെട്ട് വിപുലമായ പ്രചരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ പ്രദർശനങ്ങളിൽ കയറ്റുമതിക്കാരെ പങ്കെടുപ്പിക്കുക, സെമിനാറുകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുക, മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസുകൾക്കും കയറ്റുമതിക്കാർക്കും സാമ്പത്തിക സഹായം നൽകുക, കയർ വ്യവസായ അവാർഡുകൾ നൽകുക തുടങ്ങിയവയാണ് കയറ്റുമതി വിപണിക്കുള്ള പ്രോത്സാഹനം കൊണ്ട് ലക്ഷ്യമിടുന്നതെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

2. <u>മഹിളാ കയർ യോജന (Mahila Coir Yojana):</u> വനിതകൾക്ക് കയർ മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിന് കയർ ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരിശീലനം പൂർത്തിയാക്കുന്ന വനിതകൾക്ക് സ്വയം പ്രവർത്തിപ്പിക്കാവുന്ന മോട്ടോറൈസ്ഡ് റാട്ടുകൾ/പരമ്പരാഗത മോട്ടോറൈസ്ഡ് റാട്ടുകൾ, മറ്റ് കയർ ഉൽപ്പാദന ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നു. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കയർ ബോർഡ് ഈ പദ്ധതി നടപ്പാക്കി വരുന്നതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

3. കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതിയായ "കയർ ബോർഡ് കയർ വർക്കേഴ്സ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം" 1-6-2016 മുതൽ "പ്രധാൻ മന്ത്രി സുരക്ഷ ഭീമ യോജന" എന്ന പദ്ധതിയുമായി യോജിപ്പിച്ച് കയർ മേഖലയിലെ തൊഴിലാളികളെ ഗുണഭോക്താക്കളാക്കിക്കൊണ്ട് കയർ ബോർഡ് മുഖേന നടപ്പാക്കിവരുന്നു.

4. <u>സ്കീം ഓഫ് ഫണ്ട് ഫോർ റീ-ജനറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് (SFURTI)</u>: പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവി പ്പിക്കുകയെന്ന ലക്ഷ്യമിട്ടുകൊണ്ട് യന്ത്രങ്ങൾ മാറ്റിസ്ഥാപിക്കൽ, പൊതു ഉപയോഗകേന്ദ്രങ്ങളുടെ സ്ഥാപനം, ഉൽപ്പന്ന വികസനം, ഗുണനിലവാരം ഉയർത്തൽ, മെച്ചപ്പെട്ട വിപണനം, പരിശീലനം, ശേഷി വികസനം എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതി കയർ ബോർഡ് മുഖേന നടപ്പാക്കിവരുന്നു.

5. നഗര-ഗ്രാമ മേഖലകളിൽ സൂക്ഷ്മ സംരംഭങ്ങൾ (micro enterprises) ആരംഭിച്ചുകൊണ്ട് ഈ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പി.എം.ഇ.ജി.പി.(Prime Minister's Employment Generation Programme) എന്ന പദ്ധതിയിൽ കയർ മേഖലയെയും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്ക് സഹായം ലഭിക്കുന്നതിന് അർഹതയുള്ള കയർ യൂണിറ്റുകളെ കണ്ടെത്തുന്നതിനുള്ള ഏജൻസിയായി കയർ ബോർഡിനെ നിശ്ചയിച്ചിട്ടുണ്ടെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കയർ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചരിച്ചിട്ടുള്ള മറ്റൊരു കേന്ദ്ര പദ്ധതിയാണ് മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റന്റ്സ്. ഇതൊരു 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പ്രചാരണം, പുതിയ പ്രദർശന-വിൽപ്പന ശാലകൾ/നിലവിലുള്ള വിൽപ്പന ശാലകൾ എന്നിവയുടെ നവീകരണം, ഗോഡൗണുകൾ, വിപണിയെക്കുറിച്ചുള്ള പഠനം, ഡിസ്കൗണ്ട് കൊടുക്കൽ ഉൾപ്പെടെ നൂതന വിപണന തന്ത്രങ്ങൾ, ഇ-കോമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം എന്നിവയ്ക്ക് ഭാരത സർക്കാർ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാന വിഹിതമായി അനുവദിക്കുന്ന തുകയുടെ ആനുപാതിക കേന്ദ്ര വിഹിതം റീ-ഇംബേഴ്സ്മെന്റ് ആയി ലഭിക്കും. സമയ ബന്ധിതമായി വരവ് ചെലവ് കണക്കുകളും നടത്തിപ്പ് റിപ്പോർട്ടും കൃത്യമായി അതാത് സാമ്പത്തിക വർഷം കയർബോർഡിന് സമർപ്പിക്കുകയും അതിലൂടെ കേന്ദ്ര വിഹിതം ലഭ്യമാക്കുകയും ചെയ്യുന്നു. 2017-18-ൽ കേന്ദ്ര വിഹിതമായി ലഭിക്കാനുണ്ടായിരുന്ന 8 കോടി 80 ലക്ഷം രൂപയിൽ 2018-19-ൽ 4 കോടി രൂപയും 2019-20-ൽ 4 കോടി 80 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിലെ സംസ്ഥാന വിഹിതത്തിന് ആനുപാതികമായ 16 കോടി രൂപ കേന്ദ്ര വിഹിത ഇനത്തിൽ കയർബോർഡിൽ നിന്നും ലഭ്യമാകുവാനുണ്ട്.

(ബി) കയർ ഉദ്യമി യോജന ഒരു വായ്പ ബന്ധിത സബ്സിഡി സ്കീമാണ് (credit linked subsidy scheme). കേരളം ഉൾപ്പടെയുള്ള നാളികേര ഉൽപ്പാദക സംസ്ഥാനങ്ങളിൽ കയർ ബോർഡ് കയർ ഉദ്യമി യോജന പ്രകാരം കയർ യൂണിറ്റുകൾക്ക് പ്ലാന്റ് ആൻഡ് മെഷിനറി സ്ഥാപിക്കുന്നതിന് ആകെ പദ്ധതി തുകയുടെ 40% ധനസഹായമായും 55% ബാങ്ക് ക്രെഡിറ്റായും 5% ഗുണഭോക്തൃ വിഹിതമായും ലഭിക്കുന്നു. കയർ ഉദ്യമി യോജന പി.എം.ഇ.ജി.പി.(Prime Minister's Employment Generation Programme) എന്ന പദ്ധതിയിൽ ലയിപ്പിക്കുകയും 1-4-2018 മുതൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കയർ മേഖലയിൽ കയർ ബോർഡ് മുഖേന നടപ്പാക്കിയുംവരുന്നു.

(സി) കയർ വികാസ് യോജന പദ്ധതി പ്രകാരം കയർ മേഖലയിലേയ്ക്ക് പുതിയ സംരംഭകരെ ആകർഷിച്ച് കൂടുതൽ കയർ സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നതിന് സഹായകരമായ രീതിയിൽ സംരംഭകത്വ വികസന പരിപാടികൾ, വർക്ക് ഷോപ്പുകൾ, സെമിനാറുകൾ ബോധവൽക്കരണ പരിപാടികൾ, പ്രദർശന യാത്രകൾ എന്നിവ കയർ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്നതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) "മഹിളാ കയർ യോജന" കയർ ബോർഡ് മുഖേന നടപ്പാക്കിവരുന്ന വനിതകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയാണ്. വിവിധ കയർ സംസ്കരണ യന്ത്രങ്ങളിൽ വനിതകൾക്ക് പ്രവർത്തി പരിചയം ഉറപ്പാക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ഈ പദ്ധതിക്ക് കീഴിൽ നടത്തിവരുന്നുണ്ട്. പ്രതിമാസം 3000 രൂപ സ്റ്റൈപ്പൻഡ് നൽകിക്കൊണ്ടാണ് പ്രസ്തുത പരിശീലനം നൽകുന്നത്. ഈ പദ്ധതിക്ക് കീഴിൽ പരിശീലനം സിദ്ധിച്ച വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ യന്ത്രങ്ങൾ/ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം പി.എം.ഇ.ജി.പി (Prime Minister's Employment Generation Programme) പദ്ധതി പ്രകാരം കയർ ബോർഡ് മുഖേന ലഭിക്കുന്നതിനുള്ള സൗകര്യവുമുണ്ട്.

## കേരള ബാങ്ക് മൂലമുള്ള നേട്ടങ്ങൾ

19(*499) ശ്രീ. സി. ദിവാകരൻ:
ശ്രീ. കെ. രാജൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വികസനത്തിന് കേരളാബാങ്ക് ഏതൊക്കെതരത്തിൽ ഉപകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ ജനങ്ങൾക്ക് കേരളാബാങ്ക് മൂലം എന്തൊക്കെ അധിക നേട്ടങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) ബാങ്കിംഗ് മേഖലയെ സംബന്ധിച്ച് ഇപ്പോൾ ജനങ്ങൾ ഏറ്റവും കൂടുതൽ പരാതിപ്പെടുന്ന ഉയർന്ന സേവന ചാർജ്ജുകൾക്കും ഹിഡൻ ചാർജ്ജുകൾക്കും ബദലായി ഈ ബാങ്ക് ഒരു ജനസൗഹൃദ ബാങ്കായി മാറുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിന്റെ കാർഷിക വികസനത്തിന് കേരളാബാങ്ക് ഏതൊക്കെ വിധത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഗ്രാമീണ ബാങ്കിംഗ് മേഖലയിൽ നാളിതുവരെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ കേരളാബാങ്ക് രൂപീകരിക്കുമ്പോഴും നിലനിർത്താൻ കഴിയുമോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിന്റെ കാർഷിക, വ്യാവസായിക മേഖലകൾക്കും കേരളത്തിന്റെ സർവ്വതോന്മുഖമായ പശ്ചാത്തല വികസനത്തിനും വേണ്ടി വ്യക്തികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വായ്പകൾ നൽകുന്നതിലൂടെ കേരളത്തിന്റെ വികസനത്തിന് കേരള ബാങ്കിന് സഹായിക്കാൻ കഴിയും.

(ബി) ജനങ്ങൾക്ക് ഒരു പുതുതലമുറ ബാങ്കിൽ നിന്നും ലഭിക്കാവുന്ന എല്ലാ വിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും ഇടതടവില്ലാതെയും ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഇല്ലാതെയും ലഭ്യമാക്കുവാൻ കഴിയും. കൂടാതെ നിലവിലുള്ളതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക കാർഷികേതര വായ്പകൾ കുറഞ്ഞ സമയപരിധിക്കുള്ളിൽ ഇടപാടുകാർക്ക് ലഭ്യമാവും. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ ആനുകൂല്യങ്ങൾ ഗ്രാമീണ ഉപഭോക്താക്കളുടെ അംഗസംഘങ്ങളിലെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കും.

(സി) ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഒന്നുംതന്നെ ഈടാക്കാതെ ഒരു ആധുനിക ബാങ്കിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങളും നൽകാൻ കഴിയുന്നതുവഴി കേരള ബാങ്കിന് ഒരു ജനസൗഹൃദ ബാങ്കായി പ്രവർത്തിക്കുവാൻ തീർച്ചയായും കഴിയും.

(ഡി) കേരളത്തിന്റെ കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ എല്ലാ വികസനത്തിനും സഹായകരമാകുന്ന പ്രവർത്തനം കേരള ബാങ്കിൽ നിന്നുമുണ്ടാകും. നിലവിലുള്ളതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പകൾ കർഷകർക്ക് ലഭ്യമാക്കുവാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കേരള ബാങ്കിന്റെ സാമ്പത്തികസ്ഥിതി ശക്തമായതിനാൽ നബാർഡിൽനിന്നും കൂടുതൽ വായ്പ ലഭിക്കുകയും അതുവഴി കാർഷിക മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുവാനും കഴിയും.

(ഇ) നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുവാനും കൂടുതൽ ശക്തിയോടെ തുടർന്നും നേട്ടങ്ങൾ കൈവരിക്കുവാനും കേരള ബാങ്ക് രൂപീകരണത്തോടെ കഴിയും. കേരള ബാങ്ക് രൂപീകരണം പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളേയും ബാങ്കുകളേയും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉപകരിക്കും. പ്രാഥമിക സംഘം/ബാങ്കുകൾ ശക്തിപ്പെടുന്നതിലൂടെ ഗ്രാമീണ ബാങ്കിംഗ് മേഖലയും ശക്തിപ്പെടും.

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

20(*500) ശ്രീ. രാജു എബ്രഹാം:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത മേഖലയിൽ ഊർജ്ജക്ഷമതയും ഊർജ്ജ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വാണിജ്യ, വ്യവസായ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങി എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളിലും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് (ഇ.സി.ബി.സി.) ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ പ്രധാന മേഖലകളിലും ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമതയും ഊർജ്ജസംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ ഊർജ്ജസംരക്ഷണ നിയമം 2001 നടപ്പിലാക്കിയിട്ടുണ്ട്. നിയമ നടത്തിപ്പിന്റെ ഭാഗമായും സംസ്ഥാന പദ്ധതി

നടത്തിപ്പിന്റെ ഭാഗമായും ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:

1. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമപ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം.

2. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 120 KVA-യും അതിൽ കൂടുതൽ കോൺട്രാക്ട് ഡിമാൻഡ് അല്ലെങ്കിൽ 100 KW-യും അതിൽ കൂടുതൽ കണക്റ്റഡ് ലോഡിന് മുകളിൽ വൈദ്യുതി ആവശ്യമുള്ളതും 500 ചതുരശ്രമീറ്ററോ അതിൽ കൂടുതലോ വിസ്തൃതിയുള്ളതുമായ കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവസ്ഥയ്ക്കനുസരിച്ച് ഇതിൽ മാറ്റം വരുത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരമുപയോഗിച്ച് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് പ്രസിദ്ധീകരിക്കുകയും ഇത് നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലന പരിപാടികളും മറ്റു പ്രവർത്തനങ്ങളും നടത്തിവരുന്നു. കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഇത് സംബന്ധിച്ച ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

3. ഉപകരണങ്ങളുടെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിച്ച് ഊർജ്ജലാഭം നേടുന്നതിനായി നിയമപ്രകാരം നടപ്പിലാക്കിയ സ്റ്റാൻഡേർഡ്സ് ആൻഡ് ലേബലിംഗ് പരിപാടിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

4. എനർജി കൺസർവേഷൻ ആക്ട് 2001 പ്രകാരം സ്റ്റേറ്റ് ഡസിഗ്നേറ്റഡ് ഏജൻസികൾക്ക് ഇൻസ്പെക്ടറിംഗ് ഓഫീസേഴ്സിനെ നിയമിക്കാൻ അധികാരമുള്ളതാണ്. ഇതുപ്രകാരം നിയുക്ത വ്യവസായശാലകളിലും വൈദ്യുത ഉപകരണങ്ങളുടെ ഊർജ്ജകാര്യക്ഷമതയുമായി ബന്ധപ്പെട്ട് സ്റ്റാർ ലേബലിംഗിന്റെ പരിശോധന നടത്തുവാൻ ഇ.എം.സി. ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

5. ഫിലമെന്റ് രഹിത കേരളം പദ്ധതി വഴി കേരളത്തെ ഫിലമെന്റ് രഹിത സംസ്ഥാനമാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. സാധാരണ ഫിലമെന്റ് ബൾബുകൾക്കും സി.എഫ്.എൽ.-കൾക്കും പകരം ഊർജ്ജക്ഷമത കൂടിയതും കൂടുതൽ പ്രകാശം നൽകുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

6. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതിപ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

7. കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 45 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

8. ചെറുകിട വ്യവസായ മേഖലയിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു.

9. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയത്. വർഷം മുഴുവനുമുള്ള ഊർജ്ജ സംരക്ഷണവും കാര്യക്ഷമമായ ഊർജ്ജ വിനിയോഗവും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ഗവേഷണം എന്നിവ പ്രാവർത്തികമാക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വ്യവസായങ്ങൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയ്ക്ക് അംഗീകാരം നൽകുന്നു.

10. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ തെരുവ് വിളക്കുകളെ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയതും ദീർഘനാൾ പ്രവർത്തിക്കുന്നതുമായ എൽ.ഇ.ഡി. അധിഷ്ഠിത തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി, സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം (എസ്.എൽ.എൻ.പി.) എന്ന പേരിൽ ഇന്ത്യയിൽ വ്യാപകമായി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലും എൽ.ഇ.ഡി. തെരുവു വിളക്കുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. പ്രളയം ബാധിച്ച സ്കൂളുകളിൽ 433 എൽ.ഇ.ഡി. ബൾബുകളും 385 എൽ.ഇ.ഡി. ട്യൂബുകളും 329 ഫാനുകളും നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

12. സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി 22 സ്കൂളുകളിൽ 2 KW സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്കൂളിൽ ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

13. തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ മൊത്തം 327 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി. ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും ആകെ 30049 യൂണിറ്റ് ഊർജ്ജ ലാഭമുണ്ടാക്കുകയും ചെയ്തു.

14. സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷൻ കെട്ടിടങ്ങൾ ഊർജ്ജ ഓഡിറ്റ് നടത്തുകയും അതിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, ഫൈവ് സ്റ്റാർ റേറ്റഡ് ഫാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

15. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, ഫൈവ് സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ സ്ഥാപിക്കുന്നതിന് കേരള ഊർജ്ജ സംരക്ഷണനിധിയിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

16. ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് പരിപാടിയുടെ ഭാഗമായി 14 പഞ്ചായത്തുകളെ ഊർജ്ജ കാര്യക്ഷമമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

17. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ സർക്കാരിതര സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് ഊർജ്ജ കിരൺ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

18. കേരളത്തിലെ പൊതുജന വായനശാലകളുമായി ചേർന്ന് പ്രാദേശിക തലങ്ങളിൽ വളരെ മികച്ച രീതിയിലുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

19. ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം.

20. വീട്ടമ്മമാരെ ഊർജ്ജസംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാൻ വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തിക്കൊണ്ട് എനർജി ക്ലിനിക്ക് ക്യാമ്പെയിൻ സംഘടിപ്പിച്ചുവരുന്നു.

21. സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ബോയിലറുകളുടെ ഊർജ്ജകാര്യക്ഷമത, തെരഞ്ഞെടുക്കപ്പെട്ട ഡീസൽ ജനറേറ്ററുകളുടെ ഊർജ്ജകാര്യക്ഷമത, കാർഷിക രംഗത്ത് ഉപയോഗിക്കുന്ന പമ്പ് സെറ്റുകളുടെ ഊർജ്ജകാര്യക്ഷമത എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

22. കെ.എസ്.ഇ.ബി-യുടെ കീഴിലുള്ള 25 വൈദ്യുതി വിതരണ ട്രാൻസ്ഫോമറുകളുടെ ഊർജ്ജകാര്യക്ഷമത സംബന്ധിച്ച് പഠനം നടത്തി ഇതിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ 10 ട്രാൻസ്ഫോമറുകൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ 5/4 സ്റ്റാർ റേറ്റിംഗുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായമായ ആദ്യഗഡു (25 ലക്ഷം) കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്.

23. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ഇടുക്കി ജില്ലയിലെ രാജകുമാരി, രാജക്കാട്, അടിമാലി എന്നീ ഇലക്ട്രിക് സെക്ഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ നവീകരണവും തിരൂർ ഇലക്ട്രിക് സർക്കിളിന്റെ കീഴിലുള്ള 20 ട്രാൻസ്ഫോർമറുകളുടെ നവീകരണവും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 60 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും കണ്ണൂർ, ആലപ്പുഴ എന്നീ ഇലക്ട്രിക് സർക്കിളുകളുടെ കീഴിൽ 20 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ വീതവും നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ തിരൂർ ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തിരൂർ മാർക്കറ്റ് റോഡിലും പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് എച്ച്.വി.ഡി.എസ്. മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തലും ഊർജ്ജ സംരക്ഷണ പദ്ധതിയും പൂർത്തീകരിച്ചു. പാലക്കാട് സുൽത്താൻപേട്ടയിലും HVDS പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു. കൂടാതെ സബ്സ്റ്റേഷനുകളുടെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220KV സബ്സ്റ്റേഷന്റെ ജോലികൾ പൂർത്തീകരിച്ചു.

24. സംസ്ഥാനത്തെ 16 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും നിലവിലുള്ള തെരുവു വിളക്കുകളെ മാറ്റി ഊർജ്ജകാര്യക്ഷമതയുള്ള എൽ.ഇ.ഡി. തെരുവു വിളക്കുകളാക്കാനുള്ള പഠനം നടത്തിയിട്ടുണ്ട്.

25. കശുവണ്ടി ഫാക്ടറികളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 2 ഫാക്ടറികളടക്കം CAPEX-ന്റെ 3 ഫാക്ടറികളും ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കെട്ടിട മേഖലയിലെ ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഊർജ്ജ സംരക്ഷണ നിയമം-2001 (ഇ.സി. ആക്റ്റ്, 2001)-ലെ സെക്ഷൻ 14(പി) പ്രകാരം കേന്ദ്ര സർക്കാർ എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ഇ.സി.ബി.സി.) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ കേരള സംസ്ഥാന എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധിതമാക്കിയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന 120 KVA-യും അതിൽ കൂടുതൽ കോൺട്രാക്ട് ഡിമാൻഡ് അല്ലെങ്കിൽ 100 KW-യും അതിൽ കൂടുതൽ കണക്ട് ലോഡ് ഉള്ളതും 500 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ വിസ്തൃതിയുള്ളതുമായ വാണിജ്യ കെട്ടിടങ്ങൾക്ക് (ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) ഇത് ബാധകമാണ്.

(ഡി) ഊർജ്ജത്തിന്റെ ദുരുപയോഗം കണ്ടെത്തുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി ചിട്ടയായ ഒരു വിലയിരുത്തലാണ് ഊർജ്ജ ഓഡിറ്റ്. ഊർജ്ജോത്പാദനത്തിനും ഫലപ്രദമായ ഉപയോഗത്തിനും ആവശ്യമായ സുപ്രധാന ഘടകങ്ങളെ കൃത്യമായി ക്രമീകരിക്കാൻ ഊർജ്ജ ഓഡിറ്റ് വഴി സാധിക്കുന്നു.

കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമപ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട ഊർജ്ജ ഉപഭോക്താക്കളുടെ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT&EHT കൺസ്യൂമേഴ്സ്) ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയുക്ത ഉപഭോക്താക്കളൊഴികെ എല്ലാ വൻകിട വൈദ്യുത ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് 45 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി ഇ.എം.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നിയുക്ത ഉപഭോക്താക്കൾ ഒഴികെയുള്ള മറ്റെല്ലാ കേന്ദ്ര, സംസ്ഥാന സഹകരണ സ്ഥാപനങ്ങൾ/പൊതുമേഖല സ്ഥാപനങ്ങൾ/സർക്കാർ കെട്ടിടങ്ങൾ എന്നിവയ്ക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ഊർജ്ജ ഓഡിറ്റ് സബ്സിഡി നൽകിവരുന്നു. പരമാവധി 50% അല്ലെങ്കിൽ 50,000 രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്.

ചെറുകിട ഊർജ്ജ ഉപഭോക്താക്കളിൽ (LT കൺസ്യൂമേഴ്സ്) ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്നതാണ് ചെറുകിട ഊർജ്ജ ഉപഭോക്താക്കൾക്കു വേണ്ടിയുള്ള പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി. ഈ വിഭാഗത്തിൽ കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായമുള്ള സ്ഥാപനങ്ങൾ, ബി.എസ്.എൻ.എൽ. ടെലിഫോൺ എക്സ്ചേഞ്ചുകൾ/കെട്ടിടങ്ങൾ, സഹകരണ മേഖല, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവ ഉൾപ്പെടാം. ഈ പദ്ധതി സൗജന്യമാണ്.

## കിഫ്ബി പദ്ധതികളുടെ ഓഡിറ്റ്

21(*501) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് ലഭ്യമായ മുഴുവൻ പദ്ധതികളും സി.ആൻഡ്എ.ജി.-യുടെ 14(1) പ്രകാരമുള്ള ഓഡിറ്റിന് വിധേയമാക്കാൻ സാധിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) സി.എ.ജി. നിയമത്തിലെ 14 (1) വകുപ്പ് പ്രകാരമുള്ള ഓഡിറ്റ് പ്രസ്തുത കമ്പനിയുടെ നിയമത്തിന് അനുസൃതമായിരിക്കണമെന്ന് (subject to the provisions of any law for the time being) വ്യക്തമാക്കിയിട്ടുണ്ടോ;

(സി) സർക്കാരിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റും മറ്റു തുകകളും ഒരു സർക്കാർ സ്ഥാപനം തങ്ങളുടെ എഴുപത്തിയഞ്ച് ശതമാനം ചെലവിനായി വിനിയോഗിക്കുന്നുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾ സി.എ.ജി. നിയമത്തിലെ 14 (1) വകുപ്പ് പ്രകാരം സി.ആൻഡ്എ.ജി. ഓഡിറ്റിന് വിധേയമായിരിക്കണം എന്ന് സി.എ.ജി. നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത വ്യവസ്ഥ പ്രകാരം എത്ര വർഷത്തിനുള്ളിൽ കിഫ്ബിയിൽ സി.എ.ജി.നിയമത്തിലെ 14 (1) വകുപ്പ് പ്രകാരമുള്ള ഓഡിറ്റ് നടത്താനുള്ള അധികാരം സി.ആൻഡ്എ.ജി.- ക്ക് ഇല്ലാതാകും എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) CAG-DPC Act, 1971 (സി ആൻഡ് എജിയുടെ കടമകളും അധികാരങ്ങളും സേവനങ്ങളുടെ വ്യവസ്ഥകളും സംബന്ധിക്കുന്ന ആക്ട്)ലെ സെക്ഷൻ 14(1) പ്രകാരം കിഫ്ബി നിലവിൽ സി ആൻഡ് എജി ഓഡിറ്റിന് വിധേയമാണ്. ഇതിൻപ്രകാരം ഓഡിറ്റ് നടത്താവുന്നതാണെന്ന് സി ആൻഡ് എ.ജി.യെ അറിയിക്കുകയും അതിൻപ്രകാരം ഓഡിറ്റ് നടക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകളുടെ രേഖകൾ ഉൾപ്പെടെ പദ്ധതികളെ സംബന്ധിച്ച് കിഫ്ബിക്ക് ലഭ്യമായ എല്ലാ രേഖകളും പരിശോധിക്കുവാനുള്ള സൗകര്യങ്ങൾ ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട എല്ലാ രേഖകളും ഇത് സംബന്ധിച്ചുന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയും യഥാസമയം അവർക്ക് നൽകിയിട്ടുണ്ട്.

കിഫ്ബിയും ഭരണവകുപ്പും പദ്ധതി നിർവ്വഹണ ഏജൻസികളും (SPVs) തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം പദ്ധതിയുടെ പൂർണ്ണ ഉടമസ്ഥാവകാശം ഭരണവകുപ്പിനും അതിന്റെ നിർമ്മാണ ചുമതല ഭരണവകുപ്പ് നിയമിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾക്കുമാണ്.

(ബി) DPC Act സെക്ഷൻ 14(1) താഴെപ്പറയും പ്രകാരമാണ്:

" 14(1) Where any body or authority is substantially financed by grants or loans from the Consolidated Fund of India or of any State or of any Union territory having a Legislative Assembly, the Comptroller and Auditor General SHALL subject to the provisions of any law for the time being in force applicable to the body or authority, as the case may be, audit ALL receipts and expenditure of that body or authority and to report on the receipts and expenditure audited by him."

ഇതിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം കിഫ്ബി പോലെയുള്ള ഒരു സംവിധാനത്തിന് ലഭിക്കുന്ന സർക്കാർ ഗ്രാന്റുകളും സർക്കാരിതര ഫണ്ടുകളും ഉൾപ്പെടെ എന്തും സമഗ്രമായ ഓഡിറ്റിന് വിധേയമാണ്. ആക്ട് പ്രകാരം സർക്കാർ നിശ്ചയിച്ച ഒരു സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നിലവിൽ കിഫ്ബിയിൽ നടന്നുവരുന്നുണ്ട്. എന്നാൽ കിഫ്ബി ആക്ടിൽ എവിടെയും സി&എജി ഓഡിറ്റിനുള്ള അനുവാദം നിഷേധിക്കുന്നില്ല. ഇന്ത്യൻ ഭരണഘടന പ്രകാരം പരമോന്നത ഓഡിറ്റിങ് സ്ഥാപനം എന്ന നിലയിൽ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെക്ഷൻ 14 പ്രകാരം സി&എജിക്കുണ്ട്. കിഫ്ബിയിൽ ആക്ട് പ്രകാരം നിലനിൽക്കുന്ന ഓഡിറ്റിന് സമാന്തരമായി സി&എജിയുടെ ഓഡിറ്റ് സഹവർത്തിക്കാവുന്നതാണ്.

(സി) സർക്കാരിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റും മറ്റു തുകകളും ഒരു സർക്കാർ സ്ഥാപനം തങ്ങളുടെ എഴുപത്തിയഞ്ച് ശതമാനം ചെലവിനായി വിനിയോഗിക്കുന്നുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾ സി.എ.ജി. നിയമത്തിലെ 14 (1) വകുപ്പ് പ്രകാരം സി.ആൻഡ് എ.ജി. ഓഡിറ്റിന് വിധേയമായിരിക്കണമെന്ന് സി.എ.ജി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കിഫ്ബി ഈ ഗണത്തിൽപ്പെടുന്ന ഒരു സ്ഥാപനമാണ് എന്നുള്ളതിനാൽ സി& എജിയുടെ സമ്പൂർണ്ണ ഓഡിറ്റിന്റെ പരിധിയിലാണ്.

(ഡി) കിഫ്ബി സി.&എ.ജി.യുടെ ഓഡിറ്റിന്റെ പരിധിയിൽനിന്ന് പുറത്ത് പോകുന്ന ഒരു സാഹചര്യം നിലവിലില്ല. ഡിപിസി ആക്ടിലെ 14(1) ലെ വ്യവസ്ഥകളിൽനിന്ന് കിഫ്ബി ഏതെങ്കിലും ഒരു സാഹചര്യത്തിൽ ഒഴിവാക്കപ്പെട്ടാലും അതേ ആക്ടിലെ സെക്ഷൻ 14(2) പ്രകാരം കിഫ്ബിയിൽ സി.&എ.ജി.യുടെ സമ്പൂർണ്ണ ഓഡിറ്റിന് സർക്കാരിന് അനുവാദം നൽകാവുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷനുള്ള മറുപടി പ്രസംഗത്തിൽ ഈ വസ്തുത ബഹുമാനപ്പെട്ട നിയമസഭയെ ഇതിനോടകംതന്നെ അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് സി.&എ.ജി.-ക്ക് നൽകുന്നുണ്ട്.

## എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ

22(*502) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിച്ചു വരുന്ന നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലെ അസന്തുലിതാവസ്ഥ ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽനിന്നും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്ന അവസ്ഥയിലേക്ക് സംസ്ഥാനത്തിന് എത്താനാകുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വരുമാനവും വിഭവ സമാഹരണ ശേഷിയും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ച് സംസ്ഥാന സർക്കാരിന്മേലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന് ഏതൊക്കെ തരത്തിലാണ് പ്രതിബന്ധമാകുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും ആവർത്തിച്ചുള്ള പ്രളയവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്രമാത്രം പിന്നോട്ടടിച്ചുവെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിനും വിഭവ സമാഹരണത്തിനും ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
6. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്.

7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുകയെന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

   i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തി വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ച് പിടിക്കാൻ കഴിയും.

   ii. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

   iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൽ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

   iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

(ഡി) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ച് കേന്ദ്ര സർക്കാരിന് ബാധകമായിട്ടുള്ളതും സംസ്ഥാന സർക്കാരുകൾക്ക് ബാധകമായിട്ടുള്ളതുമായ ധനലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടാണ് അതാത് സർക്കാരുകൾ എഫ്.ആർ.ബി.എം. ആക്ട് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് ഭേദഗതി ചെയ്യുകയും ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇപ്രകാരം സംസ്ഥാനത്തിന്റെ ധനകമ്മി 3 ശതമാനമായി നിലനിറുത്തേണ്ടതുണ്ട്. ഇതനുസരിച്ച്, കേന്ദ്ര സർക്കാർ അനുവദിച്ച് നൽകുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ട് മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ.

കൂടാതെ, 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യുന്ന തരത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

നോട്ട് നിരോധനത്തെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക അനിശ്ചിതാവസ്ഥയും ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ കുത്തനെയുള്ള ഇടിവിന്റേയും പ്രളയം മൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക ആഘാതത്തിന്റെയും പശ്ചാതലത്തിൽ വികസന പ്രവർത്തനങ്ങൾക്കും പ്രളയാനന്തര പുനർനിർമ്മാണത്തിനും ആവശ്യമായ വിഭവ സമാഹരണത്തിന് നിലവിലെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ, ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടി ആകുന്നു.

(എഫ്) കേന്ദ്രസർക്കാർ കൈക്കൊണ്ടവികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത്

ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്. ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃതവായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാതലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാതലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്.

## പ്രവാസി നിക്ഷേപത്തിലൂടെ സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കാൻ നടപടി

23(*503) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകളിലുള്ള ഒന്നരലക്ഷം കോടിയിലധികം വരുന്ന പ്രവാസി സമ്പാദ്യം നിക്ഷേപമാക്കിത്തീർത്ത് സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കാൻ പരിപാടിയുണ്ടോ;

(ബി) ബാങ്കുകളുടെ ഏകീകരണം സംസ്ഥാനത്ത് പൊതുവേ കുറവായിട്ടുള്ള നിക്ഷേപാനുപാതം കൂടുതൽ പ്രതികൂലമാക്കാനിടയുണ്ടോ; ഈ സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ.-യെ ആധുനികീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്ത്, അതുവഴി പ്രവാസി നിക്ഷേപം ആകർഷിച്ച്, കിഫ്ബി മുഖേന പൊതുനിക്ഷേപം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രവാസി ചിട്ടി വിപുലപ്പെടുത്തി കേവലമൊരു ചിട്ടി കമ്പനിയെന്ന സ്ഥിതിമാറ്റാൻ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിച്ച് വ്യവസായ രംഗത്ത് ഉത്തേജനം സാധ്യമാക്കുന്നതിനായി നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ശ്രീ. ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ ബാങ്കുകളിലെ നിക്ഷേപങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായാണ് സൂക്ഷിക്കുന്നത്. ഇത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്നില്ല.

(ബി) സംസ്ഥാനത്തെ ബാങ്കുകളിലുള്ള മൊത്തം നിക്ഷേപവും വായ്പയും അടിസ്ഥാനപ്പെടുത്തിയാണ് നിക്ഷേപാനുപാതം കണക്കാക്കുന്നത്.

കെ.എസ്.എഫ്.ഇ.-യെ കേവലമൊരു ചിട്ടി കമ്പനിയായല്ല കാണുന്നത്. ചിട്ടിക്ക് പുറമെ ഇപ്പോൾ തന്നെ വിവിധ തരം വായ്പാ പദ്ധതികളും നിക്ഷേപ പദ്ധതികളും കെ.എസ്.എഫ്.ഇ.-യ്ക്കുണ്ട്. പ്രവാസി ചിട്ടി നടപ്പിലാക്കുകവഴി പ്രവാസി കേരളീയർക്ക് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ പങ്കാളിയാകുന്നതിനുള്ള സുവർണാവസരം ലഭ്യമാക്കുന്നു. അതോടൊപ്പം ഏറ്റവും മികച്ച ഒരു സമ്പാദ്യമാർഗ്ഗം സാങ്കേതികവിദ്യയുടെ പിൻബലത്തോടുകൂടി അനുഭവവേദ്യമാകുന്നു. ചിട്ടിയിൽ നിക്ഷേപിക്കുന്ന പണം കിഫ്ബി ബോണ്ടുകളായാണ് മാറ്റപ്പെടുന്നതെന്നതിനാൽ അത് എപ്പോൾ വേണമെങ്കിലും തിരിച്ചെടുക്കാവുന്നതുമാണ്. പൂർണ്ണമായും കേന്ദ്ര ചിട്ടി നിയമത്തിന് കീഴിൽ നടക്കുന്നത് കൊണ്ട് നിയമ പരിരക്ഷയും ഇതിനുണ്ട്. നിലവിൽ സാങ്കേതികവിദ്യ ഉപയോഗിച്ചതിലൂടെ കെ.എസ്.എഫ്.ഇ-യുടെ സമൂലമായ പരിവർത്തനമാണ് ലക്ഷ്യമിടുന്നത്. കെ.എസ്.എഫ്.ഇ-യുടെ മൊത്തം ബിസിനസ്സ് ഇതുമൂലം വർദ്ധിക്കും. കേരളീയരുടെ ഏതു സാമ്പത്തിക ആവശ്യത്തിനും ആശ്രയിക്കാവുന്ന ഒരു അത്താണി ആയി കെ.എസ്.എഫ്.ഇ-യെ മാറ്റുകയെന്ന ഉദ്ദേശലക്ഷ്യവും ഇതോടൊപ്പമുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉത്തേജനം നൽകുന്നതിനായി കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാ നയത്തിൽ കാതലായ മാറ്റങ്ങൾ നടപ്പിലാക്കി. 14.5 ശതമാനം എന്ന പി.എൽ.ആർ. പലിശ സംവിധാനത്തിൽ നിന്നും 9.5 ശതമാനമെന്ന ബേസ് റേറ്റ് സംവിധാനത്തിലേയ്ക്ക് മാറിയതോടെ സംസ്ഥാനത്തെ സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ കഴിഞ്ഞു. 2018-19 സാമ്പത്തിക വർഷം വായ്പാ അനുമതിയിൽ മുൻ വർഷത്തേക്കാളും 127 ശതമാനം വർദ്ധന രേഖപ്പെടുത്തി. സ്റ്റാർട്ട് അപ്പുകൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു. പ്രളയാനന്തര പുനർ നിർമ്മാണത്തിന്റെ ഭാഗമായി സർക്കാർ കരാറുകാർക്കായി വിവിധ പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കി. കയർ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനായി ചകിരി മില്ലുകൾക്ക് ലളിത വ്യവസ്ഥകളിൽ വായ്പ നൽകുന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. 2019-20 സാമ്പത്തിക വർഷം 1500 കോടി രൂപയുടെ വായ്പാ അനുമതിയാണ് ലക്ഷ്യമിടുന്നത്.

## കൈത്തറി, ഖാദി മേഖലകളുടെ വികസനം

24(*504) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കടുത്ത പ്രതിസന്ധി നേരിട്ടിരുന്ന കൈത്തറി-ഖാദി മേഖലകളിൽ തയ്യാറുള്ളവർക്കെല്ലാം ഏറ്റവും കുറഞ്ഞത് ഇരുന്നൂറ് ദിവസത്തെ തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടപ്പാക്കിയ സ്കൂൾ കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങൾ അറിയിക്കാമോ;

(ബി) കൈത്തറി തൊഴിലാളികളുടെയും ഖാദി തൊഴിലാളികളുടെയും മിനിമം വേതനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) മുൻ കാലങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മിൽ തുണി കൊണ്ടുവന്ന് റിബേറ്റ് കൈക്കലാക്കി യഥാർത്ഥ നെയ്ത്തുകാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുത്തിരുന്ന സ്ഥിതി അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) കൈത്തറി കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായമായ കൈത്തറിമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുക്കാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽദിനങ്ങളും ലഭിക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ അയ്യായിരത്തിലധികം നെയ്ത്തു തൊഴിലാളികളും ആയിരത്തിലധികം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ നെയ്ത്തുജോലി പഠിച്ച് 1026 പേർ

പുതുതായി യൂണിഫോം പദ്ധതിയിൽ ചേർന്ന പ്രവർത്തിക്കുകയും വർഷങ്ങളായി നെയ്ത്ത ജോലിയിൽ നിന്ന് വിട്ടുനിന്ന ആയിരത്തിമുന്നൂറോളം പേർ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇപ്പോൾ ജോലി നോക്കുകയും ചെയ്തുവരുന്നു. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം തൊഴിലാളികൾക്ക് ഒരു സ്ഥിര വരുമാനവും ഇരുന്നൂറിൽ കൂടുതൽ തൊഴിൽ ദിനങ്ങളും ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്കും സംഘങ്ങൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം നെയ്ത്ത് തൊഴിലാളികൾക്കിടയിലും സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും അദ്ധ്യാപക-രക്ഷാകർത്താക്കൾക്കിടയിലും ഉണ്ടായ സ്വാധീനത്തെക്കുറിച്ച് NIFT (National Institute of Fashion Technology) നടത്തിയ പഠന റിപ്പോർട്ടിൽ തുണിയുടെ ഗുണമേന്മയും നെയ്ത്ത് തൊഴിലാളികൾക്കുള്ള കൂലി വർദ്ധനവിലും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിലും ജീവിത സാഹചര്യങ്ങളിലും ഗണ്യമായ മാറ്റമുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയശേഷം കൈത്തറി മേഖലയ്ക്കും നെയ്ത്ത് തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽനിന്നും 18.46 ലക്ഷം കിലോ നൂൽ ഉല്പാദിപ്പിച്ച് ഈ പദ്ധതിക്ക് വേണ്ടി നൽകാനും കഴിഞ്ഞിട്ടുണ്ട്. ഖാദിമേഖല പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി മേഖലയിലെയും ഖാദി മേഖലയിലെയും തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ നിശ്ചയിച്ച മിനിമം വേതനം നടപ്പിൽ വരുത്തുന്നതിന് 27-5-2019-ൽ ചേർന്ന സംസ്ഥാന കൈത്തറി ഉപദേശക സമിതിയിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2018-ലെ മിനിമം വേതനം പല സംഘങ്ങളും നടപ്പിലാക്കി കഴിഞ്ഞു. കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കിയ മിനിമം കൂലി സ്കൂൾ യൂണിഫോം പദ്ധതിയിൽ കൂടി ഉൾപ്പെടുത്തുന്നതാണ്.

ഖാദി മേഖലയിൽ പരിഷ്കരിച്ച വേതനമാണ് 1-8-2019 മുതൽ തൊഴിലാളികൾക്ക് നൽകി വരുന്നത്.

(സി) കഴിഞ്ഞിട്ടുണ്ട്. അന്യ സംസ്ഥാന കൈത്തറി ഉല്പന്നങ്ങൾക്ക് റിബേറ്റ് നല്കുന്നത് അവസാനിപ്പിച്ചുകൊണ്ട് 23-3-2016-ൽ സ.ഉ.(സാധാ) നമ്പർ 310/2016/ വ്യവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി* ചേർക്കുന്നു. ഖാദിമേഖലയിലും കേരളത്തിൽ 2018 ഡിസംബർ മുതൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഖാദിവസ്ത്രങ്ങളുടെ വില്പനയ്ക്ക് മാത്രമായി സംസ്ഥാന റിബേറ്റ് പരിമിതപ്പെടുത്തിയിട്ടുണ്ട്.

ഖാദി വസ്ത്ര വ്യവസായ മേഖലയിൽ മിൽ തുണി കൊണ്ടുവന്ന് റിബേറ്റ് കൈക്കലാക്കി നെയ്ത്തുകാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൈത്തറി വസ്ത്രങ്ങൾ ബ്രാന്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ബ്രാന്റിംഗ് ലഭ്യമാകുന്നതോടുകൂടി കൈത്തറി വസ്ത്രങ്ങൾക്ക് വലിയ തോതിലുള്ള വിദേശവിപണി കണ്ടെത്താൻ കഴിയും. കയറ്റുമതി ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് export grant നല്കി വരുന്നുണ്ട്. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (IITF)പോലുള്ള അന്താരാഷ്ട്ര പ്രദർശന വിപണന മേഖലകളിൽ പങ്കെടുക്കുന്നതിലൂടെ കൈത്തറി വസ്ത്രങ്ങൾക്ക് വിദേശവിപണി നേടിയെടുക്കുവാൻ കഴിയുന്നുണ്ട്.

**സംസ്ഥാനത്തിന്റെ നികുതി വരുമാനം**

25(*505) <u>ശ്രീ. ഇ. കെ. വിജയൻ</u> :

<u>ശ്രീ. കെ. രാജൻ</u> :

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കി രണ്ട് വർഷത്തിന് ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനം പ്രതീക്ഷിത തലത്തിലേക്ക് ഉയരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി വിഹിതം യഥാസമയം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിന് ശേഷം സംസ്ഥാനത്തെ ചരക്കുനീക്കത്തിന്റെ പരിശോധന ഏതൊക്കെ രീതിയിലാണ് നടക്കുന്നതെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ചരക്കുകൾ ലഭ്യമായതിനു ശേഷം ഇ-വേ ബില്ലുകൾ റദ്ദാക്കുന്നതിനുള്ള സാധ്യത നികുതി വരുമാനത്തെ ബാധിക്കുമെന്നതിനാൽ അത് തടയുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോ;

(ഇ) ചരക്ക് നീക്കം നടത്തുന്നതിലെ നികുതി വെട്ടിപ്പ് മറ്റെന്തൊക്കെ രീതിയിലാണ് നടക്കുന്നതെന്നും ആയത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികളും വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരുമാനവും ലഭിച്ച നികുതി വരുമാനവും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം | ലഭിച്ച വരുമാനം | ശതമാനം |
|---|---|---|---|
| 2017-18 | 38945.26 | 38403.69 | 99 |
| 2018-19 | 41907.97 | 43707.51 | 104 |
| 2019-20 | 52959.79(BE) | 24416.84 (31-10-2019 വരെ) | |

(ബി) സംസ്ഥാനത്തിന് ലഭിച്ച ഐ.ജി.എസ്.ടി. വിഹിതവും അഡ്ഹോക് സെറ്റിൽമെന്റിന്റെ വിവരവും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | ലഭിച്ച ഐ.ജി.എസ്.ടി. വിഹിതം | അഡ്ഹോക്ക് സെറ്റിൽമെന്റ് |
|---|---|---|
| 2017-18 | 6065 (ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെ) | 736(ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെ) |
| 2018-19 | 10114.95 | 2734.37 |
| 2019-20 (31-10-2019 വരെ) | 5935.51 | 567.59 |

(സി) ജി.എസ്.ടി. നടപ്പാക്കിയപ്പോൾ അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി. തന്മൂലമുണ്ടായ നികുതി ചോർച്ച തടയുന്നതിലേയ്ക്കായി പ്രധാന അതിർത്തി റോഡുകൾ കേന്ദ്രീകരിച്ച് ഇന്റലിജൻസ് സർവൈലൻസ് സ്ക്വാഡുകളെ വിന്യസിപ്പിച്ചു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങൾ പരിശോധനാ വിധേയമാക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ വിന്യസിച്ചു.

സംസ്ഥാനത്തിനകത്തേയ്ക്ക് കടന്നുവരുന്ന അന്തർ സംസ്ഥാന ചരക്ക് വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. 2018-19 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 7575877 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ 1853640 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്കു നീക്കം സംബന്ധിച്ചുള്ളതാണ്. എന്നാൽ 2019-20-ലെ ഇതേ കാലയളവിൽ 9335852 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ 1906046 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്ക് നീക്കം സംബന്ധിച്ചുള്ളതാണ്. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നുണ്ട്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

(ഡി) ചരക്കുകൾ ലഭ്യമായതിന് ശേഷം ഇ-വേ ബില്ലുകൾ റദ്ദാക്കുന്നതിനുള്ള സാദ്ധ്യത നികുതി വരുമാനത്തെ ബാധിക്കുമെന്നതിനാൽ അത് തടയുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളെ പ്രധാന അതിർത്തി റോഡുകൾ കേന്ദ്രീകരിച്ച് വിന്യസിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾ പരിശോധനാ വിധേയമാക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെയും വിന്യസിച്ചിട്ടുണ്ട്. ക്രമാതീതമായി ഇ-വേ ബിൽ റദ്ദാക്കുന്ന വ്യാപാരികളുടെ സ്ഥാപനങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധനാ വിധേയമാക്കി നിജസ്ഥിതി ഉറപ്പുവരുത്തുന്നു. ഈ വർഷം ഒക്ടോബർ മാസം വരെ 9335,852 e-way ബില്ലുകൾ ജനറേറ്റ് ചെയ്തതിൽ 2,53,945 e-way bill-കളാണ് റദ്ദാക്കിയിട്ടുള്ളത്. ഈ വേ ബിൽ എടുത്തതിലെ തെറ്റുകൾ കാരണം റദ്ദാക്കി വീണ്ടും പുതിയ e-way bill എടുക്കുന്നതും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്.

(ഇ) ചരക്ക് നീക്കത്തിലെ നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകൾ സ്കൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി

അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

3. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

4. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. നികുതി ചോർച്ച, നികുതി വെട്ടിപ്പ്, അനർഹമായ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എന്നിവ കൂടുതൽ ശാസ്ത്രീയമായി കണ്ടെത്തി നികുതി നടപടികൾ കൂടുതൽ ലക്ഷ്യബോധത്തോടെ നിർവ്വഹിക്കുവാൻ ഉതകുന്നതിലേയ്ക്കായി വകുപ്പ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (IIITMK) യുമായി ഡാറ്റാ അനലറ്റിക്സ് ധാരണാ പത്രത്തിൽ ഒപ്പിട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ**

26(*506) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക-സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുകയും സാധാരണക്കാർക്ക് കൈത്താങ്ങായി മാറുകയും ചെയ്ത

സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) സഹകരണ വായ്പാ മേഖലയുടെ പ്രധാന വിഭവ സ്രോതസ്സായ നിക്ഷേപ സമാഹരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) സഹകരണ മേഖല നടത്തിവരുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ജനങ്ങളെ ബ്ലേഡ് പലിശക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനായി ആവിഷ്കരിച്ച മുറ്റത്തെ മുല്ല പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോയെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ)

- സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളും നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരണമെന്ന സർക്കാർ തീരുമാനത്തിന് RBI അംഗീകാരം ലഭിച്ചിട്ടുള്ളതും നടപടികൾ അവസാനഘട്ടത്തിലുമാണ്. കേരളത്തിന്റെ സ്വന്തം ബാങ്കായി കേരള ബാങ്ക് നിലവിൽ വരുന്നതോടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പാ രംഗത്ത് സമൂല മാറ്റം വരുന്നതാണ്.

- സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിപ്പിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് 'മുറ്റത്തെമുല്ല' എന്ന ഗ്രാമീണ ലഘുവായ്പാ പദ്ധതി ആവിഷ്കരിച്ച് സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിവരുന്നു.

- സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണവകുപ്പ് CARe (Co-operative Alliance to Rebuild Kerala) എന്ന പദ്ധതി ആവിഷ്കരിച്ച നടപ്പാക്കി വരുന്നു. കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരളപദ്ധതി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ച നൽകുന്നതിനുള്ള ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2152 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. സംസ്ഥാന സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.
- കെയർഹോം പദ്ധതിപ്രകാരം 2019 ഒക്ടോബർ 16 വരെ സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.
- സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.
- അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യപദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.
- സഹകരണ മേഖലയിൽ PAPCOS എന്ന ബ്രാന്റിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.
- സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ സംഘാടനത്തോടെ 'കൃതി അന്താരാഷ്ട്ര പുസ്തക മേള' 2018, 2019 വർഷങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി.
- സഹകരണ നയം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കി.
- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സംഘങ്ങളുടെ/സ്ഥാപനങ്ങളുടെ വികസനത്തിനായി 2016-17, 2017-18, 2018-19, 2019-20 (5-11-2019 വരെ) ആകെ 597.5170 കോടി രൂപ സംസ്ഥാന പദ്ധതി വഴിയും 246.4518 കോടി രൂപ എൻ.സി.ഡി.സി. പദ്ധതി വഴിയും അനുവദിച്ച് നൽകിയിട്ടുണ്ട്.

- സഹകരണ വകുപ്പിനായി നിലവിലുള്ള തുടർ പദ്ധതികൾക്ക് ഉപരിയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്കരണ ധനസഹായ പദ്ധതിയും വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- സംസ്ഥാനത്തെ വിവിധ മേഖലകളിൽ പ്രത്യേകിച്ച് ടൂറിസം മേഖലയിൽ തെരഞ്ഞെടുക്കപെടുന്ന സഹകരണ സംഘങ്ങൾ മുഖേന മാലിന്യ സംസ്കരണം നടത്തുന്നതിനായിട്ടുള്ള പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

- കാർഷിക വായ്പയും കാർഷിക ഉത്പാദനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സംയുക്ത പങ്കാളിത്തത്തോടുകൂടിയ ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

- സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'പുനർജ്ജനി' എന്ന നൂതന പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

- കൂടാതെ യുവജനങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്ന തിലേക്കായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- കൺസ്യൂമർഫെഡിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി.

- ഒരു ജില്ലയിലെ സഹകരണ മേഖലയുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന സംയോജിത സഹകരണ വികസന പദ്ധതി തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു. ഇടുക്കി ജില്ലയിൽ നടപ്പിലാക്കിവരുന്ന രണ്ടാംഘട്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന തങ്കമണി തേയില ഫാക്ടറി ഐ.സി.ഡി.പി. ധനസഹായത്തോടെ പ്രവർത്തനം ആരംഭിച്ചു.

- സഹകരണ ഗവേഷണ മേഖല ശക്തിപ്പെടുത്തുന്നതിനും സഹകരണ പരിശീലനം വിപുലപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് സ്വയംഭരണ സ്ഥാപനമാക്കിയ അഗ്രികൾച്ചറൽ സഹകരണ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ)-ന്റെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള നടപടി സ്വീകരിച്ചു.
- അന്താരാഷ്ട്ര സഹകരണ സഖ്യം വിഭാവനം ചെയ്ത നൂതന ആശയമായ പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റീവ്സ് കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായുള്ള നിർദ്ദേശം പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചു.

(ബി) സഹകരണ വായ്പാ മേഖലയുടെ പ്രധാന വിഭവ സ്രോതസ്സായ നിക്ഷേപ സമാഹരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37-ാമത് (2016 ഡിസംബർ - ജനുവരി 2017) (2018 ജനുവരി - 2018 മാർച്ച് 31) 38-ാമത് നിക്ഷേപ സമാഹരണ യജ്ഞങ്ങൾ യജ്ഞം നടത്തിയത് കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധന പ്രഖ്യാപന സമയത്തായതിനാൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നിക്ഷേപത്തിൽ പുരോഗതിയുണ്ടാക്കാൻ സാധിച്ചിട്ടില്ല. 38-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്ക് 13786.86 കോടിരൂപയുടെ നിക്ഷേപ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 39-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് 7255 കോടി രൂപയുടെ നിക്ഷേപ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ചു.

സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ശേഷം മരണപ്പെടുകയോ മാരക രോഗം പിടിപെടുകയോ ചെയ്ത് വായ്പ തിരിച്ചടയ്ക്കുവാൻ കഴിയാത്ത വായ്പാക്കാർക്ക് ആശ്വാസമേകി റിസ്ക് ഫണ്ട് പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കെയർഹോം പദ്ധതി പ്രകാരം 2019 ഒക്ടോബർ 16 വരെ സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ കുടിശ്ശികയുൾപ്പെടെയുള്ള തുക 2018 ഫെബ്രുവരി മാസം മുതൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് നൽകിവരുന്നു.

കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS)നടപ്പിലാക്കുന്നത്.

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാരപക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പ സഹായ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷനുകൾക്കാവശ്യമായ തുകകൾ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് സഹകരണ സംഘങ്ങൾ വഴി നേരിട്ട് ഗുണഭോക്താക്കൾക്ക് വീട്ടിലെത്തിച്ചുനൽകുന്നു.

പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുവാൻ സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും സബ്സിഡിയോടുകൂടി 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു.

വനിതാഫെഡ് വിവിധ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘങ്ങൾ വഴി വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും അതുവഴി വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശത്തോടുകൂടി വനിതാ സംഘങ്ങൾക്ക് വായ്പ നൽകിവരുന്നു.

(ഡി) ജനങ്ങളെ ബ്ലേഡ് പലിശക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനായി ആവിഷ്കരിച്ച മുറ്റത്തെമുല്ല പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുകയും ആയത് വൻ വിജമായതിനെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും ടി പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നു.

(ഇ) മുറ്റത്തെമുല്ല പദ്ധതി പ്രകാരം 10-11-2019 വരെ ഗുണഭോക്താക്കൾക്ക് 2,19,34,14,026 രൂപ (ഇരുന്നൂറ്റി പത്തൊൻപത് കോടി മുപ്പത്തിനാല് ലക്ഷത്തി പതിനാലായിരത്തി ഇരുപത്തിയാറ് രൂപ) വിതരണം ചെയ്തിട്ടുണ്ട്.

## വ്യവസായ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ

27(*507) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനം സാധ്യമാക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിന് കിഫ്ബിയിൽ നിന്ന് എത്ര തുകയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് സമീപ പ്രദേശത്ത് വ്യവസായ സമുച്ചയങ്ങളുടെ ബൃഹത് ശൃംഖല സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ അതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) പൂർത്തിയായിവരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ വിനിയോഗിച്ചുകൊണ്ട് 'ഗ്രോത്ത് കോറിഡോർ' സ്ഥാപിക്കാനുള്ള പദ്ധതിക്ക് പ്രാരംഭം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിവിധ ബൃഹത് പദ്ധതികൾക്കായി കണ്ടെത്തുന്ന ഭൂമി കുടിയൊഴിപ്പിക്കൽ ഏറ്റവും പരിമിതപ്പെടുത്തി ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളായിരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വ്യവസായ പാർക്കുകൾക്കായി 1278.63 കൊടി രൂപയുടെയും കണ്ണൂർ, പാലക്കാട് ജില്ലകളിൽ വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് 12710 കോടി രൂപയുടെയും പദ്ധതികൾക്ക് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന വ്യവസായ വകുപ്പിന് കീഴിലുള്ള പദ്ധതികളുടെ വിവരങ്ങൾ തുക ഉൾപ്പടെ ചുവടെ കാണാവുന്നതാണ്:

| Sl. No. | Project Name | KIIFB Approved Project Cost (Rs. in crore | SPV Name |
|---|---|---|---|
| 1 | Setting up of Petrochemical& Pharma Park | 977.46 | KINFRA |
| 2 | Life Sciences Park Phase II- Trivandrum | 301.17 | KSIDC |
| 3 | Development of Industrial Infrastructure - Land Acquisition in Kannur and Palakkad Districts | 12710 | KINFRA |

(ബി) കണ്ണൂർ എയർപോർട്ടിന്റെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് കീഴല്ലൂർ, പടുവിലായി, അഞ്ചരക്കണ്ടി, പനയത്താമ്പറമ്പ്, പട്ടാന്നൂർ, മൊകേരി, ചെറുവാഞ്ചേരി, പൂത്തൂർ, മട്ടന്നൂർ, പടിയൂർ, കൂടാളി, ചാവശ്ശേരി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ 4526 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൂർത്തിയായിവരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ വിനിയോഗിക്കുകയെന്ന ഉദ്ദേശത്തോടെ സർക്കാർ "ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ" എന്ന ബൃഹത് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പാരിപ്പള്ളി മുതൽ വിഴിഞ്ഞംവരെ 80 കി.മീ. നീളമുള്ള ഒരു ഇടനാഴിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ടി പദ്ധതിക്കു പുറമെ "CEPT University" മുഖാന്തിരം വിഴിഞ്ഞം തുറമുഖത്തിന്റെ സ്വാധീന പ്രദേശങ്ങളിൽ ആസൂത്രിത വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു ഏരിയ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ടി പ്ലാൻ പ്രകാരം സ്വാധീന പ്രദേശമായി കണ്ടെത്തിയ 272 സ്ക്വയർ കി.മീ. വിസ്തീർണ്ണത്തിൽ ആസൂത്രിത വികസനം നടത്തുന്നതിനായി വിവിധ സോണുകളായി തരം തിരിച്ചിട്ടുണ്ട്. ടി പദ്ധതി സർക്കാർ ടൗൺ പ്ലാനിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ 'ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി മുഖാന്തരം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) ബൃഹത് പദ്ധതികൾക്ക് ഭൂമി കണ്ടെത്തുമ്പോൾ ജി.ഒ. (എം.എസ്.)നമ്പർ 448/2017/ആർ.ഡി. തീയതി 29-12-2017 ഉത്തരവ് പ്രകാരമുള്ള പുനരധിവാസ രീതികൾ നടപ്പിലാക്കിവരുന്നു.

## വൈദ്യുതി ഉല്പാദന-വിതരണ രംഗത്തെ നവീന ഉദ്യമങ്ങൾ

28(*508) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം പുതുതായി നൽകിയ വൈദ്യുതി കണക്ഷൻ എത്രയാണ്; കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയും സൃഷ്ടിച്ച അധികോല്പാദനശേഷി എത്രയെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന ഉല്പാദന പരിമിതിയും പ്രസരണ ശേഷി ഗണ്യമായി വർദ്ധിപ്പിക്കാനായതും പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് താപവൈദ്യുതോല്പാദന പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നുണ്ടോ;

(സി) പ്രസരണരംഗം കൂടുതൽ ശാക്തീകരിക്കുന്നതിന് പുഗലൂർ നിന്ന് മാടക്കത്തറ വരെ നവീന സാങ്കേതിക വിദ്യാധിഷ്ഠിതമായ എച്ച്.വി.ഡി.സി. ലൈൻ നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം ഏർപ്പെടുത്തിയിട്ടുള്ള സ്മാർട്ട് മീറ്റർ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക രീതികളും ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങളും അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13,79,191 (പതിമൂന്ന ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി നൂറ്റി തൊണ്ണൂറ്റി ഒന്ന്) പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിനു കീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 33.75 മെഗാവാട്ടും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 12.6 മെഗാവാട്ട് ജലവൈദ്യുതിയുടെ സ്ഥാപിതശേഷിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് 25 മെഗാവാട്ടും പുരപ്പുറ സോളാർ ഉൾപ്പെടെ വിവിധ സോളാർ മാർഗ്ഗങ്ങളിൽനിന്നും 153 മെഗാവാട്ടും കാറ്റിൽ നിന്ന് 27 മെഗാവാട്ടും ഉൾപ്പെടെ ആകെ നാളിതുവരെ 205 മെഗാവാട്ട് ഉല്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ താപവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുകയും അന്വേഷണങ്ങൾ നടത്തുകയും ചെയ്തിരുന്നുവെങ്കിലും സാധ്യത വളരെ വിരളമായതിനാൽ നിലവിൽ പരിശോധിക്കുന്നില്ല.

(സി) വരുംവർഷങ്ങളിലെ അധികവൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി നിർമ്മിക്കുന്ന പുഗലൂർ-മാടക്കത്തറ HVDC ഇടനാഴിയുടെ നിർമ്മാണം തടസ്സരഹിതമായി മുന്നോട്ടുപോകുന്നതിനായി സർക്കാർ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് ദ്രുതഗതിയിൽ മുന്നോട്ടുപോകുന്ന പ്രസ്തുത പദ്ധതി 2021-ൽ തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടുകൂടി കേരളത്തിലേയ്ക്ക് 2000MW വൈദ്യുതികൂടി അധികമായി കൊണ്ടുവരാൻ സാധിക്കും.

പുഗലൂർ-തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈനിന്റെ ഓവർഹെഡ് ലൈൻ ഭാഗത്തെ 45 ശതമാനം ടവർ ഫൗണ്ടേഷനുകളും 30 ശതമാനം ടവർ ഇറക്ഷൻ ജോലികളും പൂർത്തിയായിട്ടുണ്ട്. ഭൂഗർഭ കേബിൾ ഭാഗത്തെ 78 ശതമാനം കേബിൾ ഡക്റ്റ് നിർമ്മാണവും 49 ശതമാനം കേബിൾ സ്ഥാപിക്കൽ ജോലിയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുന്നു.

(ഡി) സ്മാർട്ട് മീറ്റർ പദ്ധതി കേരളത്തിലെ 5 കോർപ്പറേഷന് കീഴിലുള്ള 3.25 ലക്ഷം ഉപഭോക്താക്കളുടെ നിലവിലുള്ള മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു. പിന്നീട് ഘട്ടംഘട്ടമായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാവുന്നതാണ്. ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്കു കഴിയും. മീറ്റർ റീഡിംഗ് റിമോട്ടായി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാനും കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതു വഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

IT അധിഷ്ഠിത പദ്ധതികൾ: ഉടമസ്ഥാവകാശം മാറ്റൽ, താരിഫ് മാറ്റൽ മുതലായ എല്ലാ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലെ സ്കാഡ ഇംപ്ലിമെന്റേഷൻ പദ്ധതികളിൽ പുതിയ സ്മാർട്ട് ഗ്രിഡ് സവിശേഷതകളും സൈബർ സെക്യൂരിറ്റി സവിശേഷതകളും ഉൾക്കൊള്ളിക്കാൻ വേണ്ടിയുള്ള പദ്ധതികൾ, സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സ്ഥാപിക്കാനുള്ള പദ്ധതി, കണ്ണൂർ, കൊല്ലം, തൃശ്ശൂർ എന്നീ കോർപ്പറേഷനുകളിലെ സ്കാഡ ഇംപ്ലിമെന്റേഷൻ പദ്ധതികൾ, വ്യവസായ മേഖലയിലെ സബ്സ്റ്റേഷനുകളിലേയും അനുബന്ധ വിതരണ മേഖലയുടെയും സ്കാഡ ഇംപ്ലിമെന്റേഷൻ പദ്ധതികൾ, RAPDRP/IPDS ഇതര മേഖലകളേയും ജി.ഐ.എസ്. മാപ്പിൽ ഉൾക്കൊള്ളിക്കാനുള്ള പദ്ധതി RAPDRP/IPDS ഇതര മേഖലകളേയും മീറ്റർ ഡേറ്റ അക്വിസിഷൻ സിസ്റ്റത്തിൽ ഉൾക്കൊള്ളിക്കാനുള്ള പദ്ധതി, ഡേറ്റ സെന്റർ, എം.പി.എൽ.എസ്. നെറ്റ് വർക്ക്, സ്കാഡ സിസ്റ്റം, ജനറേഷൻ, ട്രാൻസിഷൻ മുതലായ മേഖലകളിലെ സൈബർ സെക്യൂരിറ്റി, ISO 27001 സെക്യൂരിറ്റി സ്റ്റാൻഡേർഡ് മുഖേന ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി, കെ.എസ്.ഇ.ബി. ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായ ഫയൽ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള ഇ-ഓഫീസ് പദ്ധതി തുടങ്ങിയവയാണ് KSEB തുടർന്ന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന IT അധിഷ്ഠിത പദ്ധതികൾ.

**വിനോദസഞ്ചാര വികസനം**

29(*509) ശ്രീ. കെ. ബാബു:
ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ മുഖ്യമായ സുരക്ഷിതവും വൃത്തിയും വെടിപ്പുമുള്ള താമസസൗകര്യം ന്യായമായ നിരക്കിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ ഇടപെടൽ സാധ്യമാകുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനം എത്രമാത്രം കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം കെ.റ്റി.ഡി.സി.-യുടെയും ഗസ്റ്റ് ഹൗസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മാർക്കറ്റിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് വഴി നടത്തുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം കാര്യക്ഷമമാണോ; വിശദമാക്കാമോ;

(ഡി) ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) വിനോദസഞ്ചാര വികസനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ മുഖ്യമായ സുരക്ഷിതത്വവും വൃത്തിയും വെടിപ്പുമുള്ള താമസ സൗകര്യം ന്യായമായ നിരക്കിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

സംസ്ഥാനത്തെ ഹോംസ്റ്റേകളെയും സർവീസ്ഡ് വില്ലകളെയും ക്ലാസിഫൈ ചെയ്യുക വഴി കുറഞ്ഞ ചെലവിൽ മികച്ച താമസ സൗകര്യം ഉറപ്പുവരുത്തുകയെന്നതാണ് വകുപ്പ് ഏറ്റെടുത്തിട്ടുള്ള ദൗത്യം. വൃത്തി, മാലിന്യ നിർമ്മാർജനം, ന്യായമായ നിരക്ക് എന്നിവകൂടി കണക്കിലെടുത്തുകൊണ്ടാണ് വകുപ്പ് ഇത്തരം താമസസൗകര്യം ഒരുക്കാനുള്ള സംരംഭങ്ങൾക്ക് ക്ലാസ്സിഫിക്കേഷനും അനുമതിയും നൽകുന്നത്.

ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് ഗസ്റ്റ്ഹൗസുകളും യാത്രീ നിവാസുകളും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, ആറ്റിങ്ങൽ, ദേവികുളം എന്നിവിടങ്ങളിലുള്ള യാത്രീ നിവാസുകളിൽ സുരക്ഷിതത്വവും വൃത്തിയും വെടിപ്പുമുള്ള താമസ സൗകര്യം ന്യായമായ നിരക്കിൽ വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വിനോദസഞ്ചാര വികസനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ കാര്യക്ഷമമായ വിലയിരുത്തലുകൾ കെ.റ്റി.ഡി.സി. നടത്തുന്നുണ്ട്. കെ.റ്റി.ഡി.സി. പല വിഭാഗങ്ങളിലായി പ്രീമിയം ബജറ്റ്, ടാമറിന്റ്, മോട്ടൽ തുടങ്ങിയ ഹോട്ടലുകൾ നടത്തിവരുന്നുണ്ട്. വൃത്തിയുള്ള മുറിയും സുരക്ഷിതത്വവും ഉറപ്പുവരുത്തിയാണ് കെ.റ്റി.ഡി.സി. ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നത്. ആവശ്യമായ നവീകരണ പ്രവർത്തനവും കെ.റ്റി.ഡി.സി. നടത്തിവരുന്നുണ്ട്.

ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഗസ്റ്റ്ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കെട്ടിടങ്ങളുടെ

സമയാസമയത്തുള്ള അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, എയർ കണ്ടീഷണർ, ടെലിവിഷൻ ഉൾപ്പെടെയുള്ള പുതിയ ഉപകരണങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവ നടപ്പാക്കിവരുന്നു. തിരുവനന്തപുരം, ദേവികുളം ആറ്റിങ്ങൽ എന്നിവിടങ്ങളിലുള്ള യാത്രി നിവാസുകളിൽ വിനോദ സഞ്ചാരികൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗസ്റ്റ്ഹൗസുകൾ, യാത്രി നിവാസുകൾ എന്നിവിടങ്ങളിലെ പൂന്തോട്ട പരിപാലനത്തിനും സംവിധാനമുണ്ട്.

ടൂറിസം വകുപ്പിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകളും കേരളാ ഹൗസുകളും യാത്രീ നിവാസുകളും പുതുതായി ബ്രാൻഡിംഗ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏകീകൃത സേവനം മെച്ചപ്പെട്ട രീതിയിൽ ഉറപ്പാക്കുന്നതാണ്. അതിഥികൾക്കായി പുതിയ മെനു കാർഡ്, ഗസ്റ്റ് ഫോൾഡർ, ടേബിൾ മാറ്റുകൾ, ഇന്റേണൽ ഡയറക്ടറി തുടങ്ങിയവ ഇതിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഗസ്റ്റ്ഹൗസുകളിലും ബ്രാന്റഡ് സൈൻ ബോർഡുകൾ സ്ഥാപിച്ചുകഴിഞ്ഞു.

എല്ലാ ഗസ്റ്റ്ഹൗസുകളിലും ഔദ്യോഗിക മൊബൈൽ ഫോൺ നമ്പറും e-mail വിലാസവും നല്കിയിട്ടുണ്ട്. എല്ലാ പ്രധാന ഗസ്റ്റ്ഹൗസുകളിലും വൈഫൈ, ഹോട്ട്സ്പോട്ട് സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഗസ്റ്റ്ഹൗസുകളിലെ സേവനങ്ങൾക്ക് ബിൽ തുക പണമായും ചെക്കായും ഡിമാന്റ് ഡ്രാഫ്റ്റായും സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ ക്രഡിറ്റ്/ഡെബിറ്റ് കാർഡുകൾ വഴി പണം അടയ്ക്കുവാനുള്ള സംവിധാനം നടപ്പിലാക്കി. ഇതിനോടനുബന്ധിച്ച് Point of sales systems (POS) മെഷീനുകൾ എല്ലാ ഗസ്റ്റ്ഹൗസുകളിലും സ്ഥാപിച്ചു.

ഗസ്റ്റ്ഹൗസുകളിൽ മാനേജർ, സ്റ്റുവാർഡ്, ബട്ട്ലർ, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, ഫുൾടൈം/പാർട്ട്ടൈം സ്വീപ്പർ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ബന്ധപ്പെട്ട മേഖലകളിൽ പരിശീലനം നൽകിവരുന്നുണ്ട്.

(സി) കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി 1989-ൽ സ്ഥാപിക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (പുനഃസംഘടനയ്ക്ക് മുൻപ് ടൂറിസ്റ്റ് റിസോർട്സ് കേരള ലിമിറ്റഡ്), പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ വിനോദസഞ്ചാരമേഖലയ്ക്ക് ഗുണമുണ്ടായിട്ടുണ്ട്. ഇന്ത്യൻ ഹോട്ടൽ രംഗത്തെ പ്രമുഖരായ താജ് ഗ്രൂപ്പ്, ഓബറോയ് ഗ്രൂപ്പ് മുതലായവയുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുകയും ഇവയിൽ താജ് ഗ്രൂപ്പുമായി ചേർന്നുള്ള സംയുക്ത സംരംഭമായ താജ് കേരള ഹോട്ടൽസ് ആൻഡ് റിസോർട്സ് ലിമിറ്റഡ് കേരളത്തിലെ കൊച്ചി,

വർക്കല, കുമരകം എന്നിവിടങ്ങളിൽ ഹോട്ടൽ പദ്ധതികൾ നടത്തിവരികയുമാണ്. ഇവയിൽനിന്നും ലാഭവിഹിതവും ലീസ് റെന്റും ലഭിച്ചുവരുന്നുണ്ട്. നൂതന ടൂറിസം വകുപ്പ് കെ.ടി.ഐ.എൽ മുഖേനയാണ് ടൂറിസം വകുപ്പ് ഏകോപിപ്പിക്കുന്നത്. ഇത് കൂടാതെ ടൂറിസം വകുപ്പിനു കീഴിൽ ആവിഷ്കരിക്കപ്പെടുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും കെ.ടി.ഐ.എൽ പ്രവർത്തിച്ചുവരുന്നു. ഗുരുവായൂർ ക്ഷേത്ര നഗരത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനു വേണ്ടി കേന്ദ്ര പദ്ധതിയായ പ്രസാദ് സ്കീമിലുൾപ്പെടുത്തി 46.14 കോടി രൂപയ്ക്ക് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി കെ.ടി.ഐ.എൽ. വഴി നിർവ്വഹിച്ചുവരുന്ന പ്രധാന പദ്ധതിയാണ്. അതുപോലെ തന്നെ വടക്കൻ മലബാറിന്റെ ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികളും കെ.ടി.ഐ.എൽ.-ന്റെ മേൽനോട്ടത്തിൽ അന്തിമഘട്ടത്തിലാണ്. തിരുവനന്തപുരത്ത് വേളിയിൽ ആവിഷ്കരിച്ചിട്ടുള്ള ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി, കൺവെൻഷൻ സെന്റർ പദ്ധതി, മടവൂർ പാറ ടൂറിസം വികസന പദ്ധതി മുതലായവ കെ.ടി.ഐ.എൽ-ന്റെ ആഭിമുഖ്യത്തിൽ ഏകോപിപ്പിച്ചുവരുന്ന പദ്ധതികളാണ്. തിരുവനന്തപുരത്ത് കഠിനംകുളം മുതൽ അഞ്ചുതെങ്ങ് വരെയുള്ള ജലാശയങ്ങളുടെ ടൂറിസം സാധ്യ(സി) കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി 1989-ൽ സ്ഥാപിക്കപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (പുനഃസംഘടനയ്ക്ക് മുൻപ് ടൂറിസ്റ്റ് റിസോർട്സ് കേരള ലിമിറ്റഡ്), പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ വിനോദസഞ്ചാരമേഖലയ്ക്ക് ഗുണമുണ്ടായിട്ടുണ്ട്. ഇന്ത്യൻ ഹോട്ടൽ രംഗത്തെ പ്രമുഖരായ താജ് ഗ്രൂപ്പ്, ഓബറോയ് ഗ്രൂപ്പ് മുതലായവയുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുകയും ഇവയിൽ താജ് ഗ്രൂപ്പുമായി ചേർന്നുള്ള സംയുക്ത സംരംഭമായ താജ് കേരതകൾ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്ന വിധത്തിൽ കഠിനംകുളം-അഞ്ചുതെങ്ങ് ബാക്ക് വാട്ടർ ടൂറിസം പദ്ധതിക്കുള്ള പഠനം അന്തിമഘട്ടത്തിലാണ്.

പുതിയ ടൂറിസം കേന്ദ്രങ്ങളും മേഖലകളും കണ്ടെത്തുക, അവ വികസിപ്പിക്കുക, നിലവിലുള്ളവയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ശിപാർശ ചെയ്യുക അവ നടപ്പിലാക്കുന്നതിനുള്ള ഏകോപനം നടത്തുക മുതലായവ കെ.ടി.ഐ.എൽ. വഴി നടപ്പിലാക്കിവരുന്നു.

(ഡി) കേരളത്തിലെ 14 ജില്ലകളിലെയും ടൂറിസം പ്രവർത്തനങ്ങളുടെ ഏകോപനവും ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനവും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി നടത്തിവരുന്നു. അതോടൊപ്പം ജില്ലകളിൽ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്ത് അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിക്കുന്നതും ഡി.ടി.പി.സി.-യുടെ

പ്രവർത്തനങ്ങ ളിലുൾപ്പെടുന്നു. കൂടാതെ ജില്ലകളിലെ നിലവിലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്തുന്നതിനായുള്ള വിപണന തന്ത്രം ആവിഷ്കരിക്കുന്നതും അതിനായി ടൂറിസം വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവരെ സംഘടിപ്പിച്ച് അവലോകനയോഗം നടത്തുന്നതും ഡി.ടി.പി.സി.-കളുടെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നതാണ്.

ടൂറിസം വകുപ്പ് അനുവദിക്കുന്ന ധാരാളം ടൂറിസം പദ്ധതികൾ ഡി.ടി.പി.സി. വഴി നടപ്പാക്കുകയും പൂർത്തിയായ പദ്ധതികൾ ഏറ്റെടുത്തു നടത്തുകയും പരിപാലിക്കുകയും കൂടുതൽ ടൂറിസം ആക്ടിവിറ്റികൾ ഉൾപ്പെടുത്തി ആകർഷണീയമാക്കുകയും വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ടൂറിസം പ്രൊമോഷന് ആവശ്യമായ ബ്രോഷറുകൾ, വെബ്സൈറ്റ് അപ്ഡേഷൻ, ടെലിഫോൺ, ഇ-മെയിൽ എന്നിവ വഴി ടൂറിസ്റ്റുകൾക്ക് വിവരങ്ങൾ ലഭ്യമാകുന്നു. ഉത്സവം, ഓണം പ്രോഗ്രാമുകൾ നടത്തുന്നു. ഡി.ടി.പി.സി.-യുടെ കീഴിലുള്ള ഡെസ്റ്റിനേഷനുകളിൽ വിവിധ ഇവന്റുകൾ സംഘടിപ്പിക്കുന്നു. കേരള ട്രാവൽമാർട്ട്, ഫിലിം ഫെസ്റ്റിവൽ എന്നിവയുടെ ഭാഗമാകുകയും ടൂറിസം മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ടൂറിസം ഡെസ്റ്റിനേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ഡെസ്റ്റിനേഷനുകൾ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നു. ജില്ലയിൽ എല്ലാ വിധത്തിലുള്ള ടൂറിസം പ്രൊമോഷന് സഹായകരമായ മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നതിന് ഡി.ടി.പി.സി.-ക്ക് സാധിക്കുന്നുണ്ട്.

**അനധികൃത വൈദ്യുത വേലികൾ**

30(*510) <u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. എം. സി. കമറുദ്ദീൻ:</u>
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾ, ഫാമുകൾ മുതലായവയ്ക്ക് ചുറ്റും ലോഹക്കമ്പികൾ ഉപയോഗിച്ച് വേലി കെട്ടി അവയിൽ വൈദ്യുതി കടത്തിവിട്ട് വൈദ്യുത വേലിയായി ഉപയോഗിക്കുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്ന സാഹചര്യത്തിൽ നിയമവിധേയമല്ലാത്ത ഈ പ്രവൃത്തിക്കെതിരെ കർശന നടപടിയെടുക്കുന്നതിനും അവബോധം വളർത്താനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ; അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവഹാനിയുൾപ്പെടെയുള്ള അപകടങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്ന സാഹചര്യത്തിൽ നിയമവിധേയമല്ലാത്ത ഈ പ്രവൃത്തിക്കെതിരെ കർശനനടപടി എടുക്കുന്നതിനും അവബോധം വളർത്താനുമുള്ള അടിയന്തര നടപടികൾ കൈക്കൊണ്ട് വരുന്നു.

അനധികൃതമായി കമ്പിവേലികളിലൂടെ വൈദ്യുതി കടത്തിവിടുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുമെന്ന പത്രവാർത്ത പല മേഖലകളിലും നൽകിയിട്ടുണ്ട്. കൂടാതെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ സ്ഥലങ്ങളിലും അതാത് സ്ഥലത്തെ KSEB സെക്ഷൻ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തുടർച്ചയായി നടത്തുകയും മീഡിയ മുഖാന്തരം ഇലക്ട്രിക്കൽ സേഫ്റ്റി സംബന്ധിച്ച് അവബോധം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 2019 മേയ് ആദ്യ ആഴ്ച സുരക്ഷാവാരമായി ആചരിച്ചു. പഞ്ചായത്ത് മെമ്പർമാർ, പൊതുപ്രവർത്തകർ, എൻ.ജി.ഒ., റെസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയവരുടെ സഹകരണത്തോടെ വിവിധങ്ങളായ പൊതുജന ബോധവത്കരണ പരിപാടികളോടു കൂടി സുരക്ഷാവാരം ആചരിച്ചിരുന്നു.

കൂടാതെ ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും "സമ്പൂർണ്ണ സുരക്ഷാ വർഷം 2019 വൈദ്യുതി സുരക്ഷാവാരാചരണം വൈദ്യുതി സുരക്ഷ നടപടികൾ പാലിക്കൂ, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കൂ" എന്നീ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള അനധികൃത വൈദ്യുതി ഉപയോഗം സെക്ഷൻ ഓഫീസുകളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കണക്ഷൻ വിച്ഛേദിക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുവാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

# നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## എസ്.എൽ.ഐ., ജി.ഐ.എസ്. വിവരങ്ങൾ അറിയാൻ ഓൺലൈൻ സംവിധാനം

1(5749) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പ്രീമിയം അടവ് വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്പാർക്ക് വഴി ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്ന രീതിയും വിശ്വാസ് സോഫ്റ്റ്‌വെയർ മുഖേനയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഓൺലൈനായി വിവരങ്ങൾ ലഭ്യമാകുന്ന രീതിയും വിശദമാക്കുമോ;

(സി) 2018-19 സാമ്പത്തിക വർഷം മുതൽ ഇത്തരത്തിൽ ഓൺലൈൻ സംവിധാനം ലഭ്യമാക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ജീവനക്കാർക്ക് അവരവരുടെ വിവരങ്ങൾ ലഭ്യമാകുന്ന രീതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പ്രീമിയം അടവ് വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നിലവിൽ ജീവനക്കാർക്ക് ലഭ്യമല്ല. എന്നാൽ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ജീവനക്കാർക്ക് വിവരങ്ങൾ ലഭ്യമാകുന്നതാണ്.

(സി&ഡി) ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന വിശ്വാസ് സോഫ്റ്റ്‌വെയർ മുഖേന വകുപ്പിലെ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം മാത്രമാണ് ലക്ഷ്യമിട്ടിരുന്നത്. വിശ്വാസ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രീമിയം കിഴിവ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഓൺലൈനായി ജീവനക്കാർക്ക് ലഭ്യമാകുന്നതാണ്.

**വൺ ടൈം മെയിന്റനൻസ് ഫണ്ട്**

2(5750) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി വൺ ടൈം മെയിന്റനൻസ് ഫണ്ട് അനുവദിക്കുമോ ;

(ബി) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ പ്രത്യേകമായി വൺ ടൈം മെയിന്റനൻസ് ഫണ്ട് അനുവദിച്ചിരുന്നോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി മതിയായ വിഹിതം എൽ.എസ്.ജി.ഡി. ശീർഷകങ്ങളിൽ ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ വകയിരുത്തിവരുന്നുണ്ട്. എൽ.എസ്.ജി.ഡി ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിൽനിന്നും പുതിയ പ്രവൃത്തികൾക്കായി തുക കണ്ടെത്താമെന്നതിനാൽ മറ്റ് ഫണ്ടുകൾ ആവശ്യമില്ല.

(ബി) ഗ്രാമീണ റോഡുകളുടെ വൺ ടൈം മെയിന്റനൻസ് പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള കുടിശ്ശികകൾ തീർക്കാനായി താഴെപ്പറയും പ്രകാരം തുക അനുവദിച്ച നൽകിയിട്ടുണ്ട്:

| വർഷം | ശീർഷകം | തുക (കോടിയിൽ) |
|---|---|---|
| 2016-17 | 3054-04-196-39(N-V) | - |
| | 3054-04-198-39(N-V) | 1 |
| 2017-18 | 3054-04-196-39(N-V) | 75 |
| | 3054-04-198-39(N-V) | 225 |
| 2018-19 | 3054-04-196-39(N-V) | 9.43 |
| | 3054-04-198-39(N-V) | 35.38 |
| 2019-20 | 3054-04-196-39(N-V) | 1.31 |
| | 3054-04-198-39(N-V) | 8.82 |

## കേരള പുനർ നിർമ്മാണ പദ്ധതി

3(5751) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം തരണം ചെയ്ത മഹാപ്രളയംമൂലം സാമ്പത്തിക മേഖലയ്ക്കുണ്ടായ കനത്ത നഷ്ടം പരിഹരിക്കുന്നതിനും സാമ്പത്തിക സമാഹരണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി മറ്റ് പദ്ധതി വിഹിതം കുറയ്ക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) എല്ലാ പ്രതിസന്ധികളും തരണം ചെയ്തുകൊണ്ട് വിഭവ സമാഹരണം നല്ല രീതിയിൽ നടത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും സംസ്ഥാന സർക്കാർ പല ശ്രമങ്ങളും നടത്തുന്നുണ്ട്. പ്രളയാനന്തരം നടത്തിയ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നത്. പുനർ നിർമ്മാണ പദ്ധതിക്കായി ഇതിനകം ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽ നിന്നും വായ്പ സമാഹരിക്കുന്നതിനുള്ള നടപടികളും ചർച്ചകളും നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമ്മൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനു പുറമേ, കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഒരു ശതമാനം പ്രളയ സെസ്സ് ഏർപ്പെടുത്തി വിഭവ സമാഹരണം നടത്തുന്നുണ്ട്. കൂടാതെ, മസാല ബോണ്ട് കിഫ്ബിക്കു വേണ്ടി പുറപ്പെടുവിക്കുകയും ചെയ്തു.

(ബി) വാർഷിക പദ്ധതിവിഹിതം കുറയ്ക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പദ്ധതി പദ്ധതിയേതര ചെലവുകളിൽ അനിവാര്യമായ നിയന്ത്രണം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിനും വിഭവ സമാഹരണത്തിനും ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

5. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവൽക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്.

6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുകയെന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

   i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തി വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും.

   ii. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ

യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൽ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## വിധവാ പെൻഷൻ ഉത്തരവിന്റെ പുനഃപരിശോധന

4(5752) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എം. ഷാജി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവരെ വിധവകളായി കണക്കാക്കാനാവില്ലെന്നും അവർക്ക് നൽകിവരുന്ന വിധവാ പെൻഷൻ നിർത്തലാക്കണമെന്നും നിർദ്ദേശിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കുവാനും അവരുടെ ജീവിത സാഹചര്യം കണക്കിലെടുത്ത് വിധവാ പെൻഷൻ പുനഃസ്ഥാപിക്കുവാനും സത്വര നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിധവാ പെൻഷൻ അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 25-4-2019-ലെ 35/19/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവരെ വിധവകളായി കണക്കാക്കാനാവില്ലെന്നും അവർക്ക് വിധവാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ലെന്നും ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത സർക്കുലർ പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന

5(5753) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ ധനകാര്യ ഇൻസ്പക്ഷൻ വിഭാഗം പരിശോധന നടത്തിയതിൽ ഏതൊക്കെ ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 2016-17, 2017-18 വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ 265 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ക്രമക്കേടുകളും അതിന്മേൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## സ്കൂൾ വിദ്യാർത്ഥികൾക്കായി സമ്പാദ്യ പദ്ധതി

6(5754) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് കെ.എസ്.എഫ്.ഇ. ശാഖകൾ വഴി ഏതെങ്കിലും പ്രോജക്ടുകൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ബി) ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിരുന്ന സ്കൂൾ സമ്പാദ്യ പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) സ്കൂൾ വിദ്യാർത്ഥികളുടെ കയ്യിലെത്തുന്ന പണം അനാവശ്യമായി ചെലവഴിക്കപ്പെടുകയും നിരോധിത പുകയിലയുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും സമ്പാദ്യശീലത്തിന്റെയും മിതവ്യയത്തിന്റെയും പാഠങ്ങൾ കുട്ടികളെ മനസ്സിലാക്കിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും വേണ്ടി സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് കെ.എസ്.എഫ്.ഇ. 'എഡ്യുകെയർ ചിട്ടി' എന്ന പദ്ധതി 2014 ആഗസ്റ്റ് മാസത്തിൽ മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ 3 ശാഖകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചെങ്കിലും പദ്ധതിക്ക് വേണ്ടത്ര സ്വീകാര്യത ലഭിച്ചില്ല. ആലപ്പുഴ ജില്ലയിലെ മുഹമ്മ ശാഖയിലും മലപ്പുറം ജില്ലയിലെ മലപ്പുറം ശാഖയിലും 'എഡ്യു കെയർ ചിട്ടി' കാലാവധി പൂർത്തിയാക്കി. തൃശ്ശൂർ ജില്ലയിലെ ചെമ്പുക്കാവ് ശാഖയിലെ ചിട്ടി 2020 മാർച്ച് മാസത്തിൽ പൂർത്തിയാകും. സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യ ശീലം വളർത്തുന്നതിനായി ആകർഷകമായ പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നതിനായി ചർച്ചകൾ നടന്നുവരുന്നു.

(ബി&സി) ഉണ്ട്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള സഞ്ചയികാ പദ്ധതി 1-10-2016 പ്രാബല്യത്തോടെ നിർത്തിവയ്ക്കുന്നതായി കേന്ദ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനകാര്യ (സാമ്പത്തികകാര്യ) മന്ത്രാലയം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ 28-09-2016-ലെ സ.ഉ.(സാധാ)നം.7833/2016/ധന, 21-07-2017-ലെ സ.ഉ. (അച്ചടി) നമ്പർ 93/ 2017/ധന എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 'സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം' ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിന്റെ വിശദാംശങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവി, രണ്ട് രക്ഷാകർത്താക്കൾ, രണ്ട് അദ്ധ്യാപകർ, രണ്ട് വിദ്യാർത്ഥികൾ എന്നിവർ അടങ്ങുന്ന ഒരു ട്രസ്റ്റ് രൂപീകരിക്കേണ്ടതാണ്.

2. ട്രസ്റ്റ് യോഗം കൂടി സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ടി ട്രസ്റ്റിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, രണ്ട് വിദ്യാർത്ഥികൾ എന്നിവർ അംഗങ്ങളായി ട്രഷറിയിൽ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

3. വിദ്യാർത്ഥികളുടെ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും അക്കൗണ്ട് നമ്പരും പാസ്സ്ബുക്കും ബന്ധപ്പെട്ട സ്ഥാപനം നൽകേണ്ടതാണ്.

4. വിദ്യാർത്ഥികൾ നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്യുന്ന തുകകൾ പാസ്സ്ബുക്കിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ടീച്ചർ ഒപ്പുവയ്ക്കേണ്ടതാണ്.

5. ഓരോ വിദ്യാർത്ഥിക്കും അവരുടെ നിക്ഷേപത്തിന് നിലവിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിരക്കനുസരിച്ച് വാർഷിക പലിശ നൽകേണ്ടതാണ്. സംസ്ഥാനത്ത് ഉദ്ദേശം മുന്നൂറ്റമ്പതോളം സ്കൂളുകളിൽ ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയത് വിപുലീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ**

7(5755) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കിഫ്ബി ബജറ്റ് ഫണ്ട്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, എസ്.ഡി.എഫ്. ഫണ്ട് ഉൾപ്പെടെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയത്; വിശദമാക്കാമോ;

(ബി) മലയോര ഹൈവേ ഉൾപ്പെടെ ഏതൊക്കെ പ്രവൃത്തികൾക്കാണെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുമതി ലഭിച്ചിട്ടില്ലാത്തതും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) 2019-ൽ നിലമ്പൂരിലുണ്ടായ പ്രളയത്തിന്റെ സാഹചര്യത്തിൽ നിലമ്പൂരിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ നിലവിൽ വന്നശേഷം കിഫ്ബി ഫണ്ട് മുഖേന 45618 കോടി രൂപയുടെ പദ്ധതികളും ആസ്തി വികസന ഫണ്ടായി 2820 കോടി രൂപയും പ്രത്യേക വികസന നിധിയായി 564 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദ വിവരം (മലയോര ഹൈവേ ഉൾപ്പെടെ) അനുബന്ധം- I* ആയി ചേർത്തിരിക്കുന്നു.

(സി) അനുമതി ലഭിച്ചിട്ടില്ലാത്തതും പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധം- II+ ആയി ചേർത്തിരിക്കുന്നു.

(ഡി) പ്രളയ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ നിലവിൽ കിഫ്ബിയുടെ പരിഗണനയിലില്ല.

**സർക്കാർ ജീവനക്കാരുടെ ശമ്പളം**

8(5756) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി ശമ്പള ഇനത്തിൽ സംസ്ഥാനത്ത് 2019 ഒക്ടോബർ മാസം എത്ര രൂപ ചെലവാക്കി എന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2019 ഒക്ടോബർ മാസത്തെ സംസ്ഥാനത്തിന്റെ മൊത്തം ചെലവ് എത്ര രൂപയായിരുന്നുവെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) 2019 ഒക്ടോബർ മാസത്തെ സംസ്ഥാനത്തിന്റെ വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) അക്കൗണ്ടന്റ് ജനറലിന്റെ 2019 ഒക്ടോബർ മാസത്തെ പ്രാരംഭ കണക്കുകൾ ലഭ്യമല്ല. വകുപ്പുതല താൽക്കാലിക കണക്കുകൾ പ്രകാരം ഒക്ടോബർ മാസത്തെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം, മൊത്തം ചെലവ്, റവന്യൂ വരുമാനം എന്നിവ യഥാക്രമം 2510.36 കോടി രൂപ, 9427.85 കോടി രൂപ, 6413.07 കോടി രൂപ വീതമാണ്. മൊത്തം ചെലവിന്റെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ഇനം | തുക (കോടിയിൽ) |
|---|---|
| റവന്യൂ ചെലവ് | 8280.08 |
| മൂലധന ചെലവ് | 1008.51 |
| വായ്പ ചെലവ് | 139.26 |

**പ്രളയാനന്തര പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക**

9(5757) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾക്കായി എത്ര തുകയാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് ഈ തുക വകയിരുത്തിയിരിക്കുന്നതെന്നും ഓരോ വിഭാഗത്തിലുമായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾക്കായി ഈ സാമ്പത്തിക വർഷം 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 250 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ (ആർ.കെ.ഐ.), 250 കോടി രൂപ ഉപജീവന മാർഗ്ഗത്തിനുള്ള സഹായം (ആർ.കെ.ഐ.), 250 കോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും(ആർ.കെ.ഐ.), 250 കോടി രൂപ പൊതു കെട്ടിടങ്ങൾ പ്രധാന അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും എന്നീ വിഭാഗങ്ങളിലായി വകയിരുത്തിയിട്ടുണ്ട്. കേരള പുനർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്. പദ്ധതികളുടെ ഭരണപരമായ നടത്തിപ്പിനായി 70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## പ്രളയാനന്തര പ്രോജക്ടുകൾക്ക് ലോകബാങ്കിന്റെ സഹായം

10(5758) ശ്രീ. വി. ഡി.സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ലഭിച്ച ലോക ബാങ്കിന്റെ സഹായം എന്ന്, ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹെഡ്ഡിൽ 31-10-2019-ൽ എന്ത് തുക നീക്കിയിരിപ്പുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി 4-9-2019-ൽ ലഭിച്ച ലോകബാങ്കിന്റെ സഹായം 6004-09-101-96(R) എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും അതുവഴി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയുടെ ഭാഗമായി തീരുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, ടി തുക ഈ ശീർഷകത്തിലെ നീക്കിയിരുപ്പായി കണക്കാക്കാവുന്നതാണ്. ലോകബാങ്ക് സഹായമായി ലഭിച്ച പ്രസ്തുത തുക മുഴുവനും ലോകബാങ്ക് നിർദ്ദേശിക്കുന്ന രീതിയിലുള്ള ചെലവുകൾക്ക് സഞ്ചിത നിധിയിൽ നിന്നും ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്.

## പ്രളയാനന്തരം സംസ്ഥാനത്തെ അനാവശ്യ ചെലവുകളിലെ നിയന്ത്രണം

11(5759) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം സംസ്ഥാനത്ത് അനാവശ്യ ചെലവുകൾക്ക് നിയന്ത്രണം കൊണ്ടുവന്നിരുന്നോ എന്ന് അറിയിക്കുമോ; എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് കൊണ്ടുവന്നതെന്നും പ്രസ്തുത നിയന്ത്രണങ്ങൾ ഫലപ്രദമായിരുന്നോ എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയന്ത്രണം നിലവിൽ വന്നശേഷം ക്യാബിനറ്റ് റാങ്കിലുള്ള എത്ര തസ്തികകളാണ് സംസ്ഥാനത്ത് സൃഷ്ടിച്ചത്; ഇതുമൂലം ഒരു വർഷമുണ്ടാകുന്ന അധികബാധ്യത എത്രയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുകുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. 2018-19 വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾ, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾ എന്നിവ ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. തത്ഫലമായി സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

(ബി) നാലാം ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനായി മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ എം.എൽ.എ-യെയും കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ ചെയർമാനായി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെയും ഗവൺമെന്റ് ചീഫ് വിപ്പായി ശ്രീ. കെ. രാജൻ എം.എൽ.എ-യെയും സംസ്ഥാന സർക്കാരിന്റെ ന്യൂഡൽഹിയിലെ പ്രത്യേക പ്രതിനിധിയായി ഡോ. എ. സമ്പത്തിനെയും ക്യാബിനറ്റ് പദവിയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ അഡ്വക്കേറ്റ് ജനറലായ ശ്രീ. സി. പി. സുധാകര പ്രസാദിന് പ്രസ്തുത പദവി വഹിക്കുന്ന കാലത്തേയ്ക്ക് ക്യാബിനറ്റ് പദവി അനുവദിച്ച് 24-10-2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമൂലം ഉണ്ടായേക്കാവുന്ന ആകെ വാർഷിക അധികബാദ്ധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

## സമ്പദ്‌വ്യവസ്ഥയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ

12(5760) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എസ്.രാജേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നടപ്പാക്കിയ നവലിബറൽ നയങ്ങളുടെയും അശാസ്ത്രീയവും ദീർഘവീക്ഷണമില്ലാത്തതുമായ സാമ്പത്തിക പരിഷ്കാരങ്ങളുടെയും ഫലമായി സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള വലിയ പ്രതിസന്ധിയുടെ കാലത്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ സംരക്ഷിക്കുകയും വികസന പ്രവർത്തനത്തിനാവശ്യമായ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്ത നടപടികൾ വിശദമാക്കുമോ;

(ബി) കേവലം വിനോദസഞ്ചാരത്തിനുമപ്പുറം സംസ്ഥാനത്തിന്റെ ടൂറിസം മേഖല ആരോഗ്യ-വിദ്യാഭ്യാസ-ഫാം-സാംസ്കാരിക-തീർത്ഥാടന മേഖലകളിലെല്ലാം വ്യാപിക്കുകയും ടൂറിസം ഒരു വ്യവസായമായി മാറിയിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അതുവഴി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയുടെ സ്ഥിരവും ജനകീയവുമായ വികസനത്തിന് സാധ്യമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കാൻ കഴിയുന്ന ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനും വികസനത്തിനുമായി എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയിട്ടുള്ളതെന്നും അതിന്റെ മാനദണ്ഡവും വിശദമാക്കുമോ; അതിനായി പ്രത്യേക സാമ്പത്തിക പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുചെലവുകൾ വർദ്ധിപ്പിച്ചു കൊണ്ടല്ലാതെ മാന്ദ്യത്തിന്റെ കാലത്ത് സമ്പദ്ഘടനയ്ക്ക് ഉത്തേജനം പ്രദാനം ചെയ്യാനാവില്ല. എന്നാൽ, രാജ്യത്താകമാനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാന്ദ്യം സർക്കാരിന്റെയും വരുമാനത്തെ ബാധിക്കും. പൊതുച്ചെലവുകൾ ഗണ്യമായി വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായാൽ മാന്ദ്യവും തത്ഫലമായ ജനജീവിത ദുരിതവും കൂടുതൽ സങ്കീർണ്ണമാവുകയായിരിക്കും ഫലം. അതേസമയം മാന്ദ്യം സൃഷ്ടിക്കുന്ന വിഭവച്ചുരുക്കം യാഥാർത്ഥ്യമാണുതാനും. സർക്കാരിന്റെ വരുമാനം പരമാവധി ഉയർത്താനും ചെലവു ചെയ്യലിന്റെ

കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടുമുള്ള തന്ത്രം സ്വീകരിക്കുന്നതിനോടൊപ്പം അധിക പൊതു നിക്ഷേപത്തിനുള്ള മാർഗ്ഗങ്ങൾ സാദ്ധ്യമാക്കിയാലെ മാന്ദ്യകാലത്തെ ഫലപ്രദമായി നേരിടാനാകൂ. ബജറ്റിനു പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് പൊതു നിക്ഷേപം വർദ്ധിപ്പിക്കും. കിഫ്ബി മാതൃകയുടെ പ്രാധാന്യം ഇവിടെയാണ്. കിഫ്ബി വഴി ബജറ്റിനു പുറത്ത് ഏതാണ്ട് 45000 കോടി രൂപയുടെ നിക്ഷേപത്തിനാണ് ഇതിനോടകം അനുവാദം കൊടുത്തിട്ടുള്ളത്. ഇതാണ് കേരളത്തിലെ മാന്ദ്യവിരുദ്ധ പാക്കേജിലെ സുപ്രധാന ഘടകം.

സംസ്ഥാനം നിലവിൽ നേരിടുന്ന കടുത്ത സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടും ഈ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിനും വിഭവ സമാഹരണത്തിനും ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
- റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
- നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
- ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
- വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്.
- ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുകയെന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തി വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും.

- ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൽ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

- റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക് സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഹോസ്പിറ്റാലിറ്റി മേഖലയിൽ തൊഴിലവസരങ്ങൾക്ക് യോഗ്യരാകത്തക്കവിധം യുവാക്കളെ രൂപപ്പെടുത്തുകയും അതുവഴി സമ്പദ് വ്യവസ്ഥയെ പരിപോഷിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തിന് ഊന്നൽ നൽകി വിനോദസഞ്ചാര വകുപ്പിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി ഹോട്ടൽ മാനേജ്മെന്റ് ട്രേഡിൽ വർഷാവർഷം 1600-ൽ പരം വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലിക്ക് പ്രാപ്തരാക്കുന്നു. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ വിശദമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്ന സ്ഥാപനം വഴി 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതി-യുവാക്കളെ ഹോസ്പിറ്റാലിറ്റി രംഗത്തെ പുതിയ തൊഴിൽ അവസരങ്ങൾക്ക് സന്നദ്ധരാക്കുന്നതിന് പരിശീലനം നൽകിവരുന്നു. സംസ്ഥാന ടൂറിസം വകുപ്പ് ഗ്രീൻ ഫാം കേരള എന്ന പേരിൽ ഫാമുകൾക്ക് അംഗീകാരം നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കിറ്റ്സിന്റെ ആസ്ഥാനമായ തിരുവനന്തപുരത്ത് കേരള യൂണിവേഴ്സിറ്റിയുടെയും എ.ഐ.സി.റ്റി.ഇ.-യുടെയും അംഗീകാരമുള്ള 2 വർഷം ദൈർഘ്യമുള്ള എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം), മൂന്നു വർഷം ദൈർഘ്യമുള്ള ബി.ബി.എ. (ടൂറിസം മാനേജ്മെന്റ്), ഡിപ്ലോമ ഇൻ എയർപോർട്ട് ഹാൻഡിലിംഗ് ആൻഡ് കസ്റ്റമർ ഫെസിലിറ്റേഷൻ, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് എന്നീ കോഴ്സുകൾ നടത്തിവരുന്നു. പുറമെ പുതുതായി 2019-20 കാലയളവിൽ ബി.കോം (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സും നടത്തിവരുന്നു. എറണാകുളം പഠന കേന്ദ്രത്തിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ് എന്ന കോഴ്സും തലശ്ശേരി പഠനകേന്ദ്രത്തിൽ എയർപോർട്ട് മാനേജ്മെന്റ് ആൻഡ് ട്രാവൽ മാനേജ്മെന്റ്, പി.ജി. ഡിപ്ലോമ ഇൻ ടൂർ ഓപ്പറേഷൻ എന്നീ കോഴ്സുകളും നടത്തിവരുന്നു. അന്താരാഷ്ട്ര സംഘടനയായ അയാട്ടയുടെ അംഗീകൃത പരിശീലന കേന്ദ്രമാണ് കിറ്റ്സ്. 4 മാസം ദൈർഘ്യമുള്ള അയാട്ട കോഴ്സുകൾ കിറ്റ്സ്-തിരുവനന്തപുരത്തും കിറ്റ്സ്-തലശ്ശേരിയിലും നടത്തിവരുന്നു. ഫൗണ്ടേഷൻ ഇൻ ട്രാവൽ ആൻഡ് ടൂറിസം വിത്ത് അമേഡിയസ്, എയർപ്പോർട്ട് ഓപ്പറേഷൻസ് എന്ന അയാട്ട കോഴ്സും നടത്തിവരുന്നു.

ടൂറിസം രംഗത്ത് മാനവശേഷി വികസനം ലക്ഷ്യമിട്ട് ഹുണാർ സെ റോസ്ഗാർ തക്, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്), സ്റ്റേറ്റ് ലെവൽ ഗൈഡ് ട്രെയിനിംഗ് മൾട്ടിലിംഗ്വൽ ഇന്റർപ്രിറ്റർ, ടൂറിസ്റ്റ് ഗൈഡുകൾക്കായുള്ള ഓറിയന്റേഷൻ കോഴ്സ്, പഠിക്കുക, ജീവിക്കുക, മുന്നേറുക പരിശീലന പദ്ധതി, ടൂറിസം അവയർനെസ് പ്രോഗ്രാം, മത്സ്യത്തൊഴിലാളി കുടുംബത്തിലെ അഭ്യസ്തവിദ്യരായ യുവതികൾക്കുള്ള പരിശീലന പദ്ധതി, ദീനദയാൽ അന്ത്യോദയ യോജന നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ എന്നീ പദ്ധതികൾ കിറ്റ്സ് നടപ്പാക്കിവരുന്നു.

മാനവവിഭവശേഷി ലക്ഷ്യമിട്ട് രൂപകല്പന ചെയ്ത കോഴ്സുകളും പരിശീലന പരിപാടികളും മുഖേന ധാരാളം കുട്ടികൾക്ക് തൊഴിൽ ലഭിക്കുകയും അതുവഴി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ആനുപാതികമായ നേട്ടങ്ങൾ കിറ്റ്സിന്റെ പ്രവർത്തനങ്ങൾ മുഖേന ഉണ്ടായിട്ടുണ്ട്.

കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വിദേശനാണ്യ വരുമാനത്തിന്റെയും മൊത്ത വരുമാനത്തിന്റെയും കഴിഞ്ഞ 5 വർഷത്തെ സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | വർദ്ധനവ് | വിദേശനാണ്യ വരുമാനം കോടിയിൽ | വർദ്ധനവ് |
|---|---|---|---|---|
| 2014 | 923366 | 7.60% | 6398.93 | 15.07% |
| 2015 | 977479 | 5.86% | 6949.88 | 8.61% |
| 2016 | 1038419 | 6.23% | 7749.51 | 11.51% |
| 2017 | 1091870 | 5.15% | 8392.11 | 8.29% |
| 2018 | 1096407 | 0.42% | 8764.46 | 4.44% |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയുടെ സ്ഥിരവും ജനകീയവുമായ വികസനം സാദ്ധ്യമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കാൻ കഴിയുന്ന ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനും വികസനത്തിനുമായി സംസ്ഥാന ടൂറിസം സഹകരണ സംഘങ്ങളുൾപ്പെടെയുള്ള എല്ലാ സഹകരണ സംഘങ്ങൾക്കും ടൂറിസം വികസനം സാദ്ധ്യമാക്കുന്നതിലേയ്ക്കായി പരമാവധി 20 ലക്ഷം രൂപ 1:2 അനുപാതത്തിൽ

യഥാക്രമം ഓഹരിയായും സബ്സിഡിയായും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ വിശദമാക്കും പ്രകാരമാണ്:

- സംഘത്തിന് ഒരു പൂർണ്ണ സമയം സേവനം അനുഷ്ഠിക്കുന്ന പെയ്ഡ് സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ, തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി എന്നിവയുണ്ടാകണം.
- സംഘത്തിൽ പൊതുയോഗം എല്ലാവർഷവും കൂടണം.
- സംഘം അഴിമതിരഹിതവും സർക്കാരിലേയ്ക്ക് കുടിശ്ശിക വിമുക്തവും ആയിരിക്കണം.
- ആഡിറ്റ് ക്ലാസിഫിക്കേഷൻ "സി" ക്ലാസ്സിന് താഴെ ആയിരിക്കരുത്.
- സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് മതിയായ വ്യവസ്ഥ സംഘം നിയമാവലിയിൽ ഉണ്ടായിരിക്കണം.

ടൂറിസം സഹകരണ സംഘങ്ങൾക്ക് മാത്രമായി പ്രത്യേകം സാമ്പത്തിക പദ്ധതി പരിഗണനയിൽ ഇല്ലെങ്കിലും ടൂറിസം പ്രൊമോഷനും ടൂറിസം സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനായ കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷനും (ടൂർഫെഡ്) സംസ്ഥാന പദ്ധതിയിൽ സാമ്പത്തിക സഹായം നൽകുന്നതിന് കൂടുതൽ തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സഹകരണ സംഘം രജിസ്ട്രാർ കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

13(5761) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് വഴി എത്ര തുക വിതരണം ചെയ്തു എന്നും ഇതിന്റെ ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26-5-2016 മുതൽ 11-11-2019 വരെ 1079.33 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ആശുപത്രികൾക്കാണ് തുക വിതരണം ചെയ്യുന്നത് എന്നതിനാൽ വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശവും ഗുണഭോക്താക്കളുടെ എണ്ണവും ലഭ്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 1,22,519 പേർക്ക് 1446.09 കോടി രൂപയുടെ ചികിത്സാനുമതി നൽകിയിട്ടുണ്ട്.

## ഓഡിറ്റ് കമ്മീഷൻ രൂപീകരണം

14(5762) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ ആദ്യ ബജറ്റിൽ ഓഡിറ്റ് കമ്മീഷൻ രൂപീകരണം പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ഓഡിറ്റ് കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരിച്ച പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പുമന്ത്രി 2017-18 -ലെ ബജറ്റ് പ്രസംഗം ഖണ്ഡിക 56 പ്രകാരം ഓഡിറ്റ് കമ്മീഷന് രൂപം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഓഡിറ്റ് കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഓഡിറ്റ് കമ്മീഷന് രൂപം നൽകുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന് മുഖ്യ പങ്കുള്ളതിനാൽ കേരള സ്റ്റേറ്റ് ആഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്.

## ആംനെസ്റ്റി പദ്ധതി

15(5763) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നികുതി കുടിശ്ശികയും മറ്റും സമാഹരിക്കുന്നതിന് വേണ്ടി സർക്കാർ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം 31-10-2019 വരെ എന്ത് തുക സമാഹരിക്കുവാൻ സാധിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം എത്ര തുകയാണ് സമാഹരിക്കുവാൻ ലക്ഷ്യമിടുന്നത് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ വർഷം നികുതി കുടിശ്ശികയും മറ്റും സമാഹരിക്കുന്നതിനുവേണ്ടി സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം 31-10-2019 വരെ 390.41 കോടി രൂപ തവണകളായി അടയ്ക്കുവാനുള്ളതിൽ 78.89 കോടി രൂപ സമാഹരിക്കുവാൻ സാധിച്ചു.

(ബി) 31-10-2019 വരെ 13823.63 കോടി രൂപയാണ് നികുതി കുടിശ്ശികയായി ലഭിക്കാനുള്ളത്. ഇതിൽ പിരിച്ചെടുക്കാവുന്ന തുക (കളക്ടബിൾ ഡിമാന്റ്) 3743.69 കോടി രൂപയാണ്. ആംനസ്റ്റി പദ്ധതി പ്രകാരം 30-9-2019 വരെ 48043 പേർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ ഉൾപ്പെട്ട 773.81 കോടി രൂപയിൽ പിഴയും പലിശയും ഒഴിവാക്കി 390.41 കോടി രൂപയാണ് പിരിക്കാനുള്ളത്. ഈ തുകയിൽ 311.53 കോടി രൂപ ഇനി പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ഈ തുക ഈ സാമ്പത്തിക വർഷം സമാഹരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കാരുണ്യ ബെനവലന്റ് സ്കീം**

16(5764) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യബെനവലന്റ് സ്കീം നിലവിലില്ലെങ്കിൽ പ്രസ്തുത സ്കീം അനുസരിച്ച് ലഭ്യമായിരുന്ന ആനുകൂല്യങ്ങൾ പാവപ്പെട്ട രോഗികൾക്ക് ഇപ്പോൾ എങ്ങനെ ലഭിക്കുന്നെന്ന് വ്യക്തമാക്കാമോ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതി ഉപേക്ഷിച്ച് ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ സാധാരണക്കാരനു ഗുണകരവും പ്രയാസരഹിതവും ഏതാണെന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) കാരുണ്യ ബെനവലന്റ് സ്കീം നിലവിലുണ്ടായിരുന്ന കാലയളവിൽ സർക്കാരിന്റെ സാമ്പത്തിക ബാധ്യത എന്തായിരുന്നുവെന്നും പ്രസ്തുത സ്കീം എടുത്തുകളഞ്ഞിട്ടുണ്ടെങ്കിൽ അതിനുശേഷം സാമ്പത്തികമായി സർക്കാരിന് ആശ്വാസമുണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ആശ്വാസം ഏത് നിലയ്ക്കാണെന്ന് വിശദമാക്കാമോ;

(ഡി) കാരുണ്യ ബെനവലന്റ് സ്കീമിന്റെ പരിധിയിൽ ഉണ്ടായിരുന്ന ആശുപത്രികൾക്ക് ഇതുവരെ എത്ര രൂപ നൽകിയെന്നും ഇനി എത്ര രൂപ നൽകാനുണ്ടെന്നും ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്. എങ്കിലും ബെനവലന്റ് ഫണ്ടിൽ 3-7-2019 വരെ സ്വീകരിച്ച അപേക്ഷകളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് വ്യവസ്ഥ പ്രകാരമുള്ള ചികിത്സാ സഹായം 31-3-2020 വരെ തുടർന്ന് നൽകുന്നതാണ്. ആർ.എസ്.ബി.വൈ. കാർഡുള്ള രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിലും 1-4-2019 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിപ്രകാരം ചികിത്സാ സഹായം ലഭിക്കുന്നതാണ്. ആർ.എസ്.ബി.വൈ. കാർഡില്ലാത്തതും എന്നാൽ കാരുണ്യ ബെനവലന്റ് ഫണ്ടിന് അർഹരായവരുമായ പുതിയ അപേക്ഷകർക്ക് 'ചിയാക്ക് ' മുഖേന 31-3-2020 വരെ ചികിത്സാസഹായം ലഭിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) കാരുണ്യ ബെനവലന്റ് സ്കീം നിലവിലുണ്ടായിരുന്ന കാലയളവിൽ സർക്കാരിന്റെ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | തുക (ചെലവ്) |
|---|---|
| 2011-12 | 19,20,000 |
| 2012-13 | 74,07,03,929 |
| 2013-14 | 1,84,08,32,200 |
| 2014-15 | 2,97,73,94,323 |
| 2015-16 | 1,59,24,45,785 |
| 2016-17 | 4,17,86,51,819 |
| 2017-18 | 2,43,13,18,272 |
| 2018-19 | 3,10,86,06,747 |
| 2019-20 (up to 11-11-19) | 1,84,58,72,291 |
| ആകെ | 18,71,77,45,366 |

കാരുണ്യ ബെനവലന്റ് ഫണ്ടിൽ സഹായം ലഭ്യമായിരുന്നത് 319 പാക്കേജുകൾക്കായിരുന്നു. എന്നാൽ KASP-യിൽ 1978 പാക്കേജുകളാണ് സഹായത്തിന് അർഹമായിട്ടുള്ളത്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ശരാശരി വാർഷിക ചെലവ് 240 കോടി രൂപയായിരുന്നു. KASP-യിൽ പ്രീമിയമായി അടയ്ക്കുന്നത് 553.43 കോടി രൂപയും. ആരോഗ്യ സുരക്ഷാ പരിപാടി കൂട്ടുതൽ ചെലവ് ചെയ്ത് വിപുലപ്പെടുത്തുകയാണ് ചെയ്തത് എന്ന് ഇതിൽനിന്നും വ്യക്തമാണ്.

(ഡി) കാരുണ്യ ബെനവലന്റ് സ്കീമിന്റെ പരിധിയിൽ വരുന്ന സർക്കാർ, സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികൾക്ക് വിതരണം ചെയ്ത തുകയുടെയും നൽകുവാനുള്ള തുകയുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സർക്കാർ കടം സ്രോതസ്സ് അടിസ്ഥാനത്തിൽ**

17(5765) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ വിദേശ, ആഭ്യന്തര സ്രോതസ്സുകളിൽ നിന്ന് എത്ര രൂപയുടെ കടം വാങ്ങിയിട്ടുണ്ടെന്ന വിവരം സ്രോതസ്സ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) എത്ര രൂപയുടെ കടം തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരിച്ചടച്ച കടങ്ങൾ ഏതൊക്കെ സ്രോതസ്സുകളിൽ നിന്ന് ഏതൊക്കെ തീയതികളിൽ എടുത്തതാണെന്നും ഓരോ സ്രോതസ്സിൽ നിന്നുമെടുത്ത കടത്തിന്റെ പലിശ എത്ര രൂപയായിരുന്നുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-8-2019 വരെ (1-4-2018 മുതൽ 31-8-2019 വരെയുള്ള താത്കാലിക കണക്കുകൾ ഉൾപ്പെടെ) ആഭ്യന്തരകടയിനത്തിൽ 59442.73 കോടി രൂപയും (തിരിച്ചടവ് കിഴിച്ച്) കേന്ദ്രസർക്കാർ (വിദേശ സഹായം) വായ്പ്പിനത്തിൽ - 18.57 കോടി രൂപയും (തിരിച്ചടവ് കിഴിച്ച്) വായ്പയായി എടുത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) 2016-17 മുതൽ 2019-20 വരെയുള്ള തിരിച്ചടവും പലിശയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | ആഭ്യന്തര കടം | | കേന്ദ്രസർക്കാർ വായ്പ | |
|---|---|---|---|---|
| | മുതൽ തിരിച്ചടവ് | പലിശ | മുതൽ തിരിച്ചടവ് | പലിശ |
| 2016-17 | 7233.29 | 9081.61 | 472.71 | 334.75 |
| 2017-18 | 12557.19 | 10622.77 | 574.91 | 314.90 |
| 2018-19 | അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല. | | | |
| 2019-20 | | | | |

**സർക്കാർ പൊതുവിപണിയിൽനിന്നും വായ്പ എടുത്ത തുകയുടെ കണക്ക്**

18(5766) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 സാമ്പത്തിക വർഷത്തിൽ ഇതുവരെ സർക്കാർ പൊതുവിപണിയിൽ നിന്നും വായ്പ എടുത്ത തുകയുടെ കണക്ക് ലഭ്യമാക്കുമോ; ഇതിന്റെ തിരിച്ചടവ് കാലാവധിയും, പലിശയും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 18-11-2019 വരെ പൊതുവിപണിയിൽനിന്നും സർക്കാർ എടുത്ത വായ്പകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വായ്പ എടുത്ത തുക (തുക കോടിയിൽ) | തിരിച്ചടവ് കാലാവധി | പലിശ നിരക്ക് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 1500 | 10 വർഷം | 8.17% |
| 2 | 500 | 10 വർഷം | 8.18% |
| 3 | 1000 | 10 വർഷം | 8.16% |
| 4 | 1000 | 10 വർഷം | 8.06% |
| 5 | 500 | 10 വർഷം | 8.01% |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 1000 | 10 വർഷം | 7.78% |
| 7 | 300 | 10 വർഷം | 7.59% |
| 8 | 429 | 10 വർഷം | 7.31% |
| 9 | 1000 | 10 വർഷം | 7.28% |
| 10 | 1000 | 10 വർഷം | 7.13% |
| 11 | 1000 | 10 വർഷം | 7.10% |
| 12 | 1000 | 10 വർഷം | 7.15% |
| 13 | 1453 | 10 വർഷം | 7.08% |
| 14 | 600 | 10 വർഷം | 7.11% |
| 15 | 400 | 10 വർഷം | 7.15% |
| 16 | 1000 | 10 വർഷം | 7.23% |
| ആകെ | 13682 | | |

## സംസ്ഥാനത്തിന്റെ പൊതുകടം

19(5767) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ പൊതുകടത്തിൽ എത്ര വർദ്ധനവുണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുകടം കുറയ്ക്കുന്നതിനും ധനക്കമ്മി കുറക്കുന്നതിനും അധിക വിഭവ സമാഹരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സർക്കാരിന് ഒരു വർഷം പരമാവധി എത്ര തുക കടം എടുക്കാൻ കഴിയും; ഈ സർക്കാർ ഓരോ വർഷവും കടമെടുത്ത തുകയും ചെലവഴിച്ച തുകയും എത്ര; എന്തെല്ലാം കാര്യത്തിനാണ് തുക ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം 1-4-2016 മുതൽ 31-8-2019 വരെ (1-4-2018 മുതൽ 31-8-2019 വരെയുള്ള താത്കാലിക കണക്കുകൾ ഉൾപ്പെടെ) 59,424.17 കോടി രൂപ (തനി) പൊതുകടമായി എടുത്തിട്ടുണ്ട്.

(ബി) റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുക, ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വിഭവ സമാഹരണത്തിനും ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവൽക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്.
6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:
    1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തി വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.
    2. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നീഷൻ സംവിധാനം (എ.എൽ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കി. മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനയിയിലൂടെ ഉറപ്പുവരുത്തുന്നു.

(സി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ മൂന്ന് ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് ചെലവഴിക്കുന്നത്.

2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കടബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | 2016-17 | 2017-18 | 2018-19 * | 2019-20* (ആഗസ്റ്റ് 31 വരെ) |
|---|---|---|---|---|
| കട ബാധ്യത (തനി) | 29083.54 | 24308.50 | 24365.46 | 14431.52 |

(അക്കൗണ്ട് ജനറലിന്റെ ലഭ്യമായ താത്കാലിക കണക്ക് പ്രകാരം)

**ജി.എസ്.ടി. നടപ്പിലാക്കിയശേഷമുള്ള നികുതി വരുമാനം**

20(5768) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് പ്രതീക്ഷിച്ച നികുതി വരുമാനവും ലഭിച്ച നികുതി വരുമാനവും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച വരുമാനം | ലഭിച്ച വരുമാനം | ശതമാനം |
|---|---|---|---|
| 2017-18 | 38945.26 | 38403.69 | 99 |
| 2018-19 | 41907.97 | 43707.51 | 104 |
| 2019-20 | 52959.79(BE) | 24416.84 (31-10-2019 വരെ) | |

* അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താത്കാലിക കണക്ക് പ്രകാരം

(ബി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. വ്യാപാരികൾ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകൾ സ്കൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ ക്രയവിക്രയങ്ങൾ പരിശോധനാ വിധേയമാക്കി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ., 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നീഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്ക സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. നികുതി ചോർച്ച, നികുതി വെട്ടിപ്പ്, അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവ കൂടുതൽ ശാസ്ത്രീയമായി കണ്ടെത്തി നികുതി നടപടികൾ കൂടുതൽ ലക്ഷ്യബോധത്തോടെ നിർവ്വഹിക്കുവാൻ ഉതകുന്നതിലേയ്ക്കായി വകുപ്പ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കേരള (IIITMK) യുമായി ഡാറ്റാ അനലറ്റിക്സ് ധാരണാ പത്രത്തിൽ ഒപ്പിട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷികാദായ നികുതി രംഗത്തെ പരിഷ്കാരങ്ങൾ**

21(5769) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷികാദായ നികുതി രംഗത്ത് വരുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ കൊണ്ടുണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) തോട്ടം മേഖലയിൽ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം തോട്ടം ഉടമകളിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് 15-10-2018-ലെ (കൈ)നമ്പർ 67/2018/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പരിഷ്കാരത്തിലൂടെ കാർഷിക വിളകളുടെ വിപണനത്തിലൂടെ ലഭിക്കുന്ന ആദായം കാർഷികാദായ നികുതി പരിധിയിൽനിന്നും ഒഴിവാക്കുന്നതാണ്.

**സാമ്പത്തിക പ്രതിസന്ധി**

22(5770) ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വ്യാപകമായ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഈ സർക്കാർ

സ്വീകരിച്ച നടപടികൾ ഒന്നും ഫലപ്രദമായിട്ടില്ല എന്നാണോ ഇത് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നികുതി പിരിവിലുണ്ടായതായി പറയപ്പെടുന്ന അനാസ്ഥയും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാൻ കാരണമായിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിരിക്കുമ്പോഴും അനാവശ്യ ചെലവും ധൂർത്തും നടത്തുന്നു എന്ന ആക്ഷേപം പരിശോധിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക്പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി സംസ്ഥാനത്തിന്റെ അടിയന്തര പ്രാധാന്യമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിലും സംസ്ഥാനത്ത് ആയത് പ്രകടമല്ലാത്തത് സർക്കാർ നടത്തുന്ന മേൽ പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്.

(ബി) രാജ്യം നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജനങ്ങളുടെ വാങ്ങൽ ശേഷിയിലുണ്ടായ കുറവാണ് പ്രസ്തുത പ്രശ്നത്തിന് നിദാനം. ഒരു തരത്തിലുള്ള അനാസ്ഥയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

(സി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും വികസനക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ടി നയത്തിൽനിന്നും നാളിതുവരെ സർക്കാർ വ്യതിചലിച്ചിട്ടില്ല.

**സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സെക്രട്ടറിതല സമിതി**

23(5771) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും വിഭവ സമാഹരണം മെച്ചപ്പെടുത്തുവാനും ലക്ഷ്യമാക്കി സെക്രട്ടറിതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സമിതിയുടെ എത്ര സിറ്റിംഗുകൾ ഇതിനകം നടന്നുവെന്നും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവുകൾ ചുരുക്കുന്നതിനും സമിതിയുടെ ശിപാർശകൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ;

(സി) വാർഷിക പദ്ധതി അടങ്കൽ വെട്ടിച്ചുരുക്കി ചെലവ് ചുരുക്കുവാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിന്റെ 25-10-2019-ലെ സ.ഉ.(സാധാ) നമ്പർ 457/2019/പി&ഇഎ ഉത്തരവ് പ്രകാരം സാമ്പത്തിക അച്ചടക്കം ഉറപ്പാക്കാനും വിഭവ സമാഹരണം മെച്ചപ്പെടുത്തുവാനും ധനകാര്യ-നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി താഴെ പറയുന്നവർ അംഗങ്ങളായി വിഭവസമാഹരണ കമ്മിറ്റി (RMC) രൂപീകരിച്ചിട്ടുണ്ട്.

1. അഡീഷണൽ ചീഫ് സെക്രട്ടറി (നികുതി (എക്സൈസ്))
2. അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്)

3. പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ)

4. പ്രിൻസിപ്പൽ സെക്രട്ടറി (ഗതാഗതം)

5. പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം (വിഭവം)), കൺവീനർ.

(ബി) സമിതിയുടെ ആദ്യ യോഗം 15-11-2019-ന് ചേർന്ന് റവന്യൂ, എക്സൈസ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും അധിക വിഭവ സമാഹരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ/ശിപാർശകൾ സമർപ്പിക്കുവാൻ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർ യോഗങ്ങളിൽ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

(സി) വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പദ്ധതി പദ്ധതിയേതര ചെലവുകളിൽ അനിവാര്യമായ നിയന്ത്രണം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

**സംസ്ഥാനത്തിന്റെ കടബാധ്യത**

24(5772) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടബാധ്യത ഈ സർക്കാരിന്റെ കാലത്ത് അതിഭീമമായ തോതിൽ വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര വർദ്ധനവാണ് 2016-ന് ശേഷം ഉണ്ടായിട്ടുള്ളത്; അറിയിക്കുമോ;

(ബി) 2016-17 മുതൽ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ലായെന്ന ആക്ഷേപം നിലനിൽക്കുമ്പോഴും കട ബാധ്യത നാൾക്കുനാൾ വർദ്ധിക്കുന്നതിനുള്ള കാരണം എന്താണ് എന്ന് വെളിപ്പെടുത്താമോ;

(സി) വിഭവ സമാഹരണം ഫലപ്രദമായി നടപ്പിലാക്കേണ്ട മേഖലയിൽ സർക്കാർ ഇടപെടൽ ഫലപ്രദമായി ഉണ്ടാകാത്തതാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കും കടം വർദ്ധിക്കുന്നതിനുമുള്ള കാരണം എന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

## ഉത്തരം

(എ & ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ച് നല്കിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിയായ GSDP യുടെ 3 ശതമാനത്തിനുള്ളിൽ നിന്നുകൊണ്ടു മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ. തനത് വരുമാനത്തിൽ കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് ഒരു പരിധിവരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽ നിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ് ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. ബജറ്റ് പ്രഖ്യാപനങ്ങൾ കാര്യക്ഷമമായിത്തന്നെ നടപ്പിലാക്കുന്നുണ്ട്.

(സി) റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ നികുതി ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി,എസ്.റ്റി.എൻ-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

## കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതി

25(5773) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോട്ടയം കോലത്തുനാട് ലൈൻസ് പാക്കേജ് പദ്ധതികളുടെ നടത്തിപ്പിനായി കിഫ്ബി നാളിതുവരെ എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ;

(ബി) കിഫ്ബി ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാർ പ്രകാരം ടെൻഡർ നടപടികളിൽ സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോട്ടയം കോലത്തുനാട് ലൈൻസ് പാക്കേജ് പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ബില്ല് ഒന്നും തന്നെ ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ സെന്റേജ് ചാർജ്ജിനത്തിൽ 1,35,45,754 രൂപ നൽകിയിട്ടുണ്ട്.

(ബി) ത്രികക്ഷി കരാറിലെ മൂന്നാമത്തെ വ്യവസ്ഥ പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസി എല്ലാ പ്രവൃത്തികളും സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാധിഷ്ഠിത ടെണ്ടറിലൂടെ കോൺട്രാക്ടറെ തെരഞ്ഞെടുക്കണം എന്ന് നിഷ്കർഷിട്ടുണ്ട്.

## കിഫ്ബി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പരിശോധന

26(5774) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മുപ്പത്തി ഒന്നാമത് ബോർഡ് മീറ്റിംഗിന്റെ അജണ്ട നമ്പർ 14 എന്തായിരുന്നു; അതിന്മേൽ ബോർഡ് എടുത്ത തീരുമാനം എന്തായിരുന്നു; പ്രസ്തുത ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചത് ആരായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) സർക്കാർ നടപ്പിലാക്കുന്നതും സാങ്കേതിക പരിജ്ഞാനം ആവശ്യമായിട്ടുള്ളതുമായ മുഴുവൻ പ്രോജക്ടുകളും സൂക്ഷ്മമായി പരിശോധിക്കുന്നതിന് ധനകാര്യ (സി.ടി.ഇ.) വിഭാഗത്തെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ കിഫ്ബി നടപ്പിലാക്കുന്ന പ്രോജക്ടുകൾ ധനകാര്യ (സി.ടി.ഇ.) വിഭാഗം പരിശോധിക്കേണ്ടതില്ലായെന്നും പ്രസ്തുത പ്രോജക്ടുകൾ കിഫ്ബി തന്നെ പരിശോധിച്ചാൽ മതിയെന്നും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ;

(സി) മേൽ വിഷയം പരിശോധിച്ച ഫയലിൽ സി.ടി.ഇ. കിഫ്ബിയുടെ നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നോ; പ്രസ്തുത നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഉത്തരം

(എ&ബി) കിഫ്ബിയുടെ മുപ്പത്തി ഒന്നാമത് ബോർഡ് യോഗത്തിൽ 14-ാമത് അജണ്ടയായി കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായുള്ള പൊതു മാർഗ്ഗരേഖയും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗത്തിനായുള്ള പ്രവർത്തന മാർഗ്ഗരേഖയും അംഗീകാരത്തിനായി സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു. പുനഃസംഘടിക്കപ്പെട്ട കിഫ് ആക്റ്റിൽ കിഫ്ബി മുഖേന ധനസഹായം ലഭ്യമാകുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ആവശ്യകത നിഷ്കർഷിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി പ്രവർത്തിച്ചുവരുന്നു. കിഫ്ബി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഈ സാഹചര്യത്തിൽ ഒരേ പദ്ധതികൾക്ക് സമാന്തരമായി ധനകാര്യവകുപ്പിനുകീഴിൽ തന്നെ മറ്റൊരു വിഭാഗമായ സി.റ്റി.ഇ.-യുടെ സേവനം കൂടി ആവശ്യമില്ലാത്ത സാഹചര്യത്തിൽ, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിൽ നിന്നും കിഫ്ബി പദ്ധതികളെ ഒഴിവാക്കുന്നതിന് ബോർഡ് തലത്തിൽ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി സമർപ്പിക്കുവാനും തീരുമാനിച്ചു. പ്രസ്തുത മീറ്റിംഗിന്റെ അദ്ധ്യക്ഷൻ കിഫ്ബോർഡ് ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയായിരുന്നു.

(സി) പ്രസ്തുത വിഷയം ധന വകുപ്പിൽ പരിശോധിക്കുകയും കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം ഉത്തരവാദിത്വങ്ങൾ സി.ടി.ഇ തലത്തിൽ ആവർത്തിക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കുകയും ചെയ്തു. അതേസമയം ഏതെങ്കിലും തരത്തിലുള്ള Specific report-ന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിക്കുന്ന കിഫ്ബി പ്രവർത്തികളിൽ സി.ടി.ഇ പരിശോധന ആകാവുന്നതാണ്.

**നേമം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

27(5775)ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ പണി ആരംഭിച്ചതും ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) പദ്ധതികളുടെ പണി തുടങ്ങാതിരിക്കാൻ കാരണമെന്തെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)നേമം നിയോജക മണ്ഡലത്തിലേയ്ക്ക് മാത്രമായി കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നേമം നിയോജക മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ രണ്ട് പദ്ധതികളിൽ ഒന്നിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭ്യമാക്കിക്കഴിഞ്ഞു. തുടർ നടപടികൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി നടത്തിവരുന്നു.

**വേങ്ങര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

28(5776) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; അവ ഓരോന്നും നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിക്കും കിഫ്ബി വഴി ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ നൽകാമോ;

(സി) കിഫ്ബി വഴി കൂടുതൽ പദ്ധതികൾ പ്രസ്തുത മണ്ഡലത്തിൽ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വേങ്ങര നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടത്തുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* അവയിൽ കിഫ്ബി അംഗീകാരം നൽകിയ രണ്ട് പദ്ധതികളുടെ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.* ഭരണാനുമതി നൽകുന്നത് ബന്ധപ്പെട്ട വകുപ്പുകളാണ്. സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകുന്നത്.

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾക്കായി ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസി വിശദമായി പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നത് പരിഗണിക്കുന്നതാണ്.

**മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

29(5777) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബിയിലൂടെ പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര തുകയുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചിരുന്ന ഏതെല്ലാം പദ്ധതികളാണ് ഒഴിവാക്കിയതെന്നറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഒഴിവാക്കാൻ ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ആകെ 351.08 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) മഞ്ചേരി നിയോജക മണ്ഡലത്തിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ കിഫ്ബിയിൽ ലഭിച്ച പദ്ധതികളൊന്നുംതന്നെ ഇതേവരെ ഒഴിവാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോന്നി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

30(5778) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ 2016 മുതൽ കിഫ്ബി മുഖാന്തരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ ഏതെല്ലാമാണ്; ഇനി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോന്നി നിയോജകമണ്ഡലത്തിൽ 2016 മുതൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെയും അവയ്ക്ക് അനുവദിച്ച തുകകളുടെയും വിവരമുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കോന്നി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മറ്റ് പദ്ധതികൾക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകളൊന്നുംതന്നെ പരിശോധനയ്ക്കായി കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

## കൊച്ചി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

31(5779) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കൊച്ചി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുവാൻ പ്രഖ്യാപിച്ചതും അവയിൽ കിഫ്ബി അംഗീകാരം നൽകിയതുമായ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തികളുടെയും നിർമ്മാണത്തിന്റെ കാലാവധി എന്നത്തേയ്ക്ക് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ പ്രവൃത്തികളുടെ തുടർന്നുള്ള നടപടിക്രമങ്ങൾക്ക് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഘൂകരിച്ച് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഈ സർക്കാർ കാലയളവിൽ കൊച്ചി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുവാൻ പ്രഖ്യാപിച്ചതും അവയിൽ കിഫ്ബി അംഗീകാരം നൽകിയതുമായ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും കരാറിൽ ഏർപ്പെട്ട പദ്ധതികളുടെ നിർമ്മാണത്തിന്റെ കാലാവധി അവസാനിക്കുന്ന തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ തുടർന്നുള്ള നടപടികൾ വേഗത്തിലാക്കാൻ നിശ്ചിത സമയ ഇടവേളകളിൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ ഭരണ വകുപ്പും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പദ്ധതികളുടെ അവലോകന യോഗങ്ങൾ നടത്തിവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

32(5780) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളിൽ ചിലതിന് എന്തുകൊണ്ടാണ് കിഫ്ബി അംഗീകാരം വൈകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

കിഫ്ബിയിൽ ലഭ്യമായ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികളിൽ രണ്ടെണ്ണമൊഴികെയുള്ള പദ്ധതികൾക്കെല്ലാം അംഗീകാരം നൽകിയിട്ടുണ്ട്. ചേരങ്ങാനാൽ-നേരിയമംഗലം മലയോര ഹൈവേ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് (KRFB) 7-6-2019-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ മറുപടി റിപ്പോർട്ട് ഇതേവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല.

ചേലാട് സ്റ്റേഡിയം പദ്ധതിയുടെ വിശദമായ റിപ്പോർട്ട് പരിശോധിച്ചതിനെത്തുടർന്ന് സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO-യ്ക്ക് നൽകിയതിന്മേൽ മറുപടി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് കിഫ്ബി പരിശോധിച്ചുവരുന്നു. ഇത്തരത്തിൽ കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് കാലതാമസമുണ്ടായിട്ടില്ല.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാലക്കാട് ജില്ലയിലെ കിഫ്ബി പ്രവൃത്തികൾ

33(5781) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബി വഴി നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ എത്ര തുകയ്ക്കുള്ള പദ്ധതികളാണ് പൂർത്തിയാക്കിയതെന്ന് പാലക്കാട് ജില്ലയിലെ നിയോജകമണ്ഡലങ്ങൾ തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഇതിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ 35 കോടി രൂപയുടെയും ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പത്ത് കോടി രൂപയുടെയും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്.

## പ്രവാസികൾക്കായി കിഫ്ബി വഴി നിക്ഷേപപദ്ധതി

34(5782) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി കിഫ്ബി വഴി നിക്ഷേപപദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിക്ഷേപത്തിനുള്ള പലിശ ഏത് രീതിയിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രവാസികൾക്കായി കിഫ്ബി വഴി നിക്ഷേപ പദ്ധതി വിഭാവനം ചെയ്തിട്ടില്ല. എന്നാൽ 2-9-2019-ലെ സ.ഉ.(കൈ) നം. 12/2019/നോർക്ക പ്രകാരം പ്രവാസി മലയാളികൾക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന രീതിയിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. പ്രവാസികൾ ഒരു നിശ്ചിത തുക പ്രവാസി ക്ഷേമ ബോർഡ് മുഖേന നിക്ഷേപിക്കുവാൻ മൂന്ന് വർഷത്തിനുശേഷം പ്രവാസിക്കോ അയാളുടെ അവകാശിക്കോ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക മാസ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വരുമാനമായി നൽകുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ പദ്ധതിയിൻകീഴിൽ നിക്ഷേപം സ്വീകരിക്കുന്നതിലേയ്ക്കായി സർക്കാരിനാൽ നിശ്ചയിച്ചിട്ടുള്ള ഏജൻസി മാത്രമാണ് കിഫ്ബി. നിക്ഷേപത്തിന് നിലവിൽ 10% പലിശ നൽകുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ 9% കിഫ്ബിയും ഒരു ശതമാനം പലിശ സർക്കാരും നൽകും.

## ആസ്തി വികസന ഫണ്ടുപയോഗിച്ച്നടക്കുന്ന പ്രവൃത്തികളുടെ പുരോഗതി

35(5783) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ ഭരണാനുമതിയുടെ പകർപ്പ് എം.എൽ.എ.മാർക്ക് ലഭിക്കാറുണ്ടെങ്കിലും അതിനുശേഷം പ്രവൃത്തിയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ അറിയിക്കുന്ന സംവിധാനം നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രോജക്ടിന്റെ ഓരോ മാസവും നടക്കുന്ന പുരോഗതി എം.എൽഎ.-മാരെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതികൾ കൈകാര്യം ചെയ്യുന്നത് എൽ.എ.സി. എ.ഡി.എസ്. പോർട്ടൽ വഴിയാണ് (www.ads2.kerala.gov.in). എം.എൽ.എ.-മാർ പ്രവൃത്തികൾ ശിപാർശ ചെയ്ത് ഭരണാനുമതി നൽകുന്നതുവരെയുള്ള കാര്യങ്ങളാണ് പോർട്ടൽ ഉപയോഗിച്ച് ചെയ്തുവരുന്നത്. ഭരണാനുമതിക്കുശേഷം പ്രവൃത്തികളുടെ സാങ്കേതികാനുമതി, ടെണ്ടർ, നിർവ്വഹണം എന്നിവ വിവിധ സർക്കാർ എഞ്ചിനീയറിംഗ് വിംഗുകളും അക്രഡിറ്റഡ് ഏജൻസികളുമാണ് ചെയ്തുവരുന്നത്. സാങ്കേതികാനുമതി, ടെണ്ടർ, നിർവ്വഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം പോർട്ടലിലൂടെ ലഭ്യമാകുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് വിംഗുകളേയും അക്രഡിറ്റഡ് ഏജൻസികളേയും പോർട്ടലിന്റെ ഭാഗമാക്കേണ്ടതുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്. 29-12-2017-ലെ സ.ഉ. (അച്ചടി) നമ്പർ 161/2017/ധന-യുടെ ഖണ്ഡിക 3.2.4 പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (എം.എൽ.എ. -എസ്.ഡി.എഫ്.) -യിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നാല് മാസത്തിലൊരിക്കൽ ജില്ലാ കളക്ടർമാർ എം.എൽ.എ.-മാർക്ക് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## വർക്കല മണ്ഡലത്തിലെ പ്രത്യേക വികസന പദ്ധതി

36(5784) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല മണ്ഡലത്തിൽ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ പൂർത്തീകരിക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിച്ച പ്രവൃത്തികൾ ഓരോന്നിനും ടെണ്ടർ സേവിംഗ്സ് എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - ഡി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഇരിക്കൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്

37 (T* 5785) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്കാണ് ശിപാർശ നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ വർഷവും ഭരണാനുമതി നൽകിയ ഏതെല്ലാം പദ്ധതികളുടെ ഫണ്ട് ഇനിയും ചെലവഴിച്ചിട്ടില്ലായെന്നത് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഫണ്ടിൽ എം.എൽ.എ. മാരുടെ ശിപാർശ ലഭിച്ച് ഒരു മാസത്തിനുള്ളിൽ ഭരണാനുമതി നൽകി ടെണ്ടർ വിളിക്കുന്നതിന് നടപടി സ്വീകരിക്കാനുള്ള വ്യവസ്ഥകൾ നടപ്പാക്കുമോ എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ& ബി) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. 2017-18, 2018-19 സാമ്പത്തിക വർഷം ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും ഓരോ വർഷവും ശിപാർശ നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു* . പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി നൽകിയതിൽ ഫണ്ട് ഇനിയും ചെലവഴിച്ചിട്ടില്ലാത്ത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) ശിപാർശ ലഭിച്ച പ്രവൃത്തികൾക്ക് ആസ്തി വികസന പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം അനുവദിച്ച സമയപരിധിക്കുള്ളിൽ ഭരണാനുമതി നൽകി നിർവ്വഹണ ഉദ്യോഗസ്ഥൻമാർ ടെൻഡർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്.

## ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി സ്കൂളുകൾക്ക് ബസ്

38(5786) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ചുമതല നിർവ്വഹിക്കൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാക്കിയിട്ടും പ്രൊപ്പോസലുകൾ വീണ്ടും സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 2018-19- ലെ ആസ്തി വികസന ഫണ്ടുപയോഗപ്പെടുത്തി സ്കൂൾ ബസ് വാങ്ങി നൽകുന്നതിനുള്ള ഏതെങ്കിലും പ്രൊപ്പോസലുകൾ ഒന്നിൽ കൂടുതൽ പ്രാവശ്യം ധനകാര്യവകുപ്പിന്റെ അനുമതിക്കായി ലഭ്യമാക്കിയിട്ടുണ്ടോ; അതിനു കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ.ഉ.(അ) നമ്പർ 178/2016/ധന. തീയതി 9-12-2016 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുതൽ സ്കൂൾ ബസുകൾ വാങ്ങുന്നതിനായി ബഹു. എം.എൽ.എ.-മാർ സമർപ്പിക്കുന്ന ശിപാർശകൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണ്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ബഹു.എം.എൽ.എ.-മാർ സമർപ്പിക്കുന്ന ഇത്തരം ശിപാർശകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയക്കേണ്ടതില്ല. ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടത് ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഉപ ഡയറക്ടർമാരാണ്. സ്കൂൾ ബസ് വാങ്ങുന്നതിനുള്ള ചെലവ് വഹിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് പൊതുവിദ്യാഭ്യാസ സെക്രട്ടറി നിയന്ത്രണാധികാരിയായിട്ടുള്ള '4202-01-800-84-Projects Under LAC-ADS-Other Projects (NP)' എന്ന ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽനിന്ന് ഫണ്ട് അനുവദിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയ ഫയലുകൾക്ക് ധനകാര്യ വകുപ്പ് മറുപടി നൽകിയിട്ടുണ്ട്.

## വൈക്കം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്

39(5787) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈക്കം നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

## നാട്ടിക നിയോജകമണ്ഡലത്തിലെ എം.എൽ.എ.-എ.ഡി.എഫ്./ എസ്.ഡി.എഫ്. പ്രവൃത്തികൾ

40(5788) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ നാട്ടിക നിയോജകമണ്ഡലത്തിലെ. എം.എൽ.എ.-എ.ഡി.എഫ്./എസ്.ഡി.എഫ്.പ്രകാരം തുടങ്ങിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിവരം നൽകുമോ ;

(ബി) ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പും തുകയും അറിയിക്കാമോ ;

(സി) 2016-17-ൽ എത്ര തുക ചെലവായിയെന്നും ബാക്കി എത്രയുണ്ടെന്നും ടെണ്ടർ ബാലൻസ് ഇനത്തിൽ എത്ര തുക ബാക്കിയുണ്ടെന്ന വിവരവും നൽകാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17-ൽ നാട്ടിക നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം തുടങ്ങിയ പ്രവൃത്തികളുടെ വിവരങ്ങൾ, ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ ശേഖരിച്ചുവരുന്നു. 2016-17-ൽ നാട്ടിക നിയോജകമണ്ഡലത്തിലെ എം.എൽ.എ. എസ്.ഡി.എഫ്. പ്രകാരം തുടങ്ങിയ പ്രവൃത്തികളുടെ വിവരങ്ങൾ, ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) 2016-17-ൽ എം.എൽ.എ.-എ.ഡി.എഫ്. പദ്ധതിയിൽ എത്ര തുക ചെലവായിയെന്നും ബാക്കി എത്രയുണ്ടെന്നും സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. എസ്.ഡി.എഫ്. Opening Balance 1,07,12,974 രൂപ ആയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം 16 പ്രവൃത്തികൾക്കായി 1,02,72,161 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഇവയിൽ പൂർത്തീകരിച്ച പതിനഞ്ച് പ്രവൃത്തികളുടെ തുകയായ 95,37,047 രൂപ എം.എൽ.എ. എസ്.ഡി.എഫ്. 2016-17 -ൽ നിന്നും ചെലവായിട്ടുള്ളതാണ്. 2016-2017 സാമ്പത്തിക വർഷം ചെലവഴിക്കാതെ ബാക്കിവന്ന തുകയായ 11,75,927 രൂപ 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളതാണ്. നിയമസഭാ സാമാജികരുടെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് പ്രാബല്യമുള്ളത്. നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യുടെയും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാർട്ട് ടൈം സ്വീപ്പർ/വാച്ച്മാൻ തുടങ്ങിയ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമനം

41(5789) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1975-ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എല്ലാ വകുപ്പിലെയും ശുചീകരണ സുരക്ഷാ ജോലികൾക്ക് കുടുംബശ്രീ, കെക്സ്കോൺ എന്നീ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാമെന്ന് വ്യവസ്ഥ ചെയ്യുന്ന 25-11-2005 ലെ ധനകാര്യവകുപ്പിന്റെ സർക്കുലർ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർക്കുലർ റദ്ദാക്കുമോ;

(ബി) സമുദായിക സംവരണതത്വങ്ങളും അംഗീകൃത മാനദണ്ഡങ്ങളും ഇല്ലാതാക്കി പിൻവാതിൽ നിയമനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ 5-10-2019 ലെ 84/2019/ധന എന്ന സർക്കുലർ പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന് വിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ സർക്കുലർ പിൻവലിച്ച് പാർട്ട് ടൈം സ്വീപ്പർ/വാച്ച്മാൻ തുടങ്ങിയ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമനം നടത്തുവാൻ നടപടി എടുക്കാമോ;

(ഡി) പാർട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനത്തിൽ നിന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഒഴിവാക്കുവാനും ഈ തസ്തികകളിൽ അതാത് വകുപ്പുകൾക്ക് കരാർ നിയനമം നടത്തുവാൻ അധികാരം നൽകി ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 5-10-2019-ലെ 84/2019/ധന നമ്പർ സർക്കുലർ തൊഴിൽ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിച്ചിട്ടുള്ളതാണോയെന്നും ഇത്തരത്തിൽ സർക്കുലർ പുറപ്പെടുവിക്കാനുള്ള സാഹചര്യമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) പാർട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ താൽക്കാലിക/ സ്ഥിരം നിയമനങ്ങൾ ഇപ്പോൾ നടത്തുന്നത് ഏതെല്ലാം നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 25-11-2005-തീയതിയിലെ സ.ഉ.(പി) നമ്പർ 501/2005/ധന ഉത്തരവിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ പാർട്ട് ടൈം

സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനു മതിയായ സ്വീപ്പിംഗ് ഏരിയ ഇല്ലാത്ത ഓഫീസുകളിൽ ശുചീകരണ ജോലിക്കായും സുരക്ഷാ ജോലിക്കായും യഥാക്രമം കുടുംബശ്രീ, കെക്സ്സോൺ എന്നീ സ്ഥാപനങ്ങളുമായി കരാർ ഏർപ്പെടുത്താൻ 5-10-2019-ലെ 84/2019/ധന നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. ഈ സർക്കുലർ 4-12-2019-ലെ സർക്കുലർ നമ്പർ. 95/2019/ധന ഉത്തരവുപ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) 4-12-2019-ലെ സർക്കുലർ നമ്പർ 95/2019/ധന ഉത്തരവുപ്രകാരം 5-10-2019-ലെ 84/2019/ധന എന്ന സർക്കുലർ റദ്ദാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ചോദ്യത്തിനു പ്രസക്തിയില്ല.

(സി) 4-12-2019-ലെ സർക്കുലർ 95/2019/ധന പ്രകാരം 5-10-2019-ലെ 84/2019/ധന എന്ന സർക്കുലർ റദ്ദാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ചോദ്യത്തിനു പ്രസക്തിയില്ല.

(ഡി) ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 5-10-2019-ലെ 84/2019/ധന നമ്പർ സർക്കുലർ 4-12-2019-ലെ സർക്കുലർ നമ്പർ 95/2019/ധന പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

(ഇ) പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനങ്ങൾ 1975-ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നടത്തുന്നത്. 25-11-2005-തീയതിയിലെ സ.ഉ.(പി) നമ്പർ 501/2005/ധന ഉത്തരവ്, 6-2-2010-ലെ സ.ഉ.പി.61/2010 എന്നിവ പ്രകാരമാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തുന്നതു സംബന്ധിച്ചും കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നതു സംബന്ധിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

## നബാർഡിൽ നിന്നുള്ള വായ്പ

42(5790) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ൽ നബാർഡ് സംസ്ഥാനത്തിന് വായ്പ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് വായ്പ അനുവദിച്ചത്; വിശദമാക്കാമോ;

(ബി) ഇത് ഏതെല്ലാം മേഖലയിൽ വിനിയോഗിക്കുവാനാണ് അനുവദിച്ചതെന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡിൽ നിന്നും ലഭിച്ച വായ്പകൾ ഏതെല്ലാം മേഖലകളിലാണ് വിനിയോഗിച്ചത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 2019-20 സാമ്പത്തിക വർഷം 500 കോടി രൂപയുടെ പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം നബാർഡ് വായ്പയായി നാളിതുവരെ 171,49,28,000 രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ കാർഷിക മേഖലയിൽ 7964.3 ലക്ഷം രൂപയും സാമൂഹ്യ മേഖലയിൽ 6785.97 ലക്ഷം രൂപയും റൂറൽ കണക്ടിവിറ്റി മേഖലയിൽ 2399.01 ലക്ഷം രൂപയുമാണ് വിനിയോഗിച്ചിട്ടുള്ളത്.

(ബി) കാർഷിക അനുബന്ധമേഖല (Agriculture and related sectors), സാമൂഹ്യ മേഖല (Social Sectors), റൂറൽ കണക്ടിവിറ്റി (Rural Connectivity) എന്നീ മൂന്ന് മേഖലകളിൽ വിനിയോഗിക്കുന്നതിനുവേണ്ടിയാണ് നബാർഡ് വായ്പ അനുവദിച്ചിരിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് RIDF (Rural Infrastructure Development Fund), WIF (Warehouse Infrastructure Fund), FPF (Food Processing Fund) എന്നീ ഇനത്തിൽ വായ്പയായി കാർഷിക അനുബന്ധ മേഖല, സാമൂഹ്യ മേഖല, റൂറൽ കണക്ടിവിറ്റി എന്നീ മൂന്ന് മേഖലകളിൽ വിനിയോഗിക്കുന്നതിനായി 229050.317 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

| ക്രമ നമ്പർ | മേഖല | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| 1 | കാർഷിക അനുബന്ധ മേഖല | 41964.01 | 21908.207 | 18413.82 | 7964.3 |
| 2 | സാമൂഹ്യ മേഖല | 23130.16 | 25304.27 | 28006.27 | 6785.97 |
| 3 | റൂറൽ കണക്ടിവിറ്റി | 21789.79 | 11652.95 | 19731.56 | 2399.01 |
| ആകെ | | 86883.96 | 58865.427 | 66151.65 | 17149.28 |

**ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്ന സെക്രട്ടേറിയറ്റ് ജീവനക്കാർ**

43(5791) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്(ധനകാര്യ വകുപ്പ്) ജീവനക്കാരിൽ എത്ര പേർ സെക്രട്ടേറിയറ്റിന് പുറത്ത് ഡെപ്യൂട്ടേഷനിൽ നിലവിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേര് വിവരങ്ങളും സെക്രട്ടേറിയറ്റിലെ തസ്തികയും ഇപ്പോഴത്തെ തസ്തികയും ഏതൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽ വകുപ്പിനായി മാറ്റി വച്ചിട്ടുള്ളവയുൾപ്പെടെ വിവിധ തസ്തികകളിലായി 167 ജീവനക്കാർ സെക്രട്ടേറിയറ്റിന് പുറത്ത് ഡെപ്യൂട്ടേഷനിൽ നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) വിശദാംശങ്ങൾ പ്രത്യേക ലിസ്റ്റായി ഉള്ളടക്കം ചെയ്യുന്നു.+

**ഹൗസ് ബിൽഡിംഗ് അഡ്വാൻസ് പദ്ധതി**

44(5792) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് മുഖേന നൽകിയിരുന്ന ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഭവനനിർമ്മാണത്തിനായി നൽകുന്ന ഡിപ്പാർട്ട്മെന്റ് വായ്പയുടെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) പഴയ രീതിയിൽ ജിവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പ നിർത്തലാക്കിയിട്ടില്ല. 12-11-2009-ലെ ജി.ഒ.(പി) നമ്പർ 505/2009/ഫിൻ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകി വന്നിരുന്ന ഭവന നിർമ്മാണ വായ്പ 5-7-2018-ലെ ജി.ഒ.(പി) നമ്പർ 105/208/ഫിൻ., 11-9-2018-ലെ ജി.ഒ.(പി) നമ്പർ 143/2018/ഫിൻ. എന്നീ ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്.

(ബി) സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിലെന്നപോലെ പുതുതായി ഭവനം നിർമ്മിക്കുന്നതിനോ വീടും സ്ഥലവും/ഫ്ലാറ്റ് വാങ്ങുന്നതിനോ ഉള്ള അപേക്ഷകൾ മാത്രമാണ് പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പാ പദ്ധതിയിലും പരിഗണിക്കപ്പെടുന്നത്. സംസ്ഥാന സർവ്വീസിൽ അഞ്ച് വർഷം മുഴുവൻ സമയ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സേവനം പൂർത്തിയായതും 50 മാസ സർവ്വീസ് (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31 പ്രകാരം) അവശേഷിക്കുന്നതും സ്വന്തമായോ സ്പൗസിന്റെ/ പ്രായപൂർത്തിയാകാത്ത മക്കളുടെയോ പേരിൽ വീടില്ലാത്തതുമായ സർക്കാർ ജീവനക്കാർക്ക് സ്വന്തം പേരിലോ സ്പൗസിന്റെ പേരിലോ ഉള്ള വസ്തുവിൽ വീട് നിർമ്മിക്കുന്നതിനോ വീടും സ്ഥലവും/ഫ്ലാറ്റ് വാങ്ങുന്നതിനോ വായ്പയെടുക്കാവുന്നതാണ്. സർക്കാർ ജീവനക്കാർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ ശമ്പളം) 50 ഇരട്ടി പരമാവധി 20 ലക്ഷം വരെ ഒറ്റയ്ക്കോ/സംയുക്തമായോ (സർക്കാർ ജീവനക്കാരായ ദമ്പതിമാർ) ആണ് ഭവന വായ്പ ബാങ്കിൽ നിന്ന് എടുക്കേണ്ടത്. ഒറ്റ തവണ മാത്രമാണ് സർക്കാർ ഭവന വായ്പാ പദ്ധതി പ്രകാരം വായ്പയെടുക്കാൻ സാധിക്കുക. ഇത്തരം വായ്പകൾക്ക് 3.25% നിരക്കിൽ സർക്കാർ സബ്സിഡി നൽകുന്നതാണ്. ടി പദ്ധതി പ്രകാരം ജീവനക്കാർക്ക് ബാങ്കിൽ ശമ്പള അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും വായ്പയെടുത്തതിനുശേഷം ശമ്പള അക്കൗണ്ടോ വായ്പയോ മറ്റ് ബാങ്കുകളിലേയ്ക്ക് മാറ്റുവാൻ പാടുള്ളതുമല്ല. ജീവനക്കാർ ഡി.ഡി.ഒ.-മാരിൽ നിന്നും NOC ലഭ്യമാക്കി അസ്സൽ വായ്പാ രേഖകളും കൂടി ബാങ്കിൽ സമർപ്പിച്ച് വായ്പ ലഭ്യമാക്കിയ ശേഷം ബാങ്കിൽ നിന്നുള്ള വായ്പാ അനുമതി പത്രം ഡി.ഡി.ഒ.-ക്ക് സമർപ്പിക്കേണ്ടതാണ്. ഡെഡിക്കേറ്റഡ് സോഫ്റ്റ്‌വെയർ (നിർമ്മാണ ഘട്ടത്തിലാണ്) മുഖേന ഡി.ഡി.ഒ.-മാർ ജീവനക്കാരുടെ വായ്പാ വിവരങ്ങൾ ധനകാര്യ വകുപ്പിലേയ്ക്ക് അറിയിക്കേണ്ടതും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ച് അർഹമായ ജീവനക്കാരെ സബ്സിഡിക്ക് പരിഗണിക്കുന്നതുമാണ്. സബ്സിഡി ലഭിക്കുന്നതിനായി വായ്പാ തിരിച്ചടവ് വിവരങ്ങൾ ഡി.ഡി.ഒ.-മാർക്ക് വാർഷിക റിപ്പോർട്ട് നൽകേണ്ടതും അത് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. അങ്ങനെ ടി റിപ്പോർട്ട് ലഭ്യമാക്കാത്ത ജിവനക്കാർക്ക് പലിശ സബ്സിഡി തുടർന്ന് അനുവദിക്കുന്നതല്ല.

(സി) 2018-19 സാമ്പത്തിക വർഷം മുതൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ബാങ്ക്/ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് എടുക്കേണ്ടത്. ആയതിനാൽ പഴയ രീതിയിൽ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം വായ്പ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.

## ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

45(5793) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഉണ്ട്. 6-11-2019-ലെ സ.ഉ.(കൈ) നമ്പർ 414/2019/ധന. പ്രകാരം ശ്രീ. കെ. മോഹൻദാസ് ഐ.എ.എസ്. (റിട്ട.) ചെയർമാനും പ്രൊഫ. എം. കെ. സുകുമാരൻ നായർ, അഡ്വ. അശോക് മാമൻ ചെറിയാൻ എന്നിവർ അംഗങ്ങളായും പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ സർക്കാർ നിയോഗിക്കുകയും ആറു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിയുക്ത കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**ഹിൽ ട്രാക്റ്റ് അലവൻസ് ലഭിക്കുന്ന പ്രദേശങ്ങൾ**

46(5794) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-1-2016-ലെ ജി.ഒ. (പി)7/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളിൽ ഹിൽ ട്രാക്റ്റ് അലവൻസ് ലഭിക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) ആർക്കൊക്കെയാണ് ഈ അലവൻസിന് അർഹതയുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ആർ. അനുബന്ധം 9-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കാണ് ഹിൽ ട്രാക്റ്റ് അലവൻസ് ലഭിക്കുന്നതിന് അർഹതയുള്ളത്.

വ്യത്യസ്ത അടിസ്ഥാന ശമ്പളമുള്ള ജീവനക്കാർക്ക് ലഭിക്കുന്ന ഹിൽ ട്രാക്റ്റ് അലവൻസിന്റെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ 20-1-2016-ലെ ജി.ഒ.(പി) നമ്പർ 7/2016/ധന. നമ്പർ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 22-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കെ.എസ്.ആർ. അനുബന്ധം 9-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### സ്പാർക്ക് ഡാറ്റാബേസ് അനുസരിച്ചുള്ള ജീവനക്കാരുടെ എണ്ണം

47(5795) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് ഡേറ്റാബേസ് അനുസരിച്ച് 2019 ഒക്ടോബർ മാസത്തെ സർക്കാർ സ്ഥിരം ജീവനക്കാരുടെ എണ്ണം ലഭ്യമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) 2019 ഒക്ടോബർ മാസം അടിസ്ഥാനമാക്കി സ്പാർക്ക് ഡേറ്റാ ബേസ് അനുസരിച്ചുള്ള താത്കാലിക കരാർ ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്പാർക്ക് ഡാറ്റാബേസ് അനുസരിച്ച് ഒക്ടോബർ മാസത്തെ ശമ്പളം പ്രോസസ് ചെയ്ത് എൻകാഷ് ചെയ്ത സർക്കാർ സ്ഥിരം ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു*.

(ബി) 2019 ഒക്ടോബർ മാസം പ്രോസസ് ചെയ്ത് എൻകാഷ് ചെയ്ത വേതനം അടിസ്ഥാനമാക്കി സ്പാർക്ക് ഡാറ്റാബേസ് അനുസരിച്ച് 93,875 താത്കാലിക/കരാർ ജീവനക്കാരുണ്ട്.

### പണിമുടക്കിയ ജീവനക്കാരുടെ ശമ്പളം

48(5796) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ ജീവനക്കാർ നടത്തിയ പണിമുടക്കിനെത്തുടർന്ന് പണിമുടക്കിയ ജീവനക്കാരുടെ ശമ്പളം തടഞ്ഞുവെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തടഞ്ഞുവെച്ചിട്ടുണ്ടെങ്കിൽ എത്ര ജീവനക്കാരുടെ ശമ്പളമാണ് തടഞ്ഞുവെച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 26-12-2012 തീയതിയിലെ സ.ഉ.(പ) നമ്പർ 385/2012/പൊ.ഭ.വ. പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ പണിമുടക്കിയ ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കിയിട്ടുണ്ട്.

(ബി)8-1-2013 മുതൽ 13-1-2013 വരെയുള്ള ദിവസങ്ങളിൽ പണിമുടക്കിയ ജീവനക്കാരിൽ സ്പാർക്ക് മുഖേന ശമ്പളം വാങ്ങിക്കൊണ്ടിരുന്ന 1,11,364 പേരുടെ ശമ്പളം തടഞ്ഞുവച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാർ ജീവനക്കാർക്ക് കോമ്പൻസേഷൻ അലവൻസ്

49(5797) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 15-10-2019-ൽ ധനകാര്യ വകുപ്പിലേയ്ക്കയച്ച 12220/എംഎസി1/19-ാം നമ്പർ ഫയലിന്മേൽ ധനകാര്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോമ്പൻസേഷൻ അലവൻസ് ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡത്തെക്കുറിച്ച് വിശദമാക്കാമോ; ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ്/സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ധനകാര്യ വകുപ്പിൽ കോമ്പൻസേഷൻ അലവൻസ് ലഭ്യമാകുന്ന തസ്തികകൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത ശിപാർശ ധനവകുപ്പിൽ പരിശോധിക്കുകയും 18-11-2019-ലെ കത്ത് പ്രകാരം 'പുതിയ അലവൻസുകൾ അനുവദിക്കണമെന്ന ശിപാർശ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്കായി നൽകുവാൻ അഭ്യർത്ഥിച്ച് നിയമസഭാ സെക്രട്ടേറിയറ്റിന് മറുപടി നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് ഓഫീസ് സമയം തികയാതെ വരുന്ന സാഹചര്യങ്ങളിൽ ജീവനക്കാർ അധിക സമയവും ചിലപ്പോൾ അവധി ദിവസങ്ങളിലും പ്രവൃത്തി എടുക്കേണ്ടതായി വരും. ഇത്തരം വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സാധാരണയിൽനിന്നും ഉണ്ടാകുന്ന അധിക ചെലവ് ഒരു പരിധിവരെ പ്രതിപൂരണം ചെയ്യപ്പെടുക എന്ന ഉദ്ദേശത്തിലാണ് കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചുവരുന്നത്. കോമ്പൻസേറ്ററി അലവൻസുകളുടെ നിരക്കുകൾ ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

(സി) ധനകാര്യ വകുപ്പിൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട സെക്ഷനുകളിലെ ജീവനക്കാർക്കാണ് കോമ്പൻസേറ്ററി അലവൻസ് ലഭ്യമാക്കുന്നത്. ധനകാര്യ വകുപ്പിൽ പ്രത്യേക തസ്തികകൾക്കായി കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചുവരുന്നില്ല.

## സെക്രട്ടേറിയറ്റിലെ കോമ്പൻസേഷൻ അലവൻസ്

50(5798) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ കോമ്പൻസേഷൻ അലവൻസ് ലഭ്യമാകുന്ന തസ്തികകൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഏത് തരം ഡ്യൂട്ടി ചെയ്യുന്ന ഗവ. ജീവനക്കാർക്കാണ് കോമ്പൻസേഷൻ അലവൻസ് ലഭ്യമാക്കുന്നതെന്നും പരമാവധി ഒരു മാസം എത്ര രൂപ വരെ ഈയിനത്തിൽ ജീവനക്കാർക്ക് ലഭ്യമാക്കുമെന്നും വിശദമാക്കാമോ;

(സി) കോമ്പൻസേഷൻ അലവൻസുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 15-10-2019-ൽ ധനകാര്യ വകുപ്പിലേക്കയച്ച 12220/ എംഎസി1/19-ാം നമ്പർ ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 20-1-2016-ലെ സ.ഉ.(പി) 7/2016/ധന. നമ്പർ ഉത്തരവിലെ അനക്സർ IX-ൽ കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചിട്ടുള്ള വകുപ്പുകളും ടി വകുപ്പുകളിലെ തസ്തികകളും അനുവദിച്ച തുകയും രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുഭരണം, നിയമം, നിയമസഭാ സെക്രട്ടേറിയറ്റുകളിലെ തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ട്. (അനക്സർ IX-ലെ പ്രസ്തുത ഭാഗങ്ങളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*) സെക്രട്ടേറിയറ്റിൽ ആകെ 39 തസ്തികകൾ. കൂടാതെ ധനകാര്യ വകുപ്പിൽ ബജറ്റ് വിഭാഗം പോലുള്ള ചില വിഭാഗങ്ങളിൽ ചില കാലയളവുകളിലേയ്ക്ക് മാത്രവും പ്രസ്തുത അലവൻസ് അനുവദിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് ഓഫീസ് സമയം തികയാതെ വരുന്ന സാഹചര്യങ്ങളിൽ ജീവനക്കാർ അധിക സമയവും ചിലപ്പോൾ അവധി ദിവസങ്ങളിലും പ്രവൃത്തി എടുക്കേണ്ടതായി വരും. ഇത്തരം വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സാധാരണയിൽനിന്നും ഉണ്ടാകുന്ന അധിക ചെലവ് ഒരു പരിധിവരെ പ്രതിപൂരണം ചെയ്യപ്പെടുക എന്ന ഉദ്ദേശത്തിലാണ് കോമ്പൻസേറ്ററി അലവൻസ് അനുവദിച്ചുവരുന്നത്. ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം കോമ്പൻസേറ്ററി അലവൻസിന്റെ ഏറ്റവും ഉയർന്ന മാസ തുക 1500 രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 18-11-2019-ലെ കത്ത് പ്രകാരം പുതിയ അലവൻസുകൾ അനുവദിക്കണമെന്ന ശിപാർശ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്കായി നൽകുവാൻ അഭ്യർത്ഥിച്ച് നിയമസഭാ സെക്രട്ടേറിയറ്റിന് മറുപടി നൽകിയിട്ടുണ്ട്.

## 2013 ഏപ്രിൽ ഒന്നിനുശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

51(5799) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ ഒന്നിനുശേഷം സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിൽ സർവ്വീസിൽ കയറിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സ്റ്റാറ്റ്യൂട്ടറി പെൻഷൻകാർക്കുള്ള 20 ലക്ഷം രൂപവരെയുള്ള ആനുകൂല്യം പങ്കാളിത്ത പെൻഷൻകാർക്കും ബാധകമാക്കി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സംസ്ഥാനത്തെ ജീവനക്കാർക്ക് നടപ്പിലാക്കുമോ;

(സി) ഇതു സംബന്ധിച്ച് നിയമിച്ച സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രസർക്കാരും കോടതികളും തീരുമാനിച്ച പങ്കാളിത്ത പെൻഷൻകാർക്കുള്ള ആനുകൂല്യം കേരളത്തിലെ ജീവനക്കാർക്കും ലഭ്യമാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 31-3-2013 വരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിരുന്ന സർക്കാർ വകുപ്പുകളിലോ, എയ്ഡഡ് സ്ഥാപനങ്ങളിലോ/ സർക്കാരിന് കീഴിലെ വിവിധ ബോർഡ്, കോർപ്പറേഷൻ, സ്വയംഭരണ സ്ഥാപനങ്ങളിലോ 01/04/2013-നോ അതിന് ശേഷമോ സേവനത്തിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുന്ന വിഷയം പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയങ്ങളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി & ഡി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

52(5800) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ;

(ബി) ഈ വർഷം എത്ര ക്രമക്കേടുകൾ കണ്ടെത്തിയെന്നും പ്രസ്തുത റിപ്പോർട്ടുകളിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ധനകാര്യ പരിശോധന വിഭാഗത്തോടും ജില്ലാ പരിശോധന സ്ക്വാഡുകളോടും വാഹന പരിശോധന നടത്തേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം ഒരു നിർദ്ദേശം നൽകുവാനുണ്ടായ സാഹചര്യമെന്താണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം വാഹന പരിശോധനകൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

(സി) ഇല്ല.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

53(5801) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം അർഹരായ അപേക്ഷകർക്ക് രണ്ടാം ഗഡു അനുവദിക്കാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തരംതിരിച്ചാണ് ആനുകൂല്യം വിതരണം ചെയ്യുന്നത്.

1. 1-4-2012 മുതൽ 31-3-2016 വരെ തിരിച്ചടവ് വരുന്ന നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പ (Non NPA/Standard Account)യെടുത്തവർക്ക് 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ തിരിച്ചടവിന് സർക്കാർ സഹായം നൽകുന്നു.
2. 31-3-2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിന്/പുനഃക്രമീകരിക്കുന്നതിന് ഒറ്റത്തവണയായി ധനസഹായം നൽകുന്നു.

എസ്.എൽ.ബി.സി.-യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ ആറ് ഘട്ടങ്ങളിലായി ഇതുവരെ 195.57 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിലുൾപ്പെട്ട സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ 2016-17, 2017-18 വർഷങ്ങളിലേയ്ക്കുള്ള ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം മാത്രമാണ് ELRS പോർട്ടലിൽ ആദ്യ ഘട്ടത്തിൽ ഒരുക്കിയിരുന്നത്. 2018-19 വർഷത്തെ ആനുകൂല്യത്തിന് അർഹരായവർക്ക് ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം ELRS പോർട്ടലിൽ 2019 മാർച്ചിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി ക്ലെയിമുകൾ ബാങ്കുകൾ പരിശോധിക്കുന്നതിനായി 2019 മേയ് മാസത്തിൽ പോർട്ടലിൽ ആവശ്യമായ സജ്ജീകരണങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

14-11-2019 വരെ 2018-19 വർഷത്തെ സ്റ്റാൻഡേർഡ് വിഭാഗത്തിലെ 261 ക്ലെയിമുകൾ ബാങ്കുകൾ എസ്.എൽ.ബി.സി. മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹൗസിംഗ് ബോർഡിനുള്ള ബജറ്റ് വിഹിതം**

54(5802) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ബജറ്റിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വർഷവും ബോർഡ് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ പദ്ധതി ചെലവുകൾ ശരാശരിക്ക് താഴെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഹൗസിഗ് ബോർഡിന് പ്ലാൻ/നോൺ പ്ലാൻ ഫണ്ടിനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി)

പ്ലാൻ

| വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 4285 | 3438 |
| 2017-18 | 3726 | 3012 |
| 2018-19 | 6130 | 417 |
| 2019-20 | 5241 | 100 |

നോൺ പ്ലാൻ

| വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 110.40 | 110.40 |
| 2017-18 | 118.64 | 118.64 |
| 2018-19 | 273.17 | 229.00 |
| 2019-20 | 123.17 | 45.00 |

ധനകാര്യ വകുപ്പ് റിലീസ് ചെയ്ത് നൽകിയിട്ടുള്ള മേൽ തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതായാണ് ബോർഡ് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 2017-18 വരെ അനുവദിച്ച നൽകിയ തുകയിൽ വിനിയോഗിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 15.76 കോടി രൂപ സർക്കാർ തിരിച്ചെടുത്തു.

(സി) പദ്ധതികളുടെ പുരോഗതിയുടെകൂടി അടിസ്ഥാനത്തിലാണ് പദ്ധതി ചെലവുകൾ വിലയിരുത്തുന്നത്. മുൻ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളുടെ അഭാവത്തിലും ബോർഡിൽ നടപ്പിലാക്കി വന്നിരുന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് മിഷൻ മുഖാന്തിരം നടപ്പിലാക്കിവരുന്ന സാഹചര്യവും വിലയിരുത്തി ഭവന നിർമ്മാണ ബോർഡിന് നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾക്കു മാത്രമാണ് നിലവിൽ തുക അനുവദിച്ചുവരുന്നത്.

## പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിക്കായി ധനസമാഹരണം

55(5803) ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനസൃഷ്ടിക്കായി ധനസമാഹരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) നവകേരള സൃഷ്ടിക്കായി എത്ര കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനകം സ്വീകരിച്ച നടപടികൾ കൊണ്ട് ഈ തുക സമാഹരിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) പുനർനിർമ്മാണ പദ്ധതിക്കായി ഇതിനകം ഏതൊക്കെ വിദേശ സർക്കാർ/ഏജൻസികളുമായി ചർച്ച നടത്തി;

(ഡി) ആർ.ഐ.ഡി.എഫ്, എൻ.ഐ.ഡി.എ, ഹഡ്കോ എന്നിവയിൽ നിന്നും ലഭ്യമാകുന്ന തുക പദ്ധതി പുനഃക്രമീകരണത്തിലൂടെ നവകേരള നിർമ്മിതിക്കായി ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) എല്ലാ പ്രതിസന്ധികളും തരണംചെയ്തുകൊണ്ട് വിഭവ സമാഹരണം നല്ല രീതിയിൽ നടത്തുന്നതിനും വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും സംസ്ഥാന സർക്കാർ പല ശ്രമങ്ങളും നടത്തുന്നുണ്ട്. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽനിന്ന് വായ്പ സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമ്മൻ ബാങ്കായ KfW-ൽനിന്നുള്ള വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിന് പുറമെ

കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഒരു ശതമാനം പ്രളയ സെസ്സ് ഏർപ്പെടുത്തി വിഭവ സമാഹരണം നടത്തുന്നുണ്ട്. കൂടാതെ മസാല ബോണ്ട് കിഫ്ബിക്കു വേണ്ടി പുറപ്പെടുവിക്കുകയും ചെയ്തു.

(ബി) പ്രളയാനന്തരം നടത്തിയ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നത്. ലോകബാങ്ക് ജർമൻ ബാങ്കായ KfW എന്നിവയ്ക്ക് പുറമെ സാധ്യമായ മറ്റെല്ലാ ഇടങ്ങളിൽനിന്നും പരമാവധി സഹായം ലഭ്യമാക്കിയാലേ പുനർനിർമ്മാണത്തിനാവശ്യമായ തുക സമാഹരിക്കാൻ സാധിക്കുകയുള്ളൂ.

(സി) പുനർനിർമ്മാണ പദ്ധതിക്കായി ഇതിനകം ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, KfW എന്നീ വിദേശ സഹായ ഏജൻസികളിൽനിന്നും വായ്പ സമാഹരിക്കുന്നതിനുള്ള നടപടികളും ചർച്ചകളും നടന്നുവരികയാണ്.

(ഡി) നിർവ്വഹണ യോഗ്യമായ പദ്ധതികൾ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായി നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. പ്രധാനമായും ദീർഘകാല പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. അതാത് വകുപ്പുകളുടെ നേതൃത്വത്തിലാണ് പദ്ധതി തയാറാക്കലും നിർവ്വഹണവും നടക്കുന്നത്. പദ്ധതികൾക്ക് അന്തിമരൂപമാകുന്ന മുറയ്ക്കേ പദ്ധതി പുനക്രമീകരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

56(5804) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന എത്ര ഗുണഭോക്താക്കൾ ഉണ്ട്;

(ബി) ഓരോ വിഭാഗത്തിലും എത്ര ഗുണഭോക്താക്കൾ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വിഭാഗത്തിനും എത്ര രൂപ വീതമാണ് മാസം നൽകുന്നതെന്നും അതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം ഓരോ വിഭാഗത്തിനും എത്ര രൂപയാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ എത്ര കോടി രൂപ നൽകി എന്നും അതിൽ കേന്ദ്ര വിഹിതം എത്ര കോടി കിട്ടി എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 4690721 ഗുണഭോക്താക്കൾ ഉണ്ട്.

(ബി)

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2414476 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 400772 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1336019 |
| കർഷക തൊഴിലാളി പെൻഷൻ | 455849 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 83605 |
| ആകെ | 4690721 |

(സി) വിശദമായ മറുപടി അനുബന്ധമായി ചേർക്കുന്നു* (ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കു മാത്രമേ കേന്ദ്രവിഹിതം ലഭിക്കുകയുള്ളൂ.)

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 18003.74 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. ആയതിൽ 661.5137 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

**സാമൂഹ്യക്ഷേമ പെൻഷൻ**

57(5805) <u>ശ്രീ. സി. കൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അപേക്ഷകന് സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ (വ്യത്യസ്ത വിഭാഗത്തിൽ വരുന്ന പെൻഷൻ വ്യത്യസ്ത മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ അവ ഓരോന്നും) എന്താണ് എന്ന് വിശദമാക്കാമോ;

(ബി) ഒരു ഗുണഭോക്താവിന് നിലവിൽ രണ്ട് തരം പെൻഷൻ അനുവദനീയമാണോ; ആണെങ്കിൽ അതിന്റെ മാനദണ്ഡം വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ക്ഷേമനിധി ബോർഡുകൾക്ക് അതാത് ബോർഡ് നിബന്ധനകളാണ് ബാധകമായിട്ടുള്ളത്.

(ബി) 6-2-2017 തീയതിയിലെ സ.ഉ.(എം.സി) നമ്പർ 67/2017/ധന ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷൻ ബാധ്യത സർക്കാർ വഹിക്കുന്ന ബോർഡുകളിൽനിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനുമാത്രമേ അർഹതയുള്ളൂ. എന്നാൽ 6-2-2017-ന് മുമ്പ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. എന്നാൽ സ.ഉ. (എം.എസ്) 241/2018/ധന തീയതി 6-7-2018 പ്രകാരം നിലവിൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കൾക്ക് പുതുതായി ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്. വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കുവിധേയമായി മറ്റൊരു പെൻഷൻകൂടി 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

16-2-2019 തീയതിയിലെ സ.ഉ.(എം.എസ്.) 90/2019/ധന പ്രകാരം വികലാംഗ പെൻഷൻ ഒഴികെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന വികലാംഗനായ ഒരു വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പുതുതായി വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. സ.ഉ.(എം.എസ്.) 93/2019/ധന തീയതി 21-2-2019 പ്രകാരം പ്രതിമാസം 2,000 രൂപവരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രതിമാസം 2000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സാമൂഹ്യ സുരക്ഷാ പെൻഷൻ

58(5806) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷന്റെ പുതുക്കിയ മാനദണ്ഡമനുസരിച്ച് ഇതിനകം എത്ര പേർക്ക് പെൻഷൻ നഷ്ടപ്പെട്ടു; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഓണത്തിന് സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക സഹിതം നൽകുന്നതിനായി ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്ത തുകയും അതിന്റെ പലിശ നിരക്കും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം എടുത്ത വായ്പയിൽ എത്ര തുക ഇതിനകം തിരിച്ചടച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## വൈക്കം താലൂക്ക് ആശുപത്രിയിൽ തുക അനുവദിക്കുന്നതിന് പ്രത്യേക അനുവാദം

59(5807) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക അനുവാദത്തിനായി എം.എൽ.എ. നൽകിയ കത്തിന്മേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്ന് 50 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ധനകാര്യ വകുപ്പിൽ പരിശോധിച്ചു. ഓക്സിജൻ പ്ലാന്റ് മൂലധന സ്വഭാവമുള്ള ആസ്തികളുടെ ഗണത്തിൽ ഉൾപ്പെടുന്നതായതിനാൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വൈക്കം താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമില്ലെന്നും ഭരണാനുമതി ലഭിക്കുന്നതിലേയ്ക്കായി പ്രസ്തുത ശിപാർശ കോട്ടയം ജില്ലാ കളക്ടർക്ക് സമർപ്പിക്കാവുന്നതാണെന്നും ബഹു. എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

## വൈക്കം മണ്ഡലത്തിലെ പദ്ധതികൾ

60(5808) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18, 2018-19 വാർഷിക ബഡ്ജറ്റുകളിൽ വൈക്കം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിവരങ്ങൾ സഹിതം വിശദമാക്കാമോ?

ഉത്തരം

വൈക്കം മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18, 2018-19 വാർഷിക ബജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി (MLA SDF) യുടെ കീഴിൽ ഒരുകോടി രൂപ വീതവും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപവീതവും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ കിഫ്ബി, പൊതുമരാമത്ത് എന്നിവ വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം-I ഉം II-ഉം ആയി ചേർക്കുന്നു*.

## വൈക്കം മണ്ഡലത്തിലെ പദ്ധതികളുടെ പുരോഗതി

61(5809) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന 2016-17 മുതൽ 2019-20 വരെയുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എം.എൽ.എ. എസ്.ഡി.എഫ്. പ്രകാരം ഇനി എത്ര തുകയ്ക്കുള്ള പദ്ധതികളാണ് ശിപാർശ ചെയ്യാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2019-20 വർഷത്തിൽ 20,36,222 രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ബാക്കി തുകയ്ക്കുള്ള ശിപാർശകൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്. മുൻ വർഷങ്ങളിൽ മുഴുവൻ തുകയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഏറ്റവും ഉയർന്ന പെൻഷൻ തുക ലഭിച്ച പെൻഷണർ

62(5810) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ മാസം സംസ്ഥാനത്ത് ഏറ്റവും ഉയർന്ന പെൻഷൻ തുക ലഭിച്ച പെൻഷണർ ആര് എന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്ത സമയത്തെ ഔദ്യോഗിക മേൽവിലാസവും വർഷവും ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) 2019 ഒക്ടോബർ മാസത്തിൽ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻ വാങ്ങുന്നവരിൽ ഏറ്റവും ഉയർന്ന അടിസ്ഥാന പെൻഷൻ ലഭിക്കുന്നവരുടെ പേരും ടിയാളുകൾ റിട്ടയർ ചെയ്ത സമയത്തെ ഔദ്യോഗിക മേൽവിലാസവും വർഷവും അടങ്ങിയ ലിസ്റ്റ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

## താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം ഫണ്ട്

63(5811) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി അനുവദിച്ച 100 കോടി രൂപ വിനിയോഗിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടമായി ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് ഇറിഗേഷൻ വിഭാഗം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) മേൽസൂചിപ്പിച്ച പ്രൊപ്പോസലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഒന്നാം ഘട്ടം പൂർത്തീകരിച്ച സ്ഥിതിക്ക് പദ്ധതി പൂർത്തീകരണത്തിനായി രണ്ടാം ഘട്ടം ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) സമർപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി ബന്ധപ്പെട്ട ഭരണവകുപ്പ് പ്രത്യേകം ഭരണാനുമതി പുറപ്പെടുവിച്ച് അതിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വർക്കല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

64(5812) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആസ്തി വികസന പദ്ധതി പ്രകാരം വർക്കല നിയോജക മണ്ഡലത്തിൽ ശിപാർശ ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിച്ച പ്രവൃത്തികൾ ഓരോന്നിനും ടെണ്ടർ സേവിംഗ്സ് എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന പദ്ധതി പ്രകാരം വർക്കല നിയോജകമണ്ഡലത്തിൽ ശിപാർശ ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

65(5813) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലേക്ക് നിർദ്ദേശിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) 2017-18, 2018-19 വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലേയ്ക്ക് നിർദ്ദേശിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതി**

66(5814) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാർഷിക ബജറ്റുകളിൽ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിവരങ്ങൾ സഹിതം വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള വാർഷിക ബജറ്റുകളിൽ ആലത്തൂർ മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധി (MLA SDF) യുടെ കീഴിൽ ഒരുകോടി രൂപ വീതവും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപവീതവും അനുവദിച്ചിട്ടുണ്ട്. ചേരാമംഗലം സ്കീമിന്റെ കീഴിൽ ' കാഡ' പ്രവൃത്തികൾക്കായി 2018-19 വർഷത്തിൽ 2 കോടി രൂപയും 2019-20 വർഷത്തിൽ 0.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്, കൂടാതെ 'improvement to anticut and its allied structure and improvement of main Canal' എന്ന പദ്ധതിക്ക് 3.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ പൊതുമരാമത്ത് വകുപ്പ് വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I-ഉം കിഫ്ബി വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-II-ഉം ആയി ചേർക്കുന്നു*.

**മാനന്തവാടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

67(5815) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടി നിയോജകമണ്ഡലത്തിൽ 2017-18, 2018-19, 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ 20% വിഹിതം അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

| വർഷം | നിരത്തുകൾ | കെട്ടിടങ്ങൾ | പാലങ്ങൾ |
|---|---|---|---|
| 2017-18 | ഇല്ല | ഇല്ല | ഇല്ല |
| 2018-19 | ഇല്ല | ഇല്ല | ഇല്ല |
| 2019-20 | ഇരുമനത്തൂർ-പാമ്പാള കുഞ്ഞോം റോഡ് (പ്രവൃത്തി 2018-19-ലെ ഫ്ലഡ് പുനർ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെണ്ടർചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.) | മാനന്തവാടി മിനി സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണം | വള്ളിയൂർക്കാവ് പാലം |

**ബില്ലുകൾ അനുവദിക്കുന്നതിലുള്ള കാലതാമസം**

68(5816) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ള നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി നൽകിയിട്ടുള്ള ബില്ലുകൾ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ.-മാരുടെ വികസന ഫണ്ടിന്റെ ഭാഗമായി സമർപ്പിക്കുന്ന കരാറുകാരുടെ ബില്ലുകൾ അടക്കം മാറി നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ച് പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്, ബിൽഡിംഗ്സ്), ജലവിഭവം എന്നീ വകുപ്പുകൾക്ക് കീഴിലുള്ള കരാറുകാരുടെ പ്രവൃത്തികളുടെ തുക തീർപ്പാക്കിവരുന്നുണ്ട്. ഈ വകുപ്പുകൾക്ക് കീഴിലുള്ള 2018 ഡിസംബർ വരെയുള്ള ബില്ലുകളുടെ തുകകൾ ഇതിനകംതന്നെ നൽകിയിട്ടുണ്ട്. 2019 മേയ് വരെയുള്ള ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരമുള്ള സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ജനുവരി 2019 | 20-11-2019 |
| ഫെബ്രുവരി, മാർച്ച് 2019 | 22-1-2020 |
| ഏപ്രിൽ 2019 | 21-4-2020 |
| മെയ് 2019 | 19-5-2020 |

(ബി) ഹാർബർ എഞ്ചിനീയറിംഗ്, ഇൻലാന്റ് നാവിഗേഷൻ തുടങ്ങിയ മരാമത്ത് വകുപ്പുകളിലേയും എം.എൽ.എ.-മാരുടെ പ്രാദേശിക വികസന നിധി, ആസ്തി വികസന നിധി എന്നീ പദ്ധതികൾക്ക് കീഴിലേയും പ്രവൃത്തികളുടെ ബിൽ തുകകൾ അവ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് തീർപ്പാക്കിവരുന്നുണ്ട്.

**ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ രണ്ടാംഘട്ട നിർമ്മാണം**

69(5817) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ രണ്ടാം ഘട്ടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**ഇരിങ്ങാലക്കുട മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

70(5818) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 വർഷങ്ങളിൽ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിനായി ശിപാർശ ചെയ്ത ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിലെ ആസ്തി വികസനഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ എത്ര എണ്ണത്തിന് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2017-18, 2018-19 വർഷങ്ങളിൽ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിനായി ശിപാർശ ചെയ്ത ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*.

(ബി) 2018-19 സാമ്പത്തിക വർഷത്തിലെ അഞ്ച് പ്രവൃത്തികൾക്ക് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ വിഭവ സമാഹരണം ഊർജ്ജിതപ്പെടുത്തൽ**

71(5819) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കം പാലിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും, ചെലവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ചെലവ് വരവിനെക്കാൾ കൂടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിഭവ സമാഹരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ റവന്യൂ വരുമാനം 91622.94 കോടി രൂപയും റവന്യൂ ചെലവ് 109261.66 കോടി രൂപയുമാണ്.

(സി) സംസ്ഥാനത്തിന്റെ വിഭവ സമാഹരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

   i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്കൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

   ii. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ.-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

   iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറവഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

### മാവേലിക്കരയിൽ കോർട്ട് കോംപ്ലക്സിന് തുക

72(5820) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിൽ കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ഇതുസംബന്ധിച്ച ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് പരിശോധിക്കുന്നതാണ്.

### വാറ്റ് നികുതി കുടിശ്ശിക

73(5821) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര രൂപയുടെ വാറ്റ് നികുതി കുടിശ്ശികയാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; ഇതിൽ പിരിച്ചെടുക്കാവുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എത്ര തുക പിരിച്ചെടുത്തുവെന്ന് അറിയിക്കുമോ?

ഉത്തരം

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 31-3-2019-ലെ കണക്കനുസരിച്ച് 13305.86 കോടി രൂപ വാറ്റ് നികുതി ഉൾപ്പെടെ കുടിശ്ശികയായി നിലവിലുണ്ട്. ഇതിൽ പിരിച്ചെടുക്കാവുന്നത് (കളക്ടബിൾ ഡിമാന്റ്) 3689 കോടി രൂപയാണ്. 30-9-2019 വരെ 119.51 കോടി രൂപ പിരിച്ചെടുത്തു.

## വാറ്റ്, ജി.എസ്.ടി. എന്നിവ കുറവ് ചെയ്തുനൽകുന്ന സാഹചര്യം

74(5822) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ പി.ഡബ്ല്യു.ഡി. വകുപ്പിൽനിന്നും ബില്ലുകൾ സമർപ്പിക്കുന്നതിന്റെ ഭാഗമായി വാറ്റ്, ജി.എസ്.ടി. എന്നിവ കുറവ് ചെയ്തു നൽകുന്ന സാഹചര്യം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം ഈടാക്കേണ്ടുന്ന നികുതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറവ് ചെയ്തത് കാരണം കോൺട്രാക്ടർമാർക്കു വലിയ തുക നികുതി കുടിശ്ശികയായി മാറിയിട്ടുള്ള സാഹചര്യം വന്നുചേർന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഈ സാഹചര്യം ഒഴിവാക്കുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനുമായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2011-2016 കാലയളവിൽ ജി.എസ്.ടി. നിലവിലില്ലായിരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുമ്പോൾ 4% വാറ്റ് സ്രോതസ്സിൽ ഈടാക്കുകയും ആയത് സർക്കാരിലേയ്ക്ക് അടയ്ക്കുകയും ചെയ്തിരുന്നു.

(ബി) കരാറുകാർക്ക് വലിയ തുക നികുതി കുടിശ്ശികയായ സാഹചര്യം വന്നുചേർന്നിട്ടില്ല.

(സി) ബാധകമല്ല.

## കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റിൽ ഉന്നതതല കമ്മിറ്റി

75(5823) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റിൽ ജി.എസ്.ടി.നിലവിൽ വന്നതിനുശേഷം ഉദ്യോഗസ്ഥ പുന:സംഘടനക്ക് രൂപീകരിച്ചിരുന്ന ഉന്നതതല കമ്മിറ്റിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) മേൽ സൂചിപ്പിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉന്നതതല കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കമ്മിറ്റിയുടെ ശിപാർശകൾ എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 13-8-2018-ലെ G.O.(Rt)No.593/2018/Taxes പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയ്ക്കുവേണ്ടി ഉന്നതതല കമ്മിറ്റി രൂപീകരിച്ചിരുന്നു. സംസ്ഥാന നികുതി കമ്മീഷണറോട് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയ്ക്കായുള്ള വിശദമായ ശിപാർശ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായതിനുശേഷമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി & സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

**ട്രഷറി ബാങ്കിംഗ് സുഗമമാക്കുന്നതിന് എ.റ്റി.എം. സംവിധാനം**

76(5824) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറി ബാങ്കിംഗ് സുഗമമാക്കുന്നതിന് എ.റ്റിഎം. സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. വ്യക്തിഗത ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾക്ക് എ.റ്റി.എം. സംവിധാനം നടപ്പിലാക്കുന്നതു സംബന്ധിച്ച് 31-10-2019-ലെ സ.ഉ.(സാധാ) നമ്പർ 8577/2019/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ആർ.ബി.ഐ.-യുമായും ബാങ്കുകളുമായുമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രഷറി വകുപ്പിന് പുതിയ കെട്ടിടം**

77(5825) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ട്രഷറി വകുപ്പിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ട്രഷറി ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണം - പട്ടം, മലയിൻകീഴ് സബ്ട്രഷറി- മലയിൻകീഴ്, വർക്കല സബ്ട്രഷറി - വർക്കല എന്നിവിടങ്ങളിലാണ് തിരുവനന്തപുരം ജില്ലയിൽ ട്രഷറി വകുപ്പിനായി മൂന്ന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്.

(ബി)

1. ട്രഷറി ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പൈലിംഗ് ജോലികൾ പൂർത്തിയായി. തുടർ പ്രവർത്തികൾ പുരോഗമിക്കുന്നു.

2. മലയിൻകീഴ് സബ്ട്രഷറിക്കുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു.

3. വർക്കല സബ്ട്രഷറിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വകുപ്പിന്റെ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് നിർദ്ദിഷ്ട സ്ഥലം പരിശോധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് (DETAILED PROJECT REPORT) തയ്യാറാക്കിവരുന്നു.

**കാസർഗോഡ് സബ്ട്രഷറി**

78(5826) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സബ്ട്രഷറി ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് എവിടെയെന്നും ഏത് കെട്ടിടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് സബ്ട്രഷറി ഓഫീസ് ഏത് വർഷത്തിലാണ് പ്രവർത്തനം ആരംഭിച്ചത്; ഇതുവരെ പ്രവർത്തിച്ചിരുന്നത് സ്വന്തം കെട്ടിടത്തിലായിരുന്നോ; വ്യക്തമാക്കാമോ;

(സി) ഇതുവരെ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) എങ്കിൽ കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ തുടങ്ങും; നിർമ്മാണച്ചെലവ് എത്രയാണ്; ആർക്കാണ് കരാർ നൽകിയിട്ടുള്ളത്; നിർമ്മാണ കാലാവധി എത്രയാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് സബ്ട്രഷറി നിലവിൽ താത്കാലികമായി പ്രവർത്തിച്ചുവരുന്നത് കാസർഗോഡ് വിദ്യാനഗറിലെ സിവിൽ സ്റ്റേഷൻ ബിൽഡിംഗിൽ ജില്ലാ ട്രഷറിക്ക് സമീപമുള്ള ബ്ലോക്കിലാണ്.

(ബി) കാസർഗോഡ് സബ്ട്രഷറി 1975-ൽ പ്രവർത്തനം ആരംഭിച്ചു. അന്നു മുതൽ പ്രവർത്തിച്ചുവന്ന സ്വന്തം കെട്ടിടം ജീർണ്ണാവസ്ഥയിലായതിനെ തുടർന്ന് അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും 2019 ഫെബ്രുവരി 10-ന് നിലവിലെ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുകയും ചെയ്തു.

(സി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി പഴയ കെട്ടിടം പൊളിച്ചു നീക്കിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ട്.

(ഡി) പുതിയ സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 31-10-2019-ന് സ്ഥലം ഇൻകെൽ ലിമിറ്റഡിന് കൈമാറുകയും ആയതിന് 2,13,75,800 രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള PMC ആയി ഇൻകെൽ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കെട്ടിട നിർമ്മാണ കാലാവധി 24 മാസമാണ്.

**അങ്കമാലി സബ്ട്രഷറി ഓഫീസിൽ ഇടപാടുകൾ സ്തംഭിക്കുന്ന അവസ്ഥ**

79(5827) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി സബ്ട്രഷറി ഓഫീസിലെ ബാറ്ററി തകരാറിനെ തുടർന്ന് ട്രഷറി ഇടപാടുകൾ സ്തംഭിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ടി ഓഫീസിലെ ബാറ്ററി തകരാറ് പരിഹരിക്കുന്നതിന് കഴിഞ്ഞ അഞ്ച് മാസമായി കത്ത് നൽകിയിട്ടും പരിഹാരം കാണാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പ്രളയത്തിന് ശേഷം അടിക്കടി വൈദ്യുത ബന്ധം തടസ്സപ്പെടുന്ന സബ്ട്രഷറിയിൽ ഇടപാടുകാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടിന് അടിയന്തര പരിഹാരം കാണുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) മേൽവിഷയത്തിന് പരിഹാരം കാണുന്നതിന് അങ്കമാലി സബ്ട്രഷറി ഓഫീസർ മേലധികാരികൾക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) വേഗത്തിൽ പരിഹാരം കാണേണ്ട വിഷയത്തിൽ മാസങ്ങളോളം പരിഹാരം കാണാതെ ട്രഷറി ഇടപാടുകാരെ പ്രയാസത്തിലാക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ വിഷയം ട്രഷറി ഡയറക്ടറേറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ എറണാകുളം ജില്ലാ ട്രഷറിയുടെ അധികാര പരിധിയിലുള്ള കളമശ്ശേരി സബ് ട്രഷറിയിൽനിന്നും പുതിയ എട്ട് ബാറ്ററികൾ അങ്കമാലി സബ് ട്രഷറിയിൽ എത്തിച്ച ബാറ്ററി തകരാർ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) യു.പി.എസ്. ബാറ്ററിയുടെ ശരാശരി ആയുസ് 3.4 വർഷമാണ്. ട്രഷറി വകുപ്പിൽ എല്ലാ വർഷവും കേടായ ബാറ്ററി മാറ്റി പുതിയവ സ്ഥാപിക്കുന്ന നടപടി സ്വീകരിക്കാറുണ്ട്. ഈ പ്രവർത്തനം കേന്ദ്രീകൃതമായ രീതിയിലാണ് നടപ്പിലാക്കുന്നത്. എല്ലാ ട്രഷറികളിലെയും കേടായ ബാറ്ററിയുടെ വിവരം ജില്ലാ ട്രഷറി തലത്തിൽ ക്രോഡീകരിച്ച് ട്രഷറി ഡയറക്ടറേറ്റിൽ എത്തിക്കുകയും ബാറ്ററിയുടെ മാറ്റിവാങ്ങൽ നടത്തി ട്രഷറികൾക്ക് വിതരണം ചെയ്യാറുണ്ട്. ഇപ്രകാരം 1209 SMF ബാറ്ററി 2017-ൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ അങ്കമാലി സബ്ട്രഷറി ഉൾപ്പെട്ടിരുന്നില്ല. നടപ്പ സാമ്പത്തിക വർഷം കേടായ ബാറ്ററി മാറ്റി പുതിയ ബാറ്ററി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. അടിയന്തര നടപടി എന്ന നിലയ്ക്ക് കളമശ്ശേരി സബ്ട്രഷറിയിൽ നിന്നും പുതിയ എട്ട് ബാറ്ററികൾ അങ്കമാലി സബ്ട്രഷറിയിൽ എത്തിച്ച് ട്രഷറിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇത്തരം വിഷയങ്ങളിൽ സമയബന്ധിതമായി പരിഹാരം കാണുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഓഫീസർമാർക്ക് നൽകിയിട്ടുള്ളതുമാണ്.

(സി) അങ്കമാലി സബ്ട്രഷറിയിൽ ഇടപാടുകൾ സുഗമമായി നടത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി പതിനാറ് പുതിയ എസ്.എം.എഫ് ബാറ്ററി ഈ വർഷംതന്നെ ടി ട്രഷറിക്ക് നൽകുന്നതാണ്. ആയത് GeM -ൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ച കഴിഞ്ഞു. വൈദ്യുതി തകരാർ നിമിത്തം ട്രഷറി ഇടപാടുകൾ തടസ്സപ്പെടാതിരിക്കാനായി കേരളത്തിലെ എല്ലാ ട്രഷറികൾക്കും ഡീസൽ ജനറേറ്റർ സെറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള പദ്ധതി വകുപ്പ് നടപ്പിലാക്കിവരികയാണ്.

(ഡി) ബാറ്ററികളുടെ തകരാർ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് അങ്കമാലി സബ്ട്രഷറി ഓഫീസർ എറണാകുളം ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയ കത്തുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ട്രഷറികളിലുണ്ടാകുന്ന എല്ലാത്തരം വിഷയങ്ങളും പരിഹരിക്കുന്നതിനായി ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ ഓരോ ജില്ലാ ട്രഷറിക്കും പ്രത്യേകം ലെയ്സൺ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. വിജയകരമായി ഈ സംവിധാനം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. സബ്ട്രഷറി ഓഫീസർമാർക്ക് നേരിട്ട് ബന്ധപ്പെടാവുന്ന തരത്തിൽ ടെലിഫോൺ നമ്പർ സഹിതം എല്ലാവർക്കും നൽകിയിട്ടുള്ളതുമാണ്. അടിയന്തരമായി പരിഹാരം കാണേണ്ട വിഷയങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ട്രഷറി ഓഫീസർമാർക്കും നൽകിയിട്ടുള്ളതുമാണ്. ട്രഷറി ഇടപാടുകാരെ പ്രയാസത്തിലാക്കുന്ന ജീവനക്കാർക്കെതിരെ കർശന നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**വെണ്ടർ ഒഴിവ് നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

80(5828) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വെണ്ടർ മരണപ്പെടുകയോ ഏതെങ്കിലും സാഹചര്യത്തിൽ ഒഴിവാക്കപ്പെടുകയോ ചെയ്യുന്ന അവസരത്തിൽ വെണ്ടർ ഒഴിവ് നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ വെണ്ടർ ഒഴിവ് ഉണ്ടെന്ന് പറയാമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് അപേക്ഷ സ്വീകരിക്കാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) 1960-ലെ കേരള മുദ്രപത്ര നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 51 പ്രകാരം ലൈസൻസുള്ള ഒരു വെണ്ടർ ഡിസ്കൗണ്ടോടുകൂടി മുദ്രകൾ വാങ്ങിയതിനുശേഷം മരണപ്പെടുകയോ അയാളുടെ ലൈസൻസ് അവസാനിക്കുകയോ പിൻവലിക്കുകയോ ചെയ്താൽ ജില്ലാ ട്രഷറി ഓഫീസർക്ക് അയാളെയോ അയാളുടെ അവകാശികളെയോ തീറുകാരെയോ ബാക്കിയുള്ള സ്റ്റോക്ക് വിൽക്കുവാൻ പ്രാപ്തരാക്കത്തക്കവിധം ഒരു സ്പെഷ്യൽ ലൈസൻസ് ക്ലിപ്ത കാലത്തേയ്ക്ക് നൽകാവുന്നതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1960-ലെ കേരള മുദ്രപത്ര നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 35(22) പ്രകാരം സ്റ്റാമ്പ് വെണ്ടർ 65 വയസ്സിന് മുമ്പ് മരണപ്പെട്ടാൽ മറ്റ് നിയമാനുസൃത അനന്തരാവകാശികൾ/യഥാവിധി അധികാരപ്പെടുത്തിയ ഒരു നിയമാനുസൃത അനന്തരാവകാശി ഇവരിൽ ആരെങ്കിലും ഉണ്ടെങ്കിൽ അയാൾക്ക് യോഗ്യതകൾ ഉള്ളപക്ഷം, മൂന്ന് മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ അതിൻപ്രകാരം ജില്ലാ ട്രഷറി ഓഫീസർക്ക് പുതിയ വെണ്ടറെ നിയമിക്കാവുന്നതാണ്.

പെർമനെന്റ് വെണ്ടർ 65 വയസ് കഴിഞ്ഞ് മരിച്ചാൽ ആശ്രിത നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ മരിച്ച വെണ്ടറുടെ സ്റ്റോക്ക് തീരുന്നതുവരെ സ്റ്റാമ്പ് വിൽക്കുന്നതിന് അയാളുടെ അവകാശികളെയോ/തീറുകാരെയോ ബാക്കി സ്റ്റോക്ക് വിൽക്കുവാൻ പ്രാപ്തരാക്കത്തക്കവിധം ഒരു സ്പെഷ്യൽ ലൈസൻസ്, ഒരു ക്ലിപ്ത കാലഘട്ടത്തേയ്ക്ക് (ആറ് മാസമോ പുതിയ വെണ്ടർ നിയമിതനാകുന്നതുവരെയോ ഏതാണോ കുറവ്) നൽകാവുന്നതാണ്.

(ബി) കോഴിക്കോട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർമാരുടെ 5 (അഞ്ച്) ഒഴിവുകളാണുള്ളത്.

| | | |
|---|---|---|
| 1. കോഴിക്കോട് കോർപ്പറേഷൻ | - | 2 |
| 2. കടലുണ്ടി പഞ്ചായത്ത് | - | 1 |
| 3. ഉണ്ണിക്കുളം പഞ്ചായത്ത് | - | 1 |
| 4. കൊടുവള്ളി മുനിസിപ്പാലിറ്റി | - | 1 |
| | ആകെ | 5 |

(സി) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതുകൊണ്ട് പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താത്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

## കൊണ്ടോട്ടി സബ്ട്രഷറി

81(5829) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ട്രഷറിയിലെ ജോലിഭാരം മൂലം ഇത് വിഭജിച്ച് മറ്റൊരു സബ്ട്രഷറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ട്രഷറി ഇടപാടിന്റെ തോത് അനുസരിച്ച് താലൂക്ക് ആസ്ഥാനത്തുള്ള ഒരു സബ്ട്രഷറിയിൽ എത്ര തസ്തികകളാണ് ഉണ്ടാവേണ്ടതെന്നും ഏതെല്ലാം തസ്തികകളാണെന്നും അറിയിക്കാമോ;

(സി) കൊണ്ടോട്ടി സബ്ട്രഷറിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ ട്രഷറികളിൽ ഇടപാടുകളുടെ എണ്ണം (സേവിംഗ്സ് ബാങ്ക്, പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ വിവിധ അക്കൗണ്ടുകൾ)ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ (ഡി.ഡി.ഒ.) എണ്ണം, മുദ്രപ്പത്ര വിതരണത്തിനായുള്ള അംഗീകൃത വെണ്ടർമാരുടെ എണ്ണം എന്നീ വിവിധ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത്. എല്ലാ സബ്ട്രഷറികളിലും സബ്ട്രഷറി ഓഫീസർ തസ്തിക നിർബന്ധമായും ഉണ്ടാകേണ്ടതാണ്. മറ്റു തസ്തികകൾ ജൂനിയർ സൂപ്രണ്ട്/എസ്.ബി. പാസ്സിംഗ് ഓഫീസർ, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, ജൂനിയർ അക്കൗണ്ടന്റ്, ട്രഷറർ, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നിവയാണ്. എന്നാൽ ജീവനക്കാരുടെ എണ്ണം ഓരോ ട്രഷറിയിലും ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കും.

(സി) പരിഗണനയിലില്ല.

**ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കാൻ നടപടി**

82(5830) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ച സാഹചര്യത്തിൽ ട്രഷറി നിക്ഷേപങ്ങൾ കൂടുതൽ ആകർഷകമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ട്രഷറികളിൽ എ.ടി.എം. സൗകര്യമൊരുക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 13-6-2019-ലെ സ.ഉ.(പി) 67/19/ധന നമ്പർ ഉത്തരവു പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴി വിതരണം ചെയ്യാൻ തത്വത്തിൽ തീരുമാനിച്ചിരുന്നു. സ്പാർക്ക് വഴി ശമ്പള ബിൽ തയ്യാറാക്കുന്ന ജീവനക്കാർക്ക് മാത്രമാണ് 27-6-2019-ലെ 63/2019/ധന, 20-7-2019-ലെ 68/2019/ധന എന്നീ സർക്കുലറുകൾ പ്രകാരം ഇ.ടി.എസ്.ബി. അക്കൗണ്ട് ബാധകമാക്കിയിട്ടുള്ളത്. 20-7-2019-ലെ സ.ഉ.(പി) 94/2019/ധന നമ്പർ ഉത്തരവു പ്രകാരം ഇ.ടി.എസ്.ബി. അക്കൗണ്ടിൽ ഓരോ മാസത്തെയും പതിനെട്ടാം തീയതി വരെ നിലനിൽക്കുന്ന ഏറ്റവും കുറഞ്ഞ ബാലൻസിന് 6% പലിശയാണ് സർക്കാർ നൽകിവരുന്നത്. കൂടാതെ, 4-10-2019-ലെ സ.ഉ.(പി) 136/2019/ധന നമ്പർ ഉത്തരവു പ്രകാരം ട്രഷറികളിൽ 1-11-2019 മുതൽ ഉയർന്ന പലിശ നിരക്കിൽ ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്. 46 ദിവസം മുതൽ 90 ദിവസം വരെ 6.50%, 91 ദിവസം മുതൽ 180 ദിവസം വരെ 7.25%, 181 ദിവസം മുതൽ 365 ദിവസം വരെ 8% എന്നിങ്ങനെയാണ് പലിശ അനുവദിച്ചിട്ടുള്ളത്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രഷറി മുഖേന പെൻഷൻ വാങ്ങുന്നവരുടെ എണ്ണം**

83(5831) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ മാസം ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റിയ പെൻഷൻകാരുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) 2019 ഒക്ടോബർ മാസം പെൻഷൻ വിതരണത്തിനായി എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2019 ഒക്ടോബർ മാസം ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റിയ പെൻഷൻകാരുടെ എണ്ണം 5,42,185.

(ബി) 2019 ഒക്ടോബർ മാസത്തിൽ പെൻഷൻ വിതരണത്തിനായി 11,60,66,35,759 രൂപ (ആയിരത്തി ഒരുന്നൂറ്റി അറുപത് കോടി അറുപത്തിയാറ് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റി അൻപത്തിയൊൻപത് രൂപ മാത്രം) ചെലവഴിച്ചു. തുകയുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്നു.+

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലോട്ടറി ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

84(5832) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട ലോട്ടറി കച്ചവടക്കാരും ചെറുകിട കച്ചവടക്കാരുമായി എത്ര ലക്ഷം പേരാണ് അംഗീകൃത ഏജൻസി എടുത്തിട്ടുള്ളതായിട്ടുള്ളത്; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ലോട്ടറി കച്ചവടക്കാരുടെ ക്ഷേമനിധിയിൽ നിന്നും ഏജന്റ്മാർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എന്തെങ്കിലും ആനുകൂല്യം ഇവർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നാളിതുവരെ ആകെ 47,506 പേർ സ്ഥിരം ഏജന്റുമാരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏജന്റുമാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. ഭാഗ്യക്കുറി ഏജന്റുമാരെ വൻകിട/ചെറുകിട വർഗ്ഗീകരണം നടത്തിയിട്ടില്ല.

| ക്രമ നമ്പർ | ജില്ല | ഏജന്റുമാരുടെ എണ്ണം (Permanent) |
|---|---|---|
| 1 | തിരുവനന്തപുരം | 6079 |
| 2 | കൊല്ലം | 4308 |
| 3 | പത്തനംതിട്ട | 1838 |
| 4 | ആലപ്പുഴ | 2632 |
| 5 | കോട്ടയം | 4827 |
| 6 | ഇടുക്കി | 1757 |
| 7 | എറണാകുളം | 4872 |
| 8 | തൃശ്ശൂർ | 5308 |
| 9 | പാലക്കാട് | 4361 |
| 10 | മലപ്പുറം | 2976 |
| 11 | കോഴിക്കോട് | 3369 |
| 12 | വയനാട് | 1458 |
| 13 | കണ്ണൂർ | 2818 |
| 14 | കാസർഗോഡ് | 903 |
| ആകെ | | 47506 |

(ബി) ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് വർഷത്തിൽ പരമാവധി 3,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി, ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 20,000 രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ അംഗങ്ങളുടെ പെൺമക്കൾക്കും വനിതാ അംഗങ്ങൾക്കും 5,000 രൂപ വിവാഹ ധനസഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 5,000 രൂപ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് 25,000 രൂപവരെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, എസ്.എസ്.എൽ.സി. ഹയർ സെക്കണ്ടറി തലത്തിൽ വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്ന പദ്ധതി, മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് സ്വാഭാവിക മരണത്തിന് 50,000 രൂപയും അപകടമരണത്തിന് 1,00,000 രൂപയും ധനസഹായം നൽകുന്ന മരണാനന്തര ധനസഹായ പദ്ധതി എന്നീ ആനുകൂല്യങ്ങളും പെൻഷൻ, കുടുംബ പെൻഷൻ, അവശതാപെൻഷൻ എന്നീ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നു. ഇവ കൂടാതെ എല്ലാ വർഷവും ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും പെൻഷൻകാർക്കും തുക അനുവദിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച ആനുകൂല്യങ്ങൾ/പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>സൗജന്യ യൂണിഫോം</u>

ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം 2,10,00,000 രൂപ ചെലവഴിച്ച് 70,000 യൂണിഫോമുകൾ കുടുംബശ്രീ മുഖേന തയ്യാറാക്കി വിതരണം ചെയ്തു.

<u>മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ</u>

അംഗപരിമിതരായ 178 ക്ഷേമനിധി അംഗങ്ങൾക്ക് 70,500 രൂപ വിലയുള്ള മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടറിൽ ടിക്കറ്റ് ഡിസ്പ്ലേ റാക്ക്, ബീച്ച് അംബ്രല്ല എന്നിവ സഹിതം തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്തു. പുതുതായി 96 അംഗങ്ങൾക്ക് കൂടി മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ സൗജന്യമായി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിവരുന്നു.

ബീച്ച് അംബ്രല്ല

വഴിയോര ഭാഗ്യക്കുറി വിൽപ്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി പ്രകാരം കുടുംബശ്രീ മുഖേന 2000 ബീച്ച് അംബ്രല്ലകൾ തയ്യാറാക്കി വിതരണം ചെയ്തു. പുതുതായി 1000 ബീച്ച് അംബ്രല്ലകൾ കൂടി സൗജന്യമായി വിതരണം ചെയ്യുന്നതാണ്.

പത്താം തരം തുല്യതാ പഠനം

ക്ഷേമനിധി അംഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പത്താം തരം വിജയിച്ചിട്ടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സംയോജിച്ച് പത്താം തരം തുല്യത പഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതി നടപ്പിലാക്കി.

പ്രളയ ധനസഹായം

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിലെ അംഗങ്ങളായവരും പ്രളയ ബാധിതമായി സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിൽ ദുരിതത്തിൽ പെട്ടവരുമായ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ടിക്കറ്റുകൾ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ വിൽക്കാൻ സാധിക്കാതെ വരികയോ ചെയ്തതുമൂലം സാമ്പത്തിക നഷ്ടം സംഭവിച്ചവർക്കും ആശ്വാസ ധനസഹായം നൽകി.

കലാകായിക മേള

സംസ്ഥാന ഭാഗ്യക്കുറിയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ക്ഷേമനിധി അംഗങ്ങളേയും അവരുടെ കുടുംബാംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ തലത്തിലും തുടർന്ന് സംസ്ഥാന തലത്തിലും കലാകായിക മേള സംഘടിപ്പിക്കുകയുണ്ടായി.

## ഭാഗ്യക്കുറി സബ് ഓഫീസുകൾ

85(5833) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് എത്ര ഭാഗ്യക്കുറി സബ് ഓഫീസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭാഗ്യക്കുറി സബ് ഓഫീസുകൾ നിലവിലില്ലാത്ത മണ്ഡലങ്ങളിൽ/ താലൂക്കുകളിൽ ആയവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, ആറ്റിങ്ങൽ എന്നിവിടങ്ങളിലായി 2 സബ് ഓഫീസുകൾ നിലവിലുണ്ട്.

(ബി) പുതിയ സബ് ഓഫീസുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## ഭാഗ്യക്കുറി വകുപ്പ് മുഖേന വില്പന നടത്തിവരുന്ന ലോട്ടറികൾ

86(5834) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഭാഗ്യക്കുറിവകുപ്പ് മുഖേന വില്പന നടത്തിവരുന്ന ലോട്ടറികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഇവയുടെ നിലവിലുള്ള വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ ഓരോ ഇനത്തിലും എത്ര ലോട്ടറികളാണ് അച്ചടിക്കുന്നതെന്ന് അറിയിക്കുമോ; ഇത് സംസ്ഥാനത്തിലെ ലോട്ടറി ആവശ്യം നിറവേറ്റാൻ പര്യാപ്തമാണോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് 7 പ്രതിവാര ഭാഗ്യക്കുറികൾ വില്പന നടത്തിവരുന്നുണ്ട്. ഇതിനുപുറമേ പ്രതിവർഷം 6 ബമ്പർ ഭാഗ്യക്കുറികളും വില്പന നടത്തുന്നുണ്ട്.

| | | |
|---|---|---|
| ഞായർ | - | പൗർണ്ണമി |
| തിങ്കൾ | - | വിൻ വിൻ |
| ചൊവ്വ | - | സ്ത്രീശക്തി |
| ബുധൻ | - | അക്ഷയ |
| വ്യാഴം | - | കാരുണ്യ പ്ലസ് |
| വെള്ളി | - | നിർമ്മൽ |
| ശനി | - | കാരുണ്യ |

നിലവിൽ ടിക്കറ്റ് വില വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി) 50 രൂപ വിലയുള്ള കാരുണ്യ ഭാഗ്യക്കുറി 75 ലക്ഷം വീതവും മറ്റെല്ലാ പ്രതിവാര ഭാഗ്യക്കുറികളും 105.6 ലക്ഷം ടിക്കറ്റുകൾ വീതവും അച്ചടിക്കുന്നുണ്ട്. ടിക്കറ്റിന്റെ ആവശ്യകതയനുസരിച്ച് ചട്ട പ്രകാരം അച്ചടി വർദ്ധിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

## ലോട്ടറി സമ്മാനഘടനയിലെ മാറ്റങ്ങൾ

87(5835) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന, ഏജന്റുമാർക്കുള്ള കമ്മീഷൻ എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പുതുതായി ലോട്ടറി ഏജൻസികൾ തൊഴിൽ രഹിതർക്ക് അനുവദിയ്ക്കുന്നതിനും സമ്മാനത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം സമ്മാനങ്ങളുടെ തുകയിലും എണ്ണത്തിലും വർദ്ധനവ് വരുത്തി സമ്മാനഘടന നിരവധി തവണ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി ഏജന്റുമാർക്ക് വിവിധ സ്ലാബുകളിലായി ആകെ വിറ്റുവരവിന്റെ 24.5% തുക ഡിസ്കൗണ്ട് ഇനത്തിൽ നൽകുന്നുണ്ട്.

(ബി) ഭാഗ്യക്കുറി ഏജൻസികൾക്ക് നിയമപ്രകാരം അപേക്ഷിക്കുന്ന എല്ലാവർക്കും ഏജൻസി അനുവദിക്കുന്നതാണ്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി പുതിയ സോഫ്റ്റ്‌വെയർ (LOTIS) Roll Out ചെയ്യുന്നതിന്റെ ഭാഗമായി പുതിയതായി ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് മൂന്നു മാസത്തേക്ക് താൽക്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നിട്ടുണ്ട്. ലോട്ടറി നിയമം അനുശാസിക്കുന്ന എല്ലാ രേഖകളോടും കൂടി നറുക്കെടുപ്പ് തീയതി മുതൽ 30 ദിവസത്തിനകം സമ്മാന ടിക്കറ്റ് സമർപ്പിക്കുന്ന പക്ഷം സമ്മാന വിതരണം കാലതാമസം കൂടാതെ നടത്തുന്നുണ്ട്.

## ലോട്ടറിയിൽ നിന്നും സർക്കാരിന് ലഭിച്ച ലാഭവിഹിതം

88(5836) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ 30 വരെ ലോട്ടറിയിൽ നിന്നും സർക്കാരിന് ലഭിച്ച ലാഭവിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നിന്ന് കാരുണ്യ പദ്ധതിക്കായി വിനിയോഗിച്ച തുക എത്ര ; വിശദവിവരം നൽകുമോ;

(സി) 2011-2016 വരെ കാലയളവിൽ ലോട്ടറിയിൽ നിന്നും ലഭിച്ച ലാഭവിഹിതം എത്രയായിരുന്നു; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ)

| സാമ്പത്തിക വർഷം | ലാഭം (കോടിയിൽ) |
|---|---|
| 2016-17 | 1691.05 |
| 2017-18 | 1695.05 |
| 2018-19 | 1673.11 |
| 2019-20 (2019 സെപ്റ്റംബർ 30 വരെ) | 899 (ഏകദേശം) |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബജറ്റ് വിഹിതമായി ഉൾപ്പെടുത്തിയ തുകയിൽ നിന്നും സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് മുഖേന 856.30 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | തുക (കോടിയിൽ) |
|---|---|
| 2016-17 | 250 |
| 2017-18 | 261.32 |
| 2018-19 | 194.98 |
| 2019-20 | 150 |
| ആകെ | 856.30 |

(സി)

| സാമ്പത്തിക വർഷം | ലാഭം (കോടിയിൽ) |
|---|---|
| 2011-12 | 394.87 |
| 2012-13 | 681.77 |
| 2013-14 | 788.43 |
| 2014-15 | 1168.26 |
| 2015-16 | 1461.16 |
| ആകെ | 4494.49 |

## എഴുത്ത് ലോട്ടറി മാഫിയ

89(5837) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുത്ത് ലോട്ടറി മാഫിയകളുടെ പ്രവർത്തനം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എഴുത്ത് ലോട്ടറി പ്രവർത്തനം അവസാനിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം നിയമനടപടികളാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം ലഭിക്കുന്ന നമ്പരിന്റെ അവസാന മൂന്നക്കങ്ങൾ പ്രവചിക്കുന്നവർക്ക് സമ്മാനം എന്ന രീതി അവലംബിച്ച് നിയമ വിരുദ്ധ എഴുത്ത് ലോട്ടറികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഴുത്ത് ലോട്ടറികളുടെ നടത്തിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018 ജനുവരി മാസം പോലീസ് മുഖാന്തരം കേരളത്തിലെ വിവിധ ജില്ലകളിൽ റെയ്ഡുകൾ നടത്തി 50-ഓളം അറസ്റ്റുകൾ രേഖപ്പെടുത്തുകയും ഇത്തരം അനധികൃത ലോട്ടറികൾക്കെതിരെയുള്ള നടപടി കർശനമായി തുടർന്നു പോരുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലകളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിശദാംശം ജില്ലാ മോണിറ്ററിംഗ് സെല്ലിൽ അവതരിപ്പിക്കുകയും ആയത് സ്റ്റേറ്റ് മോണിറ്ററിംഗ് സെല്ലിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്.

(സി)

1. എഴുത്ത് ലോട്ടറികൾക്കെതിരെ കൂടുതൽ കർക്കശമായ നടപടികൾ കൈക്കൊള്ളുന്നതിനായി 19-9-2018-ൽ സംസ്ഥാന പോലീസ് മേധാവിയുമായി കൂടിക്കാഴ്ച നടത്തുകയും എഴുത്ത് ലോട്ടറികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തു.

2. പോലീസ് വകുപ്പും ലോട്ടറി വകുപ്പും സംയുക്തമായി എഴുത്ത് ലോട്ടറികൾക്കെതിരെ നടപടി കൈക്കൊള്ളുന്നതിന്റെ ഭാഗമായി ഒരു ലോട്ടറി ഇൻവെസ്റ്റിഗേഷൻ ടീം 14 ജില്ലകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

3. എഴുത്ത് ലോട്ടറികളുടെ നടത്തിപ്പ് സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം നൽകാൻ ഒരു ടോൾ ഫ്രീ നമ്പർ ആരംഭിച്ചിട്ടുണ്ട്.

4. രജിസ്റ്റേർഡ് ഏജന്റുമാർ ഇത്തരം അനധികൃത ലോട്ടറി ടിക്കറ്റിന്റെ വിൽപ്പനയിൽ ഏർപ്പെടുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ടിയാളുകളുടെ ഏജൻസി സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

5. ഏജന്റുമാർക്കും വിൽപ്പനക്കാർക്കും അനധികൃത ലോട്ടറി നടത്തിപ്പ്/ എഴുത്ത് ലോട്ടറി നടത്തിപ്പ് എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കുന്നതിനും വ്യാജ ടിക്കറ്റിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും വെൽഫെയർ ഫണ്ട് മുഖേന ശിൽപ്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

90(5838) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി.) എത്ര ശാഖകളിലൂടെ ബിസിനസ് സംരംഭകർക്ക് വായ്പ നൽകുന്നു;

(ബി) 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ എത്ര കോടി രൂപ വായ്പ നൽകുകയുണ്ടായി; എത്ര ബിസിനസ് സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വ്യക്തമാക്കുമോ;

(സി) 2018-19 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ കെ.എഫ്.സി.ക്ക് ലാഭം കിട്ടി; അതിൽ എത്ര കോടി രൂപ സർക്കാരിന് വിഹിതമായി നൽകി;

(ഡി) നിലവിൽ കെ.എഫ്.സി.-ക്ക് വായ്പയിനത്തിൽ എത്ര കോടി രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്; എപ്രകാരമാണ് കെ.എഫ്.സി. കുടിശ്ശിക പിരിച്ചെടുക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ (കെ.എഫ്.സി.) 16 ശാഖകളിലൂടെ ബിസിനസ് സംരംഭകർക്ക് വായ്പ നൽകുന്നു.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ 1645.01 കോടി രൂപ വായ്പ അനുവദിക്കുകയുണ്ടായി. ഇതിന്റെ പ്രയോജനം 885 ബിസിനസ് സംരംഭകർക്ക് ലഭിച്ചു.

(സി) 2018-19 സാമ്പത്തിക വർഷത്തിലെ അറ്റാദായം 17.70 കോടി രൂപയും സർക്കാരിന് ലാഭവിഹിതം 1.10 കോടി രൂപയും ആകുന്നു.

(ഡി) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ അനുവദിച്ചിട്ടുള്ള യൂണിറ്റുകളിൽ നിന്നുമുള്ള മൊത്തം നിഷ്ക്രിയ ആസ്തി തുക 31-3-2019-ലെ കണക്കുപ്രകാരം 155 കോടി രൂപ ആകുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളും, സർഫാസി, ഡെറ്റ്സ് റിക്കവറി ട്രിബ്യൂണൽ (DRT) വഴിയുള്ള റിക്കവറി നടപടികളും നിലവിലുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നിലവിലുണ്ട്.

## പ്രവാസി ചിട്ടി

91(5839) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുടെ നിലവിലെ പ്രൈസ്ഡ് ഡിഫാൾട്ട്, നോൺ പ്രൈസ്ഡ് ഡിഫാൾട്ട് എന്നിവ എത്രയാണ്; ഇതു പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രവാസി ചിട്ടിയിലെ പേയ്മെന്റ് ഗേറ്റ്‌വേയുമായി ബന്ധപ്പെട്ട് പരാതികൾ ഉണ്ടാകുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രൈസ്ഡ് ഡിഫാൾട്ട് : Rs.21,22,000 (1.30%)

നോൺ പ്രൈസ്ഡ് ഡിഫാൾട്ട് : Rs.2,06,37,500 (16.60%) ഡിഫാൾട്ട് കുറയ്ക്കുന്നതിന് കെ.എസ്.എഫ്.ഇ.-യിൽ നിലവിലുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. തവണ മുടക്കം വരുത്തുമ്പോൾതന്നെ ഇടപാടുകാരനെ ബന്ധപ്പെടുകയും മുടക്കസംഖ്യ അടയ്ക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യാറുണ്ട്.

(ബി) നിലവിൽ പരാതികൾ ഇല്ല.

## വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വകാര്യ ഏജൻസികൾ

92(5840) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ഡോ. എം. കെ. മുനീർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയതു പോലെ മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിലെ വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ ചുമതലപ്പെടുത്താനിടയായ സാഹചര്യം വ്യക്തമാക്കാമോ ?

ഉത്തരം

(എ& ബി) കെ.എഫ്.സി.-യിലും സർക്കാരിന് കീഴിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

## കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി

93(5841) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഫണ്ട് കണ്ടെത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി വഴി കിഫ്ബിയിലേക്ക് സർക്കാർ പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അൻപതിനായിരം കോടി രൂപയുടെ പദ്ധതികളിൽ പതിനായിരം കോടി രൂപ കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയിലൂടെ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2018 നവംബർ മാസം മുതൽ നാളിതുവരെ 64.61 കോടി രൂപ കിഫ്ബിയിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്.

ആരംഭഘട്ടത്തിൽ ഗൾഫ് രാജ്യങ്ങളിൽ മാത്രമായി ആരംഭിച്ച പ്രവാസി ചിട്ടിയിൽ, ഒരു വർഷം പിന്നിടുമ്പോൾ ലോകത്തിന്റെ ഏതു കോണിലുള്ള പ്രവാസിക്കും പങ്കുചേരുവാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കും നിലവിൽ പ്രവാസി ചിട്ടിയിൽ ചേരുവാനുള്ള അവസരമുണ്ട്. പെൻഷൻ ചിട്ടിപോലെയുള്ള സംവിധാനങ്ങളും കൂടുതൽ ആകർഷകമായ ആനുകൂല്യങ്ങളും അവതരിപ്പിക്കുന്നതിലൂടെ കാലക്രമേണ ലക്ഷ്യം വച്ചിരിക്കുന്ന ധനസമാഹരണം പ്രവാസി ചിട്ടിയിലൂടെ നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി

94(5842) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിലൂടെ എത്ര കോടി രൂപയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നുവരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രവാസി ചിട്ടിയിലൂടെ അടുത്ത രണ്ടു വർഷത്തിനകം എത്ര കോടി രൂപ സമാഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രവാസി ചിട്ടികളുടെ ലേലവും നറുക്കെടുപ്പും എപ്രകാരമാണ് നടന്നുവരുന്നത്; വിശദമാക്കുമോ;

(ഡി) പ്രവാസി ചിട്ടിയിൽ ലേലവും നറുക്കെടുപ്പും ഒഴിവാക്കി ഓരോ മാസവും ചിട്ടിയിലെ അംഗങ്ങൾ കൂടിയാലോചിച്ച് ചിട്ടി ലഭിക്കേണ്ട ആളെ കണ്ടെത്തുംവിധം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രതിമാസം പതിനാറ് കോടി മുപ്പത്തിയേഴ് ലക്ഷത്തി എൺപതിനായിരം രൂപയുടെ ചിട്ടി ഇടപാടുകളാണ് നടന്നുവരുന്നത്.

(ബി) അടുത്ത മൂന്നു വർഷങ്ങൾ കൊണ്ട് 10,000 കോടി രൂപ കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിൽ നല്ലൊരു ഭാഗവും അടുത്ത രണ്ട് വർഷങ്ങൾ കൊണ്ട് സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രവാസി ചിട്ടിയുടെ ലേലവും നറുക്കെടുപ്പും പൂർണ്ണമായി ഓൺലൈൻ ആയാണ് നടന്നുവരുന്നത്.

(ഡി) അത്തരമൊരു പദ്ധതി പരിഗണനയിലാണ്. നിയമവശങ്ങളും മറ്റു കാര്യങ്ങളും പരിശോധിക്കുന്ന പ്രക്രിയ പൂർത്തീകരിക്കേണ്ടതുണ്ട്.

## കിഫ്ബി ബോണ്ടുകൾ

95(5843) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി വഴി സമാഹരിക്കുന്ന തുക കിഫ്ബി പദ്ധതികളിലേക്കായി വിനിയോഗിക്കുന്നതിനായി കെ.എസ്.എഫ്.ഇ. പ്രത്യേകം രൂപകൽപ്പന ചെയ്ത കിഫ്ബി ബോണ്ടുകൾ ഇതിനകം പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഇതിലൂടെ നാളിതുവരെ എത്ര കോടി രൂപ സമാഹരിച്ചു; ഈ ബോണ്ടിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം കിഫ്ബി ബോണ്ടുവഴി സമാഹരിക്കുന്ന തുക കിഫ്ബിയുടെ ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്; അതിന് ലഭിക്കുന്ന പലിശ എത്രയാണ്; കിഫ്ബി ബോണ്ടിന് നൽകേണ്ട പലിശ എത്രയാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-11-2019-ലെ കണക്കുകൾ പ്രകാരം ആകെ 64.618 കോടി രൂപയുടെ ബോണ്ടുകൾ കെ.എസ്.എഫ്.ഇ.-ക്ക് നൽകിയിട്ടുണ്ട്. ഇവയ്ക്ക് സർക്കാർ ഗ്യാരന്റിയുണ്ട്.

(സി) കിഫ്ബി ബോണ്ടു വഴി കെ.എസ്.എഫ്.ഇ.-ൽ നിന്ന് ലഭ്യമാകുന്ന തുക യൂണിയൻ ബാങ്കിൽ ഇതിനായി ആരംഭിച്ച അക്കൗണ്ടിൽ വരികയും തുടർന്ന് എസ്.ബി.ഐ.-ൽ സ്വീപ്പ് അക്കൗണ്ട് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് അതാത് ദിവസങ്ങളിൽ എസ്.ബി.ഐ.-യുടെ സ്വീപ്പ് അക്കൗണ്ടുകൾക്ക് ലഭിക്കുന്ന റേറ്റാണ് ബാധകം. കൂടാതെ ഇങ്ങനെ സമാഹരിച്ച തുക കിഫ്ബിയുടെ ബോർഡ് അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസിയുടെ അടിസ്ഥാനത്തിൽ സ്ഥിരനിക്ഷേപങ്ങളിലും നിക്ഷേപിക്കാറുണ്ട്. കിഫ്ബി കാലാകാലങ്ങളിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് നൽകുന്ന ബോണ്ടുകൾക്ക് അപ്പോൾ സർക്കാർ ട്രഷറിയിൽ നിലവിലുള്ള ഒരു വർഷത്തിന് പുറത്തുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് അടിസ്ഥാനപ്പെടുത്തിയുള്ള നിരക്ക് ലഭിക്കും. ഇത്തരത്തിൽ 7.5% മുതൽ 8.6% വരെ പലിശ നൽകിയിട്ടുണ്ട്.

## പ്രവാസി ചിട്ടി കോൾ സെന്ററിലെ ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജുകൾ

96(5844) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി കോൾ സെന്ററിലെ ടെലഫോൺ, ഇന്റർനെറ്റ് ചാർജ്ജുകൾ നിലവിൽ നൽകുന്നത് കിഫ്ബിയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ കിഫ്ബി ഇതിനകം എത്ര തുക നൽകി എന്നറിയിക്കുമോ;

(സി) പ്രവാസി ചിട്ടിയുടെ സോഫ്റ്റ് വെയർ വികസനവും പരിപാലനവും മേൽനോട്ടവും വഹിക്കുന്നത് കിഫ്ബിയാണോ; എന്തുകൊണ്ടാണ് ഈ ചുമതല പൂർണ്ണമായും കെ.എസ്.എഫ്.ഇ.-ക്ക് നൽകാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രവാസി ചിട്ടി കോൾ സെന്ററിലെ ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജുകൾ നിലവിൽ നൽകുന്നത് കിഫ്ബിയാണ്. ഈ ഇനത്തിൽ 58,32,740 രൂപ ചെലവായിട്ടുണ്ട്.

(സി) കിഫ്ബിക്ക് ലഭിക്കാവുന്ന നേട്ടങ്ങൾ കണക്കിലെടുത്ത് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ രൂപരേഖ തയ്യാറാക്കുന്നതു മുതൽ അതിന്റെ എല്ലാ ഘട്ടങ്ങളിലും കിഫ്ബിയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. വളരെ സങ്കീർണ്ണമായ ചിട്ടിയുടെ നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിനുതകും വിധം ചിട്ടപ്പെടുത്തുക, ഇതിനനുസൃതമായ സോഫ്റ്റ്വെയർ ഘടന തയ്യാറാക്കുക, അവ ടെസ്റ്റ് ചെയ്യുക, മറ്റു അനുബന്ധ സാങ്കേതിക സഹായങ്ങൾ നൽകുക എന്നിങ്ങനെ എല്ലാ നിർണ്ണായക ഘട്ടത്തിലും പ്രവാസി ചിട്ടിക്ക് ആവശ്യമായ പ്രചരണങ്ങൾ ഉറപ്പുവരുത്തുന്നതിനും കിഫ്ബി കെ.എസ്.എഫ്.ഇ.-യോട് ഒത്തുനിന്നു പ്രവർത്തിച്ചുവരുന്നു. സോഫ്റ്റ്വെയർ വികസനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവാസി ചിട്ടിയുടെ സോഫ്റ്റ്വെയറിന്റെ പൂർണ്ണ മേൽനോട്ടം കെ.എസ്.എഫ്.ഇ.-യ്ക്ക് കൈമാറുന്നതാണ്.

## പ്രവാസി ചിട്ടിക്ക് കിഫ്ബി പണം

97(5845) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിക്ക് വേണ്ടി ഏതെങ്കിലും തരത്തിൽ കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങളിൽ എത്ര രൂപ വീതമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി ചിട്ടിക്കുവേണ്ടി കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഈ തുക കെ.എസ്.എഫ്.ഇ. തിരിച്ച് നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ എത്ര രൂപ നൽകിയെന്ന് അറിയിക്കാമോ;

(സി) കിഫ്ബി, കെ.എസ്.എഫ്.ഇ.യുമായി ഇതിനുവേണ്ടി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത കരാർ ഉണ്ടാക്കിയതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രവാസി ചിട്ടിക്കുവേണ്ടി കിഫ്ബി പണം ചെലവഴിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രവാസി ചിട്ടിക്ക് വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിലും ചിട്ടിയുടെ പ്രചാരണത്തിനും വേണ്ട ധനസഹായവും കിഫ്ബി നൽകിവരുന്നു. സാങ്കേതിക സംവിധാനങ്ങൾക്കായി 11.63 കോടി രൂപയും ആരംഭഘട്ട പ്രചാരണ പ്രവർത്തനങ്ങൾക്കായി 12.01 കോടി രൂപയും കിഫ്ബിയിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. ഈ വകയിൽ തുകകൾ ഒന്നുംതന്നെ കെ.എസ്.എഫ്.ഇ.-ൽ നിന്നും തിരികെ വാങ്ങിയിട്ടില്ല. കെ.എസ്.എഫ്.ഇ.-ൽ നിന്നും ലഭിക്കുന്ന ബോണ്ടുകൾക്ക് നിലവിൽ ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റിന്റെ പലിശനിരക്കാണ് നൽകി വരുന്നത്. ഇത് കിഫ്ബി വിപണിയിൽ നിന്ന് എടുക്കുന്ന ലോണുകൾക്ക് നൽകി വരുന്ന പലിശനിരക്കിനേക്കാൾ 1 മുതൽ 2% കുറവാണ്. ഏകദേശം 10,000 കോടി രൂപ കെ.എസ്.എഫ്.ഇ. ചിട്ടിയിലൂടെ സമാഹരിക്കുന്നതിനായാണ് കിഫ്ബി ലക്ഷ്യമിടുന്നത്. ഇത്രയും ആദായ നിരക്കിൽ ഈ ബോണ്ടുകൾ കിഫ്ബിയ്ക്ക് ലഭിക്കുന്നതിനാൽ സാങ്കേതിക സംവിധാനങ്ങൾക്കും ആരംഭഘട്ട പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുക കിഫ്ബി വഹിക്കുന്നതായിരിക്കും ഉചിതം.

(സി) കിഫ്ബി ബോണ്ടുകളിൽ കെ.എസ്.എഫ്.ഇ.-യുടെ നിക്ഷേപവും അതിന്റെ തിരിച്ചടവും സംബന്ധിച്ച കരാറിൽ 1-6-2019-ന് ഇരു കക്ഷികളും ഏർപ്പെട്ടിട്ടുണ്ട്. ഇതിന് 1-11-2018 മുതൽ പ്രാബല്യമുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ പ്രവർത്തനങ്ങൾക്കായി കിഫ്ബി 2017 മുതൽ ധനസഹായം നൽകുന്നുണ്ട്.

## പ്രവാസി ചിട്ടിക്കായി കിഫ്ബി ചെലവഴിച്ച തുക

98(5846) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിക്ക് വേണ്ടി ഏതെങ്കിലും തരത്തിൽ കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങൾക്ക് വേണ്ടി എത്ര രൂപ വീതം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി ചിട്ടിക്ക് വേണ്ടി കിഫ്ബി പണം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഈ തുക കെ.എസ്.എഫ്.ഇ. തിരിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ തിരിച്ചുനൽകി;

(സി) പ്രവാസി ചിട്ടിക്കു വേണ്ടി കിഫ്ബി പണം ചെലവഴിക്കുമ്പോൾ ആ തുക തിരികെ പിടിക്കുമെന്ന് കെ.എസ്.എഫ്.ഇ.-യുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) പ്രവാസി ചിട്ടിക്കുവേണ്ടി കിഫ്ബി പണം ചെലവഴിച്ചു തുടങ്ങിയത് എന്നു മുതലാണ്; കെ.എസ്.എഫ്.ഇ.-യുമായി ഉണ്ടാക്കിയ കരാറിന് എന്നു മുതലാണ് പ്രാബല്യം ഉള്ളതെന്ന് അറിയിക്കാമോ;

(ഇ) പ്രവാസി ചിട്ടി കാൾ സെന്ററിലെ ടെലിഫോൺ ഇന്റർനെറ്റ് ചാർജ്ജുകൾ നിലവിൽ നൽകുന്നത് കിഫ്ബി ആണോ; ഈ ഇനത്തിൽ കിഫ്ബി എത്ര രൂപ നൽകി;

(എഫ്) പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ വികസനവും പരിപാലനവും മേൽനോട്ടം വഹിക്കുന്നത് കിഫ്ബി ആണോ; എന്ത് കൊണ്ടാണ് ഈ ചുമതല പൂർണ്ണമായും കെ.എസ്.എഫ്.ഇ.- ക്ക് നൽകാത്തതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) പ്രവാസി ചിട്ടിക്ക് വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിലും ചിട്ടിയുടെ പ്രചാരണത്തിനും വേണ്ട ധനസഹായവും കിഫ്ബി നൽകിവരുന്നു. സാങ്കേതിക സംവിധാനങ്ങൾക്കായി 11.63 കോടി രൂപയും ആരംഭഘട്ട പ്രചാരണ പ്രവർത്തനങ്ങൾക്കായി 12.01 കോടി രൂപയും കിഫ്ബിയിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. ഈ വകയിൽ തുകകൾ ഒന്നുംതന്നെ കെ.എസ്.എഫ്.ഇ.-ൽ നിന്നും തിരികെ വാങ്ങിയിട്ടില്ല. കെ.എസ്.എഫ്.ഇ.-ൽ നിന്നും ലഭിക്കുന്ന ബോണ്ടുകൾക്ക് നിലവിൽ ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റിന്റെ പലിശനിരക്കാണ് നൽകി വരുന്നത്. ഇത് കിഫ്ബി വിപണിയിൽനിന്ന്

എടുക്കുന്ന ലോണുകൾക്ക് നൽകി വരുന്ന പലിശനിരക്കിനേക്കാൾ 1 മുതൽ 2% കുറവാണ്. ഏകദേശം 10,000 കോടി രൂപ കെ.എസ്.എഫ്.ഇ. ചിട്ടിയിലൂടെ സമാഹരിക്കുന്നതിനായാണ് കിഫ്ബി ലക്ഷ്യമിടുന്നത്. ഇത്രയും ആദായ നിരക്കിൽ ഈ ബോണ്ടുകൾ കിഫ്ബിയ്ക്ക് ലഭിക്കുന്നതിനാൽ സാങ്കേതിക സംവിധാനങ്ങൾക്കും ആരംഭഘട്ട പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുക കിഫ്ബി വഹിക്കുന്നതായിരിക്കും ഉചിതം.

(സി)) കിഫ്ബി ബോണ്ടുകളിൽ കെ.എസ്.എഫ്.ഇ.-യുടെ നിക്ഷേപവും അതിന്റെ തിരിച്ചടവും സംബന്ധിച്ച കരാറിൽ 01-06-2019-ന് ഇരു കക്ഷികളും ഏർപ്പെട്ടിട്ടുണ്ട്. ഇതിനു 01-11-2018 മുതൽ പ്രാബല്യമുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ പ്രവർത്തനങ്ങൾക്കായി കിഫ്ബി 2017 മുതൽ ധനസഹായം നൽകുന്നുണ്ട്.

(ഇ) പ്രവാസി ചിട്ടി കോൾ സെന്ററിലെ ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്ജുകൾ നിലവിൽ നൽകുന്നത് കിഫ്ബിയാണ്. ഈ ഇനത്തിൽ 58,32,740 രൂപ ചെലവായിട്ടുണ്ട്.

(എഫ്) കിഫ്ബിയ്ക്ക് ലഭിക്കാവുന്ന നേട്ടങ്ങൾ കണക്കിലെടുത്ത് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ രൂപരേഖ തയ്യാറാക്കുന്നതു മുതൽ അതിന്റെ എല്ലാ ഘട്ടങ്ങളിലും കിഫ്ബിയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. വളരെ സങ്കീർണ്ണമായ ചിട്ടിയുടെ നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിനു ഉതകും വിധം ചിട്ടപ്പെടുത്തുക, ഇതിനു അനുസൃതമായ സോഫ്റ്റ്‌വെയർ ഘടന തയ്യാറാക്കുക, അവ ടെസ്റ്റ് ചെയ്യുക, മറ്റ് അനുബന്ധ സാങ്കേതിക സഹായങ്ങൾ നൽകുക എന്നിങ്ങനെ എല്ലാ നിർണ്ണായക ഘട്ടത്തിലും പ്രവാസി ചിട്ടിക്ക് ആവശ്യമായ പ്രചരണങ്ങൾ ഉറപ്പുവരുത്തുന്നതിനും കിഫ്ബി കെ.എസ്.എഫ്.ഇ.-യോട് ഒത്തുനിന്നു പ്രവർത്തിച്ചുവരുന്നു. സോഫ്റ്റ്‌വെയർ വികസനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയറിന്റെ പൂർണ്ണ മേൽനോട്ടം കെ.എസ്.എഫ്.ഇ.-യ്ക്ക് കൈമാറുന്നതാണ്.

## കെ.എസ്.എഫ്.ഇ.-യിലെ ശിക്ഷണ നടപടികൾ

99(5847) <u>ശ്രീ. കെ. എം. ഷാജി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര ഉദ്യോഗസ്ഥരാണ് ശിക്ഷണ നടപടികൾക്ക് വിധേയർ ആയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേരെ സർവ്വീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) അച്ചടക്ക നടപടികളുടെ ഭാഗമായി എത്രപേർ സർവ്വീസിൽ നിന്ന് പുറത്ത് നിൽക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 47 പേർ ശിക്ഷണ നടപടികൾക്ക് വിധേയരായിട്ടുണ്ട്.

(ബി) 4 പേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു.

(സി) അച്ചടക്ക നടപടികളുടെ ഭാഗമായി 14 പേർ സർവ്വീസിൽ നിന്നും പുറത്ത് നിൽക്കുന്നു.

**കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

100(5848) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ കാലാവധി എന്നാണ് അവസാനിക്കുന്നത്; അത് പുതുക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.-യുടെ നിലവിലെ ബോർഡ് സ്ഥാനമേറ്റെടുത്ത ശേഷം എത്ര ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിച്ചുവെന്നും എത്ര പേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ കാലാവധി 31-7-2017-ന് അവസാനിച്ച സാഹര്യത്തിൽ അത് പുതുക്കുന്നതിനായി യൂണിയനുകളുമായി ചർച്ച തുടങ്ങിയിട്ടുണ്ട്. ഇടക്കാലാശ്വാസം (14%) ഇപ്പോൾ കൊടുക്കുന്നുണ്ട്.

(ബി) 47 പേർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും 4 പേരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.-യിലെ നിയമനം

101(5849) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ 2019 സെപ്റ്റംബർ മാസത്തെ ബിസിനസ്സ് റിവ്യൂ അനുസരിച്ച് മാനേജർ, അസിസ്റ്റന്റ് മാനേജർ, അസിസ്റ്റന്റ്, പ്യൂൺ, പി.റ്റി.എസ്. തസ്തികകളിൽ എത്ര വീതം ഒഴിവുകളുണ്ട്; ഇവയിൽ നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; വിശദാംശം നൽകുമോ;

(സി) ഒരു പുതിയ ബ്രാഞ്ച് തുടങ്ങുമ്പോൾ എത്ര സ്റ്റാഫുകളെയാണ് നിയമിക്കുന്നത്; ഏതൊക്കെ പോസ്റ്റിലാണ് നിയമനം നടത്തുന്നത്; വ്യക്തമാക്കാമോ;

(ഡി) നിലവിൽ എത്ര ബ്രാഞ്ചുകളിൽ ബ്രാഞ്ച് മാനേജർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ബിസിനസ് റിവ്യൂ പ്രകാരം അസിസ്റ്റന്റ് മാനേജർ, അസിസ്റ്റന്റ്, പ്യൂൺ എന്നീ തസ്തികകളിലെ ഒഴിവുകളാണ് കണക്കാക്കുന്നത്. സെപ്റ്റംബർ 2019-ലെ ബിസിനസ് റിവ്യൂ പ്രകാരം പ്രസ്തുത തസ്തികകളിലെ ഒഴിവുകളുടെ വിവരം താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് മാനേജർ | ഒഴിവുകൾ ഇല്ല |
| 2 | അസിസ്റ്റന്റ് | 683 |
| 3 | പ്യൂൺ | 122 |

അസിസ്റ്റന്റ് തസ്തികയിലെ 683 ഒഴിവുകളിൽ 21 എണ്ണം ബൈട്രാൻസ്ഫർ പ്രൊമോഷൻ വഴി നികത്തേണ്ടവയാണ്. ഇത് നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് തസ്തികയിൽ ബാക്കിയുള്ള 662 ഒഴിവുകളും പ്യൂൺ തസ്തികയിലെ 122 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-ൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തുന്നതാണ്.

(ബി) ഉണ്ട്. ഇതിൽ ഒല്ലൂർ, പോളയത്തോട്, പത്തിരിപ്പാല, നഗരൂർ, ഓശ്ശേരി, പറപ്പൂർ, കൊട്ടാരക്കര ഈവനിംഗ്, അഞ്ചൽ ഈവനിംഗ്, അഷ്ടമിച്ചിറ തത്തമംഗലം, ഏരൂർ, എസ്.എൻ. പുരം, പരിയാരം, എടമുട്ടം, രാജാക്കാട്, ആനക്കര എന്നീ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ കെട്ടിടം ഏറ്റെടുത്തിട്ടുള്ളതും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമാണ്. മറ്റു ശാഖകൾക്കായി കെട്ടിടം കണ്ടെത്തുന്നതും മറ്റുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയ പുതിയ ശാഖകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഒരു പുതിയ ബ്രാഞ്ച് തുടങ്ങുമ്പോൾ നടത്തുന്ന നിയമനങ്ങളുടെ വിവരം ചുവടെ തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | മാനേജർ | 1 |
| 2 | അസിസ്റ്റന്റ് മാനേജർ | 1 |
| 3 | അസിസ്റ്റന്റ് | 1 |
| 4 | പ്യൂൺ | 1 |
| 5 | പി.റ്റി.എസ്. | 1 |

(ഡി) 6 ബ്രാഞ്ചുകൾ. മാനേജർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് നിയമനം നടത്താത്തത്. 2019 വർഷത്തെ പ്രൊമോഷൻ ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടികൾ നടന്നുവരുന്നു.

## കെ.എസ്.എഫ്.ഇ.

102(5850) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ 2019 സെപ്റ്റംബർ ബിസിനസ് റിവ്യൂ അനുസരിച്ച് മാനേജർ, അസിസ്റ്റന്റ് മാനേജർ, അസിസ്റ്റന്റ്, പ്യൂൺ, പി.റ്റി.എസ് തസ്തികകളിൽ എത്ര വീതം ഒഴിവുകൾ ഉണ്ട്; ഇവയിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സാമ്പത്തിക വർഷം എത്ര ബ്രാഞ്ചുകളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ; ഇതിന്റെ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഒരു പുതിയ ബ്രാഞ്ച് തുടങ്ങുമ്പോൾ എത്ര സ്റ്റാഫുകളെ ഏതൊക്കെ തസ്തികകളിൽ നിയമിക്കാറുണ്ടെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ ബ്രാഞ്ച് മാനേജർ തസ്തിക ഒഴിഞ്ഞു കിടക്കുന്ന എത്ര ബ്രാഞ്ചുകളുണ്ട്; ഇവയിലെ നിയമന നടപടികൾ പൂർത്തിയാക്കാത്തതിന് കാരണം വ്യക്തമാക്കുമോ;

(ഇ) ഒരു അസിസ്റ്റന്റ് മാനേജർ മാത്രമുള്ള എത്ര കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(എഫ്) ഒന്നിൽ കൂടുതൽ അസിസ്റ്റന്റ് മാനേജർ തസ്തികയുടെ ഒഴിവുകൾ ഉണ്ടായിരിക്കുകയും എന്നാൽ ഒരു അസിസ്റ്റന്റ് മാനേജരെ മാത്രം വച്ച് പ്രവർത്തിപ്പിക്കുന്ന എത്ര ബ്രാഞ്ചുകൾ സംസ്ഥാനത്തുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ബിസിനസ് റിവ്യൂ പ്രകാരം അസിസ്റ്റന്റ് മാനേജർ, അസിസ്റ്റന്റ്, പ്യൂൺ എന്നീ തസ്തികകളിലെ ഒഴിവുകളാണ് കണക്കാക്കുന്നത്. സെപ്റ്റംബർ 2019-ലെ ബിസിനസ് റിവ്യൂ പ്രകാരം പ്രസ്തുത തസ്തികകളിലെ ഒഴിവുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് മാനേജർ | ഒഴിവുകൾ ഇല്ല |
| 2 | അസിസ്റ്റന്റ് | 683 |
| 3 | പ്യൂൺ | 122 |

അസിസ്റ്റന്റ് തസ്തികയിലെ 683 ഒഴിവുകളിൽ 21 എണ്ണം ബൈ ട്രാൻസ്ഫർ പ്രൊമോഷൻ വഴി നികത്തേണ്ടവയാണ്. ഇത് നികത്തിയിട്ടുണ്ട്. അസിസ്റ്റന്റ് തസ്തികയിൽ ബാക്കിയുള്ള 662 ഒഴിവുകളും പ്യൂൺ തസ്തികയിലെ 122 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-ൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തുന്നതാണ്.

(ബി) 101 ബ്രാഞ്ചുകൾ. ഇതിൽ ഒല്ലൂർ, പോളയത്തോട്, പത്തിരിപ്പാല, നഗരൂർ, ഓശ്ശേരി, പറപ്പൂർ, കൊട്ടാരക്കര ഈവനിംഗ്, അഞ്ചൽ ഈവനിംഗ്, അഷ്ടമിച്ചിറ, തത്തമംഗലം, ഏരൂർ, എസ്.എൻ. പുരം, പരിയാരം, എടമുട്ടം,

രാജാക്കാട്, ആനക്കര എന്നീ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ കെട്ടിടം ഏറ്റെടുത്തിട്ടുള്ളതും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമാണ്. മറ്റു ശാഖകൾക്കായി കെട്ടിടം കണ്ടെത്തുന്നതും മറ്റുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയ പുതിയ ശാഖകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഒരു പുതിയ ബ്രാഞ്ച് തുടങ്ങുമ്പോൾ നടത്തുന്ന നിയമനങ്ങളുടെ വിവരം തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | മാനേജർ | 1 |
| 2 | അസിസ്റ്റന്റ് മാനേജർ | 1 |
| 3 | അസിസ്റ്റന്റ് | 1 |
| 4 | പ്യൂൺ | 1 |
| 5 | പി.റ്റി.എസ്. | 1 |

(ഡി) 6 ബ്രാഞ്ചുകൾ. മാനേജർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് നിയമനം നടത്താത്തത്. 2019 വർഷത്തെ പ്രൊമോഷൻ ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടികൾ നടന്നുവരുന്നു.

(ഇ) 236 ബ്രാഞ്ചുകൾ.

(എഫ്) 4 ബ്രാഞ്ചുകൾ.

## കെ.എസ്.എഫ്.ഇ. കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ

103(5851) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസ്, റവന്യൂ റിക്കവറി ഓഫീസ് എന്നിവ കോർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കാലതാമസം നേരിടുന്നതെന്ന് അറിയിക്കാമോ; ഇതിനുള്ള നടപടികൾ എന്തായി എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഇ.-യുടെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസ് എന്നിവ കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി ഓഫീസ് കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മിച്ച് ടെസ്റ്റിംഗ് നടന്നുവരുന്നു. നിശ്ചയിച്ച സമയക്രമത്തിനുള്ളിൽ തന്നെ കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കെ.എസ്.എഫ്.ഇ. ബ്രാഞ്ച് ഓഫീസുകളുടെ നവീകരണം**

104(5852) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. -യുടെ ബ്രാഞ്ച് ഓഫീസുകൾ നവീകരിക്കുന്നതിന് എത്ര കോടി രൂപ ഈ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എത്ര ബ്രാഞ്ചുകളാണ് ഇപ്രകാരം നവീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ ബ്രാഞ്ചിന്റേയും നവീകരണത്തിനായി നൽകിയിരിക്കുന്ന ബജറ്റ് വിഹിതം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഏതൊക്കെ ഏജൻസികൾക്കാണ് ഈ കരാർ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകളും റീജിയണൽ ഓഫീസുകളും നവീകരണത്തിന് 9,74,29,191 രൂപ ഈ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

(ബി) 84 ബ്രാഞ്ചുകളും 3 റീജിയണൽ ഓഫീസുകളുമാണ് ഈ സാമ്പത്തിക വർഷം ഇപ്രകാരം നവീകരിച്ചിട്ടുള്ളത്.

(സി) ബ്രാഞ്ചുകൾ (100), റീജിയണൽ ഓഫീസുകൾ (4) നവീകരണത്തിന് 2019-20 ബജറ്റിൽ താഴെപ്പറയുന്ന പ്രകാരമാണ് തുക നീക്കിവച്ചിട്ടുള്ളത്:

(തുക ലക്ഷത്തിൽ)

| ഇനം | റീജിയണൽ ഓഫീസുകൾ | ബ്രാഞ്ചുകൾ | ആകെ |
|---|---|---|---|
| ഫർണിച്ചർ, ഫിക്സ്ച്ചേഴ്സ് | 80 | 500 | 580 |
| ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് | 80 | 500 | 580 |
| കൗണ്ടറുകളും ക്യാബിനുകളും | 40 | 3000 | 3040 |
| എയർകണ്ടീഷൻ സംവിധാനം | 50 | 500 | 550 |
| ആകെ | | | 4750 |

ആകെ 47.50 കോടി രൂപ

(ഡി)

1. സ്പീഡ് എന്റർപ്രൈസസ്സ്, പാലക്കാട്.
2. ആറ്റുകാൽ ഫർണിച്ചർ മാർട്ട്, തിരുവനന്തപുരം.
3. ഹെവൻസ് ഇന്റീരിയേഴ്സ് ഇന്ത്യ പ്രൈ. ലിമിറ്റഡ്, തൃശ്ശൂർ.
4. ഹിന്ദുസ്ഥാൻ ഇന്റീരിയേഴ്സ്, കൊച്ചി.
5. ബാക്കോ ലിമിറ്റഡ് കണ്ണൂർ.
6. ആർട്ട്കോ ലിമിറ്റഡ്, തിരുവനന്തപുരം.
7. ഹൊറിസോൺ 6 സ്ട്രച്ചേഴ്സ് & സൊല്യൂഷൻസ് പ്രൈ. ലിമിറ്റഡ്, എറണാകുളം.

**സേവന-വേതന വ്യവസ്ഥകളുടെ പരിഷ്കരണം**

105(5853) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാരുടെ കാലാവധി കഴിഞ്ഞ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) പുതിയ സേവന-വേതന വ്യവസ്ഥകൾ എന്നു മുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ ?

<u>ഉത്തരം</u>

(എ & ബി) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ കാലാവധി കഴിഞ്ഞ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാബല്യതീയതി അടക്കം തീരുമാനിച്ചാകും പരിഷ്കരണം നടപ്പിലാക്കുക.

**കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സഹകരണസംഘത്തിലെ തിരിമറി**

106(5854) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ തിരുവനന്തപുരം സ്റ്റാച്യുവിലുള്ള സഹകരണ സംഘത്തിൽ നടന്ന തിരിമറിയുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് സംഭവിച്ച നഷ്ടം നികത്തുന്നതിന് കെ.എസ്.എഫ്.ഇ. എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) ഇതിനായി ഇതിനകം എന്ത് തുക നൽകി; നൽകിയ തുക എപ്രകാരമാണ് തിരിച്ചു പിടിക്കുന്നത്; അതിനായി എന്ത് ഗ്യാരന്റിയാണ് സർക്കാർ നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ തിരുവനന്തപുരം സ്റ്റാച്യുവിലുള്ള സഹകരണ സംഘത്തിൽ നടന്ന തിരിമറിയുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് സംഭവിച്ച നഷ്ടം നികത്തുന്നതിന് യാതൊരു നടപടികളും കെ.എസ്.എഫ്.ഇ. സ്വീകരിച്ചിട്ടില്ല. കെ.എസ്.എഫ്.ഇ.യും കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയും രണ്ട് സ്ഥാപനങ്ങളാണ്. കെ.എസ്.എഫ്.ഇ.യുമായി പ്രസ്തുത സ്ഥാപനത്തിന് യാതൊരു ബന്ധവുമില്ല. എന്നിരുന്നാലും സഹകരണ (സി) വകുപ്പിൽ നിന്നുള്ള 16-09-2017-ലെ സ.ഉ. (കൈ)34/2017/സഹ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് സെക്രട്ടറി ഒപ്പിട്ട ഗവൺമെന്റിന്റെ സോപാധിക ഗ്യാരന്റി ഡീഡിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ. 18 മാസ കാലയളവിൽ 4% വാർഷിക പലിശയോടെ 15 കോടി രൂപ കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് വായ്പയായി നൽകുന്നതിന് നിശ്ചയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനിയും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ഒപ്പിട്ട MoU വിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായ 7.5 കോടി രൂപ നൽകുകയുണ്ടായി. മേൽ ഉത്തരവിലെയും, MoU വിന്റെയും നിബന്ധനകൾ പാലിക്കാത്തതിനാൽ രണ്ടാമത്തെ ഗഡു ഇതുവരെയും നൽകിയിട്ടില്ല.

## തൃശ്ശൂർ ജില്ലയിലെ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

107(5855) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളാണ് തൃശ്ശൂർ ജില്ലയിൽ പുതുതായി ആരംഭിച്ചത്; വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളാണ് കെ.എസ്.എഫ്.ഇ.-യുടെ പരിഗണനയിലുള്ളത്; സ്ഥലങ്ങൾ തീരുമാനിച്ച് ആയതിന് അന്തിമ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ പുതുതായി ബ്രാഞ്ചുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്:

| | |
|---|---|
| 1 | അഷ്ടമിച്ചിറ |
| 2 | എടമുട്ടം |
| 3 | എറിയാട് |
| 4 | കുർക്കഞ്ചേരി |
| 5 | പറപ്പൂർ |
| 6 | ഒല്ലൂർ |
| 7 | പരിയാരം |
| 8 | രാമവർമ്മപുരം |
| 9 | ശ്രീനാരായണപുരം |

മേൽ പറഞ്ഞ സ്ഥലങ്ങളിൽ ഉചിതമായ കെട്ടിടങ്ങൾ കണ്ടെത്തുവാനും മറ്റു കാര്യങ്ങൾ പൂർത്തിയാക്കുന്നതിനും റീജിയണൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.-യിലെ മീഡിയ കൺസൾട്ടന്റ് നിയമനം

108(5856) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിലെ നിയമനങ്ങൾ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ ആയിരിക്കെ കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി ഓഫീസിൽ മീഡിയ കൺസൾട്ടന്റിനെ എപ്രകാരമാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രവാസി ചിട്ടി ഓഫീസിൽ മീഡിയ കൺസൾട്ടന്റിനെ നിയമിച്ചിട്ടില്ല.

## മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

109(5857) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ പങ്കാളിയാകുന്നതിന് സംസ്ഥാനത്തെ പ്രധാന ആശുപത്രികൾ ഉൾപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ പ്രധാന ആശുപത്രികളെ കൂടി ഉൾപ്പെടുത്തുമോയെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ പ്രധാന ആശുപത്രികളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി റീ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(സി) ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ച് വരുന്നു.

## സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

110(5858) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ. (പി)നം.87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ

111(5859) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അതിനെ തുടർന്ന് എന്തൊക്കെ പ്രയോജനങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) ആദ്യ പ്രീമിയം ഒടുക്കി നിശ്ചിത എസ്.എൽ.ഐ. അപേക്ഷയോടൊപ്പം ജില്ലാ ഓഫീസുകളിൽ എത്തിക്കുന്നവർക്ക് പ്രസ്തുത ദിവസം തന്നെ പോളിസി, പാസ് ബുക്ക് എന്നിവ നൽകുന്നതിന് നിലവിൽ 8 ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിലും ഈ സൗകര്യം ഒരുക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിലും ഈ സൗകര്യം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

വിപുലീകരിക്കുന്നതിന്റെ ഭാഗമായി എസ്.എൽ.ആർ. വിഭാഗം ജീവനക്കാരെ ജി.പി.എ.ഐ.എസ്. പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കമാൻഡോ ഓപ്പറേഷനുകൾക്കിടയിൽ റിസർവ് ബറ്റാലിയൻ കമാൻഡോകൾക്ക് അപകട മരണം സംഭവിക്കുന്ന പക്ഷം അവരുടെ ആശ്രിതർക്ക് നിലവിൽ നൽകിയിരുന്ന ക്ലെയിം തുകയായ 10 ലക്ഷം രൂപ എന്നത് 20 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാർ/മറ്റ് പൊതുമേഖലാ ജീവനക്കാർക്ക് നൽകിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ 1,200 രൂപ വരിസംഖ്യയ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന 12 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ 24 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ ഇൻഷ്വറൻസ് പദ്ധതികളുടെ വാഗ്ദത്ത തുക ഉയർത്തിയതിലൂടെ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് മികച്ച സാമ്പത്തിക പരിരക്ഷ ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്.

**കയർ മേഖലയുടെ പുനഃസംഘടന**

112(5860) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച കയർ മേഖലയുടെ പുനഃസംഘടന ഫലപ്രാപ്തിയിലെത്തിയില്ല എന്നത് വസ്തുതയല്ലേ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(ബി) പരമ്പരാഗത കയറുല്പന്ന മേഖലയുടെ സംരക്ഷണം, വ്യവസായത്തിന്റെ സമ്പൂർണ്ണ നവീകരണം എന്നീ ലക്ഷ്യങ്ങൾ നേടുന്നതിന് എത്രമാത്രം കഴിഞ്ഞുവെന്ന് വിശദമാക്കുമോ ;

(സി) യന്ത്രവൽക്കരണത്തിൽ ഊന്നൽ നൽകിയ രണ്ടാം പുന:സംഘടന തൊഴിൽ അവസരങ്ങൾ നടഷ്ടപ്പെടുത്തുവാൻ ഇടയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കയർ ഭൂവസ്ത്രത്തിന്റെ ഡിമാന്റിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത്; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) രണ്ടാം കയർ പുനഃസംഘടന കയർ വ്യവസായ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾ തീർത്തുകൊണ്ടിരിക്കുകയാണ്. വ്യവസായത്തിന്റെ അടിസ്ഥാന ദൗർബല്യങ്ങൾക്ക് പരിഹാരം കാണാനുള്ള പരിശ്രമമാണ് രണ്ടാം പുനഃസംഘനാ പരിപാടി. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത

തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതുമാണ് കയർ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഘടകങ്ങൾ. കയർ മേഖലയിൽ നടപ്പിലാക്കിയ രണ്ടാം പുനഃസംഘടന പദ്ധതി പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. കണ്ണൂർ പ്രോജക്ട് ഓഫീസിനു കീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്ട് ഓഫീസിനു കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്.

ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവു വരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 മുതൽ 30000 തൊണ്ടുവരെ ചകിരിയാക്കുന്നതിനു കഴിയുന്ന 75 യന്ത്രവത്കൃത ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 100 എന്ന സംഖ്യയിലേയ്ക്ക് ഡി.എഫ്. മില്ലുകളുടെ എണ്ണം ഉടൻതന്നെ ഉയർത്താനാകും. ഇതുവഴി ചകിരി ഉൽപ്പാദനം 5600 ടൺ ചകിരി വർദ്ധിപ്പിക്കാൻ കഴിയും. ഡി.എഫ്. മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കോനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% പരമാവധി 25 ലക്ഷം രൂപ എന്നതരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കിയ മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. സ്വകാര്യ സംരംഭകർ കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു.

മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിയ്ക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ

ഡി.എഫ്. മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാക്കുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായ ഒരു കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. മുൻ കാലങ്ങളിൽ സ്ഥാപിച്ച യന്ത്രസാമഗ്രികളുടെ ഗുണനിലവാരക്കുറവും, മെയിന്റനൻസ് സൗകര്യങ്ങൾ ഇല്ലാതെ പോയതും യന്ത്രവൽക്കരണത്തിന് തിരിച്ചടി ആയിട്ടുണ്ട്. മുൻകാല അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടു കൊണ്ടാണ് രണ്ടാം പുനഃസംഘടന ആവിഷ്കരിച്ചിട്ടുള്ളത്.

സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തു നിന്നോ, പുറത്തു നിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ചകിരി വില ലക്ഷത്തിൽ | |
|---|---|---|
| 2015-16 | ഇല്ല | 2019-20 സെപ്റ്റംബർ 30 വരെ 179.05 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ്. മില്ലുകളിൽ നിന്നും കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻ വർഷത്തേക്കാൾ 44% അധികമാണ്. |
| 2016-17 | 50-94 | |
| 2017-18 | 78.14 | |
| 2018-19 | 284.02 | |

മേൽ സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വളരെ വിജയപ്രദമാണ്.

(ബി) കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക,

പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതു വഴി കൈവരിക്കാനാകും എന്നു കരുതുന്നു.

ചകിരിയുടെ ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, സ്വകാര്യ സംരംഭകർ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നവൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും, സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മില്ലുകൾ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

സംസ്ഥാനത്ത് ഇതിനോടകം 75 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 100 മില്ലുകൾ ഉടനെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കയർപിരി മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു.

കയർ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിൽ, യന്ത്രവത്ക്കരണ പദ്ധതിയിൽ, കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുകയും 70% വരെ ഡിസ്കൗണ്ട് നൽകി ഉറഞ്ഞ് പോകാതെ വിൽക്കേണ്ടിവരുന്ന സ്ഥിതി 2016-17-നു ശേഷം അവസാനിച്ചു. എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് കയർ കേരള 2017-ൽ ആരംഭിച്ച ഇത് കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണ്. ഈ പദ്ധതിയ്ക്ക് 13.5% സർക്കാർ ആനുകൂല്യം നൽകിയിരുന്നത് 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ വേതനവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാംപെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്തു നടത്തുന്നു.

പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 300 രൂപയുടെ ഒരു ഭാഗം പരമാവധി 110 രൂപ സർക്കാർ വിഹിതമായി നൽകി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. ജി.ഒ.(ആർ.റ്റി)നം.1401/18/ഐ.ഡി. തീയതി 29-12-2018 പ്രകാരം പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.

2015-16 വർഷത്തിൽ 78820 ക്വി. കയർ കയർഫെഡ് വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തിരുന്ന സ്ഥാനത്ത് 2018-19 വർഷത്തിൽ 1.57 ലക്ഷം ക്വി. കയർ സംഭരിച്ചിട്ടുണ്ട്. ഈ വർഷം സെപ്തംബർ 30 വരെ 80990 ക്വിന്റൽ കയർ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷം ഈ കാലയളവിൽ സംഭരിച്ചതിനേക്കാൾ 40.6% വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2015-16-ൽ 12.45 കോടി രൂപ 40660 സഹകരണ സംഘങ്ങളിലും രജിസ്റ്റേർഡ് യൂണിറ്റുകളിലുമായി നൽകിയപ്പോൾ 2018-19-ൽ 585 സംഘങ്ങൾക്ക് 22.64 കോടി രൂപയാണ് നൽകിയത്. ഇത് കൈവരിക്കാൻ കഴിഞ്ഞ ഉൽപ്പാദന വർദ്ധനവിന്റെ വ്യക്തമായ ചിത്രമാണ്.

2019-20 വർഷത്തിൽ 30-09-2019 വരെ ഫൈബർ സബ്സിഡി ഇനത്തിൽ 2,21,14,902 രൂപ കയർഫെഡിന് അനുവദിച്ച നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും മുടങ്ങാതെ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് കയർഫെഡ് ഇപ്രകാരം തുക നൽകുന്നത്.

(സി) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും വേതത്തെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും നിശ്ചിത വേതനം നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡുവഴി സർക്കാർ സംഭരിക്കും. വേതനത്തിന്റെ ഒരു ഭാഗം (110 രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി

പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. 2019 സെപ്തംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം സർക്കാരിൽ നിന്നും കയർ വികസന വകുപ്പിന് ലഭ്യമായിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ വേതനം പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 01-01-2019 മുതൽ ഉയർത്തിയിട്ടുണ്ട്.

(ഡി) കയർ കേരള 2017-നോടനുബന്ധിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ്. തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് വിവിധ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും ക്ഷണിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 120 കോടി രൂപയുടെ കയർ ഭൂവസ്ത്രം തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മണ്ണ്, ജലസംരക്ഷണ റോഡു നിർമ്മാണ പ്രവർത്തനങ്ങളിൽ വിനിയോഗിക്കുന്നതിന് ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായി.

ഇപ്രകാരം ലഭിച്ച ഓർഡറുകളിൽ നിന്ന് കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് എന്നിവയിലൂടെ 43 കോടി രൂപയുടെ കയർ ഭൂവസ്ത്രം 14 ജില്ലകളിലായി വിതരണം നടത്തിയിട്ടുള്ളതുമാണ്. ഇതിനു മുന്നോടിയായി കയർ ഭൂവസ്ത്രം സംബന്ധിച്ച് പഞ്ചായത്തിലെ ജീവനക്കാർക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിനായി എൻ.സി.ആർ.എം.ഐ.-യുടെയും കയർഫെഡിന്റെയും നേതൃത്വത്തിൽ ആലപ്പുഴയിൽ ജിയോ ടെക്സ്റ്റൈൽസ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ തൊഴിലാളികൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്.

കയർഭൂവസ്ത്രം പി.ഡബ്ല്യു.ഡി. മാനുവലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ റോഡു നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് സാധ്യമാകും. ഈ വർഷത്തെ കയർ കേരള 2019 മായി ബന്ധപ്പെട്ട് 100 കോടി രൂപയുടെ കയർഭൂവസ്ത്രപദ്ധതികളുടെ എം.ഒ.യു. ഒപ്പു വയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രാഥമികമായി കയർഭൂവസ്ത്ര സെമിനാറുകൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചുവരികയാണ്. 7-12-2019-ൽ കയർ കേരളയിലെ ഒരു ദിവസത്തെ സെമിനാർ കയർഭൂവസ്ത്ര പദ്ധതിയെ സംബന്ധിച്ചാണ്. അന്നേ ദിവസം തന്നെ ധാരണാപത്രം ഒപ്പുവയ്ക്കലും നടക്കുന്നതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളേയും ദേശീയ

തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല സംഘടിപ്പിക്കുകയും ഭൂവസ്ത്ര വിതാനത്തിന് ആവശ്യമായ സാങ്കേതിക സഹായവും പരിശീലനവും കയർ കോർപ്പറേഷൻ മുഖേന നൽകിവരുന്നു. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് താലൂക്കടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും കയർ വകുപ്പിന്റെ സഹകരണത്തോട് കൂടി വർക്ക് ഷോപ്പുകളും ട്രെയിനിംഗുകളും വിദഗ്ദ്ധന്മാരുടെ സഹായത്തോട് കൂടി ഫോമിൽ മുഖേന നടത്തിവരുന്നുണ്ട്. കയർഫെഡ് വഴി മാതൃകാ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സെമിനാറുകൾ യോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. ആയത് വഴി കയർ ഭൂവസ്ത്രം പദ്ധതിയുടെ പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കുന്നുണ്ട്.

## അരിയല്ലൂർ പരപ്പാൽ ബീച്ചിൽ കയർഭൂവസ്ത്ര പദ്ധതി

113(5861) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് അരിയല്ലൂർ പരപ്പാൽ ബീച്ചിൽ കയർഭൂവസ്ത്ര പദ്ധതി പ്രകാരം തീരദേശം സംരക്ഷിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഇക്കാര്യത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പൊന്നാനി കയർ പ്രോജക്ടിന്റെ പരിധിയിൽ വരുന്ന വള്ളിക്കുന്ന് അരിയല്ലൂർ പരപ്പാൽ ബീച്ചിൽ കയർ ഭൂവസ്ത്ര പദ്ധതി പ്രകാരം തീരദേശം സംരക്ഷിക്കുന്നതിനായുള്ള നിവേദനം ടി പ്രോജക്ട് ഓഫീസിലോ, മലപ്പുറം ജില്ലയിലെ കയർ ഭൂവസ്ത്ര ഇംപ്ലിമെന്റിംഗ് ഏജൻസിയായ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിനോ ലഭ്യമായിട്ടില്ല.

(സി) ഓർഡർ ലഭിക്കുകയാണെങ്കിൽ കയർ ഭൂവസ്ത്രം തടസ്സമില്ലാതെ വിതരണം ചെയ്യുന്നതാണ്.

## പച്ചത്തൊണ്ട് ശേഖരണം തദ്ദേശീയമായി നടത്തി സംസ്കരണം നടത്താൻ നടപടി

114(5862) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉത്പാദനത്തിന്റെ അസംസ്കൃത വസ്തുവായ പച്ചത്തൊണ്ട് ശേഖരണം ഫലപ്രദമായി നടക്കാത്തത് കാരണം ഇപ്പോൾ ആയത് അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ പച്ചത്തൊണ്ടുകൾ തമിഴ്നാട്ടിൽ നിന്നുള്ളവർ വന്ന് അവിടേക്ക് കൊണ്ടുപോയി സംസ്കരണം നടത്തി നമുക്ക് തന്നെ തിരിച്ചു നൽകുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി പച്ചത്തൊണ്ട് ശേഖരണം ഇവിടെ തന്നെ നടത്തി സംസ്കരണം നടത്താൻ സർക്കാർ മുൻകൈയെടുക്കുമോ; ആയതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ അഴുകൽ തൊണ്ടിൽനിന്നും ലഭിക്കുന്ന ചകിരി (ഗോൾഡൻ ഫൈബർ) ഉപയോഗിച്ചായിരുന്നു കയറും കയർ ഉൽപ്പന്നങ്ങളും നിർമ്മിച്ചു വന്നിരുന്നത്. എന്നാൽ ഇതര സംസ്ഥാനങ്ങൾ കയർ വ്യവസായ രംഗത്തേക്ക് കടന്നു വന്നപ്പോൾ പച്ചത്തൊണ്ട് യന്ത്രങ്ങളിൽ തല്ലി ലഭിക്കുന്ന വെള്ളച്ചകിരി ഉപയോഗിച്ച് കയറും അനുബന്ധ ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ തുടങ്ങി. വിവിധ കാരണങ്ങൾ കൊണ്ട് കേരളത്തിലെ തൊണ്ട് അഴുതൽ പ്രക്രിയ്ക്ക് തടസ്സം നേരിടുകയും കുറഞ്ഞ വിലക്ക് തഴിഴ്നാട്ടിൽ നിന്നും മറ്റും വെള്ളച്ചകിരി ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തപ്പോൾ കേരളത്തിലെ കയർമേഖല ഇതര സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് അന്ന് ലഭിച്ചുകൊണ്ടിരുന്ന വെള്ളച്ചകിരി വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. ഇതോടൊപ്പം പച്ചത്തൊണ്ട് തല്ലി ചകിരിയാക്കുന്ന യന്ത്രങ്ങൾ കേരളത്തിൽ വ്യാപകമായി സ്ഥാപിക്കപ്പെടാതെ പോയത് തൊണ്ട് സംഭരണത്തിന് തടസ്സമായി മാറി. പരമ്പരാഗത തൊണ്ട് വ്യാപാരികൾ ഈ തൊഴിൽ അവസാനിപ്പിക്കുകയും ചെയ്തു.

ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് കയർ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഇനമായി ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി 75 ചകിരി മില്ലുകൾ ഇതിനോടകം സ്ഥാപിക്കപ്പെട്ടു. 100 ചകിരി മില്ലുകൾ എന്ന

നിലയിലേക്ക് ഈ സംഖ്യ ഉടൻ തന്നെ ഉയരുന്നതാണ്. ഇതോടൊപ്പം കേരളത്തിലെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് കയർ വികസന വകുപ്പ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കയർ കേരള 2019-ൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് താല്പരരായ സംരംഭകരുടെ ഏകദിന സെമിനാർ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽ നിന്നുമായി 2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 7785 ക്വിന്റൽ ചകിരി കയർഫെഡ് സംഭരിച്ചിട്ടുണ്ട്. ഇതിന്റെ 66% സ്വകാര്യ സംരംഭകർ സ്ഥാപിച്ച മില്ലുകളിൽ നിന്നാണ്. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ഈ സാമ്പത്തിക വർഷം കയർഫെഡ് സംഭരിച്ച മൊത്തം ചകിരിയുടെ 44% കേരളത്തിൽ നിന്നാണ്.

ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ കയർഫെഡ് കേരളത്തിൽ നിന്നും സംഭരിച്ചത് 80990 ക്വിന്റൽ കയറാണ്. ഇത് മുൻവർഷത്തെ ഈ കാലയളവിനെക്കാൾ 40.6% വർദ്ധിച്ചിട്ടുണ്ട്. ഇതിൽ നിന്നും കേരളതതിലെ നാളികേര ഉൽപ്പാദനത്തിന്റെ 5% മാത്രം ചകിരിയായി വേർതിരിച്ചിരുന്നത് കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 44% കണ്ട് വർദ്ധിച്ചതായി കണക്കാക്കാവുന്നതാണ്.

(ബി) കേരളത്തിൽ നിന്നും തമിഴ്നാട്ടിലേക്ക് പച്ചത്തൊണ്ട് വ്യാപാരികൾ തൊണ്ട് കൊണ്ടുപോയി വിൽപ്പന നടത്തുന്നുണ്ട്. ഇത് കേരളത്തിൽ പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്ന ഡി.എഫ്. മില്ലുകളുടെ അഭാവം കൊണ്ട് ആരംഭിച്ചതാണ്. എന്നാൽ കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളിലും സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിലും ഡി.എഫ്. മില്ലുകൾ സ്ഥാപിക്കപ്പെട്ടു തുടങ്ങിയതോടെ ഇത്തരം നടപടികൾ കുറഞ്ഞു വരുന്നുണ്ട്. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ 75 ചകിരി മില്ലുകൾ ഇതിനോടകം സ്ഥാപിക്കപ്പെട്ടു. 100 ചകിരി മില്ലുകൾ എന്ന നിലയിലേക്ക് ഈ സംഖ്യ ഉടൻ തന്നെ ഉയരുന്നതാണ്. ഇതോടൊപ്പം കേരളത്തിലെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് കയർ വികസന വകുപ്പ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കയർ കേരള 2019-ൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് താല്പരരായ സംരംഭകരുടെ ഏകദിന സെമിനാർ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഡി.എഫ്. മില്ലുകളുടെ എണ്ണം വർദ്ധിക്കുന്നതോടെ ഇതര സംസ്ഥാനങ്ങളിലേക്ക് പച്ചത്തൊണ്ട് കൊണ്ടുപോകുന്നത് അവസാനിപ്പിക്കുകയും കേരളത്തിലെ കർഷകന് തൊണ്ടിന് മെച്ചപ്പെട്ട വില ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യും.

(സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കയർ രണ്ടാം പുനഃസംഘടനയുടെ ഏറ്റവും പ്രധാന ഘടകം കയൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുക എന്നതുതന്നെയാണ്. ഇതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്ന ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണം (407.5 ലക്ഷം രൂപ) കെ.എസ്.സി.എം.എം.സി.-യ്ക്ക് കൈമാറിയിട്ടുണ്ട്.

13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ 75 ചകിരി മില്ലുകൾ ഇതിനോടകം സ്ഥാപിക്കപ്പെട്ടു. 100 ചകിരി മില്ലുകൾ എന്ന നിലയിലേക്ക് ഈ സംഖ്യ ഉടൻ തന്നെ ഉയരുന്നതാണ്. ഇതോടൊപ്പം കേരളത്തിലെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് കയർ വികസന വകുപ്പ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കയർ കേരള 2019-ൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് താല്പരരായ സംരംഭകരുടെ ഏകദിന സെമിനാർ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഡി.എഫ്. മില്ലുകളുടെ എണ്ണം വർദ്ധിക്കുന്നതോടെ ഇതര സംസ്ഥാനങ്ങളിലേക്ക് പച്ചത്തൊണ്ട് കൊണ്ടുപോകുന്നത് അവസാനിക്കുകയും കേരളത്തിലെ കർഷകന് തൊണ്ടിന് മെച്ചപ്പെട്ട വില ലഭിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യും.

| വർഷം | തൊണ്ടിന്റെ എണ്ണം (ലക്ഷം) | വില (ലക്ഷം) |
|---|---|---|
| 2011-12 | 98.54 | 137.97 |
| 2012-13 | 84.98 | 84.53 |
| 2013-14 | 78.96 | 83.18 |
| 2014-15 | 94.09 | 116.92 |
| 2015-16 | 97.42 | 120.92 |
| 2016-17 | 109.31 | 139.27 |
| 2017-18 | 18.94 | 177.61 |
| 2018-19 | 204.01 | 312.59 |

കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 75 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കപ്പെട്ടപ്പോൾ കേരളത്തിലെ തൊണ്ട് സംഭരണം ഇരട്ടിയോളം വർദ്ധിച്ചതായി കണക്കാക്കാം. കൂടാതെ 2017-18-ൽ തൊണ്ടുസംഭരണത്തിനായി റിവോൾവിംഗ് ഫണ്ട് സബ്സിഡി ഇനങ്ങളിലായി 1,80,00,000 രൂപ നൽകിയപ്പോൾ 2018-19-ൽ 38.23 ലക്ഷം രൂപ മാത്രമാണ് നൽകേണ്ടി വന്നിട്ടുള്ളത്. ഇത് ഗുണകരമായ ഒരു മാറ്റമാണ്.

തൊണ്ടുസംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച വൈക്കം കയർ കൺസോർഷ്യം മാതൃകാപരമായ പ്രവർത്തിക്കുന്നുണ്ട്. ഇതേ മാതൃകയിൽ മറ്റ് പ്രോജക്ടുകൾക്ക് കീഴിലും തൊണ്ടുസംഭരണം ശക്തമാക്കുന്നതിന് കൺസോർഷ്യങ്ങൾ രൂപീകരിച്ച് വരികയാണ്. പൂർണ്ണമായി യന്ത്രവത്ക്കരണം വഴി പരമാവധി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ-ചകിരി വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കർഷകന് തൊണ്ടിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിന് സാധിക്കും.

## കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിലെ എൽ.ഡി. ക്ലാർക്ക്

115(5863) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിലേക്കായി നടത്തിയ എൽ.ഡി.ക്ലാർക്ക് പരീക്ഷയിലെ (കാറ്റഗറി നമ്പർ 665/2014)റാങ്ക് പട്ടികയിൽ നിന്നും ആകെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; അറിയിക്കാമോ;

(ബി) കയർ കോർപ്പറേഷന് കീഴിലുള്ള ഓഫീസുകളിൽ നിന്നും എൽ.ഡി. ക്ലാർക്കിന്റെ ഏതെങ്കിലും ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ;

(സി) ബാക്കിയുണ്ടെങ്കിൽ അവ എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിലേക്കായി നടത്തിയ എൽ.ഡി.ക്ലാർക്ക് പരീക്ഷയിലെ (കാറ്റഗറി നമ്പർ 665/14) റാങ്ക് പട്ടികയിൽ നിന്നും 6 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി & സി) കയർ കോർപ്പറേഷന് കീഴിലുള്ള ഓഫീസുകളിൽനിന്നും എൽ.ഡി. ക്ലാർക്കിന്റെ ഒഴിവുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യാൻ ബാക്കി ഇല്ല. 2019-ലെ പ്രതീക്ഷിത ഒഴിവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കെ- സ്വിഫ്റ്റ് പോർട്ടൽ

116(5864) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്വിഫ്റ്റ് പോർട്ടലിൽ ഇതുവരെ രജിസ്റ്റർ ചെയ്ത അപേക്ഷകൾ എത്രയാണെന്നും, അതിൽ നിബന്ധന പാലിച്ച് ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് അനുമതി നൽകിയെന്നും, സംസ്ഥാന തലത്തിൽ അനുമതി ആവശ്യമുള്ളവ എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) കെ-സ്വിഫ്റ്റ് പോർട്ടൽ ഏത് ഏജൻസിയാണ് വികസിപ്പിച്ച് നൽകിയതെന്നും പ്രസ്തുത ഏജൻസിക്ക് ഇതിനായി നാളിതുവരെ എത്ര തുക നൽകിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിവിധ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനുമായി കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 691 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 326 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ എന്ന നിബന്ധന പാലിച്ച്, ലഭിച്ച അപേക്ഷകളിൽ 25 ക്ലിയറൻസുകളും അല്ലാതെ 122 ഡീംഡ് ലൈസൻസുകളും കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കെ-സ്വിഫ്റ്റ് പോർട്ടലിൽ ലഭിച്ച അപേക്ഷകളിൽ ഇപ്പോൾ സംസ്ഥാന തലത്തിൽ വിവിധ വകുപ്പുകളിലായി 29 ക്ലിയറൻസുകൾക്ക് അനുമതി ആവശ്യമുണ്ട്.

(ബി) നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) എന്ന ഏജൻസിയാണ് കെ-സ്വിഫ്റ്റ് സംവിധാനം വികസിപ്പിച്ചത്. പ്രസ്തുത ഏജൻസിക്ക് നാളിതുവരെ കെ-സ്വിഫ്റ്റ് പോർട്ടൽ രൂപീകരിക്കുന്നതിനായി 24,50,000 രൂപ നൽകിയിട്ടുണ്ട്.

## ലാപ്ടോപ്പുകളും ടാബുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി

117(T*5865) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നേതൃത്വത്തിൽ ലാപ്ടോപ്പുകളും ടാബുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എന്നത്തേക്ക് ഇവ വിപണിയിൽ എത്തിക്കാനാകുമെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ലാപ്ടോപ്പാകളും സെർവറുകളും ആരംഭിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കെൽട്രോൺ, സ്വകാര്യ ഐ.ടി. കമ്പനിയായ യു.എസ്.ടി. ഗ്ലോബൽ, സ്റ്റാർട്ടപ്പ് കമ്പനിയായ ആക്സിലെറോൺ എന്നിവർ സംയുക്തമായി കോകോണിക്സ് (Coconics) എന്ന കമ്പനി ആരംഭിച്ചിരുന്നു. സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് 500 ലക്ഷം രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെൽട്രോണിന്റെ മൺവിള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥാപിച്ചിരിക്കുന്ന ISO 9001 & 14001 ഫാക്ടറിയിൽ പ്രസ്തുത ലാപ്ടോപ്പ്, സെർവർ എന്നിവയുടെ നിർമ്മാണത്തിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ നിർമ്മാണശാല സജ്ജമാക്കിയിട്ടുണ്ട്. ടി ഫാക്ടറിയിൽ നിന്നും 2 ലക്ഷത്തോളം ലാപ്ടോപ്പുകൾ ഒരു വർഷം നിർമ്മിച്ചു നൽകാൻ സാധിക്കുന്നതാണ്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് സാക്ഷ്യപത്രം നൽകിയിട്ടുള്ള ഈ ലാപ്ടോപ്പിന് IT മിഷൻ വളരെ നല്ല പെർഫോമൻസ് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. ഗവൺമെന്റ് ഈയിടെ നടത്തിയ റേറ്റ് കോൺട്രാക്ട് (CPRCS) ടെണ്ടറിൽ COCONICS പങ്കെടുത്തിരുന്നു. അതിന്റെ ഭാഗമായി അടുത്ത ഒരു വർഷത്തേയ്ക്ക് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ ലാപ്ടോപ്പുകൾ വിതരണം ചെയ്യാനുള്ള കരാറിൽ ഒപ്പിടുകയും ചെയ്തു. കൂടാതെ അടുത്ത പടിയായി സെർവേഴ്സും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്നതാണ്.

(ബി) ജനുവരി 2020 മുതൽ ലാപ്ടോപ്പുകൾ പൊതു വിപണിയിൽ ലഭ്യമായി തുടങ്ങുന്നതാണ്.

(സി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇതുവരെ 60-ഓളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## ബഹുനില ഫാക്ടറി സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി

118(5866) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കിൻഫ്ര നടത്തുന്ന പ്രവർത്തനത്തിന്റെ കാര്യക്ഷമത അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ബഹുനില ഫാക്ടറി സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) കാക്കനാട് സ്ഥാപിക്കുന്ന ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, ഒറ്റപ്പാലം ഡിഫെൻസ് പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക് തുടങ്ങിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് വിവിധ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് എത്ര സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ആ പ്രോജക്ടുകൾ വഴി എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കാമോ?

### ഉത്തരം

(എ) ചെയ്തിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചു വരുന്നു. ഇതു പ്രകാരം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികളാണ് കിൻഫ്ര നടപ്പിലാക്കി വരുന്നത്.

1. കൊരട്ടി പാർക്കിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - (68000 ചതുരശ്ര അടി)-പൂർത്തീകരിച്ചു കഴിഞ്ഞു.
2. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (രണ്ടാം ഘട്ട വികസനം)- (1 ലക്ഷം ചതുരശ്ര അടി)-70% പൂർത്തീകരിച്ചു കഴിഞ്ഞു.

3. രണ്ടാം ഘട്ട വികസനം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ-പാർക്ക് കഴക്കൂട്ടം, തിരുവനന്തപുരം-(2.3 ലക്ഷം ചതുരശ്ര അടി )-70% പൂർത്തീകരിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ നിലവിലുള്ള ബഹുനില ഫാക്ടറി സമുച്ചയത്തിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു:

| പാർക്കുകൾ | ഭൂമി/ഫാക്ടറി കെട്ടിടം |
|---|---|
| ചേർത്തല | 20000 sq.ft |
| കോഴിക്കോട് | 100000 sq.ft |
| കണ്ണൂർ | 128000 sq.ft |
| പാലക്കാട് | 37459 sq.ft |

ഇത് കൂടാതെ പാലക്കാട് പാർക്കിൽ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 61000 sqft വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള ബഹുനില ഫാക്ടറി സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. ആലപ്പുഴ, പുന്നപ്ര വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം 50% പൂർത്തിയായി.

2. തൃശ്ശൂർ, പുഴയ്ക്കൽപ്പാടം വ്യവസായ സമുച്ചയം ഒന്നാംഘട്ട നിർമ്മാണ പുരോഗതി 80% പൂർത്തിയായി. രണ്ടാംഘട്ട നിർമ്മാണ പുരോഗതി 76% പൂർത്തിയായി.

(സി)

ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം

സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഇലക്ട്രോണിക്സ് ക്ലസ്റ്ററിനു വേണ്ടിയുള്ള ഇലക്ട്രോണിക്സ്/ഇലക്ട്രോണിക്സ് അധിഷ്ഠിത വ്യവസായങ്ങൾക്കു വേണ്ടിയുള്ള ക്ലസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാക്കനാട് 66.87 ഏക്കർ ഭൂമിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നത്. 140.01 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര ഇലക്ട്രോണിക്സ്, ഐ.ടി. മന്ത്രാലയത്തിന്റെ 50 കോടി രൂപ ധനസഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. റോഡ്, ചുറ്റുമതിൽ, സ്ട്രീറ്റ് ലൈറ്റ്

തുടങ്ങിയവയുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് വികസന പ്രവർത്തനങ്ങളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിന്റെ ആദ്യ ഗഡുവായ 10 കോടി രൂപ കിൻഫ്രയ്ക്ക് ലഭിച്ചിട്ടുണ്ട്. അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഡിഫൻസ് പാർക്ക്, പാലക്കാട്

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കറിൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ഒരു ഡിഫൻസ് പാർക്ക് സ്ഥാപിച്ചുവരുന്നു. 130.94 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായ 50 കോടി രൂപ ലഭിച്ചിട്ടുണ്ട്. പ്രതിരോധ മേഖലയിലുള്ള വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലവിതരണ സംവിധാനം, 27,344 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 3 വെയർഹൗസുകൾ, 9,066 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ യൂട്ടിലിറ്റി സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 2,66,154 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 72,406 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ അന്തിമഘട്ടത്തിലാണ്.

മെഗാഫുഡ് പാർക്ക്, പാലക്കാട്

കിൻഫ്ര ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാഫുഡ് പാർക്ക്. 79 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് 119.02 കോടി രൂപയാണ്. ഈ പദ്ധതിക്ക് 50 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിക്കും. ഇതിൽ 37.70 കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ധനസഹായം 6 കോടി രൂപയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റൈപെനിംഗ് ചേംബർ, വെയർ ഹൗസ്, പായ്ക്ക് ഹൗസ്, സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാരലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു.

പാർക്കിന്റെ 98% നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 9 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ബഹുനില ഫാക്ടറികെട്ടിട സമുച്ചയത്തിന്റെ അലോട്ടുമെന്റ് നടപടികൾ ഉടൻ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിൻഫ്രയുടെ വിവിധ പാർക്കുകളിലായി 262 വ്യവസായ സംരംഭകർക്കും കെ.എസ്.ഐ.ഡി.സി.യുടെ വിവിധ പാർക്കുകളിലായി 50 സംരംഭകർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ കിൻഫ്രയിൽ 6,700 തൊഴിലവസരങ്ങളും, കെ.എസ്.ഐ.ഡി.സി.-യിൽ 1,650 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്.

## ത്വരിത വ്യാവസായിക വികസനം

119(5867) ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിലില്ലായ്മക്ക് അറുതി വരുത്തുവാൻ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുക എന്നത് മുഖ്യ വിഷയമായി സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനും, അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ ഭാഗമായിട്ടാണോ പൊതുമേഖല സ്ഥാപനങ്ങളിലെ ചെയർമാന്മാരുടെ പ്രായപരിധി 75 വയസ്സായി നിജപ്പെടുത്തിയിരുന്ന മുൻ സർക്കാരിന്റെ ഉത്തരവിൽ ഭേദഗതി വരുത്തി പുതിയ ഉത്തരവ് 4-11-2019-ന് ഇറക്കിയത്;

(ഇ) ചെയർമാന്മാരുടെ ഉയർന്ന പ്രായം 75 വയസ്സായി നിജപ്പെടുത്തിയതു കാരണം പ്രസ്തുത സ്ഥാനത്തേക്ക് പരിഗണിക്കുവാൻ അർഹതയുള്ള, പ്രാവീണ്യമുള്ള പലരെയും ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയൊക്കെയാണ് ഇപ്രകാരം ഒഴിവാക്കിയത്എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) യുവജനങ്ങളെ തൊഴിലന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കാൻ അവരിലെ സംരംഭകത്വം വികസിപ്പിക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ ഏഴ് നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി "കേർള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്" സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായം ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളുടെ ക്ലിയറൻസുകൾ ലഭയമാക്കുന്നതിലേക്കായി K-SWIFT എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

പരിസ്ഥിതി സൗഹൃദവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെഡ് കാറ്റഗറിയിൽ വരുന്ന വ്യവസായങ്ങൾ ഒഴികെയുള്ള വ്യവസായങ്ങൾ ആരംഭിച്ച് 3 വർഷത്തിനകം ലൈസൻസുകൾ നേടിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്യുന്ന '2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ' നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാന്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/പ്ലോട്ടുകൾ എന്നിവയിൽ പരമാവധി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടുതൽ യൂണിറ്റുകൾക്ക് അനുവദിക്കുന്നതിലേക്കായി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ പ്രദേശത്തുള്ള സ്കിൽഡ്, അൺസ്കിൽഡ് തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘം സ്ഥാപിച്ച് പ്രസ്തുത പ്രദേശത്തുള്ള ഏത് തരത്തിലുള്ള ജോലികളും നിർവ്വഹിച്ച് നൽകുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെ സ്കിൽഡ് എന്റർപ്രണേഴ്സ് സെന്ററുകൾ എന്ന ഒരു പുതിയ പദ്ധതിയ്ക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഉൽപ്പാദന സംവിധാനങ്ങളുടേയും, സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ലാഭസാധ്യതയും വിപണന സാധ്യതയും ഉള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലനപരിപാടികളും നടത്തിവരുന്നു.

(ഡി&ഇ) ചെയർമാന്മാരുടെ ഉയർന്ന പ്രായം 75 വയസ്സായി നിജപ്പെടുത്തിയതുകാരണം പ്രസ്തുത സ്ഥാനത്തേയ്ക്ക് പരിഗണിക്കാൻ അർഹതയുള്ള, പ്രാവീണ്യമുള്ള പലരേയും ഒഴിവാക്കേണ്ട സാഹചര്യം നിലനിൽക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. കൂടാതെ 2013-ലെ കമ്പനീസ് ആക്ടിൽ ചെയർമാന്മാരുടെ ഉയർന്ന പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. ഈ

സാഹചര്യത്തിലാണ് ചെയർമാന്മാരുടെ ഉയർന്ന പ്രായപരിധി പ്രതിപാദിക്കുന്ന 11-5-2015-ലെ സ.ഉ.(എം.എസ്.) നമ്പർ 19/2015/പ്ലാനിംഗ് ഉത്തരവ് റദ്ദ് ചെയ്ത് മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായപരിധി മാത്രം 65 വയസ്സായി നിജപ്പെടുത്തി 4-11-2019-ലെ സ.ഉ.(എം.എസ്.) നമ്പർ 27/2019/പ്ലാനിംഗ് നമ്പർ ഉത്തരവ് പുറപ്പെടുവിച്ചത്.

## വ്യവസായ വകുപ്പ് നടത്തിയ മേളകൾ

120(5868) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ നടത്തി വരുന്ന/നടത്താൻ ഉദ്ദേശിക്കുന്ന മേളകൾ/വിപണന മേളകൾ തുടങ്ങിയവയെക്കുറിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ നടത്തിയ മേളകൾ/വിപണന മേളകൾ എന്നിവയെക്കുറിച്ച് വിശദമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പിനു കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പ് നടത്തി വരുന്ന/നടത്താൻ ഉദ്ദേശിക്കുന്ന മേളകൾ/വിപണന മേളകൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വ്യവസായ പ്രദർശനം

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വിപണനം നടത്തുന്നതിനും അവ പൊതു സമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി എല്ലാ ജില്ലകളിലും വ്യവസായ പ്രദർശനങ്ങൾ നടത്തിവരുന്നു. 2019-20 വർഷത്തിൽ ജില്ലാതലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ നടത്തുന്നതിനായി 63 ലക്ഷം രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

2. മലബാർ ക്രാഫ്റ്റ്സ് മേള

കേരളത്തിലെ പരമ്പരാഗത മേഖലയിൽ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്ന കരകൗശല വിദഗ്ധരുടെ സംഗമത്തിനും, പരമ്പരാഗത കരകൗശല ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിക്കുന്നതിനായി 150 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

3. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (IITF)

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ച് എല്ലാ വർഷവും നവംബർ 14 മുതൽ 27 വരെ നടത്തി വരാറുള്ള ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേളയിൽ ഈ വർഷവും വ്യവസായ വകുപ്പ് പങ്കെടുക്കുന്നു. മേളയുടെ വിഷയത്തെ അടിസ്ഥാനമാക്കി കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള ചെറുകിട വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കാനും അവയ്ക്ക് ദേശീയ അന്തർദ്ദേശീയ വിപണി കണ്ടെത്തുന്നതിനും ഈ മേള സഹായിക്കുന്നു.

4. കേരള അഗ്രോ ഫുഡ് പ്രോ

കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 'കേരള അഗ്രോ ഫുഡ് പ്രോ' എന്ന പേരിൽ ഒരു മേള സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ പ്രദർശനവും, വില്പനയും നടത്തുക എന്നതും അവർക്കാവശ്യമായ നൂതന യന്ത്ര സാമഗ്രികൾ പരിചയപ്പെടുക എന്നതും മേളയുടെ ലക്ഷ്യമാണ്. 2019-20 സാമ്പത്തിക വർഷത്തിൽ അഗ്രോ ഫുഡ് പ്രോ നടത്തുന്നതിനായി 65 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ച് 2019 ഡിസംബർ മാസത്തിൽ എറണാകുളത്ത് വച്ച് മേള സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

5. ദേശീയ അന്തർദ്ദേശീയ പരിപാടികളിൽ പങ്കെടുക്കൽ

ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിന്റെ വ്യവസായ അനുകൂല സാഹചര്യങ്ങൾ പ്രചരിപ്പിക്കുന്നതിനും കേരളത്തിലെ വ്യവസായ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി രാജ്യത്തിനകത്തും പുറത്തും നടക്കുന്ന മേളകളിൽ പങ്കെടുത്തു വരുന്നു. 2019-20 സാമ്പത്തിക വർഷങ്ങളില ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായി 100 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

6. മെഷിനറി എക്സ്പോ

സംസ്ഥാനത്തെ നിലവിലെ വ്യവസായ സംരംഭങ്ങൾക്ക് ഉല്പാദന ക്ഷമതയും മേന്മയും വർദ്ധിപ്പിക്കുവാനും ആധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കുവാനും പുതുതായി വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്ക് സാങ്കേതിക വിദ്യയും യന്ത്ര സാമഗ്രികളും പരിചയപ്പെടുത്തുവാനുമായും 'മെഷിനറി എക്സ്പോ' നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള 65 ലക്ഷം രൂപ ഉപയോഗിച്ച് 2020 ഫെബ്രുവരി മാസത്തിൽ തൃശ്ശൂരിൽ വച്ച് മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

7. ശബരിമല തീർത്ഥാടനകാലവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന വിപണന മേളകൾ

ശബരിമല മണ്ഡല മകര വിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് പ്രധാന സ്ഥലങ്ങളിൽ വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. കേരളത്തിലെ സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും കൈത്തറി കരകൗശല ഖാദി ഉല്പന്നങ്ങളുടേയും വിപണനമാണ് മേളകൊണ്ട് ലക്ഷ്യമാക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ കൈത്തറി മേഖലയിൽ ഒരു കൈത്തറി വസ്ത്ര പ്രദർശന വിപണന മേള നടത്തിയിട്ടുണ്ട്. കൂടാതെ എം.എസ്.എം.ഇ. മേഖലയിൽ എല്ലാ വർഷവും വ്യവസായ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷം ജില്ലയിൽ വകുപ്പിനു കീഴിൽ വ്യവസായ പ്രദർശന മേളകൾക്ക് പുറമെ സംരംഭകത്വ സഹായ പദ്ധതി/പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി/പലിശയിളവ് സബ്സിഡി പദ്ധതി/2018-ലെ പ്രളയത്തിൽ തകർന്ന സംരംഭകർക്കുള്ള പലിശയിളവ് സബ്സിഡി/പ്രളയത്തിൽ തകർന്ന സ്ഥാപനങ്ങൾക്കുള്ള പുനർനിർമ്മാണ പദ്ധതി/സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് വ്യവസായ സഹകരണ സംഘ രൂപീകരണ പദ്ധതി/പി.എം.ഇ.ജി.പി. സംരംഭകത്വ ക്ലബ്ബുകളുടെ രൂപീകരണ-സാമ്പത്തിക സഹായം/ക്ലസ്റ്റർ രൂപീകരണ പദ്ധതി/കൈത്തറി യൂണിഫോം പദ്ധതി/ബ്ലോക്ക്, താലൂക്ക് തല ബോധവൽക്കരണ പരിപാടികൾ/ശില്പശാലകൾ/സാങ്കേതിക ശില്പശാല/ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയെല്ലാം നടപ്പിലാക്കിവരുന്നു.

## നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം

121(5869) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽ വന്നതിന് ശേഷം നിക്ഷേപത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമം നിലവിൽ വന്ന് നാളിതുവരെയായിട്ടും ചട്ടങ്ങൾ നിർമ്മിക്കാത്തത് പലതരത്തിലുള്ള ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ചട്ടങ്ങൾ നിർമ്മിക്കുന്നതിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നതിന് ശേഷം വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതി, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, വിവിധ വകുപ്പുകളിൽ നിന്നുള്ള സ്പോട്ട് രജിസ്ട്രേഷൻ, സമയബന്ധിതമായ അനുമതികൾ, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാൻ സാധ്യമാകുന്നതാണ്.

വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി, സർക്കാരിന്റെ അനുമതിയോടെ കെ.എസ്.ഐ.ഡി.സി. രൂപീകരിച്ച ഒരു ഓൺലൈൻ ഏകജാലക സംവിധാനമാണ് കെ-സ്വിഫ്റ്റ്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലീയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലീയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. കെ-സ്വിഫ്റ്റ് സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 691 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 326 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 25 ക്ലിയറൻസുകളും അല്ലാതെ 122 ഡീംഡ് ലൈസൻസുകളും കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന ഏഴ് നിയമങ്ങളിലും, പത്ത് ചട്ടങ്ങളിലും ഭേദഗതി വരുത്തുകയുണ്ടായി. കൂടാതെ ഈ നിയമം നിലവിൽ വന്നതിന് ശേഷം ചട്ടങ്ങൾ നിർമ്മിക്കേണ്ട വകുപ്പുകളായ തദ്ദേശസ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, ജലവിഭവ വകുപ്പ്, ഊർജ്ജ വകുപ്പ് എന്നീ വകുപ്പുകൾ ചട്ട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

## പൊതുമേഖലാ സ്ഥാപനങ്ങൾ

122(5870) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുണ്ടായിരുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് ഉണ്ടായിരുന്ന തൊഴിലാളികളുടെ എണ്ണം പൊതുമേഖലാ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിലവിൽ തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇപ്പോഴുള്ള തൊഴിലാളികളിൽ ശമ്പളം കിട്ടാതെ ജോലി ചെയ്യുന്ന തൊഴിലാളികളുണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്തുണ്ടായിരുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നിലവിലും പ്രവർത്തിച്ച് വരുന്നു. സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(സി & ഡി) ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് ഉണ്ടായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളും, തൊഴിലാളികളുടെ എണ്ണവും, ഇപ്പോഴുള്ള തൊഴിലാളികളുടെ എണ്ണവും അനുബന്ധം 2+ ആയി ചേർത്തിരിക്കുന്നു.

(ഇ) ഇപ്പോഴുള്ള തൊഴിലാളികളിൽ ശമ്പളം കിട്ടാതെ ജോലി ചെയ്യുന്ന തൊഴിലാളികൾ ആരും തന്നെ നിലവിലില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ നഷ്ടങ്ങൾ

123(5871) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ലാഭം 2018-19-ൽ എത്രയാണ്; ഇതിൽ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കിയ മൂന്ന് സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അവയുടെ ലാഭം എത്രയാണ്;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം 2018-19- ൽ എത്രയായിരുന്നു ;

(സി) ഇതിൽ ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കിയ മൂന്ന് സ്ഥാപനങ്ങൾ ഏതൊക്കെയാണ്?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തന ലാഭം 155.80 കോടി രൂപയാണ്. ഇതിൽ ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കിയ മൂന്ന് സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | പ്രവർത്തന ലാഭം (രൂപ കോടിയിൽ) |
|---|---|---|
| 1 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 160.16 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 39.49 |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 27.26 |

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ 2018-19-ലെ സഞ്ചിത നഷ്ടം 1848.41 കോടി രൂപയാണ്.

(സി) ഇതിൽ ഏറ്റവും കൂടുതൽ സഞ്ചിത നഷ്ടമുണ്ടാക്കിയ മൂന്ന് സ്ഥാപനങ്ങളുടെ ചുവടെ ചേർക്കുന്നു:

1. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്.
2. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്.
3. ആട്ടോകാസ്റ്റ് ലിമിറ്റഡ്.

## കേരള സിറാമിക്സിന്റെ വൈദ്യുതി കുടിശ്ശിക

124(5872) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിറാമിക്സ് വൈദ്യുതി കുടിശ്ശികയിനത്തിൽ എത്ര തുകയാണ് കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് അടയ്ക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് വൈദ്യുതി വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സിറാമിക്സ് ലിമിറ്റഡ് കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള കുടിശ്ശിക തുക 41,81,01,204 രൂപയാണ്.

(ബി) കണക്കുകളിലെ പൊരുത്തക്കേടുകൾ പരിഹരിക്കാൻ റീകൺസിലിയേഷൻ നടത്തി മുതൽ തുകയായ 8.79 കോടി രൂപയിൽ നിന്നും 6.99 കോടി രൂപയായി കുറയ്ക്കുകയും OTS സ്കീം വഴി കുടിശ്ശിക തീർക്കാൻ താല്പര്യം അറിയിച്ച് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. കേരള സിറാമിക്സിന്റെ ഉടമസ്ഥതയിലുള്ള നിലവിൽ ഉപയോഗമില്ലാത്ത മുളവന മൈൻസിന്റെ 10 ഏക്കർ സ്ഥലം കൈമാറി കുടിശ്ശിക തീർക്കാമെന്ന് കമ്പനി നൽകിയ നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി. സ്ഥല പരിശോധന നടത്തിയെങ്കിലും പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.-ക്ക് ഉപയോഗമില്ലെന്ന് അറിയിക്കുകയും പകരം കുണ്ടറ ടൗണിനടുത്തുള്ള 2 ഏക്കർ സ്ഥലം കൈമാറി കുടിശ്ശിക തീർക്കാമെന്നും കെ.എസ്.ഇ.ബി. ബദൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ നടന്നുവരുന്നു.

(സി) ഉണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നതിനുള്ള നീക്കം

125(5873) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്രനീക്കം സംസ്ഥാനത്തെ തൊഴിൽ മേഖലയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ബി.എച്ച്.ഇ.എൽ. -ഇ.എം.സി. യിലുള്ള അമ്പത്തൊന്ന് ശതമാനം ബി.എച്ച്.ഇ.എൽ. -ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ടോ; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയെ മാത്രമല്ല ബാധിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ചുവരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോർഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശിപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു. ഇതിനെത്തുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി അതിന്റെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും സർക്കാർ ഉത്തരവ് G.O.(MS) No.52/2018/ID, തീയതി 20-7-2018 പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ കേരള സർക്കാർ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കി.

ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കാസർഗോഡുള്ള ബി.എച്ച്.ഇ.എൽ.-ഇ.എം.എൽ.-ൽ ഉള്ള 51% ബി.എച്ച്.ഇ.എൽ.-ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുവേണ്ടി 7-9-2019-ലെ G.O.(MS) No.78/2019/ID ഉത്തരവ് പുറപ്പെടുവിക്കുകയും ഇതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ, എച്ച്.എൻ.എൽ.-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിലെല്ലാം സംസ്ഥാനത്തിന്റെ താല്പര്യം അറിയിച്ചിട്ടുണ്ട്.

(സി) പരിഗണന വിലയായ ഒരു രൂപയ്ക്ക് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലുള്ള ഭെല്ലിന്റെ 51% ഓഹരികൾ കേരള സർക്കാർ ഏറ്റെടുക്കുമ്പോൾ നിലവിലെ ബാധ്യതകൾ കൂടിയാണ് സർക്കാർ ഏറ്റെടുക്കുന്നത്. 31-3-2019-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടം 24.23 കോടി രൂപയും അറ്റമൂല്യം -13.73 കോടി രൂപയുമാണ്.

## വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി

126 (T*5874) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി അടച്ചുപൂട്ടിയതിനെത്തുടർന്ന് ആത്മഹത്യയുടെ വക്കിലായ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറിയുടെയും തൊഴിലാളികളുടെയും രക്ഷയ്ക്ക് എന്തെല്ലാം നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ വൈദ്യുതി, വന വിഭവങ്ങളുടെ കുടിശ്ശികയിനത്തിൽ സർക്കാരിന് നൽകാനുള്ള തുകയ്ക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കുമോ;

(ഡി) പട്ടിണിയിലായ തൊഴിലാളികൾക്ക് സൗജന്യ റേഷനും പകരം തൊഴിലും നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; അടിയന്തിര സഹായധനം പ്രഖ്യാപിക്കുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഇ) സംസ്ഥാന സർക്കാർ കമ്പനി ഏറ്റെടുക്കണം എന്ന ആവശ്യത്തിന് കേന്ദ്ര ഗവൺമെൻറിൽ നിന്നുള്ള പ്രതികരണം വ്യക്തമാക്കാമോ;

(എഫ്) കമ്പനി സ്വകാര്യ വൽക്കരണം എന്ന കേന്ദ്ര സർക്കാർ നിലപാടിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ-എഫ്) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സബ്സിഡയറി കമ്പനിയാണ് കേരളത്തിൽ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.). പ്രസ്തുത സ്ഥാപനം പൊതുമഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടും അനുകൂല തീരുമാനം ഉണ്ടായില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സ്വകാര്യവത്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾ മൂലവും, മറ്റ് വിവിധ കാരണങ്ങളായും സ്ഥാപനം 2019 ജൂൺ മാസം മുതൽ തുടർച്ചയായി ഉൽപ്പാദനം നിർത്തിവച്ചിരിക്കുകയാണ്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാനം ഏറ്റെടുക്കാനുള്ള അവകാശവും ആഗ്രഹവും അറിയിക്കുകയുണ്ടായി.

കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ എച്ച്.എൻ.എൽ.-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും അപേക്ഷ നൽകിയിട്ടുണ്ട്. 25 കോടി രൂപയ്ക്ക് സ്ഥാപനം ഏറ്റെടുക്കണമെന്ന സംസ്ഥാന സർക്കാരിന്റെ സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

127(5875) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും അവയുടെ ചെലവ് ചുരുക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ആഗോളതലത്തിലെ വ്യാവസായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരവും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ എപ്രകാരമാണ് ബാധിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇത് മറികടക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഓരോ പൊതുമേഖലാ സ്ഥാപനത്തെയും പ്രത്യേകം പ്രത്യേകം പരിശോധിച്ച് അതിന്റെ പ്രവർത്തനത്തിലുള്ള വൈകല്യം തിരുത്തി പ്രവർത്തനം മെച്ചപ്പെടുത്തുവാൻ മാനേജ്മെന്റ് തലത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനും ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിന് വേണ്ടി ഇ-ഗവേണൻസ് സംവിധാനത്തിന്റെ ഭാഗമായി ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അഞ്ച് ലക്ഷത്തിനു മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും, ചെലവ് കുറച്ചും, കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും കണക്കുകളിലും കൃത്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റും, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി എല്ലാമാസവും വിലയിരുത്തി ആവശ്യമായ നിർദ്ദേശവും സ്ഥാപനങ്ങൾക്ക് നൽകാറുണ്ട്.

(ബി&സി) ആഗോള തലത്തിൽ വ്യാവസായിക രംഗത്തുണ്ടായിട്ടുള്ള മാന്ദ്യവും ഇറക്കുമതി വിപണിയിൽ നിന്നുള്ള മത്സരവും വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുകവാൻ സാധ്യതയുണ്ട്. വ്യവസായ രംഗത്തെ മാന്ദ്യം കാരണം ഉപഭോക്തൃക്കമ്പനികളിൽ നിന്നും ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യകത കുറയുന്നതിന് കാരണമാകും. ഇറക്കുമതി വിപണിയിൽ നിന്നുള്ള മത്സരം ഉൽപ്പന്നങ്ങളുടെ വിലക്കുറവിനും ഇടയാകുന്നതാണ്. ഈ അവസ്ഥ കൂടുതൽ പ്രതികൂലമായറി ബാധിക്കുകയാണെങ്കിൽ അത് ഉൽപ്പാദനമേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിറ്റുവരവിനേയും ലാഭകരമായ നടത്തിപ്പിനേയും ബാധിക്കുന്നതാണ്. ഇത് സ്ഥാപനങ്ങളുടെ നികുതി വരുമാനത്തിൽ കുറവ് വരുത്തുന്നതിനാൽ സംസ്ഥാനത്തിന്റെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നതാണ്.

ടെക്സ്റ്റൈൽ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് വിലക്കൂടുതൽ ഉള്ളതിനാലും ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഡിമാന്റ് കുറയുകയും ചെയ്തതിനാൽ ഉൽപ്പാദന ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഈ മേഖലയിലുള്ള സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുവാൻ ഇത് കാരണമായിട്ടുണ്ട്.

ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകണ വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെയും വിപണി വിപുലീകരിച്ചും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് മുഖേന അവലോകനം ചെയ്യാറുണ്ട്. ഇതിന്റെ തുടർച്ചയായി പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പംതന്നെ മാനേജിംഗ് ഡയറക്ടർമാരുടേയും ജീവനക്കാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി പരിശീലന പരിപാടികളും നടത്തി വരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പ്രായപരിധി**

128(5876) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :

<u>ശ്രീ. അനൂപ് ജേക്കബ്</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാന്മാരുടെ പ്രായപരിധി എഴുപത്തിയഞ്ച് വയസ്സായും മാനേജിംഗ് ഡയറക്ടർമാരുടെ പ്രായപരിധി അറുപത്തിയഞ്ച് വയസ്സായും നിജപ്പെടുത്തിയിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; പുതിയ ഉത്തരവിലെ നിബന്ധന എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എഴുപത്തിയഞ്ച് വയസ്സ് എന്ന പ്രായപരിധി റദ്ദ് ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഈ പ്രായപരിധി റദ്ദാക്കൽ സഹായകരമാവുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിജപ്പെടുത്തിയിരുന്നു.

(ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ ഉയർന്ന പ്രായപരിധി 75 വയസ്സായി പ്രതിപാദിക്കുന്ന 11-5-2015-ലെ G.O.(Ms) No. 19/2015/plg ഉത്തരവ് റദ്ദ് ചെയ്യുകയും മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായപരിധി മാത്രം 65 വയസ്സായി നിജപ്പെടുത്തുകയും ചെയ്തു.

(സി & ഡി) കമ്പനി നിയമം 2013 പ്രകാരം ചെയർമാൻമാരുടെ ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ശമ്പളമിനത്തിൽ ചെലവഴിച്ച തുക**

129(5877) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എല്ലാം കൂടി 2019 ഒക്ടോബർ മാസം എത്ര തുക ശമ്പള ഇനത്തിൽ ചെലവഴിച്ചു; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ശമ്പള തുകയ്ക്കായി സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്കായി 2019 ഒക്ടോബർ മാസം എത്ര തുക ശമ്പള ഇനത്തിൽ ചെലവാക്കി; കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എല്ലാം കൂടി 2019 ഒക്ടോബർ മാസം ശമ്പളം ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച കണക്കുകൾ അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ശമ്പളത്തിനായി പ്രത്യേകം ധനസഹായം നൽകാറില്ല.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II*ആയി ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് *.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം**

130(5878) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികളും ആവിഷ്കരിച്ച പദ്ധതികളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് പ്രവർത്തനക്ഷമത ഉയർത്തി ലാഭം വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിലേക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും ആവിഷ്കരിച്ചു വരുന്നു. വി.എസ്.എസ്.സി./ഐ.എസ്.ആർ.ഒ. എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടും പ്രതിരോധമേഖലയ്ക്കും ആവശ്യമായവ, വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ബജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം അവലോകനം ചെയ്തുവരുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയ മാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായിത്തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പംതന്നെ മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെയും വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ലഭ്യമായ വിവരമനുസരിച്ച് അത്തരത്തിലുള്ള ശിപാർശ ഇപ്പോൾ നിലവിലില്ല.

(ഡി) കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ മുഖേന കരകൗശല തൊഴിലാളികൾക്ക് സൗജന്യ ടൂൾകിറ്റ് വിതരണം, ആധുനിക സാങ്കേതിക വിദ്യാ പരിശീലനം എന്നിവ നൽകുന്നതിലൂടെയും പൊതുസേവന കേന്ദ്രങ്ങളിലൂടെ കൈത്തൊഴിൽ വായ്പ നൽകിയും ഓൺലൈൻ വിപണനം, പ്രദർശനങ്ങൾ എന്നിവയിലൂടെയും കരകൗശല മേഖലയെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന കൈത്തൊഴിൽ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സർവ്വീസ് ആന്റ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം, ക്ലാസ്റൂം നവീകരണം എന്നിവയിലൂടെ ആർട്ടിസാന്മാർക്ക് തൊഴിലവസരം സൃഷ്ടിച്ചിട്ടുണ്ട്.

ബാംബൂ കോർപ്പറേഷൻ മുഖേന ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കിയും പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചും സ്ലീവറിംഗ് യൂണിറ്റുകൾ സ്ഥാപിച്ചും ഫ്ലാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽസ് എന്നിവ നിർമ്മിച്ചും മുള വ്യവസായത്തെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നുണ്ട്.

കേരള ഖാദി വ്യവസായ ബോർഡ് മുഖേന ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ഖാദി ഗ്രാമപദ്ധതി എന്നിവയിലൂടെ ഖാദി മേഖലയെ സംരക്ഷിക്കുന്നുണ്ട്. കൂടാതെ ബീഡി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബീഡി സഹകരണ മേഖലയിൽ വൈവിദ്ധ്യവൽക്കരണം നടപ്പാക്കിവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് പ്രൊഫഷണലുകളുടെ നിയമനം

131(5879) <u>ശ്രീ. സണ്ണി ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതിനും അവ തകരുന്നതിനുമുള്ള കാരണം മികച്ച പ്രൊഫഷണലുകളെ സ്ഥാപനത്തിന്റെ തലപ്പത്ത് നിയമിക്കാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണലുകളെയും കാര്യപ്രാപ്തിയുള്ളവരെയുമാണ് നിയമിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്നവർ, വിജിലൻസ് കേസിലെ പ്രതികൾ എന്നിവരെ വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പ്രധാന തസ്തികകളിൽ നിയമിക്കപ്പെടുന്നവർ കുറ്റാരോപിതരും കളങ്കിതരുമല്ലായെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ തെരഞ്ഞെടുക്കുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ സുപ്രധാന തസ്തികകളിൽ നിയമനം നടത്തുന്നതിന് മുമ്പായി വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കാറുണ്ട്. വ്യവസായ വകുപ്പിൽ നിയമനം ലഭിച്ച സമയത്ത് വിജിലൻസ് കേസ്സുകളിൽപ്പെട്ടയാരുമില്ല.

(ഡി) സ്വീകരിക്കും.

**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്**

132(5880) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ഇലക്ട്രോണിക്സ് പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലാഭത്തിലാക്കുന്നതിനും വൈവിധ്യമുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ ഉല്പാദനത്തിലും വില്പനയിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും സ്ഥാപനം കുറെക്കൂടി കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

2009-10-ൽ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് രൂപീകൃതമായ ശേഷം ആദ്യമായി കഴിഞ്ഞ രണ്ട് വർഷം (2017-18-ലും 2018-19-ലും) കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് ലാഭത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വൈവിദ്ധ്യമുള്ള പുതിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി 2017-18-ൽ ബജറ്റിൽ അനുവദിച്ച 10 കോടി രൂപയുടെ ഫണ്ട്, 2019-20 സാമ്പത്തിക വർഷം പുനർ നിർണ്ണയം

നടത്തി അനുവദിച്ച നൽകുകയും അതിൽ 2 കോടി രൂപയ്ക്ക് റിലീസ് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. എം.പി.പി. റെക്ടാങ്കുലർ കപ്പാസിറ്റേഴ്സ്, സൂപ്പർ കപ്പാസിറ്റർ, ചിപ്പ് കപ്പാസിറ്റർ കെ.വി.എ.ആർ./എം. വി. എ. ആർ. കപ്പാസിറ്റർ തുടങ്ങിയ പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഉല്പാദനതോതും വില്പനയും വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ മെഷിനറികൾ സ്ഥാപിച്ച് ഉല്പാദന ക്ഷമത ഉയർത്തുന്നതിനുള്ള 'കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് റിവൈവൽ പ്ലാൻ' നടപ്പിലാക്കിവരുന്നു. കമ്പനിയിലെ ഉൽപ്പന്നങ്ങളുടെ വിപണി സാധ്യത കണക്കിലെടുത്ത്, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കെൽട്രോണിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്ന നടപടി**

133(5881) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ കാലങ്ങളായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവരെ സ്ഥിരപ്പെടുത്താൻ സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അപ്രകാരം സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നവരുടെ മുഴുവൻ വിവരവും അവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്ന തസ്തികകളുടെ എല്ലാ വിവരവും ലഭ്യമാക്കാമോ;

(ഡി) സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്ന തസ്തികകളിലേക്ക് നിലവിൽ കെൽട്രോണിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ;

(ഇ) മേല്പറഞ്ഞ സ്ഥിരപ്പെടുത്തൽ പ്രക്രീയ സംവരണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ ലിമിറ്റഡിലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലും 10 വർഷത്തിൽ കൂടതൽ സർവ്വീസുള്ള കരാർ ജീവനക്കാരെ സ്ഥിരപ്പടുത്തുന്നതുമായി ബന്ധപ്പെട്ട ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

(ബി - ഇ) ബാധകമല്ല.

## കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡ്

134(5882) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും, വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവൽക്കരിക്കുന്നതിനും, ആധുനിക വൽക്കരിക്കുന്നതിനും ആവശ്യമായ ലൈസൻസുകളും, ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി നൽകുന്നതിന് പ്രസ്തുത ബോർഡിന് സാധിക്കുന്നുണ്ടോ;വ്യക്തമാക്കാമോ;

(സി) സംസ്ഥാന ബോർഡിന്റെ ചുമതല നിർവ്വഹിക്കുന്നതിനും, സംസ്ഥാന ബോർഡിന്റെയും, വിവിധ ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ഡി) പ്രസ്തുത സെക്രട്ടേറിയറ്റിന്റെ ഘടന എന്താണ്; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ഉൽപ്പാദന സേവന സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും, പെർമിറ്റുകളും അതിവേഗത്തിൽ നിശ്ചിതസമയ പരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിനുവേണ്ടി നിയമസാധുതയുള്ള ഏകജാലക സംവിധാനം 1-6-2000 മുതൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും, വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനും ആവശ്യമായ ലൈസൻസുകളും ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ലഭിക്കുന്നതിന് നിലവിലുള്ള സംരംഭകരിൽ 15 കോടി രൂപയിൽ താഴെയുള്ള സംരംഭങ്ങൾക്ക് ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും 15 കോടി രൂപയിൽ മേലുള്ള സംരംഭങ്ങൾക്ക് കേരള ചീഫ് സെക്രട്ടറി ചെയർമാനായ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും സമീപിച്ച് ലഭ്യമാക്കാവുന്നതാണ്. സംരംഭകർ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും മനസ്സിലാക്കി സമയബന്ധിതമായി പരിഹരിച്ച് അവർക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും നൽകുവാൻ ഏകജാലക ക്ലിയറൻസ് ബോർഡുകൾ നടപടി സ്വീകരിക്കാറുണ്ട്. ലൈസൻസ് ലഭിക്കുവാൻ അർഹതയുള്ള സംരംഭങ്ങൾക്ക് നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് ലഭയമായിട്ടില്ലെങ്കിൽ ഡീംഡ് ലൈസൻസ് നൽകുന്നു.

(സി&ഡി) ഉണ്ട്. 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ഏരിയ ഡെവലപ്മെന്റ് ആക്ട് പരിഷ്കരിക്കുന്നതിനുവേണ്ടി ഈ നിയമസഭാ സമ്മേളനത്തിൽ ബിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിന്റെ രൂപീകരണം സംബന്ധിച്ചും ഈ ആക്ടിന് കീഴിൽ രൂപീകരിക്കപ്പെട്ട സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ചർച്ച ചെയ്തുവരുന്നു.

## ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നടപടി

135(5883) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ രംഗത്തെ അഴിമതിക്കും അരാജകത്വ പ്രവണതക്കും അറുതിവരുത്തികൊണ്ട് സംസ്ഥാനത്തിന്റെ പൊതുമേഖല ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത മേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉത്പാദനക്ഷമത ഉയർത്തുന്നതിനും നടന്നുവരുന്ന നവീനവൽക്കരണവും യന്ത്രവൽക്കരണവും ഏതെല്ലാം മേഖലയിലാണെന്ന് അറിയിക്കാമോ ; ഇതുമൂലം പരമ്പരാഗത മേഖലക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരമ്പരാഗത മേഖലയുടെ പഴമയും പ്രൗഢിയും നിലനിർത്തിക്കൊണ്ട് ഒരു ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കൂടി കണ്ടുകൊണ്ടുള്ള പശ്ചാത്തല വികസനം നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള

ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ലാഭസാധ്യതയും വിപണന സാധ്യതയും ഉള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽ ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ ആരംഭിച്ചു കഴിഞ്ഞു. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. വി.എസ്.എസ്.സി./ഐ.എസ്.ആർ.ഒ. എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട് അത്യന്താധുനിക സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഉപകരണ സംവിധാനങ്ങളും പ്രതിരോധമേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ബജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം അവലോകനം ചെയ്തുവരുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു.

(ബി) പനമ്പ്, മുള, കരകൗശലം, കൈത്തൊഴിൽ, ഖാദി എന്നീ പരമ്പരാഗത വ്യവസായ മേഖലകളിൽ നവീനവൽക്കരണവും യന്ത്രവൽക്കരണവും മുഖേന ഉൽപ്പാദനതോതും ക്ഷമതയും വർദ്ധിപ്പിച്ചിട്ടുണ്ട്. കെൽപാം മുഖേന ഒരു സെമി ഓട്ടോമാറ്റിക് പെറ്റ് ബോട്ടിൽ യൂണിറ്റ്, സ്റ്റോറേജ് റൂം, ക്യൂസി ലാബ്, ചില്ലർ റൂം എന്നിവ സ്ഥാപിച്ചതിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള ബാംബു കോർപ്പറേഷൻ മുഖേന ബാംബു ട്രീറ്റ്മെന്റ് പ്ലാന്റ്, കാർബണൈസേഷൻ പ്ലാന്റ്,

ലൈവിലി ഹുഡ് ബിസിനസ് ഇൻകുബേറ്റർ, ബാംബൂ വേസ്റ്റ് പ്രൈമറി യൂണിറ്റ്, ഫർണിച്ചർ നിർമ്മാണ യൂണിറ്റ്, കോമൺ ഫെസിലിറ്റി സെന്റർ, ബാംബൂ വിൽപ്പന കേന്ദ്രങ്ങൾ, സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ എന്നിവ ആരംഭിച്ചതിലൂടെ മുള വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ് ലഭിച്ചിട്ടുണ്ട്.

യന്ത്രസാമഗ്രികളുടെ ആവിർഭാവത്തോടെ പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരുടെ ജോലി സാദ്ധ്യതയിലുണ്ടായ കുറവ്, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചും, പരിഹരിക്കുവാൻ ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ ഉൽപ്പാദനതോത് വർദ്ധിപ്പിച്ചും പരിഹരിക്കുവാൻ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് സാധ്യമായിട്ടുണ്ട്. വിവിധ ജില്ലകളിലായി ഒൻപതോളം ഡിസൈൻ ആന്റ് ടെക്നോളജി വർക്ക് ഷോപ്പുകൾ സ്ഥാപിച്ചതിലൂടെ ആർട്ടിസാൻമാർക്ക് പരിശീലനം നൽകുവാനും 110 പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുവാനും വൈവിദ്ധ്യമായ ഉൽപ്പന്ന നിർമ്മാണത്തിനുള്ള പരിശീലനം പൊതു സേവന കേന്ദ്രത്തിലൂടെ നൽകുവാനും കേരള കരകൗശല വികസന കോർപ്പറേഷന് സാധിച്ചു.

ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, റെഡിമെയ്ഡ് വാർപ്പിംഗ്, വർക്ക്ഷെഡ് പദ്ധതി എന്നിവയിലൂടെ ഖാദിമേഖലയെ പരിപോഷിപ്പിക്കുവാൻ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് കഴിഞ്ഞു.

(സി) കേരള ബാംബൂ കോർപ്പറേഷൻ മുഖേന പരിസ്ഥിതി സൗഹൃദ റിസോർട്ട് നിർമ്മാണത്തിലൂടെ ടൂറിസം പ്രോത്സാഹിപ്പിക്കുവാനും വിവിധതരം മുള ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് പരമ്പരാഗത മേഖലയുടെ പഴമയും പ്രൗഢിയും നിലനിർത്തിക്കൊണ്ട് ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കൂടി കണ്ടുകൊണ്ടുള്ള പശ്ചാത്തല വികസനം സാധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. ആറൻമുള കണ്ണാടി പോലുള്ള കരകൗശല ഉൽപ്പന്നങ്ങൾ പാരമ്പര്യ തനിമ നിലനിർത്തുന്ന ടൂറിസം പ്രോഡക്ട് എന്ന നിലയിൽ വിപണനം നടത്തുവാൻ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ശ്രമിക്കുന്നു. മാന്നാർ, ചെങ്ങന്നൂർ, ആറൻമുള എന്നിവിടങ്ങളിലെ ബെൽ മെറ്റൽ ക്രാഫ്റ്റ് മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട്, മാന്നാർ ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. കൂടാതെ കേരള കരകൗശല വികസന കോർപ്പറേഷൻ തിരുവനന്തപുരം അരുവിക്കരയിൽ ഒരു ക്രാഫ്റ്റ് വില്ലേജും അട്ടക്കുളങ്ങരയിൽ ഒരു മിനിക്രാഫ്റ്റ് വില്ലേജും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

## നിക്ഷേപ സൗഹൃദ സംസ്ഥാനം

136(5884) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി രാജ്യത്തെ ആദ്യ പത്ത് നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ എത്തിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി സൗഹൃദവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നയം ആണോ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;വിശദാംശം നൽകാമോ;

(സി) ഇത്തരത്തിലുള്ള എത്ര വ്യവസായങ്ങളാണ് ഇതിനകം സംസ്ഥാനത്ത് പുതുതായി ആരംഭിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നു.

വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് വിവിധ അനുമതികൾ നേടേണ്ട 15 വകുപ്പുകൾ/ഏജൻസികൾ എന്നിവിടങ്ങളിൽ അവ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാന സവിശേഷതകൾ. കൂടാതെ സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്ന കാര്യം പരിശോധിക്കാനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കെ-സ്വിഫ്റ്റ്

(KSWIFT-Phase-II) വിപുലീകരിക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 (ഭേദഗതി) ബിൽ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപവുമുള്ള പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ സമർപ്പിക്കുന്നതിന് 3 വർഷത്തെ സമയം അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന '2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ' 7-11-2019-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(സി) കെ-സ്വിഫ്റ്റ് സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 691 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 326 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 25 ക്ലിയറൻസുകളും അല്ലാതെ 122 ഡീഡ് ലൈസൻസുകളും കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

## കോന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക്

137(5885) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് കോന്നി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) യുവാക്കൾക്ക് പരിശീലനം നൽകുന്നതിനും നിരവധിപേർക്ക് തൊഴിൽ നൽകുന്നതിനുമായി പ്രസ്തുത മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംരംഭക സഹായ പദ്ധതി, നാനോ ഹൗസ്ഹോൾഡ് പദ്ധതി, ഉജ്ജീവന സഹായ പദ്ധതി, റീബിൽഡ് കേരള, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന വിവിധ വ്യവസായ തൊഴിൽദായക പദ്ധതികൾ എന്നിവയാണ് കോന്നി മണ്ഡലത്തിൽ വ്യവസായ വകുപ്പുവഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ.

കൂടാതെ കൈത്തറി മേഖലയുടെ പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് കോന്നി മണ്ഡലത്തിൽ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് "ഒരു വീട്ടിൽ ഒരു തറി പദ്ധതി" . ടി പദ്ധതി പ്രകാരം രണ്ട് പേർക്ക് തറികൾ നൽകി യൂണിറ്റ് പ്രവർത്തനം തുടങ്ങുകയും ചെയ്തു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സംസ്ഥാനത്തൊട്ടാകെയുള്ള ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ "എന്റെ ഗ്രാമം" പദ്ധതി നടപ്പിലാക്കുന്നു. ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി സംരംഭം ആരംഭിക്കുന്ന പുതിയ ഗ്രാമീണ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുവരുന്നു.

(ബി) കോന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

**പാലക്കാട് ജില്ലയിലെ ഒഴലപ്പതി വില്ലേജിൽ വ്യവസായത്തിനായി ഭൂമി**

138(5886) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ ഒഴലപ്പതി വില്ലേജിൽ സർക്കാർ വ്യവസായ ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സർവ്വെ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ 250 ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്.

(ബി) റീസർവ്വെ നമ്പരുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബ്ലോക്ക് നമ്പർ 28

റീസർവ്വേ നമ്പരുകൾ: 14pt, 16, 17, 18, 19, 20, 21, 22, 23, 26 pt, 34, 45, 46, 47, 48, 49, 50, 53, 128pt, 134, 139, 140, 141, 145, 146, 148, 149, 150, 152pt, 153, 154, 155, 156, 157, 158, 163pt, 164, 165pt, 170, 171, 174pt, 175, 176, 177pt, 178, 180, 181, 182, 183, 185, 351, 352, 353 & 354.

## ഇലക്ട്രിക് ഓട്ടോ ചാർജ്ജിംഗ് സ്റ്റേഷനുകൾ

139(5887) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ആദ്യമായി ഇലക്ട്രിക് ഓട്ടോ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന പൊതു മേഖലാ സ്ഥാപനമായ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (കെ. എ. എൽ) വർഷത്തിൽ 15000 ഓട്ടോ ആണോ നിരത്തിലിറക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഈ സാഹചര്യത്തിൽ വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യുവാനുള്ള പൊതു ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിവരിക്കാമോ?

ഉത്തരം

(എ) വാഹനത്തിന്റെ ആവശ്യകത അനുസരിച്ച് 15000 ഓട്ടോ വരെ നിരത്തിലിറക്കാനാണ് കമ്പനി ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ നയമനുസരിച്ച് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക ലൈസൻസ് ആവശ്യമില്ല. ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർ നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ.-നെ രേഖാമൂലം അറിയിക്കേണ്ടതാണ്. ചാർജ്ജിംഗ് സ്റ്റേഷന് ആവശ്യമായ വൈദ്യുതി ഇതിനായി അംഗീകരിച്ച പ്രത്യേക താരിഫ് പ്രകാരം നൽകാൻ കെ.എസ്.ഇ.ബി.എൽ. ബാധ്യസ്ഥരാണ്. പ്രധാന നഗരങ്ങളിൽ 3 കി.മീ x 3 കി. മീ. ചുറ്റളവിലും ദേശീയപാതകളിൽ ഓരോ 25 കിലോമീറ്ററിലും കുറഞ്ഞത് ഒരു ചാർജ്ജിംഗ് സ്റ്റേഷനെങ്കിലും ഉണ്ടാകണമെന്നാണ് ദേശീയനയം. ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും ആവിഷ്കരിച്ച് വരുന്നു.

## ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുവാനായി നടപടികൾ

140(5888) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുവാനായി ഹാർഡ് വെയർ മിഷൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ലാപ്ടോപ്പിന്റെയും സെർവറിന്റെയും നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അറിയിക്കുമോ;

(ഡി) 2019-20-ലെ സംസ്ഥാന ബജറ്റിൽ ഹാർഡ് വെയർ മിഷന്റെ പ്രവർത്തനത്തിന് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹാർഡ്‌വെയർ വികസനത്തിനായി ലാപ്ടോപ് സെർവർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, വൈദ്യുതി വാഹനങ്ങൾ സംബന്ധിച്ച നയരൂപീകരണം, അന്താരാഷ്ട്ര ഡസ്ക് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) കോകോണിക്സ് എന്ന പേരിൽ പൊതു സ്വകാര്യ ഐ.ടി. ഹാർഡ്‌വെയർ നിർമ്മാണ കമ്പനി നവംബർ 2018 മുതൽ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. ഇന്റൽ, യു.എസ്.ടി. ഗ്ലോബൽ എന്നീ കമ്പനികളുമായി സഹകരിച്ച് കേരളത്തിൽ ലാപ്ടോപ്, സെർവർ നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(ഡി) 2019-20-ൽ ഹാർഡ്‌വെയർ മിഷന്റെ പ്രവർത്തനത്തിനായി തുക വകയിരുത്തിയിട്ടില്ല.

**ചെറുകിട വ്യാപാര മേഖലയുടെ ഉന്നമനത്തിനായുള്ള നടപടികൾ**

141(5889) <u>ഡോ. എം. കെ. മുനീർ:</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>

<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാര മേഖല ശക്തിപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി വാണിജ്യ മിഷൻ രൂപീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത വാണിജ്യ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ-സി) സംസ്ഥാനത്തെ വ്യവസായ സംരംഭക ഉല്പന്നങ്ങൾക്ക് വിദേശ വിപണി, അവയുടെ ദേശീയ അന്തർദ്ദേശീയ വിപണനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 3/12/2018-ലെ സ.ഉ. (സാധാ) നമ്പർ 1329/18/വ്യവ ഉത്തരവ് പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്:

വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക, ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.
2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികൾ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.
3. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ് ബന്ധം സ്ഥാപിക്കുക.
4. ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉല്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണം നടത്തുക.
5. ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉല്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.
6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.
7. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.
8. വാണിജ്യ മേഖലയിലെ വൈദ്യുതി ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനഃപരിശോധിക്കും.
9. മൊത്ത വ്യാപാരികൾക്കും ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുന്നതിനെ സംബന്ധിച്ച് പരിശോധന നടന്നുവരികയാണ്.
10. വാണിജ്യ സേവനമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പരിശോധന നടത്തും.

## ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

142(5890) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഉദ്യോഗ് ആധാർ സംരംഭകൻ എടുക്കേണ്ടതുണ്ട്. ഇത് സംരംഭകന് സ്വയമോ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തിരമോ ഓൺലൈനായി എടുക്കാവുന്നതാണ്.

സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ.സ്വിഫ്റ്റ്) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രസ്തുത ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. പ്രസ്തുത കെ.സ്വിഫ്റ്റ്, 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ.സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

കെ.സ്വിഫ്റ്റ് മുഖേന നിയമാനുസൃതമായി പൂർത്തീകരിച്ച് ലഭിക്കുന്ന അപേക്ഷകളും അവയുടെ അനുബന്ധങ്ങളും ഓൺലൈനായി തന്നെ അതത് വകുപ്പുകളിലേയ്ക്ക് സ്വമേധയാ അയച്ചു നൽകപ്പെടും. പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്.

(ബി) പുതിയ വ്യവസായം ആരംഭിക്കുന്ന സംരംഭകർക്ക് വേണ്ടി വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംരംഭകത്വ സഹായപദ്ധതി: സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യമായി സംരംഭകത്വ സഹായപദ്ധതി നടപ്പിലാക്കിവരുന്നു.

I. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറികട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ സഹായമായി നൽകുന്നു. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

II. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.

III. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

IV. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

V. വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ടേം ലോൺ ലഭ്യമാക്കി പ്രവർത്തിക്കുന്ന ഉല്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി: 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോടുചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ

6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി: ഡെവലപ്മെന്റ് കമ്മീഷണർ ഫോർ ഹാന്റിക്രാഫ്റ്റ്/കാഡ്കോ/സുരഭി/ എച്ച്.ഡി.സി.കെ/കെൽപാം/ബാംബു കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ ആർട്ടിസാനായി രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിഭാഗത്തിൽപ്പെട്ട കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് സ്ഥിരമൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/യുവാക്കൾ/എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് 50% പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്.

## ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിലെ മുന്നേറ്റങ്ങൾ

143(5891) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിൽ എന്തൊക്കെ മുന്നേറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ തനത് വിഭവങ്ങൾ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്;

(സി) ചെറുകിട വ്യവസായ മേഖലയ്ക്ക് വ്യവസായ വകുപ്പ് സാങ്കേതിക സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ കിൻഫ്ര ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റൈപെനിംഗ് ചേംബർ, വെയർ ഹൗസ്, പാക്ക് ഹൗസ്,

സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. പാർക്കിന്റെ 98% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 9 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സമുദ്രോല്പന്ന സംസ്കരണം, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഫുഡ് പാർക്കാണ് സ്ഥാപിതമാകുന്നത്. പ്രസ്തുത ഫുഡ് പാർക്ക് മുഖേന കേന്ദ്രീകൃത സമുദ്രോത്പന്ന സംസ്കരണ കേന്ദ്രങ്ങളും സമുദ്രോത്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പാദനവും അവയുടെ സംസ്കരണവും ശേഖരണവുമാണ് ലക്ഷ്യമിടുന്നത്. ഇതുവഴി മത്സ്യ ബന്ധന മേഖലയ്ക്ക് അധിക വരുമാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഫുഡ് പാർക്കിൽ സംസ്കരണ മൂല്യവർദ്ധിത പ്ലാന്റുകൾക്ക് പുറമെ ഭക്ഷ്യ വസ്തുക്കൾ നശിച്ചുപോകാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് പ്ലാന്റുകളും വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈപ്പിൻ, മുനമ്പം, തോപ്പുംപടി ഹാർബറുകളോട് ചേർന്ന് സമുദ്രോത്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനുള്ള പ്ലാന്റുകളും ചേർത്തല ഫുഡ് പാർക്കിന് അനുബന്ധമായി സ്ഥാപിതമാകുന്നു. ചേർത്തല ഫുഡ് പാർക്ക് മുഖേന സമുദ്രോത്പന്ന ഭക്ഷ്യ സംസ്കരണ മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുവാൻ സാധിക്കും. ഏകദേശം 3000-ത്തോളം പ്രത്യക്ഷ തൊഴിലവസരങ്ങളാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് ആകെ സ്ഥിര മൂലധനത്തിന്റെ 15% നിക്ഷേപ സബ്സിഡി നൽകി വരുമ്പോൾ മുൻഗണനാ വ്യവസായത്തിൽ ഉൾപ്പെടുത്തി കാർഷികോല്പന്നങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള വ്യവസായങ്ങൾക്ക് 10% അധിക സബ്സിഡി അനുവദിച്ചുവരുന്നു.

(സി) ചുവടെ വിവരിക്കുന്ന പദ്ധതികൾ മുഖാന്തിരം ചെറുകിട സംരംഭകർക്ക് സാങ്കേതിക സഹായത്തിന് ആനുകൂല്യം നൽകിവരുന്നു.

എ. സംരംഭക സഹായ പദ്ധതി പ്രകാരം സാങ്കേതിക സഹായം നൽകുന്നതിനുള്ള മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ, വനിത സംരംഭകർക്കും യുവ

സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

ബി. സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി

നിലവിലുള്ള വ്യവസായ ബിസിനസ്സ് സംരംഭങ്ങൾക്ക് അവരുടെ സാങ്കേതിക ആവശ്യങ്ങളെ അഭിസംബോധന ചെയ്ത് ആയത് നിവർത്തിക്കുന്നതിന് സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. മേൽ വിവരിച്ചതിനു പുറമേ ചുവടെ വിവരിക്കുന്ന പരിശീലന പരിപാടികളും സാങ്കേതിക അറിവ് നൽകുന്നതിന് സംരംഭകർക്കായി നടത്തിവരുന്നുണ്ട്.

1. ടെക്നോളജി ക്ലിനിക്

MSME മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും സംരംഭകർക്ക് സാങ്കേതികമായി ഉള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പരിപാടി.

II. ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം

ജില്ലാതലങ്ങളിൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റാനായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനം. ജില്ലകളിലെ അനുയോജ്യ മേഖലയിൽ നൽകുന്ന നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം ILO പരിശീലനവും നൽകുന്നുണ്ട്.

**മൺപാത്ര വ്യവസായത്തിലെ പ്രതിസന്ധികൾ**

144(5892) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിമണ്ണിന്റെ ലഭ്യതക്കുറവ് കേരളത്തിലെ മൺപാത്ര വ്യവസായത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ ലഭ്യത കുറഞ്ഞുവരുന്നതിന് ഇത് കാരണമാവുന്നുണ്ടോ; സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പരമ്പരാഗതമായി കളിമൺ ശേഖരിച്ച് വന്നിരുന്ന സ്ഥലങ്ങളിൽ നിന്നും പരിസ്ഥിതിക എതിർപ്പുകൾ കാരണം ഇപ്പോൾ സാധ്യമാവാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇതിനെ മറികടക്കാനായി എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിച്ച് വരുന്നത്; വിശദമാക്കാമോ;

(ഡി) മൺപാത്ര തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) കളിമണ്ണിന്റെ ലഭ്യതക്കുറവ് മൺപാത്ര വ്യവസായത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത മൺപാത്രത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കും അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരോ അധികാരപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്ന പക്ഷം ഒരു വർഷത്തേയ്ക്ക് പാരിസ്ഥിതിക അനുമതി ഇല്ലാതെ 50 ടൺ കളിമണ്ണ് റോയൽറ്റി ഒടുക്കാതെ ഖനനം ചെയ്ത് കൊണ്ടുപോകുന്നതിന് സ്പെഷ്യൽ ട്രാൻസിറ്റ് പാസ് നിലവിൽ നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെടുന്ന സമുദായങ്ങളിലെ അർഹരായവർക്ക് തൊഴിൽ നവീകരണത്തിനായി പരാമവധി 50,000 രൂപ വരെ രണ്ട് ഗഡുക്കളായി ധനസഹായം നൽകിവരുന്നു. പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിക്കായി കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കിവരുന്നു. മൺപാത്ര തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങൾക്കായി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മൺപാത്ര മേഖലയിലെ ആധുനികവൽക്കരണം, തൊഴിൽ നൈപുണ്യ പരിശീലനം, വിപണന സംവിധാനം എന്നിവയ്ക്കായി കോർപ്പറേഷന്റെ കീഴിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ കളിമണ്ണ് ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ ശേഖരിച്ച് വിതരണം നടത്തുന്നതിന് റോമെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുവാൻ നടപടി

145(5893) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് ക്രീയാത്മകമായ നടപടി സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചമൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ കുടുംബങ്ങൾ ദുരിതത്തിലാണെന്നത് വസ്തുതയാണോ;

(സി) എങ്കിൽ പ്രസ്തുത മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിലാളികളുടെ ദുരിതമകറ്റുന്നതിനും സർക്കാർ ഭാഗത്തുനിന്നും ഇതിനകം സ്വീകരിച്ചതും ഇനി സ്വീകരിക്കുവാൻ പോകുന്നതുമായ നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തകർച്ചയിലായിരുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള ഈ സർക്കാരിന്റെ വൈവിദ്ധ്യങ്ങളായ നടപടികളിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ ബഹുമുഖ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന ബാംബൂ വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ, കേരള പനയുല്പന്ന വികസന കോർപ്പറേഷൻ (കെൽപാം), കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കേരള ഖാദി ഗ്രാമ

വ്യവസായ ബോർഡ്, കയർ വികസന വകുപ്പ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി'. ഏകദേശം 5000-ത്തിലധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളം അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞു. ഈ അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് മേഖലയിലെ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കുംകൂടി 42 ലക്ഷം മീറ്റർ തുണി ഉല്പാദിപ്പിച്ചത് ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി കൈത്തറിയിൽ ഉല്പാദിപ്പിച്ച് നൽകാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന പല കൈത്തറി സംഘങ്ങളും തുറന്ന് പ്രവർത്തിപ്പിക്കാനും നെയ്ത്ത് തൊഴിൽ ഉപേക്ഷിച്ചവരെ ഈ മേഖലയിൽ തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞു. ഈ പദ്ധതി വഴി ഇതുവരെ 125 കോടി രൂപയോളം കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറിമേഖലയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടി 'യുവ വീവ് പദ്ധതി', വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും വേണ്ടി 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി, ആധുനിക ഡിസൈനിൽ കൈത്തറി തുണി ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന ഹാന്റക്സ് വഴിയുള്ള 'കൈത്തറി സുരക്ഷാ' പദ്ധതി, കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ഗ്രാന്റായി നൽകുന്ന 'സ്വയം തൊഴിൽ സംരംഭം' പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000 രൂപ വീതവും അടങ്ങുന്ന അവാർഡുകളും പ്രഖ്യാപിച്ചുനൽകുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് "നെയ്ത്തുത്സവം" സംഘടിപ്പിച്ചു.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക

സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500 ഓളം ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയും ആധുനികമെഷിനറികളും ഉപയോഗപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെമ്പ്, ഓട്ടുപാത്ര നിർമ്മാണം, മരപ്പണി, വൈക്കോൽ ചിത്രമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് കണ്ണൂർ ബെൽമെറ്റൽ ക്രാഫ്റ്റ്, തൃശ്ശൂർ മരാധിഷ്ഠിത ക്രാഫ്റ്റ്, കൊല്ലം വൈക്കോൽ ചിത്ര (സ്ട്രാപിക്ചർ) ക്രാഫ്റ്റ് എന്നീ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൈത്തൊഴിൽ മേഖലയിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കരകൗശല മേഖലയുടെ പുരോഗതിക്കായി 46 എക്സിബിഷനുകൾ, 14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 2800 ഓളം പേർ പങ്കെടുത്തുകൊണ്ട് 27 ക്രാഫ്റ്റ് അവെയർനെസ് പ്രോഗ്രാം സംഘടിപ്പിച്ചു. കൈരളിഹാന്റി ക്രാഫ്റ്റ് എന്നപേരിൽ ഓൺലൈൻ മാർക്കറ്റിംഗ് സ്റ്റോറുകൾ ആരംഭിച്ചു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KADCO) കീഴിൽ കൈത്തൊഴിൽ മേഖലയിൽ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർവ്വീസ് ആന്റ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. കൈത്തറി മേഖലയ്ക്ക് ആവശ്യമായ തറികൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ 500-ൽ പരം ഗ്രാമപഞ്ചായത്ത് ഓഫീസുകൾ നവീകരിക്കുവാൻ കഴിഞ്ഞു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ് റൂം നവീകരണവും കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിരവധി ആർട്ടിസാൻമാർക്ക് തുടർച്ചയായി ജോലി നൽകാൻ കഴിഞ്ഞു.

മുള മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. പനമ്പുനെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ', ഈറ്റയിൽ നിന്നും അളി കീറി പനമ്പു നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സ്ലീവറിംഗ് യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ബാംബൂ ഉല്പന്നങ്ങളായ ഫ്ലാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ലോറിംഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേരളത്തിലെ കരകൗശല മേഖലയുടെ വികസനത്തിന് വേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാട്ടും കണ്ണൂരിലും സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് നടപ്പിലാക്കൽ, ഉത്സവബത്ത 900 രൂപയിൽ നിന്നും 1500 രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത്, ഉല്പാദന ഇൻസെന്റീവ് നൂൽ നൂല്പിന് ഒരു കഴിക്ക് 60 പൈസയും നെയ്ത്തിന് ഒരു കഴിക്ക് 1.80 രൂപയും ആയി ഇരട്ടിയാക്കി നൽകിയത്, ഇ.എസ്.ഐ. ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, ഖാദി മേഖലയിൽ പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുഃസംഘടന'. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനമേഖലയിലും കയർപിരി മേഖേലയിലും യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഇതിനോടകം 75 ഡിഫൈബറിംഗ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. 500 ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. കയർ തൊഴിലാളികൾക്ക് മിനിമം കൂലി 350 രൂപയായി വർദ്ധിപ്പിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക്ടറികളെല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സ്വകാര്യ മേഖലയിലെ അടഞ്ഞുകിടന്നിരുന്ന ഫാക്ടറികളിലെ ആയിരത്തി എഴുന്നൂറോളം സ്ത്രീ തൊഴിലാളികൾക്ക് കാപ്പെക്സ് വഴി

ജോലി നൽകി. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി സംസ്ഥാനത്തിന് അകത്തും പുറത്തും വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ സംരംക്ഷിക്കുന്നതിന് 25 കോടി രൂപയുടെ പലിശ ധനസഹായ പദ്ധതി 2019-20 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും വകയിരുത്തിയിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ഒരു സമഗ്ര റിവൈവൽ പാക്കേജ് ആവിഷ്കരിച്ച് വിവിധ ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിദ്ധ്യവൽക്കരണവും സർക്കാരിൽ അടച്ച നികുതി ഗ്രാന്റായി നൽകുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ പദ്ധതിയും കേന്ദ്ര സഹകരണ സംഘം നടപ്പിലാക്കിവരുന്നു.

കേരളത്തിലെ കളിമൺ പാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാന വ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റാ-മെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വ്യവസായ പാർക്കിൽ സ്ഥലം അനുവദിക്കുന്നതിനുള്ള വ്യവസ്ഥ

146(5894) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ എസ്റ്റേറ്റുകളിൽ പുതിയതായി എത്ര വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര യൂണിറ്റുകളിൽ ഉത്പാദനം തുടങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മേജർ വ്യവസായ യൂണിറ്റുകളാണ് ഇക്കാലയളവിൽ പ്രവർത്തനം നിർത്തി അടച്ചുപൂട്ടിയിട്ടുള്ളത്; അറിയിക്കുമോ;

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ ഡെവലപ്മെന്റ് ഏരിയ , ഡെവലപ്മെന്റ് പ്ലോട്ട്, കിൻഫ്ര വ്യവസായ പാർക്ക്, സിഡ്കോ വ്യവസായ പാർക്ക്, കെ.എസ്.ഐ.ഡി.സി. വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഏതൊക്കെ പൊതു വ്യവസ്ഥകളിലാണ് ഭൂമി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ പുതിയതായി 173 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും അവയിൽ 119 വ്യവസായ യൂണിറ്റുകൾ ഉല്പാദനം തുടങ്ങുകയും ചെയ്തു. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ 29 പുതിയ വ്യവസായങ്ങൾക്കും കല്ലേറ്റുംകര വ്യവസായ എസ്റ്റേറ്റിൽ ഒരു പുതിയ വ്യവസായ യൂണിറ്റിനും ഷെഡ്ഡ്/ഭൂമി അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ ഷെഡ്ഡുകൾ അനുവദിച്ച് നൽകിയ 7 യൂണിറ്റുകളിൽ 5 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. കൂടാതെ 22 യൂണിറ്റുകൾക്ക് 15-10-2019-ൽ ഭൂമി അനുവദിച്ചുനൽകി. ആയതിൽ പ്രവർത്തനം തുടങ്ങുന്നതിന് ഒരു വർഷത്തെ കാലാവധി അനുവദിച്ചിട്ടുണ്ട്. 29/08/19-ൽ കല്ലേറ്റുംകരയിൽ ഒരു യൂണിറ്റിനും ഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ ചേർത്തല വ്യവസായ വികസന പ്ലോട്ടിലെ ലക്ഷ്മി എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ വ്യവസായ വികസന പ്ലോട്ടിലെ പെർഫെക്ട് അലോയീസ് എന്നിവയും പാലക്കാട് ജില്ലയിൽ നിഡ കഞ്ചിക്കോടിലെ മാരികോ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡും എറണാകുളം ജില്ലയിൽ എടയാർ വ്യവസായ വികസന ഏരിയയിലെ ശ്രീശക്തി പേപ്പർ മിൽസും പ്രവർത്തനം നിർത്തി അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ വികസന ഏരിയകളിൽ 5-4-1969-ലെ ജി.ഒ.(എം.എസ്.) 169/69/ഐഡി ഉത്തരവ് പ്രകാരമുള്ള ഹയർ പർച്ചേസ് വ്യവസ്ഥയിലും വ്യവസായ വികസന പ്ലോട്ടുകളിൽ 24-8-1970-ലെ ജി.ഒ.(എം.എസ്) 297/70/ഐഡി ഉത്തരവ് പ്രകാരമുള്ള ഹയർ പർച്ചേസ് വ്യവസ്ഥയിലും നിലവിൽ 30-1-2016-ലെ ജി.ഒ. (എം.എസ്.) 17/2016/ഐഡി പ്രകാരമുള്ള ലീസ് വ്യവസ്ഥയിലുമാണ് വ്യവസായ സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിക്കുന്നത്. 10-6-2013 മുതൽ പുതിയതായി അനുവദിക്കുന്ന വ്യവസായ ഭൂമിക്ക് മാത്രമാണ് ലീസ് വ്യവസ്ഥ ബാധകമായിട്ടുള്ളത്.

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിന് ഭൂമി അനുവദിക്കുന്നത് 30 വർഷം പാട്ട വ്യവസ്ഥയിലാണ്. സംരംഭം തുടങ്ങുന്ന കമ്പനിയിൽനിന്നും ഭൂമിയുടെ പാട്ടത്തുകയുടെ 50% ഈടാക്കിയശേഷം രണ്ട് വർഷത്തേയ്ക്ക് ലൈസൻസ് എഗ്രിമെന്റിൽ ഏർപ്പെടുന്നു. ഇക്കാലയളവിൽ കമ്പനി പ്രവർത്തനം ആരംഭിക്കുകയും മുഴുവൻ പാട്ടത്തുക ഈടാക്കുകയും ചെയ്തതിനുശേഷം കമ്പനിയുമായി ലീസ് എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്യുന്നു.

കിൻഫ്രയുടെ ഭൂമി അലോട്ട്മെന്റ് പ്രകാരം 30 വർഷത്തിനുശേഷം ഓരോ തവണയും 5,000 രൂപ പ്രോസസിംഗ് ഫീസ് അടച്ച് പരമാവധി 90 വർഷം വരെ പാട്ടക്കരാർ പുതുക്കണമെന്നതാണ് വ്യവസ്ഥ.

കിൻഫ്രയുടെ ബഹുനില വ്യവസായ സമുച്ചയങ്ങളിൽ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് 10 വർഷത്തെ പാട്ട വ്യവസ്ഥയിലാണ്. ഇതിൻപ്രകാരം സംരംഭകൻ ഏടുക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി 12 മാസത്തെ വാടക പലിശരഹിത ഡിപ്പോസിറ്റായി നൽകുകയും മാസവാടക ഓരോ മാസവും അടയ്ക്കുകയും വേണം.

സിഡ്കോയുടെ വ്യവസായ പാർക്കുകളിൽ ലീസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിച്ചുവരുന്നത്. എന്നാൽ ഇപ്പോൾ 24-5-2017-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 732/2017/ഐഡി ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായാണ് ഭൂമി അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവ് വന്നതിനുശേഷം സിഡ്കോയുടെ വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിച്ചുനൽകിയിട്ടില്ല. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു *.

### കുറ്റ്യാടി നാളികേര പാർക്ക്

147(5895) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച രൂപരേഖ അനുസരിച്ച് 42 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 16-12-2016-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ലാന്റ് അക്വിസിഷൻ നടപടികൾ കോടതി ശരിവയ്ക്കുകയും ഭൂമിക്ക് മുൻപ് നിശ്ചയിച്ച വില നിലനിർത്തുകയും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എന്നാൽ ഇംപ്രൂവ്മെന്റിന് G.O. (Rt) No. 331/2004/RD തീയതി 15.11.2004 പ്രകാരം വില പുതുക്കി നിശ്ചയിച്ച് മൂന്നു മാസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകാൻ കോടതി നിർദ്ദേശിച്ചിരുന്നോ എന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ഇത് സംബന്ധമായ മുഴുവൻ നടപടികളും ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(എഫ്) ഇതൊഴികെ കുറ്റ്യാടി നാളികേര വികസന പാർക്ക് സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ എന്തെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ കോടതിയുടെ പേര്, കേസ് നമ്പർ, എന്തിനു വേണ്ടിയാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത് തുടങ്ങിയ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) No.1174/2014/ID തീയതി 16-10-2014 പ്രകാരം കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി 42 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കുറ്റ്യാടി നാളികേര പാർക്കിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ട പരിഹാരം സംബന്ധിച്ച് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ 16-12-2016-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ലാൻഡ് അക്വിസിഷൻ നടപടികൾ കോടതി ശരിവയ്ക്കുകയും ഭൂമിക്ക് മുമ്പ് നിശ്ചയിച്ച വില നിലനിർത്തുകയും ചെയ്തിട്ടുണ്ട്.

(സി &ഡി) 15-11-2004-ലെ G.O.(Rt) No.331/2004/RD പ്രകാരം ഇംപ്രൂവ്മെന്റിന്റെ വില പുതുക്കി നിശ്ചയിച്ച് മൂന്ന് മാസത്തിനുള്ളിൽ നഷ്ട പരിഹാരം നൽകാൻ കോടതി നിർദ്ദേശിച്ചിരുന്നു. അപ്രകാരം കോടതി നിർദ്ദേശിച്ച എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

(എഫ് & ജി) 5-10-2018-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിലെ ഇംപ്രൂവ്മെന്റിന്റെ വിലയിലെ അപാകത സംബന്ധിച്ചുള്ള മുൻ ഭൂവുടമകളുടെ പരാതി പരിശോധിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കോഴിക്കോട് ജില്ലാ കളക്ടർ പ്രസ്തുത പരാതി വിശദമായി പരിശോധിക്കുകയും ഭൂവുടമകൾക്ക് നൽകിയിട്ടുള്ള കോമ്പൻസേഷൻ നിലവിലെ വ്യവസ്ഥകൾക്കനുസരിച്ചാണെന്നും ഉത്തരവിറക്കുകയുണ്ടായി. ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

## പെട്രോ കെമിക്കൽ ആന്റ് ഫാർമ പാർക്ക്

148(5896) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പെട്രോ കെമിക്കൽ ആന്റ് ഫാർമ പാർക്കിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം വഴി എന്തൊക്കെ ഉല്പന്നങ്ങൾ വിപണിയിലിറക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദമാക്കാമോ;

(സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് ഈ മേഖലയിൽ സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചിയിലെ ഫാക്ടിൽനിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നമ്പർ 1022/2019/ഐ.ഡി. തീയതി 11-10-2019 പ്രകാരം 481.79 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ കിൻഫ്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഭൂമി കൈമാറി 24 മാസത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഫാക്ടിൽനിന്നും വാങ്ങുന്ന ഭൂമിയിൽ പെട്രോകെമിക്കൽ ഉല്പന്നങ്ങളുടെ ബൈപ്രോഡക്ടുകൾ ഫാർമസ്യൂട്ടിക്കൽസ് മേഖലയ്ക്ക് അനുയോജ്യമായ അസംസ്കൃത വസ്തുക്കളായി മാറുന്നുണ്ട്. ആയതിനാൽ അത്തരത്തിലുള്ള വ്യവസായങ്ങൾക്ക് പ്രസ്തുത പാർക്കിൽ നിക്ഷേപിക്കുന്നതിന് അവസരങ്ങൾ ഉണ്ട്.

(സി) ഏകദേശം 1200 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

## നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്

149(5897) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ഭൂമി ലഭ്യമാക്കിയാൽ വ്യവസായ പാർക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ പാർക്കിന് ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സാധ്യതാപഠനം നടത്തിയതിനുശേഷം തീരുമാനിക്കാവുന്ന കാര്യമാണ്.

(ബി) വ്യവസായ ആവശ്യത്തിനായി ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതിനുള്ള അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി പ്രസ്തുത സ്ഥലം സന്ദർശിച്ച് ആ പ്രദേശം വ്യവസായ ആവശ്യത്തിന് വിനിയോഗിക്കാവുന്നതാണോ എന്ന് പരിശോധിച്ച് പ്രസ്തുത സ്ഥലം വ്യവസായ വികസന പ്രദേശമായി ഏറ്റെടുക്കാവുന്നതാണെന്നുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭ്യമാക്കുകയും അതിന്റെയടിസ്ഥാനത്തിൽ സ്ഥലത്തിന്റെ സ്കെച്ച്, മഹസർ, പ്രസ്തുത പ്രദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ നിന്നുള്ള ബാധ്യതരഹിത സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം പ്രസ്തുത ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുന്നു.

## പെട്രോകെമിക്കൽ പാർക്ക്

150(5898) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-12-2017 ൽ സംസ്ഥാന സർക്കാരും ഫാക്ടും തമ്മിൽ ഒപ്പുവച്ചിട്ടുള്ള ധാരണപത്ര പ്രകാരം ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള പാരിസ്ഥിതിക അനുമതി ലഭ്യമായിട്ടുണ്ടോ; ഇത് എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഫാക്ടിന്റെ കൈവശമുള്ള നാനൂറ്റി എൺപത്തിയൊന്ന് ഏക്കർ ഭൂമി കൈമാറുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.

സർക്കാർ ഉത്തരവ് നമ്പർ G.O(Rt) No. 1022/2019/ID dt.11-10-2019 പ്രകാരം 481.79 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20-12-2017-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുപ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 481.79 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എൽ.-ന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാദ്ധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യും. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധനസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(ബി) പെട്രോകെമിക്കൽ പാർക്കിന് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിന്റെ ഭാഗമായുള്ള അപേക്ഷ സമർപ്പിക്കുകയും തുടർന്ന് ഇതുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുമെന്ന് കരുതുന്നു.

(സി) 481.79 ഏക്കർ ഭൂമി കൈമാറ്റം സംബന്ധിച്ച് കേന്ദ്ര ക്യാബിനറ്റിന്റെ അനുമതി ലഭിച്ചുകഴിഞ്ഞു. ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## കേരള ബാംബൂ കോർപ്പറേഷൻ

151(5899) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിൽ ഈറ്റ, പനമ്പ് നെയ്ത്ത് തൊളിലാളികൾക്ക് 2016 ആഗസ്റ്റ് മാസം മുതൽ വർദ്ധിപ്പിച്ച കൂലി മുൻകാല പ്രാബല്യത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യാനുണ്ടോ; എങ്കിൽ ക്ഷാമബത്ത കുടിശ്ശിക എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളുടെ മിനിമം വേതനം അറുന്നൂറ് രൂപയായി നിശ്ചയിക്കണമെന്നുള്ള ആവശ്യം ഉടൻ പരിഗണിക്കുമോ; പി.എഫ്- ൽ അംഗങ്ങളായ തൊഴിലാളികൾക്ക് അതിൽ നിന്നും പിടിക്കുന്ന തുകയുടെ രസീത് മാസാമാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ബാംബൂ കോർപ്പറേഷനിലെ വിവിധ കേന്ദ്രങ്ങളിൽ തൊഴിലാളികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള ഈറ്റ യഥാസമയം ലഭിക്കുന്നില്ല എന്നുള്ള കാര്യം സർക്കാർ ഗൗരവമായി കാണുമോ; വ്യക്തമാക്കാമോ;

(ഡി) സർവ്വീസിൽ നിന്നും വിരമിക്കുന്ന ഡിപ്പോ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; തൊഴിലാളികളുടെ ചികിത്സാ സഹായം, മരണാന്തര സഹായം എന്നിവ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) ബാംബൂ കോർപ്പറേഷനിലെ ഡിപ്പോ തൊഴിലാളികളുടെ കാലഹരണപ്പെട്ട കരാർ പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നിലവിൽ ഡിപ്പോകളിലെ ഡിപ്പോ തൊഴിലാളികളിൽ ട്രെയിനികൾ ആയി ഒരു വർഷം കാലാവധി പൂർത്തിയാക്കിയവർക്ക് സ്ഥിരനിയമനം നൽകുമോ; വിശദമാക്കുമോ;

(എഫ്) സ്പെഷ്യൽ പനമ്പിന്റെ ഉത്പാദനം ഏകപക്ഷീയമായി നിർത്തലാക്കിയത് തൊഴിലാളികൾക്ക് ദോഷകരമായി തീരുമെന്ന കാര്യം സർക്കാർ ഗൗരവമായി കാണുമോ; പനമ്പിന് സർക്കാർ നിശ്ചയിച്ച തുക തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ബാബൂ കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2016 ആഗസ്റ്റ് മുതൽ ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച കൂലി നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലും നിലവിലുള്ള പനമ്പ് സംഭരണ വിലയിൽ 20% വർദ്ധനവ് വരുത്തി തൊഴിലാളികൾക്ക് നൽകിവരുന്നു. ബാബൂ കോർപ്പറേഷനിലെ ഈറ്റ-പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1 കോടി 97 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാലും കുടിശ്ശിക ഇനത്തിൽ ഇനിയും 9.67 കോടി രൂപ നൽകുവാനുണ്ട്.

(ബി) ഈറ്റ, പനമ്പ്, നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം സ.ഉ.(പി) നം. 134/16/തൊഴിൽ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പി.എഫ്.-ൽ അംഗങ്ങളായവർക്ക് പി.എഫ്. പിടിക്കുന്ന തുകയുള്ള വിവരം തൊഴിലാളികളുടെ പാസ്ബുക്കിൽ പതിച്ച് നൽകിവരുന്നു.

(സി) ബാംബൂ കോർപ്പറേഷനിലെ വിവിധ കേന്ദ്രങ്ങളിലെ തൊഴിലാളികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള ഈറ്റയാണ് നൽകിവരുന്നത്.

(ഡി) സർവ്വീസിൽ നിന്നും വിരമിക്കുന്ന/വിരമിച്ച ഡിപ്പോ തൊഴിലാളികളുടെയും മറ്റ് ജീവനക്കാരുടെയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിമൂലം യഥാസമയം നൽകാൻ കഴിഞ്ഞിട്ടില്ല. തൊഴിലാളികളുടെ ചികിത്സ, മരണാനന്തര സഹായം എന്നിവ വിതരണം ചെയ്യുന്നതിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളത് കൊണ്ടാണ് കാലതാമസം വരുന്നത്. ഭാവിയിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കാലതാമസം കൂടാതെ നൽകുന്നതാണ്.

(ഇ) ബാംബൂ കോർപ്പറേഷനിലെ ഡിപ്പോ തൊഴിലാളികളുടെ നിലവിലെ കരാർ നടപ്പിലാക്കിയത് 1-4-2016 മുതൽക്കാണ്. ഇതിന്റെ കാലാവധി 4 വർഷമാണ്. കാലാവധി ഇനിയും പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ഈ ആവശ്യത്തിന് പരിഹാരം കാണുന്നതാണ്.

(എഫ്) സ്പെഷ്യൽ പനമ്പിന്റെ ഉല്പാദനം നിർത്തലാക്കിയിട്ടില്ല. ഉല്പാദനത്തിന് ആവശ്യമായ കോർ പനമ്പുകൾ കൂടുതൽ ആവശ്യമുള്ളതിനാൽ സ്പെഷ്യൽ പനമ്പിന്റെ ഉല്പാദനത്തിൽ ആവശ്യാനുസരണം മാറ്റം വരുത്തിയിട്ടുണ്ട്. ബാംബൂ പ്ലൈയുടെ ഉല്പാദനം അനുസരിച്ചാണ് പ്രൊഡക്ഷൻ ഷെഡ്യൂൾ ചെയ്യുന്നത്.

## ഇൻകെൽ എം.ഡി.-യുടെ നിയമനം

152(T* 5900) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടി ഇടപാടിൽ അഴിമതി അന്വേഷണം നേരിടുന്ന വ്യക്തിയെ ഇൻകെൽ എം.ഡി.-യായി നിയമിച്ച നടപടി വ്യവസായവകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ ആയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനം സർക്കാരിന്റെ അഴിമതിവിരുദ്ധ നിലപാടിനോട് ചേർന്നുപോകുന്നതാണോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യക്തിയെ ഇൻകെൽ എം.ഡി.യായി നിയമിച്ച നടപടി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിൻ കീഴിലെ എറണാകുളം ജില്ലയിൽ കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന KIED എന്ന സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവന്നിരുന്ന ശ്രീ. കെ. എ. രതീഷിനെ 25-10-2019-ലെ G.O. (Rt) No.1073/2019/ID ഉത്തരവ് പ്രകാരം ഇൻകെൽ എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായി പ്രസ്തുത സ്ഥാപനത്തിന്റെ ആർട്ടിക്കിൾസ് ഓഫ് അസോസ്സിയേഷനിലെ 70, 99(1) എന്നീ ആർട്ടിക്കിളുകൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നിയമിച്ചിട്ടുണ്ട്.

(ബി) സർക്കാർ ശക്തമായ അഴിമതി വിരുദ്ധ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്.

(സി) എം.ഡി.-യുടെ നിയമനം പിൻവലിക്കേണ്ട ഒരു സാഹചര്യവും നിലവിലില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും അടുത്ത് ക്വാറികൾ

153(5901) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ഇല്ലാതെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പത്ത് കിലോമീറ്ററിനുള്ളിൽ ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി ഇല്ലാത്ത പ്രസ്തുത ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ഉത്തരം

(എ &ബി) ദേശീയ വന്യജീവി ബോർഡിന്റെ അനുമതിയില്ലാതെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പത്ത് കിലോമീറ്ററിനുള്ളിൽ പ്രവർത്തിച്ചിരുന്ന ക്വാറികൾക്ക് സ്റ്റോപ് നോട്ടീസ് നൽകി പ്രവർത്തനം നിർത്തിവയ്പ്പിച്ചിട്ടുണ്ട്.

## സ്കിൽഡ് എന്റർപ്രണർ മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

154(5902) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ സ്കിൽഡ് എന്റർപ്രണർ മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലുമുള്ള വിദഗ്ധരും അവിദഗ്ധരുമായ തൊഴിലാളികൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുക, വിവിധ തൊഴിലുകളിലെ മികച്ച തൊഴിലാളികളുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നൈപുണ്യ തൊഴിൽ സംരംഭ യൂണിറ്റുകൾ (സ്കിൽഡ് എന്റർപ്രണർ മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി) രൂപീകരിക്കാൻ ഇതുസംബന്ധിച്ച് കൂടിയാലോചന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

മരപ്പണി, കെട്ടിട നിർമ്മാണം, പെയിന്റിംഗ്, പ്ലമ്പിംഗ്, ഇലക്ട്രിക്കൽ വർക്ക്, കൽപ്പണി, വെൽഡിംഗ്, കാറ്ററിംഗ്, ഐ.ടി., മോട്ടോർ വാഹന റിപ്പയറിംഗ്, ഡ്രൈവിംഗ്, തെങ്ങ് കയറ്റം, കാർഷികാധിഷ്ഠിത ജോലികളിലേതെങ്കിലും ഉൾപ്പെടെയുള്ള മേഖലകളിൽ ജോലി ചെയ്യാൻ താല്പര്യമുള്ളവരെ ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തിരമോ മറ്റ് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ ഏജൻസികൾ മുഖാന്തിരമോ ആവശ്യമായ പരിശീലനം നൽകി സംഘത്തിൽ ഉൾപ്പെടുത്തുന്നതിനാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്.

## ഇലക്ട്രിക് വാഹന നിർമ്മാണം

155(5903) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള പരിവർത്തനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെ.എ.എൽ. 'നീം -ജി 'എന്ന പേരിൽ ഇലക്ട്രിക് ആട്ടോ നിരത്തിലിറക്കിയിട്ടുണ്ടോ; ഒറ്റത്തവണ ചാർജ്ജ് ചെയ്താൽ എത്ര കിലോ മീറ്റർ ദൂരം പ്രസ്തുത വാഹനത്തിന് ഓടാൻ കഴിയും; വിശദമാക്കുമോ;

(സി) ഇതിന്റെ വിൽപ്പന എപ്രകാരം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഡീലർഷിപ്പിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇലക്ട്രിക് വാഹനങ്ങളിലേയ്ക്കുള്ള പരിവർത്തനത്തിന്റെ ഭാഗമായി കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ വികസനത്തിനായി കഴിഞ്ഞ 2 വർഷമായി 16.33 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും പുതിയ ഇലക്ട്രിക് വാഹനം നിർമ്മിക്കാനുള്ള പശ്ചാത്തലം ഒരുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് കെ.എ.എൽ. 'നീം-ജി' എന്ന പേരിൽ ഇലക്ട്രിക് ഓട്ടോറിക്ഷയുടെ 'ഫ്ലാഗ് ഓഫ്' നടത്തിക്കഴിഞ്ഞു. ഇത്തരം വാഹനം നിരത്തിലിറക്കി സാധാരണക്കാർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പ്രസ്തുത വാഹനം ഒറ്റത്തവണ ചാർജ്ജ് ചെയ്താൽ 90 കിലോമീറ്ററിന് മുകളിൽ ഓടാൻ സാധിക്കും.

(സി) ഈ വാഹനം ഡീലർമാർവഴി വില്പന നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്ക് വേണ്ടി ഡീലർഷിപ്പിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

## ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷ

156(5904) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, പാറക്കടവ് വില്ലേജിൽ, മാമ്പ്രയിൽ ശ്രീ. പി. വി. ജോർജ്ജ് എന്നയാൾ എം.എൽ.എ.യുടെ കത്ത് സഹിതം ബഹു.വ്യവസായ വകുപ്പുമന്ത്രി ക്ക് നൽകിയ അപേക്ഷ IN190700006 തപാൽ നമ്പരായി വ്യവസായ വകുപ്പ് സെക്രട്ടറിക്ക് നൽകിയതിൽ നാളിതുവരെയായി വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഒരേ കാര്യത്തിൽ വകുപ്പ് രണ്ട് തവണ പിഴ ഈടാക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ വിഷയത്തിൽ ടിയാന് നീതി ലഭ്യമാക്കുന്നതിന് വേണ്ടി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് ടിയാന്റെ പരാതി നേരിൽ കേൾക്കാനോ പരാതിക്ക് പരിഹാര നടപടികൾ സ്വീകരിക്കാനോ സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ,സി&ഡി) ആലുവ താലൂക്കിൽ പാറക്കടവ് വില്ലേജിൽ ബ്ലോക്ക്-IV, റീ സർവ്വേ നമ്പർ 109/3-ൽപ്പെട്ടതും മാമ്പ്രകരയിൽ ശ്രീ. ജോർജ് എന്നയാളുടെ കൈവശത്തിലുള്ളതുമായ 42.50 ആർ വസ്തുവിൽ നിന്നും അനധികൃതമായി 7165 മെ.ടൺ ചെങ്കല്ല് ഖനനം ചെയ്തതായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് 2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ

റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 5,40,880 രൂപ ഒടുക്കുന്നതിന് നിർദ്ദേശം നൽകി 22-7-2017 തീയതിയിൽ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് ശ്രീ. പി. വി. ജോർജ്ജ് സർക്കാരിൽ അപേക്ഷ നൽകിയിരിക്കുന്നത്. ടിയാന്റെ അപേക്ഷ 2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ പ്രകാരമുള്ള അപ്പീൽ അപേക്ഷയായി പരിഗണിച്ച് തീർപ്പാക്കുന്നതിനായി ഇതുസംബന്ധിച്ച മൈനിംഗ് & ജിയോളജി വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

പരാതിക്കാസ്പദമായ സ്ഥലത്ത് മൈനിംഗ് & ജിയോളജി വകുപ്പിന്റെ കേരള മിനറൽ സ്ക്വാഡ് (മധ്യമേഖല), തൃശ്ശൂർ നടത്തിയ സ്ഥലപരിശോധനയിൽ 676.4 ക്യൂബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് ടി അനധികൃത ഖനനത്തിന് 1,46,752 രൂപ ഒടുക്കിയിട്ടുണ്ടെന്ന് ശ്രീ. പി. വി. ജോർജ്ജ് അറിയിച്ചതിനെത്തുടർന്ന് ടി തുക കിഴിവ് ചെയ്ത് 3,94,128 രൂപ ഒടുക്കുന്നതിന് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുകയാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ നീതിയുക്തമായ നടപടികൾ സ്വീകരിച്ച് അപേക്ഷ തീർപ്പാക്കുന്നതിനായി അപേക്ഷകനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയും നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒരിക്കൽ പിഴ ഈടാക്കിയതിനുശേഷം അനധികൃത ഖനനം തുടരുകയും തുടർന്നുള്ള സ്ഥല പരിശോധനയിൽ അനധികൃത ഖനനം വീണ്ടും കണ്ടെത്തുകയും ചെയ്താൽ വീണ്ടും പിഴ ഈടാക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

## കോഫി ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടന്ന ചട്ടവിരുദ്ധ പ്രവർത്തനങ്ങളും സാമ്പത്തിക തിരിമറികളും

157(5905) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ കോഫീ ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്(നമ്പർ 4227), തൃശ്ശൂർ രജിസ്ട്രാറുടെ നിർദ്ദേശങ്ങളെ അവഗണിച്ചു കൊണ്ട് നടന്ന ചട്ടവിരുദ്ധ പ്രവർത്തനങ്ങളും സാമ്പത്തിക തിരിമറികളും അന്വേഷിച്ച് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. ആർ. സുകേഷ് 13-2-2019-ൽ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ ഇതേവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയരായവർക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ബാംബൂ കോർപ്പറേഷന്റെ മാനന്തവാടി യൂണിറ്റിലെ ജീവനക്കാർ**

158(5906) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ മാനന്തവാടി യൂണിറ്റിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ബാംബൂ കോർപ്പറേഷന്റെ മാനന്തവാടി യൂണിറ്റിന്റെ ടെക്നീഷ്യൻ/ ഓപ്പറേറ്ററായി ഒരു സ്ഥിരം ജീവനക്കാരനുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി യൂണിറ്റിൽ ബാംബൂ ഫ്ലോറിംഗ് ടൈൽസ് നിർമ്മാണത്തിനാവശ്യമായ ബാംബൂ സ്ട്രിപ്പും ബാംബൂ പോൾ ഉപയോഗിച്ചുള്ള ഫർണിച്ചർ നിർമ്മാണവും കരകൗശല വസ്തുക്കളുടെ നിർമ്മാണവും ബാംബൂ ട്രീറ്റ് ചെയ്ത് വില്പനയും നടത്തിവരുന്നു.

**ഇരിണാവിലെ വ്യവസായ പാർക്ക്**

159(5907) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ ഇരിണാവിൽ കോസ്റ്റ് ഗാർഡ് അക്കാദമിക്കായി കണ്ടെത്തിയ സ്ഥലത്തുനിന്നും കേന്ദ്രസർക്കാർ പിൻമാറിയ സാഹചര്യത്തിൽ അവിടെ വ്യവസായ പാർക്ക് തുടങ്ങുന്നതിന് വേണ്ടി എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂരിലെ ഇരിണാവിൽ കിൻഫ്രയുടെ കൈവശമുള്ള 164.22 ഏക്കർ ഭൂമി കോസ്റ്റ് ഗാർഡ് അക്കാദമിക്കാണ് നിലവിൽ അലോട്ട് ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാർ പിന്മാറിയതുസംബന്ധിച്ച് അറിയിപ്പുകൾ കിൻഫ്രയ്ക്ക് ലഭിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കൊച്ചാലുമ്മൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അപ്പാരൽ പാർക്ക്

160(5908) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കൊച്ചാലുമ്മൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ തുക അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) കൊച്ചാലുമ്മൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള സ്ഥലമോ പദ്ധതിയോ നിലവിലില്ല.

## സ്വകാര്യമേഖലയിലെ കരിമണൽ ഖനനം

161(5909) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിലുള്ള കരിമണൽ ഖനനത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 2004-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കമ്പനികളിൽ നിന്നും അപേക്ഷ സ്വീകരിക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചിരുന്നോ;അറിയിക്കാമോ;

(സി) ധാതുമണൽ ഖനനം സ്വകാര്യ മേഖലയിൽ വിലക്കി കേന്ദ്ര സർക്കാർ നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളപ്പോൾ ഇപ്രകാരം ഒരു നീക്കമുണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) സ്വകാര്യ മേഖലയിൽ ധാതുമണൽ ഖനനം അനുവദിക്കാൻ സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**വനമേഖലയിൽ ഖനനം നടത്തുന്നതിന് ദൂരപരിധി**

162(5910) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയുമായി ബന്ധപ്പെട്ട് ഖനനം നടത്തുന്നതിനുള്ള ദൂരപരിധി സർക്കാർ കുറച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംരക്ഷിത മേഖലയിലെ വനം പരിസ്ഥിതി ആഘാതം കണക്കിലെടുക്കാതെയും കേന്ദ്ര വനം നിയമത്തിൽ കാതലായ മാറ്റം വരുത്താതെയും സംസ്ഥാന സർക്കാർ ഖനനം നടത്തുന്നതിന് ദൂരപരിധി കുറച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) വനമേഖലയിലും ഉരുൾപൊട്ടൽ മേഖലയിലും നടക്കുന്ന അനധികൃത പാറഖനനങ്ങൾ പരിസ്ഥിതിക്ക് ദോഷം ചെയ്യുമെന്ന കാര്യം ഗൗരവകരമായി എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയവും സുപ്രീംകോടതിയും നിശ്ചയിച്ച മാനദണ്ഡങ്ങൾ, വിവിധ വിദഗ്ദ്ധ സമിതികൾ (കേന്ദ്ര സർക്കാരിന്റെ വിദഗ്ദ്ധ സമിതി, 2011-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ദ്ധ സമിതി) നടത്തിയ പഠനത്തിലെ വിശദാംശങ്ങൾ, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നൽകിയ വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി സംരക്ഷിത പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019 തീയതിയിലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) അനധികൃത പാറ ഖനനം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## കൈത്തറിയുടെ വിപണന മേഖല വിപുലീകരിക്കാൻ നടപടി

163(5911) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിക്ക് പുതിയ വിപണി കണ്ടെത്താനും പ്രചാരം നൽകാനുമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇ-കൊമേഴ്സ് കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) എൻ.ജി.ഒ.-കൾ, സർക്കാർ സംവിധാനങ്ങൾ, വനിതാ കൂട്ടായ്മകൾ എന്നിവ ഉൾപ്പെടുത്തി വിപണന മേഖല വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്ന ഹാന്റക്സ് പ്രമുഖ ഇ-കൊമേഴ്സ് കമ്പനിയായ ആമസോണുമായി ഇ-കൊമേഴ്സിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൈത്തറി സ്കൂൾ യൂണിഫോം വിദ്യാർത്ഥികൾക്ക് നൽകുക വഴി വലിയൊരു വിപണിയാണ് സൃഷ്ടിച്ചിട്ടുള്ളത്. കൂടാതെ ഹാന്റക്സ് വഴി നടപ്പിലാക്കി വരുന്ന കൈത്തറി സുരക്ഷാ പദ്ധതിയിൽ ആധുനിക ഡിസൈനുകളിൽ തുണി നെയ്ത് മാർക്കറ്റ് ചെയ്യുന്നതിനും സർക്കാർ, അർദ്ധസർക്കാർ ജീവനക്കാർക്ക് ഇ-ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ക്രെഡിറ്റ് വില്പന നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## ഹാന്റക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ

164(5912) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റക്സിന്റെ രൂപീകരണ ഉദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഉദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ടി സ്ഥാപനത്തിന് കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രൈമറി സഹകരണ സംഘങ്ങളിൽ വൻതോതിൽ തുണികൾ കെട്ടികിടക്കുമ്പോൾ അത് വിറ്റഴിക്കാൻ താല്പര്യം കാണിക്കാതെ അന്യസംസ്ഥാനത്ത് നിന്നും തുണികൾ വാങ്ങുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങൾക്ക് സഹായകമായ രീതിയിൽ ഹാൻടെക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കൈത്തറി വ്യവസായം ഭദ്രമായ വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും കൈത്തറി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കൈത്തറി ഉല്പന്നങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും വിപണനം ചെയ്യുകയുമാണ് ഹാൻടെക്സിന്റെ ലക്ഷ്യം. സംഘങ്ങളിൽ നിന്നും കൈത്തറി തുണിത്തരങ്ങൾ സംഭരിച്ച് ഹാൻടെക്സ് ഷോറൂമുകളിലൂടെ വിപണനം നടത്താൻ സാധിക്കുന്നുണ്ട്.

(ബി) പ്രൈമറി സഹകരണ സംഘങ്ങളിൽ വൻതോതിൽ തുണികൾ കെട്ടികിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹാൻടെക്സിന്റെ വില്പന വർദ്ധിപ്പിക്കുന്നതിനായി അംഗസംഘങ്ങളിൽ ലഭ്യമല്ലാത്ത അന്യസംസ്ഥാന കൈത്തറി തുണിത്തരങ്ങൾ ഉത്സവകാലങ്ങളിൽ സംഭരിച്ച് വിപണനം നടത്താറുണ്ട്.

(സി) ഈ സർക്കാർ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ഹാൻടെക്സ് ഷോറൂമുകളുടെ നവീകരണത്തിന് 3.26 കോടി രൂപയും ഹാൻടെക്സ് ഗാർമെന്റ്സ് നവീകരണത്തിന് 3.15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൈത്തറി സുരക്ഷ പദ്ധതി എന്ന നൂതന പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 2019-20 വർഷത്തിൽ 1.80 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## അന്തർദ്ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ധനസഹായം

165(5913) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദ്ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് കായികവകുപ്പ് നൽകിവരുന്നത്; സാമ്പത്തികമായി പിന്നോക്കം നിൽക്കുകയോ അംഗപരിമിതിയോ ഉള്ള കായിക താരങ്ങൾക്ക് എന്തെങ്കിലും പ്രത്യേക ധനസഹായം നൽകിവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തായ്‌ലന്റ്, ചൈന എന്നിവിടങ്ങളിൽ 2019-ൽ നടന്ന പാരാബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് ഉയരം കുറവുള്ള (Dwarf) വിഭാഗത്തിൽപ്പെട്ട ശ്രീ. ആകാശ് എസ്. മാധവൻ, ഇ.എം. ഹൗസ്, മേലാറ്റൂർ, മലപ്പുറം എന്നയാൾക്ക് ധനസഹായം നൽകണമെന്ന നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അർഹമായ എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ നോ കോസ്റ്റ് ബേസിൽ ക്ലിയർ ചെയ്യുന്ന ടീമിൽ അംഗങ്ങളായ കേരളീയ കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ഗ്രാന്റ് ഇൻ എയ്ഡ് നിയമാവലിപ്രകാരം അംഗീകാരമുള്ള ഫെഡറേഷനെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവരുടെ അർഹമായ ചെലവിന്റെ 50% അനുവദിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ അംഗീകാരമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷൻ മുഖേന ചുവടെ സൂചിപ്പിക്കുന്ന രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്.

1. പ്രസ്തുത കായികതാരത്തെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട ദേശീയ ഫെഡറേഷന്റെ കത്തും അതോടൊപ്പം ചെലവ് സംബന്ധിച്ച വ്യക്തമായ റിപ്പോർട്ടും
2. ഇന്ത്യൻ ടീമിന് അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നതിന് ചെലവ് ഉൾപ്പെടെയാണോ അല്ലാതെയാണോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത് എന്നുള്ള വിവരം
3. കായികതാരം നിലവിൽ ജോലിയുള്ള ആളാണോ വിദ്യാർത്ഥിയാണോ എന്നുള്ള വിവരം

കൂടാതെ അംഗീകൃത അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് കിറ്റ് അലവൻസ് ഇനത്തിൽ ഇന്ത്യയ്ക്ക് അകത്തും പുറത്തും യഥാക്രമം 3,000, 6,000 രൂപ വീതം നൽകുവാനും വ്യവസ്ഥയുണ്ട്.

ദേശീയ അന്തർദ്ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിതാരങ്ങൾ കായിക വികസന നിധിയിൽ നിന്നുമുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നപക്ഷം ആയത് കായിക വികസന നിധി ട്രസ്റ്റ് യോഗത്തിന്റെ അംഗീകാരത്തോടുകൂടി കായികവികസന നിധിയിൽ നിന്നും

അനുവദിച്ചുവരുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ അംഗപരിമിതിയുള്ളവരോ ആയ കായികതാരങ്ങൾക്കും പ്രത്യേക ധനസഹായം നൽകാറുണ്ട്. എന്നാൽ ഇവർക്ക് പ്രത്യേക ധനസഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല.

(ബി) ശ്രീ. ആകാശ് എസ്. മാധവന് കാനഡയിൽ വച്ച് നടന്ന വേൾഡ് ഡ്വാർഫ് ഗെയിംസിൽ വെങ്കല മെഡൽ നേടിയതിന് പാരിതോഷികമായി 25,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

പാരാബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പോലുള്ള മത്സരങ്ങൾ സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഇതര ധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ല.

**ബോൾബാഡ്മിന്റൺ അസോസിയേഷന് ലഭിക്കേണ്ട ഗ്രാന്റ്**

166(5914) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബോൾബാഡ്മിന്റൺ അസോസിയേഷന് 2014 മുതൽ വിവിധ ചാമ്പ്യൻഷിപ്പുകൾ നടത്തിയ വകയിൽ ലഭിക്കേണ്ട ഗ്രാന്റ് നൽകാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ബോൾബാഡ്മിന്റൺ താരങ്ങൾക്ക് ക്യാമ്പുകളിൽ പങ്കെടുത്തതിനും സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സംസ്ഥാനത്തിനു പുറത്ത് മൽസരങ്ങളിൽ പങ്കെടുത്ത വകയിലും 2014 മുതൽ റ്റി.എ./ഡി.എ.ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(സി) കായികതാരങ്ങൾക്ക് 2014 മുതൽ നൽകേണ്ട തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ നടപടി സ്വീകരിക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബോൾബാഡ്മിന്റൺ അസോസിയേഷന് നൽകേണ്ട ഗ്രാന്റ് ഒഴിച്ച് കായികതാരങ്ങൾക്ക് നൽകേണ്ട റ്റി.എ./ഡി.എ. മാത്രം നൽകാൻ നടപടി സ്വീകരിക്കുമോ; അതിന് എന്തൊക്കെ രേഖകളാണ് അസോസിയേഷൻ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള കായിക സംഘടനകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിലേയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 2014-15, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്ന് റ്റി.എ/ഡി.എ ഉൾപ്പെടെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ നിയമം അനുശാസിക്കുന്ന രീതിയിൽ വ്യവസ്ഥകൾ പാലിച്ച് അപേക്ഷകൾ സമർപ്പിക്കാത്തതിനാലും അസോസിയേഷൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കോടതി കേസ് നിലനിന്നിരുന്നതിനാലും റ്റി.എ/ഡി.എ ഉൾപ്പെടെ ഗ്രാന്റ് അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

(സി) പ്രസ്തുത വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷനുകളാണ് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും കേരള ടീമിനെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതും. ഇതിനാവശ്യമായ ഗ്രാന്റ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷൻ മുഖേന കായികതാരങ്ങൾക്ക് നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം അനുവദിക്കുന്ന തുകയിൽ നിന്നുമാണ് കായികതാരങ്ങൾക്കുള്ള റ്റി.എ./ഡി.എ. അനുവദിച്ചുവരുന്നത്.

**കായികക്ഷമതാ മിഷൻ രൂപീകരണം**

167(5915) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ രൂപീകരിക്കുന്നതിനുള്ള തീരുമാനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മിഷൻ ഏത് അധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; എന്തൊക്കെ ലക്ഷ്യങ്ങൾ ഈ മിഷൻ വഴി കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നല്കാമോ?

ഉത്തരം

(എ&ബി) ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതിയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത, കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാ മിഷൻ പ്രവർത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ" . സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

2020-21 അദ്ധ്യയന വർഷം മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**കായിക-യുവജനകാര്യ വകുപ്പിന്റെ സ്വപ്ന പദ്ധതികൾ**

168(5916) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കായിക വികസനം ലക്ഷ്യമിട്ട് സംസ്ഥാന കായിക-യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച സ്വപ്ന പദ്ധതികളിൽ പലതും പാതിവഴിയിലാണെന്ന കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായോ;

(ബി) ഫുട്ബോളിലെ കിക്കോഫ് പദ്ധതിയെ മാറ്റിനിർത്തിയാൽ, എയ്സ് (ടെന്നീസ്), ഹൂപ്സ്(ബാസ്കറ്റ് ബോൾ), സ്പ്ലാഷ് (നീന്തൽ) എന്നീ പദ്ധതികളൊന്നും ഇനിയും ട്രാക്കിലാകാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) പദ്ധതിയുടെ നടത്തിപ്പ് ചുമതല സർക്കാരിനാണെങ്കിലും പദ്ധതി നിർവ്വഹണം സ്വകാര്യ ഏജൻസികളെയാണോ ഏൽപ്പിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ സമയപരിധി നീട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കായിക വികസനം ലക്ഷ്യമിട്ട് കൃത്യമായ ആസൂത്രണത്തോടെ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും പുരോഗതിയുടെ പാതയിലാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്പ്ലാഷ് പദ്ധതിയിലൂടെ നിലവിൽ തൃശ്ശൂർ ജില്ലയിൽ പരിശീലനം നൽകിവരുന്നു. മറ്റ് അഞ്ച് സെന്ററുകളിലെ പരിശീലനം 2019 നവംബർ മാസം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ പരിശീലനത്തിനായി കായികയുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന ഹൂപ്സ് പദ്ധതിക്കായി വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് 2019 നവംബർ മുതൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രത്തിലെ പരിശീലനം ആരംഭിക്കുന്നതായിരിക്കും. കൂടാതെ ഗ്രാസ് റൂട്ട് ലെവൽ ടെന്നീസ് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തുടനീളം കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ് പദ്ധതികൾ നടപ്പിലാക്കുന്നതിന് കായികയുവജനകാര്യാലയത്തിന്റെ സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ/EOI ക്ഷണിക്കുകയും കായിക പരിശീലന രംഗത്ത് മികവ് തെളിയിച്ച ഏജൻസികളെ പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കുകയുമായിരുന്നു. കിക്കോഫ്, സ്പ്ലാഷ് പദ്ധതികൾക്ക് കോഴിക്കോട് ആസ്ഥാനമായ സെപ്റ്റ് (സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ്) എന്ന സ്ഥാപനത്തെയും ഹൂപ്സ് പദ്ധതിക്ക് പൂനൈ ആസ്ഥാനമായ കിൻഡർ സ്പോർട്സ് എൽ.എൽ.പി. എന്ന സ്ഥാപനത്തെയുമാണ് നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം മേൽ സൂചിപ്പിച്ച ഏജൻസികൾക്കാണെങ്കിലും കായിക യുവജനകാര്യ വകുപ്പിന്റെ കൃത്യമായ മേൽനോട്ടത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളും സെന്റർതല കമ്മിറ്റികളും രൂപീകരിക്കുകയും സമയബന്ധിതമായ വിലയിരുത്തലുകൾ നടത്തുകയും ചെയ്തുവരുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ ആദ്യഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഖേലോ ഇന്ത്യ പദ്ധതി

169(5917) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖേലോ ഇൻഡ്യ പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഖേലോ ഇന്ത്യ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ നിലവിൽ 2 പദ്ധതികളാണുള്ളത്.

1. കുന്നംകുളം ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായിട്ടുള്ള ഡി.പി.ആർ. 2018-ൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.
2. ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിനുവേണ്ടിയുള്ള ഡി.പി.ആർ തയ്യാറാക്കിവരികയാണ്. കോളേജ് അധികൃതർ ധാരാണാപത്രത്തിൽ ഏർപ്പെടുന്ന മുറയ്ക്ക് ഡി.പി.ആർ. കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്.

## ഖേലോ ഇന്ത്യ പദ്ധതി

170(5918) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാരിന്റെ ഖേലോ ഇൻഡ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എത്ര പ്രോജക്ടുകളാണ് സ്പോർട്സ് വകുപ്പ് മുഖാന്തരം സമർപ്പിച്ചിട്ടുള്ളത്; എത്ര പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിയിൽ ഇതുവരെ കായികയുവജനകാര്യ വകുപ്പ് മുഖാന്തിരം 4 പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം മേനംകുളത്തെ ഇൻഡോർ സ്റ്റേഡിയം

2. പരിയാരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്

3. കുന്നംകുളം ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്

4. ആലുവ യു.സി. കോളേജ് ഗ്രൗണ്ടിൽ സിന്തറ്റിക് ഹോക്കി ഫീൽഡ്.

മേൽപ്പറഞ്ഞ പദ്ധതികളിൽ പരിയാരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിലും കുന്നംകുളം ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിലും 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള പ്രാഥമിക അനുമതി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

**കായിക അസോസിയേഷനുകൾക്ക് ധനസഹായം**

171(5919) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂർണമെന്റുകൾ നടത്താനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായിക അസോസിയേഷനുകൾക്കും മറ്റും ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ഈ സർക്കാർ ഇതുവരെ എന്തെല്ലാം സഹായങ്ങളാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻസ് പ്രകാരം അർഹമായ ഗ്രാന്റ് നൽകിവരുന്നു. ഈ സർക്കാർ ഇതുവരെ നൽകിയിട്ടുള്ള ഗ്രാന്റിന്റെ വിവരം അനുബന്ധമായി ഉൾക്കൊള്ളിട്ടുണ്ട്.*

കൂടാതെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് കേരളത്തിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പുകൾക്ക് സ്പെഷ്യൽ ഗ്രാന്റും അനുവദിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം**

172(5920) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ മുങ്ങിമരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ബി) ഇതിനായി ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള നീന്തൽ കുളങ്ങൾ നവീകരിച്ച് നീന്തൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) സ്വകാര്യ നീന്തൽ കുളങ്ങളെ സുരക്ഷിതത്വ മാനദണ്ഡങ്ങൾ പാലിച്ച് നീന്തൽ പരിശീലന കേന്ദ്രങ്ങളായി മാറ്റുവാനും അവയ്ക്ക് പ്രത്യേക ഗ്രാന്റ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജലാശയ അപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നതിന്റെ തോത് കുറയ്ക്കുന്നതിനായി 12 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സ്പ്ലാഷ്. പരിശീലന സമയത്ത് നീന്തൽ പ്രതിഭ തെളിയിക്കുന്ന കുട്ടികളെ ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള കായിക താരങ്ങളാക്കുന്നതിന് വിഭാവനം ചെയ്ത് ഉയർന്ന നിലവാരത്തിലുള്ള നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഇത് ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് (കൊപ്പം സ്വിമ്മിംഗ് പൂൾ, പട്ടാമ്പി), ഇടുക്കി (വണ്ടമറ്റം സ്വിമ്മിംഗ് പൂൾ, തൊടുപുഴ), തൃശ്ശൂർ (ജെ.ജെ. അക്വാട്ടിക് സെന്റർ, കൊടുങ്ങല്ലൂർ), കാസർഗോഡ് (പനവയൽ സ്വിമ്മിംഗ് പൂൾ, തൃക്കരിപ്പൂർ), വയനാട് (സെന്റ് ജോസഫ് എച്ച്.എസ്.എസ്. സ്വിമ്മിംഗ് പൂൾ, സുൽത്താൻബത്തേരി) എന്നിവിടങ്ങളിലാണ് നടപ്പിലാക്കുന്നത്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നീന്തൽ കായികയിനത്തിൽ സ്കൂൾ കുട്ടികൾക്ക് സമ്മർ ക്യാമ്പും ജില്ലാ സ്പോർട്സ് അക്കാഡമിയിലെ വിദ്യാർത്ഥികൾക്ക് വിദഗ്ധരായ പരിശീലകരുടെ കീഴിൽ നീന്തൽ പരിശീലനവും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നീന്തൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന

സ്പോർട്സ് കൗൺസിൽ പരിശീലകർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്ലസ് വൺ, കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന അനുവദിച്ചുവരുന്നുണ്ട്.

കൂടാതെ ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കരിക്കുലം പരിഷ്കരിക്കുമ്പോൾ നീന്തൽ പഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകി നീന്തൽ അറിയാവുന്ന ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ നീന്തൽ പരിശീലനം എന്ന പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരു നീന്തൽ കുളം നിർമ്മിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതി മുഖേനയോ, വാർഷിക പദ്ധതിയുടെ ഭാഗമായോ പദ്ധതി ഏറ്റെടുക്കുന്നതിനും വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി പരിശീലകരെ കണ്ടെത്തുന്നതിനും പരിശീലകർക്കാവശ്യമായ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ്, റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവുകൾ കണക്കാക്കി പദ്ധതി രൂപീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

173(5921) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ മത്സരങ്ങളിൽ പ്രത്യേക പരിശീലനം നൽകിയെന്ന് വ്യക്തമാക്കാമോ; ഇതിനായി അന്തർദ്ദേശീയ നിലവാരത്തിലുള്ള പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) കായിക താരങ്ങൾക്ക് ഈ പരിശീലനത്തിന്റെ ഭാഗമായി നൽകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2020-2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. ടി കായികയിനങ്ങളിൽ ഷൂട്ടിംഗും ആർച്ചറിയും ഒഴികെ ബാക്കിയുള്ള 9 കായികയിനങ്ങളിലും നിലവിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്.

ടി കായികയിനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഓരോ മത്സരങ്ങൾക്കും അതത് കായിക ഇനങ്ങൾക്ക് വേണ്ടവിധം വിദഗ്ദ്ധ പരിശീലനം നൽകുന്നതോടൊപ്പം ബാഡ്മിന്റൺ, ഫെൻസിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങൾക്ക് ഇന്ത്യയിൽ ലഭ്യമാക്കാവുന്ന ഏറ്റവും നല്ല പരിശീലകരുടെ കീഴിൽ വിദഗ്ദ്ധ പരിശീലനവും നൽകിവരുന്നു.

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻകീഴിലുള്ള കായിക താരങ്ങൾക്ക് ആവശ്യമായ പരിശീലന കേന്ദ്രം, വിദഗ്ദ്ധരായ പരിശീലകർ, സ്പോർട്സ് കിറ്റ്, ബോർഡിംഗ്/ലോഡ്ജിംഗ്, വാഷിംഗ് അലവൻസ്, മെഡിക്കൽ തുടങ്ങിയ സൗകര്യങ്ങൾ നൽകിവരുന്നുണ്ട്.

## കൊട്ടാരക്കര മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

174(5922) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയെത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര മണ്ഡലത്തിലെ കൊട്ടാരക്കര ഗവ. എച്ച്.എസ്.എസ്.-ലെ ഗ്രൗണ്ട് നവീകരണത്തിനായി ഒരു കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഗ്രൗണ്ടിന് ചുറ്റുമുള്ള കരിങ്കൽ ഭിത്തിയുടെ നവീകരണ പ്രവൃത്തികൾ, 26.20 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഗ്യാലറി കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ പ്രവൃത്തികൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഗ്രൗണ്ടിന് ചുറ്റുമുള്ള ഫെൻസിംഗ് പ്രവൃത്തികൾ, ഗ്രൗണ്ട് നവീകരണ പ്രവൃത്തികൾ എന്നിവ പുരോഗമിച്ചുവരുന്നു.

## ബാസ്കറ്റ്ബോൾ പരിശീലനത്തിനുള്ള ഹൂപ്സ് പദ്ധതി

175(5923) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാസ്കറ്റ്ബോൾ പരിശീലിപ്പിക്കുവാൻ കായിക വകുപ്പ് തുടങ്ങുന്ന ഹൂപ്പ്സ് പദ്ധതി പ്രകാരം പരിശീലന കേന്ദ്രത്തിൽ ഏതൊക്കെ തരത്തിലുള്ള ക്രമീകരണങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര കുട്ടികളെയാണ് പ്രസ്തുത കേന്ദ്രത്തിൽ തെരഞ്ഞെടുക്കുന്നത്; ആരെയാണ് തെരഞ്ഞെടുക്കുന്നതിന് ചുമതലപ്പെടുത്തുന്നത്; വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ കേന്ദ്രത്തിലും പദ്ധതിക്കുവരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; ആരുവഴിയാണ് പ്രസ്തുത തുക ചെലവഴിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ബാസ്കറ്റ്ബോൾ പരിശീലനത്തിനായി കായിക യുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്ന ഹൂപ്സ് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിൽ ബാസ്കറ്റ്ബോൾ കോർട്ട്, ബോർഡ് എന്നിവയും ആവശ്യമുള്ള കേന്ദ്രങ്ങളിൽ കോർട്ട് ഫെൻസിംഗുമാണ് ഒരുക്കുന്നത്.

(ബി) ഒരു കേന്ദ്രത്തിൽ 120 കുട്ടികൾക്കാണ് പരിശീലനം നൽകാൻ ലക്ഷ്യമിടുന്നത്. കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിൻഡർ സ്പോർട്സ് എൽ.എൽ.പി. എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ പരിശീലന കേന്ദ്രമായ നെല്ലിമൂട് സെന്റ് ക്രിസോസ്റ്റോംസ് ജി.എച്ച്.എസ്.-ലേയ്ക്കുള്ള വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത കേന്ദ്രത്തിലെ പരിശീലനം ആരംഭിക്കുന്നതായിരിക്കും.

(ഡി) സംസ്ഥാനത്തെ 10 കേന്ദ്രങ്ങളിലായി പദ്ധതി നടപ്പിലാക്കുന്നതിന് 23,45,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർവ്വഹണ ഏജൻസിയായ കിൻഡർ സ്പോർട്സ് എൽ.എൽ.പി. എന്ന സ്ഥാപനത്തിനാണ് പദ്ധതി നിർവ്വഹണത്തിനായി തുക അനുവദിക്കുന്നത്. ഓരോ കേന്ദ്രത്തിലും പദ്ധതി നടപ്പിലാക്കുന്നതിനായി ഏകദേശം 234500 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

## കായിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനം

176(5924) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കായികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല.

## ഫുട്ബോൾ കായികതാരങ്ങൾക്ക് പരിശീലനം

177(5925) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയ കായിക ഇനമായ ഫുട്ബോളിന്റെ വളർച്ചയ്ക്കും കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. ഒരു സെന്ററിൽ 25 കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസമാണ് പരിശീലനം നൽകുന്നത്. ഫുട്ബോൾ പരിശീലന രംഗത്ത്

10 വർഷത്തിലധികം പരിചയമുള്ള സെപ്റ്റ് എന്ന സംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പുസാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. തെരഞ്ഞെടുത്ത പരിശീലന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

കൂടാതെ കേരളത്തിൽ ഫുട്ബോളിന്റെ വളർച്ചയ്ക്കും കായിക പരിശീലനം നൽകുന്നതിനുമായി താഴെ പറയുന്ന ഫുട്ബോൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്.

1. പാലക്കാട് കോട്ടായി ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ സെവൻസ് ഫുട്ബോൾ സ്വാഭാവിക പുൽത്തകിടിയുടെ നിർമ്മാണം.
2. പാലക്കാട് കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ടിൽ സെവൻസ് ഫുട്ബോൾ സിന്തറ്റിക് കോർട്ടിന്റെ നിർമ്മാണം.
3. തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ്.-ൽ ഫിഫ നിലവാരത്തിലുള്ള സ്വാഭാവിക പുൽത്തകിടിയുടെ നിർമ്മാണം.
4. തൃശ്ശൂർ വേലൂർ ആർ.എസ്.ആർ.വി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ മഡ് ഫുട്ബോൾ കോർട്ടിന്റെ നിർമ്മാണം.
5. തിരുവനന്തപുരം മൈലം ജി.വി. രാജ സ്പോർട്സ് സ്കൂളിലെ സിന്തറ്റിക് കോർട്ടിന്റെ നിർമ്മാണം.
6. തിരുവനന്തപുരം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ ഫിഫ നിലവാരത്തിലുള്ള സ്വാഭാവിക പുൽത്തകിടിയുടെ നിർമ്മാണം.

## സ്പോർട്സ് കൗൺസിൽ

178(5926) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിൽ 2017 ജനുവരി മുതൽ 2019 ഒക്ടോബർ വരെ അംഗീകാരം നൽകിയിട്ടുള്ള കായിക അസോസിയേഷന്റെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേര് വിവരം വിശദമാക്കുമോ;

(ബി) കായിക ബിൽ അനുസരിച്ച് തെരഞ്ഞെടുപ്പ് നടത്താത്തതും അംഗീകാരം നൽകാത്തതുമായ കായിക അസോസിയേഷൻ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 2017 ജനുവരി മുതൽ 2019 ഒക്ടോബർ വരെ സംസ്ഥാനത്തെ സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ള കായിക അസോസിയേഷന്റെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. യോഗ അസോസിയേഷൻ ഓഫ് കേരള

| | |
|---|---|
| പ്രസിഡന്റ് | അഡ്വ. ബി. ബാലചന്ദ്രൻ |
| സെക്രട്ടറി | ഡോ. ഇ. രാജീവ് |
| ട്രഷറർ | ഡോ. രാജഗോപാലൻ കെ. |

2. സെപക്താക്രോ അസോസിയേഷൻ കേരള

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. പി. കെ. അയൂബ് |
| സെക്രട്ടറി | ശ്രീ. ബാബു കെ.വി. |
| ട്രഷറർ | ശ്രീ. സുരേഷ് എസ്. |

3. കേരള ഹോക്കി അസോസിയേഷൻ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. വി. സുനിൽ കുമാർ |
| സെക്രട്ടറി | ശ്രീ. ആർ. അയ്യപ്പൻ |
| ട്രഷറർ | ശ്രീ. സി. ടി. സോജി |

4. കേരള സ്പോർട്സ് കൗൺസിൽ ഓഫ് ദ ഡെഫ്

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. എസ്. ഷാനവാസ് |
| സെക്രട്ടറി | ശ്രീ. ജോവാൻ ഇ. ജോയ് |
| ട്രഷറർ | ശ്രീ. പി. എം. ആദൻ |

5. സ്റ്റേറ്റ് റഗ്ബി അസോസിയേഷൻ

| | |
|---|---|
| പ്രസിഡന്റ് | നിലവിലെ പ്രസിഡന്റ് ശ്രീ. വിജു വർമ്മയെ അസോസിയേഷൻ തെരഞ്ഞെടുത്തുവെങ്കിലും തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ ടി തെരഞ്ഞെടുപ്പ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടില്ല. |
| സെക്രട്ടറി | ശ്രീ. ജയകൃഷ്ണൻ ആർ. |
| ട്രഷറർ | ശ്രീ. സലിം കെ. ദേവസി |

6. കേരള റോൾബോൾ അസോസിയേഷൻ

| | |
|---|---|
| പ്രസിഡന്റ് | ഡോ. രാജ്മോഹൻ പിള്ള |
| സെക്രട്ടറി | ശ്രീ. സജി എസ്. |
| ട്രഷറർ | ശ്രീ. നാസർ എ. |

(ബി) കേരള സ്പോർട്സ് ആക്ടിനും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും നിബന്ധനകൾ പാലിച്ച് അംഗീകാരത്തിനായി കൗൺസിലിൽ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് കേരളത്തിന്റെ കായികപ്രാധാന്യം കണക്കിലെടുത്ത് കൗൺസിൽ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകാരം നൽകിയ സംസ്ഥാന കായിക സംഘടനകളിൽ കേരള കബഡി അസോസിയേഷന്റെയും 'ചെസ് അസോസിയേഷൻ കേരള' യുടെയും അംഗീകാരം സസ്പെന്റ് ചെയ്തിരിക്കുകയും കേരള സ്റ്റേറ്റ് വോളീബോൾ അസോസിയേഷന്റെ അംഗീകാരം റദ്ദ് ചെയ്തിരിക്കുകയുമാണ്. നിലവിൽ 43 കായിക സംഘടനകൾക്ക് കൗൺസിലിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

## സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

179(5927) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിൽ താമസിക്കുന്ന കായിക വിദ്യാർത്ഥികൾക്ക് മതിയായ സൗകര്യം പലപ്പോഴും ലഭിയ്ക്കാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാർത്ഥികൾക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യമാണ് ഹോസ്റ്റലുകളിൽ ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അത്തരം ഹോസ്റ്റലുകളുടെ മെസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തുക യഥാസമയം നൽകാത്തത് വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകർക്കും വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; ഒരു വിദ്യാർത്ഥിക്ക് ഭക്ഷണത്തിനായി എത്ര രൂപയാണ് ഒരു ദിവസം അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ തുക യഥാസമയം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികളിൽ കായികതാരങ്ങൾക്ക് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനും സമീപത്തെ സ്റ്റേഡിയങ്ങളിൽ വിദഗ്ധ പരിശീലകരുടെ കീഴിൽ പരിശീലനം നേടുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പരിശീലനത്തിന് വേണ്ട കായിക ഉപകരണങ്ങളും വർഷംതോറും സ്പോർട്സ് കിറ്റുകളും വിതരണം ചെയ്തുവരുന്നതോടൊപ്പം ഹോസ്റ്റലുകളിൽ മെഡിക്കൽ സൗകര്യവും ലഭ്യമാക്കിവരുന്നുണ്ട്.

കൂടാതെ കായികയുവജനകാര്യാലയത്തിന് കീഴിൽ ഗവ. ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ ഹോസ്റ്റലുകൾ തൃപ്തികരമായ നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകൾ നവീകരിക്കുകയും അടുക്കള, ടോയ്‌ലെറ്റുകൾ, ആവശ്യമായ കട്ടിലുകൾ, മേശ, കസേര, കിടക്കകൾ മുതലായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ പഴയ ഹോസ്റ്റൽ പുതുക്കുകയും കൂടുതൽ സൗകര്യമുള്ള മൂന്ന് നിലകളുള്ള പുതിയ നിലകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും കുട്ടികൾക്ക് ഹോസ്റ്റൽ താമസത്തിനായി കൈമാറുകയും ചെയ്തിട്ടുണ്ട്. അവിടേയ്ക്ക് ആവശ്യമായ കട്ടിലുകൾ, കിടക്ക, മേശ, കസേര എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഹോസ്റ്റലിന്റെ സുരക്ഷ മുൻനിർത്തി സി.സി.റ്റി.വി. ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സ്പോർട്സ് കൗൺസിലിന് കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിൽ ഒരു കുട്ടിക്ക് ഒരു ദിവസത്തെ ഭക്ഷണത്തിനായി 200 രൂപയും മാസംതോറും വാഷിംഗ് അലവൻസ് ഇനത്തിൽ 200 രൂപയും നിലവിൽ നൽകി വരുന്നുണ്ട്.

കായികയുവജനകാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവ. ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ ഹോസ്റ്റലുകൾ കായികയുവജനകാര്യാലയം നേരിട്ടാണ് നടത്തുന്നത്. നിലവിൽ പ്രസ്തുത സ്കൂളുകളിലെ ഓരോ കുട്ടിക്കും പ്രതിദിനം 183 രൂപയുടെ ഭക്ഷണമാണ് നൽകിവരുന്നത്. പ്രസ്തുത തുക 300 രൂപയാക്കി ഉയർത്തി കായികയുവജനകാര്യ വകുപ്പിന്റെ പ്രത്യേക ന്യൂട്രീഷ്യൻ പദ്ധതി പ്രകാരമുള്ള സ്പെഷ്യൽ സപ്ലിമെന്റ് ഉൾപ്പെടുത്തിയ ഭക്ഷണം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ തുക യഥാസമയം അനുവദിച്ച് നൽകുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേരി മണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ

180(5928) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ മുഖേന മഞ്ചേരി നിയോജകമണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പുതിയ ഏതെല്ലാം കളിസ്ഥലങ്ങളാണ് മഞ്ചേരി നിയോജക മണ്ഡലത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പൈക്ക പദ്ധതി പ്രകാരം മഞ്ചേരി നിയോജകമണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന് ചുവടെ പറയുന്ന തുകകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് | വർഷം | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|---|
| 1 | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | 2009-10 | 7,20,000 |
| 2 | എടപ്പറ്റ ഗ്രാമപഞ്ചായത്ത് | 2011-12 | 3,30,000 |
| 3 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 2011-12 | 3,80,000 |

കൂടാതെ മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് കോമ്പൗണ്ടിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 8 ലെയ്ൻ സിന്തറ്റിക് ട്രാക്ക്, ഒളിമ്പിക് സ്വിമ്മിംഗ് പൂൾ, ഹോക്കി കോർട്ട് എന്നിവ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ സ്റ്റേഡിയമായി ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

## കോന്നി മണ്ഡലത്തിൽ ഇൻഡോർ സ്റ്റേഡിയം

181(5929) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന് കീഴിൽ എത്ര ഇൻഡോർ സ്റ്റേഡിയങ്ങളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ഇൻഡോർ സ്റ്റേഡിയങ്ങൾ ഇല്ലെങ്കിൽ ആയത് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ കായികയുവജനകാര്യ വകുപ്പിന് കീഴിൽ ഇൻഡോർ സ്റ്റേഡിയങ്ങളൊന്നും നിലവിലില്ല.

(ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നിർമ്മാണം ആരംഭിച്ച സർക്കാർ സ്റ്റേഡിയങ്ങൾ**

182(5930) ശ്രീ. സജി ചെറിയാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക താരങ്ങളെ ദേശീയ-അന്തർദ്ദേശീയ തലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും കായികരംഗത്തെ ജനകീയവത്കരിക്കുന്നതിന്റെയും ആദ്യചുവടുവയ്പ് എന്ന നിലയിൽ ഈ സർക്കാർ നിർമ്മാണം ആരംഭിച്ച സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിവരിക്കുമോ;

(ബി) ഇതിൽ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മാണം നടത്തിവരുന്നത് ഏതെല്ലാമാണെന്നും ആയതിനായി എത്ര തുക വേണ്ടിവരുമെന്നും ഈ പദ്ധതികൾ നടപ്പാക്കുന്നത് ഏത് ഏജൻസിയിലൂടെയാണെന്നും അറിയിക്കാമോ;

(സി) ഇതിനകം നിർമ്മാണം പൂർത്തീകരിച്ച ജില്ലാ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണ്; അവ കമ്മീഷൻ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്തുകളുടെ അധീനതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായികയുവജനകാര്യ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച സ്റ്റേഡിയങ്ങളുടെ പുരോഗതി അനുബന്ധം1* ആയും കിഫ്ബി ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ച പദ്ധതികളുടെ വിശദാംശം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുബന്ധം 2* ആയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായികയുവജനകാര്യ വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ നിർമ്മാണ നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിറ്റ്കോ ലിമിറ്റഡിനെയാണ് നിയമിച്ചിട്ടുള്ളത്. നിലവിൽ 34 സ്റ്റേഡിയങ്ങൾക്കായി 724.53 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) നിലവിൽ ഒരു ജില്ലാ സ്റ്റേഡിയത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

(ഡി) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച ലിസ്റ്റ് അനുബന്ധം 3 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

## ഫുട്ബോൾ താരം കെ.അൻവറിന് സർക്കാർ ജോലി

183(5931) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവിശക്തിയില്ലാത്തവരുടെ ഫുട്ബോൾ മത്സരത്തിൽ നിലമ്പൂർ മണ്ഡലത്തിലെ കെ. അൻവർ, ചന്തക്കുന്ന്, നിലമ്പൂർ, ഇന്ത്യൻ ടീമിന് വേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിയാന്റെ അപേക്ഷ പരിഗണിച്ച് നിയമപ്രകാരം ഒഴിവ് വരുന്ന മുറയ്ക്ക് യോഗ്യതക്കനുസരിച്ച് സർക്കാർ ജോലി നൽകാമെന്നറിയിച്ച് രേഖാമൂലം കത്ത് അയച്ചത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(സി) ടിയാന്റെ അപേക്ഷ ലഭിച്ചതിന് ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവ് വന്നിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) അർഹതക്കുള്ള അംഗീകാരമായി അൻവറിന് സർക്കാർ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ബധിര മൂക കായിക താരമായ ശ്രീ. അൻവറിന് ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തസ്തികകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് സ്പോർട്സ് കൗൺസിലിൽ പരിഗണിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് എന്ന വിവരം സ്പോർട്സ് കൗൺസിലിൽനിന്നും അറിയിച്ചിരുന്നു.

(സി&ഡി) നിലവിൽ 3 ഒഴിവുണ്ട്. ശ്രീ. അൻവറിന്റെ അപേക്ഷ സർക്കാരിൽ ലഭ്യമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആലത്തൂർ മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ

184(5932) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചുവെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## ഭിന്നശേഷിക്കാരായ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

185(5933) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ കൗമാരക്കാരുടെ കായികാഭിരുചി തിരിച്ചറിഞ്ഞ് അവ വളർത്തിയെടുക്കുന്നതിനും നിരന്തരം പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിൽ നിലവിൽ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ സംസ്ഥാനത്ത് ഇതുവരെ വ്യക്തിമുദ്ര പതിപ്പിച്ചവരുടെ ലിസ്റ്റ് ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഭിന്നശേഷിക്കാരായ കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവന്ന് നല്ല പരിശീലനങ്ങൾ നൽകി അന്താരാഷ്ട്രമത്സരങ്ങളിൽ പങ്കെടുക്കുവാൻ തക്കവിധം അവരെ സജ്ജരാക്കുവാനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഭിന്നശേഷിക്കാരുടെ കായികാഭിരുചി പ്രോത്സാഹിക്കുന്നതിന്റെ ഭാഗമായി കൗൺസിൽ, കേരള സ്പോർട്സ് കൗൺസിൽ ഓഫ് ദ ഡഫ് എന്ന കായിക സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി കായിക സംഘടന സംഘടിപ്പിക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പുകൾക്ക് സാമ്പത്തിക സഹായം അനുവദിച്ച് വരുന്നുണ്ട്.

കൂടാതെ അന്തർദ്ദേശീയ തലത്തിൽ വിജയിക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡും നൽകിവരുന്നുണ്ട്.

പ്രസ്തുത വിഭാഗത്തിൽ വ്യക്തി മുദ്ര പതിപ്പിച്ചവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കായികതാരത്തിന്റെ പേര് | കായികനേട്ടം |
|---|---|---|
| 1 | ശ്രീ. ജോബി മാത്യു | അമേരിക്കയിലെ മിഷിഗണിൽ വച്ച് 2013 ആഗസ്റ്റിൽ നടന്ന ലോക ഡ്വാർഫ് ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് 5 സ്വർണ്ണമെഡൽ കരസ്ഥമാക്കി |
| 2 | ശ്രീ ആകാശ് എസ്. മാധവ് | അമേരിക്കയിലെ മിഷിഗണിൽ വച്ച് 2013 ആഗസ്റ്റിൽ നടന്ന ലോക ഡ്വാർഫ് ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് 1 വെള്ളിമെഡൽ കരസ്ഥമാക്കി |
| 3 | കുമാരി ശ്രീജയ | 2011-12-ൽ ബാംഗ്ലൂരിൽ വച്ച് നടന്ന നാഷണൽ പാരാ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1 സ്വർണ്ണം, 2 വെള്ളി കരസ്ഥമാക്കി |
| 4 | ശ്രീ. എസ്. പ്രദീപ് | 2014 മേയ്-ൽ ദുബായിൽ വച്ച് നടന്ന അന്തർദ്ദേശീയ ബധിര ക്രിക്കറ്റ് ടൂർണ്ണമെന്റിൽ പങ്കെടുത്തു. |

## യുവജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ

186(5934) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ യുവജന ക്ലബ്ബുകളും വായനശാലകളും മുഖേന യുവജനങ്ങൾക്കായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) യുവജനങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനും നാടിന്റെ നന്മക്കും ഉതകുന്ന നവീനമായ പദ്ധതികൾ യുവജനങ്ങൾക്കായി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജന കമ്മീഷൻ തുടക്കം മുതൽ നടത്തിവരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് പുറമേ തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഓൺലൈൻ പ്ലാറ്റ് ഫോറത്തിൽ ബന്ധിപ്പിക്കുന്ന ജോബ് പോർട്ടൽ (വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്), യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഒന്നിപ്പിക്കുന്ന ജോബ് ഫെസ്റ്റ്, നിയമവിദഗ്ദ്ധരുടെ സഹായത്തോടെ ഒരു ടോൾ ഫ്രീ നമ്പർ മുഖാന്തിരം ഓൺലൈൻ സംവിധാനത്തിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിനുള്ള യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ സംസ്കാരങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ പഠന വിധേയമാക്കുകയും സർക്കാരിന്റെ പരിഗണനയ്ക്കായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും വേണ്ടിയുള്ള സാംസ്കാരിക വിനിമയ പരിപാടി, പിന്നോക്ക വിഭാഗക്കാർക്കും ആദിവാസികൾക്കും അവരുടെ യുവജനങ്ങൾക്കും കോളനി കേന്ദ്രീകരിച്ച് സൗജന്യ ഹെൽത്ത് ക്യാമ്പ്, കാസർഗോഡ് ജില്ലയിലെ ബഡ്സ് സ്കൂളുകളിൽ എത്തുന്ന എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ മാതാപിതാക്കൾക്കും തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികൾ, കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി ചേർന്ന് ലൈബ്രറികളിലും ക്ലബ്ബുകളിലും ഭരണഘടനാ സദസ്സുകൾ സംഘടിപ്പിക്കുന്നതും സൈബർ ലൈബ്രറിയിൽ ബോധവൽക്കരണ പരിപാടികൾ എന്നീ പദ്ധതികൾ യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ സ്വീകരിച്ച നടപടികളാണ്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുവഴി കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച് ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജന സെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ് ഫെസ്റ്റ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, കാർട്ടൂൺ ക്യാമ്പ്,

സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധന കലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവൽക്കരണ പരിപാടി, മത്സരപരീക്ഷാ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാ മാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജനദിനാചരണം, സാഹിത്യക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, വനിതാശില്പശാല, പി.എസ്.സി. പരിശീലനം തുടങ്ങിയ ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി ചേർന്ന് ലൈബ്രറികളിലും ക്ലബ്ബുകളിലും ഭരണഘടനാ സദസ്സുകൾ, സംസ്ഥാനത്തുടനീളമുള്ള ട്രൈബൽ ലൈബ്രറികളിൽ ബോധവൽക്കരണ പരിപാടികൾ, യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളിൽ നടത്താവുന്ന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ യുവജന ക്ലബ്ബുകളും വായനശാലകളും മുഖേന യുവജനങ്ങളുടെ ഉന്നമനത്തിനായി ക്ലബ്ബുകൾക്കുള്ള ധനസഹായം യൂത്ത് കേരള എക്സ്പ്രസ്, യുവാക്ലബ്ബുകൾ, കായിക വികസന പ്രവർത്തനങ്ങൾ, കേരളോത്സവം എന്നീ പരിപാടികൾ നടത്തിവരുന്നു.

(സി) ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ സംസ്കാരങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ പഠന വിധേയമാക്കുകയും സർക്കാരിന്റെ പരിഗണനയ്ക്കായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷൻ സാംസ്കാരിക വിനിമയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിയമവിദഗ്ദ്ധരുടെ സഹായത്തോടെ ഒരു ടോൾഫ്രീ നമ്പർ മുഖാന്തിരം ഓൺലൈൻ സംവിധാനത്തിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനുള്ള യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഒരുക്കുന്നതിന് തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഒന്നിപ്പിക്കുന്ന ജോബ് ഫെസ്റ്റ് എന്നീ പദ്ധതികളും യുവജന കമ്മീഷൻ ആവിഷ്കരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനും നാടിന്റെ നന്മയ്ക്കുമായി കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, സംരംഭകത്വ വികസനം, ആത്മരക്ഷ ആയോധനത്തിലൂടെ, ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം, ജോബ് ഫെസ്റ്റ്, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ, യൂത്ത് അവാർഡ്, യുവമാധ്യമ ക്യാമ്പ്, യൂത്ത് ഡെവലപ്മെന്റ് പ്രോഗ്രാം, യുവതാമാസിക, നവമാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും, അമച്വർ നാടകോത്സവം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## യുവജനക്ഷേമ ബോർഡിന്റെ യൂത്ത് അവാർഡ്

187(5935) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2018 നവംബറിൽ അപേക്ഷ ക്ഷണിച്ച യൂത്ത് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അവാർഡ് വിതരണ ചടങ്ങ് സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ നടത്തി; ഇല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) അവാർഡിന് ഓരോ ഇനത്തിലും ലഭിച്ച നോമിനേഷനുകൾ എത്ര; വിശദാംശങ്ങൾ വ്യക്തമാക്കുമോ; അവാർഡിനുവേണ്ടി നീക്കിവച്ച തുക എത്രയെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) യൂത്ത് അവാർഡ് പ്രഖ്യാപിച്ചിട്ടില്ല.

(ബി) യൂത്ത് അവാർഡ് വിതരണ ചടങ്ങ് സംഘടിപ്പിച്ചിട്ടില്ല. മാറ്റിവയ്ക്കപ്പെട്ട അവാർഡ് വിതരണ ചടങ്ങിന്റെ പുതുക്കിയ തീയതി നിശ്ചയിച്ചിട്ടില്ല.

(സി) അവാർഡിന് ഓരോ ഇനത്തിലും ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | സാമൂഹ്യപ്രവർത്തനം | 31 |
| 2 | മാധ്യമ പ്രവർത്തകൻ (പ്രിന്റ് മീഡിയ) | 19 |
| 3 | മാധ്യമ പ്രവർത്തക (പ്രിന്റ് മീഡിയ) | 5 |
| 4 | മാധ്യമ പ്രവർത്തകൻ (ദൃശ്യ മാധ്യം) | 10 |

| (1) | (2) | (3) |
|---|---|---|
| 5 | മാധ്യമ പ്രവർത്തക (ദൃശ്യ മാധ്യം) | 5 |
| 6 | കല | 25 |
| 7 | സാഹിത്യം (പുരുഷൻ) | 21 |
| 8 | സാഹിത്യം (വനിത) | 9 |
| 9 | ഫൈൻ ആർട്സ് | 9 |
| 10 | കായികം (പുരുഷൻ) | 6 |
| 11 | കായികം (വനിത) | 2 |
| 12 | ശാസ്ത്രം (പുരുഷൻ) | 2 |
| 13 | ശാസ്ത്രം (വനിത) | 4 |
| 14 | സംരംഭകത്വം | 4 |
| 15 | കൃഷി | 11 |
| 16 | യുവാക്ലബ്ബ് | 14 |
| 17 | യൂത്ത് ക്ലബ്ബ് | 14 |
| 18 | യൂത്ത് കോ-ഓർഡിനേറ്റർ | 33 |
| | ആകെ | 224 |

അവാർഡിനായി 50 ലക്ഷം രൂപയ്ക്കാണ് (അമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയത്. അവാർഡ് സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി ആകെ 2,27,800 (രണ്ട് ലക്ഷത്തി ഇരുപത്തി എഴായിരത്തി എണ്ണൂറ് രൂപ മാത്രം) ചെലവഴിച്ചു.

**കേരള വോളന്റിയറി യൂത്ത് ആക്ഷൻ ഫോഴ്സ്**

188(5936) <u>ശ്രീ. എം. ഉമ്മർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ കേരള വോളന്റിയറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫോഴ്സിലേക്ക് യുവാക്കളെ കൂടുതൽ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധസേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേന രൂപീകരിച്ചിട്ടുണ്ട്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തരസാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിറി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഓൺലൈനായി ഇതുവരെ 115862 പേർ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിൽ രജിസ്റ്റർ ചെയ്യുകയും ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാം ഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകുകയും ചെയ്യുകയുണ്ടായി. മൂന്നാംഘട്ട പരിശീലനത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്ത്തല പരിശീലകന്മാരുടെ പരിശീലനം 2019 നവംബർ 16, 17, 18 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടക്കുന്നു.

(ബി) സന്നദ്ധ സേവന സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ പരമാവധി പേർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിക്കുന്നത്. നിലവിൽ 1200-ഓളം പേർക്ക് വ്യക്തിത്വ വികസനം കൂടി ലക്ഷ്യമിട്ട മേഖലകളിൽ മൂന്നാറിൽ വച്ച് സൗജന്യ പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുമുണ്ട്. കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മേൽ അംഗങ്ങളിൽ നിന്നും 400 പേർക്ക് നവംബർ 16, 17, 18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. കൂടാതെ മൂന്നാറിൽ വച്ച് കരാട്ടെ, ട്രക്കിംഗ്, മൗണ്ടനീയറിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ യുവാക്കൾക്ക് ഫയർ ആന്റ് റസ്ക്യൂ മേഖലയിലും പരിശീലനം നൽകിയിട്ടുണ്ട്. 100 വനിതകൾക്ക് ഫയർ ആന്റ് റസ്ക്യൂ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## യുവജനക്ഷേമ ബോർഡ്

189(5937) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജന ക്ഷേമബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ;

(ബി) യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനായി അവരെ പ്രാപ്തരാക്കുന്നതിന് യുവജന ക്ഷേമബോർഡ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) യുവജന ക്ഷേമബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്തുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ടോയെന്നും, ഈ സർക്കാർ വന്നശേഷം ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയെന്നും അറിയിക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച് ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള നാടകോത്സവം, ദേശീയ യുവജന സെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ്ഫെസ്റ്റ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധന കലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവൽക്കരണ പരിപാടി, മത്സരപരീക്ഷാ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാ മാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജനദിനാചരണം, സാഹിത്യക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, വനിതാശില്പശാല, പി.എസ്.സി. പരിശീലനം, പരിസ്ഥിതി ദിനാചരണം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം,

നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള, ഇതര സ്ഥാപനവുമായി സഹകരിച്ചുള്ള യൂത്ത് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ദിനാചരണ പരിപാടികൾ, നവമാധ്യമ കൂട്ടായ്മ, അമച്വർ നാടകോത്സവം എന്നിവയാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. കൂടാതെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ മുഖേനയും ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.

(ബി) യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനായി അവരെ പ്രാപ്തരാക്കുന്നതിന് യുവജന ക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്ന കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>കേരളോത്സവം</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗര വാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്.

2. <u>യൂത്ത് ക്ലബ്ബ്</u>

1. <u>യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത് ക്ലബ്ബുകളിലൂടെ നടത്തിവരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകൾ സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

2. <u>യൂത്ത് കേരള എക്സ്പ്രസ്</u>

യൂത്ത് ക്ലബ്ബുകൾ നടത്തുന്ന ഗുണകരമായ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്. യൂത്ത് കേരള എക്സ്പ്രസ് വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ജനോപകാര പ്രദമാക്കുവാനും യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനും ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.

3. യുവാക്ലബ്ബുകൾ

സംസ്ഥാനത്ത് സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് യുവജനക്ഷേമ ബോർഡിന്റെ നിയന്ത്രണത്തിൽ രൂപീകരിച്ചതാണ് യുവാക്ലബ്ബുകൾ.

4. കായിക വികസന പ്രവർത്തനങ്ങൾ

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകൾ സംസ്ഥാനത്തുടനീളമുണ്ട്. ക്ലബ്ബുകളിലൂടെ യുവജനങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി.

3. കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ്

പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

4. സംരംഭകത്വവും തൊഴിലും

1. സംരംഭകത്വ വികസനം

യുവജനങ്ങൾ തൊഴിലന്വേഷകരാകാൻ പാടില്ല തൊഴിൽ ദാതാക്കളാകണം എന്ന കാഴ്ചപ്പാടോടെ യുവജനങ്ങളുടെ സംരംഭകശേഷിയെ പരമാവധി വിനിയോഗിച്ച് സമ്പദ് വ്യവസ്ഥയ്ക്ക് അനുയോജ്യമായ ഒരു തൊഴിൽ സംസ്കാരം രൂപപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

5. ജൻഡർ പദ്ധതികൾ

1. ആത്മരക്ഷ ആയോധനത്തിലൂടെ

സ്വയം പ്രതിരോധത്തിലൂന്നിയ സാമ്പത്തിക സുരക്ഷിതത്വവും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന തലത്തിലേയ്ക്ക് കേരളത്തിലെ സ്ത്രീകളെ സജ്ജരാക്കേണ്ടതുണ്ട്. സമകാലീന സംഭവങ്ങൾ പ്രധാനമായും സ്ത്രീകളുടെ സ്വയം പ്രതിരോധത്തിലൂന്നിയ ശാക്തീകരണങ്ങളുടെ പ്രധാന്യം വർദ്ധിപ്പിക്കുന്നു.

2. ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം

സംസ്ഥാനത്തെ ട്രാൻസ്ജൻഡർ വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും അവരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി സാധ്യതയ്ക്കനുസരിച്ചുള്ള വിവിധതരം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

6. കലയും സംസ്കാരവും

1. നാഷണൽ ഫോക്ഫെസ്റ്റിവൽ ഓഫ് കേരള

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ തനത് നാടൻ കലാരൂപങ്ങളെ കുറിച്ച് മനസ്സിലാക്കുക, അതിലൂടെ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തെ തിരിച്ചറിയുക, അതുവഴി വൈവിദ്ധ്യത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന നമ്മുടെ ഏകത്വം മനസ്സിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള സാംസ്കാരിക കൂട്ടായ്മ എന്നിവയാണ് നാഷണൽ ഫോക്ഫെസ്റ്റ് ഓഫ് കേരളയിലൂടെ ഉദ്ദേശിക്കുന്നത്.

2. യുവസാഹിത്യ ക്യാമ്പ്

സാഹിത്യ അഭിരുചിയുള്ള യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവ സാഹിത്യക്യാമ്പ് സംഘടിപ്പിക്കുന്നത്.

3. ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ

യുവജനങ്ങളുടെ പങ്കാളിത്തത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സാമൂഹ്യ നന്മ ലക്ഷ്യം വച്ചുകൊണ്ട് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഡോക്യുമെന്ററികൾ നിർമ്മിക്കും. വിവിധ മേഖലകളിലുള്ള ഷോർട്ട് ഫിലിമുകൾക്ക് മത്സരങ്ങൾ സംഘടിപ്പിക്കുകയും ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും ചെയ്യും.

7. അഡ്വഞ്ചർ അക്കാഡമി

1. നാഷണൽ അഡ്വഞ്ചർ അക്കാഡമി-ദേവികുളം-നിർമ്മാണ പ്രവർത്തനങ്ങൾ

കേരളത്തിൽ നാമമാത്രമായിട്ടുള്ള സാഹസിക പ്രവർത്തനങ്ങൾക്ക് നല്ല പ്രചാരം ലഭിക്കുവാനും ദേശീയ-അന്തർദ്ദേശീയ ശ്രദ്ധ ലഭിക്കുന്നതിനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഈ സംരംഭത്തിൽക്കൂടി സാധിക്കും.

8. യുവശക്തി

കേരള സംസ്ഥാനയുവജനക്ഷേമ ബോർഡിന്റെ ജില്ലാതലങ്ങളിലും പ്രാദേശിക തലങ്ങളിലും സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലും ജില്ലാതലത്തിലും യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയോഗിച്ചിട്ടുണ്ട്.

9. മറ്റ് വികസന പരിപാടികൾ

1. യൂത്ത് അവാർഡ്

വിവിധതലങ്ങളിൽ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച യുവപ്രതിഭകളെ സ്വാമി വിവേകാനന്ദാ യുവ പ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു.

2. യുവമാധ്യമ ക്യാമ്പ്

സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും യുവമാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക തുടങ്ങിയ ലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവമാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നു.

3. യൂത്ത് ഡെവലപ്മെന്റ് പ്രോഗ്രാം (ഇതര സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പരിപാടികൾ)

കേരളത്തിലെ യുവജനങ്ങളുടെ കലാ-കായിക-വിദ്യാഭ്യാസ-സാംസ്കാരിക കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റ് ഇതര ഏജൻസികൾ തുടങ്ങിയവുമായി സഹകരിച്ച് സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.

4. ദിനാചരണങ്ങൾ

ദേശീയ അന്തർദ്ദേശീയ തലത്തിൽ യുവജനങ്ങൾ നേരിടുന്ന അവകാശ ലംഘനങ്ങളും തീവ്രവാദം ഉൾപ്പെടെയുള്ള വിപത്തുകളും പൊതു ചർച്ചയ്ക്ക് വിധേയമാക്കുവാനും സാമൂഹ്യ തിന്മകളിൽനിന്നും അവരെ മുക്തരാക്കി സമഗ്രമായ പുരോഗതിയിലേയ്ക്ക് നയിക്കുവാനും കേരളത്തെ പരിസ്ഥിതി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് യുവജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും ദിനാചരണങ്ങൾക്ക് കഴിയുന്നു.

5. യുവതാ മാസിക

യുവജനക്ഷേമ ബോർഡിന്റെയും യൂത്ത് ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് യുവത എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു.

6. നവ മാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും

യുവജനങ്ങൾക്ക് നവമാധ്യമ രംഗത്ത് ശരിയായ രീതിയിൽ കൂടുതൽ ഇടപെടാൻ കഴിയുന്ന തരത്തിൽ അവബോധമുണ്ടാക്കി ബോർഡിന്റെ പ്രവർത്തനങ്ങൾ യൂത്ത് ക്ലബ്ബുകളിലും താഴെത്തലങ്ങളിലും എത്തിക്കുന്നതിന് ഒരു നവ മാധ്യമ ശൃംഖല രൂപപ്പെടുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

7. മറ്റ് യുവജന ശാക്തീകരണ പരിപാടികൾ (അമച്വർ നാടകോത്സവം)

കേരളത്തിലെ അമച്വർ നാടക സംഘങ്ങളെയും അതിൽ പ്രവർത്തിക്കുന്ന യുവജനങ്ങളെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും നാടകസംഘങ്ങളുടെ കൂട്ടായ്മ ഒരുക്കുന്നതിനുമായി അമച്വർ നാടക മത്സരങ്ങളും പരിശീലനവും സംഘടിപ്പിക്കുന്നു.

(സി) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കീ സമ്മിറ്റ് 2018 എന്ന പേരിൽ 2018 ജനുവരി മാസം ശില്പശാല സംഘടിപ്പിച്ചിരുന്നു. ടി ശില്പശാലയിൽ കെ.എസ്.ഐ.ഡി.സി., കേരള സ്റ്റാർട്ട് അപ് മിഷൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, ജില്ലാ വ്യവസായ കേന്ദ്രം എന്നീ സർക്കാർ ഏജൻസികളും ഈസ്റ്റേൺ ഗ്രൂപ്പ്, ടൈ കേരള, മേക്കർ വില്ലേജ്, വിഹബ്, യു.എസ്.റ്റി. ഗ്ലോബൽ, കോർപ്പറേറ്റ് 360, കാർബൺ മാസ്റ്റേഴ്സ്, നവാൾട്ട് സോളാർബോട്ട്, ആൽഡ്രിൻ വെഞ്ച്വർ പ്യൂവർ ലിവിംഗ് ഫൗണ്ടേഷൻ, ഫൊർച്യൂൺ ഫാക്ടറി, ഇംപ്രസ്സ, ഫാർമേഴ്സ് ഫ്രഷ് സോൺ, ജാക്ഫ്രൂട്ട് 365 തുടങ്ങിയ സ്വകാര്യ സംരംഭകരും പങ്കെടുക്കുകയും നവസംരംഭകരാകാൻ താല്പര്യമുള്ളവർക്കും സംരംഭങ്ങൾ തുടങ്ങി വിജയിക്കാൻ കഴിയാത്തവർക്കും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ഈ പരിപാടിയിൽ പങ്കെടുത്ത 300 പേരിൽ നിന്നും മികച്ച ആശയങ്ങൾ മുന്നോട്ടുവച്ച 30 പേരെ കേരള സ്റ്റാർട്ട് അപ് മിഷൻ തെരഞ്ഞെടുക്കുകയും അതിൽനിന്നും ഏറ്റവും മികച്ച ആശയങ്ങൾ മുന്നോട്ടുവച്ച 5 യുവ സംരംഭകരെ ബോർഡ് മെമ്പർ സെക്രട്ടറി അദ്ധ്യക്ഷനായ മൂന്നംഗ സമിതി തെരഞ്ഞെടുക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു.

(ഡി) സംരംഭകത്വ വികസന പരിപാടിയിൽ പങ്കെടുത്തതു വഴി യുവസംരഭകരുടെ സംരംഭകത്വ കഴിവ് വർദ്ധിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കി സമ്മിറ്റ് 2018 എന്ന പരിപാടിയിലൂടെ 300 പേർക്ക് സംരംഭകത്വ പരിശീലനം നൽകിയിട്ടുണ്ട്.

## സാഹസിക അക്കാഡമി

190(5938) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാഡമിയിൽ എന്തൊക്കെ സാഹസികോദ്യമങ്ങൾ നടന്നുവെന്ന് വർഷം, ഇനം, ചെലവായ തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ; ഇവരുടെ പേര്, തസ്തിക, ശമ്പളം ഇവ ലഭ്യമാക്കാമോ;

(സി) സാഹസിക അക്കാഡമി സ്പെഷ്യൽ ഓഫീസർക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത, ശമ്പളം എന്നിവ എത്രയെന്ന് അറിയിക്കാമോ;

(ഡി) മുഴപ്പിലങ്ങാട് സാഹസിക അക്കാഡമിയുടെ പ്രവർത്തനം കാര്യമായി നടക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ച തുക, ഇനം, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമി, ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാഡമി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാഹസിക കായിക വിനോദ പരിപാടികൾ നടപ്പിലാക്കിയിട്ടില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ സാഹസിക അക്കാഡമി സബ്സെന്റർ, മുഴപ്പിലങ്ങാട് വഴി നടപ്പിലാക്കിയ സാഹസിക പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | നടപ്പിലാക്കിയ സാഹസിക പരിപാടി | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2016 | കാഞ്ഞിരക്കൊല്ലി, മാടായിപ്പാറ ട്രക്കിംഗ് | 45,000 |
| 2 | 2016 | ആറളം വന്യജീവി സങ്കേതം ട്രക്കിംഗ് | 26,330 |
| 3 | 2016 | തുഷാരഗിരി ട്രക്കിംഗ് | 46,050 |
| 4 | 2017 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആർച്ചറി പരിശീലനം | 1,00,000 |
| 5 | 2017 | ആറളം വന്യജീവി സങ്കേതം ട്രക്കിംഗ് | 27,357 |
| 6 | 2017 | റാണിപുരം ട്രക്കിംഗ് | 34,000 |
| 7 | 2017 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആർച്ചറി പരിശീലനം | 79,320<br>6,805<br>7,000 |
| 8 | 2018 | സംസ്ഥാന അഡ്വഞ്ചർ ഫോട്ടോഗ്രാഫി അവാർഡ് | 45,000 |
| 9 | 2018 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആർച്ചറി പരിശീലനം | 10,830<br>10,500<br>6,000 |

(ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് പ്രവർത്തിക്കുന്ന സാഹസിക അക്കാഡമി സബ്സെന്ററിന്റെ കീഴിൽ ഒരാൾ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

പേര് : പ്രണിത. പി

തസ്തിക : സ്പെഷ്യൽ ഓഫീസർ

ശമ്പളം : 36,600 രൂപ (പ്രതിമാസം)

(സി) സാഹസിക അക്കാഡമി സ്പെഷ്യൽ ഓഫീസർക്ക് ബോർഡ് നിശ്ചയിച്ചിട്ടുള്ള യോഗ്യത ചുവടെ ചേർക്കുന്നു:

ഏതെങ്കിലും വിഷയത്തിൽ ബിരുദം

സാഹസിക പ്രവർത്തന മേഖലയിലെ പ്രവൃത്തി പരിചയം

ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

പ്രായപരിധി - 35 വയസ്സിൽ കവിയരുത്

ശമ്പളം പ്രതിമാസം - 36,600 രൂപ

(ഡി) മുഴപ്പിലങ്ങാട് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടതുമായ ബന്ധപ്പെട്ട് അക്കാഡമിയുടെ ഓഫീസ് കണ്ണൂർ കളക്ടറേറ്റിലേക്ക് മാറ്റിയിരുന്ന സാഹചര്യത്തിൽ ബീച്ചിനോടനുബന്ധിച്ചുള്ള സാഹസിക പരിപാടികൾ നടത്തുന്നതിന് പരിമിതികൾ ഉണ്ടായിട്ടുണ്ട്.

(ഇ) മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി സബ്സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | ഇനം | 2016-17 (രൂപ) | 2017-18 (രൂപ) | 2018-19 (രൂപ) | 2019-20 (രൂപ) |
|---|---|---|---|---|---|
| 1 | ശമ്പളം | 537000 | 447390 | 618850 | 364830 |
| 2 | ഓഫീസ് ചെലവുകൾ | 59406 | 36885 | 54989 | 23695 |
| 3 | അറ്റകുറ്റപ്പണികൾ | -- | -- | -- | 15660 |

**സംസ്ഥാന യുവജനക്ഷേമ ബോർഡിലുള്ള ജീവനക്കാർ**

191(5939) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സ്ഥിരം, ഡെപ്യൂട്ടേഷൻ, കരാർ ജീവനക്കാർ എത്ര; കരാർ ജീവനക്കാരുടെ പേര്, യോഗ്യത, തസ്തിക, ശമ്പളം, എത്ര കാലമായി തുടരുന്നു എന്നിവ തരം തിരിച്ച് നൽകാമോ;

(ബി) സർക്കാരിന്റെ അനുമതി മുൻകൂട്ടി വാങ്ങാതെ എത്ര കരാർ ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുവെന്നും ഏത് മാനദണ്ഡപ്രകാരമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഏതെങ്കിലും ജീവനക്കാരനെതിരെ അനധികൃത സ്വത്ത് സമ്പാദനത്തിന് അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പേരുവിവരവും സ്വീകരിച്ച നടപടിയുടെ വിശദാംശവും നൽകാമോ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ സ്ഥിരം ഡെപ്യൂട്ടേഷൻ, കരാർ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| സ്ഥിരം | -3 |
| ഡെപ്യൂട്ടേഷൻ | -4 |
| കരാർ | -47 |

കരാർ ജീവനക്കാരുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ 3 സ്ഥിരം ജീവനക്കാരും 4 ഡെപ്യൂട്ടേഷൻ ജീവനക്കാരും ഒഴികെ താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതന/കരാർ ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്, ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1 ആസ്ഥാന മന്ദിരം 14 ജില്ലാ യുവജനകേന്ദ്രങ്ങൾ, 7 സാഹസിക അക്കാഡമികൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ബോർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്ക് കാലാകാലങ്ങളിൽ വന്ന ഡയറക്ടർ ബോർഡുകൾ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും ആവശ്യം കണക്കിലെടുത്ത് കരാർ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ തസ്തികയുനുസരിച്ചുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്ന ആകെ 47 കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(സി &ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കെതിരെയും അനധികൃത സ്വത്ത് സമ്പാദനത്തിന് അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അഡ്വഞ്ചർ അക്കാഡമികൾ**

192(5940) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള അഡ്വഞ്ചർ അക്കാഡമികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ; അവയിൽ പ്രവർത്തനം നിലച്ച അക്കാഡമികൾ ഏതെല്ലാമെന്നും എന്നു മുതലാണ് പ്രവർത്തനം നിലച്ചതെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) പ്രവർത്തനം നിലച്ച പ്രസ്തുത അക്കാഡമികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) കേരള സംസ്ഥാനയുവജന ക്ഷേമ ബോർഡിന്റെ ബജറ്റിൽ ഈ സാമ്പത്തിക വർഷം അഡ്വഞ്ചർ പ്രോഗ്രാമുകൾ നടപ്പാക്കാൻ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ അഡ്വഞ്ചർ അക്കാഡമിയും ഏതെല്ലാം സാഹസിക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും അതിനായി എത്ര രൂപ വീതം ചെലവഴിച്ചെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന യുനജനക്ഷേമ ബോർഡിന് കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. അക്കാഡമികളുടെ പ്രവർത്തനം നിലച്ചിട്ടില്ല. ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതിനാൽ നടപ്പുസാമ്പത്തിക വർഷം സാഹസിക കായിക വിനോദ പരിപാടികൾ നടപ്പിലാക്കിയിട്ടില്ല. എന്നിരുന്നാലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച യുവാക്കളുടെ സന്നദ്ധസേവന സേനയായ 'കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്'ലെ 1200-ൽപ്പരം അംഗങ്ങൾക്കുള്ള ട്രെയിനിംഗ് രണ്ട് ഘട്ടങ്ങളിലായി ദേവികുളം ദേശീയ സാഹസിക അക്കാഡമി മുഖേന നൽകിയിരുന്നു. മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രം മുഖേന കണ്ണൂർ ജില്ലയിലെ 'വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്' അംഗങ്ങൾക്ക് കടലിൽ നീന്തൽ പരിശീലനം നൽകുന്ന പദ്ധതി 2019 നവംബർ മാസം സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) '2204-00-103-98-YWB-36-grant-in-aid (Plan)' എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് 3,05,03,297 രൂപ (മൂന്ന് കോടി അഞ്ച് ലക്ഷത്തി

മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) ചെലവ് ചെയ്ത് ദേവികുളം അഡ്വഞ്ചർ അക്കാഡമിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 31-5-2018-ലെ സ.ഉ (സാധാ) നമ്പർ 116/18/കാ.യു.വ. പ്രകാരം ഭരണാനുമതി നൽകുകയും ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് Kerala Electrical and Allied Engineering Company Ltd.-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ടെക്നിക്കൽ കമ്മിറ്റി കൂടുന്ന വിഷയത്തിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി &ഡി) നടപ്പുസാമ്പത്തിക വർഷം അഡ്വഞ്ചർ പ്രോഗ്രാമുകൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

## സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കലാഭവൻ മണി അനുസ്മരണ പരിപാടികൾ

193(5941) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കലാഭവൻ മണി അനുസ്മരണ പരിപാടികൾ ചാലക്കുടിയിൽ വെച്ച് നടത്തുന്നതിനും കലാകാരന്മാർക്കുള്ള സമ്മാനത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) അനശ്വര കലാകാരൻ കലാഭവൻ മണി സ്മരണയ്ക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കഴിഞ്ഞ വർഷം മുതൽ സംസ്ഥാനത്തുടനീളം 'മണിനാദം' എന്ന പേരിൽ നാടൻ പാട്ട് മത്സരം സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ ഉൾപ്പെടുത്തി ചാലക്കുടിയിൽ വച്ച് സംസ്ഥാനതല മത്സരം സംഘടിപ്പിക്കുകയും ചെയ്തു. സംസ്ഥാനതലത്തിൽ 1, 2, 3 സ്ഥാനക്കാർക്ക് യഥാക്രമം 25,000, 15,000, 10,000 രൂപ വീതം സമ്മാനത്തുകയും ട്രോഫിയും നൽകിയിട്ടുണ്ട്.

(ബി) കലാഭവൻ മണിയുടെ ചരമദിനമായ മാർച്ച് 6-ന് ജന്മനാടായ ചാലക്കുടിയിൽ വച്ച് 'മണിനാദം' കലാഭവൻ മണി മെമ്മോറിയൽ സംസ്ഥാനതല നാടൻപാട്ട് മത്സരം ഈ വർഷവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 14 ജില്ലകളിൽ നിന്നും ജില്ലാതല നാടൻപാട്ട് മത്സരത്തിൽ 1-ാം സ്ഥാനം നേടി വിജയിച്ച ടീമുകളെയാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുപ്പിക്കുന്നത്. സംസ്ഥാന മത്സരത്തിൽ 1-ാം സ്ഥാനം നേടി വിജയിക്കുന്ന ടീമിന് സമ്മാനത്തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## യുവാക്കളിൽ ലഹരി ഉപയോഗം

194(5942) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവാക്കളിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ യുവജനകാര്യവകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള പരിപാടികളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ യുവാക്കളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി കോളേജുകളും കോളനികളും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം ലൈബ്രറി കൗൺസിലുമായി സഹകരിച്ച് ലൈബ്രറികൾ, ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സർക്കാരിന്റെ വിമുക്തി പദ്ധതിയുമായി സഹകരിച്ച് യൂത്ത് ക്ലബ്ബുകൾ, യുവാക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ ഗ്രാമതലങ്ങളിൽ ലഹരി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. യൂത്ത് ക്ലബ്ബുകൾ സമർപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതി പ്രകാരമുള്ള അപേക്ഷയിന്മേൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് സാമ്പത്തിക സഹായവും നൽകിവരുന്നു.

## സംസ്ഥാനത്തെ ഗാർഹിക/വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും ഇപ്പോൾ ഈടാക്കുന്ന വൈദ്യുതി നിരക്ക്

195(5943) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക /വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും ഇപ്പോൾ ഈടാക്കുന്ന വൈദ്യുതി നിരക്കിന്റെ ഇനം തിരിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) 2019 ഏപ്രിൽ-ജൂൺ കാലയളവിൽ വൈദ്യുതി ഉൽപ്പാദനത്തിലും വാങ്ങലിലും ഉണ്ടായ അധികച്ചെലവ് പരിഹരിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കളിൽ നിന്നും സർചാർജ്ജ് ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ലാഭത്തിലാക്കുന്നതിന് നിരക്ക് പരിഷ്കരണം എന്ന ഉപാധിയല്ലാതെ ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും മറ്റും എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 8-7-2019-ലെ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് 8-7-2019 മുതൽ പരിഷ്കരിക്കുകയുണ്ടായി. ഗാർഹിക/ വ്യാവസായിക വിഭാഗം ഉപഭോക്താക്കളുടെ നിലവിലുള്ള വൈദ്യുതി ചാർജ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല. 8-7-2019 മുതൽ ഈടാക്കിക്കൊണ്ടിരിക്കുന്ന വൈദ്യുതി ചാർജ് പരിഷ്കരിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള (2018-ൽ) താരിഫ് നിർണ്ണയ ചട്ടങ്ങളിലെ 86-ാം ചട്ടപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉൾപ്പെടെയുള്ള ലൈസൻസികളെല്ലാം വൈദ്യുതി ഉൽപ്പാദനത്തിലും (Generation) വാങ്ങലിലും (Purchase) ഓരോ സാമ്പത്തിക വർഷത്തിലെയും എല്ലാ പാദവർഷങ്ങളിലും റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ള (ARR & ERC ഉത്തരവിലൂടെ) തുകയേക്കാൾ അധികമായി ഉണ്ടായ അധിക ബാധ്യത/കുറവ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള സമയക്രമമനുസരിച്ച് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന കണക്കുകൾ, നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് വ്യക്തമായി പരിശോധിക്കുകയും പൊതു തെളിവെടുപ്പിന്റെ കൂടി അടിസ്ഥാനത്തിൽ അധിക ബാധ്യത/കുറവ് കമ്മീഷൻ നിജപ്പെടുത്തുന്നു. ടി അധിക ബാധ്യത ഉപഭോക്താക്കളിൽ നിന്ന് ഇന്ധന സർചാർജ്ജിന്റെ രൂപത്തിൽ ഈടാക്കാനുള്ള അനുമതി വിതരണ ലൈസൻസികൾക്ക് കമ്മീഷൻ നൽകുന്നു. നിജപ്പെടുത്തുന്ന തുക കുറവാണെങ്കിൽ പ്രസ്തുത തുക താരിഫിലുള്ള ഇളവായി നൽകപ്പെടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇതിൻപ്രകാരം 2018-19 ആദ്യപാദത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി ഉല്പാദനത്തിലും വാങ്ങലിലും ഉണ്ടായ അധിക ബാധ്യതയായി കണക്കാക്കപ്പെട്ടിട്ടുള്ള 72.75 കോടി രൂപ ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് 2019 സെപ്റ്റംബർ മാസത്തിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് ഉത്തരവുകൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ വൈദ്യുതി നിയമം 2003, ദേശീയ വൈദ്യുതി നയം-2016, 2018-ൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. ഇപ്രകാരം നിജപ്പെടുത്തുന്ന വരവ് ചെലവ് കണക്കുകൾ തമ്മിലുള്ള അന്തരം (കമ്മി) പൂർണ്ണമായും താരിഫ് പരിഷ്കരണ ഉത്തരവിലൂടെ നികത്തപ്പെടുന്നില്ല. ഇപ്രകാരം നികത്തപ്പെടാത്ത കമ്മി 2018 മാർച്ച് അവസാനമായപ്പോഴേയ്ക്കും 5693.25 കോടിയായി വർദ്ധിച്ചു. ഇത് ചെറിയ ഒരളവിലെങ്കിലും നികത്തപ്പെടാതെ വന്നാൽ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ ദോഷകരമായി ബാധിക്കും. ടി കമ്മിയോടൊപ്പം (ഒരു ഭാഗം മാത്രം) 2018-19 സാമ്പത്തിക വർഷത്തിലും 2020-21-ലും കണക്കാക്കിയിട്ടുള്ള കമ്മിയും കൂടി ചേർത്ത് താരിഫ് ഷോക്കിനിടവരാത്ത രീതിയിലുള്ള താരിഫ് പരിഷ്കരണം അനുവദിക്കണമെന്നാവശ്യപ്പെട്ടത്.

കൂടാതെ നിലവിലുള്ള താരിഫ് പരിഷ്കരണത്തിന് മുമ്പ് (8-7-2019-ന് മുമ്പ്) ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമൈസസിൽ എത്തിക്കുന്നതിന് ശരാശരി ചെലവ് 5.26 രൂപയായിരുന്നു. എന്നാൽ ഗാർഹിക വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം 4.13 രൂപ മാത്രമാണ്. ഇതുമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് 1200 കോടി രൂപ ഒരു സാമ്പത്തിക വർഷം (2018-19) വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗാർഹികേതര വിഭാഗം ഉപഭോക്താക്കളുടെ താരിഫ് മേൽപ്പറഞ്ഞ ശരാശരി ചെലവിനേക്കാൾ ഉയർത്തിയാണ് ഈ വരുമാന നഷ്ടം ഒരളവുവരെ കുറയ്ക്കുന്നത്.

കേന്ദ്രസർക്കാരിന്റെ താരിഫ് പോളിസി പ്രകാരം വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് ശരാശരി ചെലവിന്റെ 20 ശതമാനത്തിൽ കുറയാനും 20 ശതമാനത്തിൽ കൂടുവാനും പാടില്ല എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കുന്നതിനും പ്രതിവർഷം ഉണ്ടാകുന്ന പൊതു വിലവർദ്ധനവ് പരിഗണിച്ചുമാണ് താരിഫ് പരിഷ്കരണം നടപ്പിലാക്കുന്നത്.

ഇതുകൂടാതെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ വൈദ്യുതിയുടെ ഉൽപ്പാദന/വാങ്ങൽ ചെലവുകൾ (Generation and Power Purchase Cost), പ്രവർത്തന പരിപാലന ചെലവുകൾ (Operation and Maintenance Cost), സാമ്പത്തിക പലിശ ചെലവുകൾ (Interest and Finance Charges), മൂലധന ഓഹരിയുടെ മടക്കവിഹിതം (Return and equity) തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം കൂടി പരിഗണിച്ചാണ്.

കൂടാതെ വലിയ മുടക്കുമുതൽ ആവശ്യമായിട്ടുള്ള പുനഃനവീകരണീയ സ്രോതസ്സുകളുടെ വികസനം, ഗുണനിലവാരമുള്ള വൈദ്യുതി നൽകുന്നതിന് പ്രസരണ/വിതരണ ശൃംഖലകളുടെ വികസനം (ദ്യുതി ട്രാൻസ്ഗ്രിഡ്) എന്നിവ കൂടി കണക്കിലെടുത്താണ് ചാർജ് വർദ്ധനവ് ശിപാർശ ചെയ്യുന്നത്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ, ചെലവുകൾ കുറച്ചുകൊണ്ടും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും മാത്രവും നിരക്ക് വർദ്ധനവ് ഒഴിവാക്കുവാൻ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കഴിയുകയില്ല. ചെലവ് ചുരുക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. പദ്ധതികൾ വ്യക്തമായ ആസൂത്രണത്തോടെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായും നിർദ്ദേശാനുസരണവും സമയബന്ധിതമായും സാമ്പത്തിക പരിധിക്കുള്ളിൽ നിന്ന് നടപ്പിലാക്കിവരുന്നു.

2. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം കഴിഞ്ഞ നാളുകളിൽ ക്രമാതീതമായി വർദ്ധിച്ചുവെങ്കിലും ഇത് മുൻകൂട്ടി കണ്ട് വളരെ മുൻപുതന്നെ കരാറിലേർപ്പെട്ടിരുന്ന വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വാങ്ങൽ തുക ഗണ്യമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

   ഹ്രസ്വകാല വൈദ്യുതി വാങ്ങൽ പ്രക്രിയയിൽ വിപണിയിലെ ദൈനംദിന ചലനങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തും ഉപഭോഗത്തിലെ ഏറ്റക്കുറച്ചിലുകൾ പരിശോധിച്ചും ഫലപ്രദമായ ഇടപെടലുകൾ നടത്തി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കിവരുന്നു.

3. കോഴിക്കോട് ഐ.ഐ.എം. പഠന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ച് നിലവിലുള്ള മാനവശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തിയും തസ്തികകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചും റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരം തന്നെ പ്രവർത്തന പരിപാലന ചെലവ് മിതപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ജീവനക്കാരുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

4. വൈദ്യുതി ചാർജ് പിരിച്ചെടുക്കുന്നതിൽ ഓരോ സെക്ഷൻ തലത്തിലുമുള്ള റവന്യൂ വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് വ്യക്തമായ കളക്ഷൻ efficiency നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നതിനാൽ കുടിശ്ശിക ഗണ്യമായി കുറയുകയും വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

5. കേടായ എനർജി മീറ്ററുകൾ സമയബന്ധിതമായി ഗുണനിലവാരമുള്ള മീറ്ററുകൾ ഉപയോഗിച്ച് മാറ്റി വരുമാനനഷ്ടം ഒഴിവാക്കിവരുന്നു.

6. റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ കിട്ടാകടങ്ങൾ പലിശ ഇളവ് നൽകി പിരിച്ചെടുക്കുന്നതിനു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി.

7. കൂടാതെ ഗവൺമെന്റ് തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയതുവഴി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക ഘട്ടം ഘട്ടമായി ബജറ്റിൽ വകയിരുത്തി ലഭ്യമാക്കിവരുന്നു.

8. കെ.എസ്.ഇ.ബി.എൽ-ന്റെ വിജിലൻസ്, റവന്യൂ, ആഡിറ്റ് എന്നീ വിഭാഗങ്ങൾ ശക്തിപ്പെടുത്തി വൈദ്യുതിയുടെ ദുരുപയോഗം, മോഷണം എന്നിവ കണ്ടെത്തി റവന്യൂ നഷ്ടം ഒഴിവാക്കി വരുന്നു.

9. വിതരണ പ്രസരണ മേഖലയിൽ ആവശ്യം വേണ്ട വികസന പ്രവർത്തനങ്ങൾ നടത്തി പ്രസരണ വിതരണ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൽഫലമായി വൈദ്യുതി വാങ്ങലിന്റെ അളവ് കുറയ്ക്കാൻ സാധിക്കുന്നുണ്ട്.

10. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.

11. ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

12. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT & C.Loss-ഉം നഷ്ടവും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

13. DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതു നിമിത്തം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

### കെ.എസ്.ഇ.ബി. അണക്കെട്ടുകളുടെ ഉൽപ്പാദന ശേഷി

196(5944) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ഇ.ബി. അണക്കെട്ടുകളിൽ ശേഷിക്കുന്ന ജലം നിലവിൽ സംഭരണ ശേഷിയുടെ എത്രയാണ്; ഇത് എത്ര ദശലക്ഷം വൈദ്യുതി ഉദ്പാദിപ്പിക്കാൻ പ്രാപ്തമാണ്; ഇത് കഴിഞ്ഞ വർഷത്തെ ഇതേ സമയത്തെ ഉദ്പാദന ശേഷിയുമായി താരതമ്യപ്പെടുത്താമോ;

(ബി) ഇപ്പോൾ കെ.എസ്.ഇ.ബി.-യുടെ പ്രതിദിന ഉപഭോഗം എത്രയെന്നും പ്രതിദിന ഉത്പാദനം എത്രയെന്നും അറിയിക്കാമോ;

(സി) പ്രതിദിന ഉല്പാദനച്ചെലവും പുറത്തുനിന്നു വാങ്ങുന്ന വൈദ്യുതിയുടെ പ്രതിദിന ചെലവും എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 12-11-2019-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. അണക്കെട്ടുകളിൽ ശേഷിക്കുന്ന ജലം നിലവിലുള്ള സംഭരണശേഷിയുടെ 80.22 ശതമാനം ആണ്. പ്രസ്തുത സംഭരണശേഷി കൊണ്ട് 3321.315 ദശലക്ഷം യൂണിറ്റ് ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം ഉൽപ്പാദനശേഷി 3177.967 ദശലക്ഷം യൂണിറ്റായിരുന്നു.

(ബി) 11-11-2019-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.-യുടെ പ്രതിദിന ശരാശരി ഉപഭോഗം 66.9244 ദശലക്ഷം യൂണിറ്റാണ്. ഇതിൽ

കെ.എസ്.ഇ.ബി.-യുടെ പ്രതിദിന ശരാശരി ഉൽപ്പാദനം 16.6767 ദശലക്ഷം യൂണിറ്റാണ്.

(സി) 2018-19-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.യുടെ പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ പ്രതിദിന ശരാശരി ചെലവ് 20.805 കോടി രൂപയാണ്.

31-3-2019-ലെ കണക്കുപ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ 77 പൈസ ചെലവാകും. ഇതുപ്രകാരം ശരാശരി പ്രതിദിന ഉൽപ്പാദന ചെലവ് 1.28 കോടി രൂപയായി കണക്കാക്കാവുന്നതാണ്.

## കെ.എസ്.ഇ.ബി.-ക്ക് ഇലക്ട്രിക് വാഹനങ്ങൾ

197(5945) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സ്വന്തം ആവശ്യങ്ങൾക്കുപയോഗിക്കുന്ന എല്ലാത്തരം വാഹനങ്ങളും ഇലക്ട്രിക്ക് വാഹനങ്ങളാക്കി മാറ്റാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും അത് വഴി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജ്ജിംഗ് ഇൻഫ്രാസ്ട്രച്ചർ ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി ബോർഡിനെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചു. ഇതിന്റെ ഭാഗമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഈ നയത്തിന്റെ ഭാഗമായി താഴെപ്പറയുന്നവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

1. കോർപ്പറേറ്റ് ഓഫീസുകളിലും ഫീൽഡ് ഓഫീസുകളിലും ഉപയോഗിക്കുന്ന പഴയ വാഹനങ്ങൾ ഘട്ടം ഘട്ടമായി ഇലക്ട്രിക് വാഹനങ്ങളായി മാറ്റുക.
2. ഭാവിയിൽ കഴിയുന്നിടത്തോളം ഫീൽഡ് ഓഫീസുകളിൽ വാടകയ്ക്ക് എടുത്തിട്ടുള്ള പെട്രോൾ, ഡീസൽ കാറുകൾ ഇലക്ട്രിക് വാഹനങ്ങളായി മാറ്റുക.

ഇ-മൊബിലിറ്റി പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള EoI വിളിച്ചിട്ടുണ്ട്. ഇതിനുപുറമേ ആറ് കോർപ്പറേഷനുകളിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ ഡി.സി. ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

കൂടാതെ ദേശീയപാതകളിൽ ഓരോ 25 കിലോമീറ്ററിലും നഗരങ്ങളിൽ 3Kmx3Km ഗ്രിഡുകൾ എന്ന കണക്കിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 'വൺ മില്യൺ പ്ലസ് ജനസംഖ്യയുള്ള 7 നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.യും അപേക്ഷ നൽകിയിട്ടുണ്ട്.

കൂടാതെ തുടക്കം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 8.2 കോടി രൂപയുടെ ഭരണാനുമതി 15-10-2019-ൽ നൽകിയിട്ടുണ്ട്.

അന്തരീക്ഷത്തിലെ കാർബണിന്റെ അളവും അന്തരീക്ഷ മലിനീകരണവും കുറച്ച് അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനാകുമെന്നതും കൂടാതെ ഇന്ധന ഇറക്കുമതി കുറയ്ക്കാനാകുമെന്നുമുള്ളതാണ് പ്രതീക്ഷിക്കുന്ന നേട്ടം.

## എൽ.ഇ.ഡി. എനർജി എഫിഷ്യൻസി ഉപകരണങ്ങൾ

198(5946) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദന രംഗത്ത് കൂടുതൽ മുതൽ മുടക്കുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് പകരം എൽ.ഇ.ഡി. എനർജി എഫിഷ്യൻസി ഉപകരണങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇത്തരത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഊർജ്ജക്ഷമതയും ഊർജ്ജസംരക്ഷണവും ഉറപ്പു വരുത്തുന്നതിന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന DELP (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതിപ്രകാരം ഇതിനോടകം തന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെയും എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെയും പങ്കാളിത്തത്തോടെ കേരള സർക്കാർ രൂപം കൊടുത്ത ഒരു കർമ്മ പദ്ധതിയാണ് ഊർജ്ജ കേരള മിഷന്റെ ഭാഗമായ ഫിലമെന്റ് രഹിത കേരളം. സാധാരണ ഫിലമെന്റ് ബൾബുകൾക്കും സി.എഫ്.എൽ-കൾക്കും പകരം ഊർജ്ജക്ഷമത കൂടിയതും കൂടുതൽ പ്രകാശം നൽകുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്കും കുറഞ്ഞ വിലയിൽ 9 വാട്ടിന്റെ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നുണ്ട്. പരമാവധി ഒരു ഉപഭോക്താവിന് 20 എൽ.ഇ.ഡി. ബൾബുകൾ വരെ ഈ പദ്ധതി വഴി ലഭ്യമാക്കാവുന്നതാണ്. ഇതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ഇടുക്കി ജില്ലയിലെ രാജകുമാരി, രാജക്കാട്, അടിമാലി എന്നീ ഇലക്ട്രിക് സെക്ഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ നവീകരണവും തിരൂർ ഇലക്ട്രിക് സർക്കിളിന്റെ കീഴിലുള്ള 20 ട്രാൻസ്ഫോർമറുകളുടെ നവീകരണവും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 60 ഡിസ്ട്രിബ്യൂഷന് ട്രാൻസ്ഫോർമറുകളും കണ്ണൂർ, ആലപ്പുഴ എന്നീ ഇലക്ട്രിക് സർക്കിളുകളുടെ കീഴിൽ 20 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ വീതവും നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ തിരൂർ ഈസ്റ്റ് ഇലക്ട്രിക് സെക്ഷന്റെ പരിധിയിലുള്ള തിരൂർ മാർക്കറ്റ് റോഡിലും പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുമുള്ള ഉപഭോക്താക്കൾക്ക് എച്ച്.വി.ഡി.എസ്. മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തലും ഊർജ്ജ സംരക്ഷണ പദ്ധതിയും പൂർത്തീകരിച്ചു. പാലക്കാട് സുൽത്താൻ പേട്ടയിലും HVDS പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു. കൂടാതെ സബ്സ്റ്റേഷനുകളുടെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220 കെ.വി. സബ്സ്റ്റേഷന്റെ ജോലികൾ പൂർത്തീകരിച്ചു.

ഊർജ്ജ കാര്യക്ഷമമായ തെരുവ് വിളക്ക് സംവിധാനം

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ തെരുവ് വിളക്കുകളെ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയതും ദീർഘനാൾ പ്രവർത്തിക്കുന്നതുമായ എൽ.ഇ.ഡി. അധിഷ്ഠിത തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി, സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം (എസ്.എൽ.എൻ.പി.) എന്ന പേരിൽ ഇന്ത്യയിൽ വ്യാപകമായി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലും എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഊർജ്ജ കാര്യക്ഷമമായ ഗ്രാമം

ഒരു ഗ്രാമം മുഴുവൻ ഊർജ്ജ കാര്യക്ഷമതയുള്ളതാക്കി മാറ്റുക എന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ഇത് നടപ്പിലാക്കാൻ ആവശ്യമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

- ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ബോധവാന്മാരാക്കുക.
- എല്ലാ വീടുകളിലും കാര്യക്ഷമമല്ലാത്ത ലൈറ്റുകൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും കാര്യക്ഷമമല്ലാത്ത ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമമായ എൽ.ഇ.ഡി. ബൾബുകളും 5 സ്റ്റാർ റേറ്റുചെയ്ത ഫാനുകളും ഉപയോഗിക്കുക.
- കാര്യക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക് പകരം ഊർജ്ജകാര്യക്ഷമമായ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുക.
- എല്ലാ സർക്കാർ പൊതുമേഖലാ കെട്ടിടങ്ങളിലും സൗര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക.

പഞ്ചായത്തുകളെ ഇത്തരത്തിൽ എനർജി എഫിഷ്യന്റ് ആക്കിയിട്ടുണ്ട്.

ഊർജ്ജ മിത്ര

അനെർട്ടിന്റെ അക്ഷയ ഊർജ്ജ സംരംഭകരായ ഊർജ്ജമിത്ര പ്രതിനിധികളുടെയും ഇ.ഇ.എസ്.എൽ.-ന്റെയും സഹായത്തോടെ എല്ലാ നിയോജകമണ്ഡലത്തിലും സ്റ്റാർ റേറ്റഡ് ഉപകരണങ്ങൾ ലഭ്യമാക്കുവാൻ

ഇ.എം.സി. പദ്ധതിയിടുന്നുണ്ട്. ഇതിലൂടെ കുറഞ്ഞ വിലയ്ക്ക് ഉയർന്ന ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ എല്ലാവർക്കും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

493 സ്കൂളുകളെ ഊർജ്ജ കാര്യക്ഷമതയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ നൽകി സ്വയം പര്യാപ്തതയിൽ എത്തിച്ചു. ഇതുവഴി 3,53,484 യൂണിറ്റ് വൈദ്യുതി പ്രതിവർഷം സംരക്ഷിക്കാൻ സാധിക്കുന്നുണ്ട്.

## മലപ്പുറം ജില്ലയിൽ വൈദ്യുത പ്രവൃത്തികൾക്ക് തടസ്സം

199(5947) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറ്റീരിയൽസിന്റെ അഭാവംമൂലം മലപ്പുറം ജില്ലയിൽ ഏതെങ്കിലും വൈദ്യുത പ്രവൃത്തികൾക്ക് തടസ്സം നേരിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എത്ര ട്രാൻസ്ഫോർമറുകളാണ് ജില്ലക്ക് ആവശ്യമുള്ളത്; ഇത് അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) A പോളിന്റെയും ട്രാൻസ്ഫോർമറിന്റെ ലഭ്യതക്കുറവും പ്രളയംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മെറ്റീരിയൽസ് കൂടുതലായി ഉപയോഗിച്ചതുമൂലവും ചില പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടിട്ടുണ്ട്.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന പ്രവൃത്തികൾക്കായി 100 കെ.വി.എ യുടെ 70 ട്രാൻസ്ഫോർമറും 160 കെ.വി.എ.-യുടെ 11 ട്രാൻസ്ഫോർമറുകളുമാണ് ആവശ്യമായിട്ടുള്ളത്. ഇതുവരെ 100 കെ.വി.എ.-യുടെ 6 ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട്. പുതിയ ട്രാൻസ്ഫോർമറുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകി കഴിഞ്ഞിട്ടുള്ളതും ഇവ താമസം കൂടാതെ അനുവദിക്കുന്നതുമാണ്.

## അധികമായി ഉൽപ്പാദിപ്പിച്ച സൗരോർജ്ജം

200(5948) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കാൻ ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) സൗരോർജ്ജം ഉപയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാവാട്ട് സൗരോർജ്ജം അധികമായി ഉല്പാദിപ്പിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമേ ദീർഘകാല കരാറുകൾവഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 39.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പഴശ്ശിസാഗർ, ചിന്നാർ, പെരുവണ്ണാമൂഴി, അപ്പർ കല്ലാർ എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ഇതിനുപുറമേ 2015-ാം ആണ്ടു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം-60 മെഗാവാട്ട്, തോട്ടിയാർ ജലവൈദ്യുത പദ്ധതി-40 മെഗാവാട്ട്, ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി - 6 മെഗാവാട്ട് എന്നിവ പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ എല്ലാം 2020 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ അനർട്ടിന്റെ സഹകരണത്തോടെ 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നും കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ

ഉദ്ദേശിച്ചിട്ടുള്ളത്. 42,000-ൽപ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽ നിന്നായി 200 മെഗാവാട്ട് ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായി സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് വൈദ്യുതി വാങ്ങുവാനും SECI യുമായി കാറ്റാടി നിലയങ്ങളിൽ നിന്നും 300 മെഗാവാട്ട് വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡ് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 മെഗാവാട്ട് ശേഷി കൂട്ടിച്ചേർക്കുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പവർ പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പതിറ്റാണ്ടുകളോളം പഴക്കം ചെന്ന ജലവൈദ്യുത പദ്ധതികളായ ഇടുക്കി (ഒന്നാം ഘട്ടം), ഷോളയാർ (പവർ ഹൗസും പെൻസ്റ്റോക്ക്), ചെങ്കുളം നിലയങ്ങളുടെ നവീകരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ കുറ്റിയാടി നവീകരണവും ശേഷി വർദ്ധിപ്പിക്കലും പ്രവൃത്തികളുടെ കരാറും ഇപ്പോൾ നൽകിയിട്ടുണ്ട്.

ഇതിനുപുറമേ അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു.

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകം തന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു.
2. കേരളത്തിലെ എല്ലാ വീടുകളിലും ഉപയോഗത്തിലുള്ള ഫിലമെന്റ് ബൾബുകളും CFL കളും ട്യൂബ് ലൈറ്റുകളും ഘട്ടംഘട്ടമായി എൽ.ഇ.ഡി. വിളക്കുകളിലേക്ക് മാറ്റുന്നതിനുള്ള ഫിലമെന്റ് രഹിത കേരളം പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ അനർട്ടിന്റെ സഹകരണത്തോടെ 2021 ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നും കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ പുരപ്പുറ സൗരോർജജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 42,000-ൽപ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽ നിന്നായി 200 മെഗാവാട്ട് ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജ പദ്ധതികളിൽ നിന്നും 162.64 മെഗാവാട്ട് കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. കൂടാതെ 18.96 Mwp

ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ച് വരുന്നു.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുവാനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനർട്ട് ഏറ്റെടുത്ത് നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അനർട്ട് ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർസ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോവാട്ട് മുതൽ 3 കിലോവാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽ നിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

## വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ

201(5949) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമേ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കി വരുന്നു.

വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതോൽപ്പാദനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വെള്ളത്തൂവൽ (3.6 MW) പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. നിർമ്മാണം മുടങ്ങിക്കിടന്ന ജലവൈദ്യുതി പദ്ധതികളായ പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW), ചാത്തൻ കോട്ടുനട II (6 MW), തോട്ടിയാർ (40 MW) എന്നിവയുടെ പ്രവർത്തനം പുനരാരംഭിച്ചു. ചിന്നാർ (24 MW), പഴശ്ശിസാഗർ (7.5 MW), പെരുവണ്ണാമൂഴി (6 MW), അപ്പർ കല്ലാർ (2 MW) എന്നീ ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

കൂടാതെ കുറ്റിയാടി ജലവൈദ്യുത പദ്ധതിയുടെ 25 MW വീതം ശേഷിയുള്ള മൂന്ന് ജനറേറ്ററുകളുടെ സ്ഥാപിതശേഷി 2.5 MW വീതം (ആകെ 7.5 MW) വർദ്ധിപ്പിക്കുന്ന ജോലിയുടെ Letter of Acceptance കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന് നൽകുകയുണ്ടായി.

പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട ട്രാൻസ്ഗ്രിഡ്-20, ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ, പുഗലൂർ-മാടക്കത്തറ HVDC എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതോടുകൂടി കേരളത്തിന്റെ വൈദ്യുത ഇറക്കുമതി ശേഷി ഗണ്യമായി വർദ്ധിക്കും. ഇത് വരും വർഷങ്ങളിലും വൈദ്യുതക്ഷാമം ഒഴിവാക്കാൻ സഹായിക്കും.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ-ൽ പൂർത്തീകരിച്ചു (15.7) മെഗാവാട്ട്. ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനർട്ട്, IREDA,KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 Mwp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു</u>:

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി. എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുവാനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനർട്ട് ഏറ്റെടുത്ത് നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അനർട്ട് ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

2. സോളാർ സ്മാർട്ട്,സോളാർ കണക്ട് പദ്ധതികൾ :

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർസ്മാർട്ട് പദ്ധതി.

സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതിക്ഷാമം പരിഹരിച്ച് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജമേഖലയിൽ പല പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി നാല് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 39.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതികളിൽ നിന്നും 131.45 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും. നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നും കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

എൻ.എച്ച്.പി.സി. വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് വൈദ്യുതി വാങ്ങുവാനും SECI യുമായി കാറ്റാടി നിലയങ്ങളിൽ നിന്നും 300 മെഗാവാട്ട് വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡ് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എൻ.എച്ച്.പി.സി. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള

കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

10,000 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലേക്കുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എല്ലായിടത്തും സുഗമമായി എത്തിക്കാനാകും വിധം പ്രസരണശൃംഖല ശക്തിപ്പെടുകയും ചെയ്യും. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി KIIFB-യുടെ സഹായത്തോടുകൂടിയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജ പദ്ധതികളിൽ നിന്നും 162.64 മെഗാവാട്ടും കാറ്റിൽ നിന്നും 18.96 Mwp ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി ഉണ്ടാക്കിയ ത്രികക്ഷി കരാർ

202(T*5950) ശ്രീ. വി. ഡി. സതീശൻ
ശ്രീ. വി. എസ്. ശിവകുമാർ
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, കെ.എസ്.ഇ.ബി., കിഫ്ബി തുടങ്ങിയവ ഏർപ്പെടുന്ന നിയമപരമായ ത്രികക്ഷി കരാർ പാലിക്കേണ്ട കടമ കെ.എസ്.ഇ.ബി. യ്ക്കുണ്ടോ;

(ബി) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി ഉണ്ടാക്കിയ ത്രികക്ഷി കരാറിലെ സെക്ഷൻ മൂന്ന് പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി കമ്പനികളെ കണ്ടെത്താനുള്ള ടെൻഡർ നടപടികളിൽ സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾ ബാധകമാകും എന്നത് പാലിക്കാൻ ത്രികക്ഷി കരാറിൽ ഏർപ്പെട്ട എല്ലാവർക്കും നിയമപരമായ ബാധ്യതയുണ്ടോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഉണ്ടെങ്കിൽ സർക്കാർ നിയമങ്ങളും ചട്ടങ്ങളും പ്രസ്തുത ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുള്ള സർക്കാർ കമ്പനിയായ കെ.എസ്.ഇ.ബി.-ക്ക് പാലിക്കാൻ നിയമപരമായ ബാധ്യതയില്ല എന്ന വൈദ്യുതി വകുപ്പുമന്ത്രിയുടെ അഭിപ്രായം നിയമവകുപ്പ് അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കരാറിലെ വ്യവസ്ഥകൾ പാലിക്കാൻ കരാറിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കക്ഷികൾക്കും ബാധ്യതയുണ്ട്. കെ.എസ്.ഇ.ബി.-ക്ക് ബാധകമായ സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിക്കാൻ നിയമപരമായ ബാധ്യതയില്ലെന്ന നിലപാട് കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബി.-ക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് തന്നെയാണ് കിഫ്ബിയുടെ സഹായത്തോടെ ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ വിവിധ പ്രവൃത്തികൾ നടപ്പാക്കിവരുന്നത്.

**ഇ-സേഫ് പദ്ധതിപ്രകാരം ബോധവൽക്കരണം**

203(5951) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ഡി. പ്രസേനൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളെ അതിന്റെ സുരക്ഷിത വശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വൈദ്യുതി വിതരണ പ്രസരണ മേഖലകളിൽ സുരക്ഷയ്ക്കായി എന്തെല്ലാം ആധുനികവത്ക്കരണ നടപടികളാണ് ഈ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്;

(സി) വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും സുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നത്;

(ഡി) ഏതെല്ലാം ഏജൻസികൾ ചേർന്നാണ് ഇ-സെയ്ഫ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവൽക്കരിക്കാനും രൂപം നൽകിയ 'ദ്യുതി 2021' എന്ന വിതരണ ശൃംഖല നവീകരണ പദ്ധതിയിൽ 4036.3 കോടി രൂപയുടെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 2159.09 കോടി രൂപയുടെ പദ്ധതികൾ വിതരണ ശൃംഖലയുടെ സുരക്ഷ വർദ്ധിപ്പിക്കുവാൻ കൂടി വേണ്ടി ലക്ഷ്യമിട്ടുള്ളതാണ്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 156.09 കോടി രൂപയുടെ 942.37 കി.മീ. HT എബിസി കണ്ടക്ടറും 240.95 കോടി രൂപയുടെ 2498 കി.മീ. LT എബിസി കണ്ടക്ടറും 242.95 കോടി രൂപയുടെ 1406.516 കി.മീ. ഭൂഗർഭകേബിളുകളും 35.173 കോടി രൂപയുടെ 228.5 കി.മീ. കവേർഡ് കണ്ടക്ടറും സ്ഥാപിക്കാനും 291.255 കോടി രൂപയ്ക്ക് 1968.516 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എബിസി കണ്ടക്ടറുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി 72.22 കോടി രൂപയ്ക്ക് 8926.6 കി.മീ. HT ലൈനും 687.27 കോടി രൂപയ്ക്ക് 160321.2 കി.മീ. LT ലൈനും റീ-കണ്ടക്ടറിംഗ് നടത്താനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും സുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് വൈദ്യുത സുരക്ഷാ ട്രെയിനിംഗ് ക്ലാസ്സുകൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ വൈദ്യുത മേഖലയിൽ ജോലി എടുക്കുന്ന സാങ്കേതിക വിദഗ്ദ്ധർ, സാധാരണ ജോലിക്കാർ, കരാർ തൊഴിലാളികൾ, വയർമാൻ/ഇലക്ട്രീഷ്യൻസ്, സൂപ്പർവൈസർമാർ എന്നിവരെ ഉൾപ്പെടുത്തിയാണ് പ്രസ്തുത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## ഫിലമെന്റ് ബൾബുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിനുള്ള പദ്ധതി

204(5952) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകൾ മാറ്റി എൽ.ഇ.ഡി ബൾബുകൾ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(സി) എൽ.ഇ.ഡി. ബൾബിന് ഉപഭോക്താക്കളിൽ നിന്നും എത്ര തുക വീതമാണ് ഈടാക്കുന്നതെന്നറിയിക്കാമോ ; ഒരു കണക്ഷന് എത്ര ബൾബാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഇതിനകം രജിസ്റ്റർ ചെയ്യാത്ത ഉപഭോക്താക്കൾക്ക് ഇനിയും രജിസ്റ്റർ ചെയ്യുവാനുള്ള അവസരം നൽകുമോയെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കേരളാ ഗവൺമെന്റ് ആവിഷ്കരിച്ച ഫിലമെന്റ് രഹിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുറഞ്ഞ വിലയിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ കേരളത്തിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും നിലവിലുള്ള ഫിലമെന്റ് ബൾബുകളും, സി.എഫ്.എൽ. ലാമ്പുകൾക്കും പകരം എൽ.ഇ.ഡി. ബൾബുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) പദ്ധതിയിൽ 13-11-2019 വരെ 1323795 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. കമ്പോള വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ വില കൃത്യമായി അറിയുകയുള്ളൂ. മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെയാണ് എൽ.ഇ.ഡി. ബൾബ് വിതരണക്കാരെ തെരഞ്ഞെടുക്കുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന വിലയുടെ അടിസ്ഥാനത്തിലായിരിക്കും ഉപഭോക്താക്കൾക്കുള്ള വില നിശ്ചയിക്കുന്നത്. ഒരു ഗാർഹിക ഉപഭോക്താവിന് 20 എൽ.ഇ.ഡി. ബൾബുകൾ വരെ നൽകുന്നതിന് ലക്ഷ്യമിടുന്നു.

(ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം കെ.എസ്.ഇ.ബി.എൽ-ന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**കല്ലട ജലസേചന പദ്ധതിയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ**

205(5953) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിലൂടെ നൂറ് കണക്കിന് കിലോമീറ്ററുകൾ ദൂരത്തിൽ ശക്തിയായി ഒഴുകി നീങ്ങുന്ന ജലപ്രവാഹത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി ക്ഷാമം ഏറ്റവും രൂക്ഷമാകുന്ന കടുത്ത വേനൽക്കാലത്താണ് കനാലുകളിലൂടെ പൂർണ്ണ തോതിൽ ജലം തുറന്നു വിടാറുള്ളത് എന്ന പ്രത്യേകത പരിഗണിച്ച് വൈദ്യുതി ഉത്പാദന മേഖലയിലെ പ്രതിസന്ധി നീക്കുവാൻ സഹായകരമായ പദ്ധതി എന്ന പരിഗണനയോടെ ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാലിലൂടെയുള്ള ജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പഠനം നടന്നുവരുന്നു.

(ബി) സാധ്യതാ പഠനം പൂർത്തിയായാൽ മാത്രമേ പ്രസ്തുത പദ്ധതി സാമ്പത്തികമായി മെച്ചമാണോ പ്രായോഗികമാണോ (financially & technically feasible)എന്ന് കണ്ടെത്താൻ കഴിയുകയുള്ളൂ.

**പുഗലൂർ-മാടക്കത്തറ പവർ ഹൈവേയുടെ നിർമ്മാണം**

206(5954) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ പുഗലൂരിൽ നിന്ന് തൃശ്ശൂർ ജില്ലയിലെ മാടക്കത്തറയിലെത്തുന്ന രണ്ടായിരം മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്താകെ വിതരണം ചെയ്യാനുള്ള പവർ ഹൈവെയുടെ നിർമ്മാണം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തടസമില്ലാതെ വൈദ്യുതി പ്രവാഹം ഉറപ്പാക്കാനാവുമെന്ന് കരുതുന്നുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ദക്ഷിണേന്ത്യയിലെ വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്നതിനായി ഛത്തിസ്ഗഢിലെ റെയ്ഗാ മുതൽ തമിഴ്നാട്ടിലെ പുഗലൂർ വരെ പവർ ഗ്രിഡ് കോർപ്പറേഷൻ നിർമ്മിച്ചിട്ടുള്ള 6000 മെഗാവാട്ട് ശേഷിയുള്ള ഹൈ വോൾട്ടേജ് ഡയറക്ട് കറണ്ട് ട്രാൻസ്മിഷൻ സിസ്റ്റത്തിന്റെ കേരളത്തിലേയ്ക്കുള്ള തുടർച്ചയാണ് പുഗലൂർ-തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈൻ. ആകെ 153.5 കി.മീ. നീളമുള്ള പുഗലൂർ-തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈനിന് കേരളത്തിൽ 92 കി.മീ. ആണുള്ളത്. തമിഴ്നാട് അതിർത്തിയിലെ ഒഴലപ്പതി മുതൽ

വടക്കാഞ്ചേരി വരെ 64 കി. മീ. ഓവർഹെഡ് ലൈനും വടക്കാഞ്ചേരി മുതൽ മാടക്കത്തറ വരെ 28 കി.മീ. ഭൂഗർഭ കേബിളുമാണ് നിർമ്മിക്കുന്നത്. പുഗലൂർ-തൃശ്ശൂർ 320 കെ.വി. എച്ച്.വി.ഡി.സി. ലൈനിന്റെ ഓവർഹെഡ് ലൈൻ ഭാഗത്തെ 45 ശതമാനം ടവർ ഫൗണ്ടേഷനുകളും 30 ശതമാനം ടവർ ഇറക്ഷൻ ജോലികളും പൂർത്തിയായിട്ടുണ്ട്. ഭൂഗർഭ കേബിൾ ഭാഗത്തെ 78 ശതമാനം കേബിൽ ഡക്ട് നിർമ്മാണവും 49 ശതമാനം കേബിൾ ഇടൽ ജോലിയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുന്നു. കൂടാതെ തൃശ്ശൂർ സബ്സ്റ്റേഷന്റെ 60 ശതമാനം ജോലികളും പൂർത്തിയായിട്ടുണ്ട്. ഈ വൈദ്യുതി സംസ്ഥാനത്താകെ വിതരണം ചെയ്യുവാനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന ബൃഹത്തായ പദ്ധതി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മൂന്ന് 400 കെ.വി. സബ്സ്റ്റേഷനും ഇരുപത്തിമൂന്ന് 220 കെ.വി. സബ്സ്റ്റേഷനും സ്ഥാപിച്ചുവരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായി നടപ്പിലാകുന്നതോടുകൂടി കേരളത്തിൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വഴി മൈസൂരിലേയ്ക്കുള്ള 400 കെ.വി. പവർ ഹൈവേയും തിരുവനന്തപുരം മുതൽ കാസർഗോഡ് (മൈലാട്ടി) വരെയുള്ള 220 കെ.വി. പ്രസരണ ശൃംഖലയും നിലവിൽ വരും. ഇതിൽ മാടക്കത്തറ മുതൽ മലപ്പുറം മലാപ്പറമ്പ വരെയുള്ള 400/220 കെ.വി. മൾട്ടി സർക്യൂട്ട് ലൈൻ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. പുഗലൂർ-തൃശ്ശൂർ ലൈൻ വഴി 2000 മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് തൃശ്ശൂരുള്ള എച്ച്.വി.ഡി.സി. സ്റ്റേഷനിൽ എത്തിക്കുവാൻ സാധിക്കും. പ്രസ്തുത എച്ച്.വി.ഡി.സി. സ്റ്റേഷനിൽ നിന്നുമുള്ള ലൈൻ മാടക്കത്തറയിലും കൊച്ചിൻ ഈസ്റ്റ് സബ്സ്റ്റേഷനുമായി ഇപ്പോൾ നടന്നുവരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി വഴി ബന്ധിപ്പിക്കുന്നതോടെ ഈ പ്രോജക്ടിന്റെ പ്രയോജനം പൂർണ്ണമായും കേരളത്തിന് ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ ട്രാൻസ്ഗ്രിഡ് പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ തടസ്സമില്ലാതെ വൈദ്യുതി എത്തിക്കുവാൻ സാധിക്കുന്നതാണ്.

### വൈദ്യുതി വകുപ്പ് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ

207(5955) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് അടുത്ത രണ്ട് വർഷം കൊണ്ട് സംസ്ഥാനത്ത് 15,500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തുക എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികളടങ്ങുന്ന ഊർജ്ജ കേരള മിഷൻ എന്ന ഒരു ബൃഹത്തായ പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഇതിൽ 2021 ഓടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി 4036 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ദ്യുതി 2021 കേരളത്തിലേയ്ക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകും വിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10,000 കോടി രൂപ ചെലവ് വരുന്ന ട്രാൻസ്ഗ്രിഡ് 2.0, 2021 ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ചു കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിലെ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് ഇ-സേഫ് പദ്ധതി എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്.

സംസ്ഥാന പ്രസരണ മേഖല ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ ലക്ഷ്യമിട്ട ട്രാൻസ്ഗ്രിഡ് 2.0, 10,000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്കായി 6375 കോടി രൂപയുടെ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയായ കിഫ്ബിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ഇതിൽ 5200 കോടി മുതൽ മുടക്കുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി കഴിഞ്ഞു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF -ൽ നിന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായ രണ്ടു പ്രവൃത്തികൾക്ക് 400 കോടി രൂപയുടെ സഹായവും നേടിയെടുക്കാനായിട്ടുണ്ട്. വിതരണ ശൃംഖലയുടെ നവീകരണം മുന്നിൽകണ്ട് 4036 കോടി രൂപ ചെലവിൽ നടപ്പാക്കപ്പെടുന്ന പദ്ധതിയാണ് ദ്യുതി 2021. 2021 ഓടുകൂടി 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ പദ്ധതികളിലൂടെ കൂട്ടിച്ചേർക്കുന്ന സൗര പദ്ധതിയിൽ 50 ശതമാനം (500 മെഗാവാട്ട്) വൈദ്യുതിയും പുരപ്പുറ സൗരോർജ്ജ

പദ്ധതികളിൽ നിന്നും 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതികളിൽ നിന്നും 150 മെഗാവാട്ട് സോളാർ പാർക്കുകളിൽ നിന്നും ബാക്കി 200 മെഗാവാട്ട് ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും കരാർ മുഖേന വാങ്ങിയും കൂട്ടിച്ചേർക്കാനാണ് ഉദ്ദേശിക്കുന്നത്. ഗാർഹിക മേഖലയിൽ നിലവിലുള്ള INCANDESCENT LAMP, CFL ഇവയ്ക്ക് പകരമായി 9W LED ബൾബുകൾ ഇടുകയും ഫ്ലൂറസെന്റ് ട്യൂബുകൾക്ക് പകരമായി 18W/20W LED ട്യൂബുകൾ ഇടുകയും ചെയ്യുക എന്നതാണ് ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കേരളം ഒരു വൈദ്യുതി അപകട രഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ-സേഫ്" . 'വൈദ്യുതി അപകട രഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്.

ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021 എന്നീ പദ്ധതികൾക്ക് കിഫ്ബി, കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിയന്ത്രണത്തിലുള്ള ധനശേഖരമായ PSDF എന്നിവയ്ക്കു പുറമേ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ട്, സർക്കാർ അനുമതിയോടുകൂടി ബാങ്കിംഗ്, ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പദ്ധതികൾക്കായി പ്രത്യേക വായ്പ തുടങ്ങിയ മാർഗ്ഗങ്ങളിൽ നിന്നും തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. സ്ഥിരപദ്ധതിയിൽ മുതൽ മുടക്കുന്നത് പ്രധാനമായും ഉപഭോക്താക്കളോ അല്ലെങ്കിൽ സ്വകാര്യ നിക്ഷേപകരോ ആകും.

(സി) പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി ബോർഡ് തലത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## കാറ്റിൽ നിന്നും വൈദ്യുതി

208(5956) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാനം നിലവിൽ വളരെ പിന്നിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) അതിൽ എത്ര സ്ഥലങ്ങളിലാണ് ഇതിനകം കാറ്റാടി പാടങ്ങൾ സ്ഥാപിച്ചത്; അറിയിക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായുള്ള സ്ഥലം എപ്രകാരം നൽകുവാനാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെലവേറിയതും ശ്രമകരവുമാണ്. ജനസാന്ദ്രതയേറിയതും ഫലഭൂയിഷ്ഠവുമായ ഭൂപ്രദേശമായ കേരള സംസ്ഥാനത്ത് ഇത്തരം പദ്ധതികൾക്ക് അനുയോജ്യമായ തരിശുഭൂമി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ് ഇതിലെ പ്രധാന പരിമിതി. വർഷം മുഴുവൻ നിലനിൽക്കുന്നതും അനുയോജ്യമായ വേഗതയുള്ള കാറ്റ് ലഭിക്കുന്നത് കേരളത്തിൽ 17 സ്ഥലങ്ങളിലാണ്. 17 സ്ഥലങ്ങളിൽ കഞ്ചിക്കോട് ഒഴികെയുള്ള സ്ഥലങ്ങളെല്ലാം പശ്ചിമഘട്ട പ്രദേശങ്ങളിലാണ്. ഇവിടെ റോഡ് സൗകര്യം കുറവായതുകൊണ്ടാണ് കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കാൻ തടസ്സമായിട്ടുള്ളത്.

(ബി) കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ പൊൻമുടി, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, കോട്ടമല, കോട്ടത്തറ, നല്ലസിംഗം, തോളനൂർ, ഇടുക്കി ജില്ലയിലെ കൈലാസമേട്, കോലാഹലമേട്, കുളത്തുമേട്, കുട്ടിക്കാനം, പാഞ്ചാലിമേട്, പരംപുകെട്ടിമേട്, പുള്ളിക്കാനം, രാമക്കൽമേട്, സേനാപതി, സക്കുളത്തുമേട്, പുഷ്പഗിരി എന്നീ സ്ഥലങ്ങളിലാണ് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുയോജ്യമായ കാറ്റിന്റെ ലഭ്യതയുള്ളത്.

(സി) കഞ്ചിക്കോട്- 26.43 മെഗാവാട്ട് (പാലക്കാട്), രാമക്കൽമേട്-15.25 മെഗാവാട്ട് (ഇടുക്കി), അഗളി 18.6 മെഗാവാട്ട് (പാലക്കാട്), വേലന്താവളം- 10 മെഗാവാട്ട് (പാലക്കാട്) എന്നിവിടങ്ങളിലാണ് ഇതിനകം കാറ്റാടി പാടങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കേരളത്തിൽ കഞ്ചിക്കോട് സ്ഥാപിച്ചിട്ടുള്ള 2 മെഗാവാട്ട് നിലയം (KSEB) ഒഴിച്ച് ബാക്കിയെല്ലാം സ്വകാര്യ മേഖലയിലാണ് നടപ്പാക്കിയിരിക്കുന്നത്. ഇതിനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്.

## കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദനം

209(5957) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനരുപയോഗ ഊർജ്ജസ്രോതസ്സായ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

നമ്മുടെ സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെലവേറിയതും ശ്രമകരവുമാണ്. ജനസാന്ദ്രതയേറിയതും ഫലഭൂയിഷ്ഠവുമായ ഭൂപ്രദേശമായ കേരള സംസ്ഥാനത്ത് ഇത്തരം പദ്ധതികൾക്ക് അനുയോജ്യമായ തരിശുഭൂമി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ് ഇതിലെ പ്രധാന പരിമിതി. കാറ്റിൽ നിന്നുള്ള പദ്ധതികൾക്ക് അനുയോജ്യമായ കാറ്റിന്റെ ലഭ്യതയുള്ളത് കേരളത്തിൽ ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രമാണ്. അതുകൊണ്ട് ഈ ജില്ലകളിൽ കേന്ദ്രീകൃതമായാണ് കാറ്റിൽ നിന്നുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിതമാകുന്നത്. സംസ്ഥാനത്ത് 70.25 മെഗാവാട്ട് ശേഷിയുള്ള പദ്ധതികൾ നിലവിലുണ്ട്.

കൂടാതെ സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ്-2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. സ്വകാര്യ സംരംഭകർ വഴി കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ റിവേഴ്സ് ടെണ്ടർ വിളിച്ച് 200 മെഗാവാട്ടിന്റെ വരെ വൈദ്യുതി വാങ്ങാനും ലക്ഷ്യമിടുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

210(5958) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസത്തിനു ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് തുകയുൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണം ഡി.ഡി.യു.ജി.ജെ.വൈ. (DDUGJY) സ്കീം, ഐ.പി.ഡി.എസ്. (IPDS) സ്കീം, ദ്യുതി എന്നീ പദ്ധതികളാണ് കരുനാഗപ്പള്ളി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയത്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി 11.51 കി.മീ. 11 കെ.വി. ലൈൻവലിക്കുകയും 42.28 കി.മീ. 11 കെ.വി. ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുകയും 0.16 കി.മീ.ഭ്രൂഗർഭ കേബിൾ സ്ഥാപിക്കുകയും 48.35 കി.മീ. ലോ ടെൻഷൻ ലൈൻവലിക്കുകയും 18.16 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ലൈൻവലിക്കുകയും 45 എണ്ണം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 66.21 കി.മീ. ലോ ടെൻഷൻ ലൈൻ കൺവെർഷൻ നടത്തുകയും 0.25 കി.മീ. 11 കെ.വി. കണ്ടക്ടർ മാറ്റി സ്ഥാപിക്കുകയും 384.89 കി.മീ. ലോ ടെൻഷൻ കണ്ടക്ടർ മാറ്റി സ്ഥാപിക്കുകയും 791 എണ്ണം ബി.പി.എൽ. സർവീസ് കണക്ഷനും 6284 എണ്ണം ഇതര സർവ്വീസ് കണക്ഷനും നൽകി.

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനത്തിനായി 10.192 കി.മീ. സിംഗിൾ ഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് 750 സർവീസ് കണക്ഷൻ നൽകുന്നതിന് 58,00,882 രൂപയുടെ എസ്റ്റിമേറ്റ് തുകയാണ് തയ്യാറാക്കിയിരുന്നത്. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 23 ലക്ഷം രൂപയും തഴവ ഗ്രാമപഞ്ചായത്തിൽ നിന്നും 3,31,800 രൂപയും 1,66,286 രൂപ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഫണ്ട് ഉൾപ്പെടെ ആകെ 27,98,086 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ബാക്കി തുകയായ 30,02,796 രൂപ കെ.എസ്.ഇ.ബി.-യുടെ തനതു ഫണ്ടിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളത്.

### ആറന്മുളയിൽ സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതി

211(5959) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുളയിൽ തുടക്കമിട്ട സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതി ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയും;

(സി) പദ്ധതിയിലെ പ്രധാന ആശയങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) അപകടരഹിതമായി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ വീടുകളിലും എത്തിക്കുക, സമ്പൂർണ്ണ സുരക്ഷ ഉറപ്പാക്കുക, വൈദ്യുതി ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഗുണമേന്മ ഉറപ്പാക്കുക, വീടുകളിലെയും സ്ഥാപനങ്ങളിലെയും എർത്തിങ്/വയറിംഗ്/ELCB തുടങ്ങിയവയുടെ പരിശോധന, കേടായ മീറ്ററുകൾ മാറ്റിവയ്ക്കുക തുടങ്ങിയ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി ആറന്മുള ഗ്രാമത്തിലെ എല്ലാ ഉപഭോക്താക്കൾക്കും നാടിനും സമ്പൂർണ്ണ വൈദ്യുതി സുരക്ഷയേകാൻ നടപ്പിലാക്കുന്ന പദ്ധതിയാണ് ആറന്മുള സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതി. ആറന്മുള ഗ്രാമപഞ്ചായത്ത്, കെ.എസ്.ഇ.ബി.എൽ. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കുടുംബശ്രീ, വ്യാപാരി വ്യവസായ സംഘടനകൾ, ഇലക്ട്രിക്കൽ വയർമാൻ & സൂപ്പർവൈസേഴ്സ് സംഘടനകൾ, കോളേജ്/ സ്കൂൾ/ ഐ.ടി.ഐ. വിദ്യാർത്ഥികൾ, രാഷ്ട്രീയ പാർട്ടികൾ/മതസംഘടന ഭാരവാഹികൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 2019 മേയ് 7-ന് നടന്നു.

ടി പദ്ധതിയിൽ ഉൾപ്പെട്ട വൈദ്യുതി ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്ന പദ്ധതിയും ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട 'ദ്യുതി 2021' ൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു.

ടി പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെയും സ്ഥാപനങ്ങളിലെയും എർത്തിംഗ്/ വയറിംഗ്/ELCB തുടങ്ങിയവയുടെ പരിശോധനയുൾപ്പെടെയുള്ള മറ്റു പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 20 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കൊട്ടാരക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

212(5960) <u>ശ്രീമതി പി. അയിഷാ പോറ്റി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുന്നതിന് നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളും DDUGJY പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിലുൾപ്പെട്ട പ്രവൃത്തികളും കേന്ദ്രാവിഷ്കൃത പദ്ധതിയായ IPDS ഫേസ് 2-ൽ ഉൾപ്പെട്ട പ്രവൃത്തികളും ഇപ്പോൾ നടന്നുവരുന്നു.

(ബി) കൊട്ടാരക്കര ഇലക്ട്രിക്കൽ സർക്കിളിൽ നിന്നും 5211 അപേക്ഷകൾ ഇലക്ട്രിക്കൽ സർക്കിൾ തിരിച്ച് ലഭ്യമായിട്ടുണ്ട്. (പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല.)

(സി) പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

## സോളാർ റൂഫ് ടോപ്പ് പദ്ധതി

213(5961) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ സോളാർ റൂഫ് ടോപ് പദ്ധതി പ്രകാരം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത്;

(സി) പദ്ധതി വീടുകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പുനരുപയോഗ ഊർജ്ജം നഗരത്തിന്റെ പ്രധാന ഊർജ്ജ സ്രോതസ്സായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ സോളാർ റൂഫ് ടോപ് പദ്ധതി തിരുവനന്തപുരം, കൊച്ചി നഗരസഭകളാണ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനിൽ 600 കിലോവാട്ടും കൊച്ചി കോർപ്പറേഷനിൽ 1000 കിലോവാട്ട് ശേഷി വരുന്ന സോളാർ റൂഫ് ടോപ് പദ്ധതികളാണ് നടപ്പിലാക്കുന്നത്.

കെട്ടിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനലുകളുടെ ശേഷി അനുസരിച്ച് കെട്ടിടങ്ങൾ സോളാർ ഉപയോഗിച്ച് മാത്രമായി പ്രവർത്തിപ്പിക്കാനും മിച്ച ഊർജ്ജം ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യാനും കഴിയും. ഊർജ്ജ ഉൽപ്പാദന

കേന്ദ്രമെന്ന നിലയിൽ വരുമാനം നേടാൻ ഈ കെട്ടിടങ്ങളെ സോളാർ പ്രോജക്ട് സഹായിക്കുന്നു. താപവൈദ്യുത നിലയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഊർജ്ജ ഉൽപ്പാദനംമൂലം പ്രതിദിനം കാർബൺ ഉൽപ്പാദനം 3 ടൺ കുറയ്ക്കുവാൻ കഴിയും. 40 കിലോവാട്ട് ശേഷിയുള്ള ഫയർ സ്റ്റേഷൻ സൈറ്റ് അടുത്തിടെ കൊച്ചിയിൽ കമ്മീഷൻ ചെയ്തു. ഇത് സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന മിച്ച ഊർജ്ജം കയറ്റുമതി ചെയ്യുന്ന കേരളത്തിലെ ആദ്യത്തെ അഗ്നിശമന കേന്ദ്രമാണ്.

(ബി) തിരുവനന്തപുരം നഗരസഭയിൽ കേരള നിയമസഭ, കേരള യൂണിവേഴ്സിറ്റി ലൈബ്രറി, ഗവൺമെന്റ് കോളേജ് ഫോർ വിമൺ വഴുതയ്ക്കാട്, സെൻട്രൽ സ്റ്റേറ്റ് ലൈബ്രറി, ഗവൺമെന്റ് സെൻട്രൽ സ്കൂൾ, അട്ടക്കുളങ്ങര എന്നീ അഞ്ച് ലൊക്കേഷനുകളിലാണ് സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായ സോളാർ റൂഫ് ടോപ് പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സാധ്യതാ പഠനങ്ങൾക്കുശേഷം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ തെരഞ്ഞെടുക്കപ്പെട്ട 28 സർക്കാർ സ്ഥാപനങ്ങളും മേൽക്കൂരകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. സൈറ്റ് വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഇല്ല.

## പണ്ഡിറ്റ് കറുപ്പൻ റോഡിലെ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്നതിന് എൻ.ഒ.സി.

214(T*5962) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയിലെ തേവര പ്രദേശത്ത് പണ്ഡിറ്റ് കറുപ്പൻ റോഡിലെ വീതി കുറഞ്ഞ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന മൂന്നു ട്രാൻസ്ഫോർമറുകൾ മൂലം നേരിടുന്ന ഗതാഗതപ്രശ്നവും അപകടങ്ങളും കണക്കിലെടുത്ത് പ്രസ്തുത ട്രാൻസ്ഫോർമറുകൾ തേവരയിൽ കേരള വാട്ടർ അതോറിറ്റി കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് എൻ.ഒ.സി. ലഭിക്കുന്നതിനായി 19-12-2017 ലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ പ്രമേയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിച്ച് ഗതാഗതം സുഗമമാക്കേണ്ടത് പൊതു ആവശ്യമായി കണക്കിലെടുത്ത് ഉപാധിരഹിത എൻ.ഒ.സി. ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ പ്രമേയത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് പണ്ഡിറ്റ് കറുപ്പൻ റോഡിലെ വീതി കുറഞ്ഞ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറുകളും അനുബന്ധ ഉപകരണങ്ങളും കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി 4,99,994 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി തുക കോർപ്പറേഷൻ 28-3-2018-ൽ ഒടുക്കിയിട്ടുള്ളതുമാണ്.

ട്രാൻസ്ഫോർമറുകളും അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം കേരള വാട്ടർ അതോറിറ്റിയുടേതായതിനാൽ എൻ.ഒ.സി. നൽകേണ്ടത് വാട്ടർ അതോറിറ്റിയാണ്. ഈ എൻ.ഒ.സി. ലഭ്യമാക്കുവാനായി കേരള വാട്ടർ അതോറിറ്റിയുടെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കെ.എസ്.ഇ.ബി. എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ട്. എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### ജലവൈദ്യുത പദ്ധതികളിലെ അറ്റകുറ്റപ്പണികൾ

215(5963) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജലവൈദ്യുത പദ്ധതികളിലാണ് വൻതോതിലുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നത്;

(ബി) ആയതിലൂടെ ഊർജ്ജ ഉല്പാദനരംഗത്ത് എന്തുനേട്ടം കൈവരിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്;

(സി) ഇതിനായി എന്തുതുകയാണ് ചെലവാക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ)

1. ഇടുക്കി ഒന്നാം ഘട്ടം (3x130 MW)
2. ഷോളയാർ ജലവൈദ്യുതി പദ്ധതി (3x18 MW)
3. ചെങ്കുളം പമ്പ് ഹൗസ്
4. കുറ്റ്യാടി ആർ.എം.യു. (3x25 MW) to (3x27.5 MW)

(ബി) ഇടുക്കി, ഷോളയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പദ്ധതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. ഈ പദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിന് നൂതന സാങ്കേതിക വിദ്യയും പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഷോളയാർ പെൻസ്റ്റോക്ക് നവീകരണം വഴി ആ പദ്ധതി പൂർണ്ണതോതിൽ സുരക്ഷിതമായി പ്രവർത്തന സജ്ജമാക്കുന്നതിനും സാധിക്കുന്നു.

നവീകരിച്ചു വരുന്ന ചെങ്കുളം പമ്പ് ഹൗസിൽ കൂടി പുതിയതായി നിർമ്മിച്ചുവരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം പവർഹൗസിൽ നിന്ന് പുറത്തുവരുന്ന അധിക ജലം പമ്പ് ചെയ്ത് ചെങ്കുളം ഡാമിൽ എത്തിക്കുവാൻ സാധിക്കുകയും ഇതുപ്രകാരം നിലവിലെ ചെങ്കുളം പവർഹൗസ് പൂർണ്ണശേഷിയിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കും. കൂടാതെ, അപ്പർ ചെങ്കുളത്ത് (1x24 MW) നിർമ്മിക്കാൻ ഉദ്ദേശിച്ചുവരുന്ന പദ്ധതിയിലേക്ക് വേണ്ട ജലം ശേഖരിക്കുവാനും കഴിയുന്നു.

കുറ്റ്യാടി പദ്ധതി നവീകരണം വഴി പദ്ധതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിക്കുകയും സ്ഥാപിതശേഷി 75MW-ൽ നിന്ന് 82.5MW ആയി ഉയർത്തുവാനും ഉദ്ദേശിക്കുന്നു.

(സി) ഇതിനായി ചെലവാകുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| | | | |
|---|---|---|---|
| 1 | ഇടുക്കി ഒന്നാം ഘട്ടം | (3x130 MW) | 53.6235 കോടി രൂപ |
| 2 | ഷോളയാർ ജലവൈദ്യുത പദ്ധതി | (3x18 MW) | 96.32 കോടി രൂപ |
| 3 | ചെങ്കുളം പമ്പ് ഹൗസ് | | 22.66 കോടി രൂപ |
| 4 | കുറ്റ്യാടി ആർ.എം.യു | (3x25 MW) to (3x27.5 MW) | 327.2 കോടി രൂപ |
| | | | ആകെ 499.8035 കോടി രൂപ |

## നിലമ്പൂർ-എടക്കര ലൈനിൽ വൈദ്യുതി തകരാർ

216(5964) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-എടക്കര വൈദ്യുതി ലൈനിൽ അടുത്ത കാലത്തായി നിരന്തരം വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രതികൂല കാലാവസ്ഥയില്ലാതിരുന്നിട്ടും രാത്രികാലങ്ങളിൽ നിലമ്പൂർ-എടക്കര ലൈനിൽ വൈദ്യുതി തകരാർ ഉണ്ടാകുന്നതിന്റെയും വിതരണം നിലയ്ക്കുന്നതിന്റെയും കാരണം വ്യക്തമാക്കാമോ; ആയതിന് ശാശ്വത പരിഹാരം കാണുമോ;

(സി) നിലമ്പൂരിൽ നിന്നല്ലാതെ മറ്റ് സബ്സ്റ്റേഷനുകളിൽ നിന്ന് എടക്കര ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുവാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ സബ്സ്റ്റേഷനിൽ വൈദ്യുതി എത്തുന്നത് മലപ്പുറം-നിലമ്പൂർ 66 കെ.വി. സിംഗിൾ സർക്യൂട്ട് ലൈനിൽ കൂടിയാണ്. ഈ ലൈൻ 110 കെ.വി. ലൈൻ ആയി ശേഷി ഉയർത്തുന്ന ജോലി നടത്തുന്നതിനുവേണ്ടി പകൽ സമയങ്ങളിൽ (രാവിലെ 8 മുതൽ 6 വരെ) ഓഫ് ചെയ്യുന്നുണ്ട്. അതിനാൽ മലപ്പുറം-നിലമ്പൂർ, നിലമ്പൂർ-എടക്കര ലൈനുകളിൽ വൈദ്യുതി മുടങ്ങാറുണ്ട്. കൂടാതെ ഈ ലൈനിൽ എന്തെങ്കിലും തകരാർ ഉണ്ടാകുമ്പോഴും നിലമ്പൂർ, എടക്കര സബ്സ്റ്റേഷനുകളിൽ വൈദ്യുതി മുടങ്ങും. സമീപ പ്രദേശങ്ങളിലുള്ള 33 കെ.വി. സബ്സ്റ്റേഷനുകളിൽ നിന്നും പുനഃക്രമീകരണം നടത്തി പരമാവധി പ്രദേശങ്ങളിൽ വിതരണം നടത്തുന്നതിന് പരിശ്രമിക്കുന്നുണ്ട്.

(ബി) പകൽ സമയങ്ങളിൽ വൈദ്യുതി മുടങ്ങുന്നതിനാൽ പ്രസ്തുത ജോലിക്ക് ശേഷം 66 കെ.വി. ലൈൻ ചാർജ്ജ് ചെയ്യുമ്പോൾ വൈദ്യുതി ഉപയോഗം കൂടുതലാണ്. നിലവിലുള്ള 66 കെ.വി. ലൈൻ വളരെ പഴക്കമുള്ളതും ശേഷികുറഞ്ഞ മിങ്ക് കണ്ടക്ടർ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതുമാണ്. അതിനാൽ ഉപഭോഗം കൂടുന്ന സമയങ്ങളിൽ വൈദ്യുതി ലൈൻ താഴുകയും വൃക്ഷ ശിഖരങ്ങളുമായുള്ള ക്ലിയറൻസ് കുറയുകയും ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമൂലം ചില ദിവസങ്ങളിൽ രാത്രി വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ പരമാവധി വൃക്ഷശിഖരങ്ങൾ മുറിച്ചു മാറ്റുകയും ലൈൻ ഉയർത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലൈനിന്റെ പഴക്കവും ശേഷിക്കുറവും കാരണം ലൈൻ പൊട്ടിവീഴാനുള്ള സാധ്യത കൂടുതലാണ്.

ശാശ്വത പരിഹാരം മലപ്പുറം-നിലമ്പൂർ 66 കെ.വി. ലൈൻ 110 കെ.വി. ആയി ഉയർത്തുക എന്നുള്ളതാണ്. പ്രസ്തുത ജോലികൾ നടന്നുവരുന്നുണ്ട്. എന്നാൽ തുടർച്ചയായി എല്ലാ ദിവസവും പകൽ സമയങ്ങളിൽ വൈദ്യുതി ലൈൻ ഓഫ് ചെയ്യുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കൂടുതൽ സമയം ആവശ്യമാണ്. കൂടാതെ നിലമ്പൂർ ബൈപ്പാസുമായി ബന്ധപ്പെട്ട് ലൈനിന്റെ അലൈൻമെന്റ് തീരുമാനിക്കപ്പെടേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ഇക്കാര്യത്തിൽ ധാരണയാകുന്ന മുറയ്ക്ക് ഈ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

(സി) എടക്കര സബ്സ്റ്റേഷനിലേക്ക് മറ്റു ഇ.എച്ച്.ടി. ലൈനുകൾ എത്തിക്കുവാൻ പ്രായോഗിക സാധ്യതയില്ല. എന്നാൽ പോത്തുകല്ലിൽ ഒരു 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം നടക്കുന്നുണ്ട്. അത് പൂർത്തിയായാൽ ഭാഗീകമായി എടക്കര ഭാഗത്തേയ്ക്ക് 11 കെ.വി. വൈദ്യുതി എത്തിക്കുവാൻ കഴിയുന്നതാണ്.

**കെ.എസ്.ഇ.ബി.-യുടെ അധിക ചാർജ് ഈടാക്കൽ**

217(5965) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത 130 കോടിയിലധികം രൂപ ബോർഡ് സമയബന്ധിതമായി അടയ്ക്കാതിരുന്നതിനാൽ 2018-19 വർഷത്തെ നികുതിയിളവ് ആവശ്യപ്പെട്ട ജീവനക്കാർക്ക് ലഭിക്കുവാൻ ഇടയില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) ആദായ നികുതി വകുപ്പിന്റെ നോട്ടീസ് ലഭിച്ച കെ.എസ്.ഇ.ബി. യുടെ റെന്റിങ് യൂണിറ്റുകൾ ഏതെല്ലാം; വ്യക്തമാക്കുമോ ;

(സി) ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; സർക്കാരിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ആദായനികുതി വകുപ്പിന്റെ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ റെന്റ്, സെസ്സ്, അധികചാർജ്, അധിക ക്വാഷൻ ഡിപ്പോസിറ്റ് തുകകൾ മിക്കവാറും എല്ലാ മാസത്തെ ബില്ലുകളിലും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നുണ്ടെന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ഇ) ഇത്തരത്തിൽ 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ തുക എത്ര ; ഫിക്സഡ് ചാർജ്, റെന്റ്, അധിക ചാർജ്, ക്വാഷൻ ഡിപ്പോസിറ്റ് എന്നിവ തരം തിരിച്ച് ലഭ്യമാക്കുമോ; ഈ തുക തിരികെ ഉപഭോക്താവിന് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) വൈദ്യുതി ബോർഡ് ജനങ്ങളെ തെറ്റിധരിപ്പിച്ച് ഈടാക്കുന്ന അധിക തുക സർക്കാർ അനുമതിയോടെയാണോ; സർക്കാർ അനുമതി ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ജി) വൻകിട വ്യവസായ സ്ഥാപനങ്ങൾ വർഷങ്ങളായി വൈദ്യുതി ബിൽ അടയ്ക്കാതിരിക്കുന്ന അവസരത്തിൽ ഗാർഹിക ഉപഭോക്താക്കൾ കൃത്യമായി ബില്ല് അടയ്ക്കുമ്പോൾ അവരെ വഞ്ചിച്ച് അധിക തുക ഈടാക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ വൈദ്യുതി ബോർഡ് ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷത്തെ ആദായനികുതി ഇളവ് ലഭിക്കുന്നതാണ്. ഇതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സർക്കാർ തലത്തിൽ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) ആദായനികുതി വകുപ്പിന്റെ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളിൽനിന്നും തുകയൊന്നും ഈടാക്കുന്നില്ല. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതും ഇലക്ട്രിസിറ്റി സപ്ലൈകോഡ് പ്രകാരമുള്ളതുമായ മീറ്റർ റെന്റ്, ഫ്യൂവൽസർചാർജ്ജും,ക്യാഷൻ ഡിപ്പോസിറ്റ് മുതലായവ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു.

(ഇ) കെ.എസ്.ഇ.ബി. ലിമിറ്റഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽ നിന്നും ഫിക്സഡ് ചാർജ് ഇനത്തിൽ 1078.47 കോടിയും, മീറ്റർ റെന്റ് ഇനത്തിൽ 94.38 കോടിയും അധികചാർജ് ഇനത്തിൽ 96.57 കോടി രൂപയും ക്യാഷൻ ഡിപ്പോസിറ്റ് ഇനത്തിൽ 182.17 കോടി രൂപയും ഈടാക്കിയിട്ടുണ്ട്.

(എഫ് &ജി) വൈദ്യുതി ബോർഡ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അധിക തുക ഈടാക്കുന്നില്ല. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് യാതൊരു തുകയും ഒരു വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നില്ല.

## വൈദ്യുതി ഉപകരണങ്ങളുടെ യഥാർത്ഥ ലോഡ് രേഖപ്പെടുത്തുന്നതിന് നടപടി

218(5966) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വൈദ്യുതി ഉപകരണങ്ങളുടെ യഥാർത്ഥ ലോഡ് രേഖപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. നൽകിയിട്ടുള്ള സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ടോ;

(ബി) ലോഡ് കൃത്യമായി രേഖപ്പെടുത്താത്ത ഉപഭോക്താക്കളുടെ പേരിൽ പരിശോധന കർശനമാക്കുന്നതിന് ബോർഡ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യുടെ വിജിലൻസ് സ്ക്വാഡിനെ കൂടി ഇക്കാര്യത്തിൽ ഏർപ്പെടുത്തുകയും ക്രമക്കേട് നടത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഉപഭോക്താക്കൾക്ക് അപേക്ഷ ഫീസ്, പരിശോധനാ ഫീസ്, അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി അവരുടെ യഥാർത്ഥ കണക്ടഡ് ലോഡ് സ്വയം വെളിപ്പെടുത്തുവാനുള്ള സമയം 31-3-2020 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നുമുള്ള സ്പെഷ്യൽ സ്ക്വാഡുകളും വൈദ്യുതി ദുരുപയോഗം തടയുന്നതിനായി പരിശോധനകൾ ഊർജ്ജിതമാക്കി വരികയാണ്.

## കുടിശ്ശിക തീർപ്പാക്കാൻ വൈദ്യുതി ബോർഡ് നിർദ്ദേശിച്ച വ്യവസ്ഥകൾ

219(5967) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായിട്ടുള്ള കുടിശ്ശിക തീർപ്പാക്കാൻ വൈദ്യുതി ബോർഡ് നിർദ്ദേശിച്ച ഉദാരവ്യവസ്ഥകൾ റെഗുലേറ്ററി കമ്മീഷൻ തള്ളിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൈദ്യുതി ബോർഡിന്റെ പല നിർദ്ദേശങ്ങളും കൃത്യമായി വൈദ്യുതി ബിൽ അടയ്ക്കുന്നവരെ അപഹാസ്യമാക്കുന്നതാണെന്ന കാര്യം പരിശോധിക്കുമോ;

(സി) മോഷണക്കേസുകൾ കൂടി തീർപ്പാക്കലിന്റെ ഭാഗമാക്കാനുള്ള നീക്കം സർക്കാർ അനുമതിയോടെയാണോ എന്ന കാര്യം പരിശോധിക്കുമോ;

(ഡി) വൈദ്യുതി ചാർജ് ബില്ലിൽ, ഉപയോഗിച്ച യൂണിറ്റിന് പുറമേ പലതരത്തിലുള്ള ചാർജ്ജുകളും ഈടാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ന്റെ റെഗുലേഷൻ 136 (5) പ്രകാരം ദീർഘകാല കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതികൾ ലൈസൻസി രൂപീകരിക്കേണ്ടതും കമ്മീഷന്റെ മുൻകൂർ അനുമതിയോടെ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്. ഈ വ്യവസ്ഥ പ്രകാരമാണ് കെ.എസ്.ഇ.ബി. പദ്ധതികൾ സമർപ്പിക്കുന്നതും അത് റെഗുലേറ്ററി

കമ്മീഷൻ പൊതുവിചാരണ നടത്തിയതിനുശേഷം അംഗീകാരം നൽകുന്നതും ഇപ്രകാരം അംഗീകരിച്ചിട്ടുള്ള പദ്ധതികൾ കാലാകാലങ്ങളായി ബോർഡിൽ നടപ്പാക്കിവരുന്ന കീഴ്വഴക്കമാണുള്ളത്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ പൊതുവെ ദീർഘകാല കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് വേണ്ടിയാണ് നടപ്പിലാക്കിവരുന്നത്. ഇപ്പോൾ പ്രാബല്യത്തിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും (OTS 2019) രണ്ട് വർഷത്തിന് മുകളിൽ കുടിശ്ശികയുള്ളവർക്കാണ് ബാധകമായിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നിലവിലുള്ള കുടിശ്ശികയിൽ പലിശയുടെ നിരക്കിൽ മാത്രമാണ് ഇളവ് നൽകുന്നത്. നിലവിലെ ചട്ടപ്രകാരം ഒരു ഉപഭോക്താവിന് ബില്ല് നൽകിയതിനുശേഷം 21 ദിവസം കഴിയുമ്പോൾ ബില്ല് തുക അടയ്ക്കാത്തപക്ഷം കണക്ഷൻ വിച്ഛേദിക്കുകയും ഇതിനെത്തുടർന്ന് കുടിശ്ശിക 6 മാസം തികയുമ്പോൾ ടി കണക്ഷൻ അഴിച്ചെടുക്കുന്നതുമാണ്. ആയതിനാൽ പൊതുവെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയോഗപ്പെടുത്തുന്ന ഉപഭോക്താവിന്റെ കണക്ഷൻ വിച്ഛേദിക്കപ്പെട്ട നിലയിലോ അതോ കുടിശ്ശികകൾ നിയമനടപടികളിലോ ആയിരിക്കും.

(സി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ മോഷണ കേസുകളിൽപ്പെട്ട് ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 135 പ്രകാരം മൂല്യനിർണ്ണയം നടത്തിയിട്ടുള്ള കുടിശ്ശികകൾക്ക് ബാധകമല്ല. എന്നാൽ ബോർഡ് നൽകിയ ഹർജിയിൽ ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 135 (1) (ഇ) ൽ മാത്രം മൂല്യനിർണ്ണയം നടത്തിയിട്ടുള്ള കുടിശ്ശികകളെ ഒറ്റത്തവണ തീർപ്പാക്കലിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. ടി സെക്ഷൻ പ്രകാരം വിദ്യുച്ഛക്തിയുടെ ഉപയോഗം അധികാരപ്പെടുത്തിയതിനല്ലാത്ത ഉദ്ദേശത്തിനായി ഉപയോഗിച്ചതിന് ബാധകമായിട്ടുള്ളതാണ്. ഇപ്രകാരമുള്ള ഉപയോഗം മീറ്ററിൽ കൃത്യമായി രേഖപ്പെടുത്തും. ഇതുകൂടാതെ പരമോന്നത നീതിപീഠം ഒരു കേസിൽ (Civil Appeal No. 6547 of 2019) ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 135 പ്രകാരം മൂല്യനിർണ്ണയം നടത്തിയിട്ടുള്ളതിൽ സിവിൽ ബാധ്യത ലൈസൻസികൾക്ക് പിരിച്ചെടുക്കാൻ കഴിയുന്നതാണെന്നും അത് പ്രത്യേക കോടതിയുടെ ഉത്തരവിൻപ്രകാരം പിൽക്കാലത്ത് ക്രമീകരിക്കേണ്ടതുമാണെന്ന് പറയുകയുണ്ടായി. എന്നാൽ ക്രിമിനൽ നടപടി അതിന്റെ വഴിക്ക് പോകുകയും ചെയ്യും. ഇതിനെത്തുടർന്നാണ് സെക്ഷൻ 135 (1) (ഇ)-ലുള്ള വൈദ്യുതി ദുരുപയോഗം നടത്തിയ ഉപഭോക്താവിനെകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നതാണ്.

(ഡി) നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരവും സപ്ലൈ കോഡ് 2014-ന്റെ വ്യവസ്ഥകൾക്കും വിധേയമായി വിതരണ ലൈസൻസി ഉപഭോക്താവിൽ ചുമത്തേണ്ട ചാർജ്ജുകൾ, കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിച്ച താരിഫ് പ്രകാരവും ലൈസൻസിന്റെ നിബന്ധനകളിൽ നിശ്ചയിച്ച പ്രകാരവും ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം എനർജി ചാർജ്ജിന് പുറമേ നിശ്ചിത ചാർജ്ജ് അല്ലെങ്കിൽ ഡിമാന്റ് ചാർജ്ജ്, മീറ്റർ വാടക, കപ്പാസിറ്ററിന്റെ അധിക തുക, പവർ ഫാക്ടർ ക്രമീകരണ ചാർജ്ജ് എന്നിങ്ങനെ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ചാർജ്ജുകൾ ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്നതാണ്. ഇപ്രകാരം കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ചാർജ്ജുകൾ മാത്രമേ വൈദ്യുതി ചാർജ്ജ് ബില്ലിൽ ഈടാക്കുന്നുള്ളൂ.

## കൽപ്പറ്റ മണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷനുകൾ

220(5968) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൽപ്പറ്റ മണ്ഡലത്തിൽ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ അനുവദിച്ചു; ഓരോ വിഭാഗം തിരിച്ചും വർഷം തിരിച്ചും കണക്ക് ലഭ്യമാക്കാമോ; അതിൽ എത്ര സൗജന്യ കണക്ഷനുകൾ നൽകിയെന്ന് വിശദമാക്കുമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും അതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിൽ വിവിധ വിഭാഗങ്ങളിലായി 11997 കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷനിലുള്ള 8390 ഉപഭോക്താക്കളിൽ 3159 എണ്ണം സൗജന്യ കണക്ഷനുകളാണ്. വിശദവിവരം ചുവടെ ചേർക്കുന്നു:

| വർഷം | ഗാർഹിക കണക്ഷനുകൾ | വാണിജ്യ കണക്ഷനുകൾ | കാർഷിക കണക്ഷനുകൾ | വ്യവസായ കണക്ഷനുകൾ | സൗജന്യ കണക്ഷനുകൾ |
|---|---|---|---|---|---|
| 16-17 | 2133 | 730 | 27 | 111 | 1105 |
| 17-18 | 3430 | 985 | 33 | 74 | 1492 |
| 18-19 | 1656 | 819 | 34 | 118 | 307 |
| 19-20 | 1171 | 562 | 29 | 85 | 255 |
| ആകെ | 8390 | 3096 | 123 | 388 | 3159 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിലെ വിവിധ സെക്ഷനുകളിലായി 183.37 ലക്ഷം രൂപ മുടക്കി 53 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

## ഹൈമാസ്റ്റ്/ലോ മാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ

221(5969) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ച ഹൈമാസ്റ്റ്/ലോ മാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കെ.എസ്.ഇ.ബി. കാലതാമസം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ടോ;

(ബി) കണക്ഷൻ നൽകിയ സ്ഥലങ്ങളിൽ, നൽകിയ കണക്ഷൻ കെ.എസ്.ഇ.ബി. ഡിസ്കണക്റ്റ് ചെയ്തിരുന്നുവോ;

(സി) ഉണ്ടെങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാലതാമസം വരുത്തിയിട്ടില്ല. വള്ളിക്കുന്ന മണ്ഡലത്തിൽ വള്ളിക്കുന്ന സെക്ഷനിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 6-3-2019-ന് ECSC ചാർജ് അടയ്ക്കുകയും 7-3-2019-ന് കണക്ഷൻ നൽകുകയും ഇതെ പദ്ധതിപ്രകാരം ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 19-10-2019-ന് ECSC ചാർജ് അടയ്ക്കുകയും 21-10-2019-ന് 5 ലോമാസ്റ്റ് ലൈറ്റുകൾക്ക് കണക്ഷൻ നൽകുയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കടലുണ്ടി സെക്ഷനിൽ സ്ഥാപിച്ച ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകൾക്ക് ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-10-2019-ലെ അപേക്ഷ പ്രകാരം 7 സ്ഥലങ്ങളിൽ സ്ഥാപിച്ച ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾക്ക് 10-10-2019-ന് കണക്ഷൻ നൽകുകയുണ്ടായി.

എന്നാൽ പുള്ളിക്കടവ് പാലം, പാറയിൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ച ലൈറ്റുകൾക്ക് കൊടുത്ത കണക്ഷനുകൾ താൽക്കാലികമായി വിച്ഛേദിക്കണമെന്ന് 11-10-2019-ന് ചേർന്ന പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തെത്തുടർന്ന് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായി. 15-10-2019-ന് മേൽ വൈദ്യുതി കണക്ഷനുകൾ പുനസ്ഥാപിക്കുവാനുള്ള ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തെത്തുടർന്ന് ആയത് 16-10-2019-ന് പുനഃസ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## വയനാട് ജില്ലയിലെ വൈദ്യുതി ബിൽ കുടിശ്ശിക

222(5970) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ കുടിശ്ശിക ഇനത്തിൽ വയനാട് ജില്ലയിൽ നിന്നും എത്ര തുക വൈദ്യുതി ബോർഡിന് കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ബിൽ കാലങ്ങളായി അടയ്ക്കാത്ത ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ; അറിയിക്കാമോ;

(സി) വയനാട് ജില്ലയിൽ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) വൈദ്യുതി ബിൽ കുടിശ്ശിക ഇനത്തിൽ എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ വയനാട് ജില്ലയിൽ നിന്നും 31-10-2019 വരെ 2,80,95,776 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. കൂടാതെ എൽ.റ്റി. വിഭാഗത്തിൽ 30-9-2019 വരെ 10.30 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) ഉണ്ട്. ആയതിന്റെ വിശദമായ പട്ടിക അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*.

(സി) ആയതിന്റെ വിശദമായ പട്ടിക അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

## പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് നടപടികൾ

223(5971) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. മുകേഷ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പദ് വ്യവസ്ഥയുടെ വളർച്ചക്കനുസൃതമായി വൈദ്യുതിയുടെ ആവശ്യകത വർദ്ധിക്കുന്നുവെന്നതിനാൽ 2011-12 വർഷത്തെയും 2019-20 വർഷത്തെയും വൈദ്യുതിയുടെ ആവശ്യകത താരതമ്യപ്പെടുത്തി അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വൈദ്യുതിയുടെ ആവശ്യകത പൂർണ്ണമായും നിറവേറ്റുന്നതിന് പുറത്തുനിന്ന് വാങ്ങുന്നതുൾപ്പെടെയുള്ള വിവിധ സ്രോതസുകളെപ്പറ്റി വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ലോഡ് ഷെഡിംഗോ പവർകട്ടോ ഏർപ്പെടുത്തിയിരുന്നോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ദിവസം ലോഡ് ഷെഡിംഗും പവർകട്ടും ഏർപ്പെടുത്തിയിരുന്നു എന്നതിന്റെ കണക്ക് ലഭ്യമാണോ;

(ഡി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുമെന്ന വാഗ്ദാനം എത്രമാത്രം പ്രാവർത്തികമാക്കിയിട്ടുണ്ട്; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം നിലച്ചിരുന്ന എത്ര പദ്ധതികൾ പുനരാരംഭിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതിയുടെ ആവശ്യകത സംസ്ഥാനത്ത് (2011-12)വർഷം 18,946.29 ദശലക്ഷം യൂണിറ്റും (2019-20) വർഷം പ്രതീക്ഷിക്കുന്നത്- 26,242.46 ദശലക്ഷം യൂണിറ്റും ആണ്.

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30 ശതമാനം മാത്രമേ ആഭ്യന്തര ഉൽപ്പാദനം വഴി നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. ഇതിൽ താരതമ്യേന ചെലവ് കുറഞ്ഞ ജലവൈദ്യുതി മഴക്കാലത്ത് ഉൽപ്പാദനം കുറച്ചും ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് ഉൽപ്പാദനം വർദ്ധിപ്പിച്ചും ഉപയോഗിക്കുന്നു. കൂടാതെ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ ഉൽപ്പാദകരിൽ നിന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകളിൽ വൈദ്യുതി വാങ്ങുകയാണ്.

അവശേഷിക്കുന്ന 70 ശതമാനം വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്ന് താഴെ പറയുന്ന പ്രകാരമാണ് വാങ്ങുന്നത്:

1. സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കുകൾ പ്രകാരം കേന്ദ്രപൂളിൽനിന്നും ദീർഘകാല കരാറുകൾ മുഖേനയും
2. ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള മത്സരാധിഷ്ഠിത ടെണ്ടർ മുഖേന തീരുമാനിച്ച നിരക്കുകളുള്ള ദീർഘകാലകരാറുകൾ മുഖേന സ്വകാര്യ ഉൽപ്പാദകരിൽ നിന്നും (ഡി.ബി.എഫ്.ഒ.)

ഇവ കൂടാതെ ഉപഭോഗം വർദ്ധിക്കുന്ന വേനൽക്കാലത്ത് അന്യ സംസ്ഥാനങ്ങളിലെ ഉൽപ്പാദകരുമായി ബാങ്കിംഗ് കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി വാങ്ങിയും വർഷകാലത്ത് തിരിച്ച് നൽകിയും ഉപഭോഗം നിറവേറ്റുന്നു. ഇതിനുപുറമേ ദൈനംദിനാവശ്യങ്ങൾക്കായി പവർ എക്സ്ചേഞ്ച് മുഖേന താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാറുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഏർപ്പെടുത്തിയിട്ടില്ല. കേന്ദ്രവൈദ്യുതി നിലയങ്ങളിൽനിന്നും വിഹിതം കുറഞ്ഞ ചുരുക്കം ചില ദിവസങ്ങളിൽ പീക്ക് സമയത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായ പവർകട്ടും ലോഡ്ഷെഡ്ഡിംഗും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. മൂലമറ്റം വൈദ്യുതി നിലയത്തിൽ നിന്നുണ്ടായ അപകടംമൂലം 2011 ജൂൺ 20-ാം തീയതി മുതൽ 23-ാം തീയതി വരെ സംസ്ഥാനത്ത് സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

2. വൈദ്യുതി ലഭ്യതക്കുറവ് മൂലം 2011 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 10-ാം തീയതി വരെ സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

3. 2012 ഏപ്രിൽ 2 മുതൽ മേയ് 23-ാം തീയതി വരെയും സെപ്റ്റംബർ 27-ാം തീയതി മുതൽ 2013 ജൂൺ 15-ാം തീയതി വരെയും സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

4. ശബരിഗിരി വൈദ്യുതി നിലയത്തിലെ അറ്റകുറ്റപ്പണികൾ കാരണം 22-5-2014 മുതൽ 31-5-2014 വരെ സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

5. 2014 ജൂൺ മാസം 2, 3 തീയതികളിലും 4-6-2014-,26-6-2014 വരെ സൈക്ലിക് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

2012 ഏപ്രിൽ 5-ാം തീയതി മുതൽ മേയ് 31-ാം തീയതി വരെ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2012 ഏപ്രിൽ 26-ാം തീയതി മുതൽ മെയ് 31-ാം തീയതി വരെ എൽ.റ്റി. ഉപഭോക്താക്കൾക്ക് 10 ശതമാനം പവർകട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2012 മേയ് 31-ാം തീയതി വരെ നിലനിന്നിരുന്നു.

2012 ഡിസംബർ 15-ാം തീയതി മുതൽ എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 25 ശതമാനം പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.റ്റി. ഉപഭോക്താക്കൾക്ക് 20 ശതമാനം പവർകട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2013 മേയ് 31-ാം തീയതി വരെ നിലനിന്നിരുന്നു.

എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ വൈദ്യുത ശൃംഖലയുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനല്ലാതെ ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുത നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ഡി) അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരം പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനോടൊപ്പം പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ദ്യുതി 2021 പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ പ്രധാനം വിസരണ നഷ്ടം കുറയ്ക്കുക എന്നതാണ്. സൗര പദ്ധതിയിലൂടെ വികേന്ദ്രീകൃത ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആകുന്നതും വിതരണ നഷ്ടം കുറയ്ക്കാൻ സഹായിക്കും. വൈദ്യുതി മേഖലയിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ വഴി കെ.എസ്.ഇ.ബി.-യുടെ ആകെ പ്രസരണ -വിതരണ നഷ്ടം എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് -AT & C Loss) ഈ കാലയളവിൽ 10.83 ശതമാനമാക്കി കുറയ്ക്കാനായി.

(ഇ) നിർമ്മാണം മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), ചാത്തൻകോട്ടുനട II (6 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്) എന്നിവയുടെ നിർമ്മാണം പുനരാരംഭിച്ചു.

<u>പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്)</u>

ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ കരാർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

തോട്ടിയാർ (40 മെഗാവാട്ട്)

ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലുള്ളതും അടങ്കൽ തുകയ്ക്ക് ആനുപാതികമായും കരാർ ഉറപ്പിക്കുവാൻ സാധിക്കാത്തതിനാൽ പവർ ഹൗസിന്റെ നിർമ്മാണ പ്രവൃത്തിൾ ബോർഡ് നേരിട്ട് നടത്തുന്നതിനുവേണ്ട നടപടിക്രമങ്ങൾ നടത്തിവരുന്നു.

ചാത്തൻകോട്ടുനട II

ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ കരാർ ഉറപ്പിക്കുകയും മാർച്ച് 2021-ൽ പദ്ധതി പൂർത്തീകരിക്കത്തക്ക രീതിയിൽ പണികൾ പുരോഗമിച്ചുവരുന്നു.

## സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതികൾ

224(5972) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി പ്രകാരം കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉപഭോഗം എപ്രകാരം വിനിയോഗിക്കുന്നതിനാണ് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നത്;

(ഡി) സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന പദ്ധതി ഊർജ്ജ കേരള മിഷന്റെ ഭാഗമായ സൗരയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള സർക്കാരിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്നും 500 മെഗാവാട്ട് 2021-2022 ഓടെ ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

500 മെഗാവാട്ട് പുരപ്പുറ പദ്ധതി ചുവടെ പറയുന്ന മേഖലകളിൽ നിന്നും ഉൽപ്പാദിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത് :

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കൾ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങൾ | 100 മെഗാവാട്ട് |
| ഗാർഹികേതര/സർക്കാർ ഇതര സ്ഥാപനങ്ങൾ | 250 മെഗാവാട്ട് |

പദ്ധതിയുടെ ഭാഗമായി നാളിതുവരെ രജിസ്റ്റർ ചെയ്ത സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സാധ്യത പഠനത്തിനുശേഷം യോഗ്യമായ മേൽക്കൂരകൾ തെരഞ്ഞെടുക്കുകയും മറ്റ് സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചുവരുന്നു.

(സി) ഉപഭോക്താക്കളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഉപഭോക്താക്കളുടെ ആവശ്യത്തിന് അനുസരിച്ച് വ്യവസ്ഥകളോടെ ഉപയോഗിക്കാവുന്നതും അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേക്ക് നൽകാവുന്നതുമാണ്.

(ഡി) സൗര പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളെയാണ് ഇതിലേക്ക് പരിഗണിച്ചത്. മേൽക്കൂരയുടെ വിസ്തൃതി, മേൽക്കൂരയുടെ സ്വഭാവം, തടസ്സമില്ലാതെ സൂര്യപ്രകാശം ലഭിക്കാനുള്ള സാധ്യത, ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, ഗ്രിഡിലേക്ക് കടത്തിവിടാനുള്ള സൗകര്യം തുടങ്ങിയവയാണ് സ്വീകരിച്ച പ്രധാന മാനദണ്ഡങ്ങൾ.

## വൈദ്യുതി കമ്പി പൊട്ടിവീണ് ഷോക്കേറ്റുള്ള മരണങ്ങൾ

225(5973) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കമ്പി പൊട്ടിവീണ് ഷോക്കേറ്റുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈൻ പൊട്ടി വീഴുന്നതടക്കം വൈദ്യുതി അനുബന്ധ അപകടങ്ങൾ ഇല്ലാതാക്കി ജനങ്ങളുടെ സ്വത്തിനും ജീവനും സുരക്ഷ ഒരുക്കണമെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) ലൈൻ പൊട്ടിവീണാൽ അറിയിക്കുന്ന ഫാൽക്കൺ സംവിധാനം ബോർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ടോ; പ്രസ്തുത സംവിധാനം എല്ലായിടത്തും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2017, 2018, 2019 വർഷങ്ങളിൽ ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ നിന്നും കമ്പി പൊട്ടി വീണുണ്ടായ അപകടങ്ങൾ വിശകലനം ചെയ്തതിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ വർദ്ധിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്.

പ്രകൃതിക്ഷോഭത്തിൽ കമ്പി പൊട്ടി വീണ് കൂടുതൽ അപകടങ്ങൾ ഉണ്ടായതാണ് 2017-നെ അപേക്ഷിച്ച് 2018-ൽ ഷോക്കേറ്റുള്ള മരണങ്ങളിൽ നേരിയ വർദ്ധനവുണ്ടാകാൻ കാരണം. 2019 ലും പ്രകൃതിക്ഷോഭത്തിൽ കമ്പി പൊട്ടി വീണ് അപകടമരണങ്ങൾ ഉണ്ടായിട്ടുണ്ട്. 2017, 2018, 2019 വർഷങ്ങളിൽ കമ്പി പൊട്ടി വീണുണ്ടായ അപകട വിശകലനം ചുവടെ ചേർത്തിട്ടുണ്ട്:

കമ്പി പൊട്ടി വീണുണ്ടായ അപകടങ്ങൾ

| വർഷം | പൊതുജനങ്ങൾക്കുണ്ടായ (മാരകം) അപകടം | പൊതുജനങ്ങൾക്കുണ്ടായ (മാരകമല്ലാത്തത്) അപകടം | മൃഗങ്ങൾക്കുണ്ടായ അപകടം | ആകെ അപകടം |
|---|---|---|---|---|
| 2017 | 18 | 9 | 39 | 66 |
| 2018 | 20 | 10 | 34 | 64 |
| 2019 | 16 | 13 | 27 | 56 |

(ബി) പത്തനംതിട്ട പ്രക്കാനം കുളങ്ങരയിൽ ശ്രീ. ബിജി കുളങ്ങര മാത്യ ഫയൽ ചെയ്ത പൊതുജന താൽപ്പര്യ ഹർജി (OP No. 5812 of 2002 (S))-ൻമേൽ തീർപ്പുകൽപ്പിച്ചു. 2006 ജൂൺ 2-ന് പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാനത്തെ ഇലക്ട്രിക് ലൈനുകളിലുണ്ടാകുന്ന ഷോർട്ട് സർക്യൂട്ട് 6 മാസത്തിനുള്ളിൽ പരിഹരിച്ചുകൊള്ളാമെന്നുള്ള കെ.എസ്.ഇ.ബി.-യുടെ ഉറപ്പ് രേഖപ്പെടുത്തുകയാണുണ്ടായത്.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണ ശൃംഖല ആധുനികവൽക്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 156.09 കോടി രൂപയുടെ 942.37 കി.മീ. HT എ.ബി.സി. കണ്ടക്ടറും

240.95 കോടി രൂപയുടെ 2498 കി.മീ. LT എ.ബി.സി. കണ്ടക്ടറും 242.29 കോടി രൂപയുടെ 1406.516 കി.മീ. ഭൂഗർഭ കേബിളുകളും 35.173 കോടി രൂപയുടെ 228.5 കി.മീ. കവേർഡ് കണ്ടക്ടറും സ്ഥാപിക്കാനും 291.255 കോടി രൂപയ്ക്ക് 1968.325 കി.മീ. HT ഓവർഹെഡ് ലൈനുകൾ മാറ്റി എ.ബി.സി. കണ്ടക്ടറുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ വൈദ്യുതി കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ചുവടെ കാണിച്ചിട്ടുള്ള നടപടികൾ കെ.എസ്.ഇ.ബി. കൈക്കൊണ്ടുവരുന്നു.

1. ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു.(പ്രോജക്ട് മാനേജ്മെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാ ക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. AAC/AAAC കമ്പികളുടെ വാങ്ങൽ 1998 മുതൽ കെ.എസ്.ഇ.ബി.എൽ നിർത്തിവച്ചു. പകരം പൊട്ടാൻ സാധ്യതയില്ലാത്ത ACSR കമ്പികൾ ഉപയോഗിച്ച് വരുന്നു.

2. കമ്പി കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽപോലും താഴോട്ട് വീഴാതിരിക്കാനും സ്പേസറുകൾ സ്ഥാപിക്കുന്നു.

3. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന്"9496010101" എന്ന നമ്പരിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പി പൊട്ടിയാൽ ഉടൻ അറിയിക്കുവാൻ 9496010101 എന്ന നമ്പരിൽ ബന്ധപ്പെടുവാനുള്ള നിർദ്ദേശം ഓരോ സെക്ഷൻ കാര്യാലയത്തിന്റെ കീഴിലുള്ള 1000 പോസ്റ്റുകളിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

4. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു.

6. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള കുടുംബശ്രീ യൂണിറ്റുകൾ വഴി ബോധവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ജില്ലാ കുടുംബശ്രീ മിഷൻ കോർഡിനേറ്ററുമായും ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ചീഫ് സേഫ്റ്റി ഓഫീസർ ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

7. വൈദ്യുതി ഉപഭോക്താക്കളെയും പൊതുജനങ്ങളെയും വൈദ്യുത സുരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുള്ള വിവിധ പരിപാടികൾ ഫീൽഡ് ഓഫീസുകൾ വഴി തുടർച്ചയായി നടത്തിവരുന്നു. പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാ വബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/ പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക,സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾതന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

8. ഏത് പരാതിയും നേരിട്ട് അറിയിക്കുന്നതിന് "1912" എന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവനകേന്ദ്രം 24 മണിക്കൂറും 365 ദിവസവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവസമയങ്ങളിലും മറ്റു പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

9. കൂടാതെ എല്ലാ വർഷവും മെയ് ആദ്യവാരം വൈദ്യുതി സുരക്ഷാ വാരം ആചരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി സുരക്ഷയെ മുൻനിർത്തി എഫ്.എം. റേഡിയോ ചാനലുകളിലൂടെ വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക, പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക,സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾക്ക് മുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും പ്രത്യേകിച്ച് ഫാബ്രിക്കേഷൻ, വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേയ്ക്കറുകളെക്കുറിച്ച് അവബോധം നൽകുക എന്നീ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(സി) 11 കെ.വി ലൈനിലെ തകരാർ കണ്ടുപിടിക്കുന്നതിനായി "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവ് കുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് പരീക്ഷണാടിസ്ഥാനത്തിൽ ഷൊർണ്ണൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ഉപയോഗിച്ച് വളരെ ഫലപ്രദമെന്ന് വിലയിരുത്തിയിട്ടുണ്ട്. തകരാർ ഉണ്ടാകുന്ന സമയത്ത് വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാർ ഉണ്ടായ സ്ഥലം അറിയിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഇത്തരത്തിലുള്ള 3000 ത്തോളം "Communicable Fault Pass Detector (CFPD)" ഇപ്പോൾ നിർമ്മാണത്തിലാണ്.

കൂടാതെ ലൈനുകൾ പൊട്ടി വീണാൽ അപകടങ്ങൾ ഒഴിവാക്കാനായി ലോ ടെൻഷൻ ലൈനുകളിൽ കൂടുതൽ ഫലപ്രാപ്തിയുള്ളതും പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ ഒരു പരിഹാരം കണ്ടെത്തുവാൻ ഇലക്ട്രിക്കൽ ഉപകരണ നിർമ്മാതാക്കളിൽ നിന്നും ഇലക്ട്രിക്കൽ പ്രൊട്ടക്ഷൻ സിസ്റ്റം ആർക്കിടെക്ടുകളിൽ നിന്നും ഇന്നവേറ്റേഴ്സിൽ നിന്നും താൽപ്പര്യപത്രവും ക്ഷണിച്ചിട്ടുണ്ട്.

### ചെങ്ങന്നൂർ മണ്ഡലത്തിലെ വൈദ്യുതി അപകടങ്ങൾ

226(5974) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് വൈദ്യുതി അപകടങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകൾ ഏതെല്ലാമാണ്;

(ബി) അതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും ഈ വർഷം വൈദ്യുതി അപകടങ്ങളുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ രണ്ട് അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. ഓമനക്കുട്ടൻ 26-07-2019 ന് വീട്ടിനകത്ത് വച്ച് മാരകമായ വൈദ്യുതാഘാതമേറ്റ് മരിച്ചു.
2. ശ്രീ. ബിജു 28-08-2019 ന് പെയിന്റിംഗ് പണിക്ക് ചാരം കെട്ടുന്നതിനുവേണ്ടി ഇരുമ്പ് പൈപ്പ് ഉയർത്തിയപ്പോൾ 11 കെ.വി. യിൽ നിന്നും മാരകമായ വൈദ്യുതാഘാതമേറ്റ് മരിച്ചു.

(ബി)

1. 26-7-2019-ന് ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ മാന്നാർ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ശ്രീ. ഓമനക്കുട്ടൻ വീട്ടിൽ നിന്നും തൊഴുത്തിലേക്ക് ഇൻസുലേഷൻ കേടു വന്ന വയർ ഉപയോഗിച്ച് വൈദ്യുതി ഉപയോഗിക്കുമ്പോൾ ഇൻസുലേഷൻ കേടായ ഭാഗത്തു നിന്നും മാരകമായ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടു. ടി വ്യക്തിക്ക് കൺസ്യൂമറുടെ പ്രതിഷ്ഠാപനത്തിൽ നിന്നും വൈദ്യുതാഘാതമേറ്റതിനാൽ വൈദ്യുതി സുരക്ഷാ സ്കീം പ്രകാരമുള്ള ആശ്വാസ ധനസഹായത്തിന് അനന്തരാവകാശികൾ അർഹരല്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് 3-10-2019-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ ചെങ്ങന്നൂരിന് നൽകിയിരുന്നു.
2. 28-8-2019-ന് ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ മാന്നാർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ശ്രീ. ബിജുവിന് പെയിന്റിംഗ് പണിക്കുവേണ്ടി ഇരുമ്പ് പൈപ്പ് ഉപയോഗിച്ച്ചാരം കെട്ടുമ്പോൾ കയ്യിൽ നിന്ന് പൈപ്പ് വഴുതി 11 കെ.വി. ലൈനിൽ തട്ടുകയും മാരകമായ വൈദ്യുതാഘാതമേറ്റ് മരണപ്പെടുകയുമുണ്ടായി. ടി വ്യക്തിയുടെ അശ്രദ്ധമായ പ്രവൃത്തിമൂലം ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽ വൈദ്യുതാഘാതമേറ്റതിനാൽ വൈദ്യുതി സുരക്ഷാ സ്കീം പ്രകാരമുള്ള ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്ന രേഖകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് 24-9-2019-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചെങ്ങന്നൂരിന് കൊടുത്തിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലെ കാലതാമസം

227(5975) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകൾ, ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ എന്നിവയുടെ വികസനത്തിനും മറ്റും കെ.എസ്.ഇ.ബി. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കത്ത് നൽകിയാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) ദേശീയപാതയിൽ ഇടിമുഴിക്കൽ മുതൽ സ്പിന്നിംഗ് മിൽ വരെ വീതി കൂട്ടി ടാർ ചെയ്യുന്നതിന് മുമ്പായി ഇടിമുഴിക്കൽ മുതൽ സ്പിന്നിംഗ് മിൽ വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് എസ്റ്റിമേറ്റ് ലഭിക്കുന്നതിനുവേണ്ടി കോഴിക്കോട് രാമനാട്ടുകര സെക്ഷനിലെ ദേശീയപാത വിഭാഗം നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ഉത്തരം

(എ) നേരിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. രാമനാട്ടുകര സെക്ഷനിൽ നിന്നും 6-11-2019-ൽ ഇടിമുഴിക്കൽ മുതൽ സ്പിന്നിംഗ് മിൽ വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റിക്ക് 76751 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ടി തുക അടയ്ക്കുന്ന മുറയ്ക്ക് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ഒരു ഇലക്ട്രിക്കൽ സെക്ഷനിലെ പരമാവധി ഉപഭോക്താക്കൾ

228(5976) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഇലക്ട്രിക്കൽ സെക്ഷനിൽ പരമാവധി എത്ര ഉപഭോക്താക്കളാവാമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഒരെണ്ണം രൂപീകരിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ ഇപ്പോൾ എത്ര സെക്ഷനുകൾ ഉണ്ടെന്നും ഓരോ സെക്ഷനിലുമുള്ള ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) കാസർകോട് ജില്ലയിൽ അവസാനമായി സെക്ഷൻ വിഭജനം നടന്നതെപ്പോഴായിരുന്നു; നിലവിലുണ്ടായിരുന്ന ഏത് സെക്ഷൻ വിഭജിച്ചാണ് പുതിയ സെക്ഷനാണുണ്ടാക്കിയത്; ഏതാണ് ആ പുതിയ സെക്ഷൻ; ഒറിജിനൽ സെക്ഷനിലെ അന്നത്തെ ഉപഭോക്താക്കളുടെ എണ്ണം എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) കാസർകോട് ജില്ലയിൽ പുതിയ സെക്ഷൻ രൂപീകരിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ &ബി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് വിഭജനത്തിനായി പരിഗണിക്കുന്നത്.

(സി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള 30 സെക്ഷൻ ഓഫീസുകളുടെ പേരും അവിടുത്തെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | കാസർഗോഡ് | 23290 |
| 2 | നെല്ലിക്കുന്ന് | 25674 |
| 3 | കുമ്പള | 16152 |
| 4 | ഉപ്പള | 21864 |
| 5 | മഞ്ചേശ്വരം | 19347 |
| 6 | വോർക്കാടി | 15628 |
| 7 | പൈവളിഗെ | 12442 |
| 8 | ചെർക്കള | 27402 |
| 9 | മുള്ളേരിയ | 19778 |

| (1) | (2) | (3) |
|---|---|---|
| 10 | ഉദുമ | 22575 |
| 11 | കുറ്റിക്കോൽ | 19770 |
| 12 | ചട്ടഞ്ചാൽ | 15696 |
| 13 | പെർള | 11354 |
| 14 | സീതാംഗോളി | 14499 |
| 15 | കാഞ്ഞങ്ങാട് | 17964 |
| 16 | ബളാംതോട് | 11201 |
| 17 | ഭീമനടി | 17850 |
| 18 | ചിത്താരി | 21148 |
| 19 | ചോയ്യങ്കോട് | 12276 |
| 20 | കയ്യൂർ | 11419 |
| 21 | മാവുങ്കാൽ | 25165 |
| 22 | നല്ലോമ്പുഴ | 11214 |
| 23 | നീലേശ്വരം | 27407 |
| 24 | പടന്നക്കാട് | 11863 |
| 25 | പടന്ന | 9522 |
| 26 | പെരിയ ബസാർ | 15935 |
| 27 | പീലിക്കോട് | 21615 |
| 28 | രാജപുരം | 19370 |
| 29 | തൃക്കരിപ്പൂർ | 18128 |
| 30 | ബദിയടുക്ക | 20969 |

(ഡി) കാസർഗോഡ് ജില്ലയിൽ അവസാനമായി പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചത് 24-2-2016-ൽ ആണ്. ടി ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ 26101 ഉപഭോക്താക്കളുള്ള നെല്ലിക്കുന്ന്, 21666 ഉപഭോക്താക്കളുള്ള ബദിയടുക്ക, 25404 ഉപഭോക്താക്കളുള്ള കുമ്പള എന്നീ സെക്ഷൻ ഓഫീസുകളിൽപ്പെട്ട ഉപഭോക്താക്കളെ വിഭജിച്ച് സീതാംഗോളി സെക്ഷൻ ഓഫീസ് അനുവദിക്കുകയുണ്ടായി.

(ഇ) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**കോതമംഗലം സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കൽ**

229(5977) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുന്ന കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷന്റെ ശേഷി 66 കെ.വിയിൽ നിന്നും എത്ര കെ.വി വരെ ഉയർത്തുവാനാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എത്ര തുകയുടെ പ്രവൃത്തിയാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ നിർമ്മാണം 85 ശതമാനം പൂർത്തിയായി. ഒരു 100 MVA ട്രാൻസ്ഫോർമറും ഒരു 250 KVA ഓക്സിലറി ട്രാൻസ്ഫോർമറും സ്ഥാപിച്ചു. DG സെറ്റ്, പവർ ട്രാൻസ്ഫോർമർ, യാർഡ് സ്ട്രക്ച്ചർ മുതലായവയുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായി. കേബിൾ ട്രഞ്ച് റോഡ്, എർത്ത് മാറ്റ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) നിലവിൽ 66 കെ.വി. ശേഷിയുള്ള കോതമംഗലം സബ്സ്റ്റേഷൻ 220 കെ.വി. ശേഷിയിലേക്ക് ഉയർത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് 63.6 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. അതിന് അനുബന്ധമായ ലൈനുകൾ കറുകടം-കോതമംഗലം 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനിന് 10.3 കോടി രൂപയും പള്ളിവാസൽ-ആലുവ 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനിന് 262 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി AIS പാക്കേജ് എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനോടൊപ്പം സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനുകളുടെ നിർമ്മാണം കൊച്ചി ലൈൻ പാക്കേജ് എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കിവരുന്നു. അവ ചുവടെ ചേർക്കുന്നു.

(a) കറുകടം-കോതമംഗലം 3.6 കി.മീ. 220/110 കെ.വി. MCMV ലൈൻ.

പ്രസ്തുത ലൈൻ നിലവിൽ നിഷ്ക്രിയമായി കിടക്കുന്ന 220 കെ.വി. ഇടുക്കി-മാടക്കത്തറ ലൈനുമായി ബന്ധിപ്പിക്കുന്നു. കറുകടം മുതൽ നിലവിലുള്ള 66 കെ.വി. കൂത്താട്ടുകുളം കോതമംഗലം ലൈൻ നാരോബേസ് ടവറുകളുപയോഗിച്ച് മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് ലൈനാക്കി മാറ്റിയാണ് കോതമംഗലം സബ്സ്റ്റേഷൻ മാടക്കത്തറ-ഇടുക്കി ലൈനുമായി ബന്ധിപ്പിക്കുന്നത്.

(b) പള്ളിവാസൽ-ആലുവ 81 കി.മീ. 220/110 MCMV ലൈനും കോതമംഗലം സബ്സ്റ്റേഷനിലേക്കുള്ള 2 കി.മീ. ലിലോ ലൈനും നിലവിലുള്ള 66 കെ.വി. പള്ളിവാസൽ-ആലുവ ലൈൻ 220/110 കെ.വി. ലൈനാക്കി മാറ്റി കോതമംഗലത്തേക്ക് നീട്ടുന്നുണ്ട്. ലിലോ ലൈനിന്റെ (line in & line out) നിർമ്മാണം പൂർത്തിയായിട്ടുണ്ട്. നിലവിൽ ഈ ലൈൻ 66 കെ.വി. ശേഷിയിൽ പ്രസരണം നടത്തിവരുന്നു. പ്രസ്തുത ലൈനിന്റെ നിർമ്മാണം കഴിയുമ്പോൾ ഉയർന്ന ശേഷിയിൽ പ്രസരണം നടത്തുന്നതാണ്.

(ഇ) കോതമംഗലം സബ്സ്റ്റേഷന്റെ നിർമ്മാണം 2020 ഫെബ്രുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കോതമംഗലം സബ്സ്റ്റേഷന്റെ നിലവിലെ സ്ഥിതി

230(5978) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ് ഗ്രിഡ് പദ്ധതി പ്രകാരം കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടേയും അനുബന്ധ ലൈനിന്റേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നിലവിൽ സബ്സ്റ്റേഷന്റെ ശേഷി എത്രയാണെന്നും, ആയത് എത്രയായിട്ടാണ് വർദ്ധിപ്പിക്കുന്നതെന്നും വിശദമാക്കാമോ;

(സി) സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ; എത്ര തുകയുടെ പദ്ധതിയാണ് അവിടെ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മുഴുവൻ പ്രവൃത്തികളും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് അറിയിക്കാമോ?

### ഉത്തരം

(എ &ബി) കോതമംഗലം സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ നിർമ്മാണം 85 ശതമാനം പൂർത്തിയായി. 100 MVA ട്രാൻസ്ഫോർമറും ഒരു 250 KVA ഓക്സിലറി ട്രാൻസ്ഫോർമറും സ്ഥാപിച്ചു. എക്യൂപ്മെന്റ് സ്ട്രക്ചറിന്റെയും DG സെറ്റ്, പവർ ട്രാൻസ്ഫോർമർ, എന്നിവയുടെയും ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായി. കേബിൾ ട്രഞ്ച് റോഡ്, എർത്ത് മാറ്റ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

അനുബന്ധ ലൈനായ 3.6 കി.മീ. 220/110 കെ.വി. MCMV കറുകടം-കോതമംഗലം ലൈനിന്റെ നിർമ്മാണം പൂർത്തിയായി. നിലവിലുള്ള 66 കെ.വി. പള്ളിവാസൽ-ആലുവ ലൈൻ 220/110 കെ.വി. ലൈനാക്കി കോതമംഗലത്തേയ്ക്ക് എത്തിക്കുന്നുണ്ട്. അതിൽ കോതമംഗലത്തേക്ക് LILO (line in & line out) ആയി ഇറക്കുന്ന 1.9 കി.മീ. ഭാഗം പൂർത്തിയായിട്ടുണ്ട്. നിലവിൽ ഈ ലൈൻ 66 കെ.വി. ശേഷിയിൽ പ്രസരണം നടത്തിവരുന്നു. പ്രസ്തുത ലൈനിന്റെ നിർമ്മാണം കഴിയുമ്പോൾ ഉയർന്ന ശേഷിയിൽ പ്രസരണം നടത്തുന്നതാണ്.

കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് 63.6 കോടി രൂപയും അതിന് അനുബന്ധ ലൈനുകളായ കറുകടം-കോതമംഗലം 220/110 KV MCMV ലൈനിന് 262 കോടി രൂപയുമാണ് നടത്തിപ്പിനായി പ്രതീക്ഷിക്കുന്നത്.

(സി) നിലവിൽ സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി.യാണ്. 220 കെ.വി. ആയാണ് ശേഷി ഉയർത്തുന്നത്.

(ഡി) കോതമംഗലം സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം 2020 ഫെബ്രുവരിയിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ നിയമനം

231(5979) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ പ്രസ്തുത സ്ഥാപനത്തിൽ തന്നെ വീണ്ടും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാമാണ് ഇങ്ങനെ നിയമിച്ചിട്ടുള്ളതെന്നും ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചത് എന്നതിന്റെയും വിശദാംശം നൽകുമോ?

ഉത്തരം

കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും വിതരണം, ഐ.റ്റി. വിഭാഗം ഡയറക്ടർ ആയി 31-8-2019-ൽ വിരമിച്ച ശ്രീ.കുമാരൻ പി. യെ വിതരണം, ഐ.റ്റി ആന്റ് എച്ച്.ആർ.എം. ഡയറക്ടറായി 1-9-2019 മുതൽ ഒരു വർഷത്തേയ്ക്ക് G.O. (Rt) No. 142/2019/POWER dated 31-8-2019 പ്രകാരം സർക്കാർ പുനർ നിയമനം നൽകിയിട്ടുണ്ട്.

## വൈദ്യുതി വകുപ്പിലെ ജീവനക്കാരുടെ ശമ്പളം

232(5980) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; പ്രസ്തുത ജീവനക്കാർക്കായി എത്ര തുക 2019 ഒക്ടോബർ മാസം ശമ്പള ഇനത്തിൽ ചെലവാക്കി; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വൈദ്യുതി വകുപ്പിൽ എത്ര താത്കാലിക ജീവനക്കാർ ഉണ്ട്; പ്രസ്തുത ജീവനക്കാർക്കായി 2019 ഒക്ടോബർ മാസം ശമ്പള ഇനത്തിൽ എത്ര തുക ചെലവഴിച്ചു; കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2019 ഒക്ടോബർ മാസം വൈദ്യുതി വകുപ്പിലെ കരാർ ജിവനക്കാർക്കായി ശമ്പള ഇനത്തിൽ എത്ര തുക ചെലവഴിച്ചു; കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ഹ്യൂമൺ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റത്തിലെ 13-11-2019-ലെ സ്ഥിതി വിവരകണക്കനുസരിച്ച് 51 ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ 33,877 സ്ഥിരം ജീവനക്കാരാണുള്ളത്.

2019 ഒക്ടോബർ മാസത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2019 സെപ്റ്റംബർ മാസത്തെ കണക്ക് പ്രകാരം സ്ഥിരം ജീവനക്കാർക്കായി 222.80 കോടി രൂപ ശമ്പള ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിൽ താൽക്കാലിക ജീവനക്കാർ എന്ന ഒരു വിഭാഗം ഇല്ല. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ ലൈൻ മെയിന്റനൻസ് മുതലായ ജോലികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്.

(സി) 2019 ഒക്ടോബർ മാസത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. സെപ്റ്റംബർ 2019 മാസത്തെ കണക്ക് പ്രകാരം കരാർ ജീവനക്കാരുടെ പ്രവർത്തികൾക്കായി 13.88 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

## മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

233(5981) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മൊറയൂർ, വാലഞ്ചേരി-എൻ.ഐ.റ്റി. സ്കൂൾ, തടപ്പറമ്പ്, പാറക്കപ്പുറായ, തവളപ്പാറ, പൂൽപ്പറ്റ പഞ്ചായത്തിലെ വട്ടിക്കുന്ന്, ചോലക്കാപ്പറമ്പ് കോളനി, കോഡൂർ പഞ്ചായത്തിലെ വലിയാട്, മീഞ്ചിറ എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ത്രീ ഫേസ് ലൈൻ കൺവേർഷനും പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ പ്രദേശങ്ങളിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വള്ളുവമ്പ്രം സെക്ഷനിലെ മൊറയൂർ വാലഞ്ചേരി എൻ.ഐ.റ്റി. സ്കൂൾ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 600 മീറ്റർ 11 കെ.വി. ലൈൻവലിക്കുന്ന പ്രവൃത്തിയും ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും 300 മീറ്റർ ത്രി ഫേസ് ലൈൻവലിക്കുന്ന പ്രവൃത്തിയും 2020-21 വർഷത്തേക്കുള്ള വർക്ക് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

തടപ്പറമ്പിൽ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 800 മീ. 11 കെ.വി. ലൈൻവലിക്കുന്ന പ്രവൃത്തിയും ഒരു ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും 800 മീറ്റർ ത്രി ഫേസ് ലൈൻ വലിക്കുന്ന പ്രവൃത്തിയും 300 മീറ്റർ കൺവേർഷനും അടക്കമുള്ള പ്രവൃത്തികൾ 2019-20 വർഷത്തെ പി.എം.യു.വിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ മൊറയൂർ പഞ്ചായത്തിൽ പാറക്കപ്പുറായ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അരിമ്പ്ര നമ്പർ 1 ട്രാൻസ്ഫോർമർ പരിധിയിൽ വരുന്ന 1200 മീ. കൺവേർഷൻ പ്രവൃത്തിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

കിഴിശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെട്ട നടുവത്ത് കോളനിയിൽ സ്ഥാപിച്ച 100 കെ.വി.എ ട്രാൻസ്ഫോർമർ, പി.ടി.സി.സി. അപ്രൂവലും ഇൻസ്പെക്ടറേറ്റിന്റെ പരിശോധനയും കഴിഞ്ഞാൽ ഉടൻ ചാർജ്ജ് ചെയ്യുമ്പോൾ ചോലക്കപ്പറമ്പ് കോളനിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെട്ട തവളപ്പാറ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തി 2020-21 വർഷത്തെ പി.എം.എസ്.യു.-വിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പുൽപ്പറ്റ പഞ്ചായത്ത് വട്ടിക്കുന്ന പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി DDUGJY (SAGY) സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിച്ച 100 കെ.വി.എ മുച്ചിക്കാട് ട്രാൻസ്പോർമർ 2019 ഒക്ടോബർ മാസത്തിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

ചട്ടിപ്പറമ്പ് സെക്ഷനിലെ കോഡൂർ പഞ്ചായത്തിലെ വലിയാട്-കല്ലൻചിറ ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 400 മീ. കൺവേർഷൻ പ്രവൃത്തി 2019-20 വർഷത്തെ വർക്കിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## വൈദ്യുതി പോസ്റ്റുകളിലെ പരസ്യ ബോർഡുകൾ

234(5982) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കാൻ കരാർ നൽകാനും അങ്ങനെ പണം സമ്പാദിക്കുവാനും വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പോസ്റ്റുകളുടെ മധ്യഭാഗത്ത് ബോർഡുകൾ സ്ഥാപിക്കുന്നത് തൊഴിലാളികളുടെ സുരക്ഷയെ ബാധിക്കുമെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തൊഴിലാളികൾ ഏണി ഉപയോഗിച്ച് പോസ്റ്റിൽ കയറണമെന്ന് ബോർഡ് നിർദ്ദേശിക്കുമോ;

(ഡി) പ്രസ്തുത തീരുമാനവുമായി ബോർഡ് മുന്നോട്ട് പോകുകയാണെങ്കിൽ തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ കോടതിയെ സമീപിക്കണമെന്ന കെ.എസ്.ഇ.ബി. സംഘടനാനേതാക്കളുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 7-3-2019-ാം തീയതിയിലെ ബോർഡ് ഉത്തരവ് നമ്പർ B.O (FTD) No.217/2019 (D) (D&IT))/D5/Hoardings on Poles/2018-19/0001) പ്രകാരം പ്രാരംഭ ഘട്ടത്തിൽ എറണാകുളം ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ ദർഘാസുകൾ ക്ഷണിച്ചുകൊണ്ട് 'PIILOT' അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ പോസ്റ്റുകളിൽ KSEBL നിശ്ചയിച്ച 'Specification' അനുസരിച്ച്. രണ്ടു വർഷത്തേക്ക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഇങ്ങനെ പുതിയൊരു സംരംഭം നടപ്പാക്കുമ്പോൾ പൊതുജനങ്ങൾക്കും ഫീൽഡിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി-ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ സുരക്ഷയെക്കുറിച്ചുള്ള ആശങ്ക അറിയിച്ചുകൊണ്ട് ഒരു തൊഴിലാളി സംഘടനയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷ പൂർണ്ണമായും ഉറപ്പുവരുത്തികൊണ്ട് PSC (Pre Stressed Concrete) പോസ്റ്റുകളിൽ 4 അടി നീളത്തിൽ പെയിന്റ് ചെയ്ത പരസ്യങ്ങൾക്ക് പുറമെ പരമാവധി 2x4 അടി വിസ്തൃതിയിലുള്ള പരസ്യ ബോർഡുകൾക്ക് മാത്രമാണ് അനുമതി നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ടി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽ മാത്രമാണ്. ആയത് നടപ്പാക്കുന്ന അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കുള്ള സുരക്ഷാ പ്രശ്നങ്ങളും പരിശോധിക്കുന്നതാണ്.

## പൂയംകുട്ടി പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. നിർമ്മിച്ചിരിക്കുന്ന കെട്ടിടം

235(5983) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂയംകുട്ടി പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. കെട്ടിടം നിർമ്മിച്ചിരിക്കുന്നത് കുട്ടമ്പുഴ ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ സ്ഥലത്താണെന്ന് കാണിച്ച് സ്കൂൾ പി.ടി.എ. നൽകിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് താലൂക്ക് സർവ്വേയർ, തഹസീൽദാർ, സ്ഥലം എം.എൽ.എ., കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ അടക്കമുള്ളവർ സ്ഥലം സന്ദർശിക്കുകയും താലൂക്ക് സർവ്വേയർ സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയും ചെയ്ത ശേഷം സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1980-ൽ പൂയംകുട്ടി പദ്ധതിക്കുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് 2 ഹെക്ടർ സ്ഥലം വനംവകുപ്പിൽനിന്നും പാട്ടത്തിന് എടുത്തിട്ടുള്ളതാണ്. അന്ന് പണികഴിപ്പിച്ച കെട്ടിടങ്ങളാണ് നിലവിലുള്ളത്. സ്കൂൾ പി.ടി.എ. ഇതിന്മേൽ അവകാശവാദം ഉന്നയിക്കുന്നത് കഴിഞ്ഞ വർഷം മാത്രമാണ്.

(ബി) ടി ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഹൈക്കോടതിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡും റവന്യൂ വകുപ്പും തമ്മിൽ കേസ് WP (C) No. 5941/2016/(P) നിലവിലുള്ളതിനാൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയതിന്റെ രേഖകൾ റവന്യൂ വകുപ്പ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറിയിട്ടില്ല.

## മുല്ലശ്ശേരി-പറപ്പൂർ സബ്സ്റ്റേഷനുകളെ ബന്ധിപ്പിച്ച് പുതിയ ലൈൻ

236(5984) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മുല്ലശ്ശേരി-പറപ്പൂർ സബ്സ്റ്റേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ ലൈൻ നിർമ്മാണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത പദ്ധതി മൂലം എന്തെല്ലാം പ്രയോജനങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നതെന്നും വിശദമാക്കാമോ?

### ഉത്തരം

(എ-സി) പറപ്പൂർ, മുല്ലശ്ശേരി എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന 33 കെ.വി. സബ്സ്റ്റേഷനുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് 7.5 കി.മീ 33 കെ.വി. ലൈൻ നിർമ്മിക്കുന്ന ജോലിക്ക് 1,92,00,000 രൂപയാണ് എസ്റ്റിമേറ്റ് തുക. നിലവിൽ 33 കെ.വി. മുല്ലശ്ശേരി സബ്സ്റ്റേഷനിൽ നിന്നും 110 കെ.വി. കണ്ടശ്ശാംകടവ് സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി. പറപ്പൂർ സബ്സ്റ്റേഷൻ 110 കെ.വി. വിയ്യൂർ സബ്സ്റ്റേഷനിൽ നിന്നുമാണ് ഫീഡിംഗ്. 110 കെ.വി. സബ്സ്റ്റേഷനുകളിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ ഈ 33 കെ.വി. സബ്സ്റ്റേഷനുകളെയും ബാധിക്കുന്നു. 33 കെ.വി. സബ്സ്റ്റേഷനുകൾ തമ്മിൽ ബന്ധിപ്പിച്ചു കഴിഞ്ഞാൽ ഏതെങ്കിലും ഒരു 110 കെ.വി. സബ്സ്റ്റേഷനിലെ വൈദ്യുത തടസ്സം ഈ 33 കെ.വി. സബ്സ്റ്റേഷനുകളെ ബാധിക്കില്ല. തദ്വാര ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ വൈദ്യുതി നൽകാനാകും. ഈ പദ്ധതി 2020 മേയ് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## പാരമ്പര്യേതര ഊർജ്ജോൽപ്പാദന മേഖല

237(5985) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ ഉല്പാദനമേഖലയിൽ സംസ്ഥാനത്തിനുള്ള സാധ്യത കണക്കാക്കി അത് പരമാവധി ഉപയോഗപ്പെടുത്തുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉല്പാദനസ്രോതസ്സ് എത്രത്തോളമുണ്ടെന്ന കാര്യം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) സൗരോർജ്ജം, കാറ്റ്, ജൈവ ഊർജ്ജം, സമുദ്രോർജ്ജം എന്നിവയാണ് കേരളത്തിൽ ലഭ്യമായിട്ടുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ.

നമ്മുടെ സംസ്ഥാനത്ത് സൗരോർജ്ജം, കാറ്റ് മുതലായ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുക എന്നത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെലവേറിയതും ശ്രമകരവുമാണ്. ജനസാന്ദ്രതയേറിയതും ഫലഭൂയിഷ്ഠവുമായ ഭൂപ്രദേശമായ കേരള സംസ്ഥാനത്ത് ഇത്തരം പദ്ധതികൾക്ക് അനുയോജ്യമായ തരിശുഭൂമി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ് ഇതിലെ പ്രധാന പരിമിതി. ആയതിനാൽ പുരപ്പുറ സൗരോർജ്ജ പദ്ധതിക്കാണ് ഇവിടെ ഊന്നൽ കൊടുക്കുന്നത്. കാറ്റിനെ സംബന്ധിച്ചാണെങ്കിൽ പദ്ധതികൾക്ക് അനുയോജ്യമായ കാറ്റിന്റെ ലഭ്യതയുള്ളത് കേരളത്തിൽ ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രമാണ്. അതുകൊണ്ട് ഈ ജില്ലകളിൽ കേന്ദ്രീകൃതമായാണ് കാറ്റിൽ നിന്നുള്ള വൈദ്യുതിനിലയങ്ങൾ സ്ഥാപിതമാകുന്നത്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളെ അതിജീവിച്ചുകൊണ്ടാണ് സർക്കാർ നയത്തിന് അനുസൃതമായി കെ.എസ്.ഇ.ബി. യും സ്വകാര്യ സംരംഭകരും ഇത്തരം പദ്ധതികൾ നടപ്പാക്കിവരുന്നത്.

കേരളത്തിൽ വൈദ്യുതി ഉൽപ്പാദനത്തിനുതകുന്ന തരത്തിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കാറ്റ് ലഭ്യമായിട്ടുള്ളത് 17 സ്ഥലങ്ങളിലാണ്. ഇതിൽ നിലവിൽ കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നത് ഇടുക്കിയിലെ രാമക്കൽമേട്, പാലക്കാട്ടെ അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിലാണ്. ഇതിൽ കഞ്ചിക്കോട് മാത്രമാണ് സമതല പ്രദേശമായുള്ളത്. മറ്റ് സ്ഥലങ്ങളിലെല്ലാം സഹ്യപർവ്വത പ്രദേശത്താണ്. നീളമുള്ള ബ്ലേഡുകൾ ഉൾപ്പെടെയുള്ള കാറ്റാടി യന്ത്രങ്ങൾ കൊണ്ടുപോകുവാൻ സഹ്യപർവ്വതത്തിൽ റോഡ് സൗകര്യം കുറവായതുകൊണ്ടാണ് കാറ്റാടിപ്പാടങ്ങൾ വളരെ കൂടുതൽ സ്ഥാപിക്കുവാൻ കഴിയാത്തത്.

തീരക്കടലിൽ വർഷം മുഴുവൻ കാറ്റ് ലഭ്യമാകാത്തതുകൊണ്ട് Off shore wind mills-നുള്ള സാധ്യതയും കേരള കടൽത്തീരത്തില്ല.

സൗരോർജ്ജത്തിനാണ് കേരളത്തിൽ സാധ്യതയുള്ളത്. കെട്ടിടങ്ങളുടെ മേൽക്കൂര, ജലാശയം എന്നിവിടങ്ങളിലാണ് കൂടുതൽ സാധ്യത. മേൽക്കൂരകൾ

വൻകിട നിലയങ്ങൾ സ്ഥാപിക്കുവാൻ അപര്യാപ്തമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങൾ കേരളത്തിൽ തുലോം ചുരുക്കമാണ്. മറ്റ് സംസ്ഥാനങ്ങളിൽ മെഗാവാട്ട് കണക്കിന് ശേഷിയുള്ള നിലയങ്ങൾ ഇതുപോലുള്ള സ്ഥലങ്ങളിലാണ് (land) സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ജൈവഊർജ്ജത്തിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ബയോഗ്യാസ് പ്ലാന്റുകളിലാണ്. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ ജൈവോർജ്ജത്തെ വൈദ്യുതിയാക്കി മാറ്റുന്ന പ്ലാന്റുകൾ ധാരാളമുള്ളത് വ്യവസായശാലകൾ കേന്ദ്രീകരിച്ചാണ്. പഞ്ചസാര ഫാക്ടറി, ജൈവ മലിനജലം ലഭ്യമാക്കുന്ന ഫാക്ടറി എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് വൻതോതിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകുന്നത് കേരളത്തിൽ അത്തരം വ്യവസായശാലകൾ അധികമില്ലാത്തതുകൊണ്ട് ഈ രംഗത്തെ വൈദ്യുതി ഉൽപ്പാദനവും നാമമാത്രമാണ്. സമുദ്രോർജ്ജ വൈദ്യുതിക്കും കേരളത്തിൽ സാധ്യത കുറവാണ്.

പാരമ്പര്യേതര ഊർജ്ജ ഉല്പാദന മേഖലയിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ പ്രധാന വെല്ലുവിളി ഇതിനായുള്ള സ്ഥലം വിട്ടുകിട്ടുന്നതിനാണ്. വനമേഖലയിലുള്ള സ്ഥലങ്ങൾ വിട്ടുകിട്ടുന്നതിന് കേരള വനം വകുപ്പുവഴി Ministry of Environment and Forest ലേയ്ക്ക് അനുമതിക്കായി അയയ്ക്കുവാൻ ധാരാളം കാലതാമസം നേരിടുന്നു. മാത്രമല്ല, സ്വകാര്യ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെങ്കിൽ ഭൂമി വിട്ടുതരുന്നതിനുള്ള പ്രയാസവും അഥവാ വിട്ടുതരുന്നെങ്കിൽ ഭൂമിക്ക് അന്യായ വിലയുമാണ് ആവശ്യപ്പെടുന്നത്. കേരളത്തിൽ ഇനി വരുന്ന ഇത്തരത്തിലുള്ള ചെറുകിട പദ്ധതികൾ എല്ലാം തന്നെ 'run of the river' പദ്ധതികളാണ്. വലിയ ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി പ്രശ്നങ്ങൾമൂലം 'run of the river' പദ്ധതികൾ മാത്രമേ നടത്തിക്കുവാൻ കഴിയുകയുള്ളൂ. മഴക്കാലത്ത് വരുന്ന അധികജലം ഇത്തരം പദ്ധതികളിലെ ചെറിയ തടയണയ്ക്ക് തടഞ്ഞ് നിർത്താൻ കഴിയാതെ ഒഴുകിപോകും. ആയതിനാൽ ഇത്തരത്തിലുള്ള പദ്ധതികൾ ആണ്ടിൽ 6-8 മാസം വരെ മാത്രമേ പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. അതിനാൽ കേരളത്തിൽ ഇവയുടെ Plant Load Factor (PLF) തുലോം കുറവാണ്. (ഏകദേശം 25-35% വരെ). എന്നാൽ ഉത്തരേന്ത്യയിലെ ഹിമാലയ പ്രാന്തങ്ങളിലുള്ള പദ്ധതികളിൽ വേനൽക്കാലത്ത് മഞ്ഞുരുകി വരുന്ന ജലത്തിന്റെ ഒഴുക്കും കിട്ടുന്നതിനാൽ അവിടെ PLF 50-65 ശതമാനം വരെയാകുന്നു. അതിനാൽ അവിടെ പദ്ധതികൾ അധികവും ലാഭകരമായി നടപ്പിലാക്കുന്നു. കേരളത്തിൽ PLF കുറവായതിനാൽ ഇവിടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വില കൂടും. അതിനാൽ വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി.-ക്ക് പ്രയാസവുമാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും (25 MW വരെ സ്ഥാപിതശേഷിയുള്ള പദ്ധതികളിൽ നിന്ന്) ഏകദേശം

500 MW വരെ ഇപ്പോഴത്തെ അവസ്ഥയിൽ ഉല്പാദിപ്പിക്കുവാനുള്ള സാധ്യതയുള്ളതായി കണക്കാക്കിയിരിക്കുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് ഇതിനോടകം ഏകദേശം 200 MW-ന്റെ ഉൽപ്പാദനം കെ.എസ്.ഇ.ബി./സ്വകാര്യ മേഖല/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉല്പാദന സ്രോതസ്സുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജ സ്രോതസ്സുകളുടെ മന്ത്രാലയമാണ (MNRE). ഇന്ത്യയിൽ ഇത്തരം ഊർജ്ജ സ്രോതസ്സുകളുടെ സാധ്യതകൾ പഠനശേഷം വിലയിരുത്തുന്നത്. MNRE യുടെ റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ ഊർജ്ജ സാധ്യത (potential) ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാറ്റ് | 837 മെഗാവാട്ട് |
| ചെറുകിട ജലവൈദ്യുതി | 704 മെഗാവാട്ട് |
| ജൈവ ഊർജ്ജം (Biomass) | 1044 മെഗാവാട്ട് |
| മാലിന്യത്തിൽ നിന്നുള്ള ഊർജ്ജം (Waste to energy) | 36 മെഗാവാട്ട് |
| സൗരോർജ്ജം | 6110 മെഗാവാട്ട് |
| ആകെ | 8731 മെഗാവാട്ട് |

എന്നാൽ തൊട്ടടുത്ത സംസ്ഥാനങ്ങളുടെ സാധ്യതകൾ വളരെ വലുതാണ്. കർണാടക 44015 മെഗാവാട്ടും തമിഴ്നാട് 34152 മെഗാവാട്ടും ആന്ധ്രാപ്രദേശത്ത് 54916 മെഗാവാട്ടും ആണ്.

കേരളത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഏകദേശം 500 MW വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ട്. കൂടാതെ വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യത വിവരണ പട്ടിക ക്രോഡീകരിച്ച് റിപ്പോർട്ടാക്കുന്ന പ്രവർത്തനം എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കരമനയാർ, വാമനപുരം എന്നീ നദികളിലും കൊല്ലം ജില്ലയിലെ ഇത്തിക്കര, കല്ലട എന്നീ നദികളിലും ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പഠനം കെ.എസ്.ഇ.ബി.- യുടെ Dam Safety and DRIP Consultancy വിഭാഗം മുഖേന നടത്തികഴിഞ്ഞു.

കൂടാതെ പത്തനംതിട്ട ജില്ലയിലെ അച്ചൻ കോവിൽ, പമ്പ എന്നീ നദികളുടെ പഠനം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ കൺസൾട്ടൻസി വിഭാഗം മുഖേനയാണ് നടത്തുന്നത്. ഇതിൽ അച്ചൻകോവിൽ നദിയുടെ പഠനം അവസാനഘട്ടത്തിലാണ്. പമ്പാ നദിയുടെ പഠനം ഉടൻ ആരംഭിക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം കരമനയാറിൽ 27 പദ്ധതികളിൽ നിന്ന് 2.78 MW- ഉം വാമനപുരം നദിയിലെ 40 പദ്ധതികളിൽ നിന്ന് 5.62 MW-ഉം ഇത്തിക്കര നദിയിലെ 29 പദ്ധതികളിൽ നിന്ന് 3.77 MW-ഉം കല്ലട നദിയിലെ 15 പദ്ധതികളിൽ നിന്ന് 1.37MW ഉം ലഭിക്കുവാൻ സാധ്യതയുണ്ടെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

## ഇടിമുഴിക്കൽ, പറമ്പിൽ പീടിക എന്നിവ കേന്ദ്രീകരിച്ച് പുതിയ സെക്ഷനുകൾ

238(5986) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി കുന്നുപുറം, ചേളാരി, കൊണ്ടോട്ടി, തലപ്പാറ സെക്ഷനുകൾ വിഭജിച്ച് പെരുവള്ളൂർ പറമ്പിൽ പീടിക കേന്ദ്രീകരിച്ചും ചേളാരി, രാമനാട്ടുകര, പുളിക്കൽ സെക്ഷനുകൾ വിഭജിച്ച് ഇടിമുഴിക്കൽ കേന്ദ്രീകരിച്ചും പുതിയ കെ.എസ്.ഇ.ബി. സെക്ഷനുകൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം പുതിയ കെ.എസ്.ഇ.ബി. സെക്ഷനുകൾ എവിടെയെല്ലാമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നു

വരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി സെക്ഷൻ ഓഫീസുകൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 31 ഇലക്ട്രിക്കൽ സെക്ഷനുകളിൽ 14 സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്താണ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

## മണ്ണാർക്കാട് മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ

239(5987) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പുതുതായി അനുവദിക്കുവാൻ ഉദ്ദേശിക്കുന്ന സെക്ഷൻ ഓഫീസുകളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്രകിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് വിഭജനത്തിനായി പരിഗണിക്കുന്നത്.

എന്നാൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും മണ്ണാർക്കാട് മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ.-ൽ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചു വരുന്നു.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ സബ് സ്റ്റേഷനിലേയ്ക്ക് എച്ച്.റ്റി. കണക്ഷൻ**

240(5988) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്ന സബ് സ്റ്റേഷനിലേക്ക് എച്ച്.റ്റി. കണക്ഷൻ നൽകുന്നതിന്റെ കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കണക്ഷൻ നൽകുന്നതിലേക്കായി ഏതെങ്കിലും തരത്തിൽ ഉള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ഉണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 7 എൽ.റ്റി. കണക്ഷനുകളാണ് നിലവിലുള്ളത്. ഇവയ്ക്ക് പകരമായി എച്ച്.റ്റി. കണക്ഷനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ അപൂർണ്ണമായതിനാൽ അവ തിരികെ നൽകുകയും പൂർണ്ണ രൂപത്തിലുള്ള അപേക്ഷകൾ കംപ്ലീഷൻ റിപ്പോർട്ട് സഹിതം 12-11-2019-ൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനകൾക്കുശേഷം ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുകയും എച്ച്.റ്റി. എഗ്രിമെന്റ് വയ്ക്കുകയും ചെയ്താൽ കണക്ഷൻ നല്കാവുന്നതാണ്.

**സംസ്ഥാന സർക്കാരിന്റെ സഹകരണ നയം**

241(5989) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെങ്കിൽ പ്രസ്തുത നയം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കേന്ദ്ര സർക്കാർ നയങ്ങൾ സാമ്പത്തിക അസമത്വം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ നാടിന്റെ പൊതുവായ വികസനം രൂപപ്പെടുത്തുന്നതിനും അസമത്വങ്ങൾ കുറയ്ക്കുന്നതിനും ഇടപെടുന്നതിന് സഹകരണ പ്രസ്ഥാനങ്ങൾക്ക് എത്രമാത്രം കഴിയുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ സഹകരണ നയം പ്രാവർത്തിക മാക്കിയതിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ളതന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

(എ) സഹകരണ നയം രൂപീകരിച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും ഉൾപ്പെടുത്തി വിവിധങ്ങളായ സ്കീമുകളിലൂടെ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക്/സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 2018-19 വർഷം സംസ്ഥാന പദ്ധതിയിൽ 391.51 കോടി രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ 123.96 കോടി രൂപയും 2019-20 സാമ്പത്തിക വർഷം 13-11-2019 വരെ സംസ്ഥാന പദ്ധതിയിൽ 52.36 കോടി രൂപയും എൻ.സി.ഡി.സി. പദ്ധതിയിൽ 36.96 കോടി രൂപയും സംഘങ്ങൾക്ക്/ബാങ്കുകൾക്ക്/സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നൽകി വരുന്ന കാർഷിക വായ്പയുടെ തോത് മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാതെ നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ 37/2016 സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ നൽകുന്ന വായ്പയിൽ 2017-18, 2018-19 വർഷങ്ങളിലെ കണക്കുകൾ പ്രകാരം ഭൂരിഭാഗം ബാങ്കുകളും നൽകുന്ന മൊത്തം വായ്പയുടെ 30 മുതൽ 40 ശതമാനം വരെയുള്ള വായ്പതുക കാർഷിക വായ്പയാണ്.

സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹ്രസ്വകാല സഹകരണ വായ്പാ രംഗം നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ആധുനിക ബാങ്കിംഗ് സേവനങ്ങൾ സമസ്ത മേഖലകളിലും ലഭ്യമാക്കുന്നതിന് ഉതകുംവിധം ഒരു സംസ്ഥാനതല ബാങ്ക് (കേരള ബാങ്ക്) രൂപീകരിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്നവിധത്തിൽ കേരളത്തിലെ സാധാരണ ജനങ്ങളുടെയും പ്രവാസി സമൂഹത്തിന്റെയും തനത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അത്തരത്തിലുള്ള നിക്ഷേപം സമസ്ത മേഖലയുടെയും വികസനത്തിന് ഉപയോഗപ്പെടുന്ന ശക്തമായ സാമ്പത്തിക അടിത്തറയുള്ളതും ആധുനിക സേവനങ്ങൾ നൽകാൻ കഴിയുന്നതുമായ ഒരു സംസ്ഥാനതല സഹകരണ ബാങ്കായി ഇത് മാറും.

സഹകരണ മേഖലയിലെ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളായ കോർ ബാങ്കിംഗ്, RTGS സംവിധാനം, ATM ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കി യുവജനങ്ങളെ സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിന് 10 ലക്ഷം രൂപയുടെ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 2.5 ലക്ഷം രൂപ സബ്സിഡിയാണ്. കൂടാതെ മറ്റ് സഹകരണ സംഘങ്ങൾക്ക് ആധുനികവത്കരണത്തിനായി 3 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 50,000 രൂപ സബ്സിഡിയാണ്. യുവാക്കളെ സഹകരണ സംഘങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി സംഘംതലത്തിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ നടപ്പിലാക്കിയിട്ടുണ്ട്.

കുട്ടികളിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ശരിയായ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സ്കൂൾതലത്തിൽ സഹകരണം പാഠ്യവിഷയമാക്കുന്നതിന് 10-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലെ 9-ാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തുന്നതിനായി സഹകരണത്തെ സംബന്ധിച്ച ഒരു പാഠഭാഗം തയ്യാറാക്കി എസ്.സി.ഇ.ആർ.റ്റി.-ക്കും പൊതു വിദ്യാഭ്യാസ വകുപ്പിനും സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെ വിവിധ ജില്ലകളിലായി ഏകദേശം 400-ഓളം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ നിർമ്മാണ മേഖലയിൽ കോഴിക്കോട് ജില്ല ആസ്ഥാനമാക്കി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലി.നം.10957 പ്രവർത്തിക്കുന്നു. കെട്ടിട നിർമ്മാണ മേഖലയിൽ പുതിയ സാങ്കേതിക വിദ്യയായ പ്രീഫാബ് ടെക്നോളജി പ്രകാരമുള്ള പദ്ധതി ടി സംഘത്തിൽ നടപ്പിലാക്കി വരുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീ യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് നൈപുണ്യ വികസന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കൊല്ലം ചവറയിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം സംഘം ഏറ്റെടുത്ത് നടത്തിവരികയാണ്. കൂടാതെ സ്കിൽ വികസനത്തിനായി പദ്ധതികൾ നടത്തിവരുന്നു.

എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിന് നോർക്കയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് അനുമതി നൽകിക്കൊണ്ട്

23-7-2019-ലെ സ.ഉ.(സാധാ)നമ്പർ 376/2019/നോർക്ക പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനും ആയതിന്റെ രജിസ്ട്രേഷൻ, അംഗത്വം, ബൈലാ എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ സഹകരണ സംഘം രജിസ്ട്രാറുമായി ബന്ധപ്പെട്ട് നോർക്ക ചീഫ് എക്സിക്യൂട്ടീവ് ആഫീസർ തുടർനടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വില്ലേജ് ടൂറിസം, ഫാം ടൂറിസം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂർഫെഡ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലത്തെ അതിപുരാതനമായ മൺറോതുരുത്തും അവിടുത്തെ പുകഴ്പെറ്റ പള്ളിയും കേണൽ മൺറോയുടെ ഗൃഹവും മറ്റും സഞ്ചാരികൾക്ക് തുറന്ന് കൊടുത്തിട്ടുണ്ട്. മൺറോത്തുരുത്ത് കേന്ദ്രീകരിച്ച് നിരവധി കായൽ യാത്രകൾ ടൂർഫെഡ് സംഘടിപ്പിച്ചുവരുന്നു. വർക്കല ഹരിഹരപുരത്ത് കായൽ ടൂറിസം പദ്ധതി അവസാന ഘട്ടത്തിലാണ്.

സ്ത്രീശാക്തീകരണത്തിനും തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി വനിതാഫെഡിനും സംസ്ഥാനത്തെ മറ്റ് പ്രാഥമിക വനിതാ സംഘങ്ങൾക്കും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. വനിതാ ഡ്രൈവിംഗ് സ്കൂൾ, നീതി മെഡിക്കൽസ് തുടങ്ങിയ സംരംഭങ്ങൾ ആരംഭിച്ചതുവഴി നിരവധി വനിതകൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ, ഡ്രൈവിംഗ് സ്കൂൾ, നീതി മെഡിക്കൽസ്, തയ്യൽ പരിശീലനം, കാറ്ററിംഗ്, ഹോട്ടൽ, ബ്യൂട്ടിപാർലർ, യോഗ, ടൂറിസം & വനിതാ ഹെൽത്ത് ക്ലബ്ബ് മുതലായ പ്രോജക്ടുകൾ വനിതാഫെഡ് നേരിട്ടും വനിതാ സംഘങ്ങൾ വഴിയും നടപ്പിലാക്കാനുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളുടെയും വനിതാ ഫെഡിന്റെയും പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൺവിള ACSTI ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

വനിതാ സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹകരണ വകുപ്പുമായി യോജിച്ച് വനിതാഫെഡ് ജില്ലാതലങ്ങളിൽ ശിൽപ്പശാലകൾ നടത്തിവരുന്നു. തിരുവനന്തപുരത്തുവച്ച് സംസ്ഥാനതലത്തിൽ 2019 ജൂൺ 21, 22, ജൂലൈ 16, 17 എന്നീ ദിവസങ്ങളിൽ ദ്വിദിന ശിൽപ്പശാലകളും സെപ്തംബർ 21-ന് കാസർഗോഡ്, ഒക്ടോബർ 16-ന് കോഴിക്കോട്, വയനാട് ഒക്ടോബർ 22-ന് മലപ്പുറം, ഒക്ടോബർ 23-ന് കണ്ണൂർ

എന്നീ ജില്ലകളിൽ ജില്ലാതല ഏകദിന ശിൽപ്പശാലകളും നടത്തുകയുണ്ടായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ ഏകദിന ശിൽപ്പശാല നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനിതാഫെഡ് വരുന്ന മൂന്ന് മാസത്തിനുള്ളിൽ തിരുവനന്തപുരത്ത് 2 നീതി മെഡിക്കൽ ലാബുകൾ ആരംഭിക്കുന്നതിനും വരുന്ന 1 വർഷത്തിനകം വനിതാ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ച് വനിതാഫെഡിന്റെ ബ്രാൻഡിൽ വിതരണം ചെയ്യുന്നതിനും വൈൻ ഉത്പാദിപ്പിച്ച് (wine project) വനിതാ ഫെഡിന്റെ ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനും ഉദ്ദേശിക്കുന്നു.

സംസ്ഥാനത്തെ കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി നിലച്ചതും ദുർബലവുമായ പ്രാഥമിക കൺസ്യൂമർ സഹകരണ സംഘങ്ങൾ അടച്ചുപൂട്ടുക, അടച്ചുപൂട്ടലിന് വിധേയമാക്കപ്പെടുന്ന പ്രാഥമിക ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുക എന്നീ നിർദ്ദേശങ്ങളിൽ തുടർ നടപടി സ്വീകരിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ പ്രത്യേകയോഗം വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ നീതിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 232 നീതി സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുമുണ്ട്.

നിലവിലുള്ള ജില്ലാ മൊത്തവ്യാപാര സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുന്നതിനും ജോയിന്റ് രജിസ്ട്രാർമാരുടെ നേതൃത്വത്തിൽ പ്രത്യേകയോഗം വിളിച്ചു ചേർക്കുകയും ആയത് സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം മന്ദീഭവിച്ച ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി പരിഗണനയിലാണ്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിൽ അംഗത്വം നൽകുന്നതിന് മൊത്തവ്യാപാര സ്റ്റോറുകളിലെ ബൈലായിൽ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിലൂടെ സാധിക്കുന്നതാണ്. കണ്ണൂർ ജില്ലാ മൊത്തവ്യാപാര സ്റ്റോറിൽ ഇപ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അംഗത്വം നൽകിയിട്ടുണ്ട്.

നൈപുണ്യ നിലവാരം ഉയർത്തിക്കൊണ്ട് വിപണിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന്റെയും സഹകരണ ഫെഡറേഷനുകളുടെയും സഹായത്തോടെ ഉല്പാദനം വർദ്ധിപ്പിച്ച് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സുസ്ഥിരമായി വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പേരിൽ ഒരു സമഗ്ര പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ അവയിലെ അംഗങ്ങൾക്ക് സ്ഥിരമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്ന തരത്തിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്ന ശക്തമായ സാമ്പത്തിക സ്ഥാപനങ്ങളാക്കി മാറ്റുന്നതിനാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്. തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനും ടി സംരംഭങ്ങളുടെ ഉല്പന്നങ്ങളുടെ വിപണന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനവും വിദഗ്ദ്ധരുടെ മേൽനോട്ടവും ടി പദ്ധതിയുടെ ഭാഗമായി സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

സഹകരണ നയത്തിന്റെ ഭാഗമായി സഹകരണ നിയമം 1969 സമഗ്രമായി പരിഷ്കരിക്കുന്നതിന് 2-7-2019-ലെ സ.ഉ.(സാധാ)നമ്പർ 418/2019/സഹ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു.

(ബി) സമൂഹത്തിലെ താഴെത്തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച "മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വിജയകരമായി നടപ്പിലാക്കുകയുണ്ടായി.

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാരപക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്കും അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ സഹായ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷനുകൾക്കാവശ്യമായ തുകകൾ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് സഹകരണ സംഘങ്ങൾ വഴി നേരിട്ട് ഗുണഭോക്താക്കൾക്ക് വീട്ടിലെത്തിച്ച നൽകുന്നു.

സംസ്ഥാന സർക്കാരിന്റെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വിതരണത്തിന്റെ സുഗമമായ നടത്തിപ്പിനായി കമ്പനി നിയമപ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി ആരംഭിക്കുകയും സഹകരണ വകുപ്പിൽ നിന്നും 3000 കോടി രൂപ സ്വരൂപിക്കുന്നതിനും ആയതിൽ 8-8-2018-ലെ സ.ഉ.(കൈ)289/2018/ധന നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങളിൽ നിന്നും സ്വരൂപിക്കുന്ന 2500 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരന്റിയും ഉറപ്പാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെട്ട് ഫണ്ട് സ്വരൂപിക്കുന്നതിനും ടി കൺസോർഷ്യം ഫണ്ട് മാനേജരായി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിനെ നിയമിച്ച് ഉത്തരവാകുകയും ടി കൺസോർഷ്യം ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ, കൺസോർഷ്യം ഫണ്ട് മാനേജരായ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് എന്നിവർ സംയുക്തമായി സംസ്ഥാന സഹകരണ ബാങ്കിൽ ഒരു പൂൾ അക്കൗണ്ട് ആരംഭിക്കുന്നതിനും 14-3-2019-ലെ സ.ഉ.(സാധാ)നമ്പർ 200/2019/സഹ നമ്പർ പ്രകാരം ഉത്തരവാകുകയുണ്ടായി. നിലവിൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. നിലവിലുണ്ടായിരുന്ന കൺസോർഷ്യത്തിന്റെ കാലാവധി ഒക്ടോബർ 2019-ന് അവസാനിച്ചതിനാൽ ടി കൺസോർഷ്യം പുതുക്കുന്നതിനും നിലവിലെ നിക്ഷേപം തിരികെ ആവശ്യപ്പെട്ട സംഘങ്ങൾക്ക് തുക തിരികെ നൽകുന്നതിനും പുതിയ സംഘങ്ങളെ കൺസോർഷ്യത്തിൽ ഉൾപ്പെടുത്തുന്നതിനും 22-10-2019 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 626/2019/സഹ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

വിദേശത്തു നിന്നും ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികൾക്ക് നോർക്കയുടെ പ്രവാസികൾക്കായുള്ള സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) സ്കീമിന്റെ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണമേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ സഹകരണമേഖലയിൽ നിന്നും കോഴിക്കോട് ജില്ലാ സഹകരണബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്നീ ബാങ്കുകൾ

നോർക്ക റൂട്ട്സുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ആയതനുസരിച്ച് പ്രവാസികൾക്ക് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും ടി പദ്ധതി പ്രകാരം 33 ഗുണഭോക്താക്കൾക്ക് വായ്പ നൽകിയിട്ടുണ്ട്.

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ എല്ലാതരം ആരോഗ്യ സേവനങ്ങളും ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങളെ വികസിപ്പിക്കുന്നതിന്റെ ഭാഗമായും കേരളത്തിലെ സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും ആശുപത്രി സഹകരണ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ സബ്സിഡി, ഷെയർ, ലോൺ എന്നീ ഇനങ്ങളിലായി ആകെ 4.63 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടതെ ടി സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായും ആംബുലൻസ് വാങ്ങുന്നതിനും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും നല്ല സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്, ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നതിനും സർക്കാർ ഓഹരി മൂലധന സഹായവും എൻ.സി.ഡി.സി. പദ്ധതി, നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി എന്നിവ പ്രകാരവും ധനസഹായം നൽകുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ സഹകരണ നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ സഹകരണ സംഘം ലി. നം. 4498 തിരുവനന്തപുരം ആസ്ഥാനമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘം കൺസ്യൂമർഫെഡുമായി സഹകരിച്ച് സഹകരണ സംഘം നീതി മെഡിക്കൽ സ്റ്റോറുകൾ ഉടൻ ആരംഭിച്ച് പ്രവർത്തനം തുടങ്ങുന്നതും അതിലൂടെ ഈ വിഭാഗത്തിൽപ്പെട്ട അനവധിപേർക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതുമാണ്.

സംസ്ഥാന സർക്കാരിന്റെ സഹകരണ നയം പ്രാവർത്തികമാക്കിയതിലൂടെ സഹകരണ വിപണന സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനവിലൂടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽ നിന്ന് കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ ഇന്ത്യ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ട്രേഡ് ഫെയറിൽ പങ്കെടുത്തുകൊണ്ട് കൂടുതൽ വിപണികൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449(PAPCOS) എന്ന സഹകരണ സംഘത്തിന്റെ കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി വിപണനം നടത്തുന്നതിന് ഒരു ആധുനിക റൈസ് മില്ലും, സൈലോകളും (SILOS) സ്ഥാപിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ച്

വരുന്നു. കൂടാതെ സഹകരണ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ദേശീയ, അന്തർദ്ദേശീയ വിപണി കണ്ടെത്തുന്നതിലേയ്ക്കായി അമ്മാർക്ക് മാതൃകയിലുള്ള സഹകരണ ബ്രാന്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

ടൂർഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങൾ (ഡിസ്ട്രിക്ട് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി) കോട്ടയം പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ബേക്കൽ ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വേണാട് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുതലായവ വില്ലേജ് ടൂറിസവും ഫാം ടൂറിസവും വികസിപ്പിക്കുന്നതിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

മൺറോതുരുത്ത് ടൂറിസം പദ്ധതിയിലൂടെ മത്സ്യകൃഷിയുടെ പ്രാധാന്യം സന്ദർശകരിൽ എത്തിക്കുകവഴി മത്സ്യകൃഷി വളരെയധികം വിപുലപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല പരമ്പരാഗത രീതിയിലുള്ള തുഴച്ചിൽ വള്ളങ്ങൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്. ടൂർഫെഡിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ മത്സ്യകൃഷിയും പരമ്പരാഗത ഗതാഗതവും വിപുലപ്പെടുത്തുവാനും അതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

വനിതാ ഡ്രൈവിംഗ് സ്കൂൾ, നീതി മെഡിക്കൽസ് തുടങ്ങിയ സംരംഭങ്ങൾ ആരംഭിച്ചതു വഴിയും ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനുമായി ധനസഹായം അനുവദിച്ചതു വഴിയും സഹകരണ സംഘങ്ങളിലൂടെ സ്ത്രീശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെ പ്രോത്സാഹി പ്പിക്കുവാനും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സഹകരണ മേഖലയിലെ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളായ കോർ ബാങ്കിംഗ്, RTGS സംവിധാനം, ATM ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുക വഴിയും സംഘം തലത്തിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ നടപ്പിലാക്കിയതു വഴിയും യുവജനങ്ങളെ സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

നവലിബറൽ നയങ്ങൾ അസമത്വം വർദ്ധിപ്പിക്കുന്ന പശ്ചാത്തലത്തിൽ നാടിന്റെ പൊതുവായ വികസനം ത്വരപ്പെടുത്തുന്നതിനും അസമത്വങ്ങൾ കുറയ്ക്കുന്നതിനും ഇടപെടുന്നതിന് സഹകരണ പ്രസ്ഥാനത്തെ പ്രാപ്തമാക്കുന്നതിന് സഹകരണ നയം വളരെയധികം സഹായിച്ചിട്ടുണ്ട്.

## സഹകരണമേഖലയുടെ സഹായത്താൽ സ്കാനിംഗ് സെന്ററുകൾ

242(5990) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളോട് ചേർന്ന് സഹകരണമേഖലയെ പ്രയോജനപ്പെടുത്തി സാധാരണക്കാർക്ക് ഗുണകരമാകുന്ന തരത്തിൽ അത്യാധുനിക സ്കാനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നത് സർക്കാർ പരിഗണിക്കുമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) നിലയിൽ പരിഗണനയിലില്ല. എന്നിരുന്നാലും പല സംഘങ്ങളും സ്വന്തം നിലയിൽ മെഡിക്കൽ ലാബ്, സ്കാനിംഗ് സെന്റർ തുടങ്ങിയവ താലൂക്ക് ആശുപത്രികളോട് ചേർന്ന് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ നില തുടരാവുന്നതാണ്.

## സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ സഹകരണ ബാങ്കുകൾ നൽകുന്ന സംഭാവന

243(5991) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വലിയ സംഭാവന നൽകുന്ന സഹകരണ മേഖല കാർഷിക മേഖലയിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങളുടെ ഭാഗമായി കാർഷിക വായ്പാ മേഖലയിൽ സഹകരണ ബാങ്കുകൾ അവഗണിക്കപ്പെടുകയും സ്വകാര്യ-പുതുതലമുറ ബാങ്കുകൾക്ക് അമിത പ്രാധാന്യം കൈവരുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(സി) സഹകരണ സംഘങ്ങൾ വഴി നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയവയ്ക്കായുള്ള ഹ്രസ്വകാല കാർഷിക വായ്പാ വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും കാർഷികോത്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള യോജിച്ചുള്ള പ്രവർത്തനം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വലിയ സംഭാവന നൽകുന്ന സഹകരണ മേഖല കാർഷിക മേഖലയിൽ നടത്തുന്ന ഇടപെടലുകൾ താഴെ പറയുന്നവയാണ്:-

- സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി നെൽക്കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു.

- സ്വന്തം ഫണ്ടുപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപവരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്.

- കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25,000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്.

- സഹകരണ സംഘത്തിന് കൊയ്ത്ത്-മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.

- സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷുറൻസ് പ്രീമിയം തുക തിരിച്ച് നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.

- ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

- നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.

- മേൽ പദ്ധതികൾക്ക് ഉപരിയായി കാർഷിക വായ്പയും കാർഷിക ഉത്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സംയുക്ത പങ്കാളിത്തത്തോടെ ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

- സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശ രഹിത വായ്പ നൽകുന്നതോടൊപ്പം കർഷകരിൽ നിന്നും ചെറിയൊരു തുക സ്വീകരിച്ച് ടി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നുണ്ട്. സ്വന്തം ഫണ്ടുപയോഗിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നെൽകൃഷിക്കായി ധനസഹായം നൽകിവരുന്നു. നിലവിൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് പരമാവധി 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് 2% പലിശ ഇളവും ടി വായ്പകൾ കൃത്യമായി അടയ്ക്കുന്ന കർഷകർക്ക് 3% പലിശ ഇളവും നൽകിവരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉല്പ്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷി വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

- കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ നെല്ലറയായ പാലക്കാട് ആസ്ഥാനമാക്കി പാലക്കാട് പാഡി പ്രൊക്യുയർമെന്റ്,

പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. അതിന് കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോടുകൂടിയ ഒരു ആധുനിക റൈസ് മില്ലും സൈലോകളും (SILOS) സ്ഥാപിക്കുന്നതിനും സംഭരിക്കുന്ന നെല്ലും അരിയും സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുന്നതിനും വേണ്ടുന്ന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ PRS (പാഡി റസീപ്റ്റ് ഷീറ്റ്) ലോൺ വഴി ലഭ്യമാക്കുന്നതിനായി സപ്ലൈകോയും ബാങ്കുകളും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് അപ്രകാരം ബാങ്കുകൾക്ക് നൽകുന്ന അതേ പരിഗണന നൽകി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെക്കൂടി നെല്ല് സംഭരണ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മുഖാന്തിരം നെല്ലിന്റെ വില കാലതാമസം കൂടാതെ നൽകി വരുന്നു.

- സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് 4% നിരക്കിൽ കാർഷിക വായ്പകൾ നൽകിവരുന്നു. നെൽകൃഷിക്കായി സംസ്ഥാന കൃഷി വകുപ്പുമായി സഹകരിച്ച് പലിശ രഹിത വായ്പ നൽകിവരുന്നു.

(ബി) സഹകരണ മേഖലയിൽ കാർഷിക സ്വർണ്ണപണയ വായ്പകൾ മറ്റ് ദേശസാത്കൃത ബാങ്കുകൾ വിതരണം ചെയ്യുന്നതുപോലെ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്.

(സി) ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയവയ്ക്ക് സർവ്വീസ് സഹകരണ ബാങ്കുകൾ വഴി ക്യാഷ് ക്രെഡിറ്റായി ഹ്രസ്വകാല കാർഷിക വായ്പ വിതരണം ചെയ്ത് വരുന്നുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നീ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

## സഹകരണ കെയർ ഹോം പദ്ധതി

244(5992) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ആവിഷ്കരിച്ച് നടപ്പിലാക്കിയ സഹകരണ കെയർ ഹോം പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) ഇതിൽ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചു;

(സി) ആലപ്പുഴ ജില്ലയിൽ പൂർത്തീകരിച്ച വീടുകൾ എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽ ലക്ഷ്യമിട്ടിട്ടുള്ളതും പൂർത്തീകരിച്ചതുമായ വീടുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2152 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) 2019 ഒക്ടോബർ 16 വരെ സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) 2019 നവംബർ 11 വരെ ആലപ്പുഴ ജില്ലയിൽ 130 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽ 27 വീടുകളാണ് കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിക്കാൻ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത 27 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങൾ സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് പദ്ധതി

245(5993) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികൾ പി.പി.പി. മോഡലിൽ നടത്തപ്പെടുന്നതുപോലെ അതതുമേഖലയിലെ സഹകരണ സ്ഥാപനങ്ങളുമായി

സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനും പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(ബി) നാടിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി പരമ്പരാഗത വ്യവസായം, വ്യവസായ- വാണിജ്യം, ടൂറിസം, ഐ.റ്റി., ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതാത് മേഖലയിലെ സഹകരണ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തുടക്കംകുറിച്ചുകൊണ്ട് പാലക്കാട് ജില്ലയിലെ 26 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗങ്ങളാക്കി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുകയുണ്ടായി. സഹകരണ മേഖലയിൽ "PAPCOS" എന്ന ബ്രാന്റിൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിൽ എത്തിക്കുക എന്ന പ്രധാന ലക്ഷ്യ സാക്ഷാത്ക്കാരത്തിനാണ് ടി സംഘം രൂപീകിച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ ഇത്തരം ബൃഹത് പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) നാടിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി പരമ്പരാഗത വ്യവസായം, വ്യവസായ-വാണിജ്യം, ടൂറിസം, ഐ.റ്റി., ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിനായി ഇതിനകം നടപടി സ്വീകരിച്ചിട്ടുള്ളതും ആയതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് ബജറ്റ് തുക വകയിരുത്തി ധനസഹായം നൽകിവരുന്നതുമാണ്.

പരമ്പരാഗത വ്യവസായം

പരമ്പരാഗത-പ്രാദേശിക ഉദ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കക്ക സഹകരണ സംഘങ്ങൾ, ആർട്ട്കോ എന്നിവയ്ക്ക് നിലവിൽ പ്രത്യേക സ്കീമിൽ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലായി 12 കക്ക സഹകരണ സംഘങ്ങൾക്ക് 355 ലക്ഷം രൂപ ധനസഹായം സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വ്യവസായ -വാണിജ്യം

വ്യവസായ വാണിജ്യ മേഖലയുടെ പ്രോത്സാഹനവുമായി ബന്ധപ്പെട്ട് റെയ്ഡ്കോയ്ക്ക് പദ്ധതി സഹായം നൽകിവരുന്നുണ്ട്.

ടൂറിസം

കേരളത്തിലുടനീളം വിപുലമായ ശൃംഖല ഉള്ളതും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളിൽക്കൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും ആയുർവ്വേദം, കൈത്തറി, കയർ, മറ്റ് ചെറുകിട വ്യവസായ അനുബന്ധ മേഖലകൾ എന്നിവയെ സഹകരണ വിനോദ സഞ്ചാരത്തിലൂടെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന പദ്ധതിയിൽ പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുള്ളതും ധനസഹായം അനുവദിച്ചു വരുന്നതുമാണ്. കൂടാതെ എൻ.സി.ഡി.സി. പദ്ധതി പ്രകാരവും ടൂറിസം സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുവേണ്ടി തുക വകയിരുത്തിയിട്ടുണ്ട്.

ഐ.റ്റി.

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവത്കരണം, എ.റ്റി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ഓഹരി, വായ്പ, സബ്സിഡി എന്നിവയായി അനുവദിക്കുന്നതിന് പദ്ധതിയിൽ തുക വകയിരുത്തി ധനസഹായം അനുവദിച്ചുവരുന്നു.

ആരോഗ്യം

ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കുള്ള ധനസഹായം, ആശുപത്രി സഹകരണ സംഘങ്ങളുടെ അപക്സ് ഫെഡറേഷനുള്ള ധനസഹായം, പഞ്ചായത്ത്/താലൂക്ക്/ജില്ലാതലത്തിലുള്ള പുതിയ ഡിസ്പെൻസറി/ സഹകരണ ആശുപത്രി സൊസൈറ്റികൾക്കുള്ള ധനസഹായം, താലൂക്ക് ജില്ലാ ആശുപത്രികളിൽ നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലാബുകളും മറ്റും സഹകരണ സ്ഥാപനങ്ങൾ വഴി ആരംഭിക്കുന്നതിനുള്ള ധനസഹായം എന്നീ വിഭാഗങ്ങളിലായി സംസ്ഥാന പദ്ധതിയിൽ പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സി. പദ്ധതി പ്രകാരവും ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ടി തുക വകയിരുത്തിയിട്ടുണ്ട്.

<u>വിദ്യാഭ്യാസം</u>

വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കും സഹകരണ കോളേജിലെ വിദ്യാർത്ഥികൾക്കുമായി സംസ്ഥാനതല യുവജനോത്സവം നടത്തുന്നതിന് സംസ്ഥാന പദ്ധതിയിൽ പലവക സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്.

സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ അതാത് സ്ഥലത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മേൽനോട്ടത്തിൽ പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടിയും സംസ്ഥാന പദ്ധതിയിൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതിസ്റ്റോറുകൾക്കുമുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

## സഹകരണ വകുപ്പിന്റെ പ്രവാസി തൊഴിൽ സംരംഭങ്ങൾ

246(5994) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് നിന്നും മടങ്ങിവരുന്ന പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രവാസി പുനരധിവാസ എൻ.ഡി.പി.ആർ.ഇ.എം. സ്കീം പ്രകാരം സഹകരണ ബാങ്കുകൾ വഴി വായ്പ അനുവദിക്കുന്നതിന് നോർക്ക റൂട്ട്സുമായി ധാരണ പത്രം ഒപ്പുവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് വായ്പ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നോർക്ക റൂട്ട്സുമായി സഹകരിച്ച് വിദേശത്തുനിന്നും മടങ്ങിവരുന്ന പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ പദ്ധതിയാണ് നോർക്ക

ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.ഇ.എം. സ്കീം). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകിവരുന്നുണ്ട്.

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയാണ് എൻ.ഡി.പി.ആർ.ഇ.എം. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാൻ വേണ്ട സഹായവും സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴി ലഭിക്കും.

നിലവിൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവ ഉൾപ്പെടെ 14 ധനകാര്യ സ്ഥാപനങ്ങൾ പദ്ധതിയുമായി സഹകരിക്കാൻ നോർക്ക റൂട്ട്സുമായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് മുഖാന്തിരം 33 ഗുണഭോക്താക്കൾക്ക് വായ്പകൾ നൽകിയിട്ടുണ്ട്.

### കെയർ ഹോം പദ്ധതി

247(5995) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിയ കെയർ ഹോം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ എത്ര വീടുകളുടെ നിർമ്മാണ ചുമതലയാണ് സഹകരണ വകുപ്പ് ഏറ്റെടുത്തത്; ഇതിനകം എത്ര വീടുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി താക്കോൽ കൈമാറി;അറിയിക്കുമോ;

(സി) 2019-ൽ ഉണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോം പദ്ധതി പ്രകാരം വീട് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ ഇതിനകം എന്ത് തുകയാണ് സഹകരണ വകുപ്പിന് നൽകിയത്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2018-ലെ പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച നൽകുന്നതിനായി സഹകരണ വകുപ്പ് നടപ്പാക്കിവരുന്ന കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2152 വീടുകൾ നിർമ്മിച്ച നൽകുന്നതാണ്. 2019 ഒക്ടോബർ 16 വരെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂരയുടെ കോൺക്രീറ്റിംഗ് വരെ നിർമ്മാണം പൂർത്തീകരിച്ച 81 വീടുകളുടെയും ലിന്റൽ ലെവൽവരെ നിർമ്മാണം പൂർത്തീകരിച്ച 24 വീടുകളുടെയും അടിസ്ഥാനനിർമ്മാണം പൂർത്തീകരിച്ച 15 വീടുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. 14 വീടുകളുടെ കല്ലിടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 177 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ ഘട്ടത്തിലാണ്. വൈകി ലഭിച്ച ഗുണഭോക്തൃപട്ടിക വസ്തു തർക്കം നിലനിൽക്കുന്ന ഭൂമി, പ്രതികൂല കാലാവസ്ഥ, രേഖകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഉൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങളാണ് പ്രസ്തുത 177 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തടസ്സമായിട്ടുള്ളത്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ത്വരിത വേഗത്തിൽ പദ്ധതിയുടെ ഒന്നാം ഘട്ടനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

(ബി) കെയർ ഹോം പദ്ധതി പ്രകാരം 2152 വീടുകൾ നിർമ്മിച്ച നൽകുന്നതാണ്. 2019 ഒക്ടോബർ 16 വരെ 1813 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(സി) 2019-ൽ ഉണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച നൽകുന്നത് ആലോചിച്ച വരികയാണ്.

(ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ വീടൊന്നിന് 5 ലക്ഷം രൂപയാണ് കെയർ ഹോം പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് അനുവദിക്കുന്നത്. അതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായം (ഉയർന്ന പ്രദേശങ്ങളിൽ 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഗുണഭോക്താവിന് ആദ്യ ഗഡുവായി അനുവദിക്കുകയാണ് ചെയ്യുന്നത്. പദ്ധതിയുടെ ഒന്നാംഘട്ട നിർവ്വഹണത്തിനായി സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ 52,68,69,506 രൂപ സംഭാവനയായി നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ നൽകിയ പ്രസ്തുത തുകയുടെ ചെക്കുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ചശേഷം

സർക്കാർ ഉത്തരവിലൂടെ തത്തുല്യമായ തുക കെയർ ഹോം പദ്ധതിക്ക് വിനിയോഗിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേയ്ക്ക് സർക്കാർ മാറ്റി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ കെയർ ഹോം പദ്ധതി

248(5996) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കെയർ ഹോം പദ്ധതി പ്രകാരം സഹകരണ ബാങ്കുകൾ വഴി എത്ര വീടുകളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളതെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ എത്ര സ്ഥാപനങ്ങളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 2019 നവംബർ 11 വരെ 49 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം നിർമ്മിച്ച് നൽകിയ വീടുകളുടെ വില്ലേജ് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 49 സഹകരണ സ്ഥാപനങ്ങൾ. സഹകരണ സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർത്തിരിക്കുന്നു:

1. അരുവിക്കര എസ്.സി.ബി.
2. കരകുളം എസ്.സി.ബി.
3. മാണിക്കൽ എസ്.സി.ബി.
4. പാങ്ങോട് എസ്.സി.ബി.
5. പനക്കോട് എസ്.സി.ബി.
6. കള്ളിക്കാട് എസ്.സി.ബി.
7. വീരണക്കാവ് എസ്.സി.ബി.
8. അവണാകുഴി എസ്.സി.ബി.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. ബാലരാമപുരം എസ്.സി.ബി.
10. നെല്ലിമൂട് എസ്.സി.ബി.
11. തിരുപുറം എസ്.സി.ബി.
12. കരുംകുളം എസ്.സി.ബി.
13. ആങ്കോട് എസ്.സി.ബി.
14. അന്തിയൂർ എസ്.സി.ബി.
15. കാഞ്ഞിരംകുളം എസ്.സി.ബി.
16. പരശുവയ്ക്കൽ എസ്.സി.ബി.
17. ബികോൺസ് സഹകരണ സംഘം
18. നാവായിക്കുളം ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം
19. തോന്നയ്ക്കൽ എസ്.സി.ബി.
20. കടകംപള്ളി എസ്.സി.ബി.
21. മെഡിക്കൽ കോളേജ് എംപ്ലോയീസ് സഹകരണ സംഘം
22. ഇടയ്ക്കോട് എസ്.സി.ബി.
23. വിളപ്പിൽ എസ്.സി.ബി.
24. അമ്പൂരി എസ്.സി.ബി.
25. അയിരൂർ എസ്.സി.ബി.
26. ചെമ്മരുതി എസ്.സി.ബി.
27. നെടുമങ്ങാട് എസ്.സി.ബി.
28. വെമ്പായം എസ്.സി.ബി.
29. വിതുര എസ്.സി.ബി.
30. നന്ദിയോട് എസ്.സി.ബി.
31. പനച്ചമൂട് എസ്.സി.ബി.
32. തോന്നയ്ക്കൽ അഗ്രികൾച്ചറൽ സഹകരണ സംഘം HW.21
33. കൊട്ടുവഴന്നൂർ എസ്.സി.ബി.
34. ചെമ്പഴിന്തി എസ്.സി.ബി.
35. ഉള്ളൂർ എസ്.സി.ബി.

36. മുട്ടത്തറ എസ്.സി.ബി.

37. മാധവ വിലാസം എസ്.സി.ബി.

38. ഗവ. എംപ്ലോയീസ് സഹകരണ സംഘം

39. പോസ്റ്റൽ ടെലികോം ബി.എസ്.എൻ.എൽ. എംപ്ലോയീസ് സഹകരണ സംഘം

40. വട്ടിയൂർക്കാവ് എസ്.സി.ബി.

41. സെക്രട്ടറിയേറ്റ് എംപ്ലോയീസ് സഹകരണ സംഘം

42. തിരുമല എസ്.സി.ബി.

43. മെഡിക്കൽ കോളേജ് കാറ്ററിംഗ് സഹകരണ സംഘം

44. ഡി.എച്ച്.എസ്.സ്റ്റാഫ് സഹകരണ സംഘം

45. കെ.എസ്.റ്റി. എംപ്ലോയീസ് സഹകരണ സംഘം

46. ആമച്ചൽ എസ്.സി.ബി.

47. മൈലച്ചൽ എസ്.സി.ബി.

48. കണ്ടല എസ്.സി.ബി.

49. പാലോട് എസ്.സി.ബി.

## കേരള ബാങ്ക് രൂപീകരണം

249(5997) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിന് സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്ന ശാഖകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ ജില്ലാ ബാങ്കുകളുടെ ശാഖകളും സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളും കേരള ബാങ്കിന്റെ ഭാഗമാകുന്നതാണ്.

**കേരള ബാങ്ക് രൂപീകരണം**

250(5998) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്കിന്റെ അന്തിമ അനുമതിയിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട കേരള ബാങ്കിന്റെ ഭരണ സമിതി ഘടനയെ സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുക;

(സി) സ്വകാര്യ, ന്യൂ ജനറേഷൻ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ തീർപ്പുകൾക്ക് വിധേയമായി മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുവാൻ റിസർവ് ബാങ്ക് അന്തിമ അനുമതി നൽകിയിട്ടുണ്ട്. 2020 മാർച്ച് 31 വരെ ആയതിന് സമയം അനുവദിക്കപ്പെട്ടിട്ടുണ്ട്. ടി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ബാങ്ക് രൂപീകരണത്തിന് മറ്റ് തടസ്സങ്ങളൊന്നുമില്ല.

(ബി) സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃത മായിട്ടായിരിക്കും ഭരണ സമിതിയുടെ ഘടന.

(സി) ജനങ്ങളുടെ ബാങ്ക് എന്ന നിലയിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായതും ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഈടാക്കാത്തതും എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും നൽകാൻ കഴിയുന്നതുമായ ബാങ്ക് എന്ന രീതിയിലാണ് കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**കേരള ബാങ്ക് ജീവനക്കാർ**

251(5999) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ജീവനക്കാരുടെ തസ്തിക

ഏകീകരണം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലമാറ്റം എന്നിവ ഉൾപ്പെടുത്തി സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച ടാസ്ക് ഫോഴ്സ് ജില്ലാ സഹകരണ ബാങ്കുകളിൽ എത്ര അധിക തസ്തികകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്; ഇപ്രകാരം അധികമായി കണ്ടെത്തിയ തസ്തികകൾ ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ലയനശേഷമുള്ള ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച് ജീവനക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത ചർച്ച ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് പര്യാപ്തമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിശദമായ ചർച്ചകൾക്കുശേഷം ഇക്കാര്യത്തിൽ ഒരു സമഗ്രനയം ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നതാണ്.

## കേരള ബാങ്ക് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി

252(6000) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിലൂടെ എന്ത് ഘടനാപരമായ മാറ്റമാണ് ഉണ്ടാകുന്നത് എന്ന് അറിയിക്കുമോ;

(സി) കേരള ബാങ്ക് രൂപീകരണത്തിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുവാൻ റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള സഹകരണ നിയമ ഭേദഗതി 14A സംബന്ധിച്ച കേസുകളുടെ തീർപ്പിന് വിധേയമായി 2020 മാർച്ച് 31-നകം കേരള ബാങ്ക് രൂപീകരിക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത ബാങ്ക് രൂപീകരിക്കുവാനുള്ള എല്ലാ മുന്നൊരുക്കങ്ങളും സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ വായ്പാ മേഖലയിലെ നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് ഘടനാപരമായ മാറ്റം കേരള ബാങ്ക് രൂപീകരണത്തിലൂടെ സാധ്യമാകുന്നതാണ്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും അർബൻ ബാങ്കുകളും കേരള ബാങ്കിന്റെ അംഗസംഘങ്ങളായി മാറുന്നു. സംസ്ഥാനത്തെ ഹ്രസ്വകാല സഹകരണ വായ്പാരംഗം ഇതിലൂടെ പൂർണ്ണമായും പുനഃസംഘടിക്കപ്പെടും.

(സി) കേരളത്തിന് സ്വന്തമായി ഒരു ബാങ്ക് കേരള ബാങ്കിലൂടെ യാഥാർത്ഥ്യമാകും. നിലവിൽ പൊതുമേഖല ബാങ്കുകളും പുതുതലമുറ ബാങ്കുകളും നൽകുന്ന എല്ലാവിധ ആധുനിക സേവനങ്ങളും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഒളിഞ്ഞിരിക്കുന്ന ചെലവുകളില്ലാതെ നൽകുക എന്നത് കേരള ബാങ്കിന്റെ ലക്ഷ്യമാണ്. കുറഞ്ഞ പലിശനിരക്കിൽ കാർഷിക കാർഷികേതര മേഖലകളിൽ കൂടുതൽ വായ്പാ ലഭ്യത ഉറപ്പാക്കുകയെന്നതും കേരള ബാങ്കിന്റെ രൂപീകരണ ലക്ഷ്യങ്ങളിലൊന്നാണ്.

## സഹകരണ ബാങ്ക് തസ്തികകളിലെ പ്രൊമോഷന് യോഗ്യത

253(6001) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലേയോ പ്രാഥമിക സഹകരണ ബാങ്കുകളിലേയോ സഹകരണ സംഘങ്ങളിലേയോ ജീവനക്കാർക്ക് സെക്രട്ടറി ആകുന്നതിനോ മാനേജർ ആകുന്നതിനോ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകി ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017-18, 2018-19 വർഷങ്ങളിൽ സഹകരണ സംഘങ്ങളിൽ ജോലി നോക്കുന്നവർക്ക് സെക്രട്ടറി ആകുന്നതിനും മാനേജർ ആകുന്നതിനും വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് വരുത്തി സർക്കാർ നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിശ്ചിത വിദ്യാഭ്യാസ യോഗ്യത ബിരുദമായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് ടി വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവർക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് സഹകരണ സംഘം/ബാങ്കുകളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സഹകരണ നിയമം ചട്ടം 185(8)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി സർക്കാരോ, സഹകരണ സംഘം രജിസ്ട്രാറോ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവു നൽകി ഉത്തരവ് ആകാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരം ഇളവ് നൽകി അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വായ്പാ കുടിശ്ശിക വരുത്തിയവർക്ക് വൺടൈം സെറ്റിൽമെന്റ് പദ്ധതി

254(6002) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് ലോണെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് വൺടൈം സെറ്റിൽമെന്റ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബാധ്യത തീർക്കുന്നതിന് തീരുമാനിക്കുന്ന തുക ഗഡുക്കളായി അടക്കാൻ അനുമതി നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്കിനും ബാധകമാകുന്ന വിധത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2019 നവംബർ 1 മുതൽ ഡിസംബർ 31 വരെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ബാധ്യത തീർക്കുന്നതിന് ഗഡുക്കൾ അനുവദിക്കുന്നത് അതാത് ബാങ്കുകളാണ്. ഒറ്റത്തവണയായി വായ്പകൾ അവസാനിപ്പിക്കുന്നവർക്ക് കുടിശ്ശിക ഇളവുകളോടെ തീർപ്പാക്കുന്നതിന് വിവിധ ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർമാർ തീരുമാനമെടുത്ത് സമർപ്പിച്ചിട്ടുള്ള സബ്റൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

## സഹകരണ ബാങ്കുകളുടെ പണമിടപാടിൽ നിയന്ത്രണങ്ങൾ

255(6003) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പണമിടപാടിന് ആദായ നികുതി വകുപ്പ് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഉണ്ട്. റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് അനുവദിക്കാവുന്നതാണെന്ന് 1961-ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 80(പി)(2)-ൽ പ്രതിപാദിച്ചിരുന്നു.

എന്നാൽ 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആദായനികുതി ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആദായനികുതി നിയമത്തിൽ നിലവിലുള്ള 269SS, 269ST, 269T എന്നീ വകുപ്പുകളും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ദോഷകരമാണ്. 269ST പ്രകാരം ഒരാൾക്ക് ഒരു ദിവസം രണ്ട് ലക്ഷം രൂപ വരെ മാത്രമേ പണമായി സ്വീകരിക്കുവാനോ നൽകാനോ കഴിയുകയുള്ളൂ. 269SS, 269T പ്രകാരം 20,000 രൂപയിൽ കൂടുതൽ ഒരാൾക്ക് നിക്ഷേപമായോ വായ്പയായോ രൊക്കം പണം സ്വീകരിക്കുവാനോ നൽകാനോ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന നിലവിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 2-7-2018-ലും 17-8-2019-ലും 11-10-2019-ലും കേന്ദ്രധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പുമന്ത്രി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളെ ജനോപകാരപ്രദമാക്കുന്നതിന് നടപടി**

256(6004) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളെ സംരക്ഷിച്ച് ജനോപകാരപ്രദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) രാഷ്ട്രീയ ഇടപെടൽ കാരണം സഹകരണ സ്ഥാപനങ്ങൾ പലതും അഡ്മിനിസ്ട്രേറ്റർ ഭരണത്തിൽ ആകുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നടപടി സാമൂഹ്യമായി ഉണ്ടാക്കുന്ന പ്രത്യാഘാതത്തെ പറ്റി പരിശോധിച്ചിട്ടുണ്ടോ;

(ഡി) കേരള ബാങ്ക് രൂപീകരണത്തിനായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ചത് ജില്ലാ സഹകരണ ബാങ്കുകൾക്ക് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

- സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് കുറഞ്ഞ പലിശയ്ക്ക് കാർഷിക/ കാർഷികേതര വായ്പ നൽകാൻ കഴിയുന്ന ആധുനിക സാങ്കേതിക വിദ്യയോടുകൂടി കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്.

- സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala). കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഭവനനിർമ്മാണ പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ 2152 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്.

- സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. കെയർഹോം പദ്ധതി പ്രകാരം 2019 ഒക്ടോബർ 16 വരെ സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

- സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായും അംഗങ്ങൾക്ക് വർദ്ധിച്ച തോതിൽ ഇളവ് അനുവദിച്ചും നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്കരിച്ചു.

- സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് "മുറ്റത്തെമുല്ല" എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കുകയുണ്ടായി.

- അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

- സഹകരണ മേഖലയിൽ, PAPCOS എന്ന സംഘം രൂപീകരിച്ച് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണിയിലെത്തിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സ്ഥാപനങ്ങളിലെ ഫണ്ട് ഉപയോഗിച്ച് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ടെത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു.

- കാർഷിക വായ്പയും കാർഷിക ഉത്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ സംയുക്ത പങ്കാളിത്തത്തോടുകൂടിയ ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) രാഷ്ട്രീയ ഇടപെടൽമൂലം കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളോ സംസ്ഥാന സഹകരണ ബാങ്കോ, ജില്ലാ സഹകരണ ബാങ്കുകളോ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഗുണകരമായിട്ടുണ്ട്. സംസ്ഥാന സഹകരണബാങ്ക് ഉയർന്ന ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ മേഖലയെ ത്രിതല ഘടനയിൽനിന്നും ദ്വിതല ഘടനയിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായാണ് ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ലയന നടപടി പൂർത്തിയായിട്ടില്ല. ഹ്രസ്വകാല വായ്പ-മേഖലയുടെ സമൂല പരിവർത്തനവും പുരോഗതിയുമാണ് ഇതിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കിൽനിന്നും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങളും നിർദ്ദിഷ്ട കേരള ബാങ്കിൽ നിന്നും തുടർന്നും ലഭിക്കുന്നതാണ്. കൂടാതെ ജില്ലാ സഹകരണ ബാങ്കുകൾക്ക് ഇപ്പോൾ നൽകി വരുന്നതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഇടപാടുകാർക്ക് നൽകാനും കൂടുതൽ കാര്യക്ഷമമായ രീതിയിൽ നിർദ്ദിഷ്ട കേരള ബാങ്കിന് പ്രവർത്തിക്കുന്നതിനും കഴിയുന്നതാണ്.

## ലേബർ കോൺട്രാക്റ്റ് സംഘങ്ങൾക്ക് വേണ്ടതായ ലൈസൻസുകൾ

257(6005) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലേബർ കോൺട്രാക്റ്റ് സംഘങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വർക്കുകൾ എടുക്കുവാൻ കേരള സംസ്ഥാന സഹകരണ വകുപ്പ് പുറപ്പെടുവിച്ച G.O(MS) No.135/97/Co-op- Dt. 13-11-1997, സ.ഉ.(കൈ) നമ്പർ 28/16/സഹ. തീയതി 2-5-2016, സ.ഉ.(കൈ) നമ്പർ 31/16/സഹ.തീയതി 29-6-2016- തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(സാധാ) നമ്പർ 2780/2017/ ത.സ്വ.ഭ.വ. തീയതി 11-6-2017, സ.ഉ.(സാധാ) നമ്പർ 3630/2017/ ത.സ്വ.ഭ.വ. തീയതി 10-11-2017- എന്നീ ഉത്തരവുകൾക്ക് പുറമേ പൊതുമരാമത്ത് വകുപ്പിന്റെ ലൈസൻസ് കൂടി വേണമെന്നതിനെപ്പറ്റി അറിയാമോ; അത്തരത്തിൽ വീണ്ടും ഒരു ലൈസൻസ് ആവശ്യമുണ്ടോ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെതന്നെ ലൈസൻസ് വേണമെന്ന് നിർദ്ദേശിക്കുന്നില്ല. PWD Manual സെക്ഷൻ 2004 പ്രകാരം പൊതുമരാമത്ത് വകുപ്പ്, സർക്കാരിന്റെ ഇതര വകുപ്പുകൾ, കേന്ദ്ര ഗവൺമെന്റിന്റെ ലൈസൻസ് എന്നിവയിൽ ഏതെങ്കിലും മതിയെന്നാണ്

നിഷ്കർഷിച്ചിരിക്കുന്നത്. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ 13-11-1997-ലെ സ.ഉ.(കൈ)നമ്പർ 135/1997/സഹ പ്രകാരമുള്ള രജിസ്ട്രേഷൻ ആവശ്യമാണ്. എന്നാൽ ടെൻഡർ പുറപ്പെടുവിക്കുന്ന വകുപ്പ്/സ്ഥാപനങ്ങളാണ് വർക്കുകൾ ഏറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ ലൈസൻസ് ആവശ്യമുണ്ടോയെന്ന് തീരുമാനിക്കേണ്ടത്.

## സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേട്

258(6006) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) ഇതു വഴി പ്രസ്തുത സഹകരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്നും ആയത് കുറ്റക്കാരിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) സഹകരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി സഹകരണ സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധനകൾ നടത്തി അത്തരം ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് താഴെപ്പറയുന്ന 121 സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംസ്ഥാനതലം

1. കേരള സംസ്ഥാന സഹകരണ ബാങ്ക്
2. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്

3. ഇടുക്കി ജില്ലാ സഹകരണ ബാങ്ക്
4. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്
5. അഗ്രീൻകോ
6. കൺസ്യൂമർ ഫെഡ്
7. ഹൗസ് ഫെഡ്
8. ടൂർ ഫെഡ്.

<u>ജില്ലാ തലം</u>

<u>തിരുവനന്തപുരം</u>

1. മാധവ വിലാസം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1347
2. അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 2154
3. കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ 2620
4. ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1258
5. പാറശ്ശാല റൂറൽ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 1509
6. അഞ്ചാലിക്കോണം റസിഡൻസ് വെൽഫെയർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 1837
7. മുല്ലൂർ റൂറൽ സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1499
8. മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 984

<u>കൊല്ലം</u>

1. ഇടമുളയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്
2. താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്
3. പോരുവഴി സർവ്വീസ് സഹകരണ ബാങ്ക്
4. ക്യൂ.187 ഈസ്റ്റ് കല്ലട (സൗത്ത്) സർവ്വീസ് സഹകരണ ബാങ്ക്
5. കുന്നത്തൂർ താലൂക്ക് റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘം
6. തിരുമുല്ലവാരം വനിത സഹകരണ സംഘം

<u>പത്തനംതിട്ട</u>

1. കുളനട സർവ്വീസ് സഹകരണ ബാങ്ക്
2. ചന്ദനപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്
3. കുമ്പളാംപൊയ്ക സർവ്വീസ് സഹകരണ ബാങ്ക്
4. കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി.റ്റി.123
5. കോന്നി റീജിയണൽ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 3833
6. സീതത്തോട് സർവ്വീസ് സഹകരണ ബാങ്ക്
7. വയ്യാറ്റുപുഴ സർവ്വീസ് സഹകരണ ബാങ്ക്
8. കോട്ടാങ്ങൽ സർവ്വീസ് സഹകരണ ബാങ്ക് .

<u>ആലപ്പുഴ</u>

1. രാമപുരം ഐശ്വര്യപ്രദായിനി സഹകരണ സംഘം(ക്ലിപ്തം) നമ്പർ 1152
2. എൽ.ഐ.സി.ഏജന്റ്സ് സഹകരണ സംഘം(ക്ലിപ്തം) നമ്പർ എ.931
3. മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 707
4. മാവേലിക്കര ഗവൺമെന്റ് സെർവന്റ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 792
5. പാലമേൽ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 4013
6. ഈരേഴ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 190
7. ചേർത്തല സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1688
8. കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1179
9. എസ്.എൻ.കോളേജ് സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ.756
10. പട്ടണക്കാട് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1144

<u>കോട്ടയം</u>

1. വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 785
2. ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2966

3. ഏറ്റുമാനൂർ സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 4069
4. കോടിമത സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 374
5. കുമരകം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 315
6. മുണ്ടക്കയം സർവ്വീസ് സഹകരണ ബാങ്ക്
7. കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 1995
8. പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 3963.

ഇടുക്കി

1. ഐ- 642-ാം നമ്പർ തൊടുപുഴ താലൂക്ക് ഗൾഫ് റിട്ടേണീസ് വെൽഫെയർ സഹകരണ സംഘം
2. 4473-ാം നമ്പർ കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി ലൈസൻസീസ് ആൻഡ് ടെക്നീഷ്യൻസ് സഹകരണ സംഘം
3. ഐ-191-ാം നമ്പർ ഇടുക്കി ഡിസ്ട്രിക്ട് മോട്ടോർ എംപ്ലോയീസ് സഹകരണ സംഘം
4. വാഴത്തോപ്പ് സർവ്വീസ് സഹകരണ ബാങ്ക്
5. കട്ടപ്പന സർവ്വീസ് സഹകരണ ബാങ്ക്
6. കെ-186-ാം നമ്പർ പെരുവന്താനം സർവ്വീസ് സഹകരണ ബാങ്ക്.

എറണാകുളം

1. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (കിപ്ത്തം) നം.ഇ.87
2. തിരുക്കൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (കിപ്ത്തം) നം.ഇ.1279
3. കീച്ചേരി സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 668
4. പൂണിത്തുറ സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ ഇ.840
5. മൂവാറ്റുപുഴ പ്രാഥമിക കാർഷിക സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 4389
6. പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ ഇ.25
7. എം.ഒ.എസ്.സി. മെഡിക്കൽ കോളേജ് എംപ്ലോയീസ് സഹകരണ ബാങ്ക് (കിപ്ത്തം) നമ്പർ 1136.

തൃശ്ശൂർ

1. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്
2. ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്
3. കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്
4. കുരുവിലശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്
5. കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക്
6. ഏങ്ങണ്ടിയൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
7. ചാലക്കുടി അർബൻ ബാങ്ക്
8. മാള റൂറൽ സഹകരണ സംഘം
9. അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
10. മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്
11. വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്ക്
12. കുർക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്
13. തിരൂർ സർവ്വീസ് സഹകരണ ബാങ്ക്
14. ലൈഫ് ഇൻഷ്വറൻസ് ഏജന്റ്സ് സഹകരണ സംഘം
15. ചേറ്റുപുഴ സഹകരണ സംഘം
16. തിരുവില്ലാമല സർവ്വീസ് സഹകരണ ബാങ്ക്
17. പുലാക്കോട് സർവ്വീസ് സഹകരണ ബാങ്ക് .

പാലക്കാട്

1. ഒറ്റപ്പാലം താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി.102
2. വാണിയംകുളം പഞ്ചായത്ത് വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ പി.1053
3. കുമരംപുത്തൂർ സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 373.

മലപ്പുറം

1. വണ്ടൂർ വനിതാ സഹകരണ സംഘം
2. എടക്കര വനിതാ സഹകരണ സംഘം

3. പെരിന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം
4. പെരിന്തൽമണ്ണ താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് സഹകരണ സംഘം
5. പുളിക്കൽ സർവ്വീസ് സഹകരണ ബാങ്ക്
6. താനാളൂർ സർവ്വീസ് സഹകരണ ബാങ്ക്
7. ആതവനാട് സർവ്വീസ് സഹകരണ ബാങ്ക്
8. കോട്ടയ്ക്കൽ ജനകീയ അർബൻ സഹകരണ ബാങ്ക്
9. ആനക്കയം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് എഫ്. 880
10. പാറപ്പൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 799.

കോഴിക്കോട്

1. പഴശ്ശിരാജ സോഷ്യൽ വെൽഫെയർ സഹകരണ സംഘം
2. വടകര സഹകരണ റൂറൽ ബാങ്ക് (കിപ്തം) നമ്പർ എഫ്.1284
3. ചെക്യാട് സർവ്വീസ് സഹകരണ ബാങ്ക്
4. നാദാപുരം വനിതാ സഹകരണ സംഘം
5. മരുതോങ്കര സർവ്വീസ് സഹകരണ ബാങ്ക്
6. കുറ്റ്യാടി വനിതാ സഹകരണ സംഘം
7. വടകര താലൂക്ക് റൂറൽ എംപ്ലോയീസ് & വർക്കേഴ്സ് വെൽഫെയർ & ഡെവലപ്പ്മെന്റ് സഹകരണ സംഘം
8. കേരള ലാന്റ് റിഫോംസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4482
9. കേരള വിഷ്വൽ & പ്രിന്റിംഗ് മീഡിയ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
10. കുന്ദമംഗലം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
11. കോഴിക്കോട് സഹകരണ കാർഷികോൽപ്പന്ന സംസ്കരണ വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.3043
12. സിറ്റി വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കിപ്തം) നമ്പർ ഡി. 3012
13. താമരശ്ശേരി ഹൗസിംഗ് റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
14. താമരശ്ശേരി ലേബർ കോൺട്രാക്ട് സഹകരണ സംഘം
15. കോടഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്.

<u>വയനാട്</u>

1. സുൽത്താൻ ബത്തേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
2. പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്
3. പടിഞ്ഞാറത്തറ സർവ്വീസ് സഹകരണ ബാങ്ക്.

<u>കണ്ണൂർ</u>

1. ചെറുകുന്ന് കണ്ണപുരം വനിതാ സഹകരണ ബാങ്ക്
2. വളപട്ടണം സർവ്വീസ് സഹകരണ ബാങ്ക്
3. പുതിയ തെരു അർബൻ സഹകരണ സംഘം
4. കരിവെള്ളൂർ സോഷ്യൽ വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം (ക്ലിപ്തം) നമ്പർ സി.1924
5. പയ്യന്നൂർ അർബൻ സഹകരണ സംഘം (ക്ലിപ്തം) നമ്പർ സി.1556.

<u>കാസർഗോഡ്</u>

1. പിലിക്കോട് സർവ്വീസ് സഹകരണ ബാങ്ക്
2. ഉദുമ പനയാൽ അർബൻ സഹകരണ സംഘം
3. മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക്
4. കുറ്റിക്കോൽ സർവ്വീസ് സഹകരണ ബാങ്ക്
5. മജിബയിൽ സർവ്വീസ് സഹകരണ ബാങ്ക്
6. മുഗു സർവ്വീസ് സഹകരണ ബാങ്ക്
7. മംഗൽപാടി - പൈവളിഗെ അർബൻ സഹകരണ ബാങ്ക്.

(ബി) സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ 243,04,99,799 രൂപയുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ, കേരള സഹകരണ നിയമം വകുപ്പ് 68(2), വകുപ്പ് 76 എന്നിവ പ്രകാരമുള്ള നടപടികൾ, എ.ആർ.സി. നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥരുടെ ഒഴിവുകളിൽ നിയമനം നടത്തുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്ത് സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സഹകരണ വിജിലൻസ് ഓഫീസറുടെ തസ്തികയിൽ ഡി.ഐ.ജി. റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയാണ് നിയമിക്കേണ്ടതെന്നതിനാലും സംസ്ഥാനത്ത് ഐ.പി.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥനെ ടി തസ്തികയിൽ നിയമിക്കുന്നതിന് ലഭ്യമല്ലാത്തതിനാലും സഹകരണ വിജിലൻസ് ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിലും ടി തസ്തികയിൽ എസ്.പി. (നോൺ കേഡർ) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് സഹകരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഉള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം

259(6007) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ സംഘം ബാങ്കുകളിൽ കോർ ബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഇതു സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച ഔദ്യോഗികതല സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ&ബി) പ്രാഥമിക ഘട്ടത്തിലാണ്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പ്രകാരം ഇക്കാര്യത്തിൽ ഇഫ്ക്കാസ് സമർപ്പിച്ച പ്രൊപ്പോസലിന്റെ സോഫ്റ്റ്‌വെയർ സാങ്കേതികത, സോഫ്റ്റ്‌വെയർ ചെലവ് എന്നിവ ചർച്ച ചെയ്ത് ശിപാർശ സമർപ്പിക്കുന്നതിന് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു ഉദ്യോഗസ്ഥതല സമിതിയെ നിയോഗിക്കുകയും ടി സമിതി സർക്കാരിൽ ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 2019-20 സാമ്പത്തിക വർഷം ബജറ്റിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എ.റ്റി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

## വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷ

260(6008) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് ചാവക്കാട്, ചക്കംകണ്ടം, അമ്പലത്ത് വീട്ടിൽ അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പുമന്ത്രിയുടെ 8-3-2019-ലെ 7749/VIP/2019/M/Co-op/Tsm/Dev നമ്പർ നിർദ്ദേശപ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷ തീർപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ അഡാട്ട് ഫാർമേഴ്സ് ബാങ്കിൽനിന്നും എടുത്ത വായ്പയുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. അഷറഫ് കാളിയത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ സഹകരണ വകുപ്പുമന്ത്രി യുടെ 8-3-2019-ലെ 7749/VIP/ 2019/M-Co-op/Tsm/Dev നമ്പർ നിർദ്ദേശപ്രകാരം ശ്രീ. അഷറഫ് കാളിയത്തിന്റെ വായ്പയിൽ നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അപേക്ഷ തീർപ്പാക്കിയിട്ടില്ല. ശ്രീ. അഷറഫ് കാളിയത്ത് മേൽ സഹകരണ ബാങ്കിൽനിന്നും 5 ലക്ഷം രൂപ O.D/4/858/2002-2003 നമ്പറായി ഓവർ ഡ്രാഫ്റ്റ് വായ്പ എടുത്തിട്ടുള്ളത്, ബാങ്കിന്റെ ഉപനിബന്ധന പ്രകാരം 3 മാസം കൂടുമ്പോൾ പലിശ മുതലിനോട് ചേർക്കുന്നതാണ്. അതനുസരിച്ച് 31-12-2018-ലെ കണക്ക് പ്രകാരം 99,04,506 രൂപയാണ് ബാക്കി നിൽപ്പുള്ളത്. ഈ വായ്പയിൽ 81,21,934 രൂപ ഇളവു നൽകാൻ സംഘംതല കമ്മിറ്റി തീരുമാനിച്ച് ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതാണ്. ഓവർ ഡ്രാഫ്റ്റ് വായ്പകൾ കുടിശ്ശിക നിവാരണം പദ്ധതിയിൽ പരിഗണിക്കുമ്പോൾ വായ്പയുടെ കാലാവധി കണക്കാക്കുന്നതിലും പലിശ കണക്കാക്കുന്നതിലും തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) വ്യക്തത ആവശ്യപ്പെടുകയും സഹകരണസംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക നിവാരണ പദ്ധതിയുടെ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനായി വിശദാംശങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നതിന് അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

### നീതി സ്റ്റോറുകളിൽ ജോലി ചെയ്യുന്ന സെയിൽസ്മാൻമാർ

261(6009) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടേയും/സംഘങ്ങളുടെയും കീഴിൽ പ്രവർത്തിച്ചു വരുന്ന നീതി സ്റ്റോറുകളിൽ ജോലി ചെയ്യുന്ന സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) സഹകരണ ചട്ടം അനുസരിച്ച് ഇവർക്ക് ഏതെല്ലാം തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കും എന്നത് വിശദമാക്കുമോ; ഇതുവരെ എത്രപേർക്ക് ഇതിൽ പ്രൊമോഷൻ ലഭിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കും, തസ്തികകളും ഉൾപ്പെടെയുള്ള വിശദ വിവരം നൽകുമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകളുടെയും/സംഘങ്ങളുടെയും കീഴിൽ പ്രവർത്തിച്ചു വരുന്ന നീതിസ്റ്റോറുകളിൽ ജോലി ചെയ്തുവരുന്ന 2 സെയിൽസ്മാൻമാരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:-

1. കെ. കെ. മാധവൻ, ചുഴലി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ.എൽ.134, കണ്ണൂർ
2. എസ്. മിനിൽ കുമാർ, പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ റ്റി.126, തിരുവനന്തപുരം

(ബി) സഹകരണ ചട്ടമനുസരിച്ച് സഹകരണ ബാങ്കുകളുടെയും/ സംഘങ്ങളുടെയും കീഴിൽ പ്രവർത്തിച്ചുവരുന്ന സെയിൽസ്മാൻമാരിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും സഹകരണ പരിശീലനവും മൂന്നു വർഷത്തെ സേവനവും പൂർത്തിയാക്കിയവരിൽനിന്നും ജൂനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ചട്ടം 185(10) പ്രകാരം 1:4 എന്ന അനുപാതത്തിൽ പ്രൊമോഷൻ നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം പ്രൊമോഷൻ നൽകുന്നതിന് ബാങ്ക്/സഹകരണ സംഘം എന്നിവ സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും പോഷകവിഭാഗം ഉപനിബന്ധന അംഗീകരിച്ച് വാങ്ങേണ്ടതാണ്. സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം സ്ഥിരം നിയമനം നൽകിയിട്ടുള്ള കെ. കെ. മാധവൻ ചുഴലി സർവ്വീസ് സഹകരണ ബാങ്ക്, എസ്. മിനിൽ കുമാർ, പനച്ചമൂട് സർവ്വീസ് സഹകരണ ബാങ്ക് എന്നിവർക്ക് പ്രൊമോഷൻ നൽകിയിട്ടില്ല.

**സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

262(6010) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽനിന്നും കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്നതരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പരമ്പരാഗത മേഖലകളിലെ അടിസ്ഥാന സൗകര്യവികസനത്തിനും ഉല്പാദന വർദ്ധനവിനും സഹകരണ സംഘങ്ങൾ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ഡി) സ്ത്രീകളുടെ ശാക്തീകരണത്തിനും വിവിധ മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ 2018-19 സാമ്പത്തിക വർഷത്തിൽ ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ 69,88,500 രൂപ നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 171.36 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രാഥമിക ഉപഭോക്തൃ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽനിന്നും കൂടുതൽ വിദേശനാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ ഇന്ത്യ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് ട്രേഡ് ഫെയറിൽ പങ്കെടുത്തുകൊണ്ട് കൂടുതൽ വിപണികൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ കഴിയുന്ന പദ്ധതികൾ രൂപീകരിച്ചുകൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുവാൻ പദ്ധതി ധനസഹായം നൽകിവരുന്നുണ്ട്. അതിനായി സംഘങ്ങൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ 75% പരമാവധി 25 ലക്ഷം രൂപ സബ്സിഡി, ഓഹരി, വായ്പയായി യഥാക്രമം 20:25:30 എന്ന അനുപാതത്തിൽ സർക്കാർ സഹായം നൽകിവരുന്നുണ്ട്. ഇതിനായി 2019-20 വർഷത്തേയ്ക്ക് 150 ലക്ഷം രൂപ സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ടി സ്കീമിലൂടെ അഗ്രോ പ്രോസസ്സിംഗ് യൂണിറ്റുകൾ സംഘങ്ങൾ മുഖേന സ്ഥാപിക്കുന്നതിനും ഉത്പന്നങ്ങൾ തരം തിരിക്കുക, ഗ്രേഡ് ചെയ്യുക, പാക്ക് ചെയ്യുക, ലേബൽ ചെയ്യുക ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഇടപെടലിന് പ്രാധാന്യം നൽകുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരമ്പരാഗത മേഖലയിലെ ഉത്പാദന വർദ്ധനവ് ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിലെ നെല്ലറയായ പാലക്കാട് ആസ്ഥാനമാക്കി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ. പി. 1449 (PAPCOS) എന്ന സഹകരണ സംഘത്തിന്റെ കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോടുകൂടിയ ഒരു ആധുനിക റൈസ് മില്ലും സൈലോകളും (SILOS) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കക്ക സഹകരണ സംഘങ്ങൾ, ആർട്ട്കോ എന്നീ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ പ്രത്യേക സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലായി 12 കക്ക സഹകരണ സംഘങ്ങൾക്ക് 365 ലക്ഷം രൂപ ധനസഹായം സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സ്ത്രീകളുടെ ശാക്തീകരണത്തിനും വിവിധ മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിച്ച് നിത്യ വരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതാത് പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ പ്രോജക്ടുകൾക്ക് ധനസഹായം നൽകിവരുന്നു. വനിതാ സഹകരണ സംഘങ്ങളിലെ തൊഴിൽരഹിതരായ അംഗങ്ങളെ ഉൾപ്പെടുത്തി വിവിധ സംരംഭ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയത് സംഘങ്ങൾ സമർപ്പിച്ച പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു നൽകി വരുന്നതുമാണ്.

**സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ**

263(6011) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) ഈ സർക്കാർ വന്നശേഷം എത്ര സഹകരണസംഘ സ്ഥാപനങ്ങളിലാണ് ഇത്തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയത്;

(സി) കുറ്റക്കാരെ നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാത്തത് സഹകരണ സംഘങ്ങളുടെ വിശ്വാസ്യതയെ തകർക്കുകയും സഹകാരികൾക്ക് സാമ്പത്തികമായ നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാക്കിയിട്ടില്ലേ എന്നറിയിക്കാമോ;

(ഡി) ക്രമക്കേടിന്റെ പേരിൽ ഈ സർക്കാർ നിലവിൽവന്നശേഷം വകുപ്പ് 32 പ്രകാരം ജീവനക്കാരെ പിരിച്ചുവിടുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാരും താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് തലത്തിൽ ഇൻസ്പെക്ടർമാരും സഹകരണ സംഘങ്ങളിൽ ആകസ്മിക/വിശദ പരിശോധനകൾ നടത്തിവരുന്നു. സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് താലൂക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കാണുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66 എന്നിവ പ്രകാരമുള്ള തുടർ അന്വേഷണങ്ങൾ/പരിശോധനകൾ നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഇതിനു പുറമെ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും സഹകരണ നിയമം വകുപ്പ് 63 പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ഫലപ്രദമായി നടത്തിവരുന്നു.

(ബി) ഈ സർക്കാർ വന്നശേഷം 213 സഹകരണ സ്ഥാപനങ്ങളിലാണ് സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയത്.

(സി) കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും ശിക്ഷ ഉറപ്പാക്കുന്നതിനും സഹകരണ നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സഹകരണ നിയമം വകുപ്പ് 32 പ്രകാരം സഹകരണ സംഘം ജീവനക്കാരെ പിടിച്ചു വിടുന്നതിന് വ്യവസ്ഥയില്ല. സഹകരണ സംഘം ഭരണ സമിതികളെ പിരിച്ചുവിടുന്നതിനാണ് വകുപ്പ് 32 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ സർക്കാർ നിലവിൽ വന്നശേഷം ക്രമക്കേടിന്റെ പേരിൽ വകുപ്പ് 32 പ്രകാരം സംസ്ഥാനത്ത് 38 സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ പിരിച്ചുവിട്ടിട്ടുണ്ട്.

## ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘങ്ങൾ

264(6012) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗസറ്റഡ് ഓഫീസേഴ്സിന്റെ എത്ര സഹകരണ സംഘങ്ങളുണ്ട്; ഇവ ഏതൊക്കെ ജില്ലയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ബൈലോകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗസറ്റഡ് ഓഫീസേഴ്സിന്റെ 3 സഹകരണ സംഘങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം - 2

എറണാകുളം - 1

(ബി) പ്രസ്തുത സംഘങ്ങളുടെ ബൈലോകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

## കാർഷിക സഹകരണ സംഘങ്ങൾ കർഷകർക്ക് നൽകിവരുന്ന സേവനങ്ങൾ

265(6013) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളും കാർഷിക സഹകരണ സംഘങ്ങളും കർഷകർക്ക് നൽകിവരുന്ന സേവനങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കാർഷിക ആവശ്യങ്ങൾക്ക് സഹകരണസംഘങ്ങൾക്ക് നൽകാവുന്ന പരമാവധി തുക നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്;

(ഡി) ഇത്തരത്തിൽ എടുക്കുന്ന കാർഷിക വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; ഇതിന് എത്ര രൂപയാണ് സബ്സിഡി നൽകുന്നതെന്നും അത് എപ്പോഴാണ് നൽകുന്നതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി നെൽക്കർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷികമേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽക്കൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിതവായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു.

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത സഹകരണ സംഘങ്ങളുടെ അധീനതയിൽ സർക്കാരിന്റെ പദ്ധതി സഹായത്തിലൂടെ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി കർഷക സേവന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ഫാം സർവ്വീസുകൾ ബ്ലോക്ക്തലത്തിൽ നൽകി വരുന്നു. ടി കേന്ദ്രങ്ങൾ കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി തുടങ്ങിയവയെ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുന്നു. ബ്ലോക്ക് തലത്തിൽ കാർഷിക മേഖലയുടെ യന്ത്രവത്കരണത്തിന്റെ ഒരു കേന്ദ്രമായും നിരന്തര സ്വയംസഹായ കേന്ദ്രങ്ങളായും പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന കർഷക സേവന കേന്ദ്രങ്ങളിൽ മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ ആരംഭിച്ച് കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നുണ്ട്.

കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾക്ക് ചുവടെ പറയും പ്രകാരമുള്ള പദ്ധതി സഹായങ്ങളും നൽകി വരുന്നുണ്ട്:

i. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ് വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്.

ii. കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25,000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്.

iii. സഹകരണ സംഘത്തിന് കൊയ്ത്ത്-മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.

iv. സഹകരണ സ്ഥാപനങ്ങൾ നെൽക്കൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയംതുക തിരിച്ച് നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.

v. ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

vi. നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങൾ നെൽക്കൃഷിക്കായി പലിശരഹിത വായ്പ നൽകുന്നതോടൊപ്പം കർഷകരിൽനിന്നും ചെറിയൊരു തുക സ്വീകരിച്ച് ടി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരികയും ചെയ്യുന്നു. സ്വന്തം ഫണ്ട്

ഉപയോഗിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നെൽകൃഷിക്കായി ധനസഹായം നൽകിവരുന്നു. നിലവിൽ കിസാൻ ക്രഡിറ്റ് കാർഡുകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വായ്പകൾക്കുള്ള രണ്ട് ശതമാനം പലിശയിളവ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽനിന്ന് പരമാവധി 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന 3,00,000 രൂപ വരെയുള്ള വായ്പകൾക്ക് 2% പലിശയിളവും ടി വായ്പകൾ കൃത്യമായി അടയ്ക്കുന്ന കർഷകർക്ക് 3% പലിശയിളവും നൽകിവരുന്നു. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉത്പാദനം വർദ്ധിപ്പിക്കൽ എന്നിവ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷിവകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

കർഷകരിൽനിന്നും നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ PRS(പാഡി രസീപ്റ്റ് ഷീറ്റ്)ലോൺ വഴി ലഭ്യമാക്കുന്നതിനായി സപ്ലൈകോയും ബാങ്കുകളും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് അപ്രകാരം ബാങ്കുകൾക്ക് നൽകുന്ന അതേ പരിഗണന നൽകി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി നെല്ല് സംഭരണ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മുഖാന്തിരം നെല്ലിന്റെ വില കാലതാമസം കൂടാതെ നൽകി വരുന്നു.

(ബി) കേരളത്തിന്റെ നെല്ലറയായ പാലക്കാട് ആസ്ഥാനമാക്കി പാലക്കാട് പാഡി പ്രൊക്യൂയർമെന്റ്, പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. അതിനു കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോട് കൂടിയ ഒരു ആധുനിക റൈസ് മില്ലും സൈലോകളും (SILOS) സ്ഥാപിക്കുന്നതിനും സംഭരിക്കുന്ന നെല്ലും അരിയും സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ വിവിധ സഹകരണ സംഘങ്ങൾ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

(സി) കാർഷിക ആവശ്യങ്ങൾക്ക് സഹകരണ സംഘങ്ങൾക്ക് നൽകാവുന്ന പരമാവധി തുക സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ എടുക്കുന്ന കാർഷിക വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അതാതു സമയങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് ബാധകമായിരിക്കും. ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം നബാർഡിൽ നിന്നുള്ള 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 4% പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. ജില്ലകളിൽ നിന്നും ക്ലെയിം സ്റ്റേറ്റ്മെന്റ് ലഭിക്കുന്ന പ്രകാരം സർക്കാരിൽനിന്നും അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായി തുക നൽകിവരുന്നു.

## കൺസ്യൂമർ ഫെഡിന്റെ കീഴിലെ വിദേശ മദ്യഷോപ്പുകൾ

266(6014) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ നിലവിൽ എത്ര വിദേശ മദ്യഷോപ്പുകളുണ്ട്; ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി എത്ര ഷോപ്പുകൾ ആരംഭിച്ചു;

(ബി) ഇതിൽ ആധുനികമായി സജ്ജീകരിച്ച സെൽഫ് സർവ്വീസ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം;

(സി) അഞ്ഞൂറ് രൂപയിൽ കൂടുതൽ വിലയുള്ള പ്രീമിയം ഉല്പന്നങ്ങൾ വിൽക്കുന്നതിന് പ്രത്യേക കൗണ്ടർ ആരംഭിച്ചിട്ടുണ്ടോ; എത്രയെണ്ണം;

(ഡി) ഇത്തരം കൗണ്ടറുകൾ സ്ഥാപിച്ചതിലൂടെ ഉപഭോക്താക്കളെ കൂടുതലായി ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കൺസ്യൂമർഫെഡിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) 2017-18-നെ അപേക്ഷിച്ച് 2018-19-ൽ എന്ത് വരുമാന വർദ്ധനവാണ് ഉണ്ടായത്?

### ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ നിലവിൽ 36 വിദേശ മദ്യഷോപ്പുകളും 3 ബിയർ ഷോപ്പുകളും ഉൾപ്പെടെ 39 ഷോപ്പുകളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ഷോപ്പുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ഉണ്ട്. 18 (പതിനെട്ട്) എണ്ണം.

(സി) ഉണ്ട്. 42 (നാൽപത്തിരണ്ട്) എണ്ണം.

(ഡി) കഴിഞ്ഞിട്ടുണ്ട്.

(ഇ) 2017-18-നെ അപേക്ഷിച്ച് 2018-19-ൽ 186,65,33,175 രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

267(6015) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിശദമാക്കുമോ; ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സ്ഥിരം കസ്റ്റമേഴ്സിനെ ആകർഷിക്കുവാൻ ഏർപ്പെടുത്തിയ സ്മാർട്ട് കാർഡ് സംവിധാനം വിജയപ്രദമാണോ എന്നറിയിക്കാമോ;

(സി) കൺസ്യൂമർ ഫെഡിന്റെ നിലവിലെ സഞ്ചിത നഷ്ടം എത്രയാണ്; ഇത് കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നല്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ വകുപ്പിനു കീഴിൽ ജില്ലാ മൊത്ത വ്യാപാര സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായി പ്രവർത്തിച്ചുവരുന്ന കൺസ്യൂമർഫെഡ് ഇന്ന് അതിന്റെ പ്രവർത്തനം ഗ്രാമീണ മേഖലയിൽക്കൂടി വ്യാപിപ്പിച്ച് ജനോപകാരപ്രദമായ നിരവധി സംരംഭങ്ങൾ ആരംഭിച്ച് പ്രവർത്തിക്കുന്നു. രൂക്ഷമായ വിലക്കയറ്റം തടയുക, നിത്യോപയോഗ സാധനങ്ങളുടെ വിപണിയിലെ ലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൺസ്യൂമർഫെഡ് സർക്കാർ ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഉത്സവകാല ചന്തകൾ ഉൾപ്പെടെയുള്ള വിപണി ഇടപെടൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണി മാർക്കറ്റുകൾ, നീതിമെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി നോട്ട് ബുക്ക്, കംപ്യൂട്ടർ സ്റ്റേഷനറി നിർമ്മാണ യൂണിറ്റ്, ഇ-ത്രിവേണികൾ, വിദേശ മദ്യ ബിയർ വ്യാപാരം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ്, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് എന്നിവ കൺസ്യൂമർ ഫെഡിനുകീഴിൽ പ്രവർത്തിക്കുന്നു. അതിവിപുലമായ വിപണന ശൃംഖലകളുടെ ശക്തിപ്പെടുത്തൽ, ജനകീയ അംഗീകാരത്തിന്റെയും വിശ്വാസ്യതയുടെ തിരിച്ചു പിടിക്കൽ, കരുത്തുറ്റ സഹകാരി പിന്തുണയുടെ ഉറപ്പു വരുത്തൽ, ജീവനക്കാരുടെ അർപ്പണ മനോഭാവം വളർത്തിയെടുക്കൽ,

വ്യക്തതയോടെയുള്ള ശക്തമായ വിപണി ഇടപെടൽ, നിരന്തര അവലോകനം, കർശനമായ അച്ചടക്ക നടപടികൾ, സർക്കാർ പിന്തുണ ഉറപ്പുവരുത്തൽ എന്നിവയാണ് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

(ബി) സ്ഥിരം കസ്റ്റമേഴ്സിനെ ആകർഷിക്കുവാൻ ഏർപ്പെടുത്തിയ സ്മാർട്ട് കാർഡ് സംവിധാനം പൂർണ്ണമായും വിജയപ്രദമല്ല.

(സി) കൺസ്യൂമർ ഫെഡിന്റെ നിലവിലെ സഞ്ചിത നഷ്ടം 628.47 കോടി രൂപയാണ്. ഇത് കുറച്ചുകൊണ്ടു വരുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെചേർക്കുന്നു:

കൺസ്യൂമർ ഫെഡിന് കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള 238 കോടി രൂപയുടെ കട ബാദ്ധ്യത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 215 കോടി രൂപയ്ക്ക് 31-12-2016-ന് തീർപ്പാക്കുകയുണ്ടായി. ഓവർഡ്രാഫ്റ്റ് ലഭ്യമാക്കിയിരുന്ന ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് വിറ്റുവരവ് തുക നിക്ഷേപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടും ഇതുമൂലം പണത്തിന്റെ ക്രയവിക്രയങ്ങളിൽ ക്രമാതീതമായ നിയന്ത്രണം ഏർപ്പെടുത്തി വേണ്ട രീതിയിൽ പണത്തിന്റെ വിനിയോഗം തിട്ടപ്പെടുത്തുന്നതിലൂടെ സ്ഥാപനത്തിന്റെ ലാഭശതമാനം ഉയർത്തുന്നതിന് സാധിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന നന്മ സ്റ്റോറുകൾ, ത്രിവേണികൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ നിർത്തലാക്കുകയും ലാഭകരമായ സ്ഥലങ്ങളിൽ ത്രിവേണികൾ പുനഃസ്ഥാപിക്കുകയും ചെയ്തു. നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി ചില ഗോഡൗണുകൾ നിർത്തലാക്കുക, ദിവസ വേതന ജീവനക്കാരെ ഒഴിവാക്കുക, അനാവശ്യ ചെലവുകൾ ഒഴിവാക്കുക, ഉചിതമായ നിർദ്ദേശങ്ങളിലൂടെ മുൻകാലങ്ങളിലുണ്ടായ അധിക ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തുക തുടങ്ങിയ കർശന നിയന്ത്രണങ്ങളിലൂടെ സ്ഥാപനത്തെ ലാഭകരമാക്കുന്നതിന് സാധിച്ചു.

**സഹകരണമേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

268(6016) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണമേഖലയിൽ എത്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഇവയുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണമേഖലയിൽ കേപ്പിന്റെ (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ) കീഴിൽ സംസ്ഥാനത്തൊട്ടാകെ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും ഉൾപ്പെടെ 10 പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് എന്ന പേരിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സംസ്ഥാന സഹകരണ യൂണിറ്റിന്റെ കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലായി 16 ജെ.ഡി.സി. ട്രെയിനിംഗ് സെന്ററുകളും 13 എച്ച്.ഡി.സി. ട്രെയിനിംഗ് സെന്ററുകളും തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാമിൽ കിക്മ (Kerala Institute of Co-operative Management) എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. കിക്മയിൽ പ്രൊഫഷണൽ കോഴ്സായ എം.ബി.എ. കോഴ്സ് നടത്തുന്നു.

സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തെ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന 17 സഹകരണസംഘങ്ങളുടെ കീഴിൽ വിവിധ തരത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളും നടത്തുന്നുണ്ട്.

(ബി) ജില്ലതിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര്,ജില്ല | നടത്തുന്ന കോഴ്സുകൾ |
|---|---|---|
| തിരുവനന്തപുരം | | |
| 1 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മുട്ടത്തറ(കേപ്പ്) | ബി.ടെക് |
| 2 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 3 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി. & ബി.എം. |
| 4 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) – സംസ്ഥാന സഹകരണ യൂണിയൻ | എം.ബി.എ. |
| കൊല്ലം | | |
| 5 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ (കേപ്പ്) | ബി.ടെക്, എം.ടെക് |
| 6 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം (കേപ്പ്) | ബി.ടെക് |
| 7 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |

| | | |
|---|---|---|
| 8 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി& ബി.എം. |
| 9 | കൊല്ലം ജില്ലാ സഹകരണ ആശുപത്രി ക്യൂ.952 | ജനറൽ നഴ്സിംഗ്, ബി.എസ്.സി. നഴ്സിംഗ് |
| 10 | മയ്യനാട് റീജിയണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഐ.റ്റി.സി. (മെക്കാനിക്കൽ, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, അഗ്രികൾച്ചറൽ അസിസ്റ്റന്റ്) |
| പത്തനംതിട്ട | | |
| 11 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുള (കേപ്പ്) | ബി.ടെക് |
| 12 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 13 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| ആലപ്പുഴ | | |
| 14 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പുന്നപ്ര (കേപ്പ്) | ബി. ടെക്, എം.ടെക് |
| 15 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, പുന്നപ്ര (കേപ്പ്) | എം.ബി.എ. |
| 16 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 17 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| കോട്ടയം | | |
| 18 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ (കേപ്പ്) | ബി. ടെക്, എം.ടെക് |
| 19 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 20 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ (എക്സ്റ്റൻഷൻ സെന്റർ) | ജെ.ഡി.സി. |
| 21 | എൻ.എസ്.എസ്. സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| 22 | റ്റി.റ്റി.എം. സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| 23 | മീനച്ചിൽ താലൂക്ക് എഡ്യൂ. സഹകരണ സംഘം | B.Com, CDIT Computer course |

| | | |
|---|---|---|
| ഇടുക്കി | | |
| 24 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 25 | കോ-ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ (തൊടുപുഴ എഡ്യൂക്കേഷണൽ സഹ. സംഘം) | BA LLB, B.Com LLB |
| 26 | നെടുങ്കണ്ടം ബ്ലോക്ക് എഡ്യൂക്കേഷണൽ സഹകരണ സംഘം | NCVT Draftsman Civil, BCA, PGDCA, Tally, DTP, CAD, DEO |
| എറണാകുളം | | |
| 27 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 28 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| 29 | ഇന്ദിരാഗാന്ധി മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ സഹകരണ സംഘം | നഴ്സിംഗ് കോഴ്സ് |
| തൃശ്ശൂർ | | |
| 30 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 31 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| 32 | തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി ലി.നം.306 | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് & മിഡ് വൈഫറി കോഴ്സ് |
| 33 | ഇരിങ്ങാലക്കുട സഹകരണ ആശുപത്രി ലി.നം.ആർ.954 | ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് & മിഡ് വൈഫറി കോഴ്സ് |
| പാലക്കാട് | | |
| 34 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 35 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| മലപ്പുറം | | |
| 36 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 37 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |

| | | |
|---|---|---|
| 38 | ജെംസ് എഡ്യുക്കേഷണൽ സൊസൈറ്റി | ബി.ബി.എ., ബി.എസ്.സി. ബയോടെക്നോളജി, ബി.എസ്.സി. ഇലക്ട്രോണിക്സ്, ബി.എ. മൾട്ടിമീഡിയ, ബി.എ. ട്രാവൽ & ടൂറിസം മാനേജ്മെന്റ്, ബി.എ.എം.സി., എം.എസ്.ഡബ്ല്യൂ. |
| 39 | ഇ.എം.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പെരിന്തൽമണ്ണ | ബി.എസ്.സി. നഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി., BPT ഫിസിയോതെറാപ്പി, ജനറൽ നഴ്സിംഗ്, DOTT, DCVT, DMLT |
| 40 | മലപ്പുറം സഹകരണ ആശുപത്രി | നഴ്സിംഗ് കോഴ്സ് |
| കോഴിക്കോട് | | |
| 41 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര (കേപ്പ്) | ബി.ടെക്, എം.സി.എ. |
| 42 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 43 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| 44 | എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി | ബി.ടെക്, എം.ടെക് |
| 45 | വടകര സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റി | ബി.എസ്.ഡബ്ല്യൂ, ഹെൽത്ത് ഇൻസ്പെക്ടർ, പ്രീ പ്രൈമറി ടീച്ചിംഗ് കോഴ്സ് |
| 46 | വടകര സഹകരണ ഹോസ്പിറ്റൽ | നഴ്സിംഗ് കോഴ്സ് |
| 47 | കോഴിക്കോട് ജില്ല സഹകരണ ഹോസ്പിറ്റൽ | നഴ്സിംഗ് കോഴ്സ് |
| വയനാട് | | |
| 48 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| കണ്ണൂർ | | |

| | | |
|---|---|---|
| 49 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി (കേപ്പ്) | ബി.ടെക്, എം.ടെക് |
| 50 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 51 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 52 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| 53 | തളിപ്പറമ്പ് ടെക്നിക്കൽ എഡ്യൂക്കേഷൻ സഹകരണ സംഘം | ഐ.ടി.ഐ. |
| കാസർഗോഡ് | | |
| 54 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ (കേപ്പ്) | ബി.ടെക് |
| 55 | ജെ.ഡി.സി. ട്രെയിനിംഗ് സെന്റർ | ജെ.ഡി.സി. |
| 56 | സഹകരണ പരിശീലന കോളേജ് | എച്ച്.ഡി.സി & ബി.എം. |
| 57 | കാസർഗോഡ് എഡ്യൂക്കേഷൻ സഹകരണ സംഘം | BBA, BCCA, BA ടൂറിസം & ട്രാവൽ മാനേജ്മെന്റ് ബി.എ. ജേർണലിസം |

**നെൽകർഷകർക്ക് വായ്പ പദ്ധതികൾ**

269(6017) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നെൽകർഷകർക്കായി സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖേന എന്തെല്ലാം തരത്തിലുള്ള വായ്പ പദ്ധതികളാണ് ഉള്ളതെന്നും ആയതിന്റെ നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി നെൽക്കൃഷിക്ക് പരിധിയില്ലാത്ത തുക പലിശരഹിത വായ്പയായി നൽകിവരുന്നു. കൂടാതെ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിതമായി കാർഷിക വായ്പ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന 3 ശതമാനം സബ്‌വെൻഷൻ

കഴിച്ച് 4 ശതമാനം പലിശ സബ്സിഡിയായി സർക്കാർ നൽകുന്നതുവഴി ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിത വായ്പയായി നൽകിവരുന്നു.

കൂടാതെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നെൽകർഷകർക്കും കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ചുവടെ പറയും പ്രകാരമുള്ള പദ്ധതി ധനസഹായവും സർക്കാർ നൽകിവരുന്നു:-

- സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്.

- കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25,000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.

- സഹകരണ സംഘത്തിന് കൊയ്ത്ത്-മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.

- സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകനു നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയംതുക തിരിച്ചു നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.

- ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിതഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

- നെൽകൃഷിക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്.

കാർഷിക വായ്പാ സംഘങ്ങളുടെ ഉപനിബന്ധന പ്രകാരമുള്ള അപേക്ഷകൾ

അംഗങ്ങളിൽനിന്നും ലഭ്യമാക്കി ആയതിന്മേലാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത്. കൂടാതെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സമർപ്പിക്കുന്ന അനുയോജ്യമായ പ്രൊപ്പോസലുകൾ/പ്രോജക്ടുകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ബജറ്റ് തുകയ്ക്ക് വിധേയമായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നത്.

## ആലത്തൂർ മണ്ഡലത്തിൽ റിസ്ക് ഫണ്ട്

270(6018) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷം ആലത്തൂർ മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പഞ്ചായത്തടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ബി) അതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും അവർക്ക്നൽകിയ തുക എത്രയെന്നും അറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ നിന്നുമായി 2 വർഷത്തിനിടയിൽ 397 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കുഴൽമന്ദം | 19 |
| 2 | തേങ്കുറിശ്ശി | 0 |
| 3 | എരിമയൂർ | 19 |
| 4 | ആലത്തൂർ | 311 |
| 5 | മേലാർക്കോട് | 2 |
| 6 | വണ്ടാഴി | 0 |
| 7 | കിഴക്കഞ്ചേരി | 46 |
| ആകെ | | 397 |

(ബി) ലഭ്യമായ അപേക്ഷകളിൽ തീർപ്പു കല്പിച്ച അപേക്ഷകളുടെയും അനുവദിച്ച തുക ഉൾപ്പെടെയുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ

271(6019) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ എല്ലാം പി.എസ്.സി. വഴിയാണോ നടത്തുന്നത്; വിശദമാക്കുമോ;

(ബി) ഇനി എത്ര സഹകരണ അപ്പെക്സ് സ്ഥാപനങ്ങളാണ് അവരുടെ നിയമനങ്ങൾ പി.എസ്.സി. വഴിയാക്കേണ്ടത്; അവ ഏതൊക്കെ; ഇപ്രകാരം നിയമനം നടത്താൻ പ്രസ്തുത സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്പെഷ്യൽ റൂൾ തയ്യാറാക്കാതെ നിയമനം പി.എസ്.സി.-ക്ക് വിടാതെ പഴയരീതി തുടരുന്നതും നിയമനം പി.എസ്.സി.-ക്ക് വിട്ടശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതുമായ സഹകരണ അപ്പെക്സ് സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചുവടെ പറയുന്ന അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്.

കേരള സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കൺസ്യൂമർ ഫെഡറേഷൻ, ഹൗസിംഗ് ഫെഡറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ.

സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന്റെ റിക്രൂട്ട്മെന്റ് റൂൾസ് 19-8-2019 തീയതിയിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മറ്റ് ഭരണ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള താഴെ പറയുന്ന അപ്പെക്സ് സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തിവരുന്നു.

കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാന്റെക്സ്), സംസ്ഥാന സഹകരണ ക്ഷീരവിപണന ഫെഡറേഷൻ (മിൽമ), കേരള സംസ്ഥാന കരകൗശല കേന്ദ്ര സഹകരണ സംഘം (സുരഭി), മത്സ്യഫെഡ് എന്നിവ.

കയർഫെഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിനുള്ള സബ്റൂളിന് 8-11-2017-ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) സഹകരണ വകുപ്പിന്റെ കീഴിലെ വനിതാഫെഡ്, ടൂർഫെഡ്, ഹോസ്പിറ്റൽ ഫെഡ് എന്നീ സ്ഥാപനങ്ങൾ സാമ്പത്തികമായി പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല.

(സി) ഇപ്രകാരമുള്ള സ്ഥാപനങ്ങൾ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജില്ലാ ബാങ്കുകളിലെ പുതിയ തസ്തികകൾ

272(6020) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാനത്തെ ജില്ലാ ബാങ്കുകളിൽ പുതിയതായി ഏതെല്ലാം തസ്തികകൾക്ക് അനുമതി നൽകിയെന്നറിയിക്കുമോ;

(ബി) ഈ കാലയളവിൽ ജില്ലാ ബാങ്കുകളിലെ ഏതെങ്കിലും തസ്തികകളിൽ ശമ്പള വർദ്ധനവോ മറ്റാനുകൂല്യങ്ങളോ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2019 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാനത്തെ ജില്ലാ ബാങ്കുകളിൽ പുതിയതായി തസ്തികകൾക്ക് അനുമതി നൽകിയിട്ടില്ല.

(ബി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാരുടെ വേതനം നിലവിലുള്ള 2500 (രണ്ടായിരത്തി അഞ്ഞൂറ് രൂപ) രൂപയിൽനിന്നും 4,000 (നാലായിരം) രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു.

## പ്രാഥമിക സഹകരണ സംഘങ്ങളിൽ നിയമനങ്ങൾക്ക് സംവരണം

273(6021) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിയമനങ്ങൾക്ക് സംവരണം ബാധകമാണോ; എങ്കിൽ അർഹരായ വിഭാഗങ്ങളും സംവരണം ഏർപ്പെടുത്തിയ ശതമാനവും വിശദമാക്കുമോ;

(ബി) പി.എസ്.സി. നിയമനങ്ങളിലുള്ളതുപോലെ റൊട്ടേഷൻ അനുസരിച്ചാണോ നിയമനങ്ങൾ നടത്തുന്നത്; വിശദമാക്കുമോ;

(സി) സംവരണം നിലവിലില്ലെങ്കിൽ പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി സംവരണം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സഹകരണ സംഘം നിയമം 1969 വകുപ്പ് 80(4) പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിൽ നേരിട്ടുള്ള നിയമനത്തിന് ഓരോ സംഘത്തിലെയും ജീവനക്കാരുടെ പത്ത് ശതമാനം തസ്തികകൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽനിന്നും നിയമനം നടത്തുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. വകുപ്പ് 80(5) പ്രകാരം ഓരോ സംഘത്തിന്റെ ആകെ തസ്തികകളിൽ മൂന്ന് ശതമാനം തസ്തികകൾ നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ള വികലാംഗർക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെട്ട പ്രകാരം സംവരണം ചെയ്തിട്ടുണ്ട്.

(ബി) അല്ല. പി.എസ്.സി. നിയമനങ്ങൾക്ക് നടപ്പിലാക്കിയിട്ടുള്ള റോട്ടേഷൻ അനുസരിച്ചുള്ള സംവരണതത്വം സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ജവഹർ സഹകരണ ഭവൻ**

274(6022) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയാണോ ജവഹർ സഹകരണ ഭവൻ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിലവിൽ അതിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) സഹകരണ പെൻഷൻ ബോർഡിന് പ്രസ്തുത കെട്ടിടത്തിൽ സ്ഥലം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏത് ബ്ലോക്കിലെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് സ്ഥലം അനുവദിക്കാത്തതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് വേണ്ടിയാണ് ജവഹർ സഹകരണ ഭവൻ നിർമ്മിച്ചിട്ടുള്ളത്.

എന്നാൽ ജവഹർ സഹകരണ ഭവൻ നിർമ്മിക്കുന്നതിനുമുമ്പ് പ്രവർത്തിച്ചുകൊണ്ടിരുന്ന കേരള സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 10-ാം നില ഓഫീസ് അനുവദിച്ചിട്ടുള്ളതും ടി ഓഫീസ് പ്രവർത്തിച്ചു വരുന്നതുമാണ്.

നിലവിൽ സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസ്, സഹകരണ സംഘം ആഡിറ്റ് ഡയറക്ടറുടെ ആഫീസ്, കേരള സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

7-ാം നിലയിൽ 3093 സ്ക്വയർ ഫീറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 6500 സ്ക്വയർ ഫീറ്റ് സ്ഥലമെങ്കിലും നൽകണമെന്നും അല്ലാത്ത പക്ഷം സ്വന്തമായി സ്ഥലമോ, കെട്ടിടത്തോടുകൂടിയ സ്ഥലമോ വാങ്ങാൻ അനുവദിക്കണമെന്നും പെൻഷൻ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ടി അപേക്ഷ രജിസ്ട്രാറുടെ പരിഗണനയിലാണ്. അതോടൊപ്പംതന്നെ അനുമതിക്കു വിധേയമായി ഓഫീസ് പ്രവർത്തനത്തിനാവശ്യമായ സ്ഥലമോ/7000 Sq ft കെട്ടിടത്തോടുകൂടിയ സ്ഥലമോ ലഭിക്കുന്നതിന് പെൻഷൻ ബോർഡ് പത്രപരസ്യം നൽകിയിട്ടുണ്ട്.

## വയനാട് ജില്ലയിൽ കെയർ ഹോം പദ്ധതി

275(6023) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം വയനാട് ജില്ലയിൽ എത്ര വീടുകളാണ് നിർമ്മിച്ചു നൽകിയിട്ടുള്ളത്;

(ബി) വീടുകൾ നിർമ്മിച്ചു നൽകിയ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) 84 വീടുകൾ.

(ബി) വീടുകൾ നിർമ്മിച്ചു നൽകിയ സഹകരണ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ

276(6024) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ എത്രയെണ്ണം ഉണ്ട്; ഇത് എവിടെയെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) 1961-ൽ കേന്ദ്ര നിയമപ്രകാരം സ്ഥാപിതമായ ഇവയുടെ പൊതുസ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റോറുകളിലെ വിൽപ്പനവസ്തുക്കൾക്ക് സാമൂഹ്യക്ഷേമ വകുപ്പിനുകീഴിലെ ഐ.സി.ഡി.എസ്-കൾ എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിലക്ക് പിൻവലിച്ച് അംഗൻവാടികൾക്ക് ആവശ്യമായ വസ്തുക്കൾ ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നതിനുള്ള അനുമതി നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിലവിൽ പ്രവർത്തിക്കുന്ന 11 ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ ഉണ്ട്. ഇവ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ 11 ജില്ലകളാണുള്ളത്.

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 14 ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ട്. കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ അഡ്മിനിസ്ട്രേറ്ററും, ഇടുക്കി ജില്ലയിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുമാണ് തുടർന്ന് വരുന്നത്. മലപ്പുറം ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോർ ലിക്വിഡേഷനിലാണ്. അഡ്മിനിസ്ട്രേറ്റർ ഭരണത്തിലുള്ള കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ തുറന്നു പ്രവർത്തിക്കുന്നില്ല. 8-7-2019-ൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി നിലവിൽവന്ന പത്തനംതിട്ട ജില്ലയിലെയും 21-7-2018-ൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി നിലവിൽ വന്ന കോഴിക്കോട് ജില്ലയിലെയും മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സ്റ്റോറുകളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി&ഡി) നിലവിൽ 6-8-2019-ലെ സ.നി.വ.B1/493/2019/സ.നി.വ സർക്കുലർ പ്രകാരം നിബന്ധനകൾക്ക് വിധേയമായി സഹകരണ സ്റ്റോറുകളിൽനിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## മരുന്ന് ഉല്പാദക സംഘങ്ങൾ

277(6025) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനുകീഴിൽ മരുന്ന് ഉല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അത് എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് അപ്പെക്സ് ബോഡികൾ ഉണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സഹകരണ വകുപ്പിനുകീഴിൽ ആയുർവേദ മരുന്നുകൾ ഉത്പാദിപ്പിക്കുന്ന സംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്.

1. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റായ 'ആയുർധാരാ' തൃശ്ശൂർ ജില്ലയിലെ അഞ്ചേരിയിൽ പ്രവർത്തിക്കുന്നു.
2. കോഴിക്കോട് കേരള ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എഫ്.1654

(ബി) ഇല്ല.

**താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ**

278(6026) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ബാങ്കിന്റെ പുനരുദ്ധാരണത്തിനായി സ്പെഷ്യൽ പാക്കേജ് തയ്യാറാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65, 66(1) പ്രകാരം അന്വേഷണം നടത്തുകയും അന്വേഷണത്തിൽ നിരവധി സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ ആയതിന് ഉത്തരവാദികൾ ആയവരെ കണ്ടെത്തുന്നതിന് വകുപ്പ് 68(1) അന്വേഷണം നടത്തി ബാങ്കിനുണ്ടായ നഷ്ടം ഈടാക്കുന്നതിനായി സഹകരണ നിയമം 68(2) പ്രകാരം കൊല്ലം ജോയിന്റ് രജിസ്ട്രാർ സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി&സി) നിക്ഷേപകരുടെ നിക്ഷേപതുകകൾ മടക്കി നൽകുന്നതിനായി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് സർക്കാർ അംഗീകരിച്ച് 08-11-2019-ലെ സ.ഉ.(സാധാ) നമ്പർ 661/2019/സഹ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ പാക്കേജ് പ്രകാരം കൊല്ലം ജില്ലയിലെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപാ വരെ ബാങ്കിന്റെ ക്ലാസിഫിക്കേഷൻ അടിസ്ഥാനത്തിൽ പലിശരഹിത അഡ്വാൻസായി സ്വരൂപിച്ചും ജില്ലാ സഹകരണ ബാങ്കിന്റെ ഫ്ലക്സി അക്കൗണ്ടിൽ നിക്ഷേപിച്ചും 5 കോടി രൂപവരെ പ്രവർത്തന മൂലധനം സ്വരൂപിച്ചും കൊല്ലം ജില്ലാ സഹകരണ ബാങ്കിൽനിന്നും ഒരു ഉദ്യോഗസ്ഥനെ ശമ്പള ബാധ്യത ജില്ലാ ബാങ്കിൽ നിലനിർത്തി ടി ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവായി നിയമിക്കുക വഴിയും ബാങ്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി നിക്ഷേപകരുടെ നിക്ഷേപ തുകകൾ മടക്കി നൽകുന്നതിനുമുള്ള പുനരുദ്ധാരണ പാക്കേജിനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

## ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം

279(6027) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിൽ നിന്ന് 2016-17, 2017-18, 2018-19 വർഷങ്ങളിൽ ലഭിച്ച നികുതി വരുമാനം സംബന്ധിച്ച കണക്ക് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ സംസ്ഥാനം സന്ദർശിച്ച ആഭ്യന്തര,വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ടൂറിസം മേഖലയിൽനിന്നും ലഭിച്ച നികുതി വരുമാനം സംബന്ധിച്ച കണക്ക് ലഭ്യമല്ല. എന്നാൽ കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം മേഖലയിൽനിന്നും സംസ്ഥാനത്തിന്

ലഭിക്കുന്ന മൊത്തവരുമാനം കലണ്ടർ വർഷാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ആകെ വരുമാനം (രൂപ കോടിയിൽ) |
|---|---|
| 2016 | 29658.56 |
| 2017 | 33383.68 |
| 2018 | 36258.01 |

(ബി) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷത്തെ അടിസ്ഥാമാക്കിയാണ്. 2019 സെപ്റ്റംബർ വരെയുള്ള കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം |
|---|---|---|
| 2016 | 1,31,72,535 | 10,38,419 |
| 2017 | 1,46,73,520 | 10,91,870 |
| 2018 | 1,56,04,661 | 10,96,407 |
| 2019(സെപ്റ്റംബർ വരെ) | 1,31,84,227 | 8,19,975 |

**ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ**

280(6028) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) മുൻകൂട്ടി ആസൂത്രണമില്ലാതെ അപ്രതീക്ഷിതമായി എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ എല്ലാ ജില്ലാ ആസ്ഥാനത്തും ഇൻഫർമേഷൻ സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നു:

1. ആലപ്പുഴ ജില്ലാ ഓഫീസ്
2. കോഴിക്കോട് ഡൊമസ്റ്റിക് എയർ പോർട്ട് ടെർമിനൽ
3. കോഴിക്കോട് ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ
4. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ
5. ബോട്ട് ജെട്ടി, എറണാകുളം
6. ഫോർട്ട് കൊച്ചി, എറണാകുളം
7. കൊച്ചി ഡൊമസ്റ്റിക് എയർപോർട്ട് ടെർമിനൽ
8. കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ
9. ഡയറക്ടറേറ്റ് ഓഫ് ടൂറിസം, തിരുവനന്തപുരം
10. കണ്ണൂർ ഡൊമസ്റ്റിക് എയർ പോർട്ട് ടെർമിനൽ
11. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ
12. കൊല്ലം ജില്ലാ ഓഫീസ്
13. കോട്ടയം ജില്ലാ ഓഫീസ്
14. കുമളി ജില്ലാ ഓഫീസ്
15. മലപ്പുറം ജില്ലാ ഓഫീസ്
16. മൂന്നാർ
17. പാലക്കാട് ജില്ലാ ഓഫീസ്
18. പത്തനംതിട്ട ജില്ലാ ഓഫീസ്
19. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ
20. തിരുവനന്തപുരം ഡൊമസ്റ്റിക് എയർ പോർട്ട് ടെർമിനൽ
21. തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ
22. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ
23. വർക്കല റെയിൽവേ സ്റ്റേഷൻ
24. വയനാട് ജില്ലാ ഓഫീസ്.

(ബി) എല്ലായിടത്തും 24 മണിക്കൂർ ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നില്ല. നിലവിൽ ടൂറിസം വകുപ്പിനുകീഴിൽ കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ടെർമിനൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്.

(സി) 24 മണിക്കൂറും പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയുള്ള സെന്ററുകൾ അപ്രകാരം പ്രവർത്തിക്കുന്നുണ്ട്. എല്ലാ സെന്ററുകളും 24 മണിക്കൂറും പ്രവർത്തിക്കേണ്ടതായ സാഹചര്യം നിലവിലില്ല.

(ഡി) 24 മണിക്കൂറും പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്ന ഇടങ്ങളിൽ 24 മണിക്കൂറും ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിപ്പിക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**വേൾഡ് ടൂറിസം പ്രോഗ്രാമുകളിൽ പങ്കെടുത്തവരുടെ വിവരം**

281(6029) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് പുറത്തുനടക്കുന്ന ട്രാവൽമാർട്ട് പോലെയുള്ള ടൂറിസം പദ്ധതികളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ വന്നതിനുശേഷം വിവിധ രാജ്യങ്ങളിൽ ടൂറിസം പരിപാടികളിൽ പങ്കെടുത്തവരുടെ പേരുവിവരം, പങ്കെടുത്ത പരിപാടികൾ എന്നിവ വിശദമാക്കാമോ;

(സി) ഇത്തരത്തിൽ വേൾഡ് ടൂറിസം പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതുമൂലം കേരള ടൂറിസത്തിനുണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ;

(ഡി) വിദേശ രാജ്യങ്ങളിൽ കേരള ടൂറിസത്തിന് പ്രത്യേകം അംബാസഡർമാരെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) രാജ്യത്തിന് പുറത്തുനടക്കുന്ന വേൾഡ് ടൂറിസം പ്രോഗ്രാമുകളിൽ വിനോദസഞ്ചാര വകുപ്പിനെ പ്രതിനിധീകരിച്ച് മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുക്കാറുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കേരളത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനാണ് വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ടൂർ ഓപ്പറേറ്റർമാരും ഹോട്ടലുകളും വിദേശരാജ്യങ്ങളിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കുന്നതും അന്താരാഷ്ട്രമേളകളിൽ പങ്കെടുക്കുന്നതും കേരള ടൂറിസത്തെ അവിടെ അവതരിപ്പിക്കുന്നതും. അതിലൂടെ കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണവും വിദേശനാണ്യത്തിന്റെ അളവും വർദ്ധിക്കുന്നു. വർഷങ്ങളായി വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന ഈ വിപണന പദ്ധതികളുടെ ഫലമായാണ് കേരള ടൂറിസം ആഗോളതലത്തിൽ അറിയപ്പെടുന്ന ബ്രാൻഡായി മാറിയത്. വിദേശരാജ്യങ്ങളിൽ നടക്കുന്ന ട്രാവൽമാർട്ടുകളിലും റോഡ്ഷോകളിലും പങ്കെടുത്ത് നടത്തിയ പ്രവർത്തനം മൂലമാണ് ഓഖി, നിപ, പ്രളയം എന്നിവമൂലം കേരള ടൂറിസത്തിനുണ്ടായ പരാധീനത മറികടന്ന് വിനോദസഞ്ചാരമേഖലയെ കൂടുതൽ ഊർജസ്വലമാക്കാനായത്.

(ഡി) വിദേശരാജ്യങ്ങളിൽ കേരള ടൂറിസത്തിന് പ്രത്യേകം അംബാസഡർമാരെ നിശ്ചയിച്ചിട്ടില്ല.

## ഫ്ലൈറ്റ് സിമുലേറ്റർ മ്യൂസിയം

282(6030) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിനുകീഴിൽ ഫ്ളൈറ്റ് സിമുലേറ്റർ മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട മ്യൂസിയത്തിന്റെ തീം എന്താണെന്ന് വിശദമാക്കാമോ;

(സി) ഇൻഡ്യൻ എയർഫോഴ്സിന്റെ സഹായത്തോടുകൂടിയാണോ പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ 'മോഡിഫിക്കേഷൻ ഓഫ് യോഗാ ബിൽഡിംഗ് & ഇൻസ്റ്റലേഷൻ ഓഫ് ഫ്ലൈറ്റ് സിമുലേഷൻ മ്യൂസിയം' എന്ന പദ്ധതിക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ്.

(ബി) സന്ദർശകരിൽ എയർഫോഴ്സിനെക്കുറിച്ചും വിമാനങ്ങളെക്കുറിച്ചും വിജ്ഞാനവും അവബോധവും സൃഷ്ടിക്കുക.

(സി) അതെ.

## വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ

283(6031) <u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ ടൂറിസം കേന്ദ്രങ്ങളുടെ സ്വാഭാവിക പരിസ്ഥിതിയും ഭംഗിയും നശിപ്പിക്കുന്ന അശാസ്ത്രീയമായ രീതികൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വിനോദ സഞ്ചാരികൾക്ക് കേരളത്തിലെ ഗ്രാമീണ ജീവിതത്തിന്റെ സ്പന്ദനം, നൈസർഗികത, കല, ആചാരം,ഭക്ഷണം എന്നിവയെല്ലാം അനുഭവവേദ്യമാക്കാൻ സാധിക്കുംവിധം ഗ്രാമീണമേഖലയെ ടൂറിസത്തിന്റെ സുപ്രധാന ഭാഗമാക്കിയെടുക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും സാഹസിക ടൂറിസം പദ്ധതികൾക്ക് മുൻഗണന നൽകി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം കേന്ദ്രങ്ങളുടെ സ്വാഭാവിക പരിസ്ഥിതിക്ക് കോട്ടംവരാത്ത വിധത്തിലാണ് വിനോദസഞ്ചാര വകുപ്പ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി ടൂറിസംവകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള ഗ്രീൻ കാർപ്പറ്റ് കർമ്മ പദ്ധതിയിൽ ഒരു പ്രധാന അജണ്ടയായി ഹരിതത്വം പ്രോത്സാഹിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളുടെ പ്രോത്സാഹനവും വിപുലീകരണവുമാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ 2017-ലെ ടൂറിസംനയം സുസ്ഥിര വികസനവും ഹരിത പെരുമാറ്റചട്ടവും ഊന്നൽ നൽകിയിട്ടുള്ളതാണ്. ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനവും പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതിയിൽ അധിഷ്ഠിതമായുള്ളതാണ്.

(ബി) ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്വ ടൂറിസം മിഷൻ പ്രവർത്തനങ്ങൾ പ്രധാനമായും ഗ്രാമീണ മേഖലയിലെ സാധാരണക്കാരായ ആളുകളെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. അതിനായി അവർ ചെയ്തുകൊണ്ടിരിക്കുന്ന ഉപജീവന മാർഗ്ഗത്തെ അധിക മുതൽമുടക്കില്ലാതെ എങ്ങനെ വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമായ ടൂർ പാക്കേജുകളാക്കി മാറ്റാമെന്ന് പരിശോധിച്ചശേഷം ആവശ്യമായ പരിശീലനങ്ങൾ നൽകി എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ മാർക്കറ്റ് ചെയ്യുന്നു. ഇത്തരത്തിലുള്ള 140 പാക്കേജുകൾ നിലവിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷൻ നിലവിൽ വന്ന് പ്രവർത്തനങ്ങൾ ആരംഭിച്ച 2017 ആഗസ്റ്റ് മാസം മുതൽ 2019 ഒക്ടോബർ 31 വരെ ആകെ 870 പാക്കേജുകൾ നടത്തിയപ്പോൾ 58000 വിദേശ ടൂറിസ്റ്റുകളും 26032 ആഭ്യന്തര ടൂറിസ്റ്റുകളും ഈ പാക്കേജുകളുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലെത്തി. അതുവഴി 2 കോടി രൂപയുടെ വരുമാനം തീർത്തും സാധാരണക്കാരായ പരമ്പരാഗത തൊഴിലാളികൾക്ക് ലഭിച്ചു. ഇവർ സ്വന്തം കൈത്തൊഴിലല്ലാതെ മറ്റൊന്നും ടൂറിസത്തിനുവേണ്ടി നിക്ഷേപിച്ചിട്ടില്ല. അതോടൊപ്പംതന്നെ തദ്ദേശീയരായ ജനങ്ങൾക്ക് ടൂറിസം സംരംഭകർക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള പരിശീലനങ്ങൾ നൽകി, അവരെ ടൂറിസം മേഖലുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

താഴെപ്പറയുന്നവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഇത്തരത്തിലുള്ള പദ്ധതികളിൽ ചിലതാണ്:

- എക്സ്പീരിയൻസ് എത്തിക് ക്യൂസീൻ
- എക്സ്പീരിയൻസ് ടൂർ പാക്കേജസ്
- നാട്ടിൻപുറങ്ങളിൽ ഓണമുണ്ണാം ഓണസമ്മാനങ്ങൾ വാങ്ങാം.
- ആർ.ടി. ആർട്ട് ആന്റ് കൾച്ചറൽ ഫോറം.
- കേരള ആർ.ടി. നെറ്റ്‌വർക്ക്
- ഹ്യൂമൺ റിസോഴ്സ് ഡയറക്ടറി മുതലായവ.

(സി) സാധ്യത വിലയിരുത്തി പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിന് വകുപ്പ് പരമാവധി ശ്രദ്ധ നൽകിവരുന്നു. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനകൾ നടത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വകുപ്പ് നടപടി എടുത്തുവരുന്നു. കൊല്ലം ജില്ലയിലെ ജടായു എർത്ത് സെന്റർ പദ്ധതി ഇതിൽപ്പെട്ട ഒന്നാണ്. സാഹസിക ടൂറിസം വിപുലീകരിക്കുന്നതിന് വകുപ്പ് ഉയർന്ന പരിഗണന നൽകിവരുന്നു.

സാഹസിക ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദ സഞ്ചാര മേഖലയുമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

സാഹസിക വിനോദ സഞ്ചാരത്തിന് അനുയോജ്യമായ കേരളത്തിലെ ഭൂപ്രകൃതിയെ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ആക്ടിവിറ്റികൾ തുടങ്ങുന്നതിനാവശ്യമായ ഫീസിബിലിറ്റി സ്റ്റഡി നടത്തി അനുകൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്:

1. മൂന്നാർ-പാരാഗ്ലൈഡിംഗ്
2. അതിരപ്പള്ളി-റിവർ റാഫ്റ്റിംഗ്
3. ശാസ്താംപാറ-ടെന്റ് കാമ്പിംഗ്
4. നെയ്യാർഡാം-സൈക്ലിംഗ്.

മേൽപ്പറഞ്ഞ ആക്ടിവിറ്റികൾ നടത്താൻ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി അതിന്റെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്നുള്ളതാണ് സർക്കാരിന്റെ പ്രധാന ഉദ്ദേശലക്ഷ്യം.

കേരളം സാഹസിക മത്സരങ്ങൾക്ക് അനുയോജ്യമാണെന്ന് ലോകത്തെ മനസ്സിലാക്കിക്കുക എന്ന ലക്ഷ്യത്തോടെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള സ്ഥാപനങ്ങൾ, ടെക്നിക്കൽ അഡ്വൈസേഴ്സ് എന്നിവരുമായി സഹകരിച്ച് സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു:

1. മലബാർ റിവർ ഫെസ്റ്റിവൽ

2. ചാലിയാർ ചലഞ്ച്

3. ആംഗ്ലിഗ് മത്സരം

4. ഇക്കോ റൺ

5. MTB KERALA.

ഈ വർഷം ഡിസംബറിൽ നടക്കുന്ന MTB KERALA 2019 സൈക്ലിംഗ് മത്സരം അന്തർദ്ദേശീയ സംഘടനയായ UCI-യുടെ ഭാഗമായി മാറിക്കഴിഞ്ഞു. MTB വിഭാഗത്തിൽ ഇന്ത്യയിൽനിന്ന് ആദ്യമായാണ് ഒരു മത്സരം UCI ഭാഗമാകുന്നത് എന്നതിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്.

കേരളത്തിലെ സാഹസിക ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് കേരള ട്രാവൽ മാർട്ട് 2018, ATOAI കൺവെൻഷൻ അറക്കുവാലി തുടങ്ങിയ ട്രാവൽ എക്സിബിഷനുകളിൽ പങ്കെടുക്കുകയുണ്ടായി.

സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കേരളത്തിലെ 14 ജില്ലകളിലും പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുക എന്നതാണ് സർക്കാരിന്റെ നയം. തിരുവനന്തപുരം ജില്ലയിലെ വേളിയിലും മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തും അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുകയുമുണ്ടായി.

## ചാമ്പ്യൻസ് ബോട്ട് ലീഗ്

284(6032) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന വള്ളംകളികൾ സംസ്ഥാനത്തിന് ദീർഘകാല അടിസ്ഥാനത്തിൽ ഉണ്ടാക്കുന്ന സാമ്പത്തിക നേട്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചാമ്പ്യൻസ് ബോട്ട് ലീഗുമായി ബന്ധപ്പെട്ട് വള്ളം ഉടമകൾ, തുഴച്ചിലുകാർ, ക്ലബുകൾ എന്നിവർക്ക് എന്തെല്ലാം ആനുകൂല്യം ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാനപ്പെട്ട ചുണ്ടൻ വള്ളംകളികളെ ഉൾപ്പെടുത്തി ലീഗ് അടിസ്ഥാനത്തിൽ പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് നടന്നുവരികയാണ്. വള്ളംകളി മത്സരങ്ങൾ സംഘടിപ്പിക്കുന്നതുവഴി വിനോദസഞ്ചാര മേഖലയിൽ ഉണർവ്വുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. ഈ മേഖലയുടെ ഉന്നമനത്തിലൂടെ കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്കുണ്ടാകുന്ന നേട്ടം കണക്കിലെടുത്താണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് തദ്ദേശീയരും വിദേശികളുമായ വിനോദസഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുമെന്നും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവ് നൽകുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) ചാമ്പ്യൻസ് ബോട്ട് ലീഗിലെ 12 വേദികളിലായി നടക്കുന്ന എല്ലാ മത്സരങ്ങൾക്കും ബോട്ട് ക്ലബ്ബുകൾക്ക് 3 ലക്ഷം രൂപ വീതവും ചുണ്ടൻ വള്ളങ്ങളുടെ ഉടമകൾക്ക് ഒരു ലക്ഷം രൂപ വീതവും ബോണസ് നൽകുന്നുണ്ട്.

ഓരോ വേദിയിലെ മത്സരത്തിലും ഒന്നാം സമ്മാനം, രണ്ടാം സമ്മാനം, മൂന്നാം സമ്മാനം നേടുന്ന ക്ലബ്ബുകൾക്ക് യഥാക്രമം അഞ്ച് ലക്ഷം, മൂന്ന് ലക്ഷം, ഒരു ലക്ഷം രൂപാ വീതം സമ്മാനത്തുക നൽകിവരുന്നു. ലീഗിലെ 12 മത്സരങ്ങളും അവസാനിച്ച് കഴിയുമ്പോൾ പോയിന്റ് നിലയിൽ ലീഗ് വിജയികളാകുന്നവർക്ക് ഒന്നാം സമ്മാനമായി 25 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 15 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 10 ലക്ഷം രൂപയും നൽകുന്നതായിരിക്കും. വള്ളങ്ങളിലെ തുഴച്ചിലുകാർക്ക് പ്രതിഫലം നൽകുന്നത് അതാത് ബോട്ട് ക്ലബ്ബുകളാണ്.

## വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതികൾ

285(6033) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന ആഭ്യന്തര /വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സന്ദർശനം നടത്തുന്ന ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 2016 മുതലുള്ള സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | വർദ്ധനവ് (ശതമാനത്തിൽ) | വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|
| 2016 | 1,31,72,535 | 5.67 | 10,38,419 | 6.23 |
| 2017 | 1,46,73,520 | 11.39 | 10,91,870 | 5.15 |
| 2018 | 1,56,04,661 | 6.35 | 10,96,407 | 0.42 |
| 2019 (സെപ്റ്റംബർ വരെ) | 1,31,84,227 | 16.48 | 8,19,975 | 4.84 |

(ബി) വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. രാജ്യത്തിനകത്തും പുറത്തുമുള്ള നാഷണൽ-ഇന്റർനാഷണൽ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നു.

2. രാജ്യത്തിനകത്തും പുറത്തുമുള്ള ബിസിനസ് ടു ബിസിനസ് മീറ്റുകൾ നേരിട്ട് സംഘടിപ്പിക്കുന്നു.

3. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ബ്രാൻഡ് ക്യാമ്പയിനുകൾ 'ഇറ്റ്സ് ടൈം ഫോർ കേരള', 'കം ഔട്ട് ആന്റ് പ്ലേ', 'ഹ്യൂമൺ ബൈ നേച്ചർ' എന്നിവ സംഘടിപ്പിച്ചു.

4. ഓണം വാരാഘോഷം, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ-ഡാൻസ് ഫെസ്റ്റിവൽ, ഉത്സവം എന്നിവ സംഘടിപ്പിച്ചുവരുന്നു.

5. കേരള ബ്ലോഗ് എക്സ്പ്രസ് നടപ്പിലാക്കി.

6. വസന്തോത്സവം നടപ്പിലാക്കി.

7. ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിച്ചു.

ക്യാമ്പയിനുകൾ വഴിയും പരസ്യങ്ങൾ നൽകുക വഴിയും കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്നുണ്ട്. കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ആർ.ടി. മിഷൻ പ്രവർത്തനം നടത്തിവരുന്നു.

## ഫോർട്ട് കൊച്ചിയിലെ ആസ്പിൻവാൾ കെട്ടിടം

286(6034) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മുസിരിസ് ബിനാലെക്കും മറ്റ് ടൂറിസം പ്രവർത്തികൾക്കും വേണ്ടിയുള്ള സ്ഥിരം വേദിയായി ഫോർട്ട്കൊച്ചിയിലെ ആസ്പിൻവാൾ കെട്ടിടവും അനുബന്ധസ്ഥലങ്ങളും ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കൊച്ചി താലൂക്കിലെ ഫോർട്ട് കൊച്ചി വില്ലേജിലെ 3, 4, 7, 402/10 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 1.60.25 ഹെക്ടർ ഭൂമി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന് റിക്വിസിഷൻ നൽകിയിട്ടുണ്ട്.

RFCTLARR Act 2013 പ്രകാരമുള്ള ഫോറം 4 നോട്ടിഫിക്കേഷൻ 11-10-2018-ൽ അംഗീകരിച്ച് 11(3) വിജ്ഞാപനം ഗസറ്റിൽ 29-10-2018-ൽ പ്രസിദ്ധീകരിച്ചു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഉൾപ്പെട്ടുവരുന്ന സർവ്വേ നമ്പർ 1-ൽ 0.404 ആർ, സർവ്വേ നമ്പർ 403/2-ൽ 0.405 ആർ എന്നീ സ്ഥലങ്ങൾ കൂടി ഏറ്റെടുക്കുന്നതിന് 13-11-2019-ലെ സ.ഉ. (സാധാ) നമ്പർ 397/2019/ടൂറിസം പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ടൂറിസം മാർക്കറ്റിംഗ്**

287(6035) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീമതി ഗീതാ ഗോപി</u>:
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാന ടൂറിസം വകുപ്പ് മാർക്കറ്റിംഗിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലക്ക് പുത്തനുണർവ് നൽകുന്ന പുതിയ ടൂറിസം ഉല്പന്നങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ അറിയിക്കുമോ;

(സി) ടൂറിസം വകുപ്പ് പ്രധാനപ്പെട്ട ടൂറിസം ഉല്പന്നങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകൾക്കായി ടൂറിസം കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പുതിയ ടൂറിസം ഉല്പന്നങ്ങൾ ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര തലത്തിലടക്കം മാർക്കറ്റിംഗ് നടത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളം കളി ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ടൂറിസം വകുപ്പ് മാർക്കറ്റിംഗിന്റെ ഭാഗമായി വിവിധങ്ങളായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യക്കകത്തും പുറത്തും ബ്രാന്റ് ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. 'IT's Time for Kerala', Come out and Play, Human by Nature എന്നിവയാണ് ഇതിൽ പ്രധാനം.

ഇന്ത്യയ്ക്കകത്തും പുറത്തും നടത്തിയ ഔട്ട് ഓഫ് ഹോം, എയർപോർട്ടുകൾ, മാളുകൾ, ടി.വി., റേഡിയോ, പ്രിന്റ് എന്നീ മാധ്യമങ്ങൾ വഴി പ്രചരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ഡിജിറ്റൽ/ഓൺലൈൻ പ്രചരണവും നടത്തുന്നു. അന്തർദ്ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ അനുവാചകരുള്ള ബ്ലോഗർമാരെ അണിനിരത്തിക്കൊണ്ട് കേരള ബ്ലോഗ് എക്സ്പ്രസും സംഘടിപ്പിച്ചിരുന്നു.

(ബി) ടൂറിസം മേഖലയ്ക്ക് പുത്തനുണർവ് നൽകുന്ന പുതിയ ടൂറിസം ഉൽപ്പന്നങ്ങളും ഈ കാലയളവിൽ ആവിഷ്കരിച്ചിട്ടുണ്ട്.

1. വസന്തോത്സവം-പുഷ്പ-ഫല-കാർഷിക പ്രദർശനം

2. നിശാഗന്ധി മൺസൂൺ രാഗാസ്-സംഗീതോത്സവം

3. ചാമ്പ്യൻസ് ബോട്ട് ലീഗ്-വള്ളംകളി ലീഗ് ചാമ്പ്യൻഷിപ്പ്.

(സി-ഇ) ടൂറിസം വകുപ്പ് പ്രധാന ഉൽപ്പന്നങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകൾക്കായി പ്രത്യേകമായി ടൂറിസം കലണ്ടർ പ്രസിദ്ധീകരിച്ചിട്ടില്ല. ചാമ്പ്യൻസ് ബോട്ട് ലീഗ് ഉൾപ്പെടെയുള്ള പുതിയ ഉൽപ്പന്നങ്ങൾ സംബന്ധിച്ച് കൃത്യമായ അറിയിപ്പ് സഞ്ചാരികൾക്കും വിനോദസഞ്ചാര മേഖലയ്ക്കും വിവിധ മാധ്യമങ്ങളിലൂടെ നൽകിയിട്ടുണ്ട്. വിദേശികൾ ഉൾപ്പെടെയുള്ളവരുടെ സഞ്ചാര പദ്ധതികളിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് ഉൾപ്പെട്ടിട്ടുണ്ട്.

## പ്രളയം വിനോദസഞ്ചാര മേഖലയിലുണ്ടാക്കിയ പ്രതിസന്ധി

288(6036) ശ്രീ. പി. കെ. ബഷീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി രണ്ടു വർഷങ്ങളിലുണ്ടായ പ്രളയക്കെടുതി മൂലം വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ പ്രതിസന്ധികൾ എന്തെല്ലാമാണെന്നും നഷ്ടം എത്രയാണെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രളയം വിനോദസഞ്ചാര മേഖലയെ എങ്ങനെയെല്ലാമാണ് ബാധിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) എങ്കിൽ വിനോദസഞ്ചാര മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ എന്തെല്ലാം വിനോദസഞ്ചാര പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തുടർച്ചയായി രണ്ട് വർഷങ്ങളിലുണ്ടായ പ്രളയക്കെടുതിമൂലം വിനോദസഞ്ചാര മേഖലയിൽ നഷ്ടങ്ങളും പ്രതിസന്ധി കളുമുണ്ടായിരുന്നു. കേരളം പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാരികൾക്ക് സുരക്ഷിതമല്ലെന്ന രീതിയിൽ ചില ഭാഗങ്ങളിലെങ്കിലും ഉണ്ടായ തെറ്റായ പ്രചരണം പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. പ്രളയം മൂലം സഞ്ചാരികളുടെ വരവിലുണ്ടായ കുറവാണ് പ്രധാന നഷ്ടം. അതുമൂലമുണ്ടായ വരുമാനനഷ്ടം ഈ രംഗത്തെ നിക്ഷേപകരെയും ബാധിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് ആയിരത്തോളം കോടി രൂപയുടെയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.

2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ മഹാപ്രളയം മൂലം ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിൽ വിദേശവിനോദ സഞ്ചാരികളുടെ വരവിൽ -18.46%, -18.16%, -8.37%, -7.25% എന്നീ നിരക്കിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ ഡിസംബർ 2018-ൽ 4.92% വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ തോത് പരിശോധിച്ചാലും ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള കാലയളവിൽ -12.56%, -5.85%, -7.12%, -2.63% എന്നീ തോതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ ഡിസംബർ 2018-ൽ 0.45% വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ 2019 ആഗസ്റ്റ് മാസമുണ്ടായ പ്രളയ സമയത്തെ കണക്കുകൾ പരിശോധിച്ചാൽ വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2018 വർഷത്തെ അപേക്ഷിച്ച് 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിദേശവിനോദസഞ്ചാരികളുടെ എണ്ണത്തിൽ 23.43%, 40.59% വർദ്ധനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 32.7%, 31.7% വർദ്ധനവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അതായത് സ്ഥിതി വിവരക്കണക്കുകൾ പരിശോധിച്ചാൽ 2018-ലെ പ്രളയം ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലെ വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ കുറവ് വരുത്തിയിട്ടുണ്ട്. എന്നാൽ 2019 ആഗസ്റ്റ് മാസത്തെ പ്രളയം മൂലം വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടില്ല.

(ബി) സംസ്ഥാനത്തെ പ്രളയം വിനോദസഞ്ചാര മേഖലയെ വിവിധ തരത്തിൽ ദോഷകരമായി ബാധിച്ചിരുന്നു. പ്രളയംമൂലം ചില ടൂറിസം കേന്ദ്രങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് കണക്റ്റിവിറ്റി കുറച്ചുകാലം നഷ്ടപ്പെടുകയുണ്ടായി. അക്കാലയളവിൽ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായതായും മനസ്സിലാക്കുന്നു. ഹോട്ടൽ മേഖലയിൽ ബുക്കിംഗുകൾ ക്യാൻസൽ ചെയ്തതും മറ്റും ഹോട്ടൽ/ടൂർ ഓപ്പറേറ്റർമാരെയും ദോഷകരമായി ബാധിച്ചിരുന്നു. 2018-ലെ പ്രളയം വിനോദസഞ്ചാര മേഖലയിലെ പ്രധാന ആകർഷണമായ നീലകുറിഞ്ഞി സീസണിനെത്തന്നെ ബാധിക്കുന്ന സ്ഥിതിയുണ്ടായി. ഹൗസ് ബോട്ട് വ്യവസായവും ഇക്കാലയളവിൽ വളരെയധികം ബുദ്ധിമുട്ടിയിരുന്നു.

(സി) വിനോദസഞ്ചാര മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിന്റെ ഭാഗമായി വിവിധങ്ങളായ പല പദ്ധതികളും ടൂറിസം വകുപ്പ് സംഘടിപ്പിച്ച് പോരുന്നു. പ്രളയാനന്തരം ടൂറിസം മേഖലയെ ഉണർത്താൻ വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തിയിരുന്നു. 'IT's Time for Kerala' എന്ന പേരിൽ വകുപ്പ് 2018-19-ൽ ഒരു ക്യാമ്പയിൻ നടത്തി. രാജ്യത്തെ വിവിധ തീയേറ്ററുകൾ, എയർപോർട്ടുകൾ, റേഡിയോ, ടി.വി, സോഷ്യൽ മീഡിയ എന്നിവ വഴി കേരളം പ്രളയത്തെ അതിജീവിച്ചുവെന്ന പ്രചരണം നടത്തുന്നതിൽ ടൂറിസം വകുപ്പ് വിജയിച്ചു. Post flood campaign എന്ന വിപണന തന്ത്രമാണ് നടത്തിയിരുന്നത്. രാജ്യത്തിനകത്തും പുറത്തും നടന്ന ട്രേഡ് ഫെയറുകളിൽ വകുപ്പ് നേരിട്ട് പങ്കെടുത്ത് കേരളം സഞ്ചാരികളെ സ്വീകരിക്കാൻ സജ്ജമായി എന്ന പ്രചരണം നടത്തിയിരുന്നു. നേരിട്ട് വകുപ്പ് B2B മീറ്റുകളും സംഘടിപ്പിച്ചിരുന്നു. കേരളം പഴയതുപോലെ വിനോദസഞ്ചാരത്തിന് യോഗ്യമാണെന്ന് ദേശീയ തലത്തിലെ മാധ്യമങ്ങളെ ബോദ്ധ്യപ്പെടുത്താനായി വിവിധ നഗരങ്ങളിൽ പത്ര സമ്മേളനങ്ങൾ നടത്തുകയുണ്ടായി.

ടൂറിസം വകുപ്പിന്റെ ഉണർവിന്റെ ഭാഗമായി 2018 മുതൽ പുതിയ പദ്ധതിയായ നിശാഗന്ധി മൺസൂൺ രാഗാസ്, 2019-ൽ ചാമ്പ്യൻസ് ബോട്ട് ലീഗ്, 2017 മുതൽ വസന്തോത്സവം എന്നിവയും നടപ്പിലാക്കിക്കഴിഞ്ഞു. ഈ വർഷം 'Human by Nature' എന്ന പരസ്യ ബ്രാന്റ് ക്യാമ്പയിൻ വഴി വകുപ്പ് ടൂറിസം രംഗത്ത് പുത്തൻ ഉണർവ് ലക്ഷ്യമിടുകയാണ്. യു.എസ്.എ., ആസ്ട്രേലിയ, യു.കെ., ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലാന്റ്, നെതർലാന്റ്സ് എന്നീ രാജ്യങ്ങളിലും ഇന്ത്യക്കകത്തും ഈ ബ്രാന്റ് ക്യാമ്പയിൻ നടത്തിവരുന്നു.

ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന ഉത്തരവാദിത്വ ടൂറിസം പ്രവർത്തനം പ്രധാന ഡെസ്റ്റിനേഷനുകളിൽ വ്യാപിപ്പിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായ ടൂറിസം പദ്ധതികൾക്ക് ടൂറിസം വകുപ്പ് പ്രാമുഖ്യം നൽകിവരുന്നു.

(ഡി) ഏറനാട് മണ്ഡലത്തിലുള്ള ആഢ്യൻപാറ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ 'ബാരിയർ ഫ്രീ കേരള', ടൂറിസം പദ്ധതിയുടെ ഭാഗമായി വീൽ ചെയറുകൾ, വാക്കറുകൾ, സ്ട്രെക്ച്ചറുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സൈൻ ബോർഡുകൾ, ഓഡിയോ ഗൈഡ് ഉപകരണങ്ങൾ എന്നിവ ഇനിയും സ്ഥാപിക്കാനുണ്ട്.

### കോന്നി മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

289(6037) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വകുപ്പിനുകീഴിൽ കോന്നി മണ്ഡലത്തിൽ നടപ്പാക്കുന്ന വിനോദസഞ്ചാര പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

വിനോദസഞ്ചാര വകുപ്പിനുകീഴിൽ കോന്നി മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിനോദസഞ്ചാര പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. Development of Elephant museum at Konni Eco tourism center.
2. Development of Bowl Boat riding facilities at Adavi.
3. Development of Pathanamthitta-Gavi-Vagamon as an eco tourism circuit in Pathanamthitta & Idukki (Central Government Fund)
4. Renovation of Ethno tourism Hub-Angamoozhi
5. Tourism works at Malayalappuzha.

### ഗ്രീൻ കാർപ്പറ്റ് പദ്ധതി

290(6038) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 14 ജില്ലകളിലായി 77 വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഗ്രീൻ കാർപ്പറ്റ് പദ്ധതി നടത്തിപ്പിനായി പ്രത്യേക ഏജൻസികളെ നിശ്ചയിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിലേയും വിനോദസഞ്ചാര വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

**ഗൃഹസ്ഥലി പൈതൃക സംരക്ഷണ പദ്ധതി**

291(6039) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക രംഗത്ത് കേരളത്തിന്റെ മുതൽക്കൂട്ടായ ശ്രേഷ്ഠ നിർമ്മിതികൾ സംരക്ഷിക്കാനും തനതു പൈതൃകം നിലനിർത്താനുമുള്ള പദ്ധതിയായ ഗൃഹസ്ഥലി പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 50 വർഷത്തിനുമേൽ പഴക്കമുള്ള പൈതൃകമൂല്യമുള്ള കെട്ടിടങ്ങളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ഗൃഹസ്ഥലി'. സർക്കാർ രൂപീകരിച്ചിരിക്കുന്ന അപ്രൂവൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേയ്ക്കാണ് നിലവിൽ ഗൃഹസ്ഥലി പദ്ധതി പ്രകാരം അംഗീകാരം നൽകിവരുന്നത്. ഗൃഹസ്ഥലി സർട്ടിഫിക്കറ്റ് ലഭിക്കുന്ന യൂണിറ്റുകൾക്ക് നവീകരണ പ്രവർത്തനങ്ങൾക്കായി സബ്സിഡി നൽകിവരുന്നു. ഈ യൂണിറ്റുകളെ സംബന്ധിച്ച വിവരം കേരള ടൂറിസത്തിന്റെ ഒഫിഷ്യൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും കേരള ടൂറിസത്തിന്റെ മാർക്കറ്റിംഗ് പദ്ധതികളിൽ ഭാഗമാക്കാൻ അവസരം നൽകുകയും ചെയ്യുന്നു.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ പുതിയ ടൂറിസം പദ്ധതികൾ

292 (6040) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ സർക്കാർ ഏറ്റെടുത്ത പുതിയ ടൂറിസം പദ്ധതികൾ, അവയ്ക്ക് അനുവദിച്ച തുക എന്നിവ അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നെടിയിരുപ്പ് സ്വരൂപം പദ്ധതി, കൊണ്ടോട്ടി പൈതൃക നഗരം പദ്ധതി, ചാലിയാർ ടൂറിസം പദ്ധതി എന്നിവയ്ക്ക് നിരന്തരം ആവശ്യങ്ങൾ ഉയർന്നിട്ടും ഇവ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മേൽ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിൽ ഉൾപ്പെടാൻ ചെയ്യേണ്ട കാര്യങ്ങൾ/നിബന്ധനകൾ അറിയിക്കാമോ?

### ഉത്തരം

(എ) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) മലപ്പുറം ജില്ലയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്ത ടൂറിസം മിഷൻ പൊന്നാനിയിലെ 6 തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ (പൊന്നാനി മുനിസിപ്പാലിറ്റി, വെളിയങ്കോട്, പെരുമ്പടപ്പ്, മാറഞ്ചേരി, നന്നംമുക്ക്, ആലംകോട് എന്നീ പഞ്ചായത്തുകൾ) പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി പൈതൃക നഗരം പദ്ധതിക്കായി കൊണ്ടോട്ടി നിയോജകമണ്ഡലം എം.എൽ.എ. നൽകിയ പ്രൊപ്പോസലിൽ ഉൾപ്പെട്ട നെടിയിരിപ്പ് സ്വരൂപം പദ്ധതിക്കായും കൊണ്ടോട്ടി പൈതൃക നഗരം പദ്ധതിക്ക് വേണ്ടിയും ഡി.പി.ആർ. തയ്യാറാക്കുന്ന കാര്യം വകുപ്പിന്റെ പരിശോധനയിലാണ്. ചാലിയാർ ടൂറിസം പദ്ധതിക്കുവേണ്ടി അരിക്കോട് പഞ്ചായത്തിലെ കണ്ണമ്പള്ളി, കൊത്തുപാറ എന്നീ സ്ഥലങ്ങളിൽ പുഴയുടെ അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ എൻ.ഒ.സി.-യും ഉപയോഗാനുമതിയും പദ്ധതി ഡി.പി.ആർ.-നോടൊപ്പം അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിൽഗ്രിം ടൂറിസം പദ്ധതി

293(641) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിൽഗ്രിം ടൂറിസം പദ്ധതി പ്രകാരം ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അമിനിറ്റീസ് /ഇൻഫർമേഷൻ സെന്ററുകൾ നിർമ്മിക്കുന്നതിനുമായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും അവ എവിടെയെല്ലാം എന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പിൽഗ്രിം ടൂറിസം പദ്ധതി പ്രകാരം ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അമിനിറ്റീസ്/ഇൻഫർമേഷൻ സെന്ററുകൾ നിർമ്മിക്കുന്നതിനുമായി അനുവദിച്ച തുക, അവ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുവദിച്ചത് എന്നിവ സംബന്ധിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*.

## വള്ളംകളികളെ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

294(6042) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ നടത്തപ്പെടുന്ന വള്ളംകളികൾ നിരവധി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സാഹചര്യത്തിൽ ടൂറിസം പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇത്തരം വള്ളംകളികളെ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വള്ളംകളികൾ ആണ് ഇത്തരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കാമോ;

(ബി) എന്തൊക്കെ സഹായങ്ങൾ ആണ് ടൂറിസം വകുപ്പ് എല്ലാ വർഷവും വള്ളംകളികൾക്ക് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വള്ളപ്പുരകളുടെ നവീകരണത്തിനായി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ഡി) ഉണ്ടെങ്കിൽ പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ വള്ളങ്ങൾക്ക് ആണ് ഇത്തരത്തിൽ ധനസഹായം അനുവദിച്ചത്; ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആറന്മുള ഉൾപ്പെടെ വിവിധ വള്ളംകളികൾ ടൂറിസം രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. ലീഗ് അടിസ്ഥാനത്തിലുള്ള വള്ളംകളി 'ചാമ്പ്യൻസ് ബോട്ട് ലീഗ് ' എന്ന പേരിൽ ഇക്കൊല്ലം മുതൽ ആവിഷ്കരിച്ചിട്ടുള്ളതാണ്. കേരളത്തിലെ ആറ് ജില്ലകളിൽ താഴെപ്പറയുന്ന വേദികളിലാണ് വള്ളംകളി നടന്നുവരുന്നത്.

- നെഹ്റുട്രോഫി ബോട്ട് റോഡ്, ആലപ്പുഴ-ഓഗസ്റ്റ് 31
- താഴത്തങ്ങാടി, കോട്ടയം-സെപ്റ്റംബർ 7
- കരുവാറ്റ,സെപ്റ്റംബർ 14
- പിറവം, എറണാകുളം-സെപ്റ്റംബർ 28
- മറൈൻ ഡ്രൈവ്, എറണാകുളം-ഒക്ടോബർ 5
- കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 12
- കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 19

  (സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി)
- കൈനകരി, ആലപ്പുഴ-ഒക്ടോബർ 26
- പുളിങ്കുന്ന്, ആലപ്പുഴ-നവംബർ 2
- കായംകുളം, ആലപ്പുഴ-നവംബർ 9
- കല്ലട, കൊല്ലം-നവംബർ 16
- പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, കൊല്ലം-നവംബർ 23

(ബി) വർഷങ്ങളായി വിവിധ വള്ളംകളികളുടെ നടത്തിപ്പിനായി അവയുടെ വിനോദസഞ്ചാര പ്രാധാന്യം കണക്കിലെടുത്ത് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ, പ്രാധാന്യമർഹിക്കുന്ന വള്ളംകളികൾക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി ഇടപെടലുകളും നടത്തിവരുന്നുണ്ട്.

(സി&ഡി) പത്തനംതിട്ട ജില്ലയ്ക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല.

2013-14 സാമ്പത്തികവർഷം വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിനായി ഭരണാനുമതി നൽകിയ 1,50,00,000 രൂപയിൽനിന്നും താഴെ ചേർക്കുന്ന തുകകൾ അനുവദിച്ചുനൽകിയിട്ടുണ്ട്:

ചുണ്ടൻവള്ളങ്ങൾ

| | | |
|---|---|---|
| 1 | കരുവാറ്റ ചുണ്ടൻ | 15,25,675 |
| 2 | ചെറുതന ചുണ്ടൻ | 10,50,534 |
| 3 | കരുവാറ്റ ശ്രീ വിനായകൻ | 8,78,410 |
| 4 | കാരിച്ചാൽ ചുണ്ടൻ | 5,61,719 |
| 5 | പായിപ്പാടൻ ചുണ്ടൻ | 5,96,815 |
| 6 | ശ്രീഗണേശൻ ചുണ്ടൻ | 5,44,917 |
| 7 | ദേവദാസ് ചുണ്ടൻ | 8,07,441 |
| 8 | ആനാരി പുത്തൻ ചുണ്ടൻ | 9,13,565 |
| 9 | ആയാപറമ്പ് പാണ്ടി ചുണ്ടൻ | 10,59,866 |
| 10 | ആയാപറമ്പ് വലിയ ദിവാൻജി | 17,20,795 |
| 11 | വെള്ളംകുളങ്ങര | 2,00,478 |

വള്ളപ്പുരകൾ

| | | |
|---|---|---|
| 1 | ആയാപറമ്പ് പാണ്ടി വള്ളപ്പുര | 3,12,370 |
| 2 | പായിപ്പാടൻ വള്ളപ്പുര | 2,07,339 |
| 3 | വെള്ളംകുളങ്ങര വള്ളപ്പുര | 2,68,257 |
| 4 | ആയാപറമ്പ് വലിയ ദിവാൻജി | 3,07,354 |
| 5 | ചെറുതന വള്ളപ്പുര | 2,23,062 |
| 6 | ശ്രീഗണേശൻ വള്ളപ്പുര | 51,794 |
| 7 | ആനാരി വള്ളപ്പുര | 41,932 |
| 8 | കാരിച്ചാൽ വള്ളപ്പുര | 1,69,919 |

## വിനോദസഞ്ചാര മേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം

295(6043) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ലെ വെള്ളപ്പൊക്കത്തിനുശേഷം വിനോദ സഞ്ചാരമേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം വളരെയധികമായി കുറഞ്ഞത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത നടപടികൾമൂലം ടൂറിസം മേഖലയിലുണ്ടായ പുരോഗതി എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

### ഉത്തരം

(എ) 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം വിനോദ സഞ്ചാരമേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞത് അടിയന്തരമായി മറികടക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 'Post Flood Campaign'-ന്റെ ഭാഗമായി It's Time for Kerala എന്ന പരസ്യ പ്രചരണമാണ് സംഘടിപ്പിച്ചത്. ഇന്ത്യയിലെ വിവിധ സിനിമാ സ്ക്രീനുകളായ PVR, INOX, VFO എന്നിവിടങ്ങളിൽ ഏകദേശം 350-ഓളം സ്ക്രീനുകൾ കേന്ദ്രീകരിച്ച് പരസ്യം പ്രദർശിപ്പിക്കുകയുണ്ടായി. നാഷണൽ ടെലിവിഷൻ ചാനലുകൾ, എഫ്.എം. റേഡിയോ എന്നിവവഴിയും പ്രചരണം നടത്തി. ഡൽഹി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകളിൽ OOH ക്യാമ്പയിൻ നടത്തി. രാജ്യത്തെ വിവിധ പത്രങ്ങളിലും മാസികകളിലും പരസ്യം നൽകിയിരുന്നു. ഡിജിറ്റൽ ക്യാമ്പയിൻ, സോഷ്യൽ മീഡിയ, ഓൺലൈൻ പരസ്യ ക്യാമ്പയിൻ 'വീഡിയോ ക്യാപ്സ്യൂൾ ടു പ്രമോട്ട് കേരള' എന്നിവയും ടൂറിസം മേഖലയ്ക്ക് ഉണർവ് സമ്മാനിച്ചുകഴിഞ്ഞു. മാത്രമല്ല, പ്രളയാനന്തരം മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടത്തിയ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുത്ത് കേരള ടൂറിസം മേഖലയുടെ അതിജീവനത്തെക്കുറിച്ചുള്ള പ്രചരണവും ബോധവൽക്കരണവും നടത്തിയിരുന്നു. വിവിധങ്ങളായ അന്താരാഷ്ട്ര ബി2 ബി മീറ്റുകളിലും ട്രേഡ് ഫെയറുകളിലും കേരള ടൂറിസം പങ്കെടുത്തിരുന്നു. ആംസ്റ്റർഡാം, മാഡ്രിഡ്, മിലാൻ, ടെൽഅവീവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ന്യൂയോർക്ക്, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ്ആഞ്ചൽസ്, ലണ്ടൻ എന്നിവിടങ്ങളിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ പ്രളയാനന്തരം സംസ്ഥാന ടൂറിസം മികച്ച ഉണർവ് നേടി വീണ്ടും പഴയ രീതിയിലേയ്ക്കെത്തിക്കഴിഞ്ഞു.

(ബി) പ്രളയാനന്തരം 2018 ആഗസ്റ്റ് മുതൽ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ വരവിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാരിന്റെയും വകുപ്പിന്റെയും കാര്യക്ഷമമായ

പ്രവർത്തനത്തിലൂടെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതലും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2019 ഏപ്രിൽ മുതലും തുടർച്ചയായുള്ള വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി**

296(6044) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയെന്ത്; വിശദമാക്കുമോ?

ഉത്തരം

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിലെ പഴശ്ശി സർക്യൂട്ടിൽ ഉൾപ്പെടുത്തി തിരുനെല്ലി ക്ഷേത്രം, തൃശ്ശിലേരി ക്ഷേത്രം, വള്ളിയൂർക്കാവ് ക്ഷേത്രം, മാവിലാംതോട് പഴശ്ശി സ്മാരകം, പനമരം തലയ്ക്കൽ ചന്തു സ്മാരകം എന്നിവിടങ്ങളിൽ ടൂറിസം വികസന പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഇതിനുപുറമെ തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിയൂർക്കാവ് പ്രദേശത്തെ ഗോത്രവർഗ്ഗക്കാരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമുള്ള സഹായങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള വള്ളിയൂർക്കാവ് 'ഡെവലപ്മെന്റ് ഓഫ് മാർക്കറ്റ് ആന്റ് എക്സിബിഷൻ സ്പേസ്' എന്ന പദ്ധതിക്ക് 4.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിൽ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പോളച്ചിറ അക്വാ ടൂറിസം പദ്ധതി**

297(6045) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ ഭരണാനുമതി ലഭിച്ച ആറന്മുള മണ്ഡലത്തിലെ ടൂറിസം വകുപ്പിന്റെ പോളച്ചിറ അക്വാ ടൂറിസം പദ്ധതി നിലവിൽ വരുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) 2017-ൽ ഭരണാനുമതി ലഭിച്ച പോളച്ചിറ അക്വാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഭൂമിയുടെ വിനിയോഗാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം

298(6046) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പാലക്കയം തട്ട്, പൈതൽ മല, കാഞ്ഞിരക്കൊല്ലി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പാലക്കയം തട്ട്, പൈതൽ മല, കാഞ്ഞിരക്കൊല്ലി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ച പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

## കാരാപ്പുഴ ടൂറിസം ഹബ്ബിന്റെ പ്രവർത്തനം

299(6047) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴയെ വയനാടിന്റെ ടൂറിസം ഹബ്ബായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; ഇനി ആരംഭിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാം; ടൂറിസം ഹബ്ബിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തുകയുടെ പ്രവൃത്തികൾ ഇതിനകം ആരംഭിച്ചുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാരാപ്പുഴ ടൂറിസം വികസനത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 4.92 കോടി രൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്:

1. ടൂറിസ്റ്റ് അറൈവൽ കം ഫസിലിറ്റേഷൻ സെന്റർ

2. ഓപ്പൺ എയർ തിയേറ്റർ

3. സുവനീർ ആന്റ് സ്പൈസസ് സ്റ്റാൾസ്

4. നടപ്പാത

5. ലാന്റ്സ്കേപ്പിംഗ്.

രണ്ടാംഘട്ടത്തിൽ 2.29 കോടി രൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്:

1. റോസ് ഗാർഡൻ

2. ശുചിമുറികൾ

3. ജലധാര

4. പവലിയനുകൾ

5. ബയോഗ്യാസ് പ്ലാന്റ്

6. പ്രവേശന കവാടത്തിന്റെ സൗന്ദര്യവൽക്കരണം

7. കുട്ടികളുടെ കളിയുപകരണങ്ങൾ

8. നടപ്പാത

9. ലാന്റ്സ്കേപ്പിംഗ്

10. സൗരോർജ്ജ വിളക്കുകൾ-10 എണ്ണം

മൂന്നാംഘട്ടത്തിൽ 4 കോടി രൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു:

1. നിരീക്ഷണ ഗോപുരം-2 എണ്ണം

2. താമരക്കുളം

3. റഫ് റൈഡിംഗ് പാതകൾ

4. ബാംബൂ പവലിയൻ

5. വിശ്രമ സ്ഥലം

6. പാർക്കിംഗ് ഏരിയ

7. ലാന്റ്സ്കേപ്പിംഗ്

8. ഫിഷിംഗ് ഡെക്ക്.

നാലാംഘട്ടത്തിൽ പരിഗണിക്കാവുന്ന പ്രവൃത്തികൾ ബാംബൂ പാർക്ക്, റോപ്പ് വേ, സോളാർ ബോട്ടിംഗ്, വിശാലമായ ജലധാര സമുച്ചയം, ലൈറ്റ് & സൗണ്ട് ഷോ, സൈക്ലിംഗ് ട്രാക്ക്, വിവിധ കളികൾക്കായുള്ള സിന്തറ്റിക് ടർഫ് നിർമ്മാണം, ഏരിയ ലൈറ്റിംഗ്, പാർക്കിംഗ് ഏരിയ, ദേശീയ പാത 766-നുസമീപത്തായി പ്രവേശന കവാടം, ജലസംഭരണ/വാട്ടർ ബേസ്ഡ് ടൂറിസം, ആക്സസ് റോഡുകളെ മാതൃക റോഡുകളാക്കി മാറ്റൽ എന്നിവയാണ്.

(ബി) കാരാപ്പുഴ ടൂറിസം വികസനത്തിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി ടൂറിസ്റ്റ് അറൈവൽ കം ഫസിലിറ്റേഷൻ സെന്റർ, ഓപ്പൺ എയർ തീയേറ്റർ, സുവനീർ ആന്റ് സ്പൈസസ് സ്റ്റാൾസ്, നടപ്പാത, ലാന്റ്സ്കേപ്പിംഗ്, റോസ് ഗാർഡൻ, ശുചിമുറികൾ, ജലധാര, പവലിയനുകൾ ബയോഗ്യാസ് പ്ലാന്റ്, പ്രവേശന കവാടത്തിന്റെ സൗന്ദര്യവൽക്കരണം, കുട്ടികളുടെ കളി ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി നിരീക്ഷണ ഗോപുരം, താമരക്കുളം, റഫ് റൈഡിംഗ് പാതകൾ, ബാംബൂ പവലിയൻ, വിശ്രമസ്ഥലം, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കാരാപ്പുഴ ടൂറിസം പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി 2017 മെയ് 21-ന് ഉദ്ഘാടനം നടത്തി കാരാപ്പുഴ ടൂറിസം കേന്ദ്രം വിനോദ സഞ്ചാരികൾക്കായി തുറന്ന് നൽകിക്കഴിഞ്ഞു.

(സി) കാരാപ്പുഴ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഒന്ന്, രണ്ട് ഘട്ടങ്ങളിലായി 7.21 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിനായി ഭരണാനുമതി ലഭിച്ച 4 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

## നിലമ്പൂർ മണ്ഡലത്തിലെ ടൂറിസം സാധ്യത

300(6048) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളെ മുൻഗണനാക്രമത്തിൽ വർഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പട്ടികയിൽ നിലമ്പൂരിനുള്ള സ്ഥാനം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഇരുപത് ടൂറിസം ഡെസ്റ്റിനേഷനുകളിൽ നിലമ്പൂർ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) നിലമ്പൂർ മണ്ഡലത്തിൽ ടൂറിസം സാധ്യതയുള്ളതും ഭരണാനുമതി ലഭിച്ചതും പരിഗണനയിൽ ഇരിക്കുന്നതുമായ ടൂറിസം പദ്ധതികളും തടസ്സപ്പെട്ട പദ്ധതികളും ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ തടസ്സം നീക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഡി) ടൂറിസം രംഗത്ത് പൊതുജനങ്ങൾക്കോ വ്യക്തികൾക്കോ സർക്കാരുമായി സഹകരിച്ച് നിക്ഷേപം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ മുൻഗണനാക്രമം സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. 9-2-2009-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) 1030/09/റ്റി.എസ്.എം. പ്രകാരം നിലമ്പൂരിലെ 'ഡെസ്റ്റിനേഷൻ കേരള സ്കീമിൽ' ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി ക്രമനമ്പർ (21) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആദ്യത്തെ 20 ടൂറിസം ഡെസ്റ്റിനേഷനുകളിൽ നിലമ്പൂർ ഉൾപ്പെട്ടിട്ടില്ല.

(സി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ 'നിലമ്പൂർ ടൂറിസ്റ്റ് ഹബ് ' എന്ന പദ്ധതിക്ക് 2 കോടി രൂപയുടെ ഭരണാനുമതി 31-12-2015-ൽ നൽകുകയും ഡി.റ്റി.പി.സി. മലപ്പുറത്തിന്റെ മേൽനോട്ടത്തിൽ കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രം മുഖേന നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പദ്ധതിയുടെ 30 ശതമാനം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ വർഷങ്ങളിലെ പ്രളയത്തിൽ പദ്ധതി പ്രദേശത്തെ റീട്ടെയ്നിംഗ് വാൾ തകരുകയും പ്രവൃത്തി

നിർത്തിവയ്ക്കുകയും ചെയ്തു. നിലവിലെ പദ്ധതി പ്രവൃത്തികൾക്കായി കൂടുതൽ ചെലവ് വന്നതിനാൽ ഭരണാനുമതി ലഭിച്ച തുകയിൽ ബാക്കിയായുള്ള തുകയ്ക്കുള്ളിൽ ചെയ്ത് തീർക്കാവുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി ആയതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കായി നടപടി സ്വീകരിച്ചുവരുന്നു.

നിലമ്പൂർ മണ്ഡലത്തിൽ 'ലോട്ടസ് ഗാർഡൻ അറ്റ് നിലമ്പൂർ' എന്ന ടൂറിസം പദ്ധതിക്ക് 1.50 കോടി രൂപയുടെ ഡി.പി.ആർ. ടൂറിസം എംപാനൽഡ് ആർക്കിടെക്റ്റായ ടെക്കോ ആർക്കിടെക്ച്ചർ ഡിസൈൻ പ്ലസ് ഇന്റീരിയേഴ്സ് തയ്യാറാക്കിയത് നിലമ്പൂർ നഗരസഭയുടെ കത്ത് ഉൾപ്പെടെ ഭരണാനുമതിക്കായി ഡി.റ്റി.പി.സി. മലപ്പുറം വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി സ്ഥലത്തിന്റെ വിവരങ്ങൾ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല. മാത്രമല്ല പദ്ധതി പ്രവർത്തനത്തിന് സ്ഥലത്തിന്റെ permissive sanction ആവശ്യമുള്ളതിനാൽ ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. കൂടാതെ നിലമ്പൂർ മണ്ഡലത്തിൽ പരിഗണനയിലുള്ള ടൂറിസം പദ്ധതികളായ 'ഗേറ്റ് വേ ഓഫ് നിലമ്പൂർ പദ്ധതി'ക്ക് 3.76 കോടി രൂപയും അമരമ്പലം പദ്ധതിക്ക് 2.13 കോടി രൂപയുടെയും ഡി.പി.ആർ. ഡി.റ്റി.പി.സി. തയ്യാറാക്കിയെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

'ഗേറ്റ് വേ ഓഫ് നിലമ്പൂർ-ഉണർവ്', ടൂറിസം പദ്ധതി പൂർത്തിയായെങ്കിലും പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനായി ബിൽഡിംഗ് നമ്പർ ലഭിക്കേണ്ടതുണ്ട്. പ്രസ്തുത പദ്ധതിക്ക് ഉപയോഗാനുമതി ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനോട്ടും (നിരത്ത് വിഭാഗം) ആവശ്യപ്പെട്ടിട്ടുണ്ട്.

കരുളായി ഗ്രാമപഞ്ചായത്തിലെ മുക്കം ചെറുപുഴ വളയംകുണ്ട് പ്രദേശത്തുള്ള 2 ഏക്കർ ഭൂമി ടൂറിസം പദ്ധതിക്കായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയോട് മലപ്പുറം ഡി.റ്റി.പി.സി. മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള ഡെസ്റ്റിനേഷനുകളിൽ പുതിയ ആക്റ്റിവിറ്റികൾ സ്ഥാപിച്ച് ഡെസ്റ്റിനേഷൻ മുഴുവനായോ ആക്റ്റിവിറ്റികൾ മാത്രമായോ ഏറ്റെടുത്ത് നടത്തുന്നതിന് വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുകയും ടെക്നിക്കൽ ഫിനാൻഷ്യൽ ബിഡുകൾ സ്വീകരിച്ച് കരാറുകാരെ കണ്ടെത്തി നൽകുകയുമാണ് ചെയ്യുന്നത്.

## നെല്ലിക്കുഴി തീർത്ഥാടനത്തെ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്താൻ നടപടി

301(6049) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ശ്രീരാമവിലാസം ചവളാർ സൊസൈറ്റി അക്രമം, അഴിമതി, വർഗ്ഗീയത, തീവ്രവാദം, മദ്യാസക്തി എന്നീ സാമൂഹിക തിന്മകൾക്കെതിരെ നടത്തുന്ന ബോധവത്കരണത്തിന്റെ ഭാഗമായി നെല്ലിക്കുഴിയിൽ വർഷംതോറും സംഘടിപ്പിക്കുന്ന മതേതര തീർത്ഥാടനമായ നെല്ലിക്കുഴി തീർത്ഥാടനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴനി ക്ഷേത്രം മുതൽ നെല്ലിക്കുഴി ക്ഷേത്രം വരെ സാമൂഹിക തിന്മകൾക്കെതിരെ ബോധവത്കരണം നടത്തി വിവിധ സാംസ്കാരിക കേന്ദ്രങ്ങൾ വഴി സന്ദർശനം നടത്തി സംഘടിപ്പിച്ച് പോരുന്ന നെല്ലിക്കുഴി തീർത്ഥാടനത്തെ സർക്കാരിന്റെ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീരാമ വിലാസം ചവളാർ സൊസൈറ്റി മാസ്റ്റർ പ്ലാൻ അടക്കം സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ഡി) കോതമംഗലം നെല്ലിക്കുഴി കേന്ദ്രമായി പ്രവർത്തിച്ചു പോരുന്ന പ്രസ്തുത ചവളാർ സൊസൈറ്റിയുടെ പിൽഗ്രിം ടൂറിസം എന്ന ആവശ്യം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഇതുസംബന്ധിച്ച് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

302(6050) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ വിവിധ ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2016 ജൂൺ ഒന്നിനു ശേഷം ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ആലപ്പാട് അഴീക്കൽ ബീച്ചിന്റെ വികസനത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പാക്കിയ വിവിധ ടൂറിസം പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ക്ലാപ്പന റൂറൽ ടൂറിസം പദ്ധതി
2. അഴീക്കൽ റൂറൽ ടൂറിസം പദ്ധതി
3. കന്നേറ്റി കായലിൽ ടൂറിസ്റ്റ് അമിനിറ്റി സെന്റർ, വാക്ക് വേ, ബോട്ട് ജെട്ടി, പവലിയൻ എന്നിവയുടെ നിർമ്മാണം.

2016 ജൂൺ ഒന്നിനുശേഷം ആലുംകടവിലെ ലേക്ക് സൈഡ് അമിനിറ്റി സെന്ററിന്റെ പുനരുദ്ധാരണവും സൗന്ദര്യവൽക്കരണവും എന്ന പദ്ധതിക്ക് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അഴീക്കൽ റൂറൽ ടൂറിസം പദ്ധതിക്ക് ഒരു കോടി രൂപ അനുവദിക്കുകയും പദ്ധതി ഘടകങ്ങളായ നടപ്പാത, മണ്ഡപം, ഗ്യാലറി, ഇരിപ്പിടങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുമുണ്ട്. സ്ഥല ലഭ്യതയുടെ അഭാവംമൂലം ടി പദ്ധതിയിലുൾപ്പെട്ട ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, ടോയ്ലെറ്റ് ബ്ലോക്ക് എന്നീ ഘടകങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

## വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടി

303(6051) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് കൂടുതലായി ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ടൂറിസം കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കോവളം, വർക്കല തുടങ്ങി വിദേശ ടൂറിസ്റ്റുകൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ പോലും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ ടൂറിസം വകുപ്പ് പരാജയപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഗ്രീൻകാർപെറ്റ് പദ്ധതിപ്രകാരം ടൂറിസ്റ്റുകൾക്കായി എന്തൊക്കെ സൗകര്യമാണ് ഒരുക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി ടൂറിസം വകുപ്പ് വിവിധ അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കെടുത്തിട്ടുണ്ട്. കൂടാതെ വിവിധ ലോകനഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം വകുപ്പ്, സംസ്ഥാനത്തിന്റെ ടൂറിസം വിപണികളായ ലോക നഗരങ്ങളിലാണ് ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നത്. കേരളത്തിൽ നിന്നുള്ള ഹോട്ടലുകൾ, റിസോർട്ടുകൾ, ടവർ ഓപ്പറേറ്റർമാർ, ഹൗസ് ബോട്ട്, ഹോംസ്റ്റേ ഉടമകൾ എന്നിവരടങ്ങുന്ന സംരംഭകർക്ക് അതത് നഗരത്തിലെ ടൂർ ഓപ്പറേറ്റർമാരുമായി വ്യാപാരത്തിലേർപ്പെടാനുള്ള അവസരമാണ് ഇതിലൂടെ ഒരുക്കുന്നത്. കേരളത്തിന്റെ പ്രധാന വിപണികളായ യു.കെ., അയർലണ്ട്, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, നെതർലാന്റ്സ്, യു.എസ്.എ., ചൈന, സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങൾ, സ്വിറ്റ്സർലന്റ്, ജപ്പാൻ, മലേഷ്യ, റഷ്യ, ഉക്രൈൻ, ഹംഗറി. സ്പെയിൻ പോളണ്ട്, സിംഗപ്പൂർ, ഇസ്രായേൽ, ആസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളിലാണ് പ്രധാനമായും ഇവന്റുകൾ സംഘടിപ്പിച്ചിട്ടുള്ളത്.

ഇന്ത്യൻ സംഗീതജ്ഞരെ ഉൾപ്പെടുത്തി 2018-ൽ നിശാഗന്ധി മൺസൂൺ രാഗോത്സവം ആരംഭിച്ചു. കേരളത്തിലെ പരമ്പരാഗത ചുണ്ടൻവള്ള മത്സരങ്ങളെ കോർത്തിണക്കി ലീഗ് അടിസ്ഥാനത്തിൽ 6 ജില്ലകളിലായി 12 വേദികളിൽ 'ചാമ്പ്യൻസ് ബോട്ട് ലീഗ് ആരംഭിച്ചു. വിദേശികൾക്ക് കേരളത്തെക്കുറിച്ചുള്ള കൂടുതൽ അറിവിനായി കേരള ബ്ലോഗ് എക്സ്പ്രസ് നടത്തി വരുന്നുണ്ട്. മാത്രമല്ല വിദേശ വിപണിയായ അമേരിക്ക, യു.കെ. ആസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ കേന്ദ്രീകരിച്ച് വിവിധ മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. 2019 ഒക്ടോബറിൽ ആരംഭിച്ച 'Human by Nature' പ്രചരണ പരിപാടിയും വിദേസ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

(ബി) നിലവിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്.

ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്ന തരത്തിലാണ് നടപ്പിലാക്കിവരുന്നത്. ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായും വിനോദ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം ടൂറിസം സെന്ററുകളിൽ ലഭ്യമാക്കുന്നതിനുമായി ഗ്രീൻകാർപ്പറ്റ് എന്ന പദ്ധതി പ്രകാരം വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്. കൂടാതെ അംഗ പരിമിതരായ സഞ്ചാരികൾക്കായി പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും 'ബാരിയർ ഫ്രീ കേരള മേക്കിംഗ് ടൂറിസം അക്സസിബിൾ ഫോർ ഓൾ' എന്ന പദ്ധതി പ്രകാരവും സൗകര്യങ്ങൾ ഏർപ്പെടുത്തിവരികയാണ്.

(സി) ഇത്തരത്തിൽ ഒരു പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തിയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയും ടൂറിസ്റ്റ് സൗഹൃദകേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് ഗ്രീൻകാർപെറ്റ് പദ്ധതി. പത്തിന അജണ്ട അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

1. മാലിന്യ നിർമ്മാർജ്ജനം

2. പൊതു ശൗചാലയം

3. പൊതു സൗകര്യങ്ങൾ

4. ശുദ്ധമായ കുടിവെള്ളവും ആഹാരവും

5.ഹരിതതത്വം പ്രോത്സാഹിപ്പിക്കൽ

6. സുരക്ഷിതത്വം

7. സത്യസന്ധമായ വിവര ലഭ്യത

8. പരിശീലനം

9. തദ്ദേശ പങ്കാളിത്തം

10. ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം.

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ

304(6052) ശ്രീ. പി. കെ. ശശി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാദേശിക ടൂറിസം വികസനത്തിന് ഏറെ പ്രയോജനകരമായ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഡി.റ്റി.പി.സി. വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും അതുവഴി ഓരോ ഡി.റ്റി.പി.സി.-കളുടെയും വരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവും വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനങ്ങൾക്കായി ഇതുവരെ നൽകിയ തുകയുടെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഡി.റ്റി.പി.സി.-യുടെ കൈവശമുള്ള സ്ഥാപനങ്ങൾ സമയ ബന്ധിതമായി വാടക പുതുക്കി നൽകുന്നതിനും പരമാവധി സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകി ഡി.റ്റി.പി.സി.- യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്ന പരാതി പരിശോധിക്കുമോ ;

(ഇ) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഡി.റ്റി.പി.സി.-യുടെ വക സ്ഥാപനങ്ങൾ വാടകയ്ക്കോ ലീസിനോ നൽകുമ്പോൾ നടപടിക്രമങ്ങൾ ലഘൂകരിച്ച് സുതാര്യ വ്യവസ്ഥകളോടെ കൈമാറുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ട്.

കേരള ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമായ ഡി.ടി.പി.സി.-കളുടെ അദ്ധ്യക്ഷൻ അതത് ജില്ലാ കളക്ടർമാരാണ്. വിനോദ സഞ്ചാര വകുപ്പ് ഏൽപ്പിച്ച പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും

വിലയിരുത്താൻ കൃത്യമായ ഇടവേളകളിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവലോകന യോഗങ്ങൾ ചേരാറുണ്ട്. ഡി.ടി.പി.സി.-കളുടെ വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നുമുണ്ട്.

(ബി) വിനോദ സഞ്ചാര വകുപ്പ് അനുവദിക്കുന്ന ധാരാളം പദ്ധതികൾ ഡി.ടി.പി.സി. വഴി നടപ്പാക്കുന്നുണ്ട്. കൂടാതെ നിർമ്മാണം പൂർത്തിയായ പല പദ്ധതികളും ഡി.ടി.പി.സി. ഏറ്റെടുത്ത് നടത്തുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ ആക്ടിവിറ്റികൾ ഉൾപ്പെടുത്തി പദ്ധതികൾ ആകർഷകമാക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളും ഡി.ടി.പി.സി.-കൾ സ്വീകരിക്കാറുണ്ട്.

വിനോദസഞ്ചാര മേഖലയുടെ പ്രോത്സാഹനത്തിനുള്ള ബ്രോഷർ തയ്യാറാക്കൽ, വെബ്സൈറ്റുകളുടെ അപ്ഡേഷൻ, ഫോൺ മുഖേനയും ഇ-മെയിൽ വഴിയും വിനോദ സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഡി.ടി.പി.സി. നടത്തുന്നുണ്ട്. ഓണം പോലുള്ള ഉത്സവാഘോഷ വേളകളിലും ഡി.ടി.പി.സി.-യുടെ മേൽനോട്ടത്തിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

കേരള ട്രാവൽ മാർട്ട്, ചലച്ചിത്രോത്സവം തുടങ്ങിയവയുടെ ഭാഗമാവുന്നതിനൊപ്പം ഇത്തരം വേദികളിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വിപണനത്തിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാനും പ്ലാസ്റ്റിക് വിമുക്തമാക്കാനും ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കാനുമുള്ള നടപടികളും ഡി.ടി.പി.സി. സ്വീകരിക്കുന്നുണ്ട്.

വിനോദ സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുക വഴി വരുമാനത്തിൽ ഗണ്യമായ വളർച്ച കൈവരിക്കാനും ഡി.ടി.പി.സി.-ക്ക് സാധിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡി.ടി.പി.സി.-കൾക്കായി വിവിധ ബജറ്റുകളിൽ വകയിരുത്തിയ വിഹിതം ഇപ്രകാരമാണ്:

| വർഷം | തുക (ലക്ഷം രൂപയിൽ) |
|---|---|
| 2016-2017 | 605 |
| 2017-2018 | 1200 |
| 2018-2019 | 1320 |
| 2019-2020 | 1220 |

(ഡി) ഡി.ടി.പി.സി.-ക്ക് കീഴിലെ സ്ഥാപനങ്ങളും ആക്ടിവറ്റികളും സമയബന്ധിതമായി ടെണ്ടർ ചെയ്യുകയും വാടക നിരക്കുകളിൽ കാലാനുസൃതമായ വർദ്ധന നടപ്പാക്കുകയും ചെയ്യാറുണ്ട്.

(ഇ) ഈ വിഷയത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**തിരുവിതാംകൂർ കൊച്ചിൻ ഹിന്ദുമത സ്ഥാപന നിയമം**

305(6053) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നശേഷം 1950-ലെ തിരുവിതാംകൂർ കൊച്ചിൻ ഹിന്ദുമത സ്ഥാപന നിയമം ഏതൊക്കെ കാര്യങ്ങൾക്കാണ് ഭേദഗതി ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമം ഭേഗഗതി ചെയ്യുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചെടുക്കുന്നതിനായി പ്രത്യേക ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) പ്രത്യേക ദേവസ്വം ട്രിബ്യൂണൽ എന്നേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 1950-ലെ തിരുവിതാംകൂർ കൊച്ചിൻ ഹിന്ദുമത നിയമനത്തിൽ നിലവിൽ വന്നിട്ടുള്ള ഭേദഗതികളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. (ഭേദഗതി ആക്ട് 26-2018).

(ബി) 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് അഡ്വ. കെ. ഗോപാലകൃഷ്ണൻ കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച ശിപാർശകളിന്മേൽ കരട് ഭേദഗതി ബിൽ തയ്യാറാക്കി നിയമ പരിഷ്കാര കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനക്കായി സമർപ്പിച്ചിരിക്കുകയാണ്.

(സി&ഡി) ഉണ്ട്. ഒരു ഏകാംഗ ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി ശബരിമലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ

306(6054) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേക്ക് കിഫ്ബി വഴി അനുവദിച്ച 100 കോടി രൂപ കൊണ്ട് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഓരോന്നിനും മാറ്റിവെച്ചിരിക്കുന്നത് എത്ര രൂപയാണെന്ന് അറിയിക്കാമോ; ഏതെങ്കിലും പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചോ; ഇല്ലെങ്കിൽ എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാനാകും.; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 18-1-2019 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (കൈ) 24/19/ററവ പ്രകാരം ഇടത്താവള സമുച്ചയ നിർമ്മാണത്തിനും ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾക്കുമായി കിഫ്ബി വഴി 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തടസ്സം നേരിടുന്നില്ല. ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ശബരിമല വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ

307(T*6055) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ആരാണ് അത് തയ്യാറാക്കിയത്; എത്ര രൂപയാണ് അതിനായി വകയിരുത്തിയിരിക്കുന്നത്; എന്തൊക്കെ പദ്ധതികളാണ് അതിനായി വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ നിർദ്ദേശം വന്നിട്ടുണ്ടോ; എങ്കിൽ ആരാണ് നിർദ്ദേശം നല്കിയിരിക്കുന്നത്; എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് നിർദ്ദേശം നല്കിയത്; അത്തരത്തിൽ നിർദ്ദേശം നൽകിയതിന് കാരണം വ്യക്തമാക്കാമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാനിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായ ഐ.എൽ.&എഫ്.എസ്.എ.-ക്കോ സ്മാർട്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് അത് തയ്യാറാക്കിയത്. 2007-ൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ 500 കോടി രൂപയാണ് പദ്ധതി നിർവ്വഹണത്തിനായി കണക്കാക്കിയിരുന്നത്.

ശബരിമലയുടെയും ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെയും സമഗ്രവികസനം ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളാണ് ശബരിമല മാസ്റ്റർ പ്ലാൻ വിഭാവന ചെയ്തിട്ടുള്ളത്. 2050 വരെയുള്ള ആസൂത്രിത വികസനം മുന്നിൽക്കണ്ടുകൊണ്ടാണ് പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

(ബി&സി) ബഹു. സുപ്രീം കോടതിയും 2007-ൽ സംസ്ഥാന സർക്കാരും അംഗീകരിച്ച നിലവിലുള്ള മാസ്റ്റർ പ്ലാനിന് മാറ്റം വരുത്തുവാനുള്ള നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടില്ല. എന്നാൽ 2018-ലെ പ്രളയത്തെത്തുടർന്ന് ബേസ്ക്യാമ്പ് പമ്പയിൽനിന്നും നിലയ്ക്കലേക്ക് മാറ്റിയ സാഹചര്യത്തിൽ മാസ്റ്റർ പ്ലാൻ പ്രകാരം പമ്പയിൽ നിർവ്വഹിക്കേണ്ടിയിരുന്ന പ്രവൃത്തികൾ ആവശ്യമില്ലാതായതിനാൽ അതനുസരിച്ചുള്ള പുതിയ ലെഔട്ട് പ്ലാൻ ഉന്നതാധികാര സമിതിയുടെ പരിശോധനയിലാണ്.

## ശബരിമല മാസ്റ്റർ പ്ലാൻ

308(6056) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഉന്നതാധികാര സമിതി രൂപീകരിച്ചിരിക്കുന്നത് എന്തൊക്കെ ലക്ഷ്യങ്ങളോടുകൂടിയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉന്നതാധികാരസമിതി ഉന്നയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ഹൈക്കോടതി 2009-ലാണ് ഉന്നതാധികാര സമിതിയെ നിയോഗിച്ചത്. ശബരിമലയുടെയും പമ്പ, നിലക്കൽ, എരുമേലി എന്നിവയുടെ സമഗ്ര വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാണ് ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

(ബി) സമിതിയുടെ മേൽനോട്ടത്തിൽ ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഉന്നതാധികാര സമിതി യാതൊരു തടസ്സവും ഉന്നയിച്ചിട്ടില്ല.

**ശബരിമല സന്നിധാനത്തിലേക്ക് റോപ്പ് വേ നിർമ്മാണം**

309(6057) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിനായി റോപ്പ് വേ നിർമ്മിക്കുന്ന നടപടികൾ ഏത് ഘട്ടം വരെയായി; ഇതിന്റെ റൂട്ട് നിശ്ചയിച്ചിട്ടുണ്ടോ; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുക; എന്ന് നിർമ്മാണം ആരംഭിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് എത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും എന്ന് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ;

(സി) റോപ്പ് വേ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശബരിമല സന്നിധാനത്തേക്ക് റോപ്പ് വേ നിർമ്മിക്കുന്നതിനുള്ള ജോയിന്റ് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേയിൽ ലോവർ ടെർമിനൽ പോയിന്റിലും അപ്പർ ടെർമിനൽ പോയിന്റിലും ആവശ്യമായ സ്ഥലമുള്ളതായി കണ്ടെത്തിയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും. പമ്പ ഹിൽടോപ്പിൽ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ സമീപത്തുനിന്നും മാളികപ്പുറം ക്ഷേത്രത്തിന് പിൻഭാഗത്തുവരെ എത്തുന്ന രീതിയിലാണ്. ആർ.ഐ.റ്റി.ഇ.എസ്. എന്ന സ്ഥാപത്തിന്റെ പഠന റിപ്പോർട്ട് പ്രകാരം റൂട്ട് നിശ്ചയിച്ചുള്ളത്. എഗ്രിമെന്റ് പ്രകാരം ഷെയർ ബേസിലാണ് റോപ്പ് വേ നിർമ്മാണം നടത്തുന്നത്. ആയതിനാൽ പ്രത്യേകം ചെലവുകളില്ല.

(ബി) Eighteenth Step Damodar Car Pvt. Ltd. എന്ന കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്. നിർമ്മാണം ആരംഭിച്ച് 24 മാസത്തിനകം ജോലികൾ പൂർത്തീകരിച്ച് റോപ്പ് വേ പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) നിലവിൽ തടസ്സങ്ങളില്ല.

**ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ**

310(6058) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി കഴിഞ്ഞ സർക്കാർ ഓരോ മേഖലയിലും ചെലവഴിച്ച തുക എത്രയെന്നത് അറിയിക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ശബരിമലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാറ്റിവെച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണവുമായി ഏതെല്ലാം പ്രവൃത്തികളാണ് ശബരിമലയിൽ പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമലയുടെ അടിസ്ഥാന വികസനങ്ങൾക്ക് 2016-17 വർഷം 12.18 കോടി രൂപയും 2017-18-ൽ 25 കോടി രൂപയും 2018-19-ൽ 28 കോടി രൂപയും ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഈ വർഷം (2019-20)-ന് 28 കോടി രൂപയും ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ 200 കോടി രൂപ റോഡ് നിർമ്മാണ അറ്റകുറ്റപ്രവൃത്തികൾക്കും കിഫ്ബി മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾക്കും 141.75 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ശബരിമല ദർശനത്തിനെത്തുന്ന ലക്ഷക്കണക്കിന് അയ്യപ്പ ഭക്തർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ബേസ്ക്യാമ്പ് നിലക്കലേക്ക് മാറ്റിയിട്ടുണ്ട്. ബേസ് ക്യാമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. കെട്ടിടങ്ങൾ, വിരിസ്ഥലങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. ശുചിമുറികളുടെ ഉപയോഗക്ഷമത വർദ്ധിപ്പിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ഇൻസിനറേറ്ററുകൾ, മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി, സുരക്ഷിത ദർശനം സാധ്യമാകുന്നതിനാവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തിയാക്കി. കുടിവെള്ളത്തിന് കഴിഞ്ഞ വർഷം നടപ്പിലാക്കിയ സംവിധാനത്തേക്കാൾ വിപുലമായി കൂടുതൽ സൗകര്യങ്ങൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്.

ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35,000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്കുഭാഗത്ത് കെട്ടിടത്തിന്റെ മുകളിൽ 12,000 ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2,000 ചതുരശ്ര അടി വിസ്തൃതിയിലുമുള്ള വിരിഷെഡ്ഡുകൾ സജ്ജമാക്കി. പമ്പയിൽ ടോയ്ലെറ്റ് കോംപ്ലക്സ് സ്ഥാപിച്ചു.

കുളിക്കടവ് നവീകരിച്ചു. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സി.-ക്ക് സമീപം പമ്പയുടെ വിവിധ ഭാഗങ്ങളിലായി ബയോ ടോയ്ലെറ്റുകളും മുൻ വർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സ്ഥാപിച്ചു.

നിലയ്ക്കലിൽ തീർത്ഥാടകർക്ക് 2000 വാഹനങ്ങളുടെ അധിക പാർക്കിംഗിനായി കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ ബുക്കിംഗിനായി പോലീസുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ശബരിമലയുടെ വികസനത്തിന് പദ്ധതികൾ

311(6059) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിലൂടെ ഈ സർക്കാർ ആവിഷ്കരിച്ചതും ഇപ്പോൾ നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ; ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2019-20 വർഷത്തെ മണ്ഡല-മകരവിളക്കിന് മുന്നോടിയായി സർക്കാർ എത്ര യോഗങ്ങളാണ് വിളിച്ചുചേർത്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1.87 കോടി രൂപ ചെലവിൽ നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സുകൾ ഉൾപ്പെടെ മഹാപ്രളയത്തിൽ തകർന്നതിനെത്തുടർന്ന് പമ്പയിൽ മണ്ഡല-മകരവിളക്കിനു മുന്നോടിയായി തീർത്ഥാടകർക്കായി ഒരുക്കിയ സൗകര്യങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയായതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) മൂന്ന് യോഗങ്ങൾ മുഖ്യമന്ത്രി തലത്തിലും മൂന്ന് യോഗങ്ങൾ ദേവസ്വം വകുപ്പുമന്ത്രി തലത്തിലും വിളിച്ച് ചേർത്തിട്ടുണ്ട്.

(ഡി) പമ്പയിൽ ഭാഗീകമായി തകർന്ന മൂന്ന് ടോയ്‌ലെറ്റ് ബ്ലോക്കുകൾ, മണ്ണ് മൂടിക്കിടന്ന സീവേജ് കളക്ഷൻ ടാങ്ക്, സീവേജ് നെറ്റ്‌വർക്ക് സിസ്റ്റം, ക്ലോക്ക് റൂം ബിൽഡിംഗ് എന്നിവ പുനസ്ഥാപിക്കുകയും അന്നദാന മണ്ഡപം, റസ്റ്റോറന്റ് ബ്ലോക്ക്, മെസ്സ് ബിൽഡിംഗ്, ശർക്കര ഗോഡൗൺ തുടങ്ങിയ കോൺക്രീറ്റ് കെട്ടിടങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബയോടോയ്‌ലെറ്റ് സജ്ജീകരിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി പുതിയ വാട്ടർ കിയോസ്കുകൾ ഉൾപ്പെടെ കഴിഞ്ഞ വർഷം നടപ്പിലാക്കിയതിനേക്കാൾ വിപുലമായ സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ഇൻസിനറേറ്ററുകൾ, മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. സുരക്ഷിത ദർശനം സാധ്യമാക്കുന്നതിനാവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. മഴയും വെയിലും ഏൽക്കാതിരിക്കാനുള്ള വിരിപ്പന്തലുകൾ, നടപ്പന്തലുകൾ എന്നിവ താൽക്കാലികമായി സജ്ജീകരിച്ചിട്ടുണ്ട്. കുളിക്കടവ് നവീകരിച്ചിട്ടുണ്ട്. സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സി.-ക്ക് സമീപവും പമ്പയുടെ വിവിധ ഭാഗങ്ങളിലായി ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ മുൻവർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. പമ്പയിലെ ത്രിവേണി പാലത്തിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണ നിലയിലാക്കിയിട്ടുണ്ട്. സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിവേണി മുതൽ ഞുണങ്ങാർ വരെയുള്ള സ്ഥലത്ത് കൽപ്പടവുകൾ നിർമ്മിക്കുകയും മരസംരക്ഷണ ഭിത്തി നിർമ്മിച്ച് മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

312(6060) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കരുതൽ നിക്ഷേപത്തിൽ നിന്നും എത്ര തുകയാണ് ബോർഡ് ഈ സാമ്പത്തിക വർഷം പിൻവലിച്ചതെന്ന് അറിയിക്കാമോ;

(ബി) ഈ തുക പിൻവലിച്ചതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; ദേവസ്വം മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായ ആവശ്യങ്ങൾക്കു വേണ്ടിയാണോ ഈ തുക പിൻവലിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സാമ്പത്തിക വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കരുതൽ നിക്ഷേപങ്ങളിൽനിന്നും യാതൊരു തുകയും പിൻവലിച്ചിട്ടില്ല.

4-9-2019-ലെ ആർ.ഒ.സി. 10090/19 നമ്പർ ബോർഡ് (ഉത്തരവ് പ്രകാരം വിവിധ മരാമത്ത്) ഡിവിഷണൽ ഓഫീസുകൾക്ക് പേയ്മെന്റിനാവശ്യമായ ക്രെഡിറ്റ് അനുവദിക്കുന്നതിന് ദേവസ്വം കമ്മീഷണറുടെ പേരിലുള്ള സർപ്ലസ് ഫണ്ടിൽനിന്നും 35 കോടി രൂപ ലോണെടുത്തിട്ടുണ്ട്.

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക

313(6061) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലെ ബി ക്ലാസ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 2014, 2016, 2019 എന്നീ വർഷങ്ങളിലെ 28 മാസത്തെ ശമ്പള കുടിശ്ശിക നൽകാനുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വാർഷിക വരുമാന പരിധി 25 ലക്ഷം വരെയുള്ള ക്ഷേത്രങ്ങളാണ് 'ബി' ഗ്രേഡിൽ ഉൾപ്പെടുന്നത്. ക്ഷേത്രങ്ങളുടെ അസസ്സിബിൾ വരുമാനത്തിന്റെ 50 ശതമാനത്തിൽ വരുന്ന സംഖ്യ ഓരോ മാസവും ജീവനക്കാരുടെ ശമ്പള ചെലവിലേക്ക് നീക്കിവക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം മാറ്റി വച്ചിട്ടും ജീവനക്കാരുടെ ശമ്പളത്തിന് തികയാതെ വരുന്ന സംഖ്യ നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകിവരുന്നുണ്ട്. മാനേജ്മെന്റ് ഫണ്ട് ലഭിക്കുന്നതിനുള്ള ക്ഷേത്രങ്ങളുടെ വരുമാന പരിധി 15 ലക്ഷം രൂപ ആയിരുന്നത് 3-9-2019-ലെ സ.ഉ.(കൈ)നം. 277/19/റവ ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയായി സർക്കാർ ഉയർത്തി നൽകിയിട്ടുണ്ട്. അപ്രകാരം 'ബി' ഗ്രേഡിൽപ്പെടുന്ന കുറച്ച് ക്ഷേത്രങ്ങൾ കൂടി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം ലഭിക്കുന്നില്ലയെന്ന പരാതി ഒരു പരിധി വരെ പരിഹരിക്കപ്പെട്ടിട്ടുമുണ്ട്. എന്നിരുന്നാലും 20 ലക്ഷം രൂപയിലധികം വാർഷിക വരുമാനമുള്ള 'ബി' ഗ്രേഡ്, 'എ' ഗ്രേഡ് ക്ഷേത്രങ്ങളിൽ ദൈനംദിന ക്ഷേത്രം നടത്തിപ്പിലെ ഭാരിച്ച ചെലവും എന്നാൽ അതനുസരിച്ച് വരുമാന വർദ്ധനവില്ലാത്തതും മറ്റ് കാരണങ്ങളാലും ജീവനക്കാർക്ക് മുഴുവൻ ശമ്പളവും ക്ഷേത്രത്തിൽ നിന്ന് നൽകാൻ സാധിക്കാതെ ശമ്പളം കുടിശ്ശികയായി നൽകുന്ന സ്ഥിതിവിശേഷം ഉണ്ടെന്നുള്ളത് വാസ്തവമാണ്. ചെലവുകൾ പരിമിതപ്പെടുത്തി

ക്ഷേത്രവരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിൽക്കൂടി മാത്രമേ ക്ഷേത്ര ജീവനക്കാരുടെ ശമ്പള വിതരണത്തിൽ ഓരോ ക്ഷേത്രത്തിനും സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂവെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾ ഓരോന്നും സ്വതന്ത്ര യൂണിറ്റുകളായതിനാൽ ഓരോ ക്ഷേത്രത്തിലെയും ജീവനക്കാർക്ക് ശമ്പളം അതാത് ക്ഷേത്രങ്ങളുടെ ഫണ്ടിൽനിന്നും നൽകുന്നതിനുള്ള ഉത്തരവാദിത്തം നിയമനാധികാരിയായ അതാത് ക്ഷേത്രം ട്രസ്റ്റിമാർക്കാണുള്ളത്. 20 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ഒരു വിഹിതം, മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് വഴി സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് മലബാർ ദേവസ്വം ബോർഡ് നൽകിവരുന്നുണ്ട്.

## മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾക്ക്നൽകിയ ധനസഹായം

314(6062) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ധനസഹായം എന്തെല്ലാം പ്രവൃത്തികൾക്കാണ് അനുവദിച്ചിട്ടുള്ളത്; ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ക്ഷേത്ര പുനരുദ്ധാരണത്തിനും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കിടക്കുന്ന കുളം-കാവ്-ആൽത്തറകളുടെ നവീകരണം എന്നിവയ്ക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ക്ഷേത്ര പുനരുദ്ധാരണത്തിനായി ബോർഡിന് കീഴിലുള്ള 702 ക്ഷേത്രങ്ങൾക്കായി 6,09,50,000 രൂപയും കുളം-കാവ്-ആൽത്തറകളുടെ നവീകരണത്തിനായി 33 ക്ഷേത്രങ്ങൾക്കായി 67,50,000 രൂപയും അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചിട്ടുള്ള ക്ഷേത്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലബാർ ദേവസ്വം ബോർഡിലെ തസ്തികകൾ

315(6063) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായതിനുശേഷം ആദ്യഘട്ടത്തിൽ എത്ര തസ്തികകളായിരുന്നു ഉണ്ടായിരുന്നത്;

(ബി) രൂപീകൃതമായതിനുശേഷം കൂടുതൽ തസ്തികകൾ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുവദിച്ചത്; വിശദമാക്കാമോ;

(സി) വളരെ കുറഞ്ഞ ജീവനക്കാരുടെ എണ്ണം കൊണ്ട് 1600 നടുത്ത് ക്ഷേത്രങ്ങളുടെ ഭരണകാര്യങ്ങൾ, ക്ഷേത്ര ജീവനക്കാരുടെ കാര്യങ്ങൾ എന്നിവ സമയബന്ധിതമായി നടത്താൻ കഴിയാതെപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) കൂടുതൽ ജീവനക്കാരെ നിയമിച്ച് മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് നിർത്തലാക്കി 2-10-2008-ന് മലബാർ ദേവസ്വം ബോർഡ് രൂപീകൃതമായപ്പോൾ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിൽ ഉണ്ടായിരുന്ന 128 തസ്തികകളും വാനിഷിംഗ് കാറ്റഗറിയായി പരിഗണിച്ച് ഒരു പ്രത്യേക വിഭാഗമായി മലബാർ ദേവസ്വം ബോർഡിൽ നിലനിർത്തിയിരുന്നു.

(ബി) ഉണ്ട്. 25-10-2019-ലെ സ.ഉ. (കൈ)322/2019/റവ പ്രകാരം ആകെ 21 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25-10-2019-ലെ സ.ഉ. (കൈ)322/2019/ റവ പ്രകാരം ക്ലാർക്ക്-15, വാച്ച്മാൻ-1, ഗോൾഡ്സ്മിത്ത്-1, ഡ്രൈവർ-4 എന്നിങ്ങനെ ആകെ 21 തസ്തികകൾ മലബാർ ദേവസ്വം ബോർഡിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ

316(6064) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നാളിതുവരെയായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം നിയമനരീതി, തസ്തിക എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) തിരുവിതാംകൂർ ദേവസ്വംബോർഡിൽ കരാർ നിയമനങ്ങൾ നടത്താൻ നിലവിലെ ചട്ടങ്ങൾ അനുവദിയ്ക്കുന്നുണ്ടോയെന്നും ബോർഡിലെ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കരാർ നിയമനങ്ങൾ നടത്തേണ്ടതായ സാഹചര്യങ്ങളിൽ ആയതിന് ബഹു. ഹൈക്കോടതിയിൽനിന്നും അനുമതി ലഭ്യമാക്കി നിയമനം നടത്തിവരുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരമ്പരാഗത തസ്തികകൾ എന്നിവ ഒഴികെയുള്ള മറ്റെല്ലാ തസ്തികകളിലും നേരിട്ടുള്ള നിയമനം നടത്തുന്നത് കേരളം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണ്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രസിദ്ധീകരിച്ച യു.പി.എസ്.എ. തസ്തികയിലേക്കുള്ള വിജ്ഞാപനം

317(6065) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 2-3-2017-ൽ പ്രസിദ്ധീകരിച്ച യു.പി.എസ്.എ. തസ്തികയിലേക്കുള്ള വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാം; ഇത് പ്രകാരം പരീക്ഷ നടത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും ഇത് നിയമാനുസൃതമാണോ എന്നും വ്യക്തമാക്കുമോ;

(സി) ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ആരെയെങ്കിലും പിന്നീട് ഒഴിവാക്കിയിട്ടുണ്ടോ എന്നും എങ്കിൽ അതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ; ഇങ്ങനെ ഒഴിവാക്കിയ നടപടി പുനഃപരിശോധിച്ച് ഇവരെ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

### ഉത്തരം

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടുനൽകിയിട്ടില്ല. അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്കൂളുകളിലെ യു.പി.എസ്.എ. തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 2-3-2017-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡാണ് പുറപ്പെടുവിച്ചത്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണമെന്നാണ് ദേവസ്വം ബോർഡ് വിജ്ഞാപനം ചെയ്തത്. ബഹു. കേരള ഹൈക്കോടതി പ്രത്യേക ഉത്തരവ് പ്രകാരം യു.പി.എസ്.എ. തസ്തികയിലേക്കുള്ള പരീക്ഷ നടത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി.

അതനുസരിച്ച് പരീക്ഷ നടത്തി മാർക്ക് ലിസ്റ്റ് സോഫ്റ്റ് കോപ്പി സഹിതം മുദ്രവച്ച് കവറിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയ 120 പേരെ ഉൾപ്പെടുത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) യു.പി. അദ്ധ്യാപക നിയമനത്തിന് കെ.റ്റി.ഇ.റ്റി. യോഗ്യത വേണമെന്ന സർക്കാർ ഉത്തരവിനെത്തുടർന്ന് ആയത് യോഗ്യതാ മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തസ്തികയ്ക്ക് അപേക്ഷിക്കുന്ന സമയത്ത് കെ-റ്റി.ഇ.റ്റി. യോഗ്യതയില്ലാതിരുന്ന ഉദ്യോഗാർത്ഥികളെ ഒഴിവാക്കിയിട്ടുള്ളതാണ്. ഇക്കാര്യം പുനഃപരിശോധിക്കുന്ന നടപടി സ്വീരിച്ചിട്ടില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**ശ്രീകൃഷ്ണാ കോളേജിനെ മികവിന്റെ കേന്ദ്രമാക്കാൻ പദ്ധതി**

318(6066) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ശ്രീകൃഷ്ണാ കോളേജിന്റെ ഭൗതിക പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവസ്വം ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി ഈ കോളേജിനെ മികവിന്റെ കേന്ദ്രമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വാദ്യകലകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ**

319(6067) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വങ്ങളുടെ കീഴിൽ വാദ്യകലകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ, ഗുരുവായൂർ, മലബാർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിൽ വാദ്യകലകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ നിലവിലുണ്ട്

(ബി)

തിരുവിതാംകൂർ ദേവസ്വം ബോർഡ്

ബോർഡിനുകീഴിൽ വൈക്കത്തും ആറ്റിങ്ങലും ക്ഷേത്രകലാപീഠങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ പഞ്ചവാദ്യം, തകിൽ, നാദസ്വരം എന്നിങ്ങനെ മൂന്ന് വർഷ കാലാവധിയുള്ള മൂന്ന് കോഴ്സുകൾ പഠിപ്പിക്കുന്നു. വൈക്കം ക്ഷേത്ര കലാപീഠത്തിൽ ഓരോ വർഷവും പഞ്ചവാദ്യത്തിൽ 40 വിദ്യാർത്ഥികളും തകിൽ, നാദസ്വരം വിഭാഗത്തിൽ 15 വീതം വിദ്യാർത്ഥികളും പ്രവേശനം നൽകിവരുന്നു. ആറ്റിങ്ങൽ ക്ഷേത്രകലാപീഠത്തിൽ ഓരോ വർഷവും പഞ്ചവാദ്യത്തിൽ 20 വിദ്യാർത്ഥികൾക്കും തകിൽ, നാദസ്വരം വിഭാഗത്തിൽ 15 വീതം വിദ്യാർത്ഥികൾക്കും പ്രവേശനം നൽകിവരുന്നു.

ഗുരുവായൂർ ദേവസ്വം

ഗുരുവായൂർ ദേവസ്വത്തിനുകീഴിൽ തിമില, മദ്ദളം, ചെണ്ട, കൊമ്പ്, കുറുംകുഴൽ, നാദസ്വരം, തകിൽ, അഷ്ടപദി എന്നീ വാദ്യകലകളാണ് പഠിപ്പിക്കുന്നത്.

കൊച്ചിൻ ദേവസ്വം ബോർഡ്

തൃശ്ശൂർ ഗ്രൂപ്പിനുകീഴിൽ വടക്കേക്കര ക്ഷേത്രത്തിലും തൃപ്പൂണിത്തുറ ഗ്രൂപ്പിൽ അഴകിയകാവ് ചേരാനെല്ലൂർ, എറണാകുളം, പള്ളിയറക്കാവ് എന്നീ ക്ഷേത്രങ്ങളിലും തിരുവഞ്ചിക്കുളം ഗ്രൂപ്പിൽ പെരുവനം ക്ഷേത്രത്തിലും തിരുവില്വാമല ഗ്രൂപ്പിൽ പനങ്ങാട്ടുകര, രവിപുരമംഗലം എന്നീ ക്ഷേത്രങ്ങളിലും വാദ്യകലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡ്

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്രകലകൾ പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി സ്ഥാപിക്കപ്പെട്ട ക്ഷേത്രകലാ അക്കാദമി പ്രവർത്തിക്കുന്നുണ്ട്. വാദ്യകലകളിൽ ചെണ്ട സൗജന്യമായി കുട്ടികൾക്ക് പരിശീലിപ്പിച്ച് വരുന്നുണ്ട്.

## കൈരളി മഠം കെട്ടിടം വാടക

320(6068) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം ദേവസ്വത്തിന് കീഴിൽ വൈക്കം മഹാദേവ ക്ഷേത്രത്തിന് പടിഞ്ഞാറെ നടയിലുള്ള കൈരളി മഠം കെട്ടിടം വാടകക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന് ഇപ്പോൾ ഈടാക്കുന്ന പ്രതിമാസ വാടക എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള വാടക കരാറിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) വൈക്കം ദേവസ്വത്തിന് കീഴിലുള്ള കൈരളി മഠം കെട്ടിടം നിലവിൽ ശ്രീ. കെ. വി. ജോസഫ്, കുടല്ലി എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന് ഇപ്പോൾ പ്രതിമാസം 55,177 രൂപ വാടക ഈടാക്കിവരുന്നു.

(സി) വാടക കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*.

## കോന്നി മണ്ഡലത്തിൽ ശബരിമല തീർത്ഥാടകർക്ക് ഇടത്താവളം

321(6069) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് ഇടത്താവളമായി കോന്നി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(ബി) ഈ ക്ഷേത്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോന്നി മുരിങ്ങമംഗലം മഹാദേവർ ക്ഷേത്രവും മലയാലപ്പുഴ ദേവീക്ഷേത്രവും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി)

<u>കോന്നി മുരിങ്ങമംഗലം മഹാദേവർ ക്ഷേത്രം</u>

കോന്നി മുരിങ്ങമംഗലം ദേവസ്വത്തിൽ ദേവസ്വം ബോർഡിന്റെ സ്ഥലത്ത് ജില്ലാ പഞ്ചായത്ത് രണ്ട് ഇടത്താവളവും ടോയ്‌ലെറ്റ് സംവിധാനവും എല്ലാ വർഷത്തെയും പോലെ ഈ വർഷവും സജ്ജമാക്കിയിട്ടുണ്ട്. അയ്യപ്പഭക്തന്മാരുടെ വരവ് വർദ്ധിക്കുമ്പോൾ ക്ഷേത്രത്തിന്റെ ആനക്കൊട്ടിലിൽ വിരിവയ്ക്കുന്നതിന് വേണ്ട സൗകര്യമൊരുക്കുന്നതാണ്. വിവാഹമില്ലാത്ത ദിവസങ്ങളിൽ ക്ഷേത്രത്തിന്റെ ഊട്ടുപുരയും സ്വാമിമാർക്ക് വിശ്രമിക്കുന്നതിനായി എല്ലാ വർഷത്തെയും പോലെ കൊടുക്കുന്നതാണ്. വൈദ്യുതി സംവിധാനം ദേവസ്വം ബോർഡ് നേരിട്ട് നൽകുന്നതാണ്.

<u>മലയാലപ്പുഴ ദേവീക്ഷേത്രം</u>

മലയാലപ്പുഴ ദേവസ്വത്തിലെ സദ്യാലയത്തിന്റെ മുകൾവശം സ്വാമിമാർക്കായി എല്ലാ വർഷത്തെയും പോലെ തുറന്നുകൊടുക്കുന്നതാണ്. ടോയ്‌ലെറ്റ് സംവിധാനവും നിലവിലുണ്ട്. ക്ഷേത്രത്തിന്റെ തെക്കുവശത്തായിട്ടുള്ള സ്റ്റേജും ചുറ്റുനടപ്പന്തലും സ്വാമി ഭക്തന്മാർക്ക് വിരിവയ്ക്കുന്നതിനായി നൽകുന്നതുമാണ്.

(സി) ക്ഷേത്രങ്ങളുടെ വികസനത്തിന്റെ ആവശ്യകത അനുസരിച്ച് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## തിരുവല്ലം ക്ഷേത്രവികസനം

322(6070) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം ക്ഷേത്രത്തിന്റെ വികസനത്തിനും ബലിതർപ്പണം ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയെന്ന് അറിയിക്കുമോ?

(ബി) പ്രധാന നദിയുടെ തീരത്ത് ബലിതർപ്പണം നടത്തുവാൻ വരുന്ന ഭക്തർക്ക് ശുദ്ധജലത്തിൽ കുളിക്കുന്നതിനും ബലിതർപ്പണം ചെയ്യുന്നതിനുമായി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷേത്രത്തിന്റെ വികസനം മുന്നിൽ കണ്ടുകൊണ്ട് ക്ഷേത്രത്തിനോടടുത്തുള്ള ഭൂമി വാങ്ങുന്നതിന് തിരുവനന്തപുരം ജില്ല കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

ക്ഷേത്രവികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ രൂപരേഖയാകുന്ന മുറക്കേ തുക നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(ബി) എല്ലാ വർഷവും കർക്കിടകവാവിന് ബലിതർപ്പണം നടത്തുന്ന ഭക്തർക്ക് ജലസേചന വകുപ്പിന്റെ സഹായത്താൽ നദിയിൽ തടയണ നിർമ്മിച്ച് മുങ്ങിക്കുളിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നുണ്ട്.

**ഗുരുവായൂർ ക്ഷേത്ര പരിസരത്തെ വൃദ്ധജനങ്ങളുടെ സംരക്ഷണം**

323(6071) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെട്ട് ഗുരുവായൂർ ക്ഷേത്ര പരിസരങ്ങളിൽ അലയുന്ന നിരാലംബരായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് ഉചിതമായ നടപടികൾ ഉണ്ടാകണമെന്ന് സർക്കാർ ഗുരുവായൂർ ദേവസ്വത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഗുരുവായൂർ ദേവസ്വം ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഏറ്റവും അനുകമ്പ അർഹിക്കുന്ന മാനുഷിക വിഷയം എന്ന നിലയിലുള്ള പരിഗണനയോടെ ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിർദ്ദേശം നൽകുന്നതാണ്.

**നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ പേരിൽ വ്യാജ അക്കൗണ്ട്**

324(6072) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ പേരിൽ വ്യാജ അക്കൗണ്ട് ഉണ്ടാക്കി പണാപഹരണം നടത്തുന്നതിന് ആരെങ്കിലും ശ്രമിച്ചിട്ടുണ്ടോ;

ഇതുമായി ബന്ധപ്പെട്ട് 2013-15 കാലയളവിൽ പോലീസിലോ സൈബർ സെല്ലിലോ നെയ്യാറ്റിൻകര ദേവസ്വം കമ്മീഷണർ പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു വർഷത്തിൽ ആണ് എന്ന് വ്യക്തമാക്കുമോ;

(സി) കേസിന്റെ പൂർണ്ണ വിവരം വിശദീകരിക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ 2013-15 കാലയളവിൽ ഉപദേശക സമിതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കാത്തതിന്റെ പേരിൽ ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ ഉപദേശക സമിതി സെക്രട്ടറി ശ്രീ. ജയകൃഷ്ണനെതിരെ 14-7-2015-ൽ നെയ്യാറ്റിൻകര സർക്കിൾ ഇൻസ്പെക്ടർക്ക് കേസ് നൽകിയിട്ടുണ്ട്.

## ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട സ്ഥലങ്ങൾ തിരികെ ലഭിക്കുന്നതിന് നടപടി

325(6073) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ ദേവസ്വങ്ങളുടെ അന്യാധീനപ്പെട്ട സ്ഥലങ്ങൾ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള വസ്തുക്കളിൽ അനധികൃത കയ്യേറ്റം കാരണം അന്യാധീനപ്പെട്ടിട്ടുള്ള വസ്തു വീണ്ടെടുക്കുന്നതിനായി ലാന്റ് കൺസർവൻസി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ലാന്റ് സ്പെഷ്യൽ ഓഫീസറുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും അതുമൂലമുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു ഏകാംഗ ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10 A.M.]

## II അടിയന്തരപ്രമേയം

### ധന പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും

മി.സ്പീക്കർ: ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചമൂലം സംസ്ഥാനത്തുണ്ടായിരിക്കുന്ന ധന പ്രതിസന്ധിയും ട്രഷറി നിയന്ത്രണവുംമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിക്കാനിടയായതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഭയപ്പെടുന്നതുപോലുള്ള പ്രശ്നങ്ങളൊന്നുമില്ല. മുമ്പ് സഭയിൽ ചർച്ച ചെയ്തിട്ടുള്ളതുപോലെയും ഞാൻ ഇവിടെ വിശദീകരിച്ചിട്ടുള്ളതുപോലെയും സാമ്പത്തികമായി ഞെരുക്കമുള്ളതുകൊണ്ട് ഈ മാസം കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായിവന്നു. സാധാരണ ഗതിയിൽ ശമ്പള ദിവസം കഴിഞ്ഞാൽ, മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. ഇപ്പോൾ ആ നിയന്ത്രണങ്ങൾ തുടരേണ്ടിവന്നു. കഴിഞ്ഞ ഒക്ടോബർ മാസം 30-ാം തീയതി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ജി.എസ്.ടി. കോമ്പൻസേഷനായ 1600 കോടി രൂപ ഇതുവരെ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല എന്നതാണ് അതിനു കാരണം. സാധാരണ ഗതിയിൽ ഇങ്ങനെ കേന്ദ്രത്തിൽ നിന്നുള്ള വരവിൽ കുറവുവരികയോ അത്യാവശ്യം ചെലവുകളുണ്ടാകുകയോ ചെയ്താൽ ബാങ്കിൽനിന്നും SLR (Statuary Liquidatory Ratio) വായ്പയെടുത്ത് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകും. എന്നാൽ അതിന് പറ്റാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. കാരണം, ഈ വർഷത്തെ അംഗീകൃത വായ്പാ അടങ്കലിൽനിന്നും 6,500 കോടി രൂപ കേന്ദ്ര സർക്കാർ കുറച്ചിരിക്കുകയാണ്. എല്ലാ ക്വാർട്ടറുകളിലും തുല്യമായിട്ടല്ല കുറയ്ക്കുന്നത്. ആദ്യത്തെ ക്വാർട്ടറിൽ അംഗീകൃത അടങ്കലിന്റെ നാലിലൊന്ന് അനുവദിച്ചു. അതിനുശേഷമാണ് ഈ തീരുമാനത്തിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് എത്തിയത്. അതുകൊണ്ട് നമ്മുടെ അനുവദനീയമായ വായ്പയിൽ ബജറ്റിൽ പറഞ്ഞതിനേക്കാൾ രണ്ടായിരം കോടി രൂപയുടെ കുറവുണ്ടായി. സാധാരണ ഗതിയിൽ ചെയ്യുന്നതുപോലെ വായ്പയെടുത്ത് ഈ കടമ്പ കടക്കാൻ കഴിയില്ല.

1600 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ആ പണം വരുന്നതോടുകൂടി കാര്യങ്ങൾ സാധാരണഗതിയിലാകും. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ഇതുമൂലം വികസന പ്രവർത്തനങ്ങളാകെ സ്തംഭിച്ചിരിക്കുന്നുവെന്നാണ്. ഞാൻ കണക്കുകൾ വായിക്കാം. ഒക്ടോബർ അവസാനം വരെ കഴിഞ്ഞ ഏതാനും വർഷങ്ങളായി, പ്ലാനിന്റെ എത്ര ശതമാനം ചെലവാക്കിയിരുന്നുവെന്ന് പരിശോധിക്കാം. 2015-2016-ൽ 30.02 ശതമാനം, 2016-2017-ൽ 36.09 ശതമാനം, 2017-2018-ൽ 38.08 ശതമാനം, 2018-19-ൽ 33.09 ശതമാനം. കഴിഞ്ഞ വർഷം ഈ സമയത്ത് 33.09 ശതമാനമായിരുന്നു ചെലവ്. ഇത്രയും സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുമ്പോഴും ഈ വർഷം സംസ്ഥാനത്തിന്റെ മൊത്തം പദ്ധതിയുടെ 43.3 ശതമാനം ചെലവാക്കിയിട്ടുണ്ട്.

എവിടെ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന വികസന പ്രതിസന്ധി? ഇന്നലെ വരെയുള്ള പ്ലാൻ ചെലവ് 49 ശതമാനമാണ്. പ്ലാൻ എക്സ്പെൻഡിച്ചറിൽ ഇത് സർവ്വകാല റെക്കോർഡാണ്. മുൻകാലങ്ങളിൽ നടന്നത് ഞാൻ പറയാം. മുൻ കാലങ്ങളിൽ ഇങ്ങനെ ഉണ്ടാകുമ്പോൾ അവസാന മാസങ്ങളിൽ ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് ചെയ്തിട്ടാണ് പ്ലാൻ എക്സ്പെൻഡിച്ചർ ഒപ്പിക്കുന്നത്, അത് നിർത്തി. കഴിഞ്ഞ വർഷം ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് ഇല്ലായിരുന്നു. കഴിഞ്ഞ വർഷത്തേക്കാൾ, ഞാനിപ്പോൾ പറഞ്ഞതുപോലെ 33 ശതമാനം ചെലവായപ്പോൾ ഈ വർഷം 43 ശതമാനം, ഇന്നലെവരെയുള്ള കണക്ക് നോക്കിയാൽ 50 ശതമാനത്തോളം ചെലവാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ സാമ്പത്തിക ഞെരുക്കമൊന്നും ക്ഷേമ പ്രവർത്തനങ്ങളെയോ വികസന ചെലവുകളേയോ ബാധിക്കാതെ കൊണ്ടുപോകുന്ന ഒരു മാനേജ്മെന്റ് സംസ്ഥാനത്ത് സർക്കാർ നടപ്പാക്കുന്നുണ്ട്. അതിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. അതുകൊണ്ട് ഇത് ചർച്ച ചെയ്യേണ്ട കാര്യമില്ല. ഇനി ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ പറഞ്ഞതിനപ്പുറമെന്തെങ്കിലും ഉൾക്കാഴ്ചയുണ്ടെങ്കിൽ പറയട്ടെ, അതിനോട് പ്രതികരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, 1898-ൽ വിഖ്യാത എഴുത്തുകാരനായ എമിലി സോള അന്നത്തെ ഫ്രഞ്ച് പ്രസിഡന്റിന് ഒരു തുറന്ന കത്തയച്ചു. ആ കത്ത് 'J Accuse' എന്ന പേരിലാണ് പിന്നീട് പ്രസിദ്ധമായത്. അതിൽ ഫ്രഞ്ച് സർക്കാരിനെതിരായ കുറ്റാരോപണങ്ങളാണ്. 'J Accuse' എന്ന് പറഞ്ഞാൽ 'I Accuse' എന്നാണ്. സർ, ഞാൻ ആ വാക്ക് പറഞ്ഞുകൊണ്ടുതന്നെ ആരംഭിക്കുകയാണ്. I Accuse this finance minister for his fiscal mis-management which lead to the fiscal crisis. സർ, ധനകാര്യ മാനേജ്മെന്റിന്റെ അഭാവം, വിഭവ സമാഹരണത്തിലെ പിടിപ്പുകേട്, കൂടാതെ അനാവശ്യ ധൂർത്തും ചെലവും സംസ്ഥാനത്തെ ഗുരുതരമായ ധന പ്രതിസന്ധിയിലേയ്ക്കും വഷളായ

സാമ്പത്തികസ്ഥിതിയിലേയ്ക്കും എത്തിച്ചിരിക്കുകയാണ്. വളരെ ലാഘവത്തോടു കൂടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സ്ഥിതിയെപ്പറ്റി പറഞ്ഞത്. ഞങ്ങൾ ഇതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകിയപ്പോഴെല്ലാം അദ്ദേഹം ഇതേ വാചകങ്ങളാണ് ആവർത്തിച്ചത്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ട് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ട ദുഃസ്ഥിതിയിലേയ്ക്കാണ് ഈ സംസ്ഥാനം എത്തിനിൽക്കുന്നത്. Sir, I Accuse this government, for the stringent control over the Treasury. അദ്ദേഹം പറഞ്ഞതുപോലെ, സാധാരണ ശമ്പളം കൊടുത്തു കഴിഞ്ഞാൽ ട്രഷറിയിൽ നിയന്ത്രണങ്ങളുണ്ടാകാറില്ല. എന്നാൽ മാസത്തിന്റെ ആദ്യ പകുതിയിൽതന്നെ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തി. ഇതുമൂലം വികസന പ്രവർത്തനങ്ങൾ നടത്തേണ്ട കരാറുകാരുൾപ്പെടെയുള്ളവരുടെ ബില്ലുകൾ പാസ്സാകുന്നില്ല. സംസ്ഥാനത്തെ ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. 1-4-2019 മുതൽ 30-9-2019 വരെയുള്ള ആറ് മാസത്തിനുള്ളിൽ ways and means clearance അനുവദിക്കാത്ത ബില്ലുകളുടെ എണ്ണം 1050-ഉം തടഞ്ഞുവച്ചിരിക്കുന്ന തുക 1133 കോടി രൂപയുമാണ് ways and means-ലെ ബില്ലുകളുടെയും തുകയുടെയും കടം. ഇത് നിയമസഭയിൽ നിന്നും നൽകിയ മറുപടിയാണ്. ഇവിടെ പ്രാദേശിക സർക്കാരുകൾക്ക് ഇത് ബാധകമാണ്. സംസ്ഥാനത്തെ പ്ലാനിന്റെ മൂന്നിലൊന്ന് ചെലവഴിക്കുന്ന പ്രാദേശിക സർക്കാരിനുമേൽകൂടി ട്രഷറി നിയന്ത്രണം ബാധകമാക്കിക്കൊണ്ടുള്ള ട്രഷറി സ്റ്റേറ്റ്മെന്റാണ് ഇവിടെ വന്നിരിക്കുന്നത്. ഇവിടത്തെ പ്ലാൻ എക്സ്പെൻഡിച്ചർ സർവ്വകാല റെക്കോർഡാണെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ വർഷം ഇവിടെ ക്യൂ ബിൽ ഉണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ ഈ വർഷത്തേയ്ക്ക് മാറ്റിയിരുന്നു. അതിന് സാധാരണ കൊടുക്കാറുള്ള അഡീഷണൽ തുക, ഇപ്രാവശ്യത്തെ പ്ലാനിൽ നിന്നുതന്നെയാണ് ക്യൂ ബിൽ എടുത്തതും സ്പിൽ ഓവർ വർക്കിന്റെ പേമെന്റ് നടത്തിയതും. പ്ലാൻ എക്സ്പെൻഡിച്ചർ പെരുപ്പിച്ച് കാണിക്കുന്ന രീതിയെ കൗശലമെന്നല്ലാതെ എന്ത് പേരിട്ടാണ് വിളിക്കേണ്ടത്? കഴിഞ്ഞ വർഷത്തെ പണം, ഈ വർഷത്തെ പ്ലാനിൽനിന്നും ചെലവാക്കിയിട്ട് പ്ലാൻ എക്സ്പെൻഡിച്ചർ വർദ്ധിച്ചു എന്ന് അദ്ദേഹം പറയുകയാണ്. റോഡുകൾ, പാലങ്ങൾ തുടങ്ങിവയുടെ കരാറുകൾ ആരും എടുക്കുന്നില്ല. വർക്ക് ഏറ്റെടുക്കുന്ന കരാറുകാരോട് വലിയ റേറ്റ് പറയുകയാണ്. കാരണം അവരുടെ ബിൽ പെന്റിംഗിലാണ്. ഈ ബിൽ സമീപകാലത്തൊന്നും കിട്ടാൻ സാധ്യതയില്ലെന്നു വന്നതോടുകൂടി ടെണ്ടർ എക്സസ് സംസ്ഥാനത്ത് രൂക്ഷമായി വർദ്ധിക്കുകയാണ്. ഏറ്റെടുത്ത കരാറുകൾപോലും പ്രവർത്തനം തുടരാതെ നിർത്തിവച്ചിരിക്കുകയാണ്. ട്രഷറിയിൽനിന്നും ബില്ലുകൾ മാറികിട്ടുന്നില്ല. വികസന പ്രവർത്തനങ്ങളെ ഇത് ബാധിച്ചിട്ടില്ലെന്ന് അങ്ങ് എന്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്? ഇവിടെ ഇരിക്കുന്ന ഓരോ എം.എൽ.എ.-മാരോടും ചോദിക്കൂ. അവരുടെ നിയോജക മണ്ഡലങ്ങളിലുള്ള

വികസന പ്രവർത്തനങ്ങൾ തുടങ്ങാൻ കരാറുകാർ മടിച്ചിരിക്കുന്ന ഒരു സാഹചര്യമുണ്ടായി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് ഈ കാര്യങ്ങളെല്ലാം അറിയാം. നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് ലഭിച്ച മറുപടി ഇതാണ്; ബജറ്റിൽ പ്രഖ്യാപിക്കുകയും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികൾ ഏതെല്ലാം: 'വിവരം ശേഖരിച്ചുവരുന്നു'. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള വൻകിട വികസന പദ്ധതികൾ എത്ര: 'വിവരം ശേഖരിച്ചുവരുന്നു'. എത്ര വൻകിട വികസന പദ്ധതികൾ തുടങ്ങിയെന്നുപോലും മറുപടി പറയാൻ പറ്റാത്ത സർക്കാരാണിത്. വികസന പ്രവർത്തനങ്ങൾ അത്രമാത്രം തടസ്സപ്പെട്ടിരിക്കുന്നു. I accuse this government for the increasing public debt and increasing per capita income. ഇവിടെ എന്താണ് per capita debt? ഇവിടെ എന്താണ് ഉണ്ടായിരിക്കുന്നത്? കഴിഞ്ഞ സർക്കാരിനുശേഷം അധികാരത്തിൽ വന്നപ്പോൾ അങ്ങയുടെ ഒരു ഇടക്കാല ബജറ്റ് ഉണ്ടായിരുന്നു. ആ ബജറ്റിൽ പറയുന്നത്, പ്രതിസന്ധിക്ക് കാരണം സംസ്ഥാനത്തെ നികുതി വരുമാനത്തിലുണ്ടായ ഇടിവാണെന്നാണ്. മൊത്തം പ്രതീക്ഷിച്ചിരുന്നത് 1,30,00,130 രൂപയാണ്. എന്നാൽ പിരിക്കാൻ കഴിഞ്ഞത് 81.63 ശതമാനം മാത്രം. 23,900 കോടി രൂപ പിരിക്കാൻ കഴിയാതിരുന്നതാണ് പ്രതിസന്ധിയുടെ മൂലകാരണം. നികുതി വരുമാനത്തിന്റെ തകർച്ചയുടെ കാരണം മുഖ്യമായും നികുതി പിരിവിലെ കെടുകാര്യസ്ഥതയും അഴിമതിയുമാണ്. 23,000 കോടി രൂപ മൂന്ന് വർഷംകൊണ്ട് പിരിക്കാൻ കഴിയാത്തത് കഴിഞ്ഞ സർക്കാരിന്റെ അഴിമതിയും കെടുകാര്യസ്ഥതയുമാണെന്ന് ബജറ്റിൽ എഴുതിവച്ചു. ഇക്കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ സ്ഥിതി എന്താണ്; പിരിക്കാൻ കഴിയാത്ത തുക 23,000 കോടിയല്ല, 30,000 കോടി രൂപയാണ്. എത്രയാണ് വ്യത്യാസം; അപ്പോൾ, നികുതി പിരിക്കുന്ന കാര്യത്തിൽ അങ്ങ് പറഞ്ഞ അതേ കെടുകാര്യസ്ഥതയും അഴിമതിയും സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. 2016 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1.50 ലക്ഷം കോടി രൂപയായിരുന്നു. മൂന്ന് വർഷം കഴിഞ്ഞപ്പോൾ അത് 2.50 ലക്ഷം കോടി രൂപയായി. മൂന്ന് വർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപ പൊതുകടം വർദ്ധിപ്പിക്കാൻ കഴിഞ്ഞ ധനകാര്യ മന്ത്രിയാണ് അവിടെ ഇരിക്കുന്നത്. 2016-ൽ ഒരു മലയാളിയുടെ ആളോഹരി കടം 46,078 രൂപയായിരുന്നത് മൂന്ന് വർഷം കഴിഞ്ഞപ്പോൾ 75,430 രൂപയായി. അത്രയും വർദ്ധിപ്പിച്ചു. എന്നിട്ടാണ് സംസ്ഥാനത്ത് വലിയ സാമ്പത്തിക പുരോഗതിയുണ്ടായി എന്ന് പറയുന്നത്. കേരളത്തിൽ ഏറ്റവും മോശമായ ധനകാര്യ സ്ഥിതിയുണ്ടായിരുന്ന ഒരു കാലമുണ്ട്. മന്ത്രി ശ്രീ. ടി. ശിവദാസ മേനോൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലം. അന്ന് ജി.ഡി.പി.-യുടെ 5 ശതമാനമായിരുന്നു ധനകമ്മി. ഇപ്പോൾ ധനകമ്മി 3 ശതമാനമാണ്. കാരണം, എഫ്.ആർ.ബി.എം. ആക്ട് വഴി ബജറ്റിൽ അത്രയേ പറ്റുകയുള്ളൂ. കിഫ്ബിയുടെ പണം കൂടി കൂട്ടിയാൽ ശ്രീ. ടി. ശിവദാസ മേനോന്റെ കാലത്തേക്കാൾ ഗുരുതരമായ ധനകമ്മിയാണ് ഇവിടെയുള്ളത്.

പ്ലാൻ 50 ശതമാനത്തിലേറെ വെട്ടിക്കുറച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ 30 ശതമാനം പ്ലാൻ വെട്ടിക്കുറച്ചിരിക്കുന്നു എന്ന് അങ്ങ് പറയുമ്പോൾ in effect 50 ശതമാനത്തിലേറെ പ്ലാൻ വെട്ടിക്കുറച്ചിരിക്കുന്ന സാഹചര്യമാണ്. പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത രൂക്ഷമായ സാമ്പത്തിക പ്രശ്നം ഇവിടെ ഉണ്ടായിരിക്കുന്നു. പണ്ട് ചില കാരണവൻമാർ വീട്ടിൽ പട്ടിണിയും ദാരിദ്ര്യവും ബുദ്ധിമുട്ടുമുള്ളപ്പോൾ അത് പുറത്തറിയിക്കാതിരിക്കാൻവേണ്ടി പൂരപ്പുറത്ത് പട്ടുകോണകം ഉണക്കാനിടും. അതുപോലെ ഈ സർക്കാരിന്റെ പൂരപ്പുറത്ത് ഉണക്കാനിട്ടിരിക്കുന്ന പട്ടുകോണകമാണ് കിഫ്ബി. എന്തുപറഞ്ഞാലും കിഫ്ബി. കിഫ്ബിയിൽ പണം വകയിരുത്തുന്നു. ബജറ്റ് ജലരേഖയാണ്. ബജറ്റിന് യാതൊരു പവിത്രതയുമില്ല. ബജറ്റിലുള്ള ഒരു കാര്യവും നടക്കുന്നില്ല. അത് ചോദിച്ചാൽ കിഫ്ബിയുടെ കാര്യം മറുപടി പറയും.

നികുതി വകുപ്പിൽ അരാജകത്വമാണ് നടക്കുന്നത്. വിഭവ സമാഹരണത്തിന്റെ കാര്യത്തിൽ ഈ സർക്കാർ ദയനീയമായി പരാജയപ്പെട്ടുവെന്ന് ഞാൻ കുറ്റപ്പെടുത്തുന്നു. കാര്യങ്ങൾ അറിയുന്നവരെ മാറ്റിനിർത്തി ഒരു കോക്കസിന്റെ നിയന്ത്രണത്തിലാണ് നികുതി വകുപ്പ്. പർച്ചേസും സെയ്ല്ലും രേഖപ്പെടുത്തി പത്ത് മിനിട്ടുകൊണ്ട് ഒരു സിസ്റ്റത്തിൽ നിന്നും അയയ്ക്കാവുന്ന ഒരു നോട്ടീസാണ് 52,000 പേർക്ക് അയച്ച് വഷളാക്കിക്കൊടുത്തത്. ആംനെസ്റ്റി നടപ്പാക്കി. ആംനെസ്റ്റി നടപ്പാക്കുമ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്. കളക്ട് ചെയ്ത ടാക്സിന് ആംനെസ്റ്റി കൊടുക്കുമോ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്വേഷിച്ചു നോക്കു. വലിയ സ്റ്റേറ്റ്സുള്ള മാറ്ററിന് നികുതി വകുപ്പ് കളക്ട് ചെയ്ത ടാക്സിന് മീതെ ആംനെസ്റ്റി കൊടുത്തു. GSTR 3B റിട്ടേൺ ഫയൽ ചെയ്യാതെ GSTR-1 മാത്രം ഫയൽ ചെയ്യുന്ന വ്യാപാരികൾക്ക് കൃത്യമായി നോട്ടീസ് അയച്ചാൽ 800 കോടി രൂപ അപ്പോൾ കിട്ടും. ആ നോട്ടീസ് കൃത്യമായി അയയ്ക്കുന്നുണ്ടോ; GSTR 2A റിട്ടേണിൽ പ്രതിഫലിച്ചിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് GSTR 3B-യുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടയുന്നില്ല. ഇതെല്ലാം ഈ സർക്കാരിന്റെ പാളിച്ചകളാണ്. ഇപ്പോൾ എന്താണ് നികുതി വകുപ്പിൽ ചെയ്യുന്നത്; വലിയ കേസുകൾ വരുമ്പോൾ നിങ്ങൾ ഒരു അപ്പീൽ ഫയൽ ചെയ്തേക്കും. അപ്പീൽ ഫയൽ ചെയ്താൽ, 20 ശതമാനം അടച്ചാൽ automatic stay ആണ്. കോടിക്കണക്കിന് രൂപയുടെ ഈ അപ്പീലുകൾ ഡിസ്പോസ് ചെയ്യേണ്ടതല്ലേ; പ്രസ്തുത അപ്പീലുകൾ ഡിസ്പോസ് ചെയ്യുന്ന കാര്യത്തിൽ നികുതി വകുപ്പ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. അപ്പീലുകൾ ഡിസ്പോസ് ചെയ്യാതെ പെന്റിംഗിൽ ഇരിക്കുകയാണ്. ജി.എസ്.ടി.-യിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടു. Irregular ആയ

നോട്ടീസ് അയച്ചാലുള്ള ഗുണമെന്താണ്; പ്രസ്തുത നോട്ടീസുമായി നികുതിദായകൻ നേരെ കോടതിയിൽ പോകും. കോടതിയിൽ പോയാൽ സ്റ്റേ കിട്ടും. അവിടെ കിടക്കുകയാണ്. വാറ്റിന്റെ ടൈം ബാർ ആയിത്തുടങ്ങി. 2011-12-ൽ കൃത്യമായി അയയ്ക്കാൻ പറ്റാത്തതുകൊണ്ട് ടൈം ബാർ കഴിഞ്ഞാണ് നോട്ടീസ് അയച്ചത്. ഇപ്രാവശ്യം അയച്ച നോട്ടീസ് വഴിയിൽ കിടക്കുകയാണ്. കൃത്യമായി നികുതി പിരിച്ചാൽ ഗവൺമെന്റിന് ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്ന തരത്തിൽ 2,500 കോടി രൂപ ലഭിക്കുന്നതാണ്. ഞാൻ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നു. അനാവശ്യമായ ചെലവും ധൂർത്തുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. പേപ്പർ വെയ്റ്റ് വയ്ക്കാതെ, മേശപ്പുറത്ത് നിറയെ പേപ്പർ വച്ച് ഫാൻ ഓൺ ചെയ്താൽ പേപ്പർ അങ്ങോട്ടുമിങ്ങോട്ടും പറന്നുപോകും. അതുപോലെയാണ് ഈ സർക്കാരിന്റെ ചെലവ്. യാതൊരു നിയന്ത്രണവുമില്ല. ആവശ്യമില്ലാത്ത കാര്യങ്ങൾ വന്നാൽ വെട്ടിമാറ്റാൻ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിൽ ചുവപ്പ് മഷിയുള്ള പേനയുണ്ടാകണം. ദൗർഭാഗ്യകരമെന്ന് പറയട്ടെ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയുടെ പേനയിലെ ചുവപ്പ് മഷി വറ്റിപോയിരിക്കുന്നു. ഒന്നും നിയന്ത്രിക്കുവാൻ അദ്ദേഹത്തിന് പറ്റുന്നില്ല. ഈ ഗവൺമെന്റിന്റെ ധൂർത്തിനെക്കുറിച്ചും ചെലവിനെക്കുറിച്ചും കഴിഞ്ഞ ദിവസം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. ക്യാബിനറ്റ് റാങ്കുകൾ വാരിവാരി കൊടുക്കുന്നു, ഉപദേശികൾ ഓരോ ദിവസവും വർദ്ധിക്കുന്നു. ഈ നിയമസഭയിൽ ചോദിച്ചപ്പോൾ കിട്ടിയ കാര്യങ്ങളുൾപ്പെടെ ഒരുപാട് രേഖകൾ എന്റെ കയ്യിലുണ്ട്. ലൈഫ് മിഷന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ വയ്ക്കുന്നു, എന്തുമാത്രം ധൂർത്താണ്. 2019 തുടങ്ങിയപ്പോൾ മുതൽ കോടിക്കണക്കിന് രൂപയുടെ ധൂർത്താണ് നടക്കുന്നത്. മുണ്ടുമുറുക്കി ഉടുക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, സംസ്ഥാനം പ്രതിസന്ധിയിലാകുമ്പോൾ അനാവശ്യ ചെലവ് നിയന്ത്രിക്കുവാൻ അങ്ങേയ്ക്ക് കഴിയുന്നുണ്ടോ? നൂറുകണക്കിന് കോടി രൂപ. കിഫ്ബിയിലെ നിയമനങ്ങളെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും അവരുടെ അപ്രൈസലിനെക്കുറിച്ചുമെല്ലാം ഇവിടെ സൂചിപ്പിച്ചു. സെക്രട്ടേറിയറ്റിലെ അനക്സിൽ സുരക്ഷ വർദ്ധിപ്പിക്കുവാൻ രണ്ടര കോടി രൂപ കൊടുത്തു. ശ്രീ. വി. എസ്. സുനിൽ കുമാറും ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഇരിക്കുന്ന സ്ഥലത്ത് എന്ത് സുരക്ഷാ പ്രശ്നമാണുള്ളത്? അവരുടെ അടുത്തേയ്ക്ക് ആരെങ്കിലും പോകുമോ? അവിടെയും കൊടുത്തു രണ്ടരക്കോടി രൂപ. ബുദ്ധിമുട്ടുള്ളപ്പോൾ അങ്ങനെ വരുന്ന ചെലവുകൾ മാറ്റി വയ്ക്കുന്നതല്ലേ ധനകാര്യമാനേജ്മെന്റ്. എല്ലാത്തിന്റെയും അടിയിൽ ഒപ്പുവച്ചു കൊടുക്കുന്നതാണോ? വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഉപദേശകന് ഒരു പ്രാവശ്യം അയർലണ്ടിൽ നിന്നും വന്നാൽ പത്തര ലക്ഷം രൂപ കൊടുക്കുന്നു. ഈ ബുദ്ധിമുട്ടുള്ള

കാലത്ത്, കഷ്ടപ്പാടുള്ള കാലത്താണ് ഇങ്ങനെ വരുന്നത്. നികുതി പിരിവിന്റെ കാര്യത്തിൽ പരാജയപ്പെട്ടതുപോലെ തന്നെ ചെലവും ധൂർത്തും നിയന്ത്രിക്കുന്ന കാര്യത്തിലും സർക്കാർ ദയനീയമായി പരാജയപ്പെട്ടു. സമയക്കുറവുമൂലം ഞാൻ സി.&എ.ജി.യുടെ റിപ്പോർട്ട് ഉദ്ധരിക്കുന്നില്ല. ഈ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ചുള്ള കാര്യം അല്ലാതെ തന്നെ അങ്ങാടിപ്പാട്ടാണ്. അതൊന്നും ഞാൻ പറയുന്നില്ല.

എനിക്ക് അങ്ങയോട് പറയുവാനുള്ളത്, അങ്ങ് രാജി വയ്ക്കുന്നതാണ് നല്ലത്. കാരണം, ഇല്ലെങ്കിൽ അവസാനമാകുമ്പോൾ ഈ സർക്കാരിന്റെ മീതെയുള്ള പഴി മുഴുവൻ അങ്ങയുടെ തലയിൽ ഇരിക്കും. പോലീസ് സ്റ്റേഷനിൽ പ്രതികളെ കിട്ടുമ്പോൾ ചില പോലീസ് ഉദ്യോഗസ്ഥന്മാർ അതുവരെ തെളിയാത്ത കേസ്സുകൾ മുഴുവനും ആ പ്രതിയുടെ തലയിൽ കെട്ടിവയ്ക്കും. അതുകൊണ്ട് ഞാൻ അങ്ങയോട് സ്നേഹബുദ്ധ്യാ, ബഹുമാനപൂർവ്വം പറയുന്നു, അങ്ങ് രാജിവച്ചില്ലെങ്കിൽ ഈ ഗവൺമെന്റിന്റെ അവസാന കാലത്തെ എല്ലാ കെടുതികളും അങ്ങയുടെ തലയിലിരിക്കും. ഡോ. കെ. ടി. ജലീൽ വിചാരിച്ചാൽപ്പോലും പാസ് മാർക്ക് കിട്ടാത്ത വകുപ്പായി ധനവകുപ്പിനെ അങ്ങ് മാറ്റിയിരിക്കുന്നു. ജലീൽ പാസ് കൊണ്ടുപോലും അങ്ങ് പാസ്സാകില്ല. അതുകൊണ്ട് ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ സ്നേഹബുദ്ധ്യാ നൽകിയ ഉപദേശങ്ങൾക്ക് വളരെ നന്ദി. വികസന പ്രവർത്തനങ്ങളാകെ സ്തംഭിച്ചിരിക്കുന്നുവെന്നുള്ള അങ്ങയുടെ വാദം തന്നെ ആദ്യമെടുക്കാം. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നടത്തുന്ന ചെലവുകളൊക്കെ ധൂർത്താണെന്നാണല്ലോ പറയുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തെ ചെലവെടുത്ത് പരിശോധിച്ചുനോക്കിയാൽ, ഓരോ വർഷവും ചെലവിലുണ്ടായിട്ടുള്ള വർദ്ധനവ് ഏതാണ്ട് 16 ശതമാനത്തിനടുത്താണെന്നു കാണാനാ കഴിയും. ഏത് കാലത്താണ് സർക്കാർ ചെലവ് ഇത്രയും വർദ്ധിച്ചിട്ടുള്ളത്. ഈ വർദ്ധനയൊക്കെ ധൂർത്താണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. നിങ്ങളുടെ ഭരണം അവസാനിച്ചപ്പോൾ 806 കോടി രൂപ ക്ഷേമപെൻഷൻ, മറ്റു പെൻഷനുകൾ 268 കോടി രൂപ, കർഷക പെൻഷനടക്കം 1000 കോടി രൂപ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നു. ആ കുടിശ്ശിക മുഴുവനും തീർത്ത് 1200 രൂപവച്ച് 10 ലക്ഷം പേർക്ക് പെൻഷൻ നൽകുകയും ചെയ്തു. ഇതാണോ ധൂർത്ത്?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ നിന്നും ഇറങ്ങുമ്പോൾ, 1550 കോടി രൂപ വിവിധ കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക വച്ചിട്ടാണ് പോയത്.

ഡിസ്കൗണ്ടിൽ ബാങ്കിൽ കിടന്ന തുക എടുത്താൽ വേറൊരു 417 കോടി രൂപയുടെ കുടിശ്ശിക കൂടി വരും. എത്ര രൂപയാണ് കുടിശ്ശികയുണ്ടെന്നുള്ളത് കേൾക്കൂ, ..... (ബഹളം).... പി.ഡബ്ല്യൂ.ഡി.യുടെ വർക്കുകൾ, ഇറിഗേഷൻ വർക്ക്, ഇതെല്ലാം എൽ.സി. അടിസ്ഥാനത്തിലല്ലേ? പ്രസന്റ് ചെയ്തുകഴിഞ്ഞാൽ, കോൺട്രാക്ടർക്ക് നേരെ ബാങ്കിൽ പോയി ഡിസ്കൗണ്ട് ചെയ്തെടുക്കാം. അപ്പോൾ 70 ശതമാനം കോൺട്രാക്ടർമാരുടെ പണികൾക്കും തടസ്സമില്ല. കാര്യങ്ങളെല്ലാം നടക്കുന്നു. കുടിശ്ശികയില്ല, ഡിസ്കൗണ്ട് ചെയ്ത് വാങ്ങുന്നു. ഇത് കഴിഞ്ഞവർഷം അവസാനമാണ് തുടങ്ങിയത്. എവിടെയാണ് ഈ കുടിശ്ശിക വരുന്നത്? എൽ.എസ്.ജി.ഡി. കോൺട്രാക്ടർമാർക്ക് ബിൽ സമർപ്പിക്കുന്നതിന് നിയന്ത്രണമില്ല. വേയ്സ് ആന്റ് മീൻസ് നിയന്ത്രണം വരും. ഇത്തരത്തിൽ സമർപ്പിച്ച എല്ലാംകൂടി ബാക്കി വരുന്ന തുക, എൽ.എസ്.ജി.ഡി.ക്ക് 329 കോടി രൂപ. വേറെ തടസ്സമെന്താണെന്നുവച്ചാൽ, ഇപ്പോഴുള്ളത് എങ്ങനെ പരിഹരിക്കാം; ഇതുതന്നെ എൽ.എസ്.ജി.ഡി.യുടേത്, ഡിസ്കൗണ്ട് സമ്പ്രദായത്തിലേയ്ക്ക് മാറിക്കഴിഞ്ഞാൽ അവിടെയുള്ള വർക്കുകളുടേയും തടസ്സങ്ങൾ നീങ്ങിക്കിട്ടും. പിന്നെ തടസ്സമുള്ളത് ഇതു രണ്ടുമല്ലാതുള്ള വർക്കുകളാണ്. അത് നമ്മുടെ ആസ്തിവികസന ഫണ്ടുവരും, അതല്ലെങ്കിൽ ഡെപ്പോസിറ്റ് വർക്കുകൾ വരും, അങ്ങനെയുള്ള വർക്കുകൾക്ക് വേയ്സ് ആന്റ് മീൻസ് നിയന്ത്രണമൊക്കെ വരുന്നുണ്ട്, അതെങ്ങനെ പരിഹരിക്കാം. മൊത്തം കോൺട്രാക്ട് ബില്ലിന്റെ പത്തു ശതമാനം വരുന്ന തുകയെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്. എവിടെയാണ് തടസ്സം? അപ്പോൾ ഈ കൊടുത്തിരിക്കുന്ന ചെലവൊക്കെ ധൂർത്താണോ? കൊടുക്കേണ്ടതല്ലേ, കൊടുത്തത് പോരെന്നല്ലേ ഞങ്ങൾ പറഞ്ഞിട്ടുള്ളൂ. നിങ്ങൾ ഓരോ ചെലവും പരിശോധിക്കണം. നിങ്ങളുടെ ഭരണകാലത്ത്, മൂന്ന് വർഷം നിങ്ങൾ ഇരുന്നൂറ്റി ചില്വാനം കോടി രൂപയല്ലേ ശരാശരി റബ്ബറിന് കൊടുത്തത്, ഇപ്പോൾ നാന്നൂറ്റി ചില്വാനം കോടി രൂപ കൊടുക്കുന്നു, ഇത് ധൂർത്താണോ? അതുപോലെ നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്കും ആരോഗ്യമേഖലയ്ക്കും കൂടി ഏതാണ്ട് 8000-ത്തോളം ഡോക്ടർമാരേയും നഴ്സുമാരേയും അദ്ധ്യാപകരേയുമാണ് നിയമിക്കുന്നത്. ശ്രീ. വി. ഡി. സതീശൻ, ഇത് ധൂർത്താണോ, ഇതൊക്കെ വേണ്ടതല്ലേ? കോഴ്സ് ഒന്നും നോക്കാതെ എവിടെയൊക്കെ ആരൊക്കെ ചോദിച്ചോ അവിടെയൊക്കെ പ്ലസ്ടു കോഴ്സും അനുവദിച്ചു. എല്ലാ ആശുപത്രികളും സി.എച്ച്.സി. ആക്കി, താലൂക്ക് ആശുപത്രികൾ ഡിസ്ട്രിക്ട് ആശുപത്രികളുമാക്കി; ചെയ്യേണ്ടതല്ലേ ഇത്? ഇതൊന്നും ധൂർത്തല്ല. ഇതൊക്കെ ജനം ധൂർത്തായി കാണുന്നില്ല.

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 5 ലക്ഷം കുട്ടികൾ ടി.സി. വാങ്ങി സർക്കാർ സ്കൂളുകളിൽ ചേർന്നു. ജനങ്ങൾ നിങ്ങൾ പറയുന്നിടത്തല്ല നിൽക്കുന്നത്;

ജനത്തിന് സ്വന്തം മക്കളുടെ ഭാവിയിൽ ഉത്കണ്ഠയുണ്ട്. സർക്കാർ പള്ളിക്കൂടങ്ങളിൽ വിശ്വസിച്ച് ഏൽപ്പിക്കാമെന്നുള്ള ചിന്തയില്ലെങ്കിൽ അവർ കുട്ടികളെ കൊണ്ടുവരാൻ തയ്യാറാകുമോ? ഞങ്ങൾക്ക് ആ വിശ്വാസം മതി. ആരോഗ്യ മേഖലയിലെ പ്രശ്നം എന്താണെന്നറിയാമോ? സ്കൂളിൽ വരുന്നതുപോലെ ആളുകളെല്ലാം സർക്കാർ ആശുപത്രികളിലേയ്ക്ക് വരികയാണ്. നിങ്ങളിൽ എത്രപേർ മെഡിക്കൽ കോളേജിൽ പോകുന്നുണ്ട്? ഞാൻ ചികിത്സയ്ക്ക് അവിടെയാണ് പോകുക. മെഡിക്കൽ കോളേജിലെ സ്ഥിതി എന്താണ്? എന്റെ ഓപ്പറേഷൻ നടത്തിയ ദിവസംതന്നെ 18 ഓപ്പറേഷനുകൾ നെഫ്രോളജി വിഭാഗത്തിൽ നടന്നിരുന്നു. ഒരു ദിവസം 18 ഓപ്പറേഷനുകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ അവിടെ ഉണ്ടാക്കിയിട്ടുണ്ട്. ഇതൊന്നും ധൂർത്തല്ല, അതുകൊണ്ടാണ് 16 ശതമാനത്തിലും 17 ശതമാനത്തിലും ചെലവ് വർദ്ധിച്ചിട്ടുള്ളത്. എന്റെ ആദ്യ ബജറ്റിൽ പറഞ്ഞതുപോലെ വരുമാനം ഈ തോതിൽ ഉയരില്ല. പക്ഷെ വരുമാനം ഉയർന്നിട്ടുമതി ചെലവെന്നു പറഞ്ഞ് മാറി നിൽക്കാനാകില്ല. ചെലവാക്കേണ്ടത് ചെലവാക്കി പോകാമെന്നൊരു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. അത് ശരിയായ സമീപനമാണ്. രണ്ടു വർഷത്തിനകം നികുതി വരുമാനം 20 ശതമാനത്തിലേക്ക് ഉയർത്താൻ പറ്റുമെന്ന് പറഞ്ഞത് ഉയർത്താൻ പറ്റിയിട്ടില്ല. എന്തുകൊണ്ടാണ് കേന്ദ്ര സർക്കാർ 1600 കോടി രൂപ തരാത്തത്? കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പിരിക്കുന്നുണ്ട്. ജി.എസ്.ടി. വരുമാനം ഇടിഞ്ഞതിന്റെ ഫലമായി ആ കോമ്പൻസേഷൻ തരാൻ തികയുകയില്ലെന്നാണ് പറയുന്നത്; അതാണ് കേന്ദ്ര സർക്കാരിന്റെ സ്ഥിതി. നിയമപ്രകാരം തരാമെന്നു പറഞ്ഞത് തരാത്തതിനെക്കുറിച്ച് ശ്രീ. വി. ഡി. സതീശന് ഒരു പ്രശ്നവുമില്ല. ഒന്നുകൂടി വേണമെങ്കിൽ കുറച്ചോട്ടെ, കുറച്ചും കൂടി പ്രശ്നമുണ്ടാകട്ടെ എന്നതാണ് ചിന്ത. നിങ്ങളറിയണം; ഈ സഭ അറിയണം; കഴിഞ്ഞ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഫിനാൻസ് കമ്മീഷൻ ചെയർമാൻ നടത്തിയ ഒരു മണിക്കൂർ പ്രഭാഷണത്തിൽ കേന്ദ്ര സർക്കാരിന്റെ വരുമാനം കുറഞ്ഞതിന്റെ പശ്ചാത്തലത്തിൽ കോമ്പൻസേഷൻ നിയമം തിരുത്താൻ സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. കേരളമാണ് ആദ്യം അത് എതിർത്തത്. പിന്നീട് ബാക്കിയുള്ള സംസ്ഥാനങ്ങൾ പറ്റുകയില്ലെന്നു പറഞ്ഞു. കേന്ദ്ര സർക്കാരിന് പ്രശ്നമുള്ള കാര്യമാണ്. 1600 കോടി രൂപ തരാൻ ഇല്ലെങ്കിൽ റിസർവ് ബാങ്കിൽ നിന്നു വാങ്ങിയാൽ പോരെ, എന്തെല്ലാം വാങ്ങുന്നു. കോമ്പൻസേഷൻ സെസ്സ് 2 വർഷം കൂടി നീട്ടിയിട്ടുണ്ടെങ്കിൽ സെസ്സിൽ നിന്ന് ഇപ്പോൾ എടുക്കുന്ന വായ്പ തിരികെ അടയ്ക്കാമല്ലോ. അത് ചെയ്യുന്നില്ല, ചെയ്യാത്തതെന്തുകൊണ്ട്? സംസ്ഥാനങ്ങളെ സമ്മർദ്ദത്തിലാക്കുന്നതിന് വേണ്ടിയുള്ള നിലപാടാണ് സ്വീകരിക്കുന്നത്.

നിങ്ങൾ ഭരിച്ചിരുന്നപ്പോൾ, ട്രഷറി വഴി എടുത്തിരുന്ന വായ്പ, ട്രഷറി ഡെപ്പോസിറ്റ് വരുന്നു, ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ട് വരുന്നു, അങ്ങനെ ട്രഷറിയിൽ

വരുന്ന ഡെപ്പോസിറ്റ് മുഴുവൻ സർക്കാരിനുള്ള വായ്പയായി കണക്കാക്കി, 6500 കോടി രൂപ വെട്ടിച്ചുരുക്കിയത് ചരിത്രത്തിലാദ്യമായിട്ടല്ലേ? എന്തെങ്കിലും ഒരു പരാതി അതിനെക്കുറിച്ച് പരാമർശിച്ചോ? ഞാൻ വിചാരിച്ചത് അങ്ങ് കേന്ദ്രത്തിനെതിരെ രണ്ടു വാചകം പറയുമെന്നാണ്. അതുണ്ടായില്ല. മോശമായിപ്പോയി; ദേശീയ രാഷ്ട്രീയം നിങ്ങൾ മറക്കരുത്. നമ്മുടെ സംസ്ഥാനം വേറിട്ട നിൽക്കുന്നത്, സി.പി.എം. ഭരിക്കുന്നതുകൊണ്ടല്ല, കേരളം പോലുള്ള സംസ്ഥാനങ്ങൾ ഫാസിസത്തിന്റെ മുഖ്യധാരയിൽ നിന്ന് വേറിട്ട് നിൽക്കുകയാണ്. അതിനെതിരായി കരുതിക്കൂട്ടി ഒരു നീക്കം ഉണ്ടാകുമ്പോൾ, ഉത്തരവാദിത്വം മുഴുവൻ ഞങ്ങളുടെ ദേഹത്ത് ചാരി കയ്യടി നേടാൻ ശ്രമിക്കുന്നത് വളരെ മോശമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇപ്പോൾ കേന്ദ്രത്തിനെ കുറ്റപ്പെടുത്തി സംസാരിച്ചു. ഞാൻ അത് ഡിസ്പ്യൂട്ട് ചെയ്തില്ലല്ലോ; പക്ഷെ അങ്ങ് ഇപ്പോൾ പറയുന്നത് കേന്ദ്രം പൈസ തരാത്തതുകൊണ്ടും ജി.എസ്.ടി.യിലെ ക്രമക്കേടു കൊണ്ടാണെന്നുമാണ്. ഞങ്ങൾ ഇതിനെ എതിർത്ത കാലത്ത് ധനകാര്യ മന്ത്രിയായിരുന്ന അരുൺ ജെയ്റ്റിലിക്ക് കുട പിടിച്ചുകൊടുക്കുകയും എല്ലാത്തിനും പിൻതുണ കൊടുക്കുകയും ചെയ്തത് അങ്ങല്ലേ? അങ്ങയെ അങ്ങയുടെ പാർട്ടി നിയന്ത്രിച്ചിട്ടല്ലേ ആ ജി.എസ്.ടി.യിൽ ധനകാര്യമന്ത്രിയുടെ പുറകിൽ പോയിരുന്ന് നിയന്ത്രിച്ചത്, എന്നിട്ട് ഇപ്പോൾ ഞങ്ങളെ കുറ്റപ്പെടുത്തുന്നുവോ; ജി.എസ്.ടി.യുടെ എല്ലാ വൃത്തികേടുകൾക്കും അങ്ങാണ് കുടപിടിച്ചു കൊടുത്തത് .

ഡോ. ടി. എം. തോമസ് ഐസക്: ശ്രീ. സതീശൻ ചരിത്രം മറന്നുപോകുകയാണ്. നിങ്ങളുടെ ഭരണകാലത്ത് കേരളത്തിന്റെ ധനകാര്യമന്ത്രി ഇതിനുവേണ്ടിയുള്ള കമ്മിറ്റിയുടെ ചെയർമാനായിരുന്നു. അദ്ദേഹം ചെയർമാനായിരുന്നപ്പോഴാണ് ജി.എസ്.ടി.യുടെ ചട്ടക്കൂടിന് രൂപം നൽകിയത്. അതിന്റെ അടിസ്ഥാനത്തിലാണ് ബി.ജെ.പി. സർക്കാർ പാർലമെന്റിൽ അതിനുള്ള അടിസ്ഥാന നിയമം അവതരിപ്പിച്ചത്. രാജ്യസഭയിൽ പാസ്സാക്കാൻ പറ്റാത്തതുകൊണ്ട് വെയിറ്റ് ചെയ്തിരുന്നതാണ്. അല്ലാതെ ഞാൻ പോയി ഉണ്ടാക്കിയ കാര്യമൊന്നുമല്ല. നിങ്ങളുടെ ധനകാര്യമന്ത്രി അദ്ധ്യക്ഷനായിട്ടിരുന്ന് ഉണ്ടാക്കിയ ജി.എസ്.ടി.-യെക്കുറിച്ച് അങ്ങേയ്ക്ക് പറയാം, പക്ഷെ ഇവിടെയിരിക്കുന്ന ജോസഫ് സാറിനും ബാക്കിയുള്ളവർക്കും മറക്കാൻ പറ്റുകയില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, ബംഗാളിലെ ധനകാര്യമന്ത്രിയും കുറെക്കാലം അദ്ധ്യക്ഷനായിട്ടിരുന്നിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: വേറെ ധനമന്ത്രിയായിരുന്നുവെന്നു മാത്രം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങിവിടെ ശ്രീ. മാണി സാറിനെ കുറ്റപ്പെടുത്താനാണ് ശ്രമിച്ചത്. അന്തരിച്ചുപോയ മാണിസാറിനെ കുറ്റപ്പെടുത്തി കേസ് സ്ഥാപിക്കാനുള്ള പരിശ്രമമാണുണ്ടായത്. ആദ്യം ജി.എസ്.ടി. കൗൺസിലിന്റെ ചെയർമാൻ ബംഗാളിലെ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്നു. അദ്ദേഹം അവിടത്തെ ധനകാര്യവകുപ്പ് മന്ത്രിയായിരുന്ന ആളാണ്. അദ്ദേഹത്തിന്റെ സ്ഥാനമാണ് പിന്നീട് മാണിസാറിനു വന്നുപെട്ടത്. അവരെടുത്ത തീരുമാനം തെറ്റാണെങ്കിൽ അസീംദാസ് ഗുപ്തയാണ് ഒന്നാം പ്രതി, ആ കാര്യം അങ്ങേക്ക് അറിയാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് പറഞ്ഞത് ശരിയല്ല. ശ്രീ. അസീംദാസ് ഗുപ്ത ചെയർമാനായത് വാറ്റിന്റെ എംപവേർഡ് കമ്മിറ്റിയിലാണ്. അതേസമയം ജി.എസ്.ടി.യുടെ ചർച്ച മുഴുവൻ നടന്നത് അതിനുശേഷമാണ്. ഞാൻ കെ. എം. മാണിയെ കുറ്റപ്പെടുത്താൻ പറഞ്ഞതല്ല. പക്ഷേ, ഇതെല്ലാം ഇപ്പോൾ മാത്രം ഉണ്ടാക്കിയതാണെന്നും ചരിത്രമൊന്നുമില്ലെന്നും ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുകൊണ്ട് ഒന്ന് ഉറപ്പിച്ചുവെന്നേയുള്ളൂ. ഇങ്ങനെയൊക്കെയാണെങ്കിലും ക്ഷേമ പ്രവർത്തനങ്ങൾ മാത്രമല്ല, നമ്മുടെ നാടിനുവേണ്ട അടിസ്ഥാന സൗകര്യ വികസനങ്ങളും നടക്കുന്നുണ്ട്. 'ഗെയിൽ പൈപ്പ്ലൈൻ' പദ്ധതി ശ്രദ്ധിക്കൂ; പണച്ചെലവ് മാത്രമല്ല, നടത്തിപ്പിന്റെ കാര്യക്ഷമതകൂടി മനസ്സിലാക്കണം. നിങ്ങൾക്ക് അങ്ങനെ ചെയ്യാൻ കഴിഞ്ഞോ? ഇന്നലെ അട്ടൂരിൽ ഉദ്ഘാടനം ചെയ്ത പവർ ഗ്രിഡ് പദ്ധതി മറ്റൊന്നാണ്. നിങ്ങൾ ഭരിച്ചിരുന്നപ്പോൾ 14 കി.മീ മാത്രമാണ് ചെയ്യാൻ കഴിഞ്ഞത്. ബാക്കിമുഴുവൻ ചെയ്തത് ഈ സർക്കാരിന്റെ ഭരണകാലത്താണ്. നിങ്ങളാണോ വികസനത്തെക്കുറിച്ച് പറയുന്നത്; കഴിഞ്ഞ അഞ്ചുവർഷം നമ്മുടെ ദേശീയ പാതാ വികസനം നടന്നിരുന്നോ? ഇപ്പോൾ ആ പ്രവൃത്തിയും തുടങ്ങിക്കഴിഞ്ഞു. ക്ഷേമ പ്രവർത്തനങ്ങൾ മാത്രമല്ല, ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ലഭ്യമായ പണം ഏറ്റവും കാര്യക്ഷമമായി ചെലവഴിക്കുന്ന സർക്കരാണിത്. ആ കാര്യം എവിടെ നോക്കിയാലും കാണാം. ഉുക്കിയിടുന്ന എന്തോ പട്ടാണ് കിഫ്ബി എന്ന് നിങ്ങൾ പറഞ്ഞു. അതെ, മുന്തിരിങ്ങ അൽപ്പം പുളിക്കും. 2019-ൽ ഞങ്ങളുടെ സർക്കാർ കിഫ്ബിയെക്കുറിച്ച് പറഞ്ഞപ്പോൾ അതിനെ എങ്ങനെയൊക്കെ കളിയാക്കി എന്നത് സഭാരേഖകൾ വായിച്ചാൽ മനസ്സിലാകും. 2010-ൽ പറഞ്ഞ ആ കാര്യത്തിൽ പിന്നീട് 5 വർഷം നിങ്ങൾ അടയിരുന്നു. ശ്രീ. ഉമ്മൻചാണ്ടി കുറ്റം പറയില്ല, ഭരണത്തിന്റെ അവസാനത്തെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖാന്തിരം ഇതുപോലെയൊക്ക ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ കാര്യങ്ങൾ അതിനും അഞ്ച് വർഷം മുമ്പ് ഞങ്ങൾ പറഞ്ഞതാണ്. ഇന്ന് കാര്യങ്ങൾ എവിടെയെത്തി നിൽക്കുന്നു? ഈ

സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും ഇന്ത്യയിൽ കേരളത്തിലാണ് ഇത്രയെങ്കിലും കാര്യങ്ങൾ നടക്കുന്നത്. കോൺഗ്രസ് പാർട്ടിയും സ്റ്റിമുലസ് പാക്കേജിനെക്കുറിച്ച് പറയുന്നുണ്ട്. കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് അത് ചെയ്യുന്നുണ്ടോ? നിങ്ങൾ ഉത്തരം പറയണം. എന്നാൽ കേരളത്തിൽ ചെയ്യുന്നുണ്ട്. 10,000 കോടി രൂപയുടെ പദ്ധതികളുണ്ട്. സ്റ്റിമുലസ് പാക്കേജ് വേണം, ടാക്സിൽ ഇളവുകൊടുത്താൽപ്പോരാ എന്ന് കോൺഗ്രസ് പ്രസ്താവിച്ചിട്ടുണ്ട്. ഇന്ത്യയിലെ കോൺഗ്രസ് സർക്കാരുകളിൽ ഏതെങ്കിലുമൊന്ന് ഒരു സ്റ്റിമുലസ് പാക്കേജ് നടപ്പിലാക്കുന്നുണ്ടോ? ഈ സർക്കാരിന്റെ ആദ്യ ബജറ്റിന്റെ തലക്കെട്ടിൽ 'മാന്ദ്യവിരുദ്ധ പാക്കേജ്' എന്നുപറഞ്ഞുകൊണ്ടാണ് കിഫ്ബിയെക്കുറിച്ച് പറയുന്നത്. എത്ര ദീർഘദൃഷ്ടിയോടെയുള്ള കാഴ്ചപ്പാടായിരുന്നു? നമ്മുടെ സംസ്ഥാനം ഇങ്ങനെ വലിയൊരു വിപത്തിനെ നേരിടാൻ പോകുന്നു, ആ വിപത്തിനെ നേരിടുന്നതിനായി ഇത്തരത്തിലുള്ള വലിയ സംവിധാനമുണ്ടാക്കി. ഇതിൽ വരാൻ പോകുന്ന മാറ്റങ്ങൾ വളരെ വലുതാണ്. 2040 വരെയുള്ള കേരളത്തിന്റെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിച്ച് കഴിഞ്ഞിരിക്കുന്നു. ട്രാൻസ് ഗ്രിഡ് പദ്ധതി നടപ്പിലായാൽ, 2000 മെഗാവാട്ട് വൈദ്യുതി കൊണ്ടുവന്ന് കേരളത്തിലങ്ങോളമിങ്ങോളം 400 കെ.വി. ലൈൻ വലിക്കുന്ന പദ്ധതിയാണ്. മലയോര ഹൈവേയെക്കുറിച്ച് നമ്മൾ എത്രനാൾ പറഞ്ഞുകൊണ്ടിരുന്നു? ഇന്നിപ്പോൾ 7 റീച്ചുകളിലായി ഒരേ സമയം പണി നടന്നുകൊണ്ടിരിക്കുകയാണ്. സ്കൂളുകൾ, ആശുപത്രികൾ, പാലങ്ങൾ, റോഡുകൾ തുടങ്ങി എത്രയോ പ്രവൃത്തികൾ ഇവിടെ നടക്കുന്നുണ്ട്. ഇതെല്ലാം പുറത്തേയ്ക്ക് വന്നുകഴിഞ്ഞാൽ കേരളത്തിൽ വരാൻ പോകുന്ന മാറ്റം ഇവരെ ഭയപ്പെടുത്തുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, വിഷയം ചർച്ച ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് വളരെ ശുഭാപ്തിവിശ്വാസത്തോടെ ഇവിടെ സാമ്പത്തിക രംഗത്ത് ഒരു പ്രശ്നവുമില്ലെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. അങ്ങയുടെ വിശ്വാസം അങ്ങയെ രക്ഷിക്കട്ടെ! പക്ഷേ, കേരളത്തിന്റെ സാഹചര്യമെന്താണെന്നുള്ളത് നിയമസഭയ്ക്ക് പുറത്തിറങ്ങിയാൽ നമ്മുടെ ചുറ്റുപാടും കാണുന്ന കാര്യങ്ങളിലുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നകാലം മുതൽ അങ്ങ് പറഞ്ഞത് 2018 - 2019 കാലമാവുമ്പോഴേയ്ക്കും റവന്യൂ ഡെഫിസിറ്റ് കുറച്ച് പൂജ്യത്തിലേയ്ക്കെത്തിക്കുമെന്നാണ്. ഇപ്പോൾ അതു എത്രയാണെന്ന് അങ്ങേയ്ക്കറിയാം. ഫിസ്കൽ ഡെഫിസിറ്റിന്റെ കാര്യവും അങ്ങ് പ്രഖ്യാപിച്ചിരുന്നു. 2018-19 കാലയളവിൽ എവിടെ ചെന്നെത്തുമെന്ന് പറഞ്ഞുകൊണ്ട് കഴിഞ്ഞ മൂന്ന് കൊല്ലവും ഇതേ പ്രസംഗമാണ് നടത്തിയിരുന്നത്. ഇപ്പോഴത്തെ സ്ഥിതി നമുക്കെല്ലാമറിയാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലം തൊട്ട് അങ്ങ്

പറയുന്ന ഉത്തേജക പാക്കേജുമായി ബന്ധപ്പെട്ട് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ചെലവഴിച്ചുവെന്ന കാര്യത്തിൽ സി.എ.ജി. റിപ്പോർട്ടുണ്ട്. 2000 കോടിരൂപയാണ് സ്റ്റിമുലസ് പാക്കേജിൽ കേരളത്തിൽ ചെലവഴിച്ചത്. ...(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒന്നുകിൽ ചർച്ച ചെയ്യണമെന്ന നിലപാട് സ്വീകരിക്കുക, അല്ലെങ്കിൽ പ്രമേയം അനുവദിക്കാതിരിക്കാനുള്ള ന്യായീകരണങ്ങൾ പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. എ. പി. അനിൽ കുമാർ അങ്ങനെയൊക്കെ ചിന്തിച്ച് സമാധാനിച്ചിരുന്നോളൂ, ഞങ്ങൾ കാര്യങ്ങൾ ചെയ്ത് കാണിച്ചുതരാം. നാട്ടിലെ ജനങ്ങൾക്ക് നമ്മുടെ സ്കൂളിന്റെ കാര്യങ്ങൾ ബോധ്യപ്പെട്ടതുപോലെ ഈ കാര്യങ്ങളൊക്കെ ബോധ്യപ്പെട്ടോളും. ആ കാര്യത്തിൽ ഒരു സംശയവുമില്ല. ധൂർത്തിനെക്കുറിച്ച് അങ്ങ് പറഞ്ഞ കാര്യങ്ങളുണ്ട്; ഞാൻ ചികിത്സയ്ക്ക് പോയപ്പോൾ തോർത്ത് വാങ്ങിച്ചു, എം.എം. മണി ടയർ വാങ്ങി തുടങ്ങിയ കാര്യങ്ങളല്ലേ പറയാനുള്ളത്. എന്തൊക്കെയാണ് കഴിഞ്ഞ ഭരണകാലത്ത് നടന്നത് എന്നുള്ളത് എന്നെക്കൊണ്ട് പറയിപ്പിക്കരുത്. അന്ന് സംസ്ഥാനത്ത് നടന്നത് ധൂർത്തല്ല, കൊള്ളകളാണ്. ....(ബഹളം)...

പാലാരിവട്ടം പാലം പണിയിൽ നടന്നതുപോലെതന്നെയാണ് ഇറിഗേഷൻ വകുപ്പിലെ വർക്കുകളിലും നടന്നിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിലേയ്ക്ക് പോയി കൊള്ള നടത്തിയിട്ടുള്ള മുഴുവൻ വർക്കുകളും ഞങ്ങൾ പരിശോധിക്കാൻ പോകുകയാണ്. ...(ബഹളം)... ആരാണ് ഇവിടെ കൊള്ളയും ധൂർത്തും നടത്തിയിട്ടുള്ളതെന്ന് മനസ്സിലാക്കാം. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. .....(ബഹളം).....

മി. സ്പീക്കർ: അടിയന്തരപ്രമേയം ചർച്ച ചെയ്യാതിരിക്കാനുള്ള ന്യായീകരണങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. എന്താണ്? പോയിന്റ് ഓഫ് ഓർഡർ ഇത് ക്ലോസ് ചെയ്തശേഷം നൽകാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു. പോയിന്റ് ഓഫ് ഓർഡർ എന്താണ്?

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. വി.ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിനിടയിൽ കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ച് ആരോപണ

മുന്നയിക്കുകയാണ്. അദ്ദേഹത്തിന് അങ്ങനെ പറയാനും അന്വേഷിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിലൊന്നും ഞങ്ങൾ തടസ്സം നിൽക്കില്ല. പക്ഷേ, റൂൾ 50-ന്റെ അവതരണാനുമതിക്ക് നോട്ടീസ് കൊടുത്തുകൊണ്ട് സംസാരിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അഴിമതിയാരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോയെന്ന് അങ്ങ് പരിശോധിച്ച് പറയണം.

മി. സ്പീക്കർ: എല്ലാ വിഷയങ്ങളും പരിശോധിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ആരോപണമുന്നയിക്കുകയല്ല ചെയ്തത്. ...(ബഹളം).... ഇരിക്കു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ചില പ്രഖ്യാപനങ്ങളുണ്ടായിരുന്നു. 'യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തെടുത്ത എല്ലാ ക്യാബിനറ്റ് നടപടികളും പുനഃപരിശോധിക്കും;' അഴിമതിയും ധൂർത്തുമാണ്. ഇന്നത്തെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയായ ശ്രീ. എ. കെ. ബാലൻ ചെയർമാനായ സബ്കമ്മിറ്റി അതിന് രൂപീകരിച്ചു. ഞാൻ വെല്ലുവിളിക്കുന്നു, ഏതെങ്കിലും ഒരു നടപടി നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ; ഞങ്ങളുടെ ഭരണകാലത്തെ മുഴുവൻ ഫയലുകളും നിങ്ങൾ പരിശോധിച്ചില്ലേ? എന്നിട്ടും ഒരു ചെറുവിരൽ പോലും അനക്കാൻ കഴിയാത്ത ഡോ. ടി. എം. തോമസ് ഐസക്കും മുഖ്യമന്ത്രി പിണറായി വിജയനും ഞങ്ങളെ വെല്ലുവിളിക്കേണ്ട, പ്രകോപനങ്ങളിലൊന്നും ഞങ്ങൾ വീഴില്ല. നിങ്ങൾ കുറേ നോക്കിയതല്ലേ; എല്ലാം പരതിയല്ലോ, എന്നിട്ട് എന്തുണ്ടായി? നിങ്ങൾക്ക് എന്തുവേണമെങ്കിലും അന്വേഷിക്കാം, ഒരു ചുക്കുമുണ്ടാകില്ല. നിങ്ങളാണ് അഴിമതിയും ധൂർത്തും നടത്തുന്നത്. ശാസ്ത്രീയമായ രീതിയിൽ അഴിമതി നടത്തുന്ന ഒരു ഗവൺമെന്റായി എൽ.ഡി.എഫ്. ഗവൺമെന്റ് മാറിയിരിക്കുന്നു എന്നുള്ളതാണ് സത്യം. ഇവിടെ ധന പ്രതിസന്ധിയെപ്പറ്റി പറഞ്ഞപ്പോൾ അങ്ങ് അതിനെപ്പറ്റിയൊന്നും പറയാതെ ഇടമൺ ലൈനിനെപ്പറ്റിയാണ് പറഞ്ഞത്. അതിനെപ്പറ്റി ശ്രീ. എം. എം. മണി പറഞ്ഞോളും. അങ്ങയുടെ കെടുകാര്യസ്ഥത, ധൂർത്ത്, അഴിമതി എന്നിവയെ സംബന്ധിച്ചാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. അങ്ങ് ഒരു ധവളപത്രം ഇറക്കിയിരുന്നല്ലോ; ആ ധവളപത്രത്തിൽ കെ. എം. മാണിയുടെ ഭരണകാലത്തെപ്പറ്റി എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞത്. അങ്ങ് അന്ന് പറഞ്ഞത്, നികുതി വരുമാനം വർദ്ധിപ്പിക്കും, കൊമേഴ്സ്യൽ ടാക്സിന്റെ പിരിവ് വർദ്ധിപ്പിച്ച് 20% ആക്കുമെന്നൊക്കെയാണ്. ഇവിടെ നികുതി പിരിവ് നടക്കുന്നുണ്ടോ; കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തുകയാണ്. അങ്ങ് പറഞ്ഞു ഒന്നും നടക്കുന്നില്ലെന്ന്. 6-11-2019-ൽ പ്രിൻസിപ്പൽ സെക്രട്ടറി എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും അയച്ച കത്താണിത്. Additional Chief Secretary, Finance

proposed a sealing on Plan Funds and Non Plan Funds excepts salary and pension. ഗവൺമെന്റ് പ്ലാൻ ഫണ്ടിനും നോൺ പ്ലാൻ ഫണ്ടിനും പൂർണ്ണമായ ബാൻ ഏർപ്പെടുത്തിയിരിക്കുകയാണ്. എന്നിട്ടാണ് ഒന്നുമില്ലെന്ന് പറയുന്നത്. സെക്രട്ടറിയുടെ സർക്കുലറാണ്; ഞാൻ വെറുതെ പറയുന്നതല്ല. (സർക്കുലർ ഉയർത്തിക്കാട്ടി)2018-19-ലെ ട്രഷറി ബാലൻസ് വെറും 400.23 കോടി രൂപ മാത്രമാണ്.എന്നിട്ടാണ് കേരളത്തിലെ ധനകാര്യ സ്ഥിതി മെച്ചപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നത്. ട്രഷറിയിൽ കയ്യിട്ട് നോക്കിയാൽ ഒന്നും കിട്ടില്ലെന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു പറഞ്ഞത് കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന കാര്യമാണ്. ഇതുപോലെ കെടുകാര്യസ്ഥതയുള്ള ഒരു ഗവൺമെന്റുണ്ടായിട്ടുണ്ടോ; ധൂർത്തിന്റേയും അഴിമതിയുടേയും നികുതി പിരിവിന്റേയും കാര്യത്തിൽ ഇത്രയും ഉദാസീനത കാണിച്ച മറ്റൊരു ഗവൺമെന്റിനെ നമുക്ക് കാണാൻ സാധ്യമല്ല. ഇവിടെ വീമ്പ് പറയാൻ വളരെ എളുപ്പമാണ്. ഇന്ന് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ഒരു കാര്യത്തിനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞില്ല. കാര്യങ്ങൾ ഭംഗിയായി നടക്കുന്നത് അത്ര എളുപ്പമല്ല. അതിന് കാര്യപ്രാപ്തിയുണ്ടാകണം. ഡോ. ടി. എം. തോമസ് ഐസക് കാര്യപ്രാപ്തിയുള്ള ആളാണെന്നാണ് ഞങ്ങൾ ധരിച്ചിരുന്നത്. അങ്ങനെയായിരുന്നല്ലോ അന്ന് അദ്ദേഹത്തിന്റെ പ്രവർത്തനം. പക്ഷേ, വി. എസ്. ഗവൺമെന്റിന്റെ ഭരണകാലത്തെ ധനകാര്യ വകുപ്പുമന്ത്രിയെ അല്ല ഞങ്ങൾ ഇപ്പോൾ കാണുന്നത്. പിണറായി വിജയൻ ഗവൺമെന്റിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു പ്രേതത്തെ മാത്രമാണ് ഞങ്ങൾ കണ്ടു കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയുന്നില്ല. അത് എന്താണെന്നുള്ളത് വേറെ കാര്യം. യാഥാർത്ഥ്യം സ്വയം മനസ്സിലാക്കുകയും എന്നാൽ മറ്റൊരാളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നതിനെയാണ് cognizable dissonance എന്നുപറയുന്നത്. ഷേക്സ്പിയറുടെ പ്രശസ്ത നാടകമായ 'ഒഥല്ലോ' യിൽ, സ്വയം യാഥാർത്ഥ്യം മനസ്സിലാക്കുകയും എന്നാൽ ഒഥല്ലോയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന ഇയാഗോ എന്ന കഥാപാത്രത്തിന്റെ യഥാർത്ഥ പതിപ്പായിട്ടാണ് ഡോ. ടി. എം. തോമസ് ഐസക്കിനെ കാണാൻ കഴിയുന്നത്. ഒഥല്ലോയെ സർവ്വ നാശത്തിലേയ്ക്ക് വിട്ട ഇയാഗോവിന്റെ റോളിലാണ് ഡോ. ടി. എം. തോമസ് ഐസക് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചും സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചും ആഴത്തിൽ അറിയാവുന്ന ഒരാളാണല്ലോ അദ്ദേഹം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക പ്രതിസന്ധിയെപ്പറ്റി ശ്രീ. കെ. സി. ജോസഫ് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോഴും അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. ഇപ്പോഴും ആ പല്ലവി ആവർത്തിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് അർത്ഥസത്യങ്ങളും വസ്തുതാവിരുദ്ധമായ

കാര്യങ്ങളും പറഞ്ഞ് നമ്മെ തെറ്റിദ്ധരിപ്പിക്കുകയും കേരളത്തെ സർവ്വ നാശത്തിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നവെന്നുള്ളതാണ് സത്യം. അദ്ദേഹം ഇന്ന് ഞങ്ങൾ പറഞ്ഞ ഒരു കാര്യത്തിനും മറുപടി പറഞ്ഞില്ല.

അടുത്ത മാസത്തെ ശമ്പളം കൊടുക്കാൻ വേണ്ടി ട്രഷറിയിലുള്ള ചെലവുകളെല്ലാം ഇപ്പോഴേ നിർത്തിവച്ചിരിക്കുകയാണ്. വികസന പ്രവർത്തനങ്ങളെല്ലാം പാടെ സ്തംഭിച്ചിരിക്കുന്നു. ആയിരം രൂപയുടെ ടെലഫോൺ ബില്ലുപോലും ട്രഷറിയിൽ നിന്ന് മാറിക്കിട്ടാത്ത അവസ്ഥയാണ് ഇന്നുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ധനകാര്യ രംഗത്തെ കുളമാക്കി, കുട്ടിച്ചോറാക്കി എന്നാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയപ്പോൾ പുറപ്പെടുവിച്ച ധവളപത്രം. അതിൽനിന്ന് സംസ്ഥാനത്തെ കരകയറ്റി സാമ്പത്തികത്തകർച്ചയിൽ നിന്ന് മോചിപ്പിക്കുമെന്നാണ് പറഞ്ഞത്. എന്നിട്ട് മോചിപ്പിക്കുവാൻ കഴിഞ്ഞോ; അദ്ദേഹമിപ്പോൾ ജി.എസ്.ടി.-യുടെ കാര്യമാണ് പറഞ്ഞത്. ആരാണ് ജി.എസ്.ടി.-യുടെ വക്താവ്; ജി.എസ്.ടി.-യെ ഏറ്റവും കൂടുതൽ ന്യായീകരിച്ച വ്യക്തിയാണ് ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹത്തിന് എന്ത് ആവേശമായിരുന്നു. കേരളത്തിന് അയ്യായിരം കോടി രൂപ അധികമായി കിട്ടാൻ പോകുന്നു; നമ്മുടെ സാമ്പത്തിക മേഖലയൊക്കെ മെച്ചപ്പെടാൻ പോകുന്നു; ഇനി പേടിക്കണ്ട എന്നൊക്കെയാണ് അദ്ദേഹം സഭയിൽ പറഞ്ഞത്. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഇപ്പോൾ എല്ലാ മാസവും ട്രഷറി നിയന്ത്രണമാണ്. ശമ്പളം കൊടുക്കുന്നതിനുവേണ്ടി മാത്രമാണ് ട്രഷറികൾ തുറക്കുന്നത്. നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാത്ത അതീവ ഗുരുതരമായ സാമ്പത്തിക സ്ഥിതി നിലനിൽക്കുമ്പോഴും ധനകാര്യ വകുപ്പുമന്ത്രി, എല്ലാം ഭദ്രമാണ്; ഒരു കുഴപ്പവുമില്ല; താൽക്കാലിക പ്രതിഭാസമാണ് എന്നൊക്കെ പറഞ്ഞ് നമ്മളെ കബളിപ്പിക്കുകയാണ്. ലോക ബാങ്കിൽ നിന്നും നൽകിയ 1750 കോടി രൂപ ഈ ഗവൺമെന്റ് വകമാറ്റി ചെലവഴിച്ചു. കേരള പുനർനിർമ്മാണത്തിനുവേണ്ടി ലഭിച്ച പണംപോലും ways and means ചെലവിനുവേണ്ടി വിനിയോഗിച്ച് വകമാറ്റി ചെലവഴിച്ച ഗവൺമെന്റാണ്. ധനക്കമ്മി, റവന്യൂകമ്മി എന്നിവ ശക്തമായി നിയന്ത്രിക്കുമെന്ന് 2018-ലെ ധവളപത്രത്തിൽ പറഞ്ഞതാണ്. എന്താണ് ഇപ്പോഴത്തെ സ്ഥിതി? 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ റവന്യൂകമ്മി പൂജ്യത്തിലെത്തിക്കുകയും ധനക്കമ്മി ജി.ഡി.പി.-യുടെ 3% ആയി നിജപ്പെടുത്തുകയും ചെയ്യുമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ അതിന്റെ അടുത്തുപോലും എത്താൻ കഴിഞ്ഞോ; എന്നുമാത്രമല്ല ധനക്കമ്മിയും റവന്യൂകമ്മിയും കുതിച്ചുയരുമെന്നാണ് സി. & എ.ജി. റിപ്പോർട്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. റിപ്പോർട്ട് ഞങ്ങളുടെ കയ്യിലുണ്ട്. സി.&എ.ജി. സംസ്ഥാനത്തിന്റെ സാമ്പത്തിക

സ്ഥിതിയെപ്പറ്റി വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. 2017-18-ൽ സർക്കാർ വാങ്ങിയ കടത്തിൽ 26% മാത്രമാണ് വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിച്ചത്. കടം വാങ്ങുന്നത് വികസന പ്രവർത്തനങ്ങൾക്കല്ലേ; ഇവിടെ എന്താണ് ചെയ്തത്; കടം വീട്ടാനും മുൻകാല കടം തീർക്കാനും പലിശ അടയ്ക്കാനും റവന്യൂ വരുമാനത്തിന്റെ 18.21% ചെലവഴിച്ചു എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. നമ്മളത് കാണേണ്ട കാര്യമാണ്. മികച്ച സാമ്പത്തിക മാനേജ്മെന്റ് നടത്തുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റ് ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയുംകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ തകർത്തിരിക്കുന്നു എന്നുള്ളതാണ് സത്യം. കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരെ ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ഞങ്ങളത് പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിൽ ലോട്ടറിയുമായി ബന്ധപ്പെട്ട കാര്യം വന്നപ്പോൾ ധനകാര്യ വകുപ്പുമന്ത്രി ഞങ്ങളോട് സഹായം അഭ്യർത്ഥിക്കുകയും ഞങ്ങൾ സഹായിക്കുകയും ചെയ്തു. 1600 കോടി രൂപ തരാത്തത് കേന്ദ്ര ഗവൺമെന്റിന്റെ കുറ്റമാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. അത് വാങ്ങിച്ചെടുക്കേണ്ട നടപടികളാണ് സ്വീകരിക്കേണ്ടത്. അതുകൊണ്ട് കേരളത്തിൽ ലഭിക്കേണ്ട ജി.എസ്.ടി. വരുമാനം നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും നമ്മുടെ സാമ്പത്തിക രംഗത്തെ മെച്ചപ്പെടുത്തുകയും ചെയ്യണം. ഞങ്ങളാരും കേന്ദ്ര ഗവൺമെന്റിനെ പിന്തുണയ്ക്കുന്നവരല്ല. അവരുടെ നയങ്ങളെ പിന്തുണയ്ക്കേണ്ട ആവശ്യവും ഞങ്ങൾക്കില്ല. പക്ഷേ, കേന്ദ്രത്തെ കുറ്റപ്പെടുത്തി കേരളത്തിന്റെ സാമ്പത്തിക രംഗത്തെ കുളംതോണ്ടിയ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങളെ ഞങ്ങൾക്ക് വിമർശിക്കാതിരിക്കാൻ കഴിയുമോ. ഇന്ന് കേന്ദ്ര ഗവൺമെന്റ് വായ്പാ പരിധി വെട്ടിക്കുറച്ചു. അത് ഞങ്ങളാരും അംഗീകരിക്കുന്നില്ല. വായ്പാ പരിധി വെട്ടിക്കുറച്ചതുകൊണ്ട് സംസ്ഥാനങ്ങൾക്ക് വലിയ തോതിലുള്ള പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം സംസ്ഥാനത്തിന്റെ നികുതി പിരിവിന്റെ കാര്യമെടുക്കാം. ഈ സാമ്പത്തിക വർഷം പ്രതീക്ഷിച്ചതിനെക്കാൾ 5623 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞത്. കഴിഞ്ഞ 3 വർഷത്തെ ബജറ്റ് പ്രകാരം 24,174.79 കോടി രൂപയുടെ നികുതി പിരിക്കാനുണ്ട്. അത് പിരിച്ചെടുക്കാൻ കഴിയാത്ത ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക് എന്നത് മറക്കരുത്. എന്തുകൊണ്ടാണ് നികുതി പിരിക്കാത്തത്, ഇതു ആരുടെ കുഴപ്പമാണ്, ഞങ്ങളുടെ കുഴപ്പമാണോ? ഈ വർഷത്തെ ആകെ വരുമാനത്തിൽ 19,463 കോടി രൂപയുടെ കുറവുണ്ടാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ പറയുന്നു. ഇതുകാരണം 30% പദ്ധതി വെട്ടിക്കുറയ്ക്കാൻ പോകുന്നു. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടുണ്ടോ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പറയട്ടെ! ഇപ്പോൾത്തന്നെ പദ്ധതി

വിഹിതം 30 ശതമാനത്തിന് താഴെയാണ്. കഴിഞ്ഞവർഷം മാറ്റിവച്ചിരുന്ന ബിൽ തുക ഈ വർഷത്തെ ഫണ്ടിൽ നിന്ന് കൊടുത്തിട്ട് ഞങ്ങളുടെ പദ്ധതി ശതമാനം 41 ആയി എന്ന് പറയുകയാണ്. അതു മാറ്റിക്കഴിഞ്ഞാൽ 30 ശതമാനത്തിൽ താഴെയാണ് പദ്ധതി ചെലവ്. ജനങ്ങളെ കബളിപ്പിക്കുകയാണ്. ഈ പ്രതിസന്ധിക്ക് ഉത്തരവാദി ആരാണ്? സംസ്ഥാന ഗവൺമെന്റാണ്.

ഇവിടെ ധൂർത്തിനെപ്പറ്റി പറഞ്ഞു. സംസ്ഥാനത്ത് ഇതുപോലെ ധൂർത്ത് നടത്തുന്ന ഒരു ഗവൺമെന്റുണ്ടായിട്ടുണ്ടോ? എസ്.സി.പി, ടി.എസ്.പി. (സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ) ഫണ്ടുപോലും ചെലവഴിക്കാൻ കഴിയാത്ത ഗവൺമെന്റാണ്. ഗവൺമെന്റ് സത്യപ്രതിജ്ഞ 3.17 കോടി രൂപ, മന്ത്രിസഭ നൂറുവർഷം തികഞ്ഞതിന് 2.24 കോടി രൂപ, മന്ത്രിസഭയുടെ ഒന്നാം വാർഷികത്തിന് 18.6 കോടി രൂപ എന്നിങ്ങനെയാണ് ചെലവഴിച്ചത്. മന്ത്രിസഭയുടെ ആയിരം ദിവസം 10.27 കോടി രൂപ, ഷുഹൈബ് വധം സി.ബി.ഐ.-ക്ക് വിടാതിരിക്കാൻ 86 ലക്ഷം രൂപ, പെരിയ കേസ് സി.ബി.ഐ.-ക്ക് വിടാതിരിക്കാൻ 45 ലക്ഷം രൂപ, നവോത്ഥാന സമുച്ചയത്തിന് 700 കോടി രൂപ, നവോത്ഥാന മതിലിന് 50 കോടി രൂപ, അധികമായ നാല് ക്യാബിനറ്റ് റാങ്കുകൾ, മുഖ്യമന്ത്രിക്ക് ആറ് ഉപദേശകർ, ഹൈക്കോടതിയിലെ ലെയ്സൺ ഓഫീസർക്ക് ക്യാബിനറ്റ് മിനിസ്റ്റർക്ക് തുല്യമായ പദവി. ഇതെല്ലാം ധൂർത്തല്ലേ. ഇതെല്ലാം കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമുള്ള കാര്യമാണോ? ധൂർത്തും അതോടൊപ്പം അഴിമതിയും നടത്തിയ ഒരു ഗവൺമെന്റാണ്. ലക്കും ലെഗാനുമില്ലാതെ കടം വാങ്ങി കേരളത്തെ വൻതോതിൽ പ്രതിസന്ധി യിലേയ്ക്കെത്തിച്ച ഗവൺമെന്റാണ് ഇവിടെയുള്ളത്. എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ഒരു കാര്യത്തിനും മറുപടി പറഞ്ഞില്ല. നികുതി പിരിവ് എങ്ങനെ മെച്ചപ്പെടുത്താമെന്നതിന് മറുപടി പറഞ്ഞില്ല. അതോടൊപ്പം സംസ്ഥാനത്തെ ബാധിച്ചിരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള കാര്യങ്ങളെപ്പറ്റിയും പറഞ്ഞില്ല.

സ്റ്റിമുലസ് പാക്കേജിനെപ്പറ്റി പറഞ്ഞു. അദ്ദേഹം എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തി. പതിനായിരം കോടി രൂപയുടെ തീരദേശ പദ്ധതി എവിടെപ്പോയി? എത്രയോ പദ്ധതികൾ അദ്ദേഹം വിശദീകരിച്ചു. തീരദേശ ഹൈവേ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച പദ്ധതിയാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രസംഗം കേട്ടാൽത്തന്നെ ധനകാര്യസ്ഥിതിയിൽ ഗുരുതരമായ പ്രതിസന്ധിയാണെന്ന് ബോദ്ധ്യപ്പെടും. സാമ്പത്തികമായ അച്ചടക്കം പാലിച്ചുകൊണ്ട് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ കഴിയാതെ പോകുന്നുവെന്നുള്ള കാര്യം ഞങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിക്കുകയാണ്.

ധൂർത്തിലും അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങിത്താഴ്ന്ന ഒരു സർക്കാർ ഇതിനേക്കാൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കെത്താൻ പോകുന്നു. അതിനെപ്പറ്റിയൊന്നും മറുപടി പറയാതെ സർക്കാരിന്റെ മൊത്തം നേട്ടങ്ങളെപ്പറ്റി പറഞ്ഞ് അദ്ദേഹം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇത് ഞങ്ങൾക്ക് അംഗീകരിക്കാൻ സാധ്യമല്ല. കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിപോലും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഉത്തരം മുട്ടുന്ന സമയത്ത് കൊഞ്ഞനം കാണിക്കുകയെന്ന ഒരു പ്രയോഗമുണ്ട്. ധനകാര്യവകുപ്പിന്റെ സാമ്പത്തിക കെടുകാര്യസ്ഥത ഇവിടെ അക്കമിട്ടുനിരത്തിയപ്പോൾ മറുപടി പറയാൻ സാധിക്കാത്ത ഘട്ടത്തിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിർമ്മിച്ച പാലത്തെക്കുറിച്ച് പരിശോധിക്കുമെന്ന് പറഞ്ഞ് തടിതപ്പാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ആ ആഗ്രഹത്തിൽ അടുപ്പിൽവച്ച വെള്ളം താഴെയിറക്കി വയ്ക്കുന്നതാണ് നല്ലത്.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... സീറ്റിലിരിക്കൂ.....

ഡോ. എം. കെ. മുനീർ: സർ, നിങ്ങൾ രണ്ടുകാലിലും മന്തുള്ളവരാണ്. രണ്ടുകാലിലും മന്തുള്ളവർ ഒരു കാലിൽ പുണ്ണുപോലുമില്ലാത്ത ഞങ്ങളെ നോക്കി ഭയപ്പെടുത്തിയാൽ അതിൽ പേടിച്ച് മാളത്തിൽപോയി ഒളിച്ചിരിക്കുന്ന പാരമ്പര്യത്തിൽപ്പെട്ടവരല്ല ഞങ്ങളെന്ന് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. പാലാരിവട്ടമല്ല, നൂറ് പാലത്തെക്കുറിച്ച് നിങ്ങൾ അന്വേഷിക്കൂ. ഞങ്ങളുടെ ഒരു രോമക്കൊടി സ്പർശിക്കാൻ നിങ്ങൾക്ക് സാധിക്കില്ല. സ്ഫടികശുദ്ധിയോടെ സമൂഹത്തിന്റെ മുമ്പിൽ ഞങ്ങൾ തലയുയർത്തിപ്പിടിച്ച് നിൽക്കും. നിങ്ങൾ അധികാരത്തിൽവന്ന് ആദ്യം ചെയ്തത്, ശ്രീ. എ. കെ. ബാലൻ മിനിസ്റ്ററെവച്ച് ഉപസമിതിയുണ്ടാക്കി കുറെ ഫയൽ കൊണ്ടുപോയി. മൂന്നരവർഷമായിട്ടും ആ ഫയലൊക്കെ ഏത് മാളത്തിലാണ് ഒളിപ്പിച്ചുവച്ചിരിക്കുന്നത്? ഞങ്ങളുടെ മേൽ ഒരു കടുമണി ആരോപണം കൊണ്ടുവരാൻ നിങ്ങൾക്കു സാധിച്ചോ? അത്രയും മോശമായ ഭരണമല്ല കഴിഞ്ഞ അഞ്ചുവർഷമെന്ന് ആത്മാഭിമാനത്തോടുകൂടി പറയാൻ കഴിയുന്നവരാണ് ഞങ്ങൾ. എന്നാൽ മൂന്നരവർഷംകൊണ്ട് നിങ്ങൾക്കത് പറയാൻ കഴിയുമോ? ഇവിടെ ധൂർത്തില്ല എന്നുപറഞ്ഞു. 50 ശതമാനം ഇപ്പോൾത്തന്നെ ചെലവഴിച്ചുവെന്ന് അങ്ങ് പറഞ്ഞല്ലോ. എന്നാൽ സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധിയാണുള്ളത്. പദ്ധതിവിഹിതം 57 ശതമാനം

കുറയുമ്പോൾ ഇപ്പോൾത്തന്നെ 50 ശതമാനം ചെലവഴിച്ചുവെന്നു പറയുന്നതിന്റെ കണക്കൊന്നു കാണാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. കാരണം 30 ശതമാനം മാത്രമേ വെട്ടിക്കുറയ്ക്കുവെന്ന ഔദ്യോഗിക അറിയിപ്പ് പുറത്തുകൊടുക്കുകയും 57 ശതമാനം വെട്ടിക്കുറയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തദ്ദേശഭരണ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. ക്യാരിഓവർ, ക്യൂബില്ലുകൾ എന്നിവ ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിയിട്ടുണ്ടെങ്കിൽ അതുമുഴുവൻ ചെലവഴിക്കാനുള്ള സാഹചര്യം അവർക്കുണ്ടാകും. എന്നാൽ ട്രഷറി ഡയറക്ടർ മറ്റ് ഓഫീസർമാർക്ക് അയച്ചിരിക്കുന്നതിൽ, ഏകദേശം അനുബന്ധത്തിലുൾപ്പെട്ടിരിക്കുന്ന ഇനങ്ങൾ മാത്രം ട്രഷറിയിൽ പാസ്സാക്കി നൽകേണ്ടതാണെന്നു പറഞ്ഞതിനുശേഷം മേൽനിയന്ത്രണം പ്രാദേശിക സർക്കാരുകളുടെ ബില്ലുകൾക്കും ബാധകമാണെന്ന് പറഞ്ഞിരിക്കുന്നു. അതിനർത്ഥം തദ്ദേശഭരണ സ്ഥാപനങ്ങൾപോലും പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കാതെ, ബില്ലുകൾ മാറാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ് എന്നാണ്. എന്നിട്ട് എല്ലാകാര്യങ്ങളും ഞങ്ങൾ കാരണമാണ് സംഭവിച്ചതെന്ന് പറഞ്ഞു. 1600 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് വാങ്ങാൻ പറ്റാത്തതിന് ഞങ്ങളെ പഴിക്കുന്നതെന്തിനാണ്? ബി.ജെ.പി ഗവൺമെന്റ് എന്തെങ്കിലും ചെയ്താൽ അതിനും കോൺഗ്രസ്സിനാണോ കുഴപ്പം. weeping boy എന്ന ഒരു പ്രയോഗമുണ്ട്. പണ്ട് സ്കൂളുകളിൽ പോകുന്ന സമയത്ത് വരേണ്യവർഗ്ഗത്തിൽപ്പെടുന്നവർ എന്തെങ്കിലും തെറ്റുചെയ്താൽ അവരെ അടിക്കാൻ പറ്റില്ല. അതിനുവേണ്ടി തൂണിൽ ഒരു കീഴാളനായ കുട്ടിയെ കെട്ടിവയ്ക്കും. അവൻ ചെയ്യുന്ന എല്ലാ കുറ്റത്തിനും ഈ പാവത്തിനെയാണ് അടിക്കുക. weeping boy എന്നുതന്നെയാണ് അവന്റെ പേര്. ബി.ജെ.പി. ചെയ്യുന്ന കുറ്റത്തിന് എപ്പോഴും weeping boy ആയി മാറുന്നത് കോൺഗ്രസ്സാണ്. കാരണം നിങ്ങൾക്ക് ബി.ജെ.പി.യെക്കുറിച്ച് പറയാൻ ഭയമുള്ളതുകൊണ്ട് കോൺഗ്രസ്സിന്റെ തലയിൽ കയറുകയാണ്. ഞാൻ ചോദിക്കട്ടെ, ജി.എസ്.ടി.-യുടെ 2 ശതമാനം പ്രളയസെസ്സും വാങ്ങിവന്നിട്ട് ഇവിടെ അഭിമാനപുരസ്സരം പറഞ്ഞല്ലോ; ജി.എസ്.ടി.-യുടെ 2 ശതമാനം പ്രളയസെസ്സുംകൂടി കിട്ടിയിരിക്കുന്നു എന്ന്. അതുകൂടി വരുമ്പോൾ ഭയങ്കരമാകും. നിങ്ങളിതെല്ലാം വാങ്ങിവരുന്നു. എന്നിട്ട് ഇവിടെ പിരിക്കുന്നു. പക്ഷേ, വിഹിതം തരുന്നില്ല. വിഹിതം തരുന്നില്ലെങ്കിൽ ഞങ്ങളോടു പറയൂ, നമുക്കൊരുമിച്ച് പോരാടാം. ആ കാര്യത്തിലൊന്നും നിങ്ങളെ ഒറ്റപ്പെടുത്താൻ ഞങ്ങൾ തയ്യാറല്ല. കേന്ദ്രത്തിൽനിന്നും എന്തെങ്കിലും വിഹിതം കിട്ടാനുണ്ടെങ്കിൽ നമുക്ക് ഒരുമിച്ചു പോയി പോരാടാം. അതിൽ ബി.ജെ.പി.-യെ ഞങ്ങൾക്കുപേടിയില്ല. പക്ഷേ, നിങ്ങളെന്തിന് ഭയപ്പെടുന്നു; നിങ്ങളെന്തുകൊണ്ട് വാങ്ങുന്നില്ല? ഇവിടെ ധൂർത്തിനെക്കുറിച്ച് പറഞ്ഞല്ലോ. അതിന്റെ കണക്കിവിടെ വിശദീകരിച്ചു. ആയിരം

ദിനം ആചരിക്കുന്നതിനുവേണ്ടി ഏകദേശം 11 കോടി രൂപയല്ലേ ചെലവഴിച്ചത്. ഷുഹൈബ് വധവും അതുപോലെതന്നെയായിരുന്നു. ഇതൊന്നും ധൂർത്തല്ലേ. പല കാര്യങ്ങളും എണ്ണിയിട്ട് ഇത് ധൂർത്താണോയെന്നു ചോദിച്ചല്ലോ. അപ്പോൾ ഇതൊക്കെ ധൂർത്തല്ലേ. ശ്രീ. എ. സമ്പത്തെന്ന മുൻ എം.പി.യെ എന്തിനാണ് ഡൽഹിയിൽ പോസ്റ്റ് കൊടുത്ത് ഇരുത്തിയിരിക്കുന്നത്? കേവലം സാമ്പത്തിക ബാധ്യതയുണ്ടാക്കാൻവേണ്ടി മാത്രമല്ലേ? പെരിയ കൊലക്കേസ് അന്വേഷണത്തെക്കുറിച്ചിവിടെ പറഞ്ഞു. ഇതിനൊക്കെ വക്കീലന്മാരെ കൊണ്ടുവരുന്നതിനുമാത്രം ചെലവഴിക്കുന്ന പണമെത്രയാണ്. ഈ ധൂർത്തുകളെക്കുറിച്ചൊന്നും ഞങ്ങൾക്ക് സംസാരിക്കാൻ പാടില്ല. സംസാരിച്ചുകഴിഞ്ഞാൽ വേറെ കാര്യം പറഞ്ഞ് ഞങ്ങളെ പേടിപ്പിക്കുകയാണ്. അങ്ങനെ പേടിപ്പിച്ചുകഴിഞ്ഞാൽ ഞങ്ങൾ ഈ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചു പറയാതെ അങ്ങ് പറഞ്ഞതൊക്കെ ശരിയാണെന്നു പറഞ്ഞിരിക്കുമെന്ന് വിചാരിച്ചോ? അങ്ങ് പഴയ തറവാട്ടിലെ കാരണവരെപ്പോലെ ഇരിക്കുകയാണ്. പക്ഷേ അരിയിടാനില്ലാത്തതുകൊണ്ട് വെള്ളം മാത്രം തിളപ്പിച്ചിരിക്കുകയാണ്. അങ്ങയുടെ ജുബ്ബയിലിപ്പോഴും ആഢ്യത്വമുണ്ട്. പക്ഷേ, കീശയിൽ ഓട്ടണപോലുമില്ല എന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. ശ്രീ. വി. ഡി. സതീശൻ സാമ്പത്തിക വൈദഗ്ദ്ധ്യത്തോടുകൂടി അക്കമിട്ട് മർമ്മപ്രധാനമായ വിഷയം അവതരിപ്പിച്ചപ്പോൾ ഒരു ചോദ്യത്തിനും മറുപടി പറയാൻ കഴിയാത്ത അവസ്ഥയിൽ അങ്ങ് വേറെ കാര്യങ്ങൾ പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചിരിക്കുന്നു. ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, കേന്ദ്ര ഗവൺമെന്റ് ഈ സംസ്ഥാനത്തെ അവഗണിക്കുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. ഞാനൊരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിന്റെ ആകെ നാശനഷ്ടങ്ങളെപ്പറ്റി കേന്ദ്ര ആഭ്യന്തര വകുപ്പ് പഠനം നടത്തി ഒരു റിപ്പോർട്ട് മുഖ്യമന്ത്രിക്ക് നൽകുകയുണ്ടായി. അതുപ്രകാരം മുപ്പതിനായിരം കോടി രൂപയുടെ നാശനഷ്ടമുണ്ടായി എന്നാണ് കണക്ക്. കേന്ദ്ര സർക്കാരിന് കൊടുത്ത മെമ്മോറാണ്ടത്തിൽ എത്രയാണ് കാണിച്ചിട്ടുള്ളത്? അയ്യായിരത്തി എഴുന്നൂറ് കോടി രൂപയാണ് കേന്ദ്ര സർക്കാരിന് കൊടുത്ത മെമ്മോറാണ്ടത്തിൽ കാണിച്ചത്. ആദ്യം കണക്കെടുക്കുമ്പോൾ തെറ്റാം. പക്ഷേ, ഒരു പ്രാവശ്യംകൊണ്ട് മെമ്മോറാണ്ടം അവസാനിപ്പിക്കണമെന്ന് ആരും പറയുന്നില്ല. അഡീഷണൽ മെമ്മോറാണ്ടം കൊടുക്കാം. 1982-87 കാലഘട്ടത്തിൽ ഞാൻ റവന്യൂ

വകുപ്പുമന്ത്രിയായിരുന്നു. 1985-ലെ വെള്ളപ്പൊക്കത്തെത്തുടർന്ന് ഞാൻ മൂന്ന് പ്രാവശ്യം മെമ്മോറാണ്ടം കൊടുത്തു. നിങ്ങൾ ആദ്യത്തെ ഒരു മെമ്മോറാണ്ടത്തിൽ ഒതുങ്ങിനിന്നു. കേന്ദ്ര ആഭ്യന്തര വകുപ്പ് മുപ്പതിനായിരം കോടി രൂപയുടെ നാശനഷ്ടമുണ്ടായെന്ന് പറഞ്ഞപ്പോൾ എന്തുകൊണ്ട് അഡീഷണൽ മെമ്മോറാണ്ടം കൊടുത്തില്ല?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച നോംസ് അനുസരിച്ചാണ് നഷ്ടം കണക്കാക്കി സബ്മിറ്റ് ചെയ്യേണ്ടത്. ആ നടപടിയാണ് ഇവിടെ സ്വീകരിച്ചത്. യഥാർത്ഥത്തിൽ ഇവിടെ മുപ്പതിനായിരം കോടി രൂപയുടേതിനേക്കാൾ വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. പക്ഷേ, സഹായങ്ങൾക്ക് അഭ്യർത്ഥിക്കുമ്പോൾ ചട്ടങ്ങൾക്ക് വിധേയമായാണ് കാര്യങ്ങൾ ചെയ്യേണ്ടത്. അന്ന് അങ്ങും അതുതന്നെയാണ് നിർവ്വഹിച്ചിട്ടുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങനെയല്ല. 1982-ലും മെമ്മോറാണ്ടത്തിന്റെ ഈ പ്രശ്നമുണ്ട്. It is a calamity of rare severity; ആയതിനാൽ ഇത് മറികടന്ന് കൊടുക്കാം. അന്ന് അങ്ങനെ കൊടുത്തതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് ഏറ്റവുമധികം സഹായം തന്നത് സംസ്ഥാന ഗവൺമെന്റിനാണ്. ഇന്ന് ഏതെങ്കിലും ഉദ്യോഗസ്ഥൻ എഴുതിത്തരുമെന്ന് വിചാരിച്ച് ഒതുങ്ങിനിന്നു. പ്രളയത്തിൽ നാൽപ്പതിനായിരം പശുക്കൾ ഒഴുകിപ്പോയി എന്ന് റിപ്പോർട്ട് വന്നു. എന്നിട്ടും ആദ്യം കൊടുത്തതിൽതന്നെ നിന്നു. ആദ്യം കൊടുത്തതനുസരിച്ച് ഓരോ പശുവിനും മുപ്പതിനായിരം രൂപ വച്ച് കിട്ടി. ഈ കണക്ക് വന്നതിൽപ്പിന്നെ നിങ്ങൾ അഡീഷണൽ മെമ്മോറാണ്ടം കൊടുത്തിട്ടില്ല. കേന്ദ്ര സർക്കാരിനോട് അയ്യായിരത്തി എഴുന്നൂറ് കോടി രൂപ ചോദിച്ചു, ഏതാണ്ട് മൂവായിരത്തോളം കോടി രൂപ തന്നു. ആ മെമ്മോറാണ്ടം കൊടുക്കുന്നതിന് മുൻപ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്തുകൊണ്ട് ശ്രദ്ധിച്ചില്ല? റോഡിനാകെ ആവശ്യപ്പെട്ടത് അറുന്നൂറ് കോടി രൂപയിൽ താഴെയാണ്. എന്നാൽ ഇടുക്കിയിൽമാത്രം മൂവായിരം കോടി രൂപയുടെ റോഡ് നശിച്ചുപോയി. കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം കൊടുക്കുന്നതിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, മുൻ റവന്യൂ വകുപ്പുമന്ത്രി കൂടിയായ അംഗം ശ്രീ. പി. ജെ. ജോസഫ് പറയുന്ന കാര്യത്തിൽ, 2005-ലെ Disaster Management Act (കേന്ദ്ര ദുരന്ത നിവാരണ ആക്ട്) വന്നതിനെത്തുടർന്ന് വളരെ കർക്കശമായ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ തവണ, ഏറ്റവും വലിയ പ്രളയം ഉണ്ടായതിനെത്തുടർന്ന് ഏതാണ്ട് അയ്യായിരത്തി അറുന്നൂറോളം കോടി രൂപയുടെ

അധിക ബാധ്യതയുണ്ടെന്ന രീതിയിൽ അടിയന്തര സഹായം ആവശ്യപ്പെട്ടെങ്കിലും ആ ഫണ്ട് നമുക്ക് അനുവദിക്കുകയുണ്ടായില്ല. ഓരോ വർഷവും നിവേദനങ്ങൾ നൽകാറുണ്ടെങ്കിലും കേന്ദ്ര നോംസ് അനുസരിച്ചല്ലാതെ ഒരു ഫണ്ടും ഈ കാലയളവിൽ അനുവദിച്ചിട്ടില്ല. 2005-ലെ Disaster Management Act-ന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥ ചെയ്തുകൊണ്ടാണ് നമുക്ക് ഫണ്ട് നൽകിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 1985-ലും ഈ നോംസ് നിലവിലുണ്ട്. ഇത് അന്നത്തെ രാഷ്ട്രീയമൊന്നുമല്ല. എന്തുകൊണ്ട് കേരളത്തിന് അത്രയും സഹായം കിട്ടി? മുപ്പതിനായിരം കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് പറഞ്ഞപ്പോൾ, ഇത്രയും പശുക്കൾ നഷ്ടമായി എന്ന് പറഞ്ഞ് ആവശ്യപ്പെടണ്ടേ? നാൽപ്പതിനായിരം പശുക്കൾ ഒഴുകിപ്പോയി എന്നാണ് കണക്ക്. അവയിൽ ഒരെണ്ണംപോലും ജീവിച്ചിരിപ്പില്ല. ആവശ്യപ്പെട്ടിരുന്നെങ്കിൽ ഓരോ പശുവിനും മുപ്പതിനായിരം രൂപ വച്ച് കിട്ടുമായിരുന്നു. ആവശ്യപ്പെട്ടിടത്ത് മുപ്പതിനായിരം രൂപ വച്ച് കിട്ടി. മെമ്മോറാണ്ടത്തിൽ തുക ആവശ്യപ്പെട്ടതിൽ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഇവിടെ കിഫ്ബിയുടെ കാര്യം പറഞ്ഞു. കിഫ്ബിയിൽ ഉൾപ്പെടുത്തി രണ്ട് റോഡുകളുടെ പദ്ധതി അനുവദിച്ചിട്ടുണ്ട്. പക്ഷേ, രണ്ടും നടക്കുന്നില്ല. പത്ത് മീറ്റർ വീതിയില്ല എന്നതാണ് കാരണം. Tar width 5.5 മീറ്ററാണ്. 8 മീറ്റർ വച്ച് ടാർ ചെയ്യാമെന്നിരിക്കെ പത്ത് മീറ്ററിന്റെ കാര്യം പറയുന്നത് പദ്ധതി നടക്കാതിരിക്കുന്നതിനു വേണ്ടിയാണ്. അങ്ങനെയല്ലെന്ന് പറയാൻ പറ്റുമോ? 5.5 മീറ്റർ മാത്രമേ tar width ഉള്ളൂ. അതുവച്ച് ചെയ്യാമല്ലോ? പത്ത് മീറ്ററിന്റെ കാര്യം പറഞ്ഞ് എല്ലാ പദ്ധതികളും മുടക്കിയിരിക്കുകയാണ്. ആസ്തി വികസന ഫണ്ടൊന്നും ഉപയോഗിക്കാതിരിക്കുകയാണ്. ഇവിടെ ഫണ്ട് ചെലവാക്കാതിരിക്കാനായി ഉടക്കിടുന്നത് പരിപാടിയാക്കി മാറ്റിയിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, .....

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.....

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, അദ്ദേഹം കേൾക്കണ്ടേ?

<u>മി. സ്പീക്കർ</u>: അദ്ദേഹം കേൾക്കുന്നുണ്ട്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, പത്ത് മീറ്റർ എടുത്തോളൂ. Tar width 5.5 മീറ്ററല്ലേ ഉള്ളൂ; അത് 8 മീറ്ററിൽ ചെയ്യാൻ പറ്റില്ലേ? പത്ത് മീറ്റർ എടുക്കാൻ രണ്ടുമൂന്ന് കൊല്ലം സമയമെടുക്കും. അപ്പോഴേയ്ക്കും ഈ ഗവൺമെന്റിന്റെ കാലാവധി കഴിയും. അതായത്, അവിടെ കിഫ്ബിയുടെ പദ്ധതി നടപ്പാകില്ല. അതുകൊണ്ട് പ്രായോഗികമായ സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഒരു calamity കഴിഞ്ഞാൽ അത് തടയാൻ എന്താണ് മാർഗ്ഗം? തോട്ടപ്പള്ളി സ്പിൽവേയിലെ മുന്നൂറ് മീറ്ററിൽ വെള്ളം പോയാൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകില്ല. മുന്നൂറ് മീറ്ററിന് പകരം ഇന്ന് എഴുപത് മീറ്ററിലാണ് വീയ്യപുരം മുതൽ കിടക്കുന്നത്. ബജറ്റിൽ ടോക്കൺ പ്രൊവിഷൻ തീരുമാനിക്കുന്നില്ല. തോട്ടപ്പള്ളി സ്പിൽവേയിൽ മുന്നൂറ് മീറ്ററിൽ വെള്ളമൊഴുകിയാൽ പമ്പ, അച്ചൻകോവിൽ തുടങ്ങിയ നദികളിലെ മുഴുവൻ വെള്ളവും അതിൽക്കൂടി ഒഴുകിപ്പോകും. കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകില്ല. ഇത്തവണയും കുട്ടനാട്ടിൽ വെള്ളപ്പാക്കമുണ്ടായി. ഇതിന് പരിഹാരമുണ്ടാകണ്ടേ? ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇതിലൊന്നും നടപടി സ്വീകരിക്കാത്ത ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ചുള്ള അടിയന്തരപ്രമേയത്തിൽ, ഇടമൺ ലൈനിനെക്കുറിച്ചും സ്കൂളുകളിൽ അഞ്ച് ലക്ഷം കുട്ടികൾ വർദ്ധിച്ചതിനെ സംബന്ധിച്ചും എഫ്.എച്ച്.സി.-കളെ സംബന്ധിച്ചുമൊക്കെയാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഇവിടത്തെ പ്രധാനപ്പെട്ട വിഷയം, ട്രഷറി നിയന്ത്രണങ്ങൾ കാരണം സംസ്ഥാനത്തിന്റെ വികസന പദ്ധതികൾ മുടങ്ങിയിരിക്കുന്നു എന്നതാണ്. സാമ്പത്തിക പ്രതിസന്ധി കാരണം നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണം മുന്നോട്ട് പോകുന്നില്ല എന്നതായിരുന്നു കഴിഞ്ഞ ദിവസം ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച അടിയന്തരപ്രമേയം. വികസന പ്രവർത്തനങ്ങൾ പരിപൂർണ്ണമായും മുരടിച്ച് നിൽക്കുന്ന സാഹചര്യമാണുള്ളത്. അങ്ങ് ഇവിടെ സ്കൂളുകളുടെ കാര്യം പറഞ്ഞു. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു എന്നുപറഞ്ഞു. തീർച്ചയായും അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ, കേരളത്തിലെ പല പ്രദേശങ്ങളിലും, സ്മാർട്ട് സ്കൂളുകൾ അടക്കമുള്ള പ്രത്യേക അനുമതി നൽകിയിരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾപോലും നിലച്ചിരിക്കുകയാണ്. ഇവിടെ ശ്രീ. പി. ജെ. ജോസഫ് ഉന്നയിച്ചത്, അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ ഏതെങ്കിലും വർക്കുകൾ ഇപ്പോൾ എടുക്കുന്നുണ്ടോ എന്നുള്ളതാണ്. അസറ്റ് ഡെവലപ്മെന്റ് ഫണ്ടുള്ള വർക്കുകളെടുക്കാൻ കരാറുകാർ മുന്നോട്ടുവരുന്നില്ല. വലിയ രീതിയിലുള്ള പ്രതിസന്ധി ഇക്കാര്യത്തിലുണ്ടെന്നുള്ളത് വാസ്തവമാണ്. അതിനെ മറച്ചുവച്ചുകൊണ്ട് സംസാരിക്കുന്നതിൽ യാതൊരു

അർത്ഥവുമില്ല. ഇവിടെ വർക്കുകൾ മുന്നോട്ട് നീങ്ങാത്ത സാഹചര്യങ്ങളുണ്ട്. കിഫ്ബി വർക്കിനെക്കുറിച്ച് സൂചിപ്പിച്ചു. ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ ഇതു സംബന്ധിച്ച സബ്മിഷൻ ഉന്നയിക്കുന്നുണ്ട്. റോഡുകൾക്ക് പത്ത് മീറ്റർ വീതി വേണമെന്നു പറഞ്ഞുകൊണ്ട് അനാവശ്യ പ്രശ്നം സൃഷ്ടിച്ച്, എടുത്ത വർക്കുകൾപോലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. Individual കേസുകളായി എടുക്കാമെന്ന് കഴിഞ്ഞ ചോദ്യോത്തരവേളയിൽ അങ്ങ് പറഞ്ഞു. എല്ലാ കേസ്സുകളും ഇങ്ങനെ തന്നെയാണ്. അങ്ങ് പരിശോധിച്ചുനോക്കണം. കേരളത്തിൽ പല വർക്കുകളും ഇതുകാരണം മുടങ്ങിയിരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. റോഡ് വർക്കുകൾ നടക്കാത്ത സാഹചര്യവും കേരളത്തിൽ ഉണ്ടായിരിക്കുന്നു. ഇത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് വെളിച്ചം വീശുന്ന കാര്യങ്ങളാണ്. അനാവശ്യ ചെലവുകളാണിവിടെ ഉണ്ടാകുന്നത്. ഏറ്റവും ഒടുവിൽ ഈ ഗവൺമെന്റ്, നവോത്ഥാന സ്മാരക സമുച്ചയങ്ങൾ നിർമ്മിക്കാൻ കിഫ്ബി വഴി എഴുന്നൂറ് കോടി രൂപ മാറ്റിവയ്ക്കുന്നു എന്നുപറഞ്ഞു. ആദ്യം ഇവിടെ മനുഷ്യന് സഞ്ചരിക്കാനുള്ള റോഡുകൾ നിർമ്മിക്കാനുള്ള പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുകയാണ് വേണ്ടത്. ആദ്യം മുന്നോട്ട് വച്ച പദ്ധതികൾ നടപ്പിലാക്കുക, അതിനുശേഷം മറ്റ് പദ്ധതികൾ ഏറ്റെടുത്താൽ മതി. ഗൗരവമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ടു പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം പരസ്പരം കുറ്റം പറയുന്നതിൽ പൊതുവായിട്ടുള്ള കാര്യം, കേരളത്തിലെ സാമ്പത്തിക രംഗം ഗുരുതരമായ സ്ഥിതിയിലെത്തിയിരിക്കുന്നു എന്ന് രണ്ടുപേരും സമ്മതിക്കുന്നു എന്നുള്ളതാണ്. ഈ സാഹചര്യത്തിൽ ആ കാര്യമല്ലേ നമ്മൾ ചർച്ച ചെയ്യേണ്ടത്? അതിന് തയ്യാറാകാത്ത സർക്കാർ മനോഭാവത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ടു പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

### 1. ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചിയിലെ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങളിലെ പൈതൃക ടൂറിസ്റ്റ് മേഖലയുടെ സംരക്ഷണവും വികസനവുമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. കൊച്ചിയിലെ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ ഹെറിറ്റേജ് ടൂറിസം മേഖലയാണ്. നൂറ്റാണ്ടുകൾക്കുമുൻപ് ഡച്ചുകാരും പോർച്ചുഗീസുകാരും ബ്രിട്ടീഷുകാരും വന്നുപോയ പ്രദേശമാണിത്. വളരെ പുരാതന നഗരമാണ് ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി പ്രദേശങ്ങൾ. ഒരു വർഷം ശരാശരി നാല് ലക്ഷം വിദേശ ടൂറിസ്റ്റുകളും ഇരുപത്തിനാല് ലക്ഷം ആഭ്യന്തര ടൂറിസ്റ്റുകളും വന്നുപോകുന്ന സ്ഥലമാണിത്. രണ്ട് വർഷം കൂടുമ്പോൾ നടക്കുന്ന കൊച്ചി മുസീരിസ് ബിനാലെ കൂടിയാകുമ്പോൾ ടൂറിസ്റ്റുകളുടെ എണ്ണം പിന്നെയും വർദ്ധിക്കുന്നു. ഈ പ്രദേശത്തിന്റെ പ്രധാന സംരംഭം ഫോർട്ട് കൊച്ചി ബീച്ചാണ്. ഈ ബീച്ചിന്റെ സംരക്ഷണമാണ് കൂടുതൽ കൈകാര്യം ചെയ്യേണ്ടത്. സർക്കാരും ടൂറിസം ഡിപ്പാർട്ട്മെന്റും ഇവിടെ ധാരാളം ഫണ്ടുകൾ ചെലവഴിക്കുന്നുണ്ടെങ്കിലും വികസന പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ല. ബീച്ചിന്റെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിൽ പ്രധാനപ്പെട്ട സ്ഥലമാണ് ഫോർട്ട് കൊച്ചി ബീച്ച്. മഹാത്മാഗാന്ധി വരെ വന്നുപോയ സ്ഥലമാണിത്. ഈ പൈതൃക ടൂറിസം മേഖലയിൽ 25 കിലോമീറ്ററോളം റോഡുകളുണ്ട്. അവ വളരെ ശോചനീയാവസ്ഥയിലാണ്. ആവശ്യമായ കാനകളുടെ സംരക്ഷണ മില്ലാത്തതിനാൽ മഴ പെയ്താൽ വാസ്കോഡഗാമ ചർച്ച്, ജൂതപ്പള്ളി (സിനഗോഗ്), ഡച്ച് സെമിത്തേരി, കോഡർ ഹൗസ് എന്നിവിടങ്ങളിലെല്ലാം വെള്ളം പൊങ്ങുന്ന അവസ്ഥയാണുള്ളത്. ടൂറിസം പ്രോജക്ട് വർക്കുകളുടെ ഭാഗമായുള്ള ഹരി ഷേണായി ബംഗ്ലാവ്, ചെമ്പിട്ടപള്ളി എന്നീ പ്രോജക്ടുകളുടെ വർക്കുപോലും പകുതിവഴിയിൽ നിൽക്കുകയാണ്. കൊച്ചിയുടെ സിഗ്നേച്ചറാണ് ചീനവലകൾ. ചീനവലകൾ നവീകരിക്കുന്നതിനുവേണ്ടി ടൂറിസം ഡിപ്പാർട്ടുമെന്റ് ഒന്നരക്കോടി രൂപ ചെലവഴിച്ചെങ്കിലും വളരെ മന്ദഗതിയിലാണ് ഇതിന്റെ വർക്ക് നടക്കുന്നത്. പ്രദേശത്തെ 500-ഓളം വരുന്ന ഹോം സ്റ്റേകൾ, 200-ഓളം വരുന്ന ഹോട്ടൽ ആന്റ് റെസ്റ്റോറന്റുകൾ, 250-ഓളം വരുന്ന കച്ചവട സ്ഥാപനങ്ങൾ, വഴിയോര ക്കച്ചവടക്കാർ ഇവരെല്ലാം ഈ ടൂറിസം മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കൂടാതെ ഉത്തരവാദിത്ത ടൂറിസം പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായിട്ടുള്ള പ്രോജക്ടുകളും കൊണ്ടുവരേണ്ടതുണ്ട്. അതിനാൽ ഈ മേഖലയെ സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് പ്രത്യേകം ഇടപെടണമെന്നാണ് ഞാനിവിടെ ആവശ്യപ്പെടുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളെല്ലാം ഫോർട്ട് കൊച്ചിയെ സംബന്ധിച്ചിടത്തോളം ശരിയാണ്. കൊച്ചിയുടെ സാംസ്കാരികവും ചരിത്രപരവുമായ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് നിരവധി പദ്ധതികൾക്കാണ് ടൂറിസം വകുപ്പ് ഇതിനകം അനുമതി നൽകിയിട്ടുള്ളത്. ഇതോടൊപ്പംതന്നെ കായൽ ടൂറിസത്തിന്റെയും ക്രൂയിസ് ടൂറിസത്തിന്റെയും സാധ്യതകൾ പരിഗണിച്ചുകൊണ്ടുള്ള പദ്ധതികളും കൊച്ചിയിൽ നടപ്പിലാക്കി വരികയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വിദേശി-സ്വദേശി സഞ്ചാരികൾ എത്തിച്ചേരുന്ന പ്രദേശമാണ് കൊച്ചി. "ഫ്ലോട്ടിംഗ് ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ കം കുത്തമ്പലം" എന്ന 4,84,00,000 രൂപയുടെ പദ്ധതിക്ക് ഈ അടുത്ത കാലത്ത് സർക്കാർ ഭരണാനുമതി നൽകി ഉത്തരവാക്കിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം നയത്തിന്റെകൂടി പശ്ചാത്തലത്തിൽ പാരമ്പര്യ കലാരൂപങ്ങളുടെ അവതരണങ്ങളും കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനങ്ങളും പരമ്പരാഗത കേരളീയ ഭക്ഷണ വിതരണവും സർവ്വോപരി ക്രൂയിസ് ടൂറിസ്റ്റുകൾക്ക് ഹൃദ്യമായ വരവേൽപ്പ് നൽകുക എന്നതും ലക്ഷ്യമിട്ടാണ് ഏകദേശം 250 പേർക്ക് ഇരിപ്പിടം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള ഈ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത് പൂർത്തിയാകുന്നതോടെ കൊച്ചിയിലെത്തുന്ന, പ്രത്യേകിച്ചും ആഡംബര കപ്പലുകളിലെ സന്ദർശകർക്ക് കേരളത്തിന്റെ വൈവിദ്ധ്യമാർന്ന കലാരൂപങ്ങൾ അനുഭവവേദ്യമാകുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതോടൊപ്പം നമ്മുടെ നാടിന്റെ തനത് ഭക്ഷണവും മികച്ച ആതിഥേയ സേവനവും ലഭ്യമാകുന്നതാണ്. ഇതിനുപുറമേ ചെല്ലാനം, ഫോർട്ട് കൊച്ചി, വൈപ്പിൻ, കടമക്കുടി ദ്വീപുകൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് പൈതൃക ഗ്രാമീണ കായലോര ടൂറിസം സർക്യൂട്ടിന്റെ സാധ്യതകളും വകുപ്പിന്റെ പരിഗണനയിലുണ്ട്. വളന്തക്കാട് ദ്വീപിലെ ഗ്രാമീണ ടൂറിസം പരിപാടിക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 99 ലക്ഷം രൂപയുടെ പദ്ധതിക്ക് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഇനിയും കൂടുതൽ നൂതന പദ്ധതികൾ കൊച്ചി മേഖലയിൽ ആവിഷ്കരിക്കുന്നതിന് സർക്കാർ മുൻഗണന നൽകുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, ഈ മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്നത് ഹോം സ്റ്റേകളാണ്. ഹോം സ്റ്റേകൾക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന കൊമേഴ്സ്യൽ ടാക്സ് ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് അക്കാര്യം പരിശോധിക്കേണ്ടത്. അക്കാര്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## 2. ഫ്ലക്സ് നിരോധനം

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വർത്തമാനകാലത്തെ ജനങ്ങൾ നേരിടുന്ന രണ്ട് പ്രധാന വെല്ലുവിളികൾ മാലിന്യ പ്രശ്നവും കുടിവെള്ളവുമാണ്. ശുദ്ധവായുവും ഈ ഗണത്തിലേയ്ക്ക് കാലെടുത്ത് വയ്ക്കാനുള്ള തയ്യാറെടുപ്പിലാണ്. തീർച്ചയായും റീ-യൂസും റീ-സൈക്കിളും ചെയ്യാൻ സാധിക്കാത്ത, പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന എല്ലാ വസ്തുക്കളും നിരോധിക്കേണ്ടത് അത്യാവശ്യമാണ്. റീസൈക്കിൾ ചെയ്യാൻ കഴിയാത്ത മാലിന്യങ്ങൾ ഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ ആവശ്യമാണ്. 6-3-2018-ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സംഘടനാ പ്രതിനിധികൾ എന്നിവരുടെ ഒരു യോഗം വിളിച്ച് ഫ്ലക്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവലോകനം ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 29-8-2019-ലെ സർക്കാർ ഉത്തരവ് നം. 111/2019/LSGD പ്രകാരം സംസ്ഥാനത്തെ ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഫ്ലക്സ് ബോർഡുകൾ റീസൈക്കിൾ ചെയ്യാൻ സാധിക്കാത്തതിനാലാണ് ഇതുനിരോധിച്ചത് എന്നാണ് മനസ്സിലാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വേസ്റ്റ് മാനേജ്മെന്റ് റൂൾ പ്രകാരം റീയൂസ് ചെയ്യാവുന്നതോ റീസൈക്കിൾ ചെയ്യാവുന്നതോ ആയ പ്രോഡക്ടുകൾ നിരോധിക്കരുതെന്ന നിർദ്ദേശം നിലവിലുണ്ട്. 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിപ്രകാരം 2500 കോടി രൂപ മുതൽമുടക്കിൽ 17 ഫ്ലക്സ് നിർമ്മാണ കമ്പനികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കമ്പനികളിലെല്ലാംതന്നെ ഫ്ലക്സ് റീസൈക്കിളിംഗ് പ്ലാന്റുകളും പ്രവർത്തിച്ചു വരുന്നു. ഈ നിർമ്മാണ കമ്പനികൾക്കുപുറമേ നിരവധി ഫ്ലക്സ് ഡീലർമാരും നിലവിലുണ്ട്. സർക്കാരിന്റെ PMEGP (Prime Minister Employment Generation Programme) പദ്ധതി പ്രകാരം സംരംഭകർക്ക് നിക്ഷേപ സബ്സിഡി ഉൾപ്പെടെ നൽകി പ്രോത്സാഹിപ്പിച്ച ഒരു സ്വയംതൊഴിൽ സംരംഭം കൂടിയാണ് ഫ്ലക്സ് പ്രിന്റിംഗ് വിസാർഡ്. ലക്ഷക്കണക്കിന് കുടുംബങ്ങൾ ഈ സംരംഭത്തിലൂടെ ജീവിതം മുന്നോട്ട് നയിക്കുന്നുണ്ട്. വലിയ തുകകൾ ചെലവഴിച്ചാണ് ഇതുപോലുള്ള സംരംഭങ്ങൾ എല്ലാവരും ആരംഭിക്കുന്നത്. ഫ്ലക്സ് ബോർഡുകൾ നിർമ്മിക്കുന്ന കമ്പനി തന്നെ ഉപയോഗിച്ച ഫ്ലക്സ് ബോർഡുകൾ റീസൈക്കിൾ ചെയ്യുന്ന പ്ലാന്റുകളും പ്രവർത്തിപ്പിക്കുന്നുണ്ട്. കേരളത്തിൽ ഫ്ലക്സ് ബോർഡ് വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് Sign Printing Industries Association. അവർ അവരുടെ റീയൂസ് ചെയ്യാനുള്ള ഫ്ലക്സ് ബോർഡുകൾ ഉത്തരാഖണ്ഡിലെ Pioneer Poly Leathers Private Limited എന്ന കമ്പനിക്ക് നൽകി അവിടെ നിന്നും റീസൈക്കിൾ ചെയ്ത് വാങ്ങിയതായുള്ള വിവരങ്ങൾ അറിഞ്ഞിട്ടുണ്ട്.

അവർക്ക് അതിനനുസരിച്ചുള്ള നല്ല വിലയും കിട്ടുന്നുണ്ട്. മാത്രമല്ല, രണ്ടാമതും അത് ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്. പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ ക്ലിയറൻസിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ഈ കാര്യങ്ങൾ ചെയ്യാൻ സാധിച്ചത്. റീസൈക്കിൾ ചെയ്യാൻ സാധിക്കാത്ത വസ്തു വായതിനാൽ പരിസ്ഥിതിക്ക് ദോഷകരമാണെന്നതാണ് ഫ്ലക്സ് നിരോധിക്കുന്നതിന് കാരണമായി പറയുന്നത്. റീസൈക്കിൾ ചെയ്യാൻ സാധിക്കാത്ത വസ്തുവാണെങ്കിൽ പിന്നെ എങ്ങനെയാണ് ഫ്ലക്സ് ഡീലർമാരുടെ സംഘടനയ്ക്ക് ഇതുപോലൊരു കാര്യം ചെയ്യാൻ സാധിച്ചത്? ഫ്ലക്സിന് പകരമായി ഉപയോഗിക്കാൻ പറയുന്ന വസ്തു പോളിത്തീനാണ്. പോളിത്തീൻ റീസൈക്കിൾ ചെയ്യുന്ന പ്ലാന്റ് എവിടെയാണ് നിലവിലുള്ളത്; ഇത്തരം റീസൈക്ലിംഗ് പ്ലാന്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; പോളിത്തീൻ റീസൈക്കിൾ ചെയ്യുന്നതിന് വേണ്ടിവരുന്ന ചെലവെത്രയാണ്; ഫ്ലക്സിനേക്കാൾ പരിസ്ഥിതി സൗഹൃദമാണോ പോളിത്തീൻ? ഫ്ലക്സിലും പോളിത്തീനിലും പി.വി.സി. അടങ്ങിയിട്ടുണ്ട്. ഫ്ലക്സിൽ രണ്ട് ലെയറുകളുടെ ഇടയിൽ തുണിയുടെ ഒരു കോട്ടിംഗുണ്ടെന്ന വ്യത്യാസം മാത്രമേയുള്ളൂ. അതുപോലെ ഫ്ലക്സ് പ്രിന്റ് ചെയ്യുന്ന മെഷീനുകളിൽ പോളിത്തീൻ പ്രിന്റ് ചെയ്യാൻ സാധിക്കില്ല എന്നും അനുഭവസ്ഥർ പറയുന്നുണ്ട്. വലിയ മെഷീനുകളിൽ മാത്രമേ പോളിത്തീൻ പ്രിന്റ് ചെയ്യാൻ സാധിക്കൂ. ചുരുക്കത്തിൽ ഒരേ ഇനത്തിൽപ്പെട്ട രണ്ട് വസ്തുക്കളിൽ ഒന്ന് നിരോധിക്കുകയും പകരം രണ്ടാമത്തെ വസ്തു ഉപയോഗിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നത് സാമാന്യനീതിയല്ല. ഇതൊരു വിരോധാഭാസമാണ്. ഒന്നുകിൽ റീസൈക്കിൾ ചെയ്യാൻ സാധിക്കുന്ന എല്ലാ വസ്തുക്കളും ഉപയോഗിക്കുന്നതിന് അനുമതി നൽകണം, അല്ലെങ്കിൽ രണ്ടിനും നിരോധനം ഏർപ്പെടുത്തണം. ഇത് തീർച്ചയായും ഏതെങ്കിലുമൊരു പ്രത്യേക കമ്പനിയെ സഹായിക്കാൻ വേണ്ടിയല്ലേ എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റംപറയാൻ സാധിക്കില്ല. ഇന്ത്യയിൽ കേരളത്തിലല്ലാതെ മറ്റൊരു സംസ്ഥാനത്തും ഫ്ലക്സുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നതുപോലെ റീസൈക്ലിംഗ് പ്ലാന്റുകൾ തുടങ്ങുന്നതിന് അനുമതി നൽകണമെന്നും ഈ രണ്ട് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിതപ്രശ്നമായി കണ്ടുകൊണ്ട് നല്ല രീതിയിലുള്ള ഒരു പുനർചിന്തനം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്. ഫ്ലക്സുകൾ നിരോധിക്കുക യാണെങ്കിൽ എല്ലാം നിരോധിക്കുക, നിരോധിക്കുന്നില്ലെങ്കിൽ റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ അനുവദിക്കുകയും അല്ലാത്തവ നിരോധിക്കുകയും ചെയ്യുക എന്നുള്ള ഒരു നടപടിയിലേയ്ക്ക് സർക്കാർ മുന്നോട്ട് പോയി ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനത്തിൽ മാറ്റം വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളം അഭിമുഖീകരിക്കുന്ന ഒരു പ്രധാന മാലിന്യപ്രശ്നമാണ് ക്ലോറിനേറ്റഡ് ഫ്ലക്സിന്റെ വർദ്ധിച്ച ഉപയോഗം. പ്ലാസ്റ്റിക്കുകളുടെ കൂട്ടത്തിൽ ഏറ്റവും അപകടകാരിയാണ് പി.വി.സി. അഥവാ പോളി വിനൈൽ ക്ലോറൈഡ്. സംസ്ഥാനത്ത് ഇവ ഉപയോഗിച്ചുള്ള ഫ്ലക്സ് നിർമ്മാണവും ഉപയോഗവും അനിയന്ത്രിതമായി തുടരുന്നതായും അത് വൻതോതിലുള്ള പരിസ്ഥിതി മലിനീകരണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും വഴിതെളിയിക്കുന്നതായും ബോധ്യമായ സാഹചര്യത്തിൽ 29-8-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം പി.വി.സി. ഫ്ലക്സിന് പകരമായി പ്രിന്റിംഗ് തുണി, പേപ്പർ, പോളി എഥിലീൻ തുടങ്ങിയ പുനഃചംക്രമണ സാധ്യമായ വസ്തുക്കൾ ഉപയോഗിക്കാൻ നിർദ്ദേശിച്ചിരുന്നു. പുനഃചംക്രമണം ചെയ്യാൻ സാധിക്കാത്തതും പരിസ്ഥിതിക്ക് ദോഷകരവുമായ പി.വി.സി. ഫ്ലക്സാണ് നിരോധിച്ചിട്ടുള്ളത്. പി.വി.സി. ഫ്ലക്സ് സുരക്ഷിതമായി പുനഃചംക്രമണം ചെയ്യുന്നതിനുള്ള പ്ലാന്റുകൾ രാജ്യത്ത് എവിടെയെങ്കിലും ഉള്ളതായി വിശ്വസനീയമായ തെളിവുകളില്ല. അദ്ദേഹം ഉത്തരാഖണ്ഡിലെ കാര്യം പറഞ്ഞു, അവിടത്തെ ഗവൺമെന്റിനോട് അതിനെക്കുറിച്ച് ആരാഞ്ഞു. അങ്ങനെയൊരു അനുമതി/എൻ.ഒ.സി. അത്തരത്തിലൊരു ഏജൻസിക്ക് നൽകിയിട്ടില്ലെന്ന് ഗവൺമെന്റ് തന്നെ അറിയിച്ചിട്ടുണ്ട്. Biodegradable വസ്തുക്കളിൽ പ്രിന്റ് ചെയ്യുന്നതിന് യാതൊരുവിധ തടസ്സവുമില്ല. പി.വി.സി. ഫ്ലക്സിന് പകരമായി ഉപയോഗിക്കുന്ന ഒരു മെറ്റീരിയലാണ് റീസൈക്കിൾ ചെയ്യാവുന്ന പോളി എഥിലീൻ. ഇത് ക്ലോറിൻ വിമുക്തമായതുകൊണ്ട് പുനഃചംക്രമണ വേളയിൽ വിഷവാതകങ്ങൾ പുറന്തള്ളുന്നില്ല. പ്ലാസ്റ്റിക് മാലിന്യ (പരിപാലന) ചട്ടം 2016 പ്രകാരം ഏതെങ്കിലും പുനഃചംക്രമണം ചെയ്യാൻ സാധിക്കാത്ത മൾട്ടിലെയേർഡ് പ്ലാസ്റ്റിക്കുണ്ടെങ്കിൽ രണ്ട് വർഷംകൊണ്ട് അതിന്റെ ഉൽപ്പാദനവും ഉപയോഗവും ഘട്ടംഘട്ടമായി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 27-3-2018-ൽ പ്ലാസ്റ്റിക് വേസ്റ്റ് (പരിപാലന) ചട്ടം 2016 പ്രകാരം പുനഃചംക്രമണം, ഊർജ്ജോത്പാദനം, മറ്റ് ഉപയോഗം എന്നിവയ്ക്ക് പറ്റാത്ത മൾട്ടിലെയേർഡ് പ്ലാസ്റ്റിക്കുകൾ ഘട്ടം ഘട്ടമായി ഒഴിവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഹരിത ട്രൈബ്യൂണൽ 606/2018 നമ്പർ കേസിനുമേൽ 2019 ഏപ്രിൽ മാസം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുപ്രകാരം കുറഞ്ഞ കാലാവധിയുള്ള പി.വി.സി.യും ക്ലോറിനേറ്റഡ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഉത്തരവ് നിലവിൽവന്ന് ആറ് മാസത്തിനകംതന്നെ പൂർണ്ണമായും നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് പി.വി.സി. ഫ്ലക്സ് പൂർണ്ണമായും

നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. റീസൈക്കിൾ ചെയ്യാവുന്ന ഇതര അസംസ്കൃത വസ്തുക്കൾ പി.വി.സി. ഫ്ലക്സിന്റെ ഏതാണ്ട് അതേ വിലയിൽത്തന്നെ ലഭ്യമാകുമെന്നതിനാൽ പി.വി.സി. ഫ്ലക്സിന് പൂർണ്ണ നിരോധനം ഏർപ്പെടുത്തിയാലും ഫ്ലക്സ് പ്രിന്റിംഗ് സ്ഥാപനങ്ങൾക്കും ഉപഭോക്താക്കൾക്കും പ്രയാസമുണ്ടാകുന്നില്ല. പി.വി.സി. ഫ്ലക്സുകൾക്കുപകരം റീസൈക്കിൾ ചെയ്യാവുന്നതോ പ്രകൃതി സൗഹൃദമായതോ ആയ മെറ്റീരിയൽ ഉപയോഗിച്ച് ഇതേ മെഷീനിൽത്തന്നെ പ്രിന്റ് ചെയ്യാൻ സാധിക്കുമെന്നിരിക്കെ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഒരാൾക്കുപോലും തൊഴിൽ നഷ്ടം ഉണ്ടാകുകയില്ല. ഇത്തരത്തിൽ തൊഴിൽനഷ്ടമുണ്ടാകാതെ പ്രിന്റിംഗിന് ഉപയോഗിക്കുന്ന മെറ്റീരിയലിൽമാത്രം മാറ്റംവരുത്തി പ്രകൃതി സൗഹൃദ ചുവടുവയ്പിലൂടെ നമ്മുടെ സംസ്ഥാനം രാജ്യത്തിനാകെ മാതൃകയാകുന്ന ഒരു നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഇതിൽ ഈ ഗവൺമെന്റ് വന്നപ്പോൾ സ്വീകരിച്ച നടപടി മാത്രമല്ല ഉള്ളത്, 6-11-2014-ലും 27-10-2015-ലും അങ്ങുകൂടി അംഗമായ ഗവൺമെന്റിന്റെ കാലത്തുള്ള ഉത്തരവുകളുമുണ്ട്. ഫ്ലക്സിന്റെ അനിയന്ത്രിതമായ ഉപയോഗം കാരണം രാജ്യത്തുണ്ടാകുന്ന അപകടങ്ങൾ കണ്ടുകൊണ്ട് അന്ന് തീരുമാനിച്ചിട്ടുള്ളതിന്റെ തുടർച്ചയാണ് ഇന്ന് വരുന്നത്. നിയമസഭയ്ക്കകത്ത് നിരവധി ചോദ്യങ്ങൾ അതുസംബന്ധിച്ച് വന്നിട്ടുണ്ട്. ആ ചോദ്യങ്ങൾ ആകെയൊന്നും ഞാൻ പറയാൻ പോകുന്നില്ല, പക്ഷെ കഴിഞ്ഞ ദിവസം ശ്രീ. കെ. സി. ജോസഫ്, ശ്രീ. ടി. എ. അഹമ്മദ് കബീർ, ശ്രീ. പി. കെ. ബഷീർ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ ഫ്ലക്സിന്റെ ഉപയോഗം കാരണം കേരളത്തിലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ചോദിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് തെരഞ്ഞെടുപ്പ് കമ്മീഷൻതന്നെ ഇത് നിരോധിക്കുന്ന സ്ഥിതിയുണ്ടായി. ഹൈക്കോടതിയുടെ പരാമർശങ്ങളുമുണ്ടായിട്ടുണ്ട്. ഇത്തരം ഗൗരവതരമായ സാഹചര്യത്തിലാണ് നമുക്ക് സംസ്കരിക്കാൻ കഴിയാത്ത ഒരുൽപ്പന്നമെന്നുള്ള നിലയ്ക്ക് ഇതിന്റെ ഉപയോഗം ഒഴിവാക്കാനും എന്നാൽ തൊഴിലാളികൾക്കും ഇതിൽ പണം മുടക്കിയിട്ടുള്ള സംരംഭകർക്കും നഷ്ടംവരാത്ത രീതിയിൽ ബദൽ സംവിധാനം ഉപയോഗിച്ച് ചെയ്യണമെന്നും തീരുമാനിച്ചിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി ഇ.എസ്. ബിജിമോൾ)

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, റീസൈക്കിൾ ചെയ്യാൻ കഴിയാത്ത വസ്തുക്കൾ ഉപയോഗിക്കണമെന്ന് ആരെയും നിർബന്ധിക്കുകയില്ല, കാരണം പരിസ്ഥിതിയുടെ പ്രശ്നമാണ്. പക്ഷെ റീസൈക്കിൾ ചെയ്യാൻ കഴിയുമെന്നുള്ള ഒരു

വാർത്ത പുറത്തുവന്നതിന്റെ അടിസ്ഥാനത്തിൽ, അല്ലെങ്കിൽ അങ്ങനെയും മറ്റ് സംസ്ഥാനങ്ങളിൽ ചെയ്യുന്നുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ അതിനെപ്പറ്റി വിശദമായി പഠിക്കുന്നതിനും അങ്ങനെ അത് റീസൈക്കിൾ ചെയ്യാൻ കഴിയുന്ന സാഹചര്യമാണെങ്കിൽ നമ്മുടെ സംസ്ഥാനത്തും റീസൈക്ലിംഗ് യൂണിറ്റുകൾ തുടങ്ങാനും അതുവഴി കുറേ ആളുകൾക്ക് ജോലി ലഭിക്കാനും ഫ്ലക്സ് ഉപയോഗിക്കാനുമൊക്കെ കഴിയുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുന്നതിനുംകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, മറ്റ് സംസ്ഥാനങ്ങളിലുണ്ടെന്ന് അങ്ങ് പറഞ്ഞത് ഉത്തരാഖണ്ഡിന്റെ കാര്യമാണ്, അത് രേഖാമൂലം തന്നെ ഗവൺമെന്റ് പരിശോധിച്ചു. ഇന്നലെ അവരുടെ വ്യാപാരി വ്യവസായ ഏകോപന സമിതിയുടെ ആളുകൾകൂടി പങ്കെടുത്ത യോഗമുണ്ടായിരുന്നു. അതിൽ അപ്രകാരമൊരു എൻ.ഒ.സി. അവിടെ ഏജൻസിക്ക് നൽകിയിട്ടില്ലെന്ന് വ്യക്തമാക്കപ്പെട്ടതാണ്. കർണ്ണാടകയിലെ മാണ്ഡിയിൽ ഇതുകൊണ്ടുപോയി സംസ്കരിക്കുമെന്നു പറഞ്ഞു; പക്ഷെ ഇവിടെനിന്നും കൊണ്ടുപോകുന്ന സാധനങ്ങൾ കർണ്ണാടകയിൽ പ്രവേശിപ്പിക്കരുതെന്ന് കർണ്ണാടക ഗവൺമെന്റ് പറഞ്ഞിരിക്കുകയാണ്. അതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങളൊന്നുമില്ല. പരസ്യത്തിനൊക്കെ പുതിയ മാറ്റങ്ങൾ വരുമ്പോൾ അതിന് വിധേയമായി നാടിന് ദോഷകരമല്ലാത്ത സംവിധാനങ്ങൾ ഉപയോഗിക്കുക എന്നുള്ളതാണ് സർക്കാർ നിർദ്ദേശിക്കുന്നത്. ഇത് ഏതെങ്കിലും പ്രത്യേക കമ്പനിയാണോയെന്ന രീതിയിലുള്ള സൂചന സംസാരത്തിൽ ഉണ്ടായിരുന്നു. അങ്ങനെയൊന്നുമില്ല. അങ്ങനെയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റ് ഈ പോളിഎഥിലീൻ ഉപയോഗിക്കാൻവേണ്ടി ഉത്തരവിറക്കേണ്ട കാര്യമുണ്ടായിരുന്നില്ലല്ലോ. ഇത് പ്രകൃതി സൗഹൃദമായി, കേരളത്തിന്റെ മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻവേണ്ടി സ്വീകരിക്കുന്ന നടപടിയാണ്, ഇതിൽ പിടിവാശിയുടെ പ്രശ്നമൊന്നുമില്ല.

## IV സബ്മിഷൻ

### 1. ആലപ്പുഴ ബൈപ്പാസ് നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഗാതഗതക്കുരുക്കു മൂലമുണ്ടാകുന്ന പ്രശ്നങ്ങളാലാണ് ആലപ്പുഴയിലെ ജനങ്ങൾ ഏറ്റവും കൂടുതൽ പ്രയാസപ്പെടുന്നത്. വളരെക്കാലമായി ആലപ്പുഴ ബൈപ്പാസിനുവേണ്ടി ജനകീയ സമ്മർദ്ദങ്ങളും ജനപ്രതിനിധികളുടെ കൂട്ടായ പരിശ്രമങ്ങളും നടന്നിട്ടുണ്ട്. ശ്രീ. കെ. സി. വേണുഗോപാൽ എം.പി.- ആയിരുന്ന കാലത്താണ് അന്നത്തെ

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉപരിതല ഗതാഗത വകുപ്പുമന്ത്രിയായ ശ്രീ. കമൽ നാഥുമായി ഡൽഹിയിൽ വച്ച് ഇതുസംബന്ധിച്ച് ചർച്ച ചെയ്തത്; ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അതിൽ കേന്ദ്ര ഗവൺമെന്റ് അൻപത് ശതമാനവും സംസ്ഥാന ഗവൺമെന്റ് അൻപത് ശതമാനവുമെന്നുള്ള നിലയിലാണ് പദ്ധതി തുടങ്ങാൻ തീരുമാനിച്ചത്. എല്ലാ നാഷണൽ ഹൈവേയുടെയും പ്രവർത്തനങ്ങൾ നടക്കുന്നതുപോലെതന്നെ ഇതിനും പലതരത്തിലുള്ള കാലതാമസമുണ്ടായി. ബൈപ്പാസ് തുറന്നുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 44 ദിവസമായി 'We want bypass' എന്ന സംഘടനയുടെ നേതൃത്വത്തിൽ സമരം നടക്കുകയാണ്. റെയിൽവേയുടെ എന്തോ ചെറിയ തകരാറുകൊണ്ടാണ് ഇത് നടക്കാത്തതെന്നാണ് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ കണ്ടത്. ബൈപ്പാസിന്റെ പ്രവർത്തനം മാസങ്ങളായി ഇഴഞ്ഞുനീങ്ങുകയാണ്. ദിവസം ചെല്ലുംതോറും ഗതാഗതക്കുരുക്ക് ഏറിവരികയാണ്. നഗരത്തിലെ ജനങ്ങളും വ്യാപാരികളും ഗതാഗതക്കുരുക്കുമൂലം പ്രയാസപ്പെടുന്നു. തിരുവനന്തപുരത്തുനിന്നും ആലപ്പുഴവഴി എറണാകുളത്തേയ്ക്ക് പോയാൽ വളരെയേറെ കാലതാമസമുണ്ടാകുന്നുവെന്നുള്ളത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലം കൂടിയാണ്; പക്ഷെ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് എന്ന നിലയിൽ അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളും ഈ സമരങ്ങളും ഇടയ്ക്കിടയ്ക്ക് അവിടെയുണ്ടാകുന്ന പ്രതിഷേധങ്ങളുമെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എത്രയും പെട്ടെന്ന് ആലപ്പുഴ ബൈപ്പാസ് തുറന്നുകൊടുത്ത് ജനങ്ങളെ സംരക്ഷിക്കുകയും ഗതാഗതക്കുരുക്ക് ഒഴിവാക്കുകയും ചെയ്യണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ആലപ്പുഴ ബൈപ്പാസിന്റെ ഗതാഗത പ്രാധാന്യത്തെപ്പറ്റി പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ചത് നൂറ് ശതമാനം ശരിയാണ്. പക്ഷേ അവിടെ 44 ദിവസമായി ആരും സമരം ചെയ്യുന്നില്ല. അവിടെ പൊളിറ്റിക്കൽ പാർട്ടി അടുത്ത കാലത്ത് സമരം ചെയ്തിരുന്നു. 44 ദിവസമായിട്ട് അവിടെയൊന്നും ഒരു സമരവുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, മിനിഞ്ഞാന്ന് ആലപ്പുഴ പോയപ്പോഴാണ് അവർ എനിക്ക് നിവേദനം തന്നത്. We want bypass എന്നുപറയുന്നത് ചെറുപ്പക്കാരുടെ ഒരു കൂട്ടായ്മയാണ്. അവർ അവിടെ സമരം ചെയ്യുന്നു.

ശ്രീ. ജി. സുധാകരൻ: സർ, അവർ നിവേദനം തന്നുവെന്നുപറയുന്നത് ശരിയാണ്. ഒന്നുരണ്ടു ദിവസമൊക്കെ സമരമുണ്ടായിരുന്നു. അങ്ങ് ഉന്നയിച്ച കാര്യത്തിനാണ് ഞാൻ മറുപടി പറയുന്നത്. ഇത് 40 വർഷം മുമ്പ് ആരംഭിച്ച ഒരു പദ്ധതിയാണ്. ശ്രീ. കെ. സി. വേണുഗോപാൽ ചില കാര്യങ്ങൾ ചെയ്തിരുന്നുവെന്നുള്ളത് ശരിയാണ്; പക്ഷെ അദ്ദേഹത്തിനും കേന്ദ്രാധികാരം ഉപയോഗിച്ച് കാര്യമായിട്ടൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ പതിനഞ്ച് ശതമാനം നിർമ്മാണം പൂർത്തിയായിരുന്നു. കേരളമാകെ ചർച്ച ചെയ്ത ഒരു കാര്യമാണ് ഞാൻ പറയുന്നത്. ഭൂമിക്ക് മുകളിലേയ്ക്കുള്ള പണി ചെയ്തിട്ടില്ല, പക്ഷെ താഴെയുള്ള പില്ലറുകളെല്ലാം ഇട്ടിരുന്നു, ഒരു ചെറിയ റോഡും പോകുന്നു, ഇത്രയേയുണ്ടായിരുന്നുള്ളൂ. അതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇപ്പോൾ 98 ശതമാനം നിർമ്മാണം കഴിഞ്ഞു. ആ പതിനഞ്ച് ശതമാനം മൈനസ് ചെയ്താൽ ബാക്കിമുഴുവൻ ഈ മൂന്ന് വർഷംകൊണ്ട് ചെയ്തതാണ്. രണ്ട് ഗർഡറുകളൊഴിച്ച് മറ്റ് ഗർഡറുകളെല്ലാം വച്ച് നല്ല രീതിയിൽ ചെയ്തിരിക്കുകയാണ്. ഈ ഭീമാകാരമായിട്ടുള്ള പാലത്തിന്റെ കീഴിൽ വന്നുനിന്നുകൊണ്ട് We want bypass എന്ന് പറയുകയാണ്. ബൈപ്പാസല്ലേ അവിടെ ഇരിക്കുന്നത്. ആ രണ്ട് ഗർഡറുകൾ വയ്ക്കാനുള്ള ഒഴിഞ്ഞ സ്ഥലത്തല്ല അവർ നിൽക്കുന്നത്, നാണവും മാനവുമുള്ളവർ അങ്ങനെ പറയുമോ? അങ്ങ് അവരെ സപ്പോർട്ട് ചെയ്യരുത്. നിയമസഭ ആയതുകൊണ്ട് രൂക്ഷമായ ഭാഷ ഉപയോഗിച്ചാൽ പത്രക്കാർക്ക് ഒരു കോളമാകും എന്നതുകൊണ്ട് ഞാൻ പറയുന്നില്ല. We want bypass, അവർക്ക് എന്താണ്? നമ്മളല്ലേ ബൈപ്പാസ് പണിയുന്നത്. അങ്ങ് ഇന്ന് ഉന്നയിച്ചത് വളരെ നന്നായി, കൃത്യസമയത്താണ് അങ്ങ് ഉന്നയിച്ചിരിക്കുന്നത്. ഒരു crucial സ്ഥലമാണ്. ഇത് കേരളത്തിന്റെ മൊത്തം ആവശ്യമാണ്. ഈ ബൈപ്പാസ് വന്നുകഴിഞ്ഞാൽ കേരളത്തിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പോകാം. അത് വളരെ കറക്ടാണ്. അങ്ങേയ്ക്ക് അറിയാമല്ലോ, അങ്ങയുടെ ഗവൺമെന്റല്ലേ ഇത് കൈകാര്യം ചെയ്തത്. 348.43 കോടി രൂപയിൽ അൻപത് ശതമാനം സംസ്ഥാന സർക്കാരിന്റെ ഫണ്ടാണ്. സെൻട്രൽ ഗവൺമെന്റ് പൂർണ്ണമായി പണിയേണ്ടത് അവർ പണിയുന്നില്ല. അതുകൊണ്ടാണ് നിങ്ങളുടെ കാലത്തെ ഗവൺമെന്റ് ഇത് അംഗീകരിച്ച് പ്രവൃത്തി ആരംഭിച്ചത്. റെയിൽവേയ്ക്ക് സെമീസ്പീഡ് ട്രെയിനിന് അൻപത് ശതമാനം തുക കൊടുക്കേണ്ടി വന്നില്ലേ; കേന്ദ്രത്തിൽ വന്ന മാറ്റങ്ങൾ കാരണം നാഷണൽ ഹൈവേയ്ക്ക് ഇരുപത്തിയഞ്ച് ശതമാനം തുക കൊടുക്കേണ്ടി വന്നില്ലേ? നമ്മൾ അൻപത് ശതമാനം കൃത്യമായി കൊടുത്തു. ഇങ്ങനെ വരവേ റെയിൽവേയുടെ മുകളിൽകൂടി രണ്ട് ഗർഡർ എടുത്തു.

അതിന് ഇന്ത്യ മൊത്തം അവർക്കേ അധികാരമുള്ളൂ, അത് അങ്ങനെയാണ്. പാർലമെന്റ് മെമ്പർ വരെയായിരുന്ന ആളല്ലേ അങ്ങ്, അതുകൊണ്ട് അങ്ങേയ്ക്ക് അറിയാമല്ലോ. അവരാണ് ഗർഡറുണ്ടാക്കിയിരിക്കുന്നത്. അവർ പറയുന്നത് ഡൽഹി, ഹൈദരാബാദ് എന്നിവിടങ്ങളിലെ വർക്ക് ഷോപ്പുകളിലാണ് ഇത് നിർമ്മിച്ചതെന്നാണ്. അവർ പതിനേഴ് തവണ ഇൻസ്പെക്ഷൻ നടത്തി. അത് നടത്തണം, അതിൽ ഒരു പ്രശ്നവുമില്ല. ഗർഡർ ആലപ്പുഴ കൊണ്ടുവച്ചു, യാതൊരു പ്രശ്നവുമില്ല. കൊണ്ടുവച്ച് ആറ് മാസക്കാലം കഴിഞ്ഞപ്പോൾ ഇതിൽ ചെറിയ പ്രശ്നമുണ്ടെന്ന് പറയുകയാണ്. എന്നാൽ പ്രശ്നമെന്താണെന്ന് പറയുകയോ രേഖാമൂലം എഴുതിത്തരുകയോ ചെയ്തില്ല. അങ്ങനെ അവിടെ ഏകദേശം ഒരു വർഷമിരുന്നു. ഇതിനിടയ്ക്ക് ഇതിന്റെ ഫീ ഇളവ് ചെയ്തുതരാൻ നമ്മൾ കത്തുകൊടുത്തു. ഇൻസ്റ്റലേഷൻ മാറ്റുന്നതിന് ഇനി ഏഴ് കോടി രൂപ അടയ്ക്കണം. അത് ദക്ഷിണ റെയിൽവേ അംഗീകരിച്ച് എക്സംപ്ഷൻ തന്നു. പക്ഷെ നാലുമാസം കഴിഞ്ഞ് ആ എക്സംപ്ഷൻ കാൻസൽ ചെയ്തുവെന്ന് കേന്ദ്ര റെയിൽവേ ബോർഡ് പറയുകയാണ്. പിന്നീട് നമ്മൾ ആ ഏഴ് കോടി രൂപ അടച്ചു. കരാർപ്രകാരം നമ്മൾ മൂന്നര ലക്ഷം രൂപയും അവർ മൂന്നര ലക്ഷം രൂപയുമാണ് അടയ്ക്കേണ്ടത്. പക്ഷെ പത്ത് പൈസ അവർ അടച്ചില്ല. നമ്മുടെ ആവശ്യമായതുകൊണ്ട് നമ്മൾ ഏഴ് കോടി രൂപയും അടച്ചു. എപ്പോഴെങ്കിലും അഡ്ജസ്റ്റ് ചെയ്യുമായിരിക്കും. ഇത്രയും ദ്രോഹങ്ങളാണ് കേന്ദ്ര ഗവൺമെന്റും റെയിൽവേയും ചെയ്തത്; ഇപ്പോഴും ചെയ്തു കൊണ്ടിരിക്കുകയാണ്. എന്നിട്ട് ഗർഡർ കൊണ്ടുവച്ചു, അവർ അനങ്ങുന്നില്ല. ഒടുവിൽ ഞാൻ ഒക്ടോബർ മാസം പകുതിയിൽ അതിന്റെ കീഴിൽ ഒരു പത്രസമ്മേളനം നടത്തി. ഞാൻ മെഴുകുതിരിയൊന്നും കത്തിച്ചുവച്ച് സമരം നടത്താൻ പോയില്ല. ഒരു മണിക്കൂർകൊണ്ട് എല്ലാ പത്രങ്ങളിലും നന്നായി വാർത്തവന്നു. അതിനുശേഷമാണ് മലയാള മനോരമയൊക്കെ റെയിൽവേയുടെ കുഴപ്പം മനസ്സിലാക്കി ശക്തമായി ക്യാമ്പയിൻ ചെയ്തത്. അതേസമയം ഞാൻ ശ്രീ. പീയൂഷ് ഗോയലിന് മെസേജും അയച്ചു. അദ്ദേഹം ഇടപെട്ട് കാര്യങ്ങൾ വേഗത്തിൽനടന്നു. അതുകഴിഞ്ഞ് പത്തുദിവസം കഴിഞ്ഞപ്പോൾ റെയിൽവേയുടെ ഉദ്യോഗസ്ഥന്മാർ വന്ന് പരിശോധിച്ച് ഇന്നതാണ് മാറ്റം വരുത്തേണ്ടത് എന്നുപറഞ്ഞു. കൊണ്ടുവച്ച ഗർഡർ തിരിച്ചുകൊണ്ടുപോകണ്ട ആവശ്യമില്ലെന്ന് അപ്പോഴാണ് മനസ്സിലായത്: ഞാൻ അങ്ങനെയാണ് ധരിച്ചത്. അതിന്റെ ബോൾട്ട് അഴിച്ചുമാറ്റി അതിന് വ്യാസം വരുത്തണം, കാര്യം ഇത്രയേയുണ്ടായിരുന്നുള്ളൂ. പക്ഷെ ഇത് പറയാൻ അവർ ഒന്നര വർഷമെടുത്തു.

മനഃപൂർവ്വം ചെയ്തതാണ്. കേരളത്തിന്റെ ദേശീയപാത വികസനം ഇപ്പോൾ അന്ത്യനിമിഷത്തിലേയ്ക്ക് കടക്കുകയാണ്. അവർ ചെയ്തോ? ഒപ്പിട്ടതിനുശേഷം നവംബർ 11-ന് പൊട്ടിക്കേണ്ടത് പൊട്ടിച്ചില്ല. ഡിസംബർ 11-ലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയി കണ്ട് കരാർ ഒപ്പിട്ടതാണ്, അത് നല്ലൊരു ഡെവലപ്മെന്റാണ്. പരമാവധി അവർ ചെയ്യുകയാണ്, അതിന്റെ ഫലമായിട്ടാണ് ചെയ്തതെന്ന് മനസ്സിലാക്കാതെ We want bypass എന്നുപറയുകയാണ്, എവിടെനിന്നാണ്? കേന്ദ്ര ഗവൺമെന്റിൽ അത് സംസാരിക്കാൻ ആളില്ലെങ്കിൽ ഈ കേരളം നിലനിൽക്കില്ല. അവർക്കെതിരെ സമരം ചെയ്താണ് കേരളം വളർന്നുവന്നത്, ആ സമരം മറന്നുപോയവർ.., അങ്ങ് മറന്നുവെന്ന് ഞാൻ പറഞ്ഞിട്ടില്ല, സൂക്ഷിക്കണം. ഇതാണ് സംഭവിച്ചത്. നൂറ് ശതമാനം നമ്മൾ ശരിയാണ്. ഇനി അങ്ങ് പറഞ്ഞ മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുകയാണ്. ഞാൻ അതിന്റെ യഥാർത്ഥ കാര്യമാണ് പറഞ്ഞത്. മൊത്തത്തിൽ 6.8 കിലോമീറ്ററാണ് ദേശീയപാത വരുന്നത്. അതിൽ 3.2 കിലോമീറ്റർ ബൈപ്പാസ് റോഡാണ് ബീച്ചിന്റെ മുകളിൽക്കൂടി കടന്നുപോകുന്നത്. അത് വളരെ മനോഹരമായിരിക്കും. ഒരു ബീച്ചിന്റെ മുകളിൽക്കൂടി കടന്നുപോകുന്ന അത്രയും കിലോമീറ്റർ ബൈപ്പാസ് റോഡ് കേരളത്തിലില്ല. ഈ പദ്ധതിക്ക് മൊത്തം ചെലവ് 348.43 കോടി രൂപ. 50% സംസ്ഥാന സർക്കാരും 50% കേന്ദ്രസർക്കാരും. 2015 ഫെബ്രുവരി 11-ന് കരാറിൽ ഒപ്പിട്ടതാണ്. അതിന്റെ കാലാവധി 2017 ഒക്ടോബർ 14 വരെയായിരുന്നു. കേന്ദ്രഗവൺമെന്റ് നിശ്ചയിച്ച ഒരു അതോറിറ്റി എഞ്ചിനീയറാണ് ഇതിന് മേൽനോട്ടം വഹിക്കേണ്ടത്. ആ വ്യക്തിയെ അവിടെ കാണാനില്ല, അയാൾ വരികയില്ല. അതോറിറ്റി എഞ്ചിനീയറെ നിയമിക്കുന്നതിന് ഒരുപാട് കാലതാമസമുണ്ടായി. റെയിൽവേയിൽ നിന്ന് ആർ.ഒ.ബി. ഭാഗത്തെ അലൈൻമെന്റ് പുതുക്കുന്നതിനും വളരെയധികം കാലതാമസമുണ്ടായി. ഒരു ആൽമരം ഉണ്ടായിരുന്നു. അത് ദൈവമാണെന്ന് പറഞ്ഞ് ആ മരത്തെ കുറച്ചുപേർ കെട്ടിപ്പിടിച്ച് അവിടെയിരുന്നു, മുറിക്കാൻ അനുവദിച്ചില്ല. ആൽമരം വേരോടെ പിഴുതുമാറ്റാൻ പുറത്തുനിന്ന് പണം പിരിച്ചുകൊടുത്തു. അത് ബി.ജെ.പി.-ക്കാരുടെ പരിപാടിയായിരുന്നു. പണ്ട് ഏതോ പ്രാവ് കാഷ്ഠിച്ചുണ്ടാക്കിയ ആൽമരമാണത്. അല്ലാതെ അവിടെയെങ്ങും ആൽമരമില്ലായിരുന്നു. നമ്മുടെ നാടിന്റെ സങ്കീർണ്ണമായ സ്ഥിതിയെപ്പറ്റിയാണ് പറയുന്നത്. ആ ആൽമരം കൊണ്ടുപോയി വേറെ സ്ഥലത്ത് സ്ഥാപിച്ചു. കേന്ദ്ര ഗവൺമെന്റിൽനിന്നും ചില താല്പര്യക്കാരിൽ നിന്നുമുണ്ടായ എതിർപ്പുകൾ അതിജീവിച്ച് മുന്നോട്ടുപോയി. സ്ലിപ്പ് റോഡ്, ഇന്റർലോക്ക് പേമെന്റ് തുടങ്ങിയ

പ്രവൃത്തികൾ പുതിയതായി നിർദ്ദേശിച്ചു. അവയെല്ലാം പിന്നീട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടിയുംവന്നു. അങ്ങനെ 2019 ഏപ്രിൽ 15 വരെ കാലാവധി നീട്ടിക്കൊടുത്തു. ആ കാലാവധിയും കഴിഞ്ഞു. ഇപ്പോൾ പ്രവൃത്തി 98% പൂർത്തിയായിട്ടുണ്ട്. ഗർഡർ എടുത്തുവച്ച് രണ്ട് ഭാഗത്തുമുള്ള അപ്രോച്ച് റോഡ് ഒന്നുകൂടി മനോഹരമാക്കി. കളറോഡിലും കൊമ്മാടിയിലും ജംഗ്ഷൻ വന്നിട്ടുണ്ട്. അത് ഒന്നുകൂടി ഡെവലപ് ചെയ്യണം. 98.6 ശതമാനം നിർമ്മാണ പ്രവൃത്തിയാണ് യഥാർത്ഥത്തിൽ പൂർത്തീകരിച്ചിരിക്കുന്നത്. റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തിയാണ് ബാക്കിയുള്ളത്. അതിന്റെ കാര്യമെല്ലാം ഞാൻ പറഞ്ഞു. റെയിൽവേ പറഞ്ഞതുപോലെ ഫാബ്രിക്കേറ്റ് ചെയ്തു. റെയിൽവേ അത് പരിശോധിക്കുകയും കുഴപ്പമില്ലെന്ന് പറയുകയും ചെയ്തു; അവസാനം കുഴപ്പമാണെന്ന് പറയുകയും ആ കുഴപ്പം എന്താണെന്ന് പറയാതിരിക്കുകയും ചെയ്തു. ആറ് മാസം കഴിഞ്ഞ് നമ്മൾ ഇക്കാര്യം ശക്തിയായി ഉന്നയിക്കുകയും കേന്ദ്രമന്ത്രി ശ്രീ. പീയൂഷ് ഗോയലിനെ നേരിട്ട് ബന്ധപ്പെടുകയും ചെയ്തപ്പോൾ അദ്ദേഹം ഇക്കാര്യം കൈകാര്യം ചെയ്ത് എന്താണ് കുഴപ്പമെന്ന് അറിയിക്കുകയും ചെയ്തു. അങ്ങനെ ആ ബോൾട്ടുകൾ ഇളക്കി. ഇവിടെ റെയിൽവേ മന്ത്രിക്ക് എന്താണ് അധികാരം; നമ്മുടെ താല്പര്യങ്ങൾ മൊത്തത്തിൽ നോക്കാൻ വേണ്ടിയാണ്, അവരുടെ അധികാരങ്ങൾ നമ്മൾ ഡെലിക്കേറ്റ് ചെയ്തിട്ടില്ല. ശ്രീ. പീയൂഷ് ഗോയലിനോട് പറഞ്ഞപ്പോൾ അദ്ദേഹം അവസാനം ഇക്കാര്യത്തിൽ ഇടപെട്ടു, മാറ്റങ്ങൾ ഉണ്ടായി. റെയിൽവേ തിരുത്തലുകൾ വേണമെന്ന് പറഞ്ഞു, ആ തിരുത്തൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചെന്നൈയിലേയ്ക്ക് അയച്ചു; അദ്ദേഹം സംസാരിച്ചു. ആലപ്പുഴയിൽ വച്ച് റെയിൽവേ ഉദ്യോഗസ്ഥരും ഞാനുമായി ചർച്ച ചെയ്തു. ഗർഡറുകളുടെ precamber അളവിലുള്ള വ്യത്യാസം പരിഹരിക്കാൻ ബോൾട്ട് അഴിച്ചുമാറ്റി റീഫിറ്റ് ചെയ്യുന്ന നടപടിയാണ് അടുത്തത്. അത് ഉദ്ദേശിച്ചതുപോലെ നടന്നാൽ നമുക്ക് മൂന്ന് മാസംകൊണ്ട് കമ്മീഷൻ ചെയ്യാൻ കഴിയും. അവർ മന:പൂർവ്വം കാലാവധി നീട്ടിക്കൊണ്ട് പോകുകയാണെന്നാണ് ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത്. അതിന് ഉദാഹരണമാണ് ആലപ്പുഴ റെയിൽവേ. അത് പറയാൻ നമ്മൾ ഒറ്റക്കെട്ടായി നിൽക്കുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് ഇതിനുവേണ്ടി ഒരുതുള്ളി വിയർപ്പൊഴുക്കാത്ത ആളുകൾ 'we want by-pass, we want by-pass' എന്നുപറഞ്ഞ് ബൈപ്പാസിന്റെ ബോർഡിന് കീഴിൽനിന്ന് സംസാരിക്കുന്നത്. നേരെമറിച്ച് ആ റെയിൽവേ സ്റ്റേഷനുമുമ്പിൽ പോയി

റെയിൽവേയുടെ തോന്ന്യാസമാണെന്ന് പറയാൻ ആരെങ്കിലുമുണ്ടോ? അത് ആർക്കും അറിയുകയുമില്ല. ഇക്കാലത്ത് ഇതൊന്നും ആരും പഠിക്കുന്നില്ല. നമ്മുടെ രാജ്യത്തെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ പ്രധാന വിഷയമാണിത്. രാജ്യം മുഴുവൻ സെമിനാറും മീറ്റിംഗും കോൺഫറൻസും സമരവും നടന്ന കാര്യമാണ്. കൊച്ചി കപ്പൽ നിർമ്മാണശാലയ്ക്കുവേണ്ടി പ്രക്ഷോഭം നടത്തിയത് ഓർമ്മയുണ്ട്; ഞാൻ അന്ന് കോളേജിൽ പഠിക്കുകയായിരുന്നു. സമയോചിതമായി ഉന്നയിച്ചതിൽ നന്ദിയുണ്ട്. ഇക്കാര്യത്തിൽ കാലതാമസം പാടില്ലെന്ന് നമ്മൾ ഒറ്റക്കെട്ടായി കേന്ദ്രത്തോട് ആവശ്യപ്പെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

(2) <u>സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത് ആധുനിക വൈദ്യശാസ്ത്രത്തിൽ തീവ്രപരിചരണ വിഭാഗത്തിന്റെ പങ്കിനെ നിഷേധിച്ചുകൊണ്ടോ രോഗികളുടെ ജീവൻ രക്ഷിക്കാൻ കഠിന പരിശ്രമം നടത്തുന്ന ഡോക്ടർമാരുടെയോ നഴ്സുമാരുടെയോ സേവനത്തെ വിലകുറച്ച് കണ്ടുകൊണ്ടോ അല്ല. ഐ.സി.യു. എന്നത് താരതമ്യേന വൈദ്യശാസ്ത്രത്തിലെ പുതിയ ആശയമാണ്. 1950-ലാണ് ആദ്യത്തെ ഐ.സി.യു. നിലവിൽ വന്നത്. അന്നുതൊട്ടിന്നോളം മരിച്ചുപോകുമായിരുന്ന എത്രയോ മനുഷ്യർ ഐ.സി.യു.-വിലെയും സി.സി.യു-വിലെയും സാങ്കേതിക വിദ്യയുടെയും അവിടെ ജോലിനോക്കുന്ന സേവന സന്നദ്ധരായ ഡോക്ടർമാരുടെയും നഴ്സ്മാരുടെയും മറ്റ് ടെക്നീഷ്യൻമാരുടെയും മികച്ച ആശുപത്രി മാനേജ്മെന്റിന്റെയും പ്രവർത്തനഫലമായി ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നിട്ടുണ്ട്. എന്നാൽ ഐ.സി.യു.-വിലെ ചികിത്സകൊണ്ട് ഒരു മെച്ചവുമുണ്ടാകുകയില്ലെന്ന് ഡോക്ടർമാർക്ക് പൂർണ്ണബോധ്യമുള്ള കേസുകളിൽപോലും നിസ്സഹായനായ രോഗിയെ വൈദ്യശാസ്ത്രേതര കാരണത്താൽ ഐ.സി.യു.വിലും സി.സി.യു.വിലും അഡ്മിറ്റ് ചെയ്യുന്ന പ്രവണത പല സ്വകാര്യ ആശുപത്രികളിലും വർദ്ധിച്ചുവരുന്നുണ്ടെന്നത് ഗൗരവമേറിയ കാര്യമാണ്. ഇതുകാരണം, ഇത്തരം രോഗികൾക്ക് ഭീമമായ ചികിത്സാ ചെലവുകൾ വഹിക്കേണ്ടതായി വരും. നിർദ്ധന കുടുംബത്തിന്റെ എല്ലാ സമ്പാദ്യവും ഈ ഒറ്റ ചികിത്സകൊണ്ട് നഷ്ടപ്പെടും. ഇത്തരം വാർഡുകളിൽ ബന്ധുക്കൾ അടിക്കടി പ്രവേശിക്കുന്നത് ഇൻഫെക്ഷനുണ്ടാകാനിടയാകുമെന്നതിനാൽ ചികിത്സയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നത് ശരിയാണ്. അതിനാൽ ഉറ്റവരെ കണ്ട് മരിക്കാൻപോലും വിധിയില്ലാത്തവരാണ് പലപ്പോഴും ഇവിടെ പ്രവേശിപ്പിക്കപ്പെട്ട രോഗികൾ. ഇത്തരത്തിൽ അഡ്മിറ്റ് ചെയ്യപ്പെടുന്ന രോഗിയുടെ രോഗാവസ്ഥ സംബന്ധിച്ചോ എന്തെല്ലാം ചികിത്സ നൽകുന്നുവെന്നത്

സംബന്ധിച്ചോ പലപ്പോഴും ബന്ധുക്കൾക്ക് കൃത്യവും സത്യസന്ധവുമായ വിവരം ലഭിക്കുന്നില്ല. മരണം ആസന്നമായ കേസ്സുകളിൽപോലും ആശുപത്രികൾ സാമ്പത്തികലാഭം നോക്കി രോഗികളെയും ബന്ധുക്കളെയും പറഞ്ഞു വിശ്വസിപ്പിച്ച് സി.സി.യു., ഐ.സി.യു. എന്നിവയിൽ പ്രവേശിപ്പിക്കുന്ന ചുരുങ്ങിയ കേസ്സുകളെങ്കിലും ഉണ്ടാകുന്നുണ്ടെന്ന ധാരണ പൊതുവെയുണ്ട്. മാത്രമല്ല, മരണമടഞ്ഞ രോഗികളെപോലും അതിനുശേഷവും ഇത്തരം വാർഡുകളിൽ സൂക്ഷിച്ചുവെന്നതിന്റെ പേരിൽ ചുരുക്കം ചില സംഘർഷങ്ങളെങ്കിലും ആശുപത്രി അധികൃതരും ബന്ധുക്കളും തമ്മിലുണ്ടാകാറുണ്ട്. ഇത് ഒഴിവാക്കാൻ രോഗികൾക്ക് എന്തെല്ലാം ചികിത്സ ലഭിക്കുന്നു; എപ്പോഴെല്ലാം പരിചരണം ലഭിക്കുന്നു; അവരുടെ രോഗാവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നെല്ലാം വിലയിരുത്തുന്നതിന് ബന്ധുക്കൾക്ക് സൗകര്യമൊരുക്കണം. ഇത്തരം വാർഡുകളിൽ നൽകുന്ന ചികിത്സ സംബന്ധിച്ച് ബന്ധുക്കൾക്കുകൂടി സുതാര്യമായ അറിവ് നൽകേണ്ടത് ആശുപത്രി അധികൃതരുടെ ഉത്തരവാദിത്വമാണ്. നമ്മുടെ നാട്ടിൽ സുപരിചിതമല്ലെങ്കിലും മറ്റുപല വിദേശ രാജ്യങ്ങളിലും സി.സി.യു., ഐ.സി.യു. വാർഡുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് വിവരം യഥാസമയം ബന്ധുക്കൾക്ക് ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് അവിടെ കിടക്കുന്ന രോഗികൾക്ക് ആത്മവിശ്വാസമുണ്ടാക്കും. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇന്നലത്തെ ഒരു ന്യൂസാണ്, 'പ്രിയപ്പെട്ടവൾക്ക് കരുത്തേകാൻ പ്രസവ സമയത്ത് കൂട്ടിരിക്കാം'. അവരുടെ കൂടെ വീട്ടുകാരോ ഭർത്താവോ ഭാര്യയോ ഇരിക്കുന്നത് വളരെ സൗകര്യമുള്ള കാര്യമാണ്. അത് രോഗികൾക്ക് ഒരു ആത്മവിശ്വാസമുണ്ടാക്കും. അതുകൊണ്ട് രോഗിയുടെ മരണം സംബന്ധിച്ച് എന്തെങ്കിലും സംശയമുണ്ടാകുന്ന കേസ്സുകളിൽ ഇത്തരം സി.സി.ടി.വി. ദൃശ്യങ്ങൾ തെളിവായി സ്വീകരിക്കാറുണ്ട്. ഇന്ത്യയിൽ, ഉത്തരാഖണ്ഡിലെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് പോലീസ് നിർദ്ദേശം നൽകിയിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യരംഗത്ത് വർദ്ധിച്ചുവരുന്ന മോശം പ്രവണത തടയുന്നതിന്റെ ഭാഗമായി രോഗിയുടെ സ്വകാര്യത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ സാധ്യതകൾകൂടി പരിശോധിച്ചുകൊണ്ട് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലുൾപ്പെടെ ഐ.സി.യു., സി.സി.യു. വാർഡുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഐ.സി.യു.-വിൽ കിടക്കുന്ന

രോഗിയുടെ വിവരം കൃത്യസമയത്ത് അറിയുകയെന്നുള്ളത് ബന്ധുക്കളുടെ അവകാശമാണ്. കമ്മ്യൂണിക്കേഷൻ സിസ്റ്റം പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആശുപത്രികളുടെ ഐ.സി.യു.-കളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നത് രോഗികളുടെ സ്വകാര്യതയെ ബാധിക്കുന്ന വിഷയമായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. അത്യാസന്ന നിലയിലുള്ള രോഗികളും അപകടങ്ങളിൽപ്പെട്ട് ഗുരുതരമായ പരിക്കുപറ്റിയവരുമാണ് ഐ.സി.യു.-വിൽ ചികിത്സിക്കപ്പെടുന്നത്. Urinary bladder, Catheterization, Lumbar puncture, Endotracheal intubation തുടങ്ങിയ ചികിത്സാരീതികൾ രോഗിക്ക് അവലംബിക്കേണ്ടതായി വരുന്നുണ്ട്. ഇതുകൂടാതെ cardiac arrest ഐ.സി.യു.-വിൽ സംഭവിക്കുമ്പോൾ സി.പി.ആർ. (Cardiacpulmonary resuscitation) കൊടുത്ത് റെസിസ്റ്റ് ചെയ്യുക എന്ന സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഐ.സി.യു.-വിൽ സി.സി.ടി.വി വയ്ക്കുന്നപക്ഷം ഇവയൊക്കെ ഐ.സി.യു.വിന്റെ പുറത്തുള്ള രോഗികളുടെ ബന്ധുക്കളല്ലാത്ത മറ്റുള്ളവരും കാണാനിടയാകും. ഇത് ചികിത്സാരീതികളുമായി ബന്ധമില്ലാത്ത മറ്റുള്ളവർ കാണുന്നത് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് വഴിവയ്ക്കും. അതുകൊണ്ട് അത് ഉചിതമല്ലെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. എന്നാൽ ഐ.സി.യു, സി.സി.യു.-കളിലുള്ള രോഗികളുടെ ആരോഗ്യനില ബന്ധുക്കളെ യഥാസമയങ്ങളിൽ അറിയിക്കുന്നതിനുള്ള സംവിധാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഒരു കമ്മ്യൂണിക്കേഷൻ സിസ്റ്റം പുറത്ത് സ്ഥാപിക്കണമെന്നാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ട്രോമാകെയർ സംവിധാനത്തിൽ തുടങ്ങുകയാണ്. AIMS- ഡൽഹിയിൽ ആ സംവിധാനമുണ്ട്. അതാത് സമയത്ത് രോഗികളുടെ അവസ്ഥ എന്താണെന്നുള്ളത് ഒരു എൽ.ഇ.ഡി. സ്ക്രീനിൽ കാണിക്കുക, നിശ്ചിത ഇടവേളകളിൽ വളരെ ഹൈജീനിക്കായി എല്ലാം സംരക്ഷിച്ചുകൊണ്ടുതന്നെ ബന്ധുക്കൾക്ക് കാണാനുള്ള അവസരം കൊടുക്കുക തുടങ്ങിയവയാണ്. അത്തരത്തിലുള്ള Patient Information System ആധുനികവൽക്കരിക്കാൻ ഗവൺമെന്റ് ഹോസ്പിറ്റലിൽ തീരുമാനിച്ചിട്ടുണ്ട്. പ്രൈവറ്റ് ഹോസ്പിറ്റലിനെക്കൂടി അതിന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആക്ഷേപങ്ങളുണ്ടാകുന്നത് സ്വകാര്യ ആശുപത്രികളിലാണ്. ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ഇതിനകത്തുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ അനുസരിച്ച് രജിസ്ട്രേഷൻ ചെയ്യുന്നതോടുകൂടി കുറെക്കാര്യങ്ങളിൽ കുറച്ചുകൂടി നിയന്ത്രണം വരും. ഏതായാലും Patient Information System മെച്ചപ്പെടുത്താൻ ശ്രമിക്കുകയും അത് പ്രൈവറ്റ് ഹോസ്പിറ്റലിൽകൂടി പാലിക്കാൻ അവർക്ക് നിർദ്ദേശം നൽകുകയും ചെയ്യാവുന്നതാണ്. സി.സി.ടി.വി. സ്ഥാപിക്കുക എന്നത് പ്രായോഗികമല്ല എന്നതാണ് എനിക്ക് പറയാനുള്ളത്.

(3) കായംകുളം താലൂക്ക് രൂപീകരണം

ശ്രീമതി യു. പ്രതിഭ: സർ, കായംകുളം മണ്ഡലനിവാസികളുടെ ഏകദേശം അഞ്ചര പതിറ്റാണ്ടുകാലത്തെ ഒരു ആഗ്രഹമാണ് കായംകുളം താലൂക്ക്. ഞാനും ഞാൻ വരുന്നതിനുമുമ്പുള്ള ജനപ്രതിനിധികളടക്കം എല്ലാവരും നിരവധി തവണ ഈ വിഷയം മാറിമാറി വരുന്ന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടും നാളിതുവരെ ഇത് യാഥാർത്ഥ്യമായിട്ടില്ല. മധ്യതിരുവിതാംകൂറിലെ ഒരു പ്രധാന വാണിജ്യ കേന്ദ്രമാണ് കായംകുളം. കായംകുളം നഗരസഭയും 6 പഞ്ചായത്തുകളും ചേരുന്ന ഒരു താലൂക്ക് രൂപീകരിക്കുന്നതിനുവേണ്ട നടപടിക്രമങ്ങളെല്ലാമുള്ള ഒരു സ്ഥലമാണ്. നിരവധി തവണ പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചിട്ടും എന്തുകൊണ്ടാണ് ഇത്രയും പ്രാധാന്യമുള്ള കായംകുളം താലൂക്ക് ഞങ്ങൾക്ക് തരാത്തതെന്നുള്ള ചോദ്യം ഞാൻ വീണ്ടും അങ്ങയോട് ആവർത്തിക്കുകയാണ്. അതുകൊണ്ട് വളരെ അനുഭാവപൂർവം ഈ ആവശ്യം പരിഗണിക്കണം. പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത, ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ഇതൊക്കെയെടുക്കാൻ പലതവണ ഇടപെട്ടിട്ടുണ്ട്. പക്ഷേ എന്തുകൊണ്ടോ അതിന്റെ നടപടിക്രമങ്ങളിലേക്ക് വരുമ്പോൾ കായംകുളം താലൂക്ക് അനുവദിക്കാതിരിക്കുന്ന ഒരു പ്രവണതയാണ് കാണുന്നത്. നിലവിലുള്ള താലൂക്കുകളുടെ വിസ്തീർണ്ണത്തെയും ജനസംഖ്യയെയും സംബന്ധിച്ചും ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥയെപ്പറ്റിയും പറയുന്നുണ്ട്. വികസന സാദ്ധ്യതയും ജനങ്ങളുടെ യാത്രാസൗകര്യവും ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, പൊതുജന സൗകര്യം, ഭരണപരമായ സൗകര്യം ഇവയൊക്കെയാണ് പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡമെങ്കിൽ ഇതെല്ലാമുണ്ട്. സ്വന്തമായി കെട്ടിടം പണിത് താലൂക്കിനുവേണ്ടി കാത്തിരിക്കുന്നവരാണ് കായംകുളംകാരെന്നുള്ള ഒരു വസ്തുതകൂടി ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാം, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ റവന്യൂ ടവർ കഴിഞ്ഞ ദിവസമാണ് ഉദ്ഘാടനം ചെയ്തത്. കായംകുളത്ത് മിനി സിവിൽസ്റ്റേഷൻ ബഹുനില മന്ദിരം എത്രയോ കാലമായി താലൂക്കിനെ കാത്ത് അവിടെയുണ്ട്. പക്ഷേ എന്തുകൊണ്ടോ, ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന തച്ചടി പ്രഭാകരൻ, എം.ആർ.ജി., ശ്രീ. ജി. സുധാകരൻ എം.എൽ.എ. ആയിരുന്നപ്പോൾ അദ്ദേഹം, എനിക്ക് മുമ്പിരുന്ന ശ്രീ. സി. കെ. അടക്കമുള്ളവർ...... പക്ഷേ അന്നൊക്കെ വളരെ കൗതുകകരമായിട്ടുള്ള മറുപടികളാണ് മന്ത്രിമാർ പറയുന്നത്. ഏറ്റവും അവസാനമായി കെ.എം. മാണി സാറിന്റെ ഒരു മറുപടിയിൽ ഉറപ്പായും 16 താലൂക്കുകൾ വരുമ്പോൾ അതിലൊന്ന് കായംകുളം ആയിരിക്കുമെന്ന് പറയുകയും കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ

കാലത്ത് 12 താലൂക്കുകൾ അനുവദിച്ചപ്പോഴും കായംകുളം താലൂക്കിനെ ഒരു മടിയുമില്ലാതെ വെട്ടിമാറ്റുകയും ചെയ്തു. അതാണ് ഏറ്റവും വിഷമകരമായ അവസ്ഥ. എല്ലാ അർത്ഥത്തിലും താലൂക്ക് രൂപീകരിക്കേണ്ട സ്ഥലമാണ്. ഒരുപക്ഷേ ആലപ്പുഴയിലെ ഏറ്റവും പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷൻ: അവിടെ വന്നതിനുശേഷമാണ് ട്രെയിൻ കോട്ടയം വഴി പോകണമോ ആലപ്പുഴ വഴി പോകണമോ എന്നൊക്കെ തീരുമാനിക്കുന്നത്. അത്രയും പ്രധാനപ്പെട്ട, ഓണാട്ടുകരയുടെ ഏറ്റവും മധ്യഭാഗത്തുള്ള പ്രശസ്തമായൊരു സ്ഥലമാണ്. കായംകുളം എൻ.ടി.പി.സി എന്നാണ് പ്രസിദ്ധമായിരിക്കുന്നത്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, എൻ.ടി.പി.സി.പോലും ഞങ്ങളുടെ മണ്ഡലത്തിലല്ല സ്ഥിതിചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിലാണ്. ഹരിപ്പാട് എൻ.ടി.പി.സി. എന്നത് കായംകുളംകാരുടെ സമ്പത്താണെന്നാണ് എല്ലാവരും പറയുന്നത്; എന്നാൽ അത് ഹരിപ്പാട് മണ്ഡലത്തിലുള്ളതാണ്. ഇത്രയും പ്രാധാന്യമുള്ള കായംകുളത്ത് എന്തുകൊണ്ടാണ് താലൂക്ക് തരാതിരിക്കുന്നത്; ഈ സബ്മിഷൻ തള്ളിക്കളയരുതെന്ന് അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരുപാട് ചരിത്രമുണ്ട്; സബ്മിഷനായതുകൊണ്ടും സമയം അധികരിച്ചെടുക്കാൻ കഴിയാത്തതുകൊണ്ടും ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അവസാനം 12 താലൂക്ക് പ്രഖ്യാപിച്ചിട്ടും ഞങ്ങളുടെ താലൂക്ക് പ്രഖ്യാപിക്കാതിരുന്നതുകൊണ്ട് ഇത്തവണ തീർച്ചയായും ഗവൺമെന്റ് ഈ വിഷയം പിരിഗണനയ്ക്കെടുക്കണം.

ചെയർപേഴ്സൺ: ശ്രീമതി യു. പ്രതിഭ മൂന്നര മിനിട്ടായി..........

ശ്രീമതി യു. പ്രതിഭ: സർ, നമ്മുടെ ഗവൺമെന്റിന് ഒരു പ്രകടന പത്രികയുണ്ട്. അതിലെ ഓരോ കാര്യങ്ങളും പാലിച്ചുകൊണ്ടുപോകുന്ന ഗവൺമെന്റാണ്; പ്രോഗ്രസ് റിപ്പോർട്ടിറക്കിയ ഗവൺമെന്റാണ്; അത്തരം മഹത്തായ കാര്യങ്ങൾ ചെയ്യുതാണ്. ഞാൻ എം.എൽ.എ. ആകുന്നതിനുമുമ്പും അവിടെ മുന്നണിക്ക് ഒരു പ്രകടന പത്രികയുണ്ടല്ലോ; അതിലും ഒന്നാമത് പറഞ്ഞിരിക്കുന്നത് കായംകുളം താലൂക്കാണ്. അതുകൊണ്ട് ആ പ്രകടന പത്രികയിൽ ഒന്നാമതായി പറഞ്ഞ കായംകുളം താലൂക്ക് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിത്തരാൻ ബഹുമാനപ്പെട്ട മന്ത്രി അനുഭാവപൂർവ്വം ഇടപെടണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ആലപ്പുഴ ജില്ലയിലെ കായംകുളത്തിന്റെ പ്രാധാന്യമൊക്കെ വളരെയേറെ വിശദീകരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചത്. അതിലൊന്നും തർക്കമില്ല. ആലപ്പുഴ ജില്ലയിലെ കായംകുളം വളരെവേഗം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്നതും ജനസംഖ്യ വളരെ കൂടിയതുമായ

പ്രദേശമാണ്. കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ കായംകുളത്തിന് വളരെ വലിയ സ്ഥാനമാണുള്ളത്. കായംകുളം ആസ്ഥാനമായ ഒരു മിനി സിവിൽ സ്റ്റേഷൻ നിലവിലുണ്ട്. ഒട്ടനവധി സർക്കാർ ആഫീസുകൾ അവിടെ പ്രവർത്തിച്ചുവരുന്നു. നിലവിൽ കാർത്തികപ്പള്ളി താലൂക്കിലാണ് കായംകുളം സ്ഥിതിചെയ്യുന്നത്. കാർത്തികപ്പള്ളി താലൂക്ക് ആസ്ഥാനത്തുനിന്ന് വളരെ അകലെയാണ് കായംകുളം പ്രദേശം നിലകൊള്ളുന്നത്. ഈ പ്രദേശത്തെ പൊതുജനങ്ങൾ കാർത്തികപ്പള്ളി താലൂക്കിന്റെ ആസ്ഥാനമായ ഹരിപ്പാട് വരെ എത്തിച്ചേരുന്നതിന് വളരെ ബുദ്ധിമുട്ടുന്നു. നിലവിലെ സാഹചര്യത്തിൽ കാർത്തികപ്പള്ളി താലൂക്ക് പരിധിയിൽ 18 വില്ലേജുകളും 16 പഞ്ചായത്തുകളും കായംകുളം, ഹരിപ്പാട് എന്നീ മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്നു. ഇതിൽ കാർത്തികപ്പള്ളി താലൂക്കിന്റെ തെക്കൻ പ്രദേശമായ കായംകുളം ഫർക്ക ഉൾപ്പെട്ടുവരുന്ന കൃഷ്ണപുരം, കായംകുളം, പുതുപ്പള്ളി, കീരിക്കാട്, പത്തിയൂർ, കണ്ടല്ലൂർ എന്നീ വില്ലേജുകളും മാവേലിക്കര താലൂക്കിൽ ഉൾപ്പെടുന്ന പെരിങ്ങാല, കുറ്റാനം എന്നീ വില്ലേജുകളും ഉൾപ്പെടുത്തി കായംകുളം കേന്ദ്രമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുന്നത് അവിടത്തെ ജനങ്ങൾക്ക് വളരെ സൗകര്യപ്രദമാകുമെന്ന് മാത്രമല്ല, ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 'കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ' എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഡാറ്റ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതുകൂടാതെ എല്ലാ ജില്ലകളിൽനിന്നും വില്ലേജ് ആഫീസുകൾ സ്ഥിതിചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും 2015-ലെ ജനസംഖ്യാനിരക്ക് തുടങ്ങിയ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടീമിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുമ്പോൾ പരിഗണിക്കാവുന്ന ഒരു വിഷയമാണിത്.

(4) കുടിവെള്ള പദ്ധതി

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ കാലപ്പഴക്കവും അപര്യാപ്തതയും പരിഗണിച്ച് ആധുനിക രീതിയിലുള്ള കുടിവെള്ള വിതരണ സംവിധാനം

ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. നിലവിലുള്ള വീരമല കുടിവെള്ള പദ്ധതി, മുണ്ടത്താനം പദ്ധതി എന്നിവയ്ക്ക് 35 വർഷത്തിലധികം പഴക്കമുണ്ട്. അന്നത്തെ സാഹചര്യത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ട്രീറ്റ്മെന്റാണ് ഇപ്പോഴും നടന്നുവരുന്നത്. അശാസ്ത്രീയമായ ട്രീറ്റ്മെന്റ് സംവിധാനം കാലോചിതമായി പരിഷ്കരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. പ്രസ്തുത പദ്ധതികൾ വിഭാവനം ചെയ്യുന്ന കാലത്തെ ജനസാന്ദ്രതയും വീടുകളുടെ എണ്ണവും കണക്കിലെടുത്ത് സ്ഥാപിച്ച വലിപ്പം കുറഞ്ഞ വിതരണ ലൈനുകളാണ് ഇപ്പോഴും അവിടെ ഉപയോഗിക്കുന്നത്. മാത്രമല്ല, ഭൂരിഭാഗവും ആസ്ബസ്റ്റോസ് സിമെന്റ് പൈപ്പുകളാണ്. ഇവയെല്ലാം പരിഗണിച്ച് ഭാവിയിലെ ഉപഭോഗവുംകൂടി കണക്കിലെടുത്ത് പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതുണ്ട്. അതിനനുസൃതമായി പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കണം. ഉപഭോഗ തീവ്രത കണക്കിലെടുത്തുകൊണ്ടുള്ള സംഭരണ ടാങ്കുകൾ സ്ഥാപിക്കാനുള്ള ജലലഭ്യത ഉറപ്പുവരുത്തുകയും വേണം. ഈ മൂന്ന് പഞ്ചായത്തുകളുടെ 30 ശതമാനത്തോളം പ്രദേശത്ത് മാത്രമേ നിലവിലുള്ള കുടിവെള്ള പദ്ധതികൾ മുഖേന വിതരണ ലൈനുകളിലൂടെ ജലമെത്തിക്കാൻ കഴിയുന്നുള്ളു. അതുതന്നെ ആഴ്ചയിൽ പരമാവധി ഒന്നോ രണ്ടോ തവണ മാത്രമാണ്. മണിമലയാറ്റിലെ കുളത്തൂർമൂഴി ഭാഗത്ത് അങ്ങയുടെകൂടി താൽപ്പര്യപ്രകാരം പുതിയ ചെക്ക്ഡാമിന്റെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഒരു പുതിയ കുടിവെള്ള പദ്ധതി ആവശ്യമായി വരികയാണ്. അതുകൊണ്ടുതന്നെ എല്ലാ വീടുകളിലും ജലമെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി കങ്ങഴ, കറുകച്ചാൽ, നെടുങ്കുന്നം പഞ്ചായത്തുകളിലേയ്ക്ക് ഒരു സമഗ്ര കുടിവെള്ള പദ്ധതി രൂപവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അദ്ദേഹത്തിന്റെ നിയോജകണ്ഡലത്തിലെ മുഴുവൻ കാര്യങ്ങളും സബ്മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കറുകച്ചാൽ പഞ്ചായത്തിൽ നിലവിൽ ശുദ്ധജല പദ്ധതി നടത്തിവരുന്നത് നെടുങ്ങാടപ്പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള 2.5 എം.എൽ.ഡി. ശേഷിയുള്ള പഴയ clarifier filter-ൽ നിന്നാണ്. മേൽപ്പടി പദ്ധതിയിൽ നിന്നാണ് മാടമ്പള്ളി, വാകത്താനം പഞ്ചായത്തുകളും ജലവിതരണം നടത്തുന്നത്. കറുകച്ചാൽ പഞ്ചായത്തിൽ നിലവിലുള്ള വാട്ടർ കണക്ഷനുകളുടെ എണ്ണം 1242 ആണ്. ജനസംഖ്യ 22977-ഉം 4555 വീടുകളുമുണ്ട്. കറുകച്ചാൽ പഞ്ചായത്തിൽ ഇപ്പോൾ കേവലം 0.6 എം.എൽ.ഡി. ജലമാണ് വിതരണം ചെയ്യുന്നത്. ഇപ്പോഴത്തെ വാട്ടർ ഡിമാന്റ് അനുസരിച്ച് ഏകദേശം 4 എം.എൽ.ഡി. ജലം ആവശ്യമായിവരുന്നു. നിലവിൽ നെടുങ്കുന്നം, കങ്ങഴ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നത് മണിമലയാറിൽ നിന്നുള്ള കുളത്തൂർമൂഴി പമ്പ്ഹൗസിൽ നിന്നാണ്. ഈ രണ്ട് പഞ്ചായത്തുകളിലെയും

ജലവിതരണ പദ്ധതിയിൽ ആധുനിക ശുദ്ധീകരണ സംവിധാനങ്ങളില്ല. നെടുങ്കുന്നം പഞ്ചായത്തിൽ വാട്ടർ കണക്ഷനുകളുടെ എണ്ണം 1161-ഉം കങ്ങഴ പഞ്ചായത്തിലെ വാട്ടർ കണക്ഷനുകളുടെ എണ്ണം 1265-ഉം ആണ്. നെടുങ്കുന്നം പഞ്ചായത്തിലെ ജനസംഖ്യ 22394-ഉം 5400 വീടുകളുമുണ്ട്. കങ്ങഴ പഞ്ചായത്തിൽ ജനസംഖ്യ 21340-ഉം 5063 വീടുകളുമാണുള്ളത്. നിലവിൽ 0.6 എം.എൽ.ഡി. ജലം വീതമാണ് ഇരുപഞ്ചായത്തുകളിലും വിതരണം ചെയ്തുവരുന്നത്. രണ്ട് പഞ്ചായത്തുകളിലും ഏകദേശം 4 എം.എൽ.ഡി. വീതം ശുദ്ധജലം ആവശ്യമാണ്. നിലവിൽ ഏകദേശം 30 ശതമാനം പ്രദേശത്ത് മാത്രമാണ് പൈപ്പ് ലൈൻവഴി ജലവിതരണം നടക്കുന്നത്. മണിമലയാറിലെ കുളത്തൂർമൂഴിയിൽ ഇറിഗേഷൻ വകുപ്പിന്റെ പുതിയ ചെക്ക് ഡാം പണി പൂർത്തിയാകുമ്പോൾ ആവശ്യത്തിന് ജലലഭ്യത ഉറപ്പുവരുത്താനാകും. ആയതിനാൽ നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകൾക്കുവേണ്ടി ആധുനിക ശുദ്ധീകരണ സംവിധാനങ്ങളോടു കൂടിയ ഒരു സമഗ്ര കുടിവെള്ള പദ്ധതി അത്യന്താപേക്ഷിതമാണ്. ഈ മൂന്ന് പഞ്ചായത്തുകളിലും നിലവിലുള്ള ജനസംഖ്യക്കു പുറമേ ഇൻസ്റ്റിറ്റ്യൂഷൻ ഡിമാന്റ്, ഇൻഡസ്ട്രിയൽ ഡിമാന്റ്, ഭാവി വികസനത്തിനുവേണ്ടി വരുന്ന അധികജലം എന്നിവ ഉൾപ്പെടെ 15 എം.എൽ.ഡി ശേഷിയുള്ള ആധുനിക ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം നെടുങ്കുന്നം പഞ്ചായത്തിൽ ലഭ്യമാകുകയാണെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ഇതിനുവേണ്ടി വിശദമായ സർവ്വേ നടത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്. 15-11-2019-ൽ ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഈ പദ്ധതികളുടെയെല്ലാം അവകലോകനം നടത്തി കൃത്യമായ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അതുപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### (5) ഉരുക്ക് തടയണ നിർമ്മാണം

ശ്രീ. പി. കെ. ശശി: സർ, ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ഭാരതപ്പുഴയ്ക്ക് കുറുകെ സ്ഥിതി ചെയ്യുന്ന മാന്നനൂർ ഉരുക്ക് തടയണ 2018-ൽ ഉണ്ടായ കനത്ത പ്രളയത്തിൽ പൂർണ്ണമായും തകർന്നു. തടയണ തകർന്നതിന്റെ ഭാഗമായി ഭാരതപ്പുഴ ഗതിമാറി ഒഴുകി വ്യാപകമായ കൃഷിനാശമുണ്ടായി. ഈ വർഷമുണ്ടായ അതിതീവ്ര മഴയിൽ ഭാരതപ്പുഴയിൽ ജലനിരപ്പ് ഉയർന്നപ്പോൾ ഈ പ്രദേശത്ത് വീണ്ടും ഭാരതപ്പുഴ ഗതിമാറി ഒഴുകുകയും ഏതാണ്ട് 5 ഏക്കറോളം കൃഷിസ്ഥലം പുഴയെടുക്കുകയും ചെയ്തു. അതിനുപുറമെ 5 ഏക്കർ കൃഷിയിടം ഒന്നിച്ച് ഒലിച്ചുപോകുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. മഴക്കാലത്ത് പുഴ ഗതിമാറി ഒഴുകുന്നതുമൂലം ഈ പ്രദേശത്ത് വ്യാപകമായ കൃഷിനാശം സംഭവിക്കുന്നുണ്ട്. തടയണ തകർന്നതുമൂലം

വേനൽക്കാലത്ത് ഈ പ്രദേശത്ത് കടുത്ത വരൾച്ചയും ജലക്ഷാമവും അനുഭവപ്പെടുകയാണ്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയെ ആശ്രയിച്ചാണ് ഇപ്പോൾ ഈ പ്രദേശത്തെ കുടുംബങ്ങൾ ജീവിക്കുന്നത്. ഈ സ്ഥിതിക്ക് ഒരു ശാശ്വത പരിഹാരം കാണണം. തകർന്ന ഉരുക്ക് തടയണ പുനർനിർമ്മിക്കുകയും പാർശ്വഭിത്തി കെട്ടുകയും വേണം. ഇതിനായി 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ പ്രദേശത്തെ ജനങ്ങളുടെ ദുരവസ്ഥ പരിഹരിക്കുന്നതിന് ഈ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പ്രവൃത്തി ഉടൻ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഭാരതപ്പുഴയുടെ കുറുകെ വാണിയംകുളം പഞ്ചായത്തിലെ മാന്നനൂരിനെയും പാഞ്ഞാൾ പഞ്ചായത്തിലെ വാഴാലിപ്പാടത്തെയും ബന്ധിപ്പിച്ച് ഒരു ഉരുക്ക് തടയണ നിർമ്മിക്കുന്നതിന് 2013-ൽ ഭരണാനുമതി നൽകിയിരുന്നു. 489.44 ലക്ഷം രൂപയുടെ ഈ പ്രവൃത്തി സർക്കാർ ഏജൻസിയായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി) ഏൽപ്പിക്കുകയുണ്ടായി. ഐ.ഐ.ടി. ചെന്നൈ-യുടെ സാങ്കേതിക ഉപദേശം അനുസരിച്ച് കെ.എസ്.ഐ.ഡി.സി.-യാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. നിർമ്മാണത്തിനാവശ്യമായ 489.44 ലക്ഷം രൂപ 4701-80-800-88 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ഐ.ഡി.ബി.ആർ. ചീഫ് എഞ്ചിനീയർ കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. തടയണയ്ക്ക് 2.5 മീറ്റർ ഉയരവും 250 മീറ്ററോളം നീളവുമുണ്ട്. എന്നാൽ തടയണയിൽ നിന്നുള്ള വെള്ളം പുറത്തേയ്ക്ക് ഒഴുകുന്നതിനായി ഒരടി വ്യാസമുള്ള മൂന്ന് വാൽവുകൾ മാത്രമാണുള്ളത്. ആയതിനാൽ മഴക്കാലത്ത് ഏതാണ്ട് മുഴുവനായും തടയണ നിറഞ്ഞ് പുഴയിലൂടെ ഒഴുകിവരുന്ന വെള്ളം തടയണയുടെ മുകളിലൂടെ തന്നെയാണ് ഒഴുകുന്നത്. കൂടാതെ ഇരുകരകളിലും കരയിടിച്ചിൽ തടയുന്നതിന് ഷീറ്റ് പൈലുകൾ ഉപയോഗിച്ച് നിർമ്മിച്ച സംരക്ഷണം അപര്യാപ്തമായിരുന്നു. 2018-ലെ പ്രളയത്തിൽ മാന്നനൂർ ഉരുക്ക് തടയണയുടെ വലതുകര 200 മീറ്ററോളം നീളത്തിലും 50 മീറ്റർ വീതിയിലും ഇടിഞ്ഞ് പുഴ ഗതിമാറി ഒഴുകാനുള്ള സാഹചര്യമുണ്ടായി. തുടർന്ന് 2019 ആഗസ്റ്റ് മാസത്തിൽ ഭാരതപ്പുഴയിലുണ്ടായ വെള്ളപ്പൊക്കത്തിൽ പ്രസ്തുത വലതുകര 100 മീറ്ററോളം നീളത്തിൽ കൂടുതൽ ഇടിയുകയുണ്ടായി. ഗതിമാറി ഒഴുകിയ വെള്ളം പുഴയിൽ നിന്നും 150 മീറ്റർ അകലെയുള്ള മാന്നനൂർ റെയിൽവേ സ്റ്റേഷൻ വരെയെത്തുകയും പ്ലാറ്റ്ഫോമിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സാങ്കേതികമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളുന്നതും പ്രവൃത്തികൾ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേന നടപ്പിലാക്കുന്നതുമാണ്.

## (6) തടയണകളുടെ നിർമ്മാണം

ശ്രീ. മുഹമ്മദ് മുഹസിൻ പി: സർ, രൂക്ഷമായ വരൾച്ചയുണ്ടാകുമ്പോൾ ജലസേചനത്തിനും കുടിവെള്ളത്തിനും ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന മണ്ഡലമാണ് പട്ടാമ്പിയെന്ന് അങ്ങേക്ക് അറിയാവുന്നതാണ്. എന്റെ മണ്ഡലത്തിലെ തടയണകൾ, റഗുലേറ്റർ കം ബ്രിഡ്ജ് എന്നീ വർക്കുകളുടെ വേഗത കൂട്ടാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഓങ്ങല്ലൂർ പഞ്ചായത്തിലെ ചങ്ങണാംകുന്ന് റഗുലേറ്ററിന്റെ വർക്ക് വളരെ മന്ദഗതിയിലാണ് നടക്കുന്നത്. അത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. അതോടൊപ്പം കിഫ്ബിയിൽ കാലടിക്കുന്ന്, മോതിക്കയം റഗുലേറ്റർ കം ബ്രിഡ്ജുകളുടെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മോതിക്കയത്തിന്റെ നടപടിക്രമങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. കിഫ്ബിയിൽ കാലടിക്കുന്നിന്റെ വർക്കുകളുമായി ബന്ധപ്പെട്ടുള്ള ഓരോ സ്റ്റേജ് കഴിയുമ്പോഴും നടപടിക്രമങ്ങളിൽ വളരെ കാലതാമസമെടുക്കുന്നുണ്ട്. ഈ രണ്ട് വർക്കുകളും എത്രയും പെട്ടെന്ന് പൂർത്തീകരിച്ചാൽ കുടിവെള്ളത്തിന്റെയും ജലസേചനത്തിന്റെയും പ്രശ്നങ്ങൾ മാറും. പട്ടാമ്പി ടൗണിൽ മുനിസിപ്പൽ പരിധിയിലും ഒരു തടയണ ആവശ്യമുണ്ട്. അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോയതാണ്. പാറക്കടവ്, വെളയൂർ, തൂതപ്പുഴയ്ക്ക് കുറുകെ അങ്ങുതന്നെ പ്രത്യേക താത്പര്യമെടുത്ത് നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് പാസ്സാക്കി തന്നിട്ടുണ്ട്; അതിന് പ്രത്യേകം നന്ദി പറയുകയാണ്. അതും നമുക്ക് പെട്ടെന്ന് ആരംഭിക്കണം. ഭാരതപ്പുഴയിലും തൂതപ്പുഴയിലുമുള്ള ഈ തടയണകളുടെയും വരാനിരിക്കുന്ന തടയണകളുടെയും വെള്ളിയാംകല്ല് അടക്കമുള്ള തടയണകളുടെയും നിയന്ത്രണം, നിലവിൽ വെള്ളിയാംകല്ലിന് മലപ്പുറത്താണ് നിയന്ത്രണമുള്ളത്. ഈ തടയണകളുടെയും റഗുലേറ്ററുകളുടെയും നിയന്ത്രണത്തിന് പട്ടാമ്പി താലൂക്ക് ആസ്ഥാനത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ഓഫീസോ മറ്റോ ആരംഭിക്കുകയാണെങ്കിൽ ഇത് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കും. അതോടൊപ്പം നമ്മുടെ തടയണകൾ, റഗുലേറ്ററുകൾ, ഡാമുകൾ എന്നിവയ്ക്കുണ്ടാകുന്ന ഇലക്ട്രിക്കൽ പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ജില്ലയിൽ ഒരു പുതിയ വിംഗുണ്ടാക്കുന്ന കാര്യം അങ്ങയുടെ ശ്രമഫലമായി നടന്നിട്ടുണ്ട്. എന്നാൽ അതിൽ ഉദ്യോഗസ്ഥർ കുറവാണ്. ഗവൺമെന്റ് തലത്തിൽ തീരുമാനമെടുത്ത് ഇറിഗേഷൻ വകുപ്പിന്റെ ഇലക്ട്രിക്കൽ വിംഗിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടികൾകൂടി സ്വീകരിക്കണം. നേരത്തെ പറഞ്ഞ തടയണകളുടെ വർക്ക് എത്രയും വേഗത്തിൽ പൂർത്തീകരിച്ച് വരുന്ന വേനൽക്കാലത്ത് കുടിവെള്ള, ജലസേചന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

12.00 Noon]

ജലവിഭവ വകുപ്പുമന്ത്രി(ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, NABARD (National Bank For Agriculture & Rural Development) - RIDF (Rural Infrastructure Development Fund) പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെമ്മണാംകുന്ന് റഗുലേറ്ററിന്റെ സിവിൽ പ്രവൃത്തി കോൺട്രാക്ടർ ഏറ്റെടുക്കുകയും 20-2-2015-ന് സ്ഥലം കൈമാറുകയും ചെയ്തിരുന്നു. നിർമ്മാണ കാലാവധി 2 വർഷമായിരുന്നു. പ്രവൃത്തി നടന്നുകൊണ്ടിരിക്കെ പദ്ധതിയുടെ രൂപരേഖയിൽ മാറ്റം വന്നതിനാലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നതിനാലും കാലതാമസം നേരിട്ടു. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പദ്ധതി സ്ഥലത്ത് വൻതോതിൽ മണൽ വന്നടിയുകയും പുഴയുടെ അടിത്തട്ടിൽ പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്ന പ്രവൃത്തികൾ ചെയ്യാൻ താമസം നേരിടുകയും ചെയ്തു. പിന്നീട് കാലാവധി നീട്ടിനൽകിയത് പ്രകാരം പ്രവൃത്തിയുടെ സിവിൽ വർക്ക് 31-5-2019-ന് പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ നടന്നുവരുന്നു. കാലടിക്കുന്ന് ആർ.സി.ബി.-യുടെ 25.5 കോടി രൂപയുടെ ഡി.പി.ആർ.-ന് സർക്കാർ തത്വത്തിൽ അനുമതി നൽകുകയും തുടർ നടപടികൾക്കായി KIIDC (Kerala Irrigation Infrastructure Development Corporation Ltd.)-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മൂർക്കനാട് പഞ്ചായത്തിലെ മോതിക്കയം എന്ന സ്ഥലത്ത് തൂതപ്പുഴയ്ക്ക് കുറുകെ ഒരു റെഗുലേറ്റർ -കം -ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി 70 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നല്കിയിട്ടുണ്ട്. KIIDC മുഖാന്തിരം പരിശോധിച്ച് തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തൂതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന പാറക്കടവ് തടയണയ്ക്ക് 860 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. NABARD - RIDF 25-ൽ ഉൾപ്പെടുത്തിയാണ് അനുമതി നല്കിയത്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ നിർമ്മിക്കാൻ 2012-ൽ IDRB ഡിസൈൻ തയ്യാറാക്കിയിരുന്നു. എന്നാൽ ഈ പദ്ധതിയുടെ മുകൾഭാഗത്തുള്ള ചെങ്ങണാംകുന്ന് റഗുലേറ്ററിന്റെ നിർമ്മാണം പൂർത്തിയായ സാഹചര്യത്തിൽ വീണ്ടും വിശദമായ സർവ്വേ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ റഗുലേറ്ററിനുപകരം തടയണയായി മാറ്റാൻ വേണ്ട ഡിസൈൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(7) കാർഷിക കോളേജ്

ശ്രീ. കെ. ബാബു: സർ, കൊല്ലംകോടെന്നും ഇപ്പോൾ നെന്മാറ എന്നും അറിയപ്പെടുന്ന എന്റെ നിയോജക മണ്ഡലത്തിൽ സർക്കാർ അല്ലെങ്കിൽ എയ്ഡഡ് മേഖലയിൽ ഒരു കോളേജ് അനുവദിക്കണമെന്ന സബ്മിഷൻ 4-10-2016-ന് ഈ

സഭയിൽ അവതരിപ്പിച്ചിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരമാണെങ്കിലും പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അന്ന് സഭയിൽ അറിയിക്കുകയും ചെയ്തിരുന്നു. എസ്.സി./എസ്.ടി. വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ നിരന്തരമായ പരിശ്രമത്തിന്റെയും കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ഇടപെടലിന്റെയും ഒടുവിലാണ് വൈവിധ്യമാർന്ന വിളകളുടെയും സംസ്ഥാനത്തിന്റെ നെല്ലറ എന്നും അറിയപ്പെടുന്ന ജില്ലയായ പാലക്കാടിൽ, പ്രത്യേകിച്ച് നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട കേന്ദ്രീകരിച്ചുകൊണ്ട് ഒരു കാർഷിക കോളേജ് അനുവദിക്കാമെന്ന ധാരണയിലെത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധ സംഘം മുതലമടയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും കാർഷിക കോളേജിന് അനുയോജ്യമായ സ്ഥലവും കെട്ടിടവും കണ്ടെത്തുകയും അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ ശ്രീ. എ. കെ. ബാലൻ എസ്.സി. വകുപ്പിലെ ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടാണെങ്കിലും കാർഷിക കോളേജ് പരിഗണിക്കാമെന്ന് പറഞ്ഞത് വളരെ സന്തോഷത്തോടുകൂടിയാണ് കാർഷിക സമൂഹവും പ്രത്യേകിച്ച് നെന്മാറയിലെ ജനാവലിയും ഏറ്റെടുത്തത്. 2019-20 സാമ്പത്തിക വർഷത്തെ മണ്ണുത്തി കാർഷിക സർവ്വകലാശാലയുടെ ബജറ്റിലും നെന്മാറയിൽ ഒരു കാർഷിക കോളേജ് അനുവദിക്കാമെന്ന പ്രഖ്യാപനത്തെ ഏറെ സന്തോഷത്തോടെ സ്വാഗതം ചെയ്തിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന ഫണ്ടുപയോഗിച്ച് 70 ശതമാനം വരുന്ന എസ്.സി. വിദ്യാർത്ഥികൾക്കായി കാർഷിക പഠനത്തിനാവശ്യമായ ഒരു കോളേജ് ആരംഭിക്കുന്ന നമ്മുടെ രാജ്യത്തെ ആദ്യ സംസ്ഥാനം കേരളം തന്നെയായിരിക്കും. കാർഷിക സർവ്വകലാശാല കണ്ടെത്തിയ ഭൂമിയും കെട്ടിടവും ഏറ്റെടുത്ത് അടുത്ത അദ്ധ്യയന വർഷംതന്നെ നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമടയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച കാർഷിക കോളേജ് ആരംഭിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കാർഷിക വിഷയങ്ങളിൽ മികച്ച പഠനം ലക്ഷ്യമിട്ട് പാലക്കാട് നെന്മാറ മണ്ഡലത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു അഗ്രിക്കൾച്ചർ കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ചിരുന്നു. അതിനുശേഷം കുറച്ച്

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഭ്യമായ താൽപ്പര്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്ന് സ്ഥല പരിശോധന നടത്തുകയും ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി സംസാരിക്കുകയും ചെയ്തിരുന്നു. നടപടികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പിന് യാതൊരു തടസ്സവുമില്ല. ഇത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ സജീവമായ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യമാണിത്.

## (8) സാംസ്കാരിക സമുച്ചയങ്ങൾക്ക് സ്ഥലം ഏറ്റെടുക്കൽ

ശ്രീ. പി. ടി. എ. റഹീം: സർ, എന്റെ നിയോജക മണ്ഡലത്തിൽ ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സ്മാരക സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ എന്നിവ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി അംഗീകരിച്ച് അതിനുവേണ്ടി 30 ഏക്കർ 40 സെന്റ് സ്ഥലം വിലയ്ക്കെടുക്കാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഇത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയാൻ പോകുന്നത്. ഇത്രയും വലിയൊരു തുക ചെലവഴിക്കണമെങ്കിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ എനിക്ക് തർക്കമൊന്നുമില്ല. പക്ഷേ, ഈ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ അതിന്റെ കണ്ടിജൻസി ചാർജ്ജായി 50 ലക്ഷം രൂപ അടവാക്കിയെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കിഫ്ബി ഈ പദ്ധതിയെല്ലാം പഠിച്ച് വരുമ്പോഴേയ്ക്കും സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൂടി പൂർത്തിയാക്കാനായി 50 ലക്ഷം രൂപ അനുവദിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഷാർജ ഭരണാധികാരി ഷേക്ക് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ-ക്വാസിമിയുടെ 2017-ലെ കേരള സന്ദർശനവേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ സാംസ്കാരിക വിനിമയ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഷാർജ സുൽത്താനേറ്റുമായി സഹകരിച്ച് കോഴിക്കോട് ഒരു ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നു. സാംസ്കാരിക വകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി

കോഴിക്കോട് ജില്ലയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിലാണ് സാംസ്കാരിക സമുച്ചയം സ്ഥാപിക്കാനുദ്ദേശിക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയവും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺവെൻഷൻ & എക്സിബിഷൻ സെന്ററും മുൻപറഞ്ഞ ഇൻഡോ-ഷാർജ കൾച്ചറൽ സെന്ററിനൊപ്പം സ്ഥാപിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ വില്ലേജിൽ ഒളവണ്ണ അംശം ദേശത്ത് 30 ഏക്കർ 40 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ 16-2-2019 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ സമ്മതപത്രം സമർപ്പിക്കുകയും ജില്ലാ ഭരണകൂടം നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി മേൽപ്പറഞ്ഞ 30 ഏക്കർ 40 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക കിഫ്ബി ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിന് 23-10-2019-ൽ ചേർന്ന മന്ത്രിസഭാ യോഗം അനുമതി നൽകുകയും അതനുസരിച്ച് 25-10-2019-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്ന് തുക ലഭ്യമാക്കി തുക അടയ്ക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തുന്നതാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിന് 29-10-2019-ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ 30 ഏക്കർ 40 സെന്റ് സ്ഥലം എന്നതിനുപകരം 26 ഏക്കർ 32 സെന്റ് സ്ഥലം എന്ന് തെറ്റായി രേഖപ്പെടുത്തുകയുണ്ടായി. ഇത് തിരുത്തുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർ 11-11-2019-ൽ റവന്യൂ വകുപ്പിന് നൽകിയ കത്ത് പ്രകാരം റവന്യൂ വകുപ്പിന്റെ സർക്കാർ ഉത്തരവിൽ തെറ്റ് തിരുത്തുന്നതിന് അടിയന്തര നടപടിയും സ്വീകരിച്ചിട്ടുണ്ട്. മുൻപറഞ്ഞത് പ്രകാരം എത്രയുംവേഗം സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി കോഴിക്കോട് ജില്ലയിലെ ഒളവണ്ണയിൽ നിർദ്ദിഷ്ട 30 ഏക്കർ 40 സെന്റ് സ്ഥലത്ത് ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 50 ലക്ഷം രൂപ അഡ്വാൻസ് നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(9) റോഡ് നവീകരണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഈ സബ്മിഷനിലൂടെ എന്റെ

നിയോജകമണ്ഡലത്തിലെ മനയ്ക്കക്കടവ് നെല്ലാട് പട്ടിമറ്റം പത്താംമൈൽ റോഡിന്റെ ദയനീയാവസ്ഥ അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. ബി.എം.&ബി.സി. നിലവാരത്തിൽ റോഡുകൾ നവീകരിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച ബജറ്റിൽ 25 കോടി രൂപ അനുവദിച്ചിരുന്നു. പിന്നീട് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ മന്ത്രിയാകുകയും റോഡിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തപ്പോൾ അദ്ദേഹവും ബജറ്റിൽ തുക അനുവദിച്ചിരുന്നു. 10 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതിയായതുകൊണ്ട് അത് കിഫ്ബിയിലേയ്ക്ക് പോകുകയാണ് ചെയ്തത്. നിലവിൽ ഈ റോഡിന് 32 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഒരു വർഷക്കാലമായി പ്രവൃത്തികൾ നടന്നുവരികയാണ്. റോഡിലെ പൈപ്പ് ലൈൻ മാറ്റൽ, കെ.എസ്.ഇ.ബി. പോസ്റ്റ് മാറ്റൽ എന്നിവ മനയ്ക്കക്കടവ് പള്ളിക്കരവരെയും പത്താംമൈൽ മുതൽ പട്ടിമറ്റംവരെയും ഏകദേശം പൂർത്തീകരിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ പ്രശ്നം, കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഈ റോഡിനുവേണ്ടി പി.ഡബ്ല്യു.ഡി. ഫണ്ട് അനുവദിച്ചിട്ടില്ല. കിഫ്ബി ഏറ്റെടുത്തതുകൊണ്ടാണ് പി.ഡബ്ല്യു.ഡി. ഫണ്ട് അനുവദിക്കാത്തത്. കാൽനട യാത്രക്കാർക്കുപോലും സഞ്ചരിക്കാൻ കഴിയാത്ത വിധം ഈ റോഡ് ആകെ തകർന്നുകിടക്കുകയാണ്. ദിവസവും അപകടങ്ങളുണ്ടാകുകയും പത്രങ്ങളിൽ അപകടങ്ങളെക്കുറിച്ച് സ്ഥിരം റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ചോദിച്ചാൽ കെ.ആർ.എഫ്.ബി.-(കേരള റോഡ് ഫണ്ട് ബോർഡ്)-യിൽ ചോദിക്കാൻ പറയും. കെ.ആർ.എഫ്.ബി. -യിൽ ചോദിച്ചാൽ കിഫ്ബിയിൽ ചോദിക്കാൻ പറയും. ഇപ്പോൾ ഇതിന് ഉത്തരവാദികളാരുമില്ലാത്ത അവസ്ഥ എത്തിച്ചേർന്നിരിക്കുകയാണ്. മൂന്നര വർഷക്കാലമായി കെ.ആർ.എഫ്.ബി.-യിലും കിഫ്ബിയിലും കയറിയിറങ്ങിയിട്ട് യാതൊരു തീരുമാനവും ഇതുവരെയും വന്നിട്ടില്ല. ഏകദേശം പകുതിയോളം ജോലികൾ നടന്നുകഴിഞ്ഞിരിക്കുകയാണ്. അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകണം. അങ്ങയുടെ കുഞ്ഞാണല്ലോ കിഫ്ബി; അങ്ങതിനെ വഴിയിൽ ഇട്ടിട്ടുപോകുന്ന അവസ്ഥയിലാകരുത്. അങ്ങുതന്നെ ആ കുഞ്ഞിനെ നോക്കി പരിപാലിച്ച് മുന്നോട്ടുകൊണ്ടുപോകണം. ഉദ്യോഗസ്ഥരുടെ കയ്യിൽ മാത്രം ഇത് ഏൽപ്പിക്കരുത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ ഏത് നിവേദനവുമായി ഞങ്ങൾ വന്നാലും പോസിറ്റീവായി കാര്യങ്ങൾ ചെയ്യുകയും നിലപാടുകൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആ കാര്യത്തിലൊന്നും ഞങ്ങൾക്ക് പരാതിയോ സംശയമോ ഇല്ല.

പക്ഷേ, റോഡിന്റെ ജോലികൾ കിഫ്ബിയിൽ വന്നതോടുകൂടി എല്ലാ റോഡുകളും നാശമായി മാറിയിരിക്കുകയാണ്. എന്റെ കാര്യം മാത്രമല്ല, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. അനൂപ് ജേക്കബിന്റെ പിറവം നിയോജകമണ്ഡലത്തിൽ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ പെരുമ്പാവൂർ മണ്ഡലത്തിൽ, കോതമംഗലത്ത് ശ്രീ. ആന്റണി ജോണിന്റെ മണ്ഡലത്തിൽ എല്ലാം ഇതുപോലുള്ള സ്ഥിതി വന്നിരിക്കുകയാണ്. റോഡുകളുടെ കാര്യത്തിൽ കിഫ്ബിയുടെയും പി.ഡബ്ല്യു.ഡി.-യുടെയും ഉദ്യോഗസ്ഥന്മാരെ ഒന്നിച്ചിരുത്തി ചർച്ച ചെയ്ത് പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. റോഡുകളുടെ കുഴി അടയ്ക്കാൻ കെ.ആർ.എഫ്.ബി.-യിൽ നിന്ന് നിർദ്ദേശം നൽകിയതായി ഇപ്പോൾ അറിയാൻ കഴിഞ്ഞു. ഇതുവരെ ജോലി തുടങ്ങിയിട്ടില്ല. കുഴിയടച്ച് ആദ്യം ബി.എം. ചെയ്തുകഴിഞ്ഞാൽ പിന്നീട് മാറ്റങ്ങൾ വരുത്താൻ സാധിക്കും. അതുകൊണ്ട് അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ റോഡ് ബി.എം. ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എന്റെ മറുപടി കേട്ടുകഴിയുമ്പോൾ ബഹുമാനപ്പെട്ട മെമ്പറുടെ ആശങ്കകളെല്ലാം അവസാനിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. മനയ്ക്കക്കടവ് കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡ് പദ്ധതിക്ക് 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 23-11-2016-ലെ 1619/2016 പൊതുമരാമത്ത് വകുപ്പ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.-ആയ കെ.ആർ.എഫ്.ബി. സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് 31.18 കോടി രൂപയ്ക്ക് 17-1-2018-ൽ കിഫ്ബി അംഗീകാരം നൽകിയിരുന്നു. പിന്നീട് വർദ്ധിച്ച യൂട്ടിലിറ്റി ഷിഫ്റ്റിംഗ് കണക്കിലെടുത്ത് ഈ തുക 32.6 കോടി രൂപയായി വർദ്ധിപ്പിച്ചു. പ്രസ്തുത പദ്ധതി 26.54 കോടി രൂപയ്ക്ക് കരാർ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി 14.29 ലക്ഷം രൂപ കെ.എസ്.ഇ.ബി.-ക്കും 597.2 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിക്കും നൽകിയിട്ടുണ്ട്. 20-7-2018-ൽ തുടങ്ങിയ പദ്ധതിയുടെ കാലയളവ് 18 മാസമാണ്. മാർച്ച് 2020-ൽ ആണ് കാലാവധി അവസാനിക്കുന്നത്. കാലാവധിക്കുള്ളിൽത്തന്നെ ബി.എം.&ബി.സി ഉൾപ്പെടെ എല്ലാ പ്രവൃത്തികളും ചെയ്തുതീർക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. എസ്.പി.വി.-യായ കെ.ആർ.എഫ്.ബി.-യോട് പദ്ധതിയുടെ വേഗത കൂട്ടണമെന്ന് പ്രത്യേകമായ നിർദ്ദേശം നൽകിയിട്ടുണ്ട്. യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി പണം അനുവദിച്ചിട്ടുണ്ട്.

## (10) ആലുവ ഇ.എസ്.ഐ. ആശുപത്രി

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ മണ്ഡലത്തിലെ പാവപ്പെട്ട തൊഴിലാളികളും അവരുടെ കുടുംബങ്ങളും ചികിത്സയ്ക്കായി പ്രധാനമായും ആശ്രയിക്കുന്ന സ്ഥലമാണ് ആലുവ ഇ.എസ്.ഐ. ആശുപത്രി. ആ ആശുപത്രിയുടെ ശോചനീയാവസ്ഥയാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽകൊണ്ടുവരുന്നത്. അവിടെ ലാബ് ടെക്നീഷ്യൻ, ലാബ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ മേയ് മാസത്തിലാണ് അവിടെയുണ്ടായിരുന്ന ഒരു ലാബ് അസിസ്റ്റന്റ് വിരമിച്ചത്. മേയ് കഴിഞ്ഞ് നവംബർ മാസമായിട്ടും ലാബ് ടെക്നീഷ്യനായി പുതിയൊരാളെ നിയമിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ലാബുമായി ബന്ധപ്പെട്ട് യാതൊരു ടെസ്റ്റും ഇന്നവിടെ നടക്കുന്നില്ല. അവിടെ വരുന്ന സാധാരണക്കാരായ തൊഴിലാളികൾക്ക് മറ്റുള്ള ലാബുകളെ ആശ്രയിക്കേണ്ട അവസ്ഥ വലിയൊരു പരാതിയിലേയ്ക്ക് മാറിയിരിക്കുകയാണ്. സ്വകാര്യ ലാബുകളെ സഹായിക്കാൻ വേണ്ടിയാണ് ലാബ് അസിസ്റ്റന്റിന്റെ നിയമനം നടത്താത്തതെന്നുള്ള ഗുരുതരമായ ആക്ഷേപം ഇന്ന് നിലനിൽക്കുന്നുണ്ട്. അവിടെ ഒരു ദിവസം കുറഞ്ഞത് 250 രോഗികളെങ്കിലും ചികിത്സക്കായി വരുന്നുണ്ട്. ഈ രോഗികൾക്കാവശ്യമായ മരുന്ന് ലഭ്യമാക്കാത്തൊരു അവസ്ഥയാണ് നിലനിൽക്കുന്നത്. രോഗികൾക്കുള്ള ഇൻസുലിൻ തീർന്നിട്ട് മാസങ്ങളായി. കൂടാതെ പ്രഷറിനും മറ്റുമുള്ള ഗുളികകളോ മരുന്നുകളോ ഇല്ലാത്ത ഗുരുതരമായ വീഴ്ചയും അവിടെയുണ്ട്. ഇ.എസ്.ഐ. തൊഴിലാളികൾ വളരെ പാവപ്പെട്ടവരാണ്. അവരും കുടുംബവുമാണ് അവിടത്തെ ചികിത്സയെ ആശ്രയിച്ച് ചെല്ലുന്നത്. അതുകൊണ്ട് ലാബ് അസിസ്റ്റന്റ് നിയമനം നടത്താനും മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കാനും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഇ.എസ്.ഐ. ആശുപത്രികളിൽനിന്ന് മറ്റുള്ള ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്ന സാഹചര്യമുണ്ടെന്ന കാര്യം കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ ഞാൻ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ റഫർ ചെയ്യപ്പെടുന്ന ഹോസ്പിറ്റലിൽ എല്ലാ ട്രീറ്റ്മെന്റും കിട്ടാതെ പല ഹോസ്പിറ്റലുകളിലായി ട്രീറ്റ്മെന്റ് ലഭ്യമാകുന്ന രീതിയാണ് ഇപ്പോഴുള്ളത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. പരാതി

നൽകാൻ പറഞ്ഞതനുസരിച്ച് ബീരാൻ എന്ന വ്യക്തി ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി നൽകിയിരുന്നു. ഞാനും രേഖാമൂലം പരാതി നൽകിയിട്ടുണ്ട്. അതിലെന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോ; ഇത്തരം കാര്യങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാനും ചികിത്സ റഫർ ചെയ്യപ്പെടുന്ന രോഗിക്ക് റഫർ ചെയ്യുന്ന ഹോസ്പിറ്റലിൽ നിന്നുതന്നെ എല്ലാ ചികിത്സയും ലഭ്യമാകുന്നതിനുമുള്ള സൗകര്യമൊരുക്കാനും ഗവൺമെന്റ് എന്തെങ്കിലും നടപടി ആലോചിച്ചിട്ടുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സബ്മിഷനിൽ ഉന്നയിക്കാനായി നേരത്തെ എഴുതിത്തന്ന പ്രശ്നങ്ങൾക്കാണ് ഞാൻ മറുപടി പറയുന്നത്. 11-10-2019-ൽ സബ് സ്റ്റോറിൽനിന്നും ആലുവ ഇ.എസ്.ഐ. ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വിതരണം നടത്തിയിട്ടുണ്ട്. അന്ന് സ്റ്റോറിൽ ആകെ ലഭ്യമായിരുന്ന മരുന്നുകൾ ഡിസ്പെൻസറിക്ക് നൽകിയിട്ടുണ്ട്. സ്റ്റോറിൽ ലഭ്യമായിട്ടുള്ള മരുന്നുകളുടെ രണ്ടാംഘട്ട വിതരണം ഉടനെ നടത്തുന്നതാണ്. റേറ്റ് കോൺട്രാക്ട് നം. 140 പ്രകാരം ലഭിച്ച 150 ഇനം മരുന്നുകളിൽ ആലുവ ഇ.എസ്.ഐ. ഡിസ്പെൻസറി ഇന്റന്റ് ചെയ്തിട്ടുള്ള മരുന്നുകൾ ലഭ്യമാക്കുന്നതാണ്. ആലുവ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ലാബ് അസിസ്റ്റന്റ് തസ്തിക നിലവിലില്ല. അവിടെ ലാബുമായി ബന്ധപ്പെട്ട് ഒരു ലാബ് ടെക്നീഷ്യന്റെ തസ്തികയാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. ആ തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരി 30-5-2019-ന് സർവ്വീസിൽനിന്നും വിരമിച്ചതുമൂലം 1-6-2019 മുതൽ ടി തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. ലാബ് ടെക്നീഷ്യൻ തസ്തികയിലെ മേൽ ഒഴിവ് നികത്തുന്നതിനായി പി.എസ്.സി.-യിൽനിന്ന് Non-Availability certificate ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രകാരം താൽക്കാലിക നിയമനം നടത്തുന്നതിനായി 5-11-2019-ൽ അഭിമുഖ പരീക്ഷ നടത്തുകയും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവുപ്രകാരം 13-11-2019-ന് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞിട്ടുള്ള രണ്ടാമത്തെ പ്രശ്നം അങ്ങയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരികയാണ്. ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സഭയിൽ മുഖ്യമന്ത്രിയില്ല, പകരം വ്യവസായ വകുപ്പുമന്ത്രിയുണ്ട്. ഇന്ന് സംഭ്രമജനകമായ നിലയിൽ ഒരു വാർത്ത കോഴിക്കോട് ജില്ലാ സി.പി.ഐ.(എം) സെക്രട്ടറിയുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ഇതിന്റെ പിന്നിൽ ഇസ്ലാമിക് തീവ്രവാദമാണെന്നും അവരാണ് മാവോയിസ്റ്റുകളെ സഹായിക്കുന്നതെന്നുമൊക്കെയുള്ള വാർത്തകളാണ് വരുന്നത്. ഇങ്ങനെയുള്ള കാര്യങ്ങൾ ഉന്നയിക്കുന്നത് ശരിയായ നടപടിയാണോ; അങ്ങനെയൊരു ഇസ്ലാമിക് തീവ്രവാദം കേരളത്തിലുണ്ടോ; അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇസ്ലാമിക് തീവ്രവാദം കേരളത്തിൽ സജീവമാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സഭയിലും ജനങ്ങൾക്കും അറിയാനുള്ള അവകാശമുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. ടെററിസത്തെ ടെററിസമായി കാണണം. അതിനെ മതവുമായി കൂട്ടിയിണക്കി ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ പ്രസ്താവന നൽകുന്നത് ശരിയല്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, മേൽ വിഷയം പൊതുയോഗങ്ങളിൽ രാഷ്ട്രീയ നേതാക്കൾ പ്രസംഗിക്കുന്നതാണ്. ആ പ്രസംഗിക്കുന്ന കാര്യങ്ങളെല്ലാം സഭയിൽ ഉന്നയിച്ച് ചർച്ച ചെയ്യുന്ന കീഴ്വഴക്കം ഈ സഭയ്ക്കില്ല. പുറത്ത് പ്രസംഗിച്ചിട്ടുള്ള ഒരു പ്രസംഗമായി അതിനെ കണക്കാക്കി നിലപാട് സ്വീകരിക്കുന്നതായിരിക്കും ഉചിതം.

## V ഗവൺമെന്റ് പ്രമേയം (ചട്ടം 118)

ബി.പി.സി.എൽ. സ്വകാര്യവത്കരണം

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

"രാജ്യത്തെ തന്ത്രപ്രധാന മേഖലകളിലെല്ലാം യാതൊരു തത്വദീക്ഷയുമില്ലാതെ സ്വകാര്യവൽക്കരണ നയങ്ങൾ കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുകൂടി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണം വ്യാപിപ്പിക്കുകയാണ്.

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബി.പി.സി.എൽ.) സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുണ്ട്.

കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബി.പി.സി.എൽ.-ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്ര സർക്കാരിന്റേതാണ്. അത് പൂർണ്ണമായും വിറ്റഴിക്കുന്നത് സ്വകാര്യ കുത്തക കമ്പനികൾക്ക് വൻ നേട്ടമുണ്ടാക്കാൻ അവസരമൊരുക്കും. ഇതോടെ പ്രതിവർഷം ഭീമമായ തുക നികുതി ഇനത്തിൽ സർക്കാരിന് നൽകുന്ന സ്ഥാപനം ഫലത്തിൽ ഇല്ലാതാകും.

മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. സ്വകാര്യവൽക്കരണം കാരണം കോടിക്കണക്കിന് വരുന്ന പാചകവാതക ഉപയോക്താക്കൾക്ക് നിലവിൽ ലഭിച്ചുവരുന്ന സബ്സിഡി നഷ്ടമാകുകയും ചെയ്യും. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയെത്തന്നെ ബാധിക്കുന്നതാണ്.

ബി.പി.സി.എൽ.-ന്റെ ഭാഗമായ കൊച്ചി റിഫൈനറി സ്ഥാപിച്ചത് കേരള സർക്കാർ കൂടി മുൻകൈ എടുത്താണ്. റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്.

25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടത്. സ്വകാര്യവൽക്കരണനീക്കം പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും.

ഈ സാഹചര്യത്തിൽ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തേണ്ടതുണ്ട്. എണ്ണ സംസ്കരണ-വിൽപ്പന പോലുള്ള തന്ത്രപ്രധാനമായ മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് അധീശത്വം സ്ഥാപിക്കാൻ വഴിയൊരുക്കുന്ന ഓഹരി വിറ്റഴിക്കൽ നടപടിയിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുകയാണ്. കേരളത്തിലെ ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിത്. കേരളത്തിലെ മാത്രമല്ല, ഇന്ത്യയിൽ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് ബി.പി.സി.എൽ. ലാഭകരമായി പ്രവർത്തിക്കുന്ന നവരത്ന കമ്പനികളെ മുഴുവൻ ഡിസ്ഇൻവെസ്റ്റ്മെന്റിലേയ്ക്ക് കൊണ്ടുവരുന്നത് ഒരിക്കലും ഗുണകരമായ കാര്യമല്ല. മാത്രമല്ല, കേരളാ ഗവൺമെന്റിന് വലിയ സ്റ്റേക്കുള്ള സ്ഥാപനവുമാണിത്. കേരളമാണ് ലാൻഡ് കൊടുത്തിട്ടുള്ളത്. നമുക്ക് അതിൽ ചെറിയ ഷെയറുണ്ട്. ആരോടും ആലോചിക്കാതെ പ്രധാനമന്ത്രിയുടെ വിദേശ പര്യടനത്തിനിടയിലാണ് ഇത് ഒപ്പുവച്ചതെന്ന് പറയപ്പെടുന്നു. അതോടൊപ്പംതന്നെ പ്രധാനമന്ത്രി സൗദി അറേബ്യ സന്ദർശിച്ച സമയത്ത് R.M.Co. കമ്പനിയുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയത് ഇതിന്റെ ഭാഗമായാണെന്ന് പറയപ്പെടുന്നു. നമുക്ക് അതിന്റെ വിശദാംശങ്ങൾ അറിയില്ല. ഈ സഭയിലെ അംഗമായ ശ്രീ. വി. പി. സജീന്ദ്രനും അവിടത്തെ എം.പി.-യായ ശ്രീ. ബെന്നി ബെഹനാനും ഇതിന്റെ പേരിൽ അവിടെ 24 മണിക്കൂർ സത്യാഗ്രഹം അനുഷ്ഠിക്കുകയുണ്ടായി. ശ്രീ. ഹൈബി ഈഡനും ശ്രീ. ബെന്നി ബെഹനാനും ഇന്നലെ പാർലമെന്റിൽ ഈ വിഷയം ഉന്നയിക്കുകയുണ്ടായി. ഇത് വളരെ ഗൗരവപൂർവ്വം കേരളം ഏറ്റെടുക്കേണ്ട വിഷയമാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ വിറ്റുതുലയ്ക്കാനുള്ള നീക്കത്തിനെതിരെ ഒറ്റക്കെട്ടായി മുന്നോട്ട് പോകണം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുകയാണ്. ഈ കാര്യത്തിൽ ഒറ്റക്കെട്ടായി, ഡൽഹിയിൽ എം.പി.-മാരുമായി ബന്ധപ്പെട്ട് എല്ലാവരെയും അണിനിരത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന് മുന്നിൽ നിവേദനം കൊടുക്കുന്നതോടൊപ്പംതന്നെ ശക്തമായി കേരളത്തിന്റെ സമ്മർദ്ദവുമുണ്ടാകണം. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടായിരിക്കുമെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

### മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ 3 മുതൽ 5 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മോൻസ് ജോസഫ്: സർ, മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 3, 4, 5 എന്നീ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII ക്രമപ്രശ്നം

### ഡിലേ സ്റ്റേറ്റ്മെന്റുകളിലെ അവ്യക്തത

ശ്രീ. റോജി എം. ജോൺ: സർ, നിയമസഭയിൽ എം.എൽ.എ.-മാർ ചോദ്യങ്ങൾക്ക് നോട്ടീസ് നൽകുന്നത് 10 പൂർണ്ണ ദിവസങ്ങൾക്ക് മുമ്പാണ്. ചോദ്യങ്ങൾക്ക് മന്ത്രിമാർ നൽകാനുദ്ദേശിക്കുന്ന മറുപടികൾ സഭയിൽ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന്റെ തൊട്ട് മുൻപിലത്തെ ദിവസം വൈകുന്നേരം 5.00 മണിക്ക് മുമ്പ് നിയമസഭാ സെക്രട്ടറിക്ക് കൈമാറണമെന്ന് നിയമസഭാ ചട്ടം 47 അനുശാസിക്കുന്നുണ്ടെങ്കിലും നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കൊഴികെ ഈ നിബന്ധന മന്ത്രിമാർ കൃത്യമായി പാലിക്കുന്നില്ലെന്നത് വസ്തുതയാണ്. പ്രസ്തുത ചട്ടത്തിലെ രണ്ടാം ഉപചട്ടത്തിൽ ടി സമയത്തിനുള്ളിൽ മറുപടി നൽകിയില്ലെങ്കിൽ അതിന്റെ ഇടക്കാല മറുപടിയോ അല്ലെങ്കിൽ അന്തിമ മറുപടിയോ എത്രയും നേരത്തെ നൽകേണ്ടതും എന്നാൽ ആ ചോദ്യം ലിസ്റ്റിൽ ചേർത്ത തീയതി മുതൽ 15 ദിവസം വൈകിയായിരിക്കാൻ പാടില്ലായെന്നും നിബന്ധനയുണ്ട്. 15-ാം സമ്മേളന കാലത്ത് അംഗങ്ങൾ ചോദിച്ച പല ചോദ്യങ്ങൾക്കും മറുപടി സമയത്ത് ലഭ്യമാക്കിയിരുന്നില്ല. അവയിൽ ചില ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഈ സമ്മേളന കാലത്ത് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയിട്ടുണ്ട്. 3-11-2019-ന് എല്ലാ സാമാജികർക്കും നൽകിയ കവറിനൊപ്പം നൂറുകണക്കിന് ഡിലേ സ്റ്റേറ്റ്മെന്റുകളുടെ പകർപ്പാണ് നൽകിയിരിക്കുന്നത്. എല്ലാ എം.എൽ.എ.-മാർക്കും രാവിലെ റൂമിൽ എത്തുന്ന കവറിന്റെകൂടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ നൽകിക്കൊണ്ടിരിക്കുകയാണ്. ഭരണപരമായ കാരണത്താലാണ് യഥാക്രമം മറുപടി നൽകാതിരിക്കുന്നതെന്നും ആയതിൽ ബോധപൂർവ്വമായ യാതൊരു കാലതാമസവും വരുത്തിയിട്ടില്ലെന്നുമുള്ള സ്റ്റേറ്റ്മെന്റാണ് നൽകിയിരിക്കുന്നത്. കഴിഞ്ഞ സമ്മേളനകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച 50 ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭിക്കാനുണ്ട്. അതുപോലെ തന്നെ ഒന്നാം സമ്മേളനം മുതൽ പതിനഞ്ചാം സമ്മേളനം വരെ വിവരം ശേഖരിച്ച്

നൽകുന്നതാണെന്ന ഇടക്കാല മറുപടി നൽകിയ ചോദ്യങ്ങളിലും ഇതുവരെ അന്തിമ മറുപടി നൽകിയിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ദിവസം ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ സർക്കാർ വന്നതിനുശേഷം നടപ്പിലാക്കിയ വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. അതിനും വിവരം ശേഖരിച്ചുവരിക യാണെന്നുള്ള ഒഴുക്കൻ മറുപടിയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഈ സമ്മേളന കാലത്ത് 28-10-2019 മുതൽ 31-10-2019 വരെയുള്ള നാല് ദിവസങ്ങളിലെ ചോദ്യങ്ങളിൽ 308 ചോദ്യങ്ങൾക്ക് ഇനിയും മറുപടി നൽകിയിട്ടില്ല. ചോദ്യങ്ങൾക്ക് നിശ്ചിത സമയത്തിനുള്ളിൽ മറുപടി നൽകണമെന്ന് അങ്ങയുടെ നിരന്തര റൂളിംഗുള്ളതാണ്. സഭയിൽ ഈ വിഷയം ഇതിനുമുമ്പും വന്നിട്ടുണ്ട്. ഈ ക്രമപ്രശ്നം ആവർത്തിച്ച് ഉന്നയിക്കേണ്ട സാഹചര്യം വരികയാണ്. അങ്ങയുടെ റൂളിംഗുപോലും അവഗണിക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇവിടെ അംഗങ്ങൾ ചോദ്യം ചോദിക്കുന്നത് കാര്യങ്ങൾക്ക് വ്യക്തമായി ഉത്തരം ലഭിക്കുന്നതിനും പൊതുസമൂഹത്തിന് കാര്യങ്ങൾ അറിയുന്നതിനും വേണ്ടിയാണ്. അപ്പോൾ ബോധപൂർവ്വം വിവരങ്ങൾ കൊടുക്കാതെ തടഞ്ഞുവയ്ക്കുന്നത് സഭയോടുള്ള അവഹേളനവും ചട്ടലംഘനവുമാണ്. അങ്ങയുടെ കർശനമായ ഇടപെടൽ ഈ വിഷയത്തിലുണ്ടാകണമെന്ന് ഞാൻ ഈ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ ബഹുമാനപ്പെട്ട റോജി എം. ജോൺ ചൂണ്ടിക്കാണിച്ചതുമായി ബന്ധപ്പെട്ടുള്ള ക്രമപ്രശ്നം തന്നെയാണ് ഞാൻ ഉന്നയിക്കുന്നത്. ഉത്തരം നൽകുന്നതിൽ ഡിലേ വരുന്നുണ്ട്. ഒരംഗം കവർ പൊട്ടിച്ച് ഡിലേ സ്റ്റേറ്റ്മെന്റ് നോക്കുമ്പോൾ അത് ആര് ചോദിച്ചതാണെന്നുള്ളത് മനസ്സിലാക്കാൻ കഴിയില്ല. ഉദാഹരണമായി, പതിനാലാം കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിൽ 28-5-2019-ന് മറുപടി നൽകേണ്ടിയിരുന്ന നക്ഷത്ര ചിഹ്നമിടാത്ത 235-ാം നമ്പർ നിയമസഭാ ചോദ്യത്തിന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ ഭരണപരമായ കാരണത്താലാണ് യഥാസമയം മറുപടി നൽകാതിരുന്നതെന്നും ആയതിനാൽ ബോധപൂർവ്വമായ യാതൊരുവിധ കാലതാമസവും വരുത്തിയിട്ടില്ലായെന്നും അറിയിക്കുന്നതായി പറഞ്ഞിട്ടുണ്ട്. ഇതിൽ ആരാണ് ചോദിച്ചതെന്നതും എന്താണ് ഇതിന്റെ മറുപടിയെന്നതും സംബന്ധിച്ച് ഒരു വ്യക്തതയുമില്ല. അഞ്ചാം മാസത്തെ ചോദ്യത്തിന്റെ മറുപടി മേശപ്പുറത്ത് വച്ചത് പരിശോധിച്ചാൽ, ചോദ്യം ചോദിച്ച ആൾക്കുതന്നെ ഈ നമ്പർ ഓർമ്മയുണ്ടാകില്ല. അതേ സമയം ചോദ്യം ചോദിച്ചയാളുടെ പേര് അതിൽ പറയുക, ഏത് മന്ത്രിയോടാണ് ചോദിച്ചതെന്ന് പറയുക, മറുപടിയുടെ സംക്ഷിപ്ത രൂപംകൂടി മേശപ്പുറത്ത് വയ്ക്കുക, കാലതാമസത്തിനുള്ള കാരണമെന്താണെന്നുള്ളത് വ്യക്തമാക്കുകയും ചെയ്യുക. ഞാൻ നേരത്തെ പറഞ്ഞ 235-ാം നമ്പർ ചോദ്യം ശ്രീ. പി. ഉബൈദുള്ള ചോദിച്ചതാണ്. ചോദ്യം, ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം ജയിൽ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കെ മരണപ്പെട്ടവരുടെ കണക്കുകൾ വെളിപ്പെടുത്താമോ എന്നതാണ്. അത് വളരെ പ്രധാനപ്പെട്ടതും നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾ കിട്ടേണ്ട ഉത്തരവുമാണ്. ഒരു ജയിൽ ഐ.ജി.-യോ ഉദ്യോഗസ്ഥനോ വിചാരിച്ചാൽ within seconds കൊണ്ട് കിട്ടാവുന്ന മറുപടിയാണത്. എന്നിട്ട്, 114 തടവുകാർ മരണപ്പെട്ടുവെന്ന് ഇപ്പോഴാണ് മറുപടി വന്നിരിക്കുന്നത്. കാട്ടിൽ എത്ര ആന ചരിഞ്ഞിട്ടുണ്ടെന്ന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ കൺസർവേറ്ററോട് ചോദിച്ചാൽ അപ്പോൾതന്നെ മറുപടി ലഭിക്കും. ഭരണപരമായ കാരണങ്ങളാലാണ് ഡിലേ എന്നാണ് പറയുന്നത്. എന്ത് ഭരണപരമാണ് ഇതിലുള്ളത്. കാലതാമസം പറയുമ്പോൾ അതിൽ എന്തെങ്കിലും കണക്കെടുക്കേണ്ടതോ അല്ലെങ്കിൽ അതിനുള്ള താമസമോ ഉണ്ടാകണ്ടേ? ഇതിൽ എന്ത് ഭരണപരമായ കാരണമാണുള്ളത്? ഇതൊരു സാറ്റിസ്ഫാക്ടറിയായ ഉത്തരമല്ല. മാത്രമല്ല, ഇത് ജയിൽ ഐ.ജി.-യെ പോലെയുള്ള ആളുകളിൽനിന്ന് ശേഖരിക്കപ്പെടേണ്ട മറുപടിയുമാണ്. നിയമസഭാ അംഗങ്ങൾ ഈ കാര്യം സഭ സമ്മേളിക്കുമ്പോൾ ഉന്നയിക്കരുതെന്ന കാരണത്താൽ ബോധപൂർവ്വം ഭരണപരമായ സൗകര്യത്തിനുവേണ്ടി മറച്ചുവയ്ക്കുകയാണ്. ഇത് നിയമസഭയോടും അംഗങ്ങളോടും ചെയ്യുന്ന അങ്ങേയറ്റത്തെ അനീതിയാണ്. അതിനാൽ ഡിലേ സ്റ്റേറ്റ്മെന്റ് നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിന് എത്രാമത്തെ നിയമസഭ, സമ്മേളനത്തിന്റെയും ചോദ്യത്തിന്റെയും നമ്പർ, വകുപ്പ്, ബന്ധപ്പെട്ട മന്ത്രിയുടെ പേര് എന്നിവയോടൊപ്പംതന്നെ ചോദ്യം ചോദിച്ച അംഗത്തിന്റെ പേരും അതിന്റെ കാലതാമസത്തിനുള്ള കാരണവുംകൂടി വ്യക്തമാക്കിയിട്ടുള്ള മറുപടി നൽകണമെന്നതാണ് എന്റെ ക്രമപ്രശ്നം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47 പ്രകാരം ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും സൂചിപ്പിച്ചതു പോലെ നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി 15 ദിവസത്തിനകം നൽകാൻ കഴിഞ്ഞില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പലപ്പോഴും ബൃഹത്തായതും ഒന്നിലധികം വകുപ്പുകളിൽ നിന്ന് ശേഖരിക്കേണ്ടിവരുമ്പോഴും മറ്റുമാണ് ഇത്തരത്തിൽ സമയബന്ധിതമായി ഉത്തരം സഭയിൽ നൽകാൻ സാധിക്കാതെ വരുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളായ എം. ഉമ്മറും റോജി എം. ജോണും സൂചിപ്പിച്ചതുപോലെ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രസക്തിയുള്ളതാണ്. സഭയുടെ മേശപ്പുറത്ത് ബന്ധപ്പെട്ട മന്ത്രിമാർ വയ്ക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ

പലപ്പോഴും ചോദ്യം സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതായി കാണുന്നില്ല. അതുകൊണ്ട് മേലിൽ 15 ദിവസത്തിനുശേഷം നൽകുന്ന ഉത്തരങ്ങളുടെകൂടെ സഭയിൽ സമർപ്പിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ എത്രാമത്തെ നിയമസഭ, സമ്മേളനത്തിന്റെ നമ്പർ, തീയതി, ചോദ്യം നമ്പർ, ബന്ധപ്പെട്ട മന്ത്രിയുടെ പേര്, ഉന്നയിച്ച അംഗത്തിന്റെ പേര്, കാലതാമസം നേരിട്ടതിന്റെ കാരണം എന്നിവ ഉൾപ്പെടുത്തി നൽകണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് പാർലമെന്ററികാര്യ വകുപ്പിൽനിന്നും ഒരു സർക്കുലർ പ്രത്യേകം പുറപ്പെടുവിക്കുന്നതായിരിക്കും. ഡിലേയുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഇത് കുറേ കാലങ്ങളായുള്ള പ്രതിഭാസമാണ്; പുതിയതായിട്ടുള്ളതല്ല. 12/2012-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അന്നത്തെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയോട് ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം 7 വർഷത്തിനുശേഷം ഞാൻ ഇപ്പോൾ നൽകിയിട്ടുണ്ട്. 8-1-2014-ൽ ചോദിച്ച ചോദ്യത്തിനും 15-7-2015-ൽ ചോദിച്ച ചോദ്യത്തിനും 24-7-2015-ൽ ചോദിച്ച ചോദ്യത്തിനും ഇപ്പോഴാണ് ഉത്തരം കൊടുത്തത്. ഞാൻ ചോദിച്ച ചോദ്യത്തിന് ഞാൻ തന്നെ ഇപ്പോൾ മറുപടി പറയുകയാണ്. ഇത് ഒരു പ്രതിഭാസമായിട്ടുണ്ടായിരുന്നു. പക്ഷെ ഈ സഭ വന്നതിനുശേഷം ബഹുമാനപ്പെട്ട അംഗങ്ങളുടെ അതിശക്തമായ ഇടപെടലും ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്റെയും ഭാഗമായി വലിയ മാറ്റം സംഭവിച്ചു. ഈ പറഞ്ഞ കാര്യംകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. നിയമസഭാ സാമാജികൻ ചോദ്യം ചോദിച്ചാൽ ഉത്തരം ലഭിക്കാൻ വർഷങ്ങളെടുക്കുന്നു. എന്നാൽ വിവരാവകാശ നിയമം വന്ന സാഹചര്യത്തിൽ ഇതേ വകുപ്പിനോട് ആരെങ്കിലും ഒരു ചോദ്യം ചോദിച്ചാൽ 15 ദിവസംകൊണ്ട് മറുപടി നൽകുകയാണ്. നിയമസഭാ സാമാജികന് ഉത്തരം ലഭിക്കാൻ കാലതാമസമുണ്ടാവുകയും മറ്റ് രീതിയിൽ ഉത്തരം ലഭിക്കുകയും ചെയ്യുമ്പോൾ അത് നിയമസഭാ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നുള്ളതാണ് ബഹുമാനപ്പെട്ട ചെയർ പരിശോധിക്കേണ്ടത്.

## റൂളിംഗ്

മി. സ്പീക്കർ: നമ്മുടെ സഭയുടെ വിശ്വാസ്യതയും സുതാര്യതയും അന്തസ്സും ഉയർത്തിപ്പിടിക്കുന്ന തരത്തിൽ ഇത്തരം പ്രശ്നങ്ങൾ നിരന്തരമായി സഭയിൽ കൊണ്ടുവന്ന് ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളെ ആദ്യമായി അഭിനന്ദിക്കുകയാണ്. ഇവിടെ ഉയർന്നുവന്ന പ്രശ്നത്തോട്

ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി അനുകൂലമായിട്ടാണ് പ്രതികരിച്ചിട്ടുള്ളത്. അദ്ദേഹം ശക്തമായ നടപടി സ്വീകരിച്ച് വകുപ്പുതലത്തിൽ സർക്കുലർ അയച്ച് തിരുത്തലുകൾ വരുത്തുമെന്നാണ് പറഞ്ഞിരിക്കുന്നത്. നിലവിൽ പരാമർശിക്കപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന എന്നുപറഞ്ഞ സാഹചര്യത്തിൽ ക്രമപ്രശ്നങ്ങൾ തീർപ്പാക്കുകയാണ്. അംഗങ്ങളുടെ നിരന്തരമായ ഇടപെടലിന്റെയും ചെയറിന്റെ റൂളിംഗിന്റെയും ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുടെയും ഭാഗമായി മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭിക്കുന്ന കാര്യത്തിൽ നമ്മൾ ഒരുപാട് മുന്നോട്ടുപോയിട്ടുണ്ട്. ഇനിയും മാറ്റങ്ങൾ വരുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സാഹചര്യത്തിൽ ക്രമപ്രശ്നം തത്കാലം തീർപ്പാക്കുകയാണ്.

## VIII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സംസാരിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള സർവ്വശ്രീ മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, ടി. ജെ. വിനോദ് എന്നീ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ഇന്നലെ ഒരു ബിൽ മാത്രമേയുണ്ടായിരുന്നുള്ളൂ, അതുകൊണ്ട് നമ്മൾ ദീർഘമായി ചർച്ച ചെയ്തു. ഇന്ന് ഒരു ബിൽ കൂടിയുണ്ട്. അതു മനസ്സിലാക്കി അംഗങ്ങൾ സംസാരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബില്ലിന്മേൽ ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

കഴിഞ്ഞ പ്രാവശ്യം ഞാൻ സംസാരിക്കാൻ എഴുന്നേറ്റപ്പോൾ എന്റെ വോട്ടറായ അങ്ങ്, അധികം സംസാരിക്കേണ്ട കുറച്ച് ചുരുക്കണം മേൽ പറഞ്ഞതുപോലുള്ള പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞപ്പോൾ വളരെ കുറച്ച് മാത്രമേ ഞാൻ സംസാരിച്ചുള്ളൂ. പക്ഷെ ഇത് മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയാണ്; കുറച്ച് കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. മദ്രസ്സാദ്ധ്യാപകരുടെയും അതുവഴി മദ്രസ്സകളുടെയും ക്ഷേമം എന്ന കാഴ്ചപ്പാടിലൂടെയല്ല ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് മനസ്സിലാകുന്നത്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഒരു വാചകം പൂർത്തിയാക്കിയിട്ടല്ലേ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുക.

മി. സ്പീക്കർ: അത് അങ്ങയുടെ പ്രസംഗത്തെക്കുറിച്ചാണോയെന്ന് അറിയില്ലല്ലോ?

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ളത് ബഹുമാനപ്പെട്ട അംഗം പ്രസംഗം ആരംഭിക്കുമ്പോൾ ഉപയോഗിച്ച ഒരു പ്രയോഗമാണ്. അത് ഓർഡറിലാണോ എന്ന സംശയം ഞാൻ ഉന്നയിക്കുകയാണ്. 'എന്റെ വോട്ടർ' എന്നാണ് പറഞ്ഞത്. ശരിക്കും 'ചെയർ' ആണല്ലോ. ചെയറിനെയല്ലേ അഭിസംബോധന ചെയ്യേണ്ടത്? ചെയറിലിരിക്കുന്ന വ്യക്തി എവിടത്തെ വോട്ടറായാലെന്താണ്. ചെയറിനോടുള്ള ബഹുമാനക്കുറവ് പ്രകടിപ്പിക്കുന്ന വിധത്തിൽ 'എന്റെ ഒരു വോട്ടറാണ്' എന്ന് പറഞ്ഞ പ്രയോഗം ഓർഡറിലാണോയെന്ന് നോക്കണം. അല്ലെങ്കിൽ അത് നീക്കം ചെയ്യണം.

മി. സ്പീക്കർ: ആരുടെ വോട്ടർ എന്നത് പ്രസക്തമായ കാര്യമല്ല. അദ്ദേഹം ബഹുമാനക്കുറവ് കൊണ്ട് പറഞ്ഞതാണെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. എം. സ്വരാജ്: സർ, അത് ഓർഡറിലാണോയെന്നതാണ്.

മി. സ്പീക്കർ: ഓർഡറിലല്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ സ്നേഹംകൊണ്ട് പറഞ്ഞതാണ്. ശ്രീ. എം. സ്വരാജ് ദയവുചെയ്ത് ക്ഷമിക്കു. അത് എഴുതിത്തരണമെങ്കിൽ എഴുതിത്തരാം.

സമൂഹത്തിൽ അസംഘടിതരും ഇന്നേവരെ ഒരിക്കൽപ്പോലും അവരുടെ സേവന വേതന വ്യവസ്ഥകൾക്കായി തെരുവിലിറങ്ങി സമരം

ചെയ്തിട്ടില്ലാത്തതുമായ ഒരു വിഭാഗത്തിനുവേണ്ടിയുള്ള ബിൽ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട കരുതലും പരിഗണനയും ഇവിടെ നൽകിയിട്ടില്ല. മദ്രസ്സാദ്ധ്യാപകർക്ക് എന്തൊക്കെയോ ലഭിക്കുന്നുവെന്ന് വരുത്തിതീർത്ത് കുറച്ച് ഇഷ്ടക്കാരെ തിരുകി കയറ്റാനുള്ള സംവിധാനം മാത്രമായിട്ടാണ് ഞാൻ ഈ ബോർഡിന്റെ ഘടനയെ കാണുന്നത്. പഴയ കാലത്ത് പ്രാഥമിക വിദ്യാഭ്യാസ സൗകര്യമില്ലാത്ത മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള ഏകമാർഗ്ഗം മദ്രസ്സകളായിരുന്നു; അല്ലെങ്കിൽ പഴയ ഓത്തുപള്ളികളായിരുന്നു. മുസ്ലീം സമുദായത്തിന്റെ പുരോഗതിയിലും അതുവഴി ഇന്ത്യയുടെതന്നെ വിദ്യാഭ്യാസ പുരോഗതിയിലും മദ്രസ്സകൾ വഹിച്ച പങ്ക് ഉൾക്കൊണ്ടുകൊണ്ടാണ് അവയെ ആധുനികവത്കരിക്കുന്നതിന് 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽത്തന്നെ ഇതിനെ ഉൾപ്പെടുത്തിയിരുന്നത്. മദ്രസ്സാദ്ധ്യാപകർ ദിനംപ്രതി രാവിലെ 6.30 മുതൽ 9.30 വരെയും വൈകിട്ട് 6.30 മുതൽ 9.00 വരെയും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ട്. ഇവരിൽ മിക്കവരുടെയും ശമ്പളം 3000-6000 രൂപ വരെമാത്രമാണ്. ഇത്രയും നീണ്ട മണിക്കൂറുകൾ ജോലി ചെയ്തിട്ട് ഇത്രയും കുറവ് വേതനം ലഭിക്കുന്നവർ കേരളത്തിൽ മദ്രസ്സാദ്ധ്യാപകർ മാത്രമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇവർ പലപ്പോഴും ജോലി നോക്കുന്നത് ജോലിയോടുള്ള താത്പര്യം കൊണ്ടാവും; അല്ലാതെ ശമ്പളം മാത്രം നോക്കിയല്ല. കുട്ടികൾക്ക് മതപഠനം നൽകുകയും അതുവഴി അവരെ സത്യസന്ധരും രാജ്യസ്നേഹികളുമായ നല്ല പൗരന്മാരാക്കുകയും ചെയ്യുക എന്നത് മാത്രമാണ് ഇവരുടെ ഉദ്ദേശ്യം. നമുക്ക് അറിയാവുന്നതുപോലെ ആറായിരം രൂപ ശമ്പളം കിട്ടുന്ന ഒരാൾക്ക് കുടുംബം പോറ്റാൻ വളരെ പ്രയാസമായിരിക്കും. പലപ്പോഴും സുമനസ്സുകളുടെ സഹായം കൊണ്ടുമാത്രമാണ് ഇവർ കഷ്ടിച്ച് ജീവിക്കുന്നത്. ഇവർ ചെയ്യുന്ന മഹനീയ പ്രവൃത്തിക്ക് ഇപ്പോൾ ലഭിക്കുന്ന ശമ്പളം വളരെ കുറവാണ്. മാത്രമല്ല, ഇവർക്ക് ജോലി സ്ഥിരതയുമില്ല. മിക്കവാറും മദ്രസ്സാദ്ധ്യാപകർ ഒന്നോ രണ്ടോ വർഷം ഒരിടത്ത് ജോലി നോക്കും; പിന്നീട് അവിടെ നിന്നും മാറി വീടിനടുത്തെവിടെയെങ്കിലും ജോലി നോക്കാറാണ് പതിവ്. സാധാരണ റമദാൻ മാസത്തിലാണ് ഇവരുടെ പുതിയ നിയമനങ്ങൾ നടത്തുക. ഒന്നോ രണ്ടോ മാസം കഴിഞ്ഞ് എന്തെങ്കിലും കാരണവശാൽ മദ്രസ്സകളിൽ പോകാൻ കഴിഞ്ഞില്ലെങ്കിൽ അവർക്ക് അടുത്ത റമദാൻ വരെ

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

ജോലിയില്ലാതെ വീട്ടിലിരിക്കേണ്ടി വരും. കൂലിപ്പണിക്കോ മറ്റ് ജോലികൾക്കോ പോകാൻ അവർക്ക് കഴിയില്ല അഥവാ അവർ തയ്യാറാണെങ്കിൽപ്പോലും ആരും അവരെ കൂലിക്ക് വിളിക്കുകയില്ല. നാട്ടുകാരിൽ

നിന്നും ചെറിയ സംഭാവനകൾ മാസവരി വാങ്ങിയാണ് മദ്രസ്സകളുടെ ചെലവ് വഹിക്കുന്നത്. ഇന്നലെ പ്രിയങ്കരനായ സാദിഖ് അലി ശിഹാബ് തങ്ങളുടെ ഒരു ഫെയ്സ് ബുക്ക് പോസ്റ്റ് കണ്ടു; അദ്ദേഹം കണ്ണൂരിലെ ചെറുവാഞ്ചേരിയിൽ ഒരു മദ്രസ്സയ്ക്കുവേണ്ടിയുള്ള ധനസമാഹരണം നടത്തിക്കൊണ്ടിരുന്നപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു വനിതാ എസ്.ഐ. ആ വേദിയിലേയ്ക്ക് കടന്നുവന്ന് അവരുടെ വിരലിലുണ്ടായിരുന്ന മോതിരം ഊരി മദ്രസ്സയ്ക്ക് സംഭാവനയായി നൽകിയെന്നാണ്. സുമനസ്സുകളുടെ സഹായം കൊണ്ടാണ് പല മദ്രസ്സകളും ഇതേ രീതിയിൽ പ്രവർത്തിക്കുന്നത്. ഈ സമുദായത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസ വികസനത്തിന് ഇതേരീതിയിലുള്ള മദ്രസ്സകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. മലബാറിൽ ഇത്രയും വിദ്യാഭ്യാസ പുരോഗതിയുണ്ടാകാനുള്ള ഒരു പ്രധാന കാരണം ഈ മദ്രസ്സകൾ തന്നെയാണ്. ഒരാഴ്ച മുമ്പ് സൗദി അറേബ്യയിൽ വച്ച് ഏകദേശം 197 പേർ പങ്കെടുത്ത ബാങ്ക് വിളി മത്സരമുണ്ടായിരുന്നു. ലോകത്തിലെ എല്ലാ വിഭാഗം ആൾക്കാരും വന്നിരുന്നു. അതിൽ 7-ാം സ്ഥാനം കിട്ടിയത് മുഹസിൻ എന്ന മലയാളിക്കുട്ടിക്കാണ്. ഈ മദ്രസ്സകൾകൊണ്ടാണ് ഇത്രയും വലിയ പുരോഗതി നമുക്കുണ്ടായതെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. മൺമറഞ്ഞുപോയ ബാഫഖി തങ്ങളും പൂക്കോയ തങ്ങളും വളരെ വലിയ പ്രോത്സാഹനം നൽകിയതുകൊണ്ടാണ് ഇന്ന് ഇന്ത്യയിൽ മറ്റൊരിടത്തുമില്ലാത്തത്ര മദ്രസ്സകൾ നമ്മുടെ സംസ്ഥാനത്തുള്ളത്. 2010-ൽ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആരംഭിച്ചെങ്കിലും ഇതിന്റെ കോർപ്പസ് ഫണ്ടായ പത്ത് കോടി രൂപ കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ പലിശയ്ക്ക് നിക്ഷേപിച്ചിരുന്നു. ക്ഷേമനിധിയിൽ അന്ന് വെറും 700 അംഗങ്ങൾ മാത്രമാണുണ്ടായിരുന്നത്. മദ്രസ്സാദ്ധ്യാപകരുടെ തൊഴിൽതന്നെ പലിശയ്ക്കും മദ്യത്തിനും എതിരായി കുട്ടികളെ പഠിപ്പിക്കുകയെന്നുള്ളതാണ്. അങ്ങനെയുള്ള ഈ അദ്ധ്യാപകരെയാണ് അന്നത്തെ സർക്കാർ പലിശയിലധിഷ്ഠിത ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ നോക്കിയത്. ഇത് എങ്ങനെ പരിഹരിക്കാമെന്ന് കഴിഞ്ഞ സർക്കാർ വളരെ ഗൗരവമായി ആലോചിച്ചതിന്റെ ഭാഗമായിട്ടാണ് പത്തുകോടി രൂപ പലിശരഹിതമായി കോഴിക്കോട് ജില്ലാ ട്രഷറിയിൽ നിക്ഷേപിക്കാൻ തീരുമാനിച്ചത്. 2012-ൽ ഇതിന് പ്രത്യേക ഉത്തരവിറക്കി. അതോടുകൂടി 12,000 പേരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ കഴിഞ്ഞു. അന്നുവരെ ഇതിൽ നിന്നും മാറിനിന്നിരുന്ന കേരളത്തിലെ മദ്രസ്സാദ്ധ്യാപകരിലെ കുറേ ആൾക്കാരെ ഇതിൽ പങ്കാളികളാക്കി. 14 ജില്ലാ കളക്ടേറ്റുകളിലും മീറ്റിംഗ് നടത്തി; കേരളത്തിലെ മുസ്ലീം മതസംഘടനകളുടെ നേതാക്കളുമായി ചർച്ച നടത്തി; വ്യാപകമായ പരിപാടികൾ സംഘടിപ്പിച്ചു; കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തി. അങ്ങനെയാണ് അംഗസംഖ്യ 700-ൽ നിന്നും 12000 ആയി ഉയർന്നത്. 1,30,000

മദ്രസ്സാദ്ധ്യാപകരിൽ വെറും 12000 പേരെ മാത്രമേ നിങ്ങൾക്ക് ചേർക്കാൻ സാധിച്ചുള്ളുവോ എന്നാണ് അന്നത്തെ പ്രതിപക്ഷം ചോദിച്ചിരുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഓർമ്മയുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഗവൺമെന്റ് വന്ന് മൂന്നര വർഷം കഴിഞ്ഞു. 1,30,000 പേരെ ചേർക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? അന്നുണ്ടായിരുന്നതിന്റെ ഇരട്ടി അംഗസംഖ്യ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വാസ്തവം. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ പലിശയ്ക്കിട്ടിരിക്കുന്ന പത്തുകോടി രൂപ ജില്ലാ ട്രഷറിയിലേയ്ക്ക് മാറ്റി. അദ്ധ്യാപകരുടെ അംശദായം അടച്ച തുകയുമുൾപ്പെടെ ഏകദേശം 18 കോടി രൂപയോളം അന്നുണ്ടായിരുന്നു. ഞാൻ തന്നെ ഏകദേശം 5 കോടി രൂപ

അന്ന് അദ്ധ്യാപകർക്കുവേണ്ടി വിനിയോഗിച്ചിരുന്നു. അന്ന് സർക്കാരുമായുണ്ടാക്കിയ ഒരു ധാരണ, വാർഷികാദായത്തിൽ ഉൾപ്പെടുത്തി സർക്കാർ വിഹിതം ഇൻസെന്റീവായി വയ്ക്കണമെന്നതായിരുന്നു. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഇപ്പോൾ ബോർഡാക്കി മാറ്റുമ്പോൾ: പാവപ്പെട്ട, വളരെ ശുദ്ധരും നിസ്വാർത്ഥരും കേരളത്തിലെ ഏറ്റവും വലിയ അസംഘടിതരും ഇന്നേവരെ ശമ്പളത്തിനും സേവന-വേതന വ്യവസ്ഥകൾക്കുംവേണ്ടി തെരുവിലിറങ്ങാത്തതും സംശുദ്ധമായ സാമൂഹ്യജീവിതം നയിക്കുന്നതുമായ ഈ അദ്ധ്യാപകർക്ക് എന്തോ വലിയ നന്മയാണ് വരാൻ പോകുന്നതെന്ന് തെറ്റിദ്ധരിക്കും. പക്ഷേ ഈ സർക്കാർ വന്ന് നാല് വർഷം കഴിഞ്ഞിട്ടും നയാപൈസ പോലും ഈ നിധിയിലേയ്ക്ക് കൊടുത്തിട്ടില്ലെന്നതാണ് സത്യം. വാർഷികാദായത്തിൽ ഉൾപ്പെട്ട കണക്കുകൂടി കൂട്ടിക്കഴിഞ്ഞാൽ ഏകദേശം 3.5 കോടി രൂപ ഇൻസെന്റീവായി വയ്ക്കേണ്ടതാണ്. അതുപോലും വകയിരുത്തിയിട്ടില്ല. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ഈ ബിൽ കൊണ്ട് പാവപ്പെട്ട മദ്രസ്സാദ്ധ്യാപകർക്ക് വിചാരിച്ച രീതിയിലുള്ള ഗുണമൊന്നുമുണ്ടാകില്ല. ഒന്നുരണ്ട് രാഷ്ട്രീയക്കാർക്ക് കാറുണ്ടാകും, സൗകര്യങ്ങളുണ്ടാകുമെന്നതിൽ കവിഞ്ഞ് എന്ത് നേട്ടമാണ് ഈ ബിൽ കൊണ്ടുണ്ടാകാൻ പോകുന്നത്? അപ്പോൾ നിങ്ങൾ പറയും: ഒരുപാട് ക്ഷേമപദ്ധതികൾ കൊണ്ടുവരാൻ കഴിയുമെന്ന്; ബോർഡൊന്നുമില്ലാതിരുന്ന കാലത്തുതന്നെ മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ കുട്ടികൾക്ക് ലാപ്ടോപ്പ്, മക്കളുടെ വിവാഹത്തിന് ധനസഹായം ഒക്കെ കൊടുത്തിരുന്നു. അവരുടെ ആരോഗ്യ പരിരക്ഷയ്ക്കുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. നിങ്ങൾക്ക് എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ കഴിഞ്ഞ സർക്കാർ ചെയ്തതുപോലെ വർഷംതോറും പണം നീക്കിവയ്ക്കുകയായിരുന്നു വേണ്ടിയിരുന്നത്. അത് ചെയ്തില്ല. 2011 ജനുവരി 1-ന് ഈ വകുപ്പ് രൂപീകരിക്കുമ്പോൾ അത്

പേപ്പറിൽ മാത്രമായിരുന്നു. സ്വന്തമായി ഒരു ഓഫീസ് കെട്ടിടമുണ്ടായിരുന്നില്ല; ആവശ്യത്തിന് സ്റ്റാഫുണ്ടായിരുന്നില്ല. എന്തിന് ഒരു പ്ലാൻ ഹെഡ് പോലുമുണ്ടായിരുന്നില്ല. അങ്ങനെയുള്ള ഇതിനെ ഒരു വകുപ്പാക്കി മാറ്റിയത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരായിരുന്നു അതിനുവേണ്ട സൗകര്യങ്ങളുണ്ടാക്കിക്കൊടുത്തത്; അന്നാണ് സ്വന്തമായി ഒരു ഓഫീസുണ്ടായത്; പോസ്റ്റ് ക്രിയേഷൻ നടത്തി ആവശ്യത്തിന് സ്റ്റാഫിനെയും നിയമിച്ചു. 2012-ൽ ആദ്യമായി ഒരു കോടി രൂപ വകയിരുത്തിക്കൊണ്ട് പ്ലാൻ ഹെഡുണ്ടാക്കി; ഏറ്റവും ഒടുവിൽ 118 കോടി രൂപയാണ് യു.ഡി.എഫ്.-ന്റെ അവസാന ബജറ്റിൽ വകയിരുത്തിയത്. അതായത് ഒരു കോടി രൂപയിൽ നിന്നും 118 കോടി രൂപയിലേയ്ക്ക് എത്തി. അക്കാലത്ത് ഓരോ വർഷത്തെയും ബജറ്റിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയതെന്ന് നമുക്കറിയാം; ഓരോ വർഷത്തെ ബജറ്റിലും മുൻവർഷത്തെക്കാൾ ചുരുങ്ങിയത് 10 ശതമാനമെങ്കിലും അധികം വയ്ക്കണം. നിങ്ങൾ എന്താണ് ചെയ്തത്? ഓരോ വർഷവും മാറ്റി വയ്ക്കുന്ന തുക കുറഞ്ഞു വരികയല്ലേ; ഈ വകുപ്പുതന്നെ അടച്ചുപൂട്ടേണ്ട ഒരു രീതിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. 2016-ലെ ബജറ്റിൽ ന്യൂനപക്ഷ വിധവകൾക്കുവേണ്ടിയുള്ള ഭവനപദ്ധതിക്ക് തുക മാറ്റിവച്ചപ്പോൾ ശ്രീ. കാനം രാജേന്ദ്രൻ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മുഴുവൻ നേതാക്കന്മാരും പറഞ്ഞത് വിധവകൾക്കിടയിലും ന്യൂനപക്ഷങ്ങളെ തേടുന്നുവെന്നാണ്. അന്നത്തെ ആ ഭവനപദ്ധതിക്ക് നിങ്ങൾ പേരിടൽ കർമ്മം നടത്തി - ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി. അല്ലാതെ വേറെ എന്താണ് ചെയ്തത്? ഇപ്പോൾ അതുമില്ല. ഇപ്പോൾ അത് ലൈഫായി. ലൈഫിന്റെ ലൈഫ് പോയി. വളരെ നല്ല രീതിയിൽ നടന്നുവരുന്ന മൈനോറിറ്റി കോച്ചിംഗ് സെന്ററിനെ നിങ്ങൾ വികലമാക്കി. ആ കാലഘട്ടങ്ങളിൽ പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകളുടെ റിസൾട്ട് വരുമ്പോൾ ഈ കോച്ചിംഗ് സെന്ററുകളിൽ നിന്നുള്ള കുറേയധികംപേർ ഉയർന്ന റാങ്കുകൾ നേടിയിരുന്നു. കോച്ചിംഗ് സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? 2011 വരെയും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ പദ്ധതി നടത്തിപ്പിൽ ഇന്ത്യയിൽ 16-ാം സ്ഥാനത്തായിരുന്നു കേരളം. ആ സ്ഥാനത്തുനിന്ന് 2013 ഏപ്രിലിൽ ഫണ്ട് വിനിയോഗത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് കേരളത്തെ എത്തിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രവിഹിതം എത്ര ലഭിച്ചു; അതിൽ എത്ര നിങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞു?ഇന്ത്യയിൽ വളരെ ഫലപ്രദമായി നടന്നുകൊണ്ടിരുന്ന ഒരു പദ്ധതിയായിരുന്നു എം.എസ്.ഡി.പി. (മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം), ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് തുക

ചെലവഴിക്കുന്ന പദ്ധതി. ആ പദ്ധതിയെ എൻ.ഡി.എ. ഗവൺമെന്റ് പേരുമാറ്റി പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം എന്നാക്കി. ഇപ്പോൾ എന്തെങ്കിലും നടക്കുന്നുണ്ടോ; ഒന്നും നടക്കുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹൈസ്കൂൾ/ഹയർ സെക്കന്ററി/കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പും കരിയർ ഗൈഡൻസിനുള്ള ഏകദിന ക്യാമ്പുകളും പതിനായിരത്തിലധികം വിദ്യാർത്ഥികൾക്കാണ് പ്രയോജനപ്പെട്ടത്. നിർദ്ധനരായ 7599 വിദ്യാർത്ഥികൾക്കാണ് പഠനമേശ, കസേര എന്നിവ വിതരണം ചെയ്തത്. ഇതിനായി 2.81 കോടി രൂപയും ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഗവേഷണത്തിന് ഏകദേശം 44 ലക്ഷം രൂപയുമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ഇത്തവണ ഇത്തരത്തിൽ എത്ര തുക വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് മാത്രം ഈ സർക്കാർ പരിശോധിച്ചാൽ മതി, വിദ്യാർത്ഥികളുടെ വിഷയത്തിൽ എത്രമാത്രം പരിഗണന നൽകുന്നുണ്ടെന്ന് മനസ്സിലാകും. M.S.D.P. (Multi Sectoral Development Programme) പ്രകാരം യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മൊത്തം 87 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞെങ്കിൽ 2017-18 വർഷത്തിൽ ഒരു രൂപപോലും വിനിയോഗിച്ചിട്ടില്ല. മാത്രമല്ല, കേന്ദ്ര മദ്രസ്സാ വികസന ഫണ്ടുപയോഗിച്ചുള്ള S.P.Q.E.M (Scheme to Provide Quality Education in Madrasas) പദ്ധതിപ്രകാരം 2013-14 വർഷത്തിൽ 71 കോടി രൂപ നേടിയെടുത്തതിനുശേഷം ഒരു രൂപപോലും ഈ സർക്കാരിന് ഇതുവരെ കേന്ദ്രത്തിൽനിന്നും ലഭിച്ചില്ല. ഐ.ഡി.എം.ഐ. (Infrastructure Development in Minority Institutes) പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭ്യമാക്കി; 123 സ്ഥാപനങ്ങൾക്ക് 25 ലക്ഷം രൂപ വീതം ഗ്രാന്റ് നൽകുകയും 2016-ന് മുമ്പ് അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് അയച്ചുകൊടുക്കുകയും ചെയ്തതിനുശേഷം തുടർന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകാത്തതുകൊണ്ട് ഈയിനത്തിലും ഒരു രൂപപോലും നമുക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ പ്രാവശ്യം സംസാരത്തിനിടയിൽ കുട്ടികൾക്കുള്ള കാര്യങ്ങളെപ്പറ്റി പറഞ്ഞു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ബില്ലിനെപ്പറ്റി പറയുകയാണെങ്കിൽ ക്ഷേമനിധിയിലെ അംഗമാകാൻ വേണ്ട ഏറ്റവും കുറഞ്ഞ പ്രായം 20 ആയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. അത് 18 വയസ്സാക്കി കുറയ്ക്കണം. പ്രായപൂർത്തിയായവരെ ഇതിൽ ഉൾപ്പെടുത്തണം. സർക്കാർ ജോലി ലഭിക്കുന്നതിനുപോലും പ്രായപരിധി 18 വയസ്സാണ്. 20 വയസ്സെന്നുള്ളത് കൂടുതലാണ്. 18 ആക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ആക്ടിന്റെ വകുപ്പ് 4-ൽ അംശദായം ഗസറ്റ് വിജ്ഞാപനം വഴി 500 രൂപ വരെയാക്കാൻ വ്യവസ്ഥയുണ്ട്. നിയമം പാസ്സാക്കിയിട്ട് ഈ അംശദായം യഥേഷ്ടം പത്തിരട്ടി വരെയാക്കാൻ

വേണ്ട സ്വാതന്ത്ര്യം ഉദ്യോഗസ്ഥർക്ക് നൽകുന്നത് ശരിയല്ല. ഇത് പരമാവധി 300 രൂപ വരെയാക്കണം. അതിൽ കൂടുതൽ വർദ്ധിപ്പിക്കേണ്ട സാഹചര്യം വന്നാൽ ഭേദഗതി ബില്ലായി നിയമസഭയിൽ അവതരിപ്പിക്കുന്നതാണ് ഉചിതം. അല്ലാതെ ഒറ്റയടിക്ക് 50 രൂപയിൽ നിന്ന് 500 രൂപയാക്കി ഉയർത്തുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. കൂടാതെ ബോർഡിലെ ഒരംഗം ആറു മാസത്തിലധികം തുടർച്ചയായി അംശദായം അടച്ചില്ലെങ്കിൽ അംഗത്വം സ്വയം നഷ്ടപ്പെടും. ഈ ആറുമാസം ചെറിയ പിരീഡാണ്. ഈ സഭയിൽ തന്നെ പരിഗണിക്കുന്ന കേരള കർഷക ക്ഷേമനിധി ബിൽ പരിശോധിച്ചാൽപ്പോലും ഇത് ഒരു വർഷമാണെന്ന് കാണാൻ കഴിയും. അതുകൊണ്ട് ഈ ബില്ലിൽ അവരുടെ പിരീഡ് വർദ്ധിപ്പിച്ച് ഒരു വർഷം വരെയാക്കണം. കാരണം റമദാൻ മാസത്തിൽ നിയമനം കിട്ടിയില്ലെങ്കിൽ പിന്നീട് അടുത്ത ഒരു വർഷം കഴിഞ്ഞാൽ മാത്രമേ അവർക്ക് ജോലി ലഭിക്കുകയുള്ളൂ. പല മദ്രസ്സ കമ്മിറ്റികളും അദ്ധ്യാപകർക്കുവേണ്ടി അംശദായം അടയ്ക്കാറില്ല. ഇത് ഒരു അധികബാധ്യതയായാണ് പലരും കരുതുന്നത്. അതുകൊണ്ട് കമ്മിറ്റി വിഹിതം അടയ്ക്കാതിരിക്കുന്ന അവസരത്തിൽ അദ്ധ്യാപകർക്കുതന്നെ ഈ വിഹിതം അടയ്ക്കാനുള്ള സൗകര്യമുണ്ടാകണം. കൂടാതെ 17-ാം വകുപ്പിൽ ബോർഡിന് ആവശ്യമെങ്കിൽ പണം കടം വാങ്ങാമെന്ന് പറയുന്നു. ഈ കടം പലിശയില്ലാതെ ആയിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ വേണം. ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ഇതിനുള്ള പദ്ധതികൾ തയ്യാറാക്കാൻ കഴിയണം. ബോർഡ് 18 പേർ അടങ്ങുന്ന ഒരു വലിയ സംരംഭമാണെന്നാണ് കാണുന്നത്. ഇത്രയും പേരുടെ യാത്രാച്ചെലവും സിറ്റിംഗ് ഫീസും ദിനബത്തയും ഇതിൽനിന്ന് നൽകേണ്ടിവരുന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും. ആറ് മദ്രസ്സാദ്ധ്യാപകരുടെ പ്രതിനിധികൾ, ആറ് കമ്മിറ്റികളുടെ പ്രതിനിധികൾ, കുറേ ഉദ്യോഗസ്ഥന്മാർ..., അതുകൊണ്ട് ഈ അംഗസംഖ്യ കുറയ്ക്കണം. അദ്ധ്യാപകരുടെയും കമ്മിറ്റികളുടെയും പ്രതിനിധികളായി 6 പേരെ വീതമാണ് നിലവിൽ ബോർഡിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് 3 ആക്കണമെന്നാണ് എന്റെ നിർദ്ദേശം. എല്ലാ ആൾക്കാരെയും ഇതിൽ ഉൾപ്പെടുത്താനാണ് അങ്ങ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. മുസ്ലീങ്ങൾ ഇങ്ങനെ ഇടയ്ക്കിടയ്ക്ക് ഭിന്നിച്ചുപോകും; അത് നമ്മുടെ സ്റ്റൈലാണ്. ഇനി ആറു പേർ പോരാ എന്നാകും; കുറച്ചുകാലം കഴിഞ്ഞാൽ 12 ആയി ഉയർത്തേണ്ടി വരും. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ പ്രധാനപ്പെട്ട രണ്ടോ മൂന്നോ ആൾക്കാരെ മാത്രമേ ഇതിൽ ഉൾപ്പെടുത്തേണ്ടതുള്ളൂ. ഓരോ ആൾക്കാരും ഇങ്ങനെ പോകുമ്പോൾ അവരെ തങ്ങളോട് കൂട്ടാൻ വേണ്ടി എണ്ണം കൂട്ടിയിട്ടുണ്ടെങ്കിൽ, ചെലവ് നമുക്ക് താങ്ങണ്ടേ. ക്വാറവുമായി ബന്ധപ്പെട്ട കാര്യം പറയുകയാണെങ്കിൽ 18 പേരിൽ 9 പേരുണ്ടെങ്കിൽ ക്വാറം തികയും.

ഉദ്യോഗസ്ഥരിൽ 2 പേർ നിർബന്ധമാണെന്നാണ് വ്യവസ്ഥ. അതായത് മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിച്ചും അല്ലെങ്കിൽ കമ്മിറ്റിയെ പ്രതിനിധീകരിച്ചും ഒരാൾപോലും പങ്കെടുത്തില്ലെങ്കിലും ക്വാറം തികയ്ക്കാനുള്ള സാഹചര്യമുണ്ട്. അത് ശ്രദ്ധിക്കണം. അത് ഉദ്യോഗസ്ഥഭരണത്തിനുള്ള ഒരു സംവിധാനമായി മാറുന്നതിന് ഇടയാക്കും. ഇത് പരിഹരിക്കുന്നതിന് മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിച്ചും അല്ലെങ്കിൽ കമ്മിറ്റിയെ പ്രതിനിധീകരിച്ചും ഒരാളെങ്കിലുമുണ്ടെങ്കിലേ ക്വാറമായി പരിഗണിക്കാവൂ എന്ന് ഭേദഗതി ചെയ്യണം. കോർപ്പസ് ഫണ്ടുമായി ബന്ധപ്പെട്ട് പറയുമ്പോൾ, ഇത് 2012-ൽ പലിശരഹിതമായി നിക്ഷേപിക്കാൻ തീരുമാനിച്ചതിന്റെ ഇൻസെന്റീവായി സർക്കാർ വിഹിതം നൽകുന്നതിനും ക്ഷേമനിധിയുടെ മറ്റാനുകൂല്യങ്ങൾ നൽകുന്നതിനും പ്രത്യേകം പ്രത്യേകം ഫണ്ട് ബജറ്റിൽ മാറ്റിവയ്ക്കാനാണ് അന്ന് തീരുമാനിച്ചിരുന്നത്. എന്നാൽ നിലവിലെ നിയമത്തിൽ ക്ഷേമനിധി ആനുകൂല്യം നൽകുന്നതിനുള്ള തുക പ്രത്യേകം നൽകാതെ സർക്കാർ വിഹിതമായി ലഭിക്കുന്ന തുകയിൽ നിന്ന് ചെലവഴിക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇൻഷ്വറൻസ് പരിരക്ഷ, സേവന ചാർജ്, വിരമിക്കുന്ന അംഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യം ഇവ നൽകുന്നതിന് പ്രത്യേകം തുക വകയിരുത്തണം. സർക്കാർ വിഹിതം പ്രത്യേകമായി നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. വിശുദ്ധ ഖുർ-ആനിൽ ഒരു വാചകമുണ്ട്: ഇന്നമൽ അയ്മാൻ ബിൻ നിയ്യത്ത് - നിയ്യത്ത് ശരിയല്ലെന്നാണ് എനിക്ക് മനസ്സിലാകുന്നത്. ഇതിന്റെ ഉദ്ദേശ്യശുദ്ധി ശരിയല്ല. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബില്ലിന്മേൽ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും അതത് രാജ്യത്തെ രാഷ്ട്രീയ, സാമൂഹ്യ സ്ഥിരതയിൽ പ്രധാനമാണെന്ന് ദേശീയ മത, ഭാഷ, വംശ, ന്യൂനപക്ഷ അവകാശ സംരക്ഷണത്തിനായുള്ള ഐക്യരാഷ്ട്ര സഭ പ്രഖ്യാപനത്തിൽ പറയുന്നുണ്ട്. ഒരു രാജ്യം നീതിപൂർവ്വകമായി പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളത് അവിടത്തെ സർക്കാരിന്റെ നിഷ്പക്ഷതയെക്കുറിച്ച്, അതാത് രാഷ്ട്രങ്ങളിലെ ന്യൂനപക്ഷങ്ങൾക്കിടയിലെ വിശ്വാസ്യതയിൽ നിന്നാണ് നമുക്കറിയാൻ സാധിക്കുന്നത്. ഇന്ത്യയിലെ മുസ്ലീം സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സ്ഥിതിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ ഡോ. മൻമോഹൻസിംഗ് സർക്കാരാണ് 2005-ൽ ജസ്റ്റിസ് രജീന്ദർ സച്ചാർ അദ്ധ്യക്ഷനായ ഏഴംഗ സമിതിയെ നിയോഗിക്കുന്നത്. ഇന്ത്യയിലെ മുസ്ലീങ്ങളുടെ പരമദയനീയമായ അവസ്ഥയാണ് സച്ചാർ കമ്മിറ്റി വരച്ച് കാട്ടിയത്.

മറ്റ് മതസമൂഹങ്ങളെ അപേക്ഷിച്ച് മുസ്ലീങ്ങളിലാണ് ഏറ്റവും കൂടുതൽ ദാരിദ്ര്യം നിലനിൽക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങളെക്കാൾ നേരിയ തോതിൽ മാത്രമാണ് മുസ്ലീങ്ങളുടെ സ്ഥിതി മെച്ചപ്പെടുന്നതെന്നാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്. മുസ്ലീം ജനസംഖ്യ കൂടുതലുള്ള ഗ്രാമങ്ങളിൽ മൂന്നിലൊന്നിൽപ്പോലും വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ആരോഗ്യശുശ്രൂഷാ രംഗത്തും അപര്യാപ്തകൾ ധാരാളമാണ്. 40 വില്ലേജുകളിലും ചികിത്സാ സൗകര്യം ലഭ്യമല്ലെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങളെല്ലാം പലതവണ ഈ സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കിയതുകൊണ്ട് മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. 2006-ൽ ആണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. 20 മാസത്തെ പഠനത്തിനുശേഷം സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഈ സംസ്ഥാനത്ത് അധികാരത്തിലിരുന്നത് എൽ.ഡി.എഫ്. സർക്കാരാണ്. ആ റിപ്പോർട്ട് സമർപ്പിച്ചിട്ടും അത് നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് അതിശക്തമായ മുറവിളി ഉയരേണ്ടിവന്നു. അതിനുശേഷം 2008-ൽ ആണ് പാലൊളി കമ്മിറ്റിയെ എൽ.ഡി.എഫ്. സർക്കാർ നിയോഗിക്കുന്നത്. കേരളത്തിൽ ഇതര സംസ്ഥാനങ്ങളുടെ സാഹചര്യങ്ങളിൽനിന്നും വ്യത്യസ്തത നിലനിൽക്കുമ്പോഴും സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ മുസ്ലീം സമുദായം മറ്റ് സമുദായങ്ങളെക്കാൾ പിന്നിലാണെന്നുള്ള വസ്തുത പാലൊളി കമ്മിറ്റിയുടെ റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുണ്ട്. സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിലൊന്നാണ് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായുള്ള മദ്രസ്സാ മോഡണൈസേഷൻ പ്രോഗ്രാം. മത പഠനത്തിനുപരിയായി സയൻസ്, ഗണിതം, ഇംഗ്ലീഷ്, കമ്പ്യൂട്ടർ എന്നീ വിഷയങ്ങൾ മദ്രസ്സകളിൽ പഠിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് Scheme to Provide Quality Education in Madrasas (SPQEM). 2010-11-ലും 2013-14 ലും കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിച്ചെങ്കിലും പിന്നീട് ഗ്രാന്റ് കിട്ടിയോ എന്നുള്ള കാര്യം അറിയില്ല. ഇപ്പോൾ മദ്രസ്സാ മോഡണൈസേഷന്റെ ഭാഗമായുള്ള ഇത്തരം കാര്യങ്ങൾ എവിടെയും നടക്കുന്നതായി അറിയില്ല. മുമ്പ് കമ്പ്യൂട്ടറും ലൈബ്രറികളും സ്ഥാപിക്കുവാൻ ഗ്രാന്റ് ഉൾപ്പെടെയുള്ള പല സഹായങ്ങളും മദ്രസ്സകൾക്ക് കൊടുത്തിരുന്നു. ഇപ്പോൾ അത് കിട്ടുന്നതായി അറിയാൻ സാധിക്കുന്നില്ല. പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയപ്പോൾ രാജസ്ഥാൻ ഗവൺമെന്റ് മാതൃക കാണിച്ചു. രാജസ്ഥാനിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടത്തിയിരുന്ന മദ്രസ്സകളുണ്ടായിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ മദ്രസ്സകൾക്കുള്ള ഗ്രാന്റ് കേന്ദ്ര സർക്കാർ നിഷേധിച്ചപ്പോൾ, അവിടെ 3240 മദ്രസ്സകൾ കേന്ദ്ര ഗ്രാന്റ് ലഭിക്കാത്തതുമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിട്ടപ്പോൾ, രാജസ്ഥാനിലെ അശോക് ഗെഹ്‌ലോട്ട്

സർക്കാർ 188 ലക്ഷം രൂപയാണ് പ്രത്യേക ഗ്രാന്റായി മദ്രസ്സകൾക്ക് അനുവദിച്ചത്. കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിച്ചില്ലെങ്കിൽ പോലും മദ്രസ്സാ മോഡണൈസേഷനുവേണ്ടി സംസ്ഥാന സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായം. ന്യൂനപക്ഷ പദ്ധതികൾക്കായുള്ള ബജറ്റ് വിഹിതം ഓരോ വർഷവും കുറഞ്ഞുവരികയാണ്; മോഡണൈസേഷനു വേണ്ടി സംസ്ഥാന സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കണം.

മദ്രസ്സാദ്ധ്യാപക ക്ഷേമനിധി സംബന്ധിച്ച് ശ്രീ. മഞ്ഞളാംകുഴി അലി ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇപ്പോൾ ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി നിശ്ചയിച്ചിരിക്കുന്നത് 20 വയസ്സാണ്. 18 വയസ്സാകുമ്പോൾ വോട്ടവകാശമുണ്ട്. പ്രായപൂർത്തി എന്ന് പറയുന്നത് 18 വയസ്സാണ്. 18 വയസ്സ് മുതൽ ക്ഷേമനിധിയിൽ അംഗമാകാനുള്ള അവസരം ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. സംസ്ഥാനത്ത് 20,000-ത്തോളം മദ്രസ്സകളും രണ്ട് ലക്ഷത്തോളം അദ്ധ്യാപകരുമുണ്ട്. സംസ്ഥാനത്ത് ഇരുപതിനായിരത്തോളം വരുന്ന മദ്രസ്സകൾക്ക് പുറമെ കേരളത്തിലെ തന്നെ മത സംഘടനകൾ അയൽ സംസ്ഥാനമായ കർണ്ണാടകയിലും തമിഴ്നാട്ടിലും ലക്ഷദ്വീപിലും മദ്രസ്സകൾ നടത്തുന്നുണ്ട്. അവിടെ പഠിപ്പിക്കുന്ന കേരളീയരായിട്ടുള്ള മദ്രസ്സാദ്ധ്യാപകർക്കുകൂടി ക്ഷേമനിധിയിൽ അംഗമായി ചേരാനുള്ള അവസരം ഉണ്ടാകണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, മദ്രസ്സാദ്ധ്യാപകരുടെ വീട് മെയിന്റിനൻസിനും വിവാഹ ധനസഹായത്തിനുമുള്ള അപേക്ഷകൾ കൊടുത്തത് തീർപ്പാക്കാതെ കെട്ടി കിടക്കുകയാണ്. അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ നിശ്ചിത ദിവസത്തിനുള്ളിൽ ധനസഹായം ലഭ്യമാക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ ?

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. മദ്രസ്സാദ്ധ്യാപകർ തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്നവരാണ്. രണ്ട് ലക്ഷത്തോളം വരുന്ന അദ്ധ്യാപകരുണ്ടെങ്കിലും അവർക്ക് ഏകീകൃത സേവന, വേതന വ്യവസ്ഥകൾ ഇന്നുവരെ ഉണ്ടായിട്ടില്ല; അവർ അതിനുവേണ്ടി മുറവിളി കൂട്ടിയിട്ടില്ല; ഒരു സംഘടിത രൂപവും അവർക്കില്ല. അങ്ങനെ തികച്ചും പാവപ്പെട്ട ആളുകൾ, നാട്ടിലെ പ്രാദേശികമായ മാനേജ്മെന്റ് കമ്മിറ്റികൾ നിശ്ചയിച്ചുനൽകുന്ന തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ക്ഷേമനിധിയിൽ പ്രഖ്യാപിക്കപ്പെട്ട അർഹമായ ധനസഹായം പോലും

കൃത്യസമയത്ത് ലഭ്യമാകുന്നില്ലെന്നുള്ളത് ഖേദകരമായ അവസ്ഥയാണ്; അതാണ് ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്. അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ നിശ്ചിത ദിവസത്തിനുള്ളിൽ അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിച്ച് പാവപ്പെട്ട ജനവിഭാഗത്തിന് അർഹമായ സഹായം ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകണമെന്നുള്ളത് ന്യായമായ കാര്യമാണ്.

അതോടൊപ്പം ഭേദഗതിയിൽ പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം, അംശദായം അടയ്ക്കുന്നതുമായി ബന്ധപ്പെട്ടാണ്. തുച്ഛമായ ശമ്പളമാണ് ഈ അദ്ധ്യാപകർക്ക് ലഭിക്കുന്നത്. അദ്ധ്യാപകർ 50 രൂപ അംശദായം അടയ്ക്കണം. ബാക്കി 50 രൂപ മാനേജ്മെന്റ് കമ്മിറ്റി അടയ്ക്കണമെന്നാണ് പറയുന്നത്. ചെറിയ ശമ്പളം കൊടുക്കുന്ന മാനേജ്മെന്റ് കമ്മിറ്റി എല്ലാ അദ്ധ്യാപകരുടെയും അംശദായം അടയ്ക്കാൻ മുന്നോട്ട് വരണമെന്നില്ല. അത്തരത്തിൽ ഏതെങ്കിലും കമ്മിറ്റികൾ അംശദായം അടയ്ക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ആ അദ്ധ്യാപകരുടെ വിഹിതംകൂടി സർക്കാർ അടയ്ക്കാനുള്ള സംവിധാനമുണ്ടാകണം. പോസ്റ്റാഫീസുകൾ വഴിയാണ് അംശദായം സ്വീകരിക്കുന്നത്. പോസ്റ്റാഫീസിൽ അംശദായം സ്വീകരിക്കുമ്പോൾ അദ്ധ്യാപകർ അവിടെ പോയി ക്യൂ നിൽക്കേണ്ടി വരും. അതിനാൽ ഓൺലൈനായി അംശദായം അടയ്ക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

വളരുന്ന തലമുറയെ ധാർമികതയുടെ അടിത്തറയിൽ വളർത്തിയെടുക്കാനുള്ള ശ്രമമാണ് മദ്രസ്സകളിൽ പഠിപ്പിക്കുന്നത്. അഹ്ലാക്ക് എന്ന പാഠപുസ്തകം ഉണ്ട്. അതായത് സ്വഭാവ രൂപീകരണം; അതാണ് ചെറുപ്പത്തിലേത്. അതിൽ വളരുന്ന കുട്ടിയുടെ സ്വഭാവ രൂപീകരണത്തെക്കുറിച്ച് പഠിപ്പിക്കുന്നു. സ്വന്തം മതത്തെക്കുറിച്ച് പഠിക്കുന്നതോടൊപ്പം മറ്റ് മതങ്ങളെ ബഹുമാനിക്കാനും ആദരിക്കാനും രാജ്യസ്നേഹത്തെക്കുറിച്ചും പഠിപ്പിക്കുന്നുണ്ട്. ഹുബ്ബുൾ വഖ്തി മിനൽ ഈമാൻ എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിന്റെ അർത്ഥം അറിയാമായിരിക്കും. രാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണെന്നാണ് മദ്രസ്സകളിൽ പഠിപ്പിക്കുന്നത്. മദ്രസ്സയിൽ പഠിച്ച കുട്ടിക്ക് ഒരിക്കലും തീവ്രവാദിയാകാനോ വർഗ്ഗീയവാദിയാകാനോ കഴിയില്ല. സി.പി.ഐ.(എം)-ന്റെ കോഴിക്കോട് ജില്ലാ സെക്രട്ടറി ഇന്നലെ നടത്തിയ പ്രസ്താവന നമ്മളെല്ലാവരും കേട്ടു. മാവോയിസ്റ്റ് ബന്ധത്തിന്റെ പേരിൽ രണ്ട് സി.പി.ഐ.(എം.) പ്രവർത്തകരെ യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്തു. ആ സി.പി.ഐ.(എം.) പ്രവർത്തകർ പരമ്പരാഗതമായി സി.പി.ഐ.(എം.) കുടുംബത്തിലെ അംഗങ്ങളാണ്. അവർ രണ്ടുപേരും പാർട്ടി മെമ്പർഷിപ്പുള്ളവരാണ്. അവരുടെ വീട്ടിൽ നിന്നും പോലീസ് കണ്ടെടുത്ത പുസ്തകങ്ങൾ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും മാർക്സിയൻ പ്രസിദ്ധീകരണങ്ങളും മാത്രമാണ്. അവർ മുസ്ലീം നാമധാരികളാണ് എന്നതുകൊണ്ട് അവരെ മുസ്ലീം തീവ്രവാദികളായി മുദ്രകുത്തി. ഇസ്ലാമിക തീവ്രവാദം

മാവോയിസ്റ്റുകളെ സഹായിക്കാനാണെന്ന രീതിയിൽ സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി ഇറക്കിയ പ്രസ്താവന, ഇതിനെക്കുറിച്ച് അറിയാവുന്ന ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും തിരുത്തിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നാളെ ഡോ. കെ. ടി. ജലീലും, ശ്രീ. എ. എൻ. ഷംസീറും, ശ്രീ. എൻ. നൗഷാദുമെല്ലാം മുസ്ലീം തീവ്രവാദികളാണെന്ന് സി.പി.ഐ.(എം)-ന്റെ ഏതെങ്കിലും നേതാവ് പറഞ്ഞാൽ നമുക്ക് അംഗീകരിക്കുവാൻ കഴിയുമോ? ആ തരത്തിലുള്ള പ്രസ്താവനയാണ് സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറി നടത്തിയിട്ടുള്ളത്; എന്താണ് ഇസ്ലാം, മുസ്ലീം എന്ന് അറിയാത്തവരാണ്; ഇസ്ലാമിൽ തീവ്രവാദമില്ല. ഇസ്ലാമിൽ യാതൊരുതരത്തിലുള്ള വർഗ്ഗീയവാദമോ മതമൗലികവാദമോ ഇല്ല. അതാണ് ചെറുപ്പത്തിൽ മദ്രസ്സകളിൽ പഠിപ്പിക്കുന്നത്. എല്ലാ മതവിഭാഗങ്ങളെയും അംഗീകരിക്കാനും അവരെ ആദരിക്കുവാനും മറ്റുള്ളവരോട് നല്ല രീതിയിൽ സമരസപ്പെട്ട് ജീവിക്കാനുമുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കുകയാണ് മദ്രസ്സകൾ ചെയ്യുന്നത്. അങ്ങനെ മദ്രസ്സാദ്ധ്യാപകർ രാജ്യത്തിന് വലിയ സംഭാവന അർപ്പിക്കുകയാണ്. അതുകൊണ്ട് മദ്രസ്സാദ്ധ്യാപകരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും അവരുടെ ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ ഫലപ്രദമായ നടപടികൾ ഉണ്ടാകണമെന്നാണ് ഈ സന്ദർഭത്തിൽ അപേക്ഷിക്കാനുള്ളത്.

1.00 Pm]

ശ്രീ. ടി. ജെ. വിനോദ്: സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബില്ലിന്മേലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

കേരളത്തിലെ അസംഘടിതരായ ഏകദേശം രണ്ട് ലക്ഷത്തോളം വരുന്ന മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമം സംബന്ധിച്ചാണ് ഇന്നിവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, മദ്രസ്സാദ്ധ്യാപകരുടെ ജീവിതം വളരെ ദു:സ്സഹമായി മുന്നോട്ടുപോകുന്ന സാമൂഹ്യ പശ്ചാത്തലമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. ഈ ബില്ലിലെ അഞ്ചും ആറും പത്തും വകുപ്പുകളിലെ ഭേദഗതികളാണ് സബ്ജക്ട് കമ്മിറ്റിയിൽ നിർദ്ദേശിച്ചത്. 5-ാം വകുപ്പ് പ്രകാരം ക്ഷേമനിധിയിൽ അംഗമായ ഓരോ മദ്രസ്സാദ്ധ്യാപകനും പ്രതിമാസം അമ്പത് രൂപയാണ് അംശദായമായി നൽകേണ്ടത്. അതുപോലെതന്നെ ഓരോ കമ്മിറ്റിയും അതിന്റെ കീഴിലുള്ള അദ്ധ്യാപകനുവേണ്ടി പ്രതിമാസം 50 രൂപ അടയ്ക്കേണ്ടതുണ്ട് എന്നതാണ് ഭേദഗതി വരുത്തുന്നത്. പല മദ്രസ്സാ കമ്മിറ്റികളും അത്തരത്തിൽ അംശദായം നൽകാത്ത സാഹചര്യമുണ്ടായാൽ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമനിധി മുടങ്ങാതിരിക്കാനായി ആ മദ്രസ്സകളുടെ വിഹിതം ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശമാണ് എനിക്ക് മുന്നോട്ട് വയ്ക്കാനുള്ളത്.

6-ാം വകുപ്പ് പ്രകാരം ക്ഷേമനിധിയിലെ അംഗത്വം എടുക്കാവുന്നത് 20 വയസ്സ് പൂർത്തിയായതും എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ മദ്രസ്സാദ്ധ്യാപകർക്കാണ്. 18 വയസ്സുള്ള ആളുകൾക്ക് വോട്ടവകാശം കൊടുത്ത രാജ്യമാണിത്. അതുകൊണ്ട് 20 വയസ്സെന്നുള്ളത് 18 വയസ്സായി ചുരുക്കി പ്രായപൂർത്തിയായ എല്ലാ മദ്രസ്സാദ്ധ്യാപകർക്കും ക്ഷേമനിധിയിൽ ചേരാനുള്ള അവസരമുണ്ടാക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

10-ാം വകുപ്പ് (3) (vi) പ്രകാരം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനായിരിക്കണമെന്ന വ്യവസ്ഥ അണ്ടർ സെക്രട്ടറി പദവിയിൽ താഴെയല്ലാത്തത് എന്ന് ഭേദഗതി ചെയ്യണം. ഒരു കാരണവശാലും അതിനെ ന്യായീകരിക്കാൻ കഴിയില്ല. ആ വകുപ്പുമായി ബന്ധപ്പെട്ട അണ്ടർ സെക്രട്ടറിയെ എങ്കിലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കണമെന്ന ഭേദഗതിയാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതുപോലെതന്നെ അംഗമായി വരുന്ന നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി എന്നതിനുപകരം ഡെപ്യൂട്ടി സെക്രട്ടറി എന്നാക്കണമെന്ന നിർദ്ദേശവും ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ഇവിടെ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ രണ്ട് ലക്ഷം മദ്രസ്സാദ്ധ്യാപകരുണ്ടെങ്കിലും ഈ ക്ഷേമനിധിയിൽ നാളിതുവരെയായി ഏകദേശം 23,500 ആളുകൾ മാത്രമാണ് അംഗമായി ചേർന്നിട്ടുള്ളത്. മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനുവേണ്ടിയുണ്ടാക്കിയതാണെങ്കിലും അതിൽ അംഗമായി ചേരാൻ അവർ വിമുഖത കാണിക്കുന്നുവെന്നുള്ളത് ഗവൺമെന്റ് ഗൗരവമായി എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവർ ഈ ക്ഷേമനിധിയിൽ അംഗമായി ചേരാത്തതെന്തുകൊണ്ടാണെന്ന് മനസ്സിലാക്കി കേരളത്തിലെ എല്ലാ മദ്രസ്സാദ്ധ്യാപകരെയും ഈ രംഗത്തേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമകരമായ ദൗത്യം ഗവൺമെന്റ് ഏറ്റെടുക്കണം. 5 വയസ്സിനും 15 വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികളാണ് മദ്രസ്സകളിൽ പഠിക്കുന്നത്. അവരുടെ സ്വഭാവ രൂപീകരണത്തിനും മറ്റെല്ലാ പ്രവർത്തനങ്ങൾക്കും ആരംഭംകുറിക്കുന്നത് ഈ കാലഘട്ടത്തിലാണ്. ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ, സ്വഭാവ രൂപീകരണം, രാജ്യസ്നേഹം, പരസ്പരം ദയയുണ്ടാവുക, അയൽവാസികളോട് സ്നേഹത്തോടെ പെരുമാറുക എന്നിങ്ങനെ ജനങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് 5 വയസ്സുമുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികളെ മദ്രസ്സയിൽ പഠിപ്പിക്കുന്നത്. അതുകൊണ്ട് ആ കുട്ടികളെ പഠിപ്പിക്കുന്ന മദ്രസ്സാദ്ധ്യാപകർക്ക് ന്യായമായ സേവനവേതന സംവിധാനമുണ്ടാകേണ്ടത് നമ്മുടെ കടമയായി കണക്കാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പല മദ്രസ്സാദ്ധ്യാപകർക്കും കേവലം 2,000

രൂപ മുതൽ 6,000 രൂപ വരെയാണ് ശമ്പളം ലഭിക്കുന്നതെന്ന് കേൾക്കുമ്പോൾ ആ രീതിയോട് എങ്ങനെയാണ് നമുക്ക് യോജിക്കാൻ കഴിയുക: മദ്രസ്സാദ്ധ്യാപകന് ഭാര്യയും മക്കളുമുണ്ട്. ശമ്പളമായി 2,000 രൂപയോ 6,000 രൂപയോ ലഭിച്ചാൽ ഒരു മദ്രസ്സാദ്ധ്യാപകൻ എങ്ങനെ ജീവിക്കുമെന്നത് സംബന്ധിച്ച് നമ്മൾ ആലോചിക്കണം. വീടിന് വാടക കൊടുക്കണം, അല്ലെങ്കിൽ വീടുവച്ച് താമസിക്കണം; ഇലക്ട്രിസിറ്റി ബിൽ അടയ്ക്കണം; ഭക്ഷണം കഴിക്കണം; മക്കളെ വിദ്യാഭ്യാസത്തിന് അയയ്ക്കണം; ഭാര്യയ്ക്കോ മറ്റ് ബന്ധുക്കൾക്കോ അസുഖം വന്നാൽ ചികിത്സിക്കണം തുടങ്ങിയ കാര്യങ്ങളുള്ളപ്പോൾ 2,000 രൂപ മുതൽ 6,000 രൂപ വരെ ശമ്പളം ലഭിച്ചാൽ ഈ സമൂഹത്തിൽ എങ്ങനെ ജീവിക്കാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. സമൂഹത്തിൽ അവർക്ക് മാന്യമായി ജീവിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളത് നമ്മുടെയെല്ലാം കർത്തവ്യമായി കണക്കാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ക്ഷേമനിധി ബോർഡുണ്ടാക്കിയില്ലെങ്കിലും ന്യൂനപക്ഷ വകുപ്പിന്റെ കീഴിൽ മദ്രസ്സാദ്ധ്യാപകർക്കാവശ്യമായ സൗകര്യങ്ങളും മറ്റും ചെയ്തു കൊടുക്കുകയുണ്ടായി. ഇപ്പോൾ ഒരു ബോർഡുണ്ടാക്കിയിരിക്കുന്നു; ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ ബോർഡുണ്ടാക്കിയിരിക്കുന്നത് ആർക്കെങ്കിലും അക്കോമഡേഷൻ കൊടുക്കാൻ വേണ്ടി മാത്രമാകരുത്. പതിനെട്ടോളം അംഗങ്ങളുൾപ്പെടുന്ന വലിയൊരു ബോർഡ് രൂപീകരിക്കുമ്പോൾ: അവരുടെ യാത്രാബത്ത, സിറ്റിംഗ് ഫീസ് അടക്കമുള്ള ധാരാളം ആനുകൂല്യങ്ങൾ ബോർഡ് അംഗങ്ങൾക്ക് കൊടുക്കുമ്പോൾ അതുകൂടി ഈ പാവപ്പെട്ട മദ്രസ്സാദ്ധ്യാപകർക്ക് കിട്ടേണ്ട വേതനത്തിൽനിന്ന് കുറവുവരുത്തുന്ന സാഹചര്യം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഈ ബോർഡ് രൂപീകരിക്കാതെതന്നെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ വളരെ നല്ല രീതിയിൽ ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോയിരുന്നു. അനാവശ്യ ചെലവുണ്ടാകുന്ന രീതിയിലേയ്ക്ക് പോകുന്നത് എത്രമാത്രം ഗുണകരമാണെന്ന് ആലോചിക്കേണ്ടതുണ്ട്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. രജീന്ദർ സച്ചാർ കമ്മീഷനെ നിയോഗിക്കുകയും ഇന്ത്യയിലെ മുസ്ലീങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും പ്രയാസങ്ങളും കഷ്ടപ്പാടുകളും സംബന്ധിച്ച് റിപ്പോർട്ടുണ്ടാക്കുകയും ആ റിപ്പോർട്ട് ശ്രീ. മൻമോഹൻ സിംഗ് ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും മുസ്ലീം സമുദായത്തിന്റെ

ഉന്നമനത്തിനായി ധാരാളം നടപടികൾ സ്വീകരിച്ചു. അതുകൊണ്ട് ഈ ക്ഷേമനിധിയുടെ ഉത്തരവാദിത്വം കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റിനാണ്. അതിന്റെ പിതൃത്വം ഏറ്റെടുക്കാൻ ആരും തയ്യാറാകേണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 1982-1987 കാലഘട്ടത്തിൽ മുല്ലാക്കമാർക്കും മുക്രിമാർക്കും പെൻഷൻ കൊടുക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുമെന്ന് അന്നത്തെ യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പ്രഖ്യാപിക്കുകയും അത് നടപ്പാക്കാൻ ശ്രമിച്ച സന്ദർഭത്തിൽ കേരളത്തിലെമ്പാടുമുള്ള ഇടതുപക്ഷ മുന്നണിയുടെ യുവജന പ്രസ്ഥാനമായ ഡി.വൈ.എഫ്.ഐ. അടക്കമുള്ള സംഘടനകൾ ഇതിനെ രാഷ്ട്രീയമായും വർഗ്ഗീയമായും ചിത്രീകരിച്ച് വലിയ സമരങ്ങൾ നടത്തി ആ പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്തുണ്ടായെന്നുമുള്ള വസ്തുത നാം വിസ്മരിക്കരുത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിക്കുമ്പോൾ ആ ബോർഡിലെ ചെയർമാനും അംഗങ്ങളും മദ്രസ്സാദ്ധ്യാപകരിൽനിന്നുതന്നെ വരണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ? രണ്ട് ലക്ഷത്തോളം മദ്രസ്സാദ്ധ്യാപകരുണ്ടെന്ന് അങ്ങിവിടെ ചൂണ്ടിക്കാണിച്ചു. അതിൽ വളരെ കുറച്ച് ആളുകൾ മാത്രമാണ് ഈ ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളത്. കർഷകത്തൊഴിലാളി ക്ഷേമനിധി, കയർ തൊഴിലാളി ക്ഷേമനിധി, കൈത്തറി തൊഴിലാളി ക്ഷേമനിധി തുടങ്ങിയ മറ്റ് ക്ഷേമനിധികളിലെല്ലാം അതുമായി ബന്ധപ്പെട്ട യൂണിയനുകളാണ് അംഗങ്ങളെ ചേർക്കുന്നത്. യൂണിയന്റെ ഭാരവാഹികൾ പ്രാദേശികമായി അംഗങ്ങളെ ചേർത്തതിനുശേഷം ഓഫീസുകളിലെത്തിക്കുകയാണ് ചെയ്യുന്നത്. മദ്രസ്സാദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അങ്ങനെ ചെയ്യാൻ കഴിയില്ല. അതുകൊണ്ട് പുതിയ ബോർഡ് രൂപീകരിക്കുന്നതോടുകൂടി ബോർഡിലെ ഉദ്യോഗസ്ഥർ മദ്രസ്സകളിൽ ചെന്ന് അവരെ ചേർക്കുന്ന നടപടി സ്വീകരിക്കണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, രണ്ടുലക്ഷത്തോളം മദ്രസ്സാദ്ധ്യാപകരുണ്ടെന്ന് കണക്കാക്കപ്പെട്ടുമ്പോൾ കേവലം 23500 പേരാണ് ഇതിൽ അംഗങ്ങളായിട്ടുള്ളതെന്നാണ് എനിക്ക് തോന്നുന്നത്. ഇവർ എന്തുകൊണ്ട് ഇതിൽ അംഗങ്ങളാകുന്നില്ല എന്നത് സംബന്ധിച്ച് മനസ്സിലാക്കി അവരെ അംഗങ്ങളാക്കാൻ ശക്തമായ ഇടപെടലുണ്ടാകണമെന്ന അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. 1982-87, യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് മുല്ലാക്കമാർക്കും മുക്രിമാർക്കും പെൻഷൻ കൊടുക്കുന്ന ഒരു പദ്ധതിയുമായി മുന്നോട്ടുവന്നതാണ്. അന്ന് അതിനെ എതിർത്തവർ 25 വർഷത്തിനുശേഷമാണ് ഇത്തരത്തിൽ ഒരു പദ്ധതി നടപ്പാക്കണമെന്നുള്ള ഒരു ആശയം കൊണ്ടുവന്നത്. ഇത്തരം കാര്യങ്ങളിൽ വൈകിയാണ് അവർക്ക് അറിവുണ്ടാകുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മദ്രസ്സാദ്ധ്യാപകരുടെ കുടുംബങ്ങളുടെ ശോചനീയാവസ്ഥ നമുക്കറിയാം. അവരുടെ ചികിത്സാച്ചെലവിനുള്ള ബുദ്ധിമുട്ടുകൾ, മദ്രസ്സയിലെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ചെല്ലാം നല്ലൊരു നിലപാടുണ്ടാകണം. ഒരു മദ്രസ്സാദ്ധ്യാപകന് അസുഖം വന്നാൽ അവരുടെ കുടുംബത്തിന് ചികിത്സയ്ക്കായി ക്ഷേമനിധിയിൽ നിന്നും ഏറ്റവും കുറഞ്ഞത് 50,000 രൂപയെങ്കിലും കൊടുക്കാനുള്ള സൗകര്യമുണ്ടാകണം. അതുമാത്രമല്ല, അവരുടെ വീട് മെയിന്റനൻസ് ചെയ്യണമെങ്കിൽ, ഒരു വീട് വയ്ക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ട അപേക്ഷ കിട്ടിയാൽ ഒരു നിശ്ചിത ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാൻ കഴിയുന്ന രീതിയിൽ കാര്യങ്ങൾ കൊണ്ടുപോകാൻ കഴിയണം. അനന്തമായി നീണ്ടുപോകുന്ന സാഹചര്യം ഒരു കാരണവശാലും നല്ലതല്ല.

അതോടൊപ്പംതന്നെ വിവാഹ ധനസഹായം, ഒരു പെൺകുട്ടിയെ വിവാഹം കഴിപ്പിച്ച് അയയ്ക്കുന്നതിനാവശ്യമായ സാമ്പത്തികച്ചെലവ് പലപ്പോഴും നിസ്സാര ശമ്പളം വാങ്ങുന്ന ഈ മദ്രസ്സാദ്ധ്യാപകർക്ക് വഹിക്കാൻ കഴിയുന്ന ഒന്നല്ലെന്ന് നമുക്കറിയാം. ഈ ക്ഷേമനിധിയിൽ നിന്ന് ഒരുലക്ഷം രൂപയെങ്കിലും വിവാഹധനസഹായമായി കൊടുക്കുന്നതിനുള്ള സൗകര്യമുണ്ടാകണം.

ശ്രീ. അൻവർ സാദത്ത്: സർ, മദ്രസ്സാദ്ധ്യാപകരുടെ കാര്യം പറയുമ്പോൾ, മുമ്പ് നടന്ന ബില്ലിന്റെ ചർച്ചയിൽ അതുസംബന്ധിച്ച് ഞാൻ സംസാരിച്ചതാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ വളരെ പ്രയാസമനുഭവിക്കുന്ന വലിയൊരു ജനവിഭാഗമാണിത്. അവരൊക്കെ വളരെ പ്രയാസപ്പെട്ട് ജീവിക്കുമ്പോൾ, അവർക്ക് ന്യായമായ ഒരു പെൻഷൻ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതോടൊപ്പംതന്നെ മദ്രസ്സാദ്ധ്യാപകരുടെ വിഷയം പറയുമ്പോൾ, ഇന്ന് ഒരു പാർട്ടിനേതാവ് ഇസ്ലാമിനെ തീവ്രവാദമെന്ന് മുദ്രകുത്തിക്കൊണ്ട് പറയുന്ന ഒരു സമീപനമുണ്ടായി. ഒരു മതവും തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാവ് ഇസ്ലാമിക് തീവ്രവാദമെന്ന് വ്യാഖ്യാനിച്ചുകൊണ്ട് പറയുന്ന, വളരെ മോശമായ ഒരു പരാമർശം ഒരു സ്റ്റേറ്റ്മെന്റോടുകൂടി ദൃശ്യ, പത്ര മാധ്യമങ്ങളിൽ കാണാൻ സാധിച്ചു. ഒരു മതത്തെ അവഹേളിക്കുന്ന രീതിയിലുള്ള ഒരു പ്രവർത്തനമാണ് ആ നേതാവിന്റെ ഭാഗത്തുനിന്നുണ്ടായത്. പ്രത്യേകിച്ചും എന്നും ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന

അല്ലെങ്കിൽ ന്യൂനപക്ഷങ്ങൾക്കുവേണ്ടി എന്നും ഞങ്ങളാണ് പോരാടുന്നതെന്ന് പറയുന്ന സി.പി.ഐ.(എം) എന്ന പ്രസ്ഥാനത്തിന്റെ നേതാവുതന്നെ പറയുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ എത്രത്തോളം ബാലിശമായിപ്പോയെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അദ്ദേഹത്തിന്റെ വാക്കുകൾ തിരുത്താൻ ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ അല്ലെങ്കിൽ സി.പി.ഐ.(എം)-ന്റെ ഉത്തരവാദപ്പെട്ട നേതാക്കന്മാർ തയ്യാറാകണം. അല്ലെങ്കിൽ ആർ.എസ്.എസ്.-നെപ്പോലെ ഇതിനെ വ്യാഖ്യാനിക്കുന്ന മറ്റുള്ളവർക്ക് ഒരു വടി കൊടുക്കുന്നതിന് തുല്യമാണിത്. അങ്ങനെയൊരു പരാമർശം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് സൂചിപ്പിച്ചതുപോലെ, ആ പരാമർശം ഒരു കാരണവശാലും നമുക്കംഗീകരിക്കാൻ സാധിക്കാത്തതാണ്. അതിന് ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഒരിക്കലും മുസ്ലീം തീവ്രവാദം മദ്രസ്സകളിൽ പഠിപ്പിക്കുന്നില്ല. ഞാൻ ഇവിടെ പറഞ്ഞതുപോലെ, 5 വയസ്സ് മുതൽ 15 വയസ്സ് വരെയുള്ള കുട്ടികളെയാണ് മദ്രസ്സകളിൽ പഠിപ്പിക്കുന്നത്. അവരുടെ സ്വഭാവ രൂപീകരണം, സമൂഹത്തോടുള്ള അവരുടെ കടപ്പാട്, രാജ്യസ്നേഹം അങ്ങനെ രാജ്യത്തെ ഒരു പൗരന് വേണ്ട എല്ലാ മൗലികമായ കാര്യങ്ങളും പഠിപ്പിക്കുന്ന ഒരു സ്ഥലമാണ് മദ്രസ്സകൾ. യഥാർത്ഥത്തിൽ മുസ്ലീം മതവുമായി ബന്ധപ്പെട്ട വിശ്വാസങ്ങളിൽ അർപ്പിച്ച് പ്രവർത്തിക്കുന്നവർക്ക് ഒരിക്കലും ഒരു തീവ്രവാദിയാകാൻ കഴിയില്ല. അതുകൊണ്ട് അത്തരത്തിലുള്ള ഒരു പ്രസ്താവനയോട് ഒരുകാരണവശാലും നമുക്ക് യോജിക്കാൻ കഴിയില്ല എന്നുതന്നെയാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബില്ലിൽ ഇത്തരത്തിലുള്ള ഭേദഗതികൾ ഇല്ലാത്തതുമൂലം അതുംകൂടി ഉൾപ്പെടുത്തേണ്ട സാഹചര്യമുണ്ട് എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈയൊരു കാലഘട്ടത്തിൽ ബില്ലുകളും ഈ ക്ഷേമനിധി അടക്കമുള്ള കാര്യങ്ങളും ശക്തിപ്പെടുത്താൻ ഗവൺമെന്റ് മുന്നോട്ടുവരുന്നത് ഏറെ സ്വാഗതാർഹമാണ്. കേരളത്തിലെ ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ചും മുസ്ലീങ്ങൾ വളരെയധികം അരക്ഷിതാവസ്ഥയിലും ആശങ്കയിലുമാണ് ജീവിച്ചു കൊണ്ടിരിക്കുന്നത്. അവർക്ക് ആശ്വാസം പകരുന്ന രീതിയിലായിരുന്നു 2002-ലും

2004-ലുമായി പുറത്തുവന്ന സച്ചാർ കമ്മീഷൻ റിപ്പോർട്ട്. എന്നാൽ അതൊന്നും ഗവൺമെന്റ് നടപ്പാക്കാൻ മുന്നോട്ടുവന്നിട്ടില്ലെന്നുള്ളത് ഏറെ ഖേദകരമാണ്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ എങ്ങനെ നടപ്പിലാക്കണം എന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കാൻ പാലോളി കമ്മിറ്റിയെ അന്നത്തെ അച്യുതാനന്ദൻ ഗവൺമെന്റ് നിയോഗിച്ചിരുന്നു. ആ പാലോളി കമ്മിറ്റിയിൽ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എത്രയെണ്ണം നടപ്പിലാക്കിയെന്നുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി അറിയിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സാഹിബ് മന്ത്രിയായിരുന്ന സമയത്താണ് ഇത് പൂർണ്ണരൂപത്തിലേയ്ക്ക് വന്നിട്ടുള്ളത്. കഴിഞ്ഞ ചർച്ചയിൽ സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ വിശദമായി സംസാരിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടന്നുപോകുന്നില്ല. ഓരോ 10 വർഷം കൂടുമ്പോഴും സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെയും മുസ്ലീങ്ങളുടെയും വിശദമായ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തി അതിനുള്ള പ്രതിവിധികൾ ഗവൺമെന്റ് കണ്ടെത്തണമെന്ന് സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി നിർദ്ദേശമുണ്ടായിരുന്നു. അതെങ്കിലും നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അങ്ങനെയുള്ള കാര്യങ്ങളൊക്കെ ഈ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സത്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടക്കമുള്ളവർ വലിയ പ്രസംഗങ്ങളും വായടപ്പൻ സംസാരങ്ങളുമൊക്കെയാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അല്ലാതെ ക്രിയാത്മകമായി ന്യൂനപക്ഷങ്ങൾക്ക് എന്ത് ചെയ്തുവെന്ന് ചോദിച്ചാൽ ഒന്നും ചെയ്തിട്ടില്ലെന്നുമാത്രമാണ് ഉത്തരം. ആർ.എസ്.എസ്.-നെ കാട്ടി ന്യൂനപക്ഷങ്ങളെ ഭീതിപ്പെടുത്തി അവരെ തങ്ങളിലേക്ക് ആകർഷിക്കാനുള്ള പ്രസംഗങ്ങളല്ലാതെ ഒന്നും ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം, കഴിഞ്ഞ യോഗങ്ങളിലൊക്കെ ഇത് ആവർത്തിച്ചതാണ്.

2016-17-ൽ നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിലെ കോൺഗ്രസ്സ് ഗവൺമെന്റ് 1047 കോടി രൂപ ന്യൂനപക്ഷക്ഷേമ വകുപ്പിനുവേണ്ടി വിനിയോഗിച്ചു. തൊട്ടടുത്ത വർഷം 2750 കോടി രൂപയാണ് കർണ്ണാടക ഗവൺമെന്റ് ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി ബജറ്റിൽ നീക്കിവയ്ക്കുന്നത്. എന്നാൽ കേരള ഗവൺമെന്റ് 107 കോടിയോളം രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. അങ്ങനെ ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി ഒന്നും ചെയ്യാത്ത ഒരു ഗവൺമെന്റാണ് ഈ ബില്ലുമായി വന്നിരിക്കുന്നത്. ഞാൻ ഈ ബില്ലിന്റെ കാര്യത്തിലേയ്ക്കൊന്നും പോകുന്നില്ല. ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. മഞ്ഞളാംകുഴി അലി സാഹിബും അതുപോലെ ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. ജെ. വിനോദ് അടക്കമുള്ളവരും സംസാരിച്ച കാര്യങ്ങൾ ആവർത്തിക്കേണ്ട കാര്യമില്ല.

ഇവിടെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ, മദ്രസ്സാ പഠനത്തിന്റെ കാര്യം, രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഈ സഭയിൽ ഉന്നയിക്കുകയുണ്ടായി. മദ്രസ്സാദ്ധ്യാപക പഠനംപോലും ഈ രീതിയിലാണ് ചിത്രീകരിക്കുന്നതെന്നുള്ളത് ഏറെ ഭയപ്പാടോടുകൂടിയാണ് നമ്മളൊക്കെ നോക്കിക്കാണുന്നത്.

ഇന്ത്യയിലെ, കേരളത്തിലെ മദ്രസ്സകളിൽ തീവ്രവാദം പഠിപ്പിച്ചു കൊണ്ടിരിക്കുകയാണെന്നാണ് ആർ.എസ്.എസും ബി.ജെ.പി.യും നേരത്തെ പറഞ്ഞുകൊണ്ടിരുന്നത്. ഇത് മറ്റുള്ളവരിലേയ്ക്ക് തെറ്റിദ്ധാരണ പരത്തുകയാണ് ചെയ്യുന്നത്. മദ്രസ്സകളിൽ പഠിപ്പിക്കുന്നത് എന്താണെന്ന് പഠിക്കാൻ മറ്റുള്ളവർ മുന്നോട്ടുവരണം. എന്നാൽ മാത്രമേ ഇതൊക്കെ മനസ്സിലാകുകയുള്ളൂ. അതിനുപകരം ഇസ്ലാമിക് തീവ്രവാദമാണ്, മാവോയിസ്റ്റുകളാണ് എന്നൊക്കെ പറഞ്ഞ് ഭീതിപ്പെടുത്തുകയാണ് ചെയ്യുന്നത്. ആ രണ്ട് കുട്ടികൾക്കും മുസ്ലീം പേരുള്ളതുകൊണ്ട്, ഇതിന്റെയൊക്കെ പിന്നിൽ ഇസ്ലാമിക് തീവ്രവാദമുണ്ട്, മാവോയിസ്റ്റുകളാണ് എന്നൊക്കെ പറഞ്ഞ് സി.പി.ഐ.(എം)-ന്റെ കോഴിക്കോട് ജില്ലാ സെക്രട്ടറിപോലും തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽനിന്നും ഐ.എസ്. തീവ്രവാദികളായി സിറിയയിലേയ്ക്കും യമനിലേയ്ക്കും ഏകദേശം അറുന്നൂറോളം ആളുകൾ പോയിട്ടുണ്ടെന്ന കണക്കാണ് സർക്കാരിന്റെ കയ്യിലുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മദ്രസ്സകളിൽ വ്യവസ്ഥാപിതമായ മതപഠന രീതിയും സാമൂഹികപഠന രീതിയുമാണുള്ളത്. അങ്ങനെയുള്ള വ്യവസ്ഥാപിതമായ, പരമ്പരാഗതമായ മദ്രസ്സകളിൽ പോയിട്ടുള്ള എത്രയാളുകൾ യമനിലേയ്ക്കും സിറിയയിലേയ്ക്കും പോയിട്ടുണ്ടെന്ന് ചോദിച്ചാൽ അത് വളരെ തുച്ഛമാണ്; രണ്ടോ മൂന്നോ ആളുകൾ മാത്രമാണ് പോയിട്ടുള്ളത്. ഓൺലൈനിലും അവരുടെ സ്റ്റഡി ക്ലാസ്സുകളിലുമൊക്കെ പങ്കെടുത്ത ആളുകളാണ് ഇങ്ങനെയുള്ള തീവ്രവാദവുമായി ബന്ധപ്പെട്ട് പോയിട്ടുള്ളത്. രാജ്യത്തിനുതകുന്ന രീതിയിൽ നല്ല പൗരന്മാരെ വാർത്തെടുക്കുന്നതിനുള്ള ശിക്ഷണങ്ങളും പഠന രീതികളുമാണ് മദ്രസ്സകളിൽ നൽകുന്നതെന്ന് ശ്രീ. ടി. ജെ. വിനോദ് അടക്കം സൂചിപ്പിക്കുകയുണ്ടായി. മദ്രസ്സകളിൽ കുട്ടികളിൽ സ്നേഹവും വാത്സല്യവും ബഹുമാനവും കരുണയും സഹജീവി സ്നേഹവും രാജ്യസ്നേഹവുമൊക്കെ വളർത്തുന്ന രീതിയിലുള്ള പഠനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ഉദാഹരണത്തിനുവേണ്ടി ഇന്നുരാവിലെ വാട്സ് ആപ്പ് വഴി ഒരു മദ്രസ്സാദ്ധ്യാപകൻ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പാഠഭാഗങ്ങൾ ഞാൻ എടുക്കുകയുണ്ടായി. രണ്ടാം ക്ലാസ്സിലെ 'അഹ്‌ലാഖ് ' എന്ന പാഠപുസ്തകത്തിലെ 'എന്റെ അയൽവാസി'യെന്ന പാഠഭാഗത്ത്, അയൽവാസി

പട്ടിണി കിടക്കുമ്പോൾ വയറുനിറയെ ഭക്ഷണം കഴിക്കുന്നവൻ നമ്മിൽപ്പെട്ടവനല്ലെന്ന് പറയുന്ന ഒരു പ്രവാചക വചനം പഠിപ്പിച്ചുകൊണ്ടാണ്, അയൽവാസികളെ സ്നേഹിക്കണം, അവർക്കൊക്കെ ഭക്ഷണം കൊടുക്കണം എന്നൊക്കെ ആറേഴ് വയസ്സായ കുട്ടികളോട് പറയുന്നത്. 'അവർ ഏത് മതത്തിൽപ്പെട്ടവരായാലും നമുക്ക് അയൽവാസി തന്നെയാണ്' എന്ന് പ്രവാചകന്റെ വ്യാഖ്യാനത്തിൽ പറയുന്നുണ്ട്. എന്റെ അയൽവാസികൾ ആരൊക്കെയാണെന്ന് പ്രവാചകനോട് ചോദിച്ചപ്പോൾ, നിന്റെ നാല് ദിക്കിലും വസിക്കുന്ന 40 കുടുംബങ്ങൾ നിന്റെ അയൽവാസികളാണെന്നാണ് പ്രവാചകൻ പറഞ്ഞത്. എന്നിട്ടോ 'അഖ്രീം ജാറക്ക വലവ് കാന കാഫിറൻ' നിന്റെ മതത്തിൽ അല്ലാത്ത ആളാണെങ്കിൽപ്പോലും അയൽവാസി അയൽവാസി തന്നെയാണെന്നാണ് പ്രവാചകൻ പഠിപ്പിക്കുന്നത്. ഇതുപോലെ അയൽവാസികളെ സ്നേഹിക്കുവാനുമൊക്കെയാണ് മദ്രസ്സകളിൽ കുട്ടികളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്.

'എന്റെ ഉസ്താദ്' എന്നത് രണ്ടാം ക്ലാസ്സിലെ കുട്ടികളെ പഠിപ്പിക്കുന്ന പാഠഭാഗമാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായിട്ടറിയാം. അദ്ദേഹം ഇതൊക്കെ പഠിച്ചയാളാണ്. പൊതുസമൂഹവും മറ്റുള്ളവരും അറിയുന്നതിനുവേണ്ടിയും ഇന്ന് സി.പി.ഐ. (എം) ന്റെ ജില്ലാ സെക്രട്ടറി ഇങ്ങനെയൊരു പ്രസംഗം നടത്തിയതുകൊണ്ടുമാണ് ഞാനിത് പറയുന്നത്. അദ്ധ്യാപകരെ ബഹുമാനിക്കാൻ പഠിപ്പിക്കുന്ന പാഠഭാഗമാണ് 'എന്റെ ഉസ്താദ്'. അദ്ധ്യാപകർ ഏത് മതത്തിൽപ്പെട്ടവരായാലും അവരെ നാം ബഹുമാനിക്കണമെന്നാണ് അതിൽ പഠിപ്പിക്കുന്നത്. അഞ്ചാം ക്ലാസ്സിലെ 'ഹുബ്ബുൾ വക്തൻ' എന്ന പാഠഭാഗത്ത് ദേശസ്നേഹത്തെപ്പറ്റിയാണ് പഠിപ്പിക്കുന്നത്. 'ഹുബ്ബുൾ വക്തൻ മിനൽ ഈമാൻ' 'വിശ്വാസത്തിന്റെ ഭാഗമാണ് രാജ്യസ്നേഹം' എന്ന് ബഹുമാനപ്പെട്ട പി. ഉബൈദുള്ള ഇവിടെ പറഞ്ഞു. വിശ്വാസത്തിന്റെ ഭാഗമാണ് രാജ്യസ്നേഹം എന്നുവരെ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ മദ്രസ്സകളാണ് തീവ്രവാദത്തിന്റെ കേന്ദ്രമെന്നും അവിടെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത് തീവ്രവാദികളുമാണെന്ന പ്രചരണങ്ങളാണ് ആർ.എസ്.എസ്.-കാർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

'സയ്യിൽ ലനാ വ ഫിലാക്കനാ

അസിൽലനാ അഹ്വാനനാ

സിദ്ലനാ ഇൽ മൻലനാ

വ അൻ ഫ അ്ലനാ ബി ഇൽമിനാ'

ഇത് കുട്ടികളെ പഠിപ്പിക്കുന്നൊരു പ്രാർത്ഥനയാണ്. 'സയ്യിൽ ലനാ വ ഫിലാക്കനാ' എന്റെ സ്വഭാവം നീ മനോഹരമാക്കി തരേണമേ; 'അസിൽലനാ അഹ്വാനനാ' എന്റെ ചുറ്റുപാടുകൾ മുഴുവൻ ഏറ്റവും നന്നാക്കി തരേണമേ; 'സിദ്ലനാ ഇൽ മൻലനാ' എന്റെ അറിവ് വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കണം തമ്പുരാനേ, 'വ അൻ ഫ അ്ലനാ ബി ഇൽമിനാ' ആ അറിവ് എനിക്ക് ഉപകാരപ്രദമാക്കി തരേണമേ തുടങ്ങിയ കാര്യങ്ങളാണ് മദ്രസ്സയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള മദ്രസ്സ പഠനത്തിന്റെ പ്രതിഫലനം എന്താണ്; ഈ കുട്ടികളൊക്കെ നല്ല കുട്ടികളായി വളരുന്നു. നമ്മുടെ രാജ്യത്ത് വർഗ്ഗീയവാദമില്ലാത്ത സ്ഥലം ഏതാണെന്ന് പഠനം നടത്തണം. ഔദ്യോഗിക കണക്കനുസരിച്ച് മദ്രസ്സ പഠനം വ്യവസ്ഥാപിതമായി നടക്കുന്ന മലപ്പുറം ജില്ലയാണ് ഇന്ത്യയിലെ വർഗ്ഗീയ സംഘട്ടനം ഏറ്റവും കുറവുള്ള ജില്ലയെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. വൃദ്ധസദനങ്ങളും ആത്മഹത്യകളും ഏറ്റവും കുറവുള്ള ജില്ല ഏതെന്ന് പറയണം. മദ്രസ്സാപഠനം വ്യവസ്ഥാപിതമായി നടക്കുന്ന ഭാഗത്ത് പോയി നോക്കിയാൽ ആത്മഹത്യകളും കുറ്റകൃത്യങ്ങളും നടക്കുന്നതിൽ ഏറ്റവും കുറവ് അവിടെയാണെന്ന് മനസ്സിലാക്കാം. ദാരിദ്ര്യമൊക്കെയാണ് കുറ്റകൃത്യങ്ങളിലേക്ക് തള്ളിവിടുന്നത് എന്നുപറയുന്ന മറ്റൊരു പശ്ചാത്തലം കൂടിയുണ്ട്. വർഗ്ഗീയത തീരെയില്ലാത്ത പഠനങ്ങളാണ് മദ്രസ്സകളിൽ പഠിപ്പിക്കുന്നത്.

ഇതൊക്കെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സ്ഥിതിയാണ് ഏറെ ദയനീയമായിട്ടുള്ളത്. പരിതാപകരമായ സാഹചര്യത്തിലൂടെയാണ് അവർ ജീവിതം തള്ളിനീക്കുന്നത്. ആറായിരമോ ഏഴായിരമോ രൂപ കൊണ്ട് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്നയാളുകൾക്ക് ഈ ക്ഷേമനിധി പെൻഷൻ ഉപകാരപ്പെടുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ എന്തുകൊണ്ടാണ് ഈ പെൻഷൻ പദ്ധതി ആകർഷണീയമാകാതിരുന്നത്; ഇത് ആകർഷണീയമാക്കണം. അതിന് ഇതൊന്നും പോരാ, വേറെയും കുറെ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. രാജസ്ഥാൻ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചു. ഇന്ത്യയിലെ യു.പി.എ. ഗവൺമെന്റ് മദ്രസ്സകളിൽ കണക്കും സയൻസും പഠിപ്പിക്കാൻ ടീച്ചേഴ്സിനെ നിയമിച്ച് പ്രത്യേകം റെമ്യൂണറേഷൻ നൽകിയിരുന്നു. ഇവിടെ അതൊന്നും നൽകുന്നില്ല. ഈ ഗവൺമെന്റിന് എന്തുകൊണ്ട് അങ്ങനെയൊരു കാര്യം ആലോചിച്ചുകൂടാ; ചെയ്യാവുന്നൊരു സംഗതിയാണ്. രണ്ട് ലക്ഷത്തോളം മദ്രസ്സാദ്ധ്യാപകർ കേരളത്തിലുണ്ടെന്നാണല്ലോ പറയുന്നത്. പക്ഷെ 23500 ആളുകൾ മാത്രം ഇവിടെ രജിസ്റ്റർ ചെയ്ത് ഒതുങ്ങി നിൽക്കുന്നു. ഈ രണ്ട് ലക്ഷം മദ്രസ്സാദ്ധ്യാപകരെയും ക്ഷേമ പെൻഷൻ പദ്ധതിയിലേക്ക് ആകർഷിക്കണ്ടേ; കേരളത്തിലെ മദ്രസ്സാദ്ധ്യാപകരെ മുഴുവൻ ആകർഷിക്കുന്ന പാകത്തിൽ ഈ ബിൽ മെച്ചപ്പെടുത്തുകയും സമ്പൂർണ്ണമാക്കുകയും അതോടൊപ്പം തന്നെ മറ്റു പദ്ധതികൾകൂടി പ്രഖ്യാപിക്കുകയും വേണം.

4-ാം വകുപ്പിൽ കോർപ്പസ് ഫണ്ടിനെക്കുറിച്ച് പറയുന്ന ഭാഗത്ത്, ഇൻഷ്വറൻസ് പരിരക്ഷ പ്രീമിയത്തെക്കുറിച്ച് പറയുന്നുണ്ട്. മതവിശ്വാസത്തിന്റെ ഭാഗമായി പലിശയെ തൊടാൻതന്നെ പാടില്ലെന്ന് ചിന്തിക്കുന്ന അല്ലെങ്കിൽ അവരുടെ ജീവിതത്തിൽ അതൊരു നിഷ്ഠയായി അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇതൊക്കെ അവരെ ഇതിൽനിന്നും അകറ്റാൻ കാരണമാകും. അതുകൊണ്ട് ഇൻഷ്വറൻസ് പരിരക്ഷ പ്രീമിയത്തിൽ ക്ലാരിറ്റി വേണം. അംശദായം 50:50 എന്നുപറഞ്ഞു. മാനേജ്മെന്റ് അംശദായം അടയ്ക്കാത്തവരെ രക്ഷപ്പെടുത്താൻ എന്തെങ്കിലും മാർഗ്ഗങ്ങൾ ചെയ്തു കൊടുക്കേണ്ടതുണ്ട്. ക്ഷേമനിധിയിലെ അംഗത്വം 18 വയസ്സ് മുതൽ 55 വയസ്സ് വരെ എന്നാക്കണം. ഓറിയന്റൽ എസ്.എസ്.എൽ.സി. കഴിഞ്ഞവരുണ്ട്. അറബിക് പഠനം അതിന്റെ കൂടെ വരും. 17-ാമത്തെ വയസ്സിൽ മദ്രസ്സാദ്ധ്യാപകരായി പോയ ധാരാളം ആളുകളെ എനിക്കറിയാം. എന്തുകൊണ്ട് അവർ 20 വയസ്സുവരെ കാത്തിരിക്കണം. അംഗത്വത്തിന്റെ പ്രായപരിധി ഏറ്റവും ചുരുങ്ങിയത് 18 വയസ്സുവരെയെങ്കിലും എന്നാക്കി മാറ്റേണ്ടതുണ്ട്. അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഓരോ മാസത്തിലും 50 രൂപ അടയ്ക്കാൻ കഴിയാത്തവരുണ്ടെങ്കിൽ ആ തുക ഒന്നിച്ച് അടയ്ക്കണമെന്നാണ് പറയുന്നത്. ഒന്നിച്ചടയ്ക്കുമ്പോൾ മാത്രമാണ് അംഗത്വം പുനരുജ്ജീവിപ്പിക്കുന്നത് എന്നാണ് പറയുന്നത്. അതിനുപകരം ഒരു വർഷത്തിനുള്ളിൽ ഗഡുക്കളായി അടയ്ക്കുന്ന ആളുകൾക്ക് എന്നാക്കി അത് മാറ്റേണ്ടതുണ്ട്. ബോർഡിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ശ്രീ. പി. ഉബൈദുള്ള പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഇവിടെ റേഷൻ കാർഡുള്ള, ഇന്ത്യയിൽ എവിടെയും മദ്രസ്സാദ്ധ്യാപനം നടത്തുന്ന കേരളീയർക്ക് അംഗത്വം കൊടുക്കാനുള്ള സംവിധാനം വേണം. കേരളത്തിന് പുറത്താണെങ്കിൽ, അവിടെയുള്ള മാനേജ്മെന്റ് കമ്മിറ്റിക്ക് 50 രൂപ ക്ഷേമനിധി ഫണ്ടിൽ നിക്ഷേപിക്കാനില്ല. പക്ഷെ ആ ആളുകൾക്കൊക്കെ അത് കൊടുക്കാനുള്ള സംവിധാനം വേണം. മദ്രസ്സാദ്ധ്യാപനം നടത്തുന്ന കേരളീയനായ ഏതൊരാൾക്കും ക്ഷേനിധിയിൽ അംഗത്വം നൽകുന്നതിനുള്ള വകുപ്പുകൾ ഉണ്ടാകണം. ബോർഡിന്റെ രൂപീകരണം സംബന്ധിച്ച് ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എന്തുകൊണ്ട് നമുക്ക് ഒരു സിൻഡിക്കേറ്റിന്റെ മാതൃകയിൽ, സെനറ്റിന്റെ മാതൃകയിൽ...., "ബോർഡിൽ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്" എന്ന് ബില്ലിൽ പറയുന്നുണ്ട്. ബോർഡിന്റെ ചെയർമാനെ സർക്കാരാണ് നോമിനേറ്റ് ചെയ്യുന്നതെന്ന് നേരിട്ട് പറഞ്ഞാൽ മതി. അതോടൊപ്പം മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന ആറ് അംഗങ്ങൾ എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഇതിൽ എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. ഇതിന് ഒരു ജനാധിപത്യവൽക്കരണം വേണ്ടേ? സർക്കാർ നോമിനേറ്റ് ചെയ്യുന്ന ആളുകൾ മാത്രമാണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്; സർക്കാരിനെ ഇഷ്ടപ്പെടുത്തി നടക്കുന്നയാളുകൾക്ക് മാത്രം അംഗത്വം ഉണ്ടായാൽ

പോര; ഇതിന് ജനാധിപത്യ സ്വഭാവം വേണം. അതുകൊണ്ട് മദ്രസ്സാദ്ധ്യാപകരുടെ കൂട്ടത്തിൽ രണ്ടുപേരെ സർക്കാർ നോമിനേറ്റ് ചെയ്തുകൊള്ളട്ടെ; ബാക്കി നാലുപേർ അല്ലെങ്കിൽ അത് എട്ടുപേർ ആയിക്കോട്ടെ; ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള ആളുകൾ വോട്ട് ചെയ്ത് തെരഞ്ഞെടുക്കുന്ന ആറു പേർ വരട്ടെ; രണ്ട് പേരെ സർക്കാർ നോമിനേറ്റ് ചെയ്യട്ടെ; അതുപോലെ തന്നെ മാനേജ്മെന്റ് കമ്മിറ്റിയിലും ഒരു റേഷ്യോ വയ്ക്കണം. തെരഞ്ഞെടുക്കപ്പെട്ട ആറുപേർ ബാക്കി സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ടുപേർ ഈ രീതിയിൽ ഇതിന്റെ ഘടനയിൽ മാറ്റം വരുത്തേണ്ടതുണ്ട്.

ഇവിടെ ശ്രീ. ടി. ജെ. വിനോദ് പറഞ്ഞിരിക്കുന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ ബോർഡിലെ അംഗമാണെന്നാണ് ബില്ലിൽ പറയുന്നത്. ഇത് ക്ഷേമനിധി ബോർഡിന്റെ വില കളയുന്ന രീതിയാണ്. അതിന് പകരമായി അഡീഷണൽ സെക്രട്ടറിയുടെ റാങ്കിലുള്ള ഉദ്യോഗസ്ഥൻ എന്ന് മാറ്റം വരുത്തണം. പത്താം വകുപ്പിലെ മൂന്നാം ഉപവകുപ്പിൽ ആറാം പിരിവിൽ 'പൊതുഭരണ വകുപ്പിലെ സെക്ഷൻ ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതാണ്. ' എന്ന് പറയുന്നു. അത് ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ എന്ന് മാറ്റം വരുത്തേണ്ടതുണ്ട്. 15-ാം വകുപ്പിൽ 'ആവശ്യമെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ് ' എന്നുപറയുന്നു. ബഹുമാന്യനായ മന്ത്രി, മന്ത്രിക്ക് ഇഷ്ടപ്പെട്ട ആളുകളെ നിയമിക്കുന്ന കാലഘട്ടത്തിൽ ആളുകളെ നിയമിക്കാനുള്ള വകുപ്പുണ്ടാക്കി ക്കൊടുക്കുകയാണ്. അത് പാടില്ല; ഇതിന് നിയന്ത്രണം വേണം. ആവശ്യമെന്ന് കരുതാവുന്നത്ര എന്ന് ചേർത്താൽ കോർപ്പസ് ഫണ്ട് ചോർത്തിക്കൊണ്ടുപോകും. സ്വന്തക്കാരെയും ഇഷ്ടമുള്ളവരെയും താൽക്കാലിക ജീവനക്കാരെയും നിയമിക്കുന്നത് കോർപ്പസ് ഫണ്ട് കാലിയാകാൻ കാരണമാകും. അതിലൂടെ ചെലവ് കൂട്ടുകയും ചെയ്യും.

ബഹുമാന്യനായ മന്ത്രി തന്നെയാണ് ഹജ്ജിന്റെ വകുപ്പും കൈകാര്യം ചെയ്യുന്നത്. 2002 മുതൽ കോഴിക്കോട് എയർപോർട്ടിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് തുടങ്ങിയകാലംമുതൽ, അന്ന് യു.ഡി.എഫ്. ആണ് ഭരിച്ചത്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള എല്ലാവരുടെ ഭരണകാലത്തും ഹജ്ജ് എംബാർക്കേഷൻ പോയിന്റിന്റെ ചുറ്റുപാടുമുള്ള റോഡുകൾ നന്നാക്കാൻ ഗവൺമെന്റ് ഫണ്ട് അനുവദിച്ചിരുന്നു. പക്ഷേ, ഡോ. കെ. ടി. ജലീൽ ഹജ്ജ് വകുപ്പുമന്ത്രിയായതിനുശേഷം ആ റോഡ് നന്നാക്കാൻ ഒരു രൂപപോലും തന്നിട്ടില്ല. കൊണ്ടോട്ടി താലൂക്കിനെ പ്രളയബാധിത താലൂക്കായി ഗവൺമെന്റ്

പ്രഖ്യാപിച്ചതാണ്. ഇതൊക്കെ പറയുന്നത് ഏറെ ദുഃഖകരമാണ്. രണ്ട് പ്രളയം കഴിഞ്ഞിട്ടും അവിടെയുള്ള ഗ്രാമീണ റോഡുകൾ നന്നാക്കാൻ ഈ ഗവൺമെന്റ് ഒരു തുകയും അനുവദിച്ചിട്ടില്ല എന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ വെട്ടിത്തുറന്ന് പറയുകയുണ്ടായി.

മി. ചെയർമാൻ: അങ്ങ് ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രത്യേകിച്ച് ഹജ്ജ് എംബാർക്കേഷൻ പോയിന്റുകൂടി ആയതുകൊണ്ട്, ഞങ്ങൾ പതിനഞ്ച് എം.എൽ.എ. മാർ ഒപ്പിട്ട് ഒരു നിവേദനം നൽകി. ശബരിമലയിൽ റോഡ് നന്നാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത് നല്ല കാര്യം തന്നെ. അതിനായി 750 കോടി രൂപ പ്രഖ്യാപിച്ചു. അതുപോലൊരു തീർത്ഥാടനത്തിന് പോകുന്നവർ ആശ്രയിക്കുന്ന ഹജ്ജ് എംബാർക്കേഷൻ പോയിന്റാണിത്. ഇവിടെയുള്ള റോഡുകൾ മുഴുവൻ, കോഴിക്കോട് കുളമാട് ഭാഗമുൾപ്പെടെ എല്ലാ റോഡുകളും തകർന്നുകിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ബഹുമാന്യരായ മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും സംസാരിച്ച് ഈ റോഡുകൾ നന്നാക്കുന്നതിനുവേണ്ടി പ്രത്യേക പാക്കേജുണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഞാനൊരു അദ്ധ്യാപകനാണ്. കേരളത്തിലെ ഗവൺമെന്റ് കോളേജിലും ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും പഠിപ്പിക്കുന്ന അദ്ധ്യാപകരൊക്കെ ഗസറ്റഡ് ഓഫീസർമാരാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഫസ്റ്റ് സ്ട്രീം നേരിട്ടുള്ള നിയമനമാണ്. എന്നാൽ സെക്കന്റ് സ്ട്രീമിലെയും തേർഡ് സ്ട്രീമിലെയും പ്രൊമോഷന് അർഹതയുള്ളവരാണ് ഈ അദ്ധ്യാപകർ. ഇന്ത്യയിലെ പ്രഗത്ഭരായ ഭരണാധികാരികളൊക്കെ അദ്ധ്യാപകരായിരുന്നു. ധനകാര്യ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. ടി. ശിവദാസ മേനോൻ വരെ അദ്ധ്യാപകനായിരുന്നു. ഈ അദ്ധ്യാപകർ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ വരാൻ പാടില്ലെന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കാൻ പാടില്ല. ഇപ്പോൾ കെ.എ.എസ്.-ൽ പി.എസ്.സി. അടിയന്തരമായി ആപ്ലിക്കേഷൻ ക്ഷണിച്ചിട്ടുണ്ട്. ഇത് പറയാൻ ഇനിയൊരു അവസരം ലഭിക്കില്ല. അതുകൊണ്ടുതന്നെ ബഹുമാന്യനായ മന്ത്രി ഇക്കാര്യം മന്ത്രിസഭയിൽ അവതരിപ്പിക്കണം. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഗസറ്റഡ് ഓഫീസർമാർക്ക് തേർഡ് സ്ട്രീമിലേയ്ക്ക് പ്രവേശിക്കാം.

മി. ചെയർമാൻ: അങ്ങ് സംസാരിക്കുന്നത് കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ചാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗസറ്റഡ് ഓഫീസറായ കോളേജ് അദ്ധ്യാപകരെയും ഹയർ സെക്കണ്ടറി അദ്ധ്യാപകരെയും ഇതിൽ പരിഗണിക്കാൻ സാധിക്കില്ലെന്നു പറയുന്നത് എന്തുകൊണ്ടാണ്?

ശ്രീ. പി. ടി. തോമസ്: സർ, മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളെന്ന നിലയിലും ശ്രദ്ധേയനായ വിദ്യാർത്ഥിനേതാവെന്ന നിലയിലും ഇപ്പോൾ എം.എൽ.എ. എന്ന നിലയിലും പേരെടുത്ത ആളാണ് അങ്ങ്. ലോകത്തെമ്പാടും നടക്കുന്ന കാര്യങ്ങളെക്കുറിച്ചും പ്രത്യേകിച്ച് മതന്യൂനപക്ഷങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ മുസ്ലീം ന്യൂനപക്ഷങ്ങളെ സംബന്ധിച്ചും കൃത്യമായ ചില അടയാളപ്പെടുത്തൽ നടത്തിയിട്ടുള്ള ആളാണ് അങ്ങ്. ചൈനയിൽ ഏകദേശം പത്ത് ലക്ഷത്തിലധികം മുസ്ലീങ്ങൾ വർഷങ്ങളായി തടവറയിൽ കിടക്കുകയാണ്. അവർക്ക് വിദ്യാഭ്യാസം കൊടുക്കാനാണെന്നാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട്. ഇന്ന് അത് വലിയൊരു ദുരന്തമായി ലോകത്തിനുമുന്നിൽ നിൽക്കുന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തീർച്ചയായും. കമ്മ്യൂണിസ്റ്റ് രാജ്യമായി ഇന്നും ചൈന നിൽക്കുകയാണ്. ചൈനയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം, കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ പ്രകോപിതനായാണ് അദ്ദേഹം സംസാരിച്ചത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ചൈനയുടെ വടക്കൻ പ്രവിശ്യയിലെ എല്ലാ മേഖലയിലെയും മുസ്ലീങ്ങൾക്ക് അവരുടെ സാംസ്കാരികമായ അസ്തിത്വം അടയാളപ്പെടുത്തലും ശിരോവസ്ത്രം ധരിക്കുന്നതുമടക്കം തടയപ്പെട്ടിരിക്കുന്നുവെന്ന് ലീക്കൗട്ടായി വന്ന റിപ്പോർട്ടുകൾ നേരത്തെതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുപോലെ തന്നെയായിരുന്നു റഷ്യയിലും യു.എസ്.എസ്.ആർ.-ലും ഉണ്ടായിരുന്നത്. ഗ്ലാസ്നോസ്തും പെരിസ്ട്രോയിക്കയും കഴിഞ്ഞ് 1990-ൽ യു.എസ്.എസ്.ആർ. പുറത്തുവന്നപ്പോഴാണ് ഈ കഥകളൊക്കെ അറിഞ്ഞത്. കമ്മ്യൂണിസ്റ്റ് ഇരുമ്പ് മറയ്ക്കുള്ളിൽ ഇതുപോലുള്ള പ്രത്യേക മതവിഭാഗങ്ങൾക്ക് ധാരാളം മതനിഷേധവും അവരുടെ ആചാരാനുഷ്ഠാനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യങ്ങളുമുണ്ട്. ചൈനയിൽ ഏറ്റവും അവസാനമായി വന്നുകൊണ്ടിരിക്കുന്ന വാർത്തകളും അതുതന്നെയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി: സർ, ചൈനയെക്കുറിച്ചാണ് ശ്രീ. പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ചത്. നമ്മൾ ചൈനയിലേക്ക് എന്തിനാണ് കടക്കുന്നത്. ഇവിടെ ഇടതുപക്ഷമുണ്ടെന്നുവച്ച് അതിനെ എതിർക്കാൻ ചൈനയിലേയ്ക്കൊന്നും പോകേണ്ട. ഇപ്പോൾ വന്ന ബാബറി മസ്ജിദിന്റെ വിധിയുമായി ബന്ധപ്പെട്ട് കാശ്മീരിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും അത്തരത്തിലുള്ള ധാരാളം സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ എന്തിനാണ് മറ്റ് രാജ്യങ്ങളുടെ കാര്യം പറയുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ചൈനയെ പറയുമ്പോൾ ബഹുമാന്യനായ അംഗത്തിന് വല്ലാത്ത പ്രയാസമുണ്ടെന്ന് തോന്നുന്നുണ്ട്. മുൻകാലത്ത് സി.പി.ഐ.

പ്രവർത്തകർക്ക് യു.എസ്.എസ്.ആർ.-നെ പറയുമ്പോഴും സി.പി.ഐ.(എം) പ്രവർത്തകർക്ക് ചൈനയെക്കുറിച്ച് പറയുമ്പോഴുമാണ് വേവലാതിയുണ്ടായിരുന്നത്. എന്നാൽ യു.എസ്.എസ്.ആർ-നെ പറയുമ്പോൾ വേവലാതിപ്പെടേണ്ട സന്ദർഭം ഇപ്പോഴില്ല. സി.പി.ഐ.(എം.) പ്രവർത്തകർക്ക് ചൈനയെക്കുറിച്ച് പറയാൻ മടിയുള്ളതുകൊണ്ട്, മുൻപ് ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞതുപോലെ, ഇന്ത്യ ഇന്ത്യയുടേതെന്നും ചൈന ചൈനയുടേതെന്നും അതിർത്തിയെന്നുമൊക്കെ പറഞ്ഞ് വ്യാഖ്യാനിച്ചിട്ടുണ്ട്.

മി. ചെയർമാൻ: അങ്ങ് ബില്ലിനെക്കുറിച്ച് സംസാരിക്കൂ.

ശ്രീ. എം. സ്വരാജ്: സർ, ചർച്ചയിൽ പങ്കെടുക്കുന്ന ബില്ലുമായി നേരിട്ട് ബന്ധമില്ലാത്ത വിഷയമാണെങ്കിലും അങ്ങ് പരാമർശിച്ചപ്പോൾ കൗതുകം തോന്നിയതുകൊണ്ട് ഞാൻ ഇടപെട്ടതാണ്. അങ്ങ് മാത്രമല്ല പലരും സംസാരിക്കുമ്പോൾ ചൈന, സി.പി.ഐ.(എം.) എന്നൊക്കെ പറയാറുണ്ട്. യഥാർത്ഥത്തിൽ അത് ചരിത്രത്തിലെ ഒരു തെറ്റിദ്ധാരണയാണ്. 1964-ൽ സി.പി.ഐ.(എം.) രൂപീകരിക്കുമ്പോൾ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സി.പി.ഐ.(എം.)-നെ തള്ളിപ്പറയുകയാണ് ചെയ്തത്. യു.എസ്.എസ്.ആർ.-ലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും തള്ളിപ്പറയുകയാണ് ചെയ്തത്. രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അംഗീകാരമോ പിൻതുണയോ ഇല്ലാതെയാണ് ഇന്ത്യയിൽ സി.പി.ഐ.(എം.) പ്രവർത്തനം ആരംഭിച്ചത്. ഇക്കാര്യത്തിൽ അങ്ങേയ്ക്കുള്ള തെറ്റിദ്ധാരണ തിരുത്തുന്നത് നന്നായിരിക്കുമെന്ന് കരുതി പറഞ്ഞതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സി.പി.ഐ.(എം)-ന്റെ ഔദ്യോഗിക വക്താവ് ശ്രീ. എം. സ്വരാജ് ആകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയും ആശംസിക്കുകയുമാണ്. പാർട്ടിയെ സംബന്ധിച്ച് ആധികാരികമായി അഭിപ്രായം പ്രകടിപ്പിക്കാൻ കഴിവും പ്രാപ്തിയുമുള്ള ചെറുപ്പക്കാരൻ കൂടിയായ അംഗമെന്നതുകൊണ്ട് അത് ഞാൻ മുഖവിലയ്ക്കെടുക്കുന്നു. ഞങ്ങളുടെ ചെറുപ്പകാലം മുതൽ കണ്ടുകൊണ്ടിരിക്കുന്നതാണ്. സി.പി.ഐ. പ്രവർത്തകർ യു.എസ്.എസ്.ആർ.-നെ പ്രകീർത്തിച്ചും സി.പി.ഐ.(എം.) പ്രവർത്തകർ ചൈനയെ പ്രകീർത്തിച്ചും പറയും. ചൈനയെക്കുറിച്ച് കുറ്റംപറയുമ്പോൾ, അതൊക്കെ വിട്ടുവെന്നാണ് ഞങ്ങൾ വിചാരിച്ചിരുന്നത്. പക്ഷേ, ഈ സമ്മേളനത്തിൽ നടന്ന ചർച്ചയിൽ ചൈനയെക്കുറിച്ച് പറഞ്ഞപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം പ്രകോപിതനായി. ശ്രീ. മുഹമ്മദ് മുഹസിൻ പി. സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ അരക്ഷിതാവസ്ഥ യിലാണുള്ളത്. പ്രത്യേകിച്ച് ബാബറി മസ്ജിദിന്റെ വിധി വന്ന സാഹചര്യത്തിൽ,

അപ്പോഴും നിങ്ങളുടെ പാർട്ടിയുടെ നിലപാടുകളെന്തായിരുന്നു; വിധിവന്നപ്പോഴുള്ള അവസാനത്തെ സ്റ്റേറ്റ്മെന്റ് എന്തായിരുന്നു? ഡോ. കെ. ടി. ജലീലിന്റെ സ്റ്റേറ്റ്മെന്റ് നന്നായിരുന്നുവെന്നാണ് എനിക്ക് തോന്നിയത്. അതേസമയം മറ്റ് പാർട്ടിക്കാരുടെ സ്റ്റേറ്റ്മെന്റ്, ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ വീണ്ടും ആകുലപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്യുന്ന രീതിയിലാണ് വന്നത്. ഞാൻ അതിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല.

മദ്രസ്സാദ്ധ്യാപകരുടെ കോഴിക്കോടുള്ള പുതിയ ഓഫീസിലേയ്ക്ക് വിളിച്ചാൽ ആരും ഫോൺ എടുക്കാറില്ലെന്നാണ് മദ്രസ്സാദ്ധ്യാപകരുടെ പരാതി. എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് തീർക്കാൻ അവർക്ക് കഴിയുന്നില്ല. ആറായിരമോ ഏഴായിരമോ രൂപ പ്രതിമാസം ശമ്പളം വാങ്ങുന്ന ഇവർക്ക് കോഴിക്കോടുവരെ പോയി വിവരങ്ങൾ അന്വേഷിക്കാൻ കഴിയുമോ? അവിടെ ഹെൽപ്പ് ഡെസ്കോ ടെലിഫോൺ സൗകര്യമോ അല്ലെങ്കിൽ മറ്റെന്തെങ്കിലും സൗകര്യം ഏർപ്പെടുത്തണം. മാത്രമല്ല, പോസ്റ്റാഫീസിൽ അവരടയ്ക്കുന്ന അംശദായത്തിന്റെ കൃത്യമായ രസീത് കൊടുക്കുന്നില്ല. ഓഫീസിൽ നിന്നും താങ്കളുടെ ഈ മാസത്തെ അംശദായം 50 രൂപ കിട്ടി; ബോധിച്ചിരിക്കുന്നു എന്നൊരു കത്ത് അവർക്ക് വരണ്ടേ; ഇത് കൃത്യമായി വരുന്നില്ല. ഇത് ബ്രേക്ക് ആയി പോയിട്ടുണ്ടെങ്കിൽ അത് പിന്നീട് ഒന്നിച്ചടയ്ക്കാൻ ഈ മദ്രസ്സാദ്ധ്യാപകരെക്കൊണ്ട് കഴിയില്ല. ഇങ്ങനെയുള്ള ഒരു സാഹചര്യം ഇവിടെ നിലവിലുണ്ട്. അതോടൊപ്പം ഈ അദ്ധ്യാപകർ ജോലി ചെയ്യുന്ന കാര്യം ശ്രീ. മഞ്ഞളാംകുഴി അലി സൂചിപ്പിക്കുകയുണ്ടായി. കുട്ടികൾക്ക് സ്കൂളിൽ പോകാനുള്ള സമയമായ രാവിലെ 9.30-ഓടുകൂടി മദ്രസ്സാദ്ധ്യാപകരുടെ ജോലി തീരുകയാണ്. പിന്നീട് വൈകുന്നേരം അഞ്ചോ ആറോ മണിക്കാണ് ജോലി തുടങ്ങുന്നത്. ഇതിനിടയിൽ മദ്രസ്സാദ്ധ്യാപകർ വെറുതെ നിൽക്കുകയാണ്. ഈ മദ്രസ്സാദ്ധ്യാപകർക്ക് ഫലപ്രദമായ തൊഴിൽ പരിശീലന കോഴ്സുകളോ അല്ലെങ്കിൽ തൊഴിൽ സംരംഭകമോ തുടങ്ങാനുള്ള കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കേണ്ടതുണ്ട്. ഇതിന്റെകൂടെ അദ്ധ്യാപകർക്ക് ചികിത്സാസഹായം കിട്ടേണ്ടതുണ്ട്. ഈ അദ്ധ്യാപകർക്ക് എന്തുകൊണ്ട് ശാസ്ത്രീയമായ അദ്ധ്യാപക ട്രെയിനിംഗ് കിട്ടുന്നില്ല എന്നുള്ളതാണ് എന്റെ ഒരു ചോദ്യം. അതുകൊണ്ട് മദ്രസ്സയിൽ പഠിപ്പിക്കുന്നതായ അദ്ധ്യാപകർക്ക് ഏറ്റവും നല്ലൊരു ട്രെയിനിംഗ് കോഴ്സ് സർക്കാരിന്റെ ചെലവിൽ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് തന്നെ കൊടുക്കുന്ന ഷോർട്ട് ടേം കോഴ്സും സർട്ടിഫിക്കറ്റും കൂടി കൊടുത്താൽ നല്ലതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

മദ്രസ്സാദ്ധ്യാപകരെക്കുറിച്ച് വിശദമായ പഠനം നടത്തണം. അവരുടെ ജീവിത ചുറ്റുപാടുകളെക്കുറിച്ച് ന്യൂനപക്ഷ ക്ഷേമവകുപ്പ് ഒരു കമ്മിറ്റിയെ വച്ച് പഠിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ആ കമ്മിറ്റി വച്ച് എന്താണ്

ഇവരുടെ ജീവിതരീതി; എങ്ങനെയാണ് അവർ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്; ഇവരുടെ സ്പെയർ ടൈം ഏതിൽ വിനിയോഗിക്കാൻ കഴിയും; ഇവരുടെ കുട്ടികളുടെ കാര്യത്തിൽ, ആ കുട്ടികൾക്ക് നല്ല ഒരു കോഴ്സിന് പോകാൻ സാധിക്കുന്നില്ല. സാമ്പത്തിക ചുറ്റുപാട് അനുവദിക്കാത്തതുകൊണ്ട് അവരെ ദറസ്സിലേക്കും മറ്റും വിടുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. മഞ്ഞളാംകുഴി അലി ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ബി.ടെക്-ന് പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് കൊടുക്കാൻ തീരുമാനിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ഡോ. കെ. ടി. ജലീൽ ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം ആ പദ്ധതി നിർത്തി. മദ്രസ്സാദ്ധ്യാപകരുടെ കുട്ടികൾക്ക് പ്രത്യേകമായ വിദ്യാഭ്യാസ പാക്കേജ് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. എന്തുകൊണ്ട് ഗ്രാറ്റുവിറ്റി നടപ്പിലാക്കിക്കൂടാ; ഇതൊരു സമാന്തര തൊഴിൽ മേഖലയാണ്. രണ്ടുലക്ഷത്തോളം അദ്ധ്യാപകർക്ക് തൊഴിൽ കൊടുക്കുന്ന ഒരു സ്വാശ്രയ മേഖലയാണിത്. ആ രണ്ടുലക്ഷത്തോളം അദ്ധ്യാപകർ ഗവൺമെന്റിന്റെ സഹായമില്ലാതെ സമൂഹത്തിന്റെ സഹായത്തോടുകൂടി തൊഴിലുമായി മുന്നോട്ടുപോകുമ്പോൾ അവർക്ക് അതിനുള്ള പരിരക്ഷയും സഹായവും വേണമല്ലോ; അവർ 60 വയസ്സ് കഴിഞ്ഞ് പിരിയുമ്പോൾ എന്തുകൊണ്ട് ഗ്രാറ്റുവിറ്റി ഏർപ്പെടുത്തിക്കൂടാ; ഇ.എസ്.ഐ.-യിൽ മെമ്പറാകാൻ എന്തുകൊണ്ട് അവർക്ക് സൗകര്യം ചെയ്തുകൊടുത്തുകൂടാ; അവരെ എന്തുകൊണ്ട് പി.എഫ്.-ന് അർഹരാക്കിക്കൂടാ; ഇതൊക്കെ മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങളായതുകൊണ്ട് ന്യൂനപക്ഷ ക്ഷേമവകുപ്പ് അതുകൂടി പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്രയും പറഞ്ഞ് ഈ ഭേദഗതി പ്രസ്സ് ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. അൻവർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ജനാധിപത്യം എന്നാൽ ഭൂരിപക്ഷത്തിന്റെ അധികാരം ജനങ്ങൾക്കുമേൽ പ്രയോഗിക്കലല്ല. ചെറുതും ദുർബ്ബലവുമായ ശബ്ദത്തിനുപോലും ചെവി കൊടുക്കലാണ്. ഈ അർത്ഥത്തിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ബിൽ ഒരു നാഴികക്കല്ലാണ്. വംശീയവും വർഗ്ഗീയവുമായ വിവേചനങ്ങളും അസഹിഷ്ണുതയും രാജ്യത്ത് വർദ്ധിച്ചുവരുന്നു. ന്യൂനപക്ഷങ്ങളെക്കുറിച്ചും അവരുടെ സാമൂഹ്യ നീതിയെക്കുറിച്ചുമൊക്കെ ചർച്ചകൾ ഉയരുന്ന കാലഘട്ടമാണിത്.

മതേതരം എന്നത് ഭരണഘടനയുടെ ആമുഖത്തിൽ എഴുതിച്ചേർത്ത രാജ്യത്താണ് നാം ജീവിക്കുന്നത്. മതനിരപേക്ഷത വിജയിക്കുന്നോ എന്നറിയാൻ, ഭൂരിപക്ഷം എന്ത് ചിന്തിക്കുന്നുവെന്നല്ല ന്യൂനപക്ഷത്തിന് എന്ത് തോന്നുന്നുവെന്നാണ് നോക്കേണ്ടത് എന്നാണ് ജവഹർലാൽ നെഹ്റു പറഞ്ഞത്. മതന്യൂനപക്ഷത്തിലെ പരിഗണന അർഹിക്കുന്ന ഒരു വിഭാഗം ആളുകളുടെ മനസ്സ് നിറയ്ക്കുന്ന ചരിത്ര ബില്ലാണ് ഈ സഭയിൽ അവതരിപ്പിക്കുന്നത്. ഭൂരിപക്ഷ വർഗ്ഗീയതയ്ക്ക് ഇന്ത്യയിലെ മഹാഭൂരിപക്ഷം ജനങ്ങളുടെയും പിന്തുണയില്ല. എന്നിട്ടും മതന്യൂനപക്ഷങ്ങളെ പാഠം പഠിപ്പിക്കാൻ ലഭിക്കുന്ന എല്ലാ അവസരങ്ങളും സംഘ്പരിവാർ രാജ്യത്ത് സമർത്ഥമായി ഉപയോഗിക്കുന്നുണ്ട്. ഉദാഹരണം മുത്തലാഖ് ബിൽ തന്നെ. സങ്കുചിത രാഷ്ട്രീയത്തോടെയാണ് കേന്ദ്ര സർക്കാർ ആ ബിൽ കൊണ്ടുവന്നത്. നമ്മുടെ നാട്ടിലെ സാധാരണ വിവാഹ മോചനങ്ങളുടെ പേരിൽ നടക്കുന്ന വ്യവഹാരങ്ങളെല്ലാം സിവിൽ കേസ്സുകളാണ്. എന്നാൽ മുസ്ലീം പുരുഷന്മാർ മൂന്ന് തലാഖ് ചൊല്ലിയാൽ അയാളെ ക്രിമിനൽ കേസ്സിൽ പ്രതിയാക്കുന്ന സ്ഥിതിയുണ്ടായി. പ്രത്യക്ഷത്തിൽ ന്യായമെന്ന് തോന്നിപ്പിക്കുമെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനെതിരെ വിവേചനപരമായി നിയമത്തെ ഉപയോഗിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. ഇത് ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ് കൂടിയാണ്. ഞങ്ങൾക്ക് രാജ്യത്ത് ഭൂരിപക്ഷമുണ്ട്. ഞങ്ങൾ തോന്നുന്ന നിയമമുണ്ടാക്കി നിങ്ങളെയൊക്കെ ജയിലിലിടയ്ക്കുമെന്ന സംഘ്പരിവാറിന്റെ മുന്നറിയിപ്പാണിത്. ന്യൂനപക്ഷങ്ങൾക്കും ദളിതർക്കുമെതിരെയുള്ള അതിക്രമങ്ങൾക്കും ആൾക്കൂട്ട ആക്രമണങ്ങൾക്കുമെതിരെ പ്രധാനമന്ത്രിക്ക് കത്തെഴുതിയതിന് ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ഉൾപ്പെടെയുള്ള പ്രമുഖർക്കെതിരെ രാജ്യദ്രോഹത്തിന് കേസ്സെടുത്തതാണ്. വിമർശിക്കുന്നവരെയെല്ലാം ദേശവിരുദ്ധരായി ചിത്രീകരിച്ച് ജയിലിലിടയ്ക്കുമെന്ന സന്ദേശമല്ലാതെ മറ്റെന്താണിത്? ഭരണഘടന ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യംപോലും സംഘ്പരിവാർ നമുക്ക് നിഷേധിക്കുന്നു. ഭീതിപ്പെടുത്തി അനുസരിപ്പിക്കുക എന്ന ഫാസിസ്റ്റ് നയമാണ് ദൗർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ അന്വേഷണ ഏജൻസിക്ക് കൂടുതൽ അധികാരങ്ങൾ നൽകാനുള്ള ബില്ലിനെ പിന്തുണച്ചവരാണ് കോൺഗ്രസ്. ഇന്നത്തെ സാഹചര്യത്തിൽ ബി.ജെ.പി. കൊണ്ടുവരുന്ന ഏത് നിയമത്തെയും സംശയത്തോടെ മാത്രമേ കാണാനാകുന്നുള്ളൂ. വ്യക്തികളെ ഭീകരവാദികളാക്കി പ്രഖ്യാപിക്കാമെന്ന എൻ.ഐ.എ.-യുടെ ഭേദഗതി ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. രാഷ്ട്രീയ എതിരാളികളെ ദുരുപയോഗം ചെയ്യുന്നതിനുവേണ്ടി ഈ നിയമം ഉപയോഗിക്കാവുന്നതാണ്. ഭീകരവാദ സംഘടനകളിൽ പ്രവർത്തിക്കുന്നവരെയായിരുന്നു ഭീകരവാദികളായി മുമ്പ് കണക്കാക്കിയിരുന്നതെങ്കിൽ

ഭേദഗതിക്കുശേഷം ഭീകരവാദ സംഘടനകളിൽ അംഗത്വമില്ലെങ്കിലും വ്യക്തികളെ ഭീകരവാദികളായി ചിത്രീകരിക്കാമെന്ന് നിയമം കൊണ്ടുവന്നിരിക്കുന്നു. പ്രധാനമന്ത്രിക്കോ ആഭ്യന്തര വകുപ്പുമന്ത്രിക്കോ ആർ.എസ്.എസ്. തലവനോ എതിരെ സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റിട്ടാൽപോലും അത് സൈബർ ഭീകരവാദമായി കണക്കാക്കും എന്നർത്ഥം. രാജ്യത്ത് ഇതുവരെയുള്ള ചരിത്രത്തിൽ ഒരു പ്രതിപോലും ശിക്ഷിക്കപ്പെടാത്ത രണ്ട് ഭീകരാക്രമണ കേസ്സുകളാണുള്ളത്. ഒന്ന്, സംഝോതാ എക്സ്പ്രസ് ഭീകരാക്രമണവും രണ്ട്, മെക്ക മസ്ജിദ് ഭീകരാക്രമണവും. രണ്ട് കേസ്സുകളിലും പ്രതികൾ ആർ.എസ്.എസ്.-കാർ ആയിരുന്നു എന്നതുകൊണ്ടുമാത്രം ശിക്ഷിക്കപ്പെടാതെ പോയത് നമ്മൾ എല്ലാവരും കണ്ടിട്ടുള്ളതാണ്. തങ്ങൾക്ക് ഇഷ്ടമില്ലാത്ത പൊതുപ്രവർത്തകരെ ജയിലിലടച്ച് പീഡിപ്പിക്കുന്നതിന് ഉപയോഗിക്കാവുന്ന തരത്തിലുള്ള എൻ.ഐ.എ. ഭേദഗതി ബില്ലിനെ എതിർത്ത് പാർലമെന്റിൽ സംസാരിച്ചത്, കൂടാതെ പലരും ബില്ലിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തിയില്ലെന്നതും ശ്രദ്ധേയമാണ്. ലോകസഭയിൽ വ്യക്തമായ നിലപാട് സ്വീകരിക്കാനും കോൺഗ്രസ്സിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഭരണപക്ഷത്തിനൊപ്പം കോൺഗ്രസ്സും എൻ.ഐ.എ. ഭേദഗതി ബില്ലിനെ അനുകൂലിച്ച് വോട്ട് ചെയ്യുകയുണ്ടായി. സി.പി.ഐ.(എം)-ലെ മൂന്ന് പേരടക്കം ആറുപേരാണ് പാർലമെന്റിൽ ബില്ലിനെ എതിർത്ത് വോട്ട് ചെയ്തത്. ന്യൂനപക്ഷങ്ങളെ വേട്ടയാടാൻ ബി.ജെ.പി. കൊണ്ടുവരുന്ന ബിൽ പാസ്സാക്കാൻ കോൺഗ്രസ്സിന്റെ എം.പി.-മാർ ഒത്താശ ചെയ്തതിൽ അത്ഭുതമില്ല. മതന്യൂനപക്ഷങ്ങളെ തെറ്റിദ്ധരിപ്പിച്ച് വോട്ട് നേടി വൻ വിജയം നേടിയ കേരളത്തിൽനിന്നും യു.ഡി.എഫ്. എം.പി.-മാരും ഈ കൊട്ടുംചതിയുടെ ഭാഗമായി എന്നത് നമുക്ക് മറക്കാൻ കഴിയില്ല. രാജ്യമാകെ പൗരത്വ ബിൽ നടപ്പാക്കുമെന്ന ശ്രീ. അമിത് ഷായുടെ പ്രഖ്യാപനം വർഗ്ഗീയ ധ്രുവീകരണം മാത്രം ലക്ഷ്യമിട്ടുള്ളതാണ്. അനധികൃത കുടിയേറ്റക്കാരെന്ന് കണ്ടെത്തുന്നവരെ ഒഴിവാക്കി പൗരത്വ പട്ടിക പ്രസിദ്ധീകരിക്കുക എന്നാണ് പറയുന്നത്. രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്തവർപോലും ഇന്ന് ഇന്ത്യൻ പൗരന്മാർ അല്ലാതാകുന്ന അവസ്ഥയാണുള്ളത്. സംഘ്പരിവാർ ന്യൂനപക്ഷങ്ങളെ പുറത്താക്കാനുള്ള സുവർണ്ണാവസരമായി പൗരത്വബിൽ വ്യാപകമായി ഉപയോഗിക്കാൻ പോകുകയാണ്. രാജ്യത്ത് സമുദായ സൗഹാർദ്ദം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ചിന്തിക്കാനാവാത്ത പൗരത്വ ബിൽ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ഒരു ഗൂഢ പദ്ധതിയാണ്. ഇതിനെ നമ്മുടെ സംസ്ഥാനത്തുപോലും ചിലർ പിന്തുണയ്ക്കുന്നുവെന്നത് നമുക്ക് അപമാനകരമാണ്. സംഘ്പരിവാർ ഫാസിസത്തിനെതിരെ, ന്യൂനപക്ഷ വേട്ടയ്ക്കെതിരെ എണ്ണത്തിൽ കുറവാണെങ്കിലും പരിമിതികളില്ലാത്ത പോരാട്ടമാണ് ഇന്ത്യയിൽ ഇടതുപക്ഷം

നടത്തിക്കൊണ്ടിരിക്കുന്നത്. അക്കാര്യം തെളിയിക്കപ്പെട്ട ചരിത്ര സന്ദർഭങ്ങൾ രാജ്യത്ത് ഏറെയുണ്ട്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ഇപ്പോഴും അനുഭവിക്കുന്ന മുഴുവൻ കുഴപ്പങ്ങൾക്കും വഴിമരുന്നിട്ടത് കോൺഗ്രസ് ആണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇനി ഇടതുവാരം ചേർന്ന് നടക്കലാണ് ഇന്ത്യൻ മുസ്ലീങ്ങളുടെ രക്ഷ എന്ന് രാജ്യത്തെ പ്രമുഖരായ മുസ്ലീം നേതാക്കാൾ തുറന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത് ഈയൊരു സാഹചര്യത്തിലാണ്. സംഘ്പരിവാർ രാഷ്ട്രീയത്തെയും ഫാസിസത്തെയും ചെറുക്കാൻ കോൺഗ്രസ്സിന് ഒന്നും ചെയ്യാൻ കഴിയില്ലെന്ന ബോധ്യം ന്യൂനപക്ഷ വിഭാഗത്തിന് ഉണ്ടായിരിക്കുന്നു. ഇടതുപക്ഷമാണ് മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി എക്കാലവും നിലകൊണ്ടിട്ടുള്ളത്. ന്യൂനപക്ഷ സംരക്ഷണത്തിൽ ഇടതുപക്ഷം കോൺഗ്രസ്സിനെപ്പോലെ അവസരവാദ നിലപാട് സ്വീകരിക്കാറില്ല. നാല് വോട്ടിനുവേണ്ടിയോ ഭൂരിപക്ഷത്തിന്റെ പ്രീതിക്കുവേണ്ടിയോ മതന്യൂനപക്ഷങ്ങളെ തള്ളിപ്പറയാൻ ഇടതുപക്ഷം ശ്രമിക്കാറില്ല.

കേരളത്തിൽ വിശേഷിച്ചും മുസ്ലീം സമുദായത്തിന്റെ ഉന്നമനത്തിനുവേണ്ടി ഇത്രയും ആത്മാർത്ഥമായി പ്രവർത്തിച്ച മറ്റൊരു സർക്കാരുണ്ടാവില്ല. ശ്രീ. പാലോളി മുഹമ്മദ് കുട്ടി മന്ത്രിയായിരിക്കെ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി നിലവിൽ വന്നത്. ഇപ്പോഴിതാ നിയമംമൂലം മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ നടത്തിപ്പ് വ്യവസ്ഥപ്പെടുത്തുന്നതിന് ക്ഷേമനിധി ബോർഡ് രൂപീകരിച്ച് നിയമനിർമ്മാണം നടത്തിയിരിക്കുന്നു. പ്രതിമാസ പെൻഷൻ പദ്ധതി, വിവാഹ ധനസഹായം, വിവാഹ വായ്പ, പരീക്ഷകൾക്കുള്ള സ്കോളർഷിപ്പ്, പലിശരഹിത ഭവനവായ്പ, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, അവശതാ പെൻഷൻ തുടങ്ങിയ ന്യായമായ ആനുകൂല്യങ്ങളാണ് ഇനിമുതൽ ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകരുടെ അവകാശമായി മാറുന്നത്. ഇതിലൂടെ സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്ന മദ്രസ്സാദ്ധ്യാപകരെ സംബന്ധിച്ച് വരാനിരിക്കുന്ന നാളുകൾ പ്രതീക്ഷയുടേതാണ്. അവരുടെ ആവശ്യങ്ങൾ പരിപൂർണ്ണമായി നിറവേറ്റാൻ മുൻകൈയ്യെടുത്ത ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ മദ്രസ്സയിൽ പഠിച്ച ഒരാളാണ്. എന്നെ സംബന്ധിച്ചിടത്തോളം സ്നേഹമിശ്രണമായ ഒരുപാട് അനുഭവങ്ങളുടെ ആകെത്തുകയാണ് മദ്രസ്സാ

ജീവിതകാലം. പൊതുവേ സാമ്പത്തികശേഷി കുറഞ്ഞ കുടുംബങ്ങളിൽ നിന്നുള്ളവരാണ് മദ്രസ്സാദ്ധ്യാപകരിൽ മഹാഭൂരിഭാഗവും. അതുകൊണ്ടുതന്നെ കഷ്ടപ്പാടുകളും ദുരിതങ്ങളും അവരുടെ കൂടെപ്പിറപ്പാണ്. ഏത് തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവരാണെങ്കിലും അവരുടെ ഇല്ലായ്മകളും വല്ലായ്മകളും മനസ്സിലാക്കാൻ കഴിയുന്ന സർക്കാരുകൾക്കേ ദുരിതക്കയങ്ങൾ താണ്ടാൻ അത്തരക്കാരെ സഹായിക്കാനാകൂ. 2010-ൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ കാലത്താണ് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി രൂപീകരിച്ചത്. ആ ക്ഷേമ നിധിക്ക് മറ്റ് ക്ഷേമനിധികൾക്കെന്നപോലെ വ്യവസ്ഥാപിതമായ ഒരു ഭരണനിർവ്വഹണ സംവിധാനം നിയമനിർമ്മാണം വഴി കൊണ്ടുവരാൻ പിണറായി സർക്കാരിന്റെ ഭാഗം എന്ന നിലയിൽ കഴിഞ്ഞുവെന്നുള്ളതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്.

രാവിലെ 7 മണി മുതൽ 9.30 വരെയാണ് സാധാരണഗതിയിൽ മദ്രസ്സാ പഠന സമയമെങ്കിലും ഈ രംഗത്ത് ജോലി ചെയ്യുന്ന അദ്ധ്യാപകർ ജോലി സമയം കഴിഞ്ഞ് മറ്റ് ജോലികളിൽ വ്യാപൃതരാകുന്നത് ആശാസ്യമായിട്ടല്ല ബന്ധപ്പെട്ട ജനവിഭാഗം കാണുന്നത്. നമ്മുടെ രാജ്യത്ത് ഏറ്റവും ചുരുങ്ങിയ ശമ്പളത്തിന് ജോലി ചെയ്യുന്നവർ ആരെന്ന് അന്വേഷിച്ചാൽ അക്കൂട്ടത്തിൽ മദ്രസ്സാദ്ധ്യാപകർ ഉണ്ടാകുമെന്ന് ഉറപ്പാണ്. മദ്രസ്സാദ്ധ്യാപകരുടെ കണ്ണീരും കിനാവും ഇതിവൃത്തമായി നിരവധി രചനകൾ വന്നിട്ടുണ്ട്. കഥകളായും മാപ്പിളപ്പാട്ടുകളായും സിനിമകളായുമൊക്കെ; പലതും കേട്ടുകേൾവികളുടെ അടിസ്ഥാനത്തിലുള്ളതായിരുന്നെങ്കിൽ ചിലതെങ്കിലും മദ്രസ്സാ മുഅല്ലിമുകളുടെ ജീവിതത്തിന്റെ എല്ലാ ദൈന്യതകളും ഒപ്പിയെടുത്തുകൊണ്ടുള്ളതായിരുന്നു. ആ ഗണത്തിൽ ഏറ്റവും അവസാനത്തേതായിരുന്നു ഈയടുത്ത് പച്ചക്കുതിരയിൽ കഥാകൃത്തും ആക്ടിവിസ്റ്റുമായ പ്രൊഫ. എം. എ. റഹ്മാൻ എഴുതിയ കിത്താബ് മഹൽ എന്ന ചെറുകഥ. മദ്രസ്സയിലെ ഉയർന്ന ക്ലാസ്സിൽ പഠിപ്പിക്കപ്പെടുന്ന പത്തിക്കിത്താബ് സുരക്ഷിതമായി കൊണ്ടുപോയിവയ്ക്കാൻ തന്റെ ഉസ്താദിനാൽ ചുമതല ഏൽപ്പിക്കപ്പെട്ട കുട്ടിയുടെ കയ്യിൽനിന്നും ചായക്കോപ്പ തെന്നിമറിഞ്ഞ് പത്തിക്കിത്താബിൽ പതിച്ച് അതിന്റെ ഏടുകൾ നനഞ്ഞതും പേജുകൾ വൃത്തിയാക്കവെ ഏടുകൾക്കിടയിൽനിന്ന് കിട്ടിയ വെള്ള പേപ്പറിലെ എഴുത്തും തനിമ ചോർന്നുപോകാതെ തന്റെ കഥയിൽ പ്രൊഫ. എം. എ. റഹ്മാൻ ആവിഷ്കരിച്ചിട്ടുണ്ട്. ഹൃദയസ്പർശിയായ ആ ഭാഗം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

'പത്തിക്കിത്താബുമായി ഞാൻ മുമ്പിൽ നടന്നു. ഉസ്താദ് ഞങ്ങളെ യാത്രയാക്കി. വഴി മദ്ധ്യേ ഞങ്ങളെ കണ്ട ചായക്കടക്കാരൻ കുട്ടിയപ്പ പറഞ്ഞു,

ഉസ്താദ് നിങ്ങൾക്ക് ഒരു ചായ ഓർഡറാക്കിയിട്ടുണ്ട്. അത് കുടിച്ച് പൊയ്ക്കോളീൻ. ഞങ്ങൾ ചായ കുടിക്കാൻ കയറി. മരബഞ്ചിൽ അഞ്ച് ചായക്കോപ്പകൾ നിരന്നു. ഞാൻ പത്തിക്കിത്താബ് ഇറുകെപ്പിടിച്ച് മടിയിൽ വച്ചു. കുട്ടിയപ്പ ആവി പറക്കുന്ന ചായ കോപ്പകളിലേയ്ക്ക് ഒഴിച്ചു. കോപ്പയെടുത്തപ്പോൾ എന്റെ കൈ വഴുതി ചായ എന്റെ മടിയിലേയ്ക്കും പത്തിക്കിത്താബിലേയ്ക്കും തൂവി. എന്റെ ഉള്ള് കാളി. ഇത്രയും കാലം ഒരു ഉടവും തട്ടാതെ കൊണ്ടുനടന്ന പത്തിക്കിത്താബിന് കേടുപറ്റിയത് ഉസ്താദ് അറിയുമ്പോൾ എന്ത് ശിക്ഷയായിരിക്കും എനിക്ക് തരിക; കുട്ടിയപ്പ ഓടിവന്ന് പത്തിക്കിത്താബിന്റെ നനഞ്ഞ തുണിയുറ ഊരിയെടുത്തു. കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കേണ്ട കിത്താബാണ് കുട്ടിയപ്പയുടെ ചൂടുചായ കുടിച്ചു കൊണ്ടിരിക്കുന്നത്. ഞാൻ പതുക്കെ പത്തിക്കിത്താബിന്റെ പുറങ്ങൾ വിടർത്താൻ തുടങ്ങി; പന്ത്രണ്ടാം പുറത്തിൽ നീട്ടിക്കിടത്തിയ ഒരു മയിൽപ്പീലിയും പതിനെട്ടാം പുറത്തിൽ പറ്റിപ്പിടിച്ചുനിൽക്കുന്ന ഉണങ്ങിയ വേപ്പിലയും ഇരുപതാം പുറത്തിൽ രാവുണ്ണി പൂമാർക്ക് ചുരുട്ടിന്റെ കീറിയെടുത്ത കൂടും നാൽപ്പത്തിയാറാം പുറമാകെ നിറഞ്ഞുകിടക്കുന്ന തങ്ങൾ ഉപ്പാപ്പ ഉറൂസിന്റെ മടക്കിവച്ച പച്ച നിറമുള്ള നോട്ടീസും ചായയിൽ കുതിർന്ന വേവാത്ത ദോശപോലെ കുട്ടിയപ്പയുടെ പുരാതന ബഞ്ചിൽ കമിഴ്ന്നുകിടന്നു. അവസാനത്തെ പേജിൽ ഒട്ടും നനയാത്ത ഹമാം സോപ്പിന്റെ തൂവെള്ളപ്പൊതിയുടെ കട്ടിയുള്ള കടലാസ് വിശ്രമിക്കുന്നുണ്ടായിരുന്നു. അതിന്റെ മറുപുറത്ത് ചിതറിക്കിടക്കുന്ന കൈപ്പടയിലുള്ള അക്കങ്ങളും അക്ഷരങ്ങളും കണ്ടപ്പോൾ എന്റെ കൈ അതിലേയ്ക്ക് നീണ്ടു. ഒരു അയിഷാബിയുടെ കത്തായിരുന്നു അത്; പടച്ചതമ്പുരാന്റെ ദയാകൃപയാൽ എന്ന സംബോധനയോടെ തുടങ്ങുന്ന കത്തിൽ ബാങ്കിൽ അടയ്ക്കാനുള്ള ഒരു വലിയ തുകയുടെ കണക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള വാചകങ്ങൾ ഇങ്ങനെയായിരുന്നു. ജപ്തി നോട്ടീസ് വരാൻ ഇനി അധികം സമയമുണ്ടാകില്ല. അത് വന്നാൽ വീട് ഒഴിഞ്ഞുകൊടുത്ത് മക്കളെയുംകൊണ്ട് നമ്മൾ എങ്ങോട്ടാണ് പോകുക. റബ്ബേ, അത് ഓർക്കുമ്പോൾ ഖൽബ് പിടയ്ക്കുകയാണ്. കണ്ണീരുകൊണ്ട് കണ്ണാകെ മൂടിയപോലെ തോന്നുന്നു, തല മിന്നുന്നുമുണ്ട്. ഞാൻ നിർത്തുകയാണ്. എന്ന്, തിരിശത്തിൽ സ്വന്തം വീടർ, ആയിഷാബി. ഏറ്റവും മുകളിൽ 786 എന്നും എഴുതിയിട്ടുണ്ട് ആ വരികളിലൂടെ ഞാൻ ആദ്യമായി പത്തിക്കിത്താബിന്റെ അകം കാണുകയായിരുന്നു. രാവുണ്ണി പൂമാർക്ക് ചുരുട്ടിന്റെ കീറിയെടുത്ത കൂടിന്റെ വിടർത്തിയ പുറത്ത് മോശമല്ലാത്ത കൈപ്പടയിൽ കട്ടിപ്പേനകൊണ്ട് എഴുതിയ വാചകങ്ങൾ അപ്പോഴാണ് എന്റെ കണ്ണിൽപ്പെട്ടത്. ഉപ്പാ, ഇനി വരുമ്പോൾ കിത്താബ് കൊണ്ടുവരണ്ട. സുൽഫത്തിനും എനിക്കും സ്കൂളിൽ കൊടുക്കാനുള്ള ഫീസ് കൊണ്ടുവന്നാൽ മതി. തങ്ങൾ ഉപ്പാപ്പാന്റെ ഉറൂസിന് എന്തായാലും ഇക്കുറി ഉപ്പ വരണം. കഴിഞ്ഞ കൊല്ലത്തെപ്പോലെ ആകരുത്. ഇക്കുറി ഞമ്മക്ക്

ഹൽവയും ജിലേബിയുമൊക്കെ വാങ്ങണം. പൂതി തീരുവോളം തിന്നണം. എന്നും ഇങ്ങള് കൊണ്ടുവരാന്ന് പറയാറുള്ള വാച്ച് വാങ്ങാൻ മറക്കരുത്. എന്റെ ക്ലാസ്സിലെ എല്ലാരുടെ അടുത്തും വാച്ചുണ്ട്. എനിക്ക് മാത്രമാണ് ഇല്ലാത്തത്. ഇങ്ങളെ ദേഹം മുത്തിമണത്ത് മെഹ്റൂഫ്. അതുംകൂടി വായിച്ചപ്പോൾ ഞാൻ അറിയാതെ വിങ്ങിപ്പോയി. പത്തിക്കിത്താബിന്റെ എല്ലാ രഹസ്യങ്ങളും ഒറ്റയടിക്ക് ചോർന്നപോലെ. അതിനകത്തെ പുരാതന അക്ഷരങ്ങളിലെ അറിവിനേക്കാൾ വലിയ അറിവാണ് ഞാൻ നേടിയിരിക്കുന്നത്. അത് എനിക്ക് കിട്ടിയ ഏറ്റവും വലിയ ബിരുദമായി തോന്നി. പ്രകൃതിയുടെ വിചിത്ര പ്രതിഭാസംപോലെ അന്ന് രാത്രി കുന്നിനു മുകളിൽ കനത്ത മഴ പെയ്തു. കുന്നിന്റെ നെറുകയിൽനിന്നും കണ്ണുനീർ ചാലുപോലെ ഒലിച്ചിറങ്ങിയ പുതുമഴത്തുള്ളികൾ ഇരുണ്ട തിരകളായി പൊട്ടിയൊലിച്ച് താഴ്‌വാരത്തെ തോട്ടിലേയ്ക്ക് തള്ളിത്തള്ളിവരുന്നതും ഉസ്താദ് മദ്രസ്സയിലേയ്ക്ക് വരുന്ന കുട്ടികളെ ഒഴുക്കിൽപ്പെടാതെ തോടുകടത്താൻ ഒച്ചവച്ച് ബേജാറായി പാഞ്ഞുപോകുന്നതും മദ്രസ്സയുടെ ജാലകത്തിലൂടെ ഞാൻ കണ്ടു'.

ഒരു മദ്രസ്സാദ്ധ്യാപകന്റെ ജീവിതത്തിന്റെ ദൈന്യമാർന്ന മുഖമാണ് ഇവിടെ ആവരണം ചെയ്യപ്പെടുന്നത്. അങ്ങനെയുള്ള ഒരു ജനവിഭാഗത്തിനുവേണ്ടിയാണ് ഈ ബിൽ എന്നുള്ളത് ഈ സഭയിലെ ഓരോ അംഗത്തെയും വല്ലാതെ സന്തോഷിപ്പിക്കുന്നുണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേയ്ക്ക് എൽ.ഡി.എഫ്. ഗവൺമെന്റ് 21-06-2019-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

പെൻഷൻ പ്രായം 65-ൽനിന്നും 60 വയസ്സായി കുറച്ചു. 5 വർഷം വരെയുള്ള അംഗത്വ കാലയളവിന് 500 രൂപയിൽനിന്ന് 1,500 രൂപയാക്കി പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തു. അധികം വരുന്ന ഓരോ വർഷത്തിനും 10 ശതമാനം മുതൽ 15 ശതമാനം വരെ വർദ്ധനവും വരുത്തി. കൂടിയ പെൻഷൻ 7,500 രൂപയാക്കി നിജപ്പെടുത്തി.

<u>വിദ്യാഭ്യാസ ധനസഹായം</u> - എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.ടെക്., എൽ.എൽ.ബി., ബി.എഡ്. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഗവൺമെന്റ് കോളേജുകളിലോ ഗവൺമെന്റ് അംഗീകൃത കോളേജുകളിലോ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സിനുള്ള സർക്കാർ സ്ഥാപനങ്ങളിലെ ഫീസിന് തുല്യമായ തുക ക്ഷേമനിധിയിൽ നിന്ന് നൽകാൻ തീരുമാനിച്ചു.

<u>വിവാഹ ധനസഹായം</u> - അംഗങ്ങളുടെ സ്വന്തം വിവാഹത്തിനും രണ്ട് പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപ സഹായമാണ് ഇതുവരെയും

നൽകിയിരുന്നത്. ഈ സംഖ്യ 25,000 രൂപയാക്കി ഈ സർക്കാർ വർദ്ധിപ്പിച്ചു. കൂടാതെ, കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന 2,00,000 രൂപ പലിശരഹിത വിവാഹാവശ്യ വായ്പയും ലഭിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. 50 മാസം തുല്യതവണകളായി തിരിച്ചടയ്ക്കുന്ന രീതിയിലാണ് വായ്പ വിഭാവനം ചെയ്തിരിക്കുന്നത്.

<u>അവശതാ പെൻഷൻ</u> - മൂന്ന് വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ചുവരുന്ന ഒരംഗത്തിന് അപകടംമൂലമോ രോഗംമൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ചാൽ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 1,000 രൂപ അവശതാ പെൻഷൻ പുതുതായി നൽകുന്നതിന് തീരുമാനിച്ചു.

<u>കുടുംബ പെൻഷൻ</u> - പെൻഷൻ ലഭിക്കാൻ അർഹതയുള്ള ഒരംഗം മരണമടഞ്ഞാൽ ആശ്രിതന് കുറഞ്ഞത് 1,000 രൂപയോ അംഗത്തിന് ലഭിക്കാൻ അർഹതയുള്ള പെൻഷന്റെ പകുതിയോ ഏതാണ് കൂടുതൽ ആ തുക കുടുംബ പെൻഷനായി ലഭിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>മരണാനന്തര ധനസഹായം</u> - ഒരംഗം മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ ആശ്രിതർക്ക് അംഗത്വ കാലയളവനുസരിച്ച് 10,000 രൂപ മുതൽ 50,000 രൂപ വരെ മരണാനന്തര സഹായം എൽ.ഡി.എഫ്. സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്.

<u>സംസ്കാര ചടങ്ങുകൾക്കുള്ള സഹായം</u> - ഒരംഗം മരണപ്പെട്ടാൽ 5,000 രൂപയും ക്ഷേമനിധിയിൽനിന്നും പെൻഷൻ വാങ്ങുന്ന ഒരംഗം മരിച്ചാൽ 3,000 രൂപയും സഹായമായി ലഭ്യമാക്കാനാണ് ഉത്തരവിൽ പറയുന്നത്.

മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ ഓഫീസ്, പുതിയ കെട്ടിടത്തിലേയ്ക്ക് എല്ലാ സൗകര്യങ്ങളോടുംകൂടി മാറുകയാണ്. ഓഫീസ് ഫർണിഷിംഗിനായി 32,00,000 രൂപയാണ് സർക്കാർ അനുവദിച്ചിരിക്കുന്നത്. പല ബഹുമാനപ്പെട്ട അംഗങ്ങളും നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അവ പരമാവധി നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുകതന്നെ ചെയ്യും. ബുദ്ധിമുട്ടുകളുടെയും ദുരിതങ്ങളുടെയും മാറാപ്പു പേറി ജീവിക്കുന്ന ഒരുപാട് മനുഷ്യർക്ക് ദാഹജലം പകർന്നുനൽകാൻ ഈ നിയമനിർമ്മാണം നിമിത്തമാകുമെന്ന വിശ്വാസത്തോടെയാണ് ഞാൻ ഇതിവിടെ അവതരിപ്പിക്കുന്നത്. ഇത്തരുണത്തിൽ എന്റെ സ്മൃതിപഥങ്ങളിൽ തെളിയുന്ന ഒരുപാട് മുഖങ്ങളുണ്ട്. ജീവിത പ്രാരാബ്ധങ്ങളിൽ വീർപ്പുമുട്ടി അതൊന്നും മുഖത്ത് പ്രകടിപ്പിക്കാതെ തന്റെ മുന്നിലിരിക്കുന്ന വിദ്യാർത്ഥികളെ പഠിപ്പിച്ച ഉസ്താദുമാരെ

ഓർക്കാതെ ഈ ചർച്ച അവസാനിപ്പിച്ചാൽ അതൊരു നന്ദികേടാകും. വിശുദ്ധ ഖുറാൻ തെറ്റാതെ ഓതാൻ എന്നെ പഠിപ്പിച്ച കാട്ടിപ്പെരുത്തിക്കാരൻ സെയ്ദലവി മുസല്യാരും സ്നേഹവും സൗമ്യതയും കൈമുതലാക്കി ആത്മീയ പാഠങ്ങൾ പകർന്നു നൽകിയ കൊട്ടുമുടി സ്വദേശി സെയ്തുദ്ദീൻ മുസല്യാരും പുഞ്ചിരിക്കുന്ന മുഖത്തോടെ ഞങ്ങൾക്ക് പ്രവാചക കഥകൾ പറഞ്ഞുതന്ന, പിന്നീടൊരിക്കലും ഞാൻ കണ്ടിട്ടില്ലാത്ത ഹുസൈൻ മുസല്യാരും ഉൾപ്പെടെ, 'അലിഫും ബായും തായും സായും ഹായും അയ്നും ക്വയ്നും സ്വാദും ള്വാദും' ലക്ഷോപലക്ഷം വിദ്യാർത്ഥികളെ ഉച്ചരിക്കാൻ പ്രാപ്തരാക്കിയ ആയിരക്കണക്കിന് മദ്രസ്സാദ്ധ്യാപകരെ നന്ദിപൂർവ്വം മനസ്സിൽ ഓർമ്മിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2.00.P.M.]

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. അൻവർ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. വി. അൻവർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ശ്രീ. പി. വി. അൻവർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

257. ഖണ്ഡം 2(എ)-ൽ "എന്നാൽ" എന്ന വാക്കിനു പകരം "എന്നത് " എന്ന വാക്ക് ചേർക്കുക.

274. ഖണ്ഡം 2(ബി)-ൽ, "നിയമിതനാകുന്ന" എന്ന വാക്കിന് പകരം "നിയമിക്കപ്പെടുന്ന" എന്നാക്കുക.

297. ഖണ്ഡം 2(സി)-ൽ "രൂപീകൃതമായ കമ്മിറ്റിയോ" എന്ന വാക്കുകൾക്ക് പകരം "രൂപീകരിച്ചതോ " എന്ന വാക്ക് ചേർക്കുക.

310. ഖണ്ഡം 2(സി)-യിൽ "വേതനം നൽകുന്നതിന് ഉത്തരവാദപ്പെട്ട ആൾ ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾക്ക് പകരം " ശമ്പളം നൽകുന്ന ആളും ഉൾപ്പെടുന്നു" എന്നീ വാക്കുകൾ ചേർക്കുക.

314. ഖണ്ഡം 2(സി)-യിൽ, " ഉത്തരവാദപ്പെട്ട ആൾ " എന്നതിനു പകരം "ഉത്തരവാദിത്വമുള്ള വ്യക്തികൾ" എന്നത് ചേർക്കുക.

347. ഖണ്ഡം 2(ഐ)-ൽ, " അനുഷ്ഠാനങ്ങളും" എന്നതിന് ശേഷം "മതത്തിന്റെ ആശയങ്ങളും" എന്ന് ചേർക്കുക.

397. ഖണ്ഡം 2(എൻ)-ൽ "ആവിഷ്കരിക്കുന്ന" എന്ന വാക്കിനു പകരം "നിലവിൽ വരുന്ന" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

261. ഖണ്ഡം 2(എ)-ൽ "എന്നാൽ" എന്ന വാക്കിനു ശേഷം "ആക്റ്റിലെ" എന്ന് ചേർക്കുക.

282. ഖണ്ഡം 2(സി)-ൽ, "മദ്രസ്സയുടെ" എന്നതിനു പകരം "മദ്രസ്സകളുടെയോ" എന്ന് ചേർക്കുക.

300. ഖണ്ഡം 2(സി)-ൽ "കമ്മിറ്റിയോ" എന്നതിനു പകരം "കമ്മിറ്റികളോ " എന്ന് ചേർക്കുക.

319. ഖണ്ഡം 2(ഡി)-യിൽ, "കമ്മിറ്റിയും" എന്നതിനു പകരം "കമ്മിറ്റികളും" എന്ന് ചേർക്കുക.

321. ഖണ്ഡം 2(ഇ)-യിൽ, "കോർപ്പസ് ഫണ്ട്" എന്നതിനു പകരം "മൂലധനം " എന്ന് ചേർക്കുക.

328. ഖണ്ഡം 2(എഫ്)-ൽ, "ഭർത്താവ്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ദത്തെടുത്ത കുട്ടികൾ ഉൾപ്പെടെ" എന്ന വാക്കുകൾ ചേർക്കുക.

330. ഖണ്ഡം 2(എഫ്)-ൽ, "അവിവാഹിതരോ" എന്നതിനു പകരം "അവിവാഹിതകളോ" എന്ന് ചേർക്കുക.

336. ഖണ്ഡം 2 (എഫ്)-ൽ, "അച്ഛൻ/അമ്മ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "മാതാപിതാക്കൾ" എന്ന വാക്ക് ചേർക്കുക.

353. ഖണ്ഡം 2(ഐ)-യിൽ, " മതതത്വമോ, അനുഷ്ഠാനമോ" എന്നതിനു പകരം "മതതത്വങ്ങളോ, അനുഷ്ഠാനങ്ങളോ" എന്ന് ചേർക്കുക.

366. ഖണ്ഡം 2 (ജെ)-ൽ "സർക്കാരിൽ" എന്ന വാക്കിനു പകരം "സർക്കാരുകളിൽ" എന്ന വാക്ക് ചേർക്കുക.

369. ഖണ്ഡം 2 (ജെ)-ൽ "കേരള എഡ്യൂക്കേഷൻ റൂളിന്റെ" എന്നീ വാക്കുകൾക്ക് പകരം "1959-ലെ കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

385. ഖണ്ഡം 2(എൽ)-ൽ " കേരള ഗസറ്റിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

392. ഖണ്ഡം 2(എം)-ൽ "ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ" എന്നതിനു പകരം "ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പദ്ധതികളോ" എന്ന് ചേർക്കുക.

400. ഖണ്ഡം 2(എൻ)-ൽ "ആവിഷ്കരിക്കുന്ന" എന്നതിനു പകരം "ആവിഷ്കരിച്ചിട്ടുള്ള" എന്ന് ചേർക്കുക.

408. ഖണ്ഡം 2(ക്യൂ)-ൽ "മുതൽ ആരംഭിക്കുന്ന" എന്നീ വാക്കുകൾക്ക് പകരം ഇനി പറയുന്ന വാക്കുകൾ ചേർക്കുക:

"ഒന്നു മുതൽ അടുത്ത വർഷം മാർച്ച് 31 വരെയുള്ള".

411. ഖണ്ഡം 2(ക്യൂ) -നു ശേഷം (ആർ) ആയി താഴെപറയുന്ന ഉപവകുപ്പ് ചേർക്കുക.

"(ആർ) "തിരിച്ചറിയൽ കാർഡ് " എന്നാൽ ബോർഡിൽ നിന്നും മദ്രസ്സാ അദ്ധ്യാപകർക്ക് നൽകിയ തിരിച്ചറിയൽ കാർഡ് എന്ന് അർത്ഥമാകുന്നു;"

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

262. ഖണ്ഡം 2(എ)-ൽ "10-ാം" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "10(1)-ാം" എന്ന അക്കവും ചിഹ്നവും ചേർക്കുക.

269. ഖണ്ഡം 2(ബി)-ൽ, "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്ന വാക്ക് വരുന്നിടത്തെല്ലാം "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്ന വാക്ക് ചേർക്കുക.

281. ഖണ്ഡം 2(സി)-ൽ, "മദ്രസ്സയുടെ" എന്ന വാക്കിനു മുൻപിലായി "ഏതെങ്കിലും ഒരു" എന്നീ വാക്കുകൾ ചേർക്കുക.

304. ഖണ്ഡം 2(സി)-ൽ "കമ്മിറ്റിയോ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "മദ്രസ്സയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

322. ഖണ്ഡം 2(ഇ)-ൽ, "പരാമർശിച്ചിട്ടുള്ള" എന്ന വാക്കിനു ശേഷം "കോർപ്പസ്" എന്ന വാക്ക് ചേർക്കുക.

346. ഖണ്ഡം 2(ജി)-ൽ "3-ാം" എന്ന അക്കത്തിനും ചിഹ്നത്തിനും പകരം "3(1)-ാം" എന്നീ അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

365. ഖണ്ഡം 2 (ജെ)-ൽ "മതപഠനാവശ്യാർത്ഥം" എന്ന വാക്കിനു പകരം "മതതത്വങ്ങളും അനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതിനുവേണ്ടി" എന്നീ വാക്കുകൾ ചേർക്കുക.

405. ഖണ്ഡം 2(ക്യൂ)-ൽ "ഏപ്രിൽ" എന്ന വാക്കിനു ശേഷം "1" എന്ന അക്കം ചേർക്കുക.

മി. സ്പീക്കർ: 322 മൂവ് ചെയ്യുന്നില്ലേ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മൂവ് ചെയ്യുന്നുണ്ട്. 365-ാം നമ്പർ ഭേദഗതിയിൽ ഒരു കാര്യം പറയാനുള്ളത്, മദ്രസ അദ്ധ്യാപകൻ എന്ന നിർവ്വചനത്തിൽ 2(ജെ) വകുപ്പിൽ നൽകിയിരിക്കുന്ന നിർവ്വചനത്തിൽ 'മതപഠനാവശ്യാർത്ഥം' നിയമിക്കപ്പെടുന്ന അദ്ധ്യാപകനെന്നാണ്. പഠനാവശ്യം എന്നാൽ പഠിക്കാൻ വേണ്ടിയാണ്. ഇവിടെ പഠിപ്പിക്കാൻ വേണ്ടി നിയമിക്കപ്പെടുന്ന അദ്ധ്യാപകൻ എന്ന അർത്ഥത്തിലുള്ള നിർവ്വചനമാണ് വേണ്ടത്. അതുകൊണ്ട് 'മത തത്വങ്ങളും അനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതിനുവേണ്ടി' എന്ന വാക്കുകൾകൂടി ചേർത്താലേ ഉദ്ദേശിച്ച നിർവ്വചനം ലഭിക്കുകയുള്ളൂ. അതിലാണ് എന്റെ ഭേദഗതി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

263. ഖണ്ഡം 2(എ)-ൽ "കേരള" എന്ന വാക്കിന് ശേഷം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

265. ഖണ്ഡം 2(എ)-ൽ "എന്നർത്ഥമാകുന്നു" എന്ന വാക്ക് "എന്ന് നിർവ്വചിക്കുന്നു" എന്നാക്കി മാറ്റുക.

272. ഖണ്ഡം 2(ബി)-ൽ, "നിയമിതനാകുന്ന" എന്ന വാക്കിന് പകരം "നിയമിച്ച" എന്ന വാക്ക് ചേർക്കുക.

287. ഖണ്ഡം 2(സി)-ൽ "ഭരണ നിർവ്വഹണത്തിനുവേണ്ടി" എന്ന വാക്കിന് പകരം "ഭരണ നിർവ്വഹണത്തിനോ" എന്ന വാക്ക് ചേർക്കുക.

293. ഖണ്ഡം 2(സി)-ൽ "ഭരണ നിർവ്വഹണത്തിനുവേണ്ടി രൂപീകൃതമായ കമ്മിറ്റിയോ, മറ്റ് ഭരണസമിതിയോ" എന്നതിനുപകരം "ഭരണ നിർവ്വഹണത്തിനോ മറ്റ് ഭരണസമിതിയോ," എന്ന് ചേർക്കുക.

326. ഖണ്ഡം 2(എഫ്)-ൽ, "ഭാര്യ അല്ലെങ്കിൽ ഭർത്താവ്" എന്നതിനു പകരം"ഭാര്യ/ഭർത്താവ്" എന്ന് ചേർക്കുക.

359. ഖണ്ഡം 2(ഐ) താഴെ പറയും പ്രകാരം മാറ്റുക:

"(ഐ)"മദ്രസ്സ" എന്നാൽ മുസ്ലീം മതതത്വങ്ങളും അനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള സ്ഥാപനം എന്നർത്ഥമാക്കുന്നതും അതിൽ മുസ്ലീം മതതത്വമോ അനുഷ്ഠാനങ്ങളോ ആചാരങ്ങളോ ആശയങ്ങളോ പഠിപ്പിക്കുന്ന പള്ളിദർസുകൾ അറബി കോളേജുകൾ, എന്നീ മറ്റു പേരിലറിയപ്പെടുന്ന സ്ഥാപനവും ഉൾപ്പെടുന്നതുമാകുന്നു; "

364. ഖണ്ഡം 2 (ജെ)-ൽ "മുസ്ലീം മതപഠനാവശ്യാർത്ഥം സംസ്ഥാനത്തെ മദ്രസ്സകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർ എന്നർത്ഥമാകുന്നതും" എന്നീ വാക്കുകൾക്ക് പകരം "2 (ഐ) വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങളിൽ അദ്ധ്യാപനം നടത്തുന്ന" എന്നീ വാക്കുകൾ ചേർക്കുക.

373. ഖണ്ഡം 2 (ജെ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ജെ) "മദ്രസാദ്ധ്യാപകൻ" എന്നാൽ സംസ്ഥാനത്തെ എല്ലാ മുസ്ലീം മതപഠനസ്ഥാപനങ്ങളിലെയും മതപഠനാവശ്യാർത്ഥം നിയമിക്കപ്പെടുന്ന അദ്ധ്യാപകൻ എന്നർത്ഥമാകുന്നതും":

382. ഖണ്ഡം 2(കെ)-ൽ “ ഒരു മദ്രസ്സാദ്ധ്യാപകൻ" എന്നീ വാക്കുകൾക്ക് പകരം "മദ്രസാധ്യാപകൻ"എന്ന വാക്ക് ചേർക്കുക.

386. ഖണ്ഡം 2(എൽ)-ൽ “ കേരള" എന്ന വാക്കിനു ശേഷം "സർക്കാർ"എന്ന് ചേർക്കുക.

359, 364 എന്നീ നമ്പർ ഭേദഗതികളിൽ ചില കാര്യങ്ങൾ പറയാനുണ്ട്. ഇവിടെ മദ്രസയുടെ നിർവ്വചനം ambiguity ഉണ്ടാക്കുന്നതാണ്. കുറെക്കൂടി വ്യക്തത വരുത്തുന്നതിനാണ് ഭേദഗതി കൊണ്ടുവന്നത്. "മദ്രസ്സ" എന്നാൽ മുസ്ലീം മതതത്വങ്ങളും അനുഷ്ഠാനങ്ങളും പഠിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പഠന സ്ഥാപനം എന്നർത്ഥമാക്കുന്നതും അതിൽ മുസ്ലീം മതതത്വമോ അനുഷ്ഠാനമോ ആശയമോ പഠിപ്പിക്കുന്ന ഏത് പേരിൽ അറിയപ്പെടുന്ന സ്ഥാപനവും ഉൾപ്പെടുന്നുണ്ടാകും. അതിൽ ഒരു അവ്യക്തതയുണ്ട്. പള്ളിദർസുകൾ, അറബി കോളേജുകൾ എന്നീ മറ്റു പേരിലറിയപ്പെടുന്ന സ്ഥാപനങ്ങളും ഉൾപ്പെടുന്നതാകും. അത് താഴെപ്പറയും പ്രകാരം ക്രമീകരിച്ചാൽ നന്നായിരിക്കും. മദ്രസയെന്നാൽ മുസ്ലീം മത തത്വങ്ങളും...

മി. സ്പീക്കർ: അത് വായിക്കണമെന്നില്ല, അങ്ങയുടെ ഭേദഗതി സർക്കുലേറ്റ് ചെയ്താൽ മതി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പഠിപ്പിക്കുന്നതിന് രൂപീകൃതമാകുന്ന സ്ഥാപനമെന്ന അർത്ഥമാകുന്നു. അതിൽ മുസ്ലീം മതതത്വങ്ങളോ അനുഷ്ഠാനങ്ങളോ ആചാരങ്ങളോ ആശയങ്ങളോ പഠിപ്പിക്കുന്ന പള്ളി ദർസുകൾ അറബി കോളേജുകൾ എന്നീ മറ്റ് പേരിലറിയപ്പെടുന്ന സ്ഥാപനങ്ങളും ഉൾപ്പെടുന്നതാകുന്നു. അതുപോലെ 364 (ജെ)യിൽ മദ്രസ്സ അദ്ധ്യാപകൻ എന്നതിന്റെ നിർവ്വചനമാണ്. ആക്ടിലുള്ളത് ഞാൻ വായിക്കുന്നില്ല. അതിനേക്കാൾ ക്ലാരിറ്റിയായി എനിക്ക് സൂചിപ്പിക്കാനുള്ളത് (ജെ) പ്രകാരം മുസ്ലീം മത പഠനാവശ്യാർത്ഥം സംസ്ഥാനത്ത് മദ്രസകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർ എന്നർത്ഥമാകുന്നതും എന്നതിനു പകരം 2(i) പ്രകാരമുള്ള സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്ന് പറഞ്ഞാൽ മതി. വീണ്ടും നിർവ്വചനം റിപ്പീറ്റ് ചെയ്ത് പറയേണ്ട കാര്യമില്ല. 2(i) മദ്രസ്സ എന്താണെന്ന് നിർവ്വചിച്ചിട്ടുണ്ട്. അപ്പോൾ 2(ജെ) യിൽ മദ്രസ്സ അദ്ധ്യാപകൻ എന്താണ് 2(i) പ്രകാരമുള്ള സ്ഥാപനത്തിൽ പഠിപ്പിക്കുന്നയാൾ. ആ രീതിയിൽ ചെയ്താൽ കൊള്ളാമെന്ന അഭിപ്രായമുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

271. ഖണ്ഡം 2(ബി)-ൽ, "(3)-ാം ഉപവകുപ്പ് (vi)-ാം ഖണ്ഡം

" എന്നതിന് പകരം "ഉപവകുപ്പ് 3(vi)" എന്ന് ചേർക്കുക.

305. ഖണ്ഡം 2(സി)-ൽ "മറ്റ് ഭരണസമിതിയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

320. ഖണ്ഡം 2(ഡി)-യിൽ, "നൽകേണ്ടതായ" എന്ന വാക്കിനു പകരം "നൽകേണ്ട" എന്ന വാക്ക് ചേർക്കുക.

334. ഖണ്ഡം 2(എഫ്)-ൽ, "അംഗത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛൻ/അമ്മ" എന്നതിനു പകരം "അച്ഛൻ, അമ്മ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

350. ഖണ്ഡം 2(ഐ)-ൽ, " അനുഷ്ഠാനങ്ങളും" എന്ന വാക്കിന് ശേഷം "അനുബന്ധ വിഷയങ്ങളും അറബിഭാഷാ പഠനവും അനുബന്ധ വിഷയങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

395. ഖണ്ഡം 2(എം)-ൽ "ഉണ്ടാക്കിയിട്ടുള്ള" എന്ന വാക്കിനു പകരം "ഉണ്ടാക്കിയ" എന്ന വാക്ക് ചേർക്കുക.

402. ഖണ്ഡം 2(ഒ)-ൽ "പ്രവർത്തക" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

294. ഖണ്ഡം 2(സി)-ൽ "രൂപീകൃതമായ" എന്ന വാക്കിന് ശേഷം "മാനേജ്മെന്റ് " എന്ന വാക്ക് ചേർക്കുക.

363. ഖണ്ഡം 2 (ജെ)-ൽ, "മുസ്ലീം " എന്നതിനു പകരം "ഇസ്‌ലാം" എന്ന് ചേർക്കുക.

406. ഖണ്ഡം 2(ക്യൂ)-ൽ "ഏപ്രിൽ" എന്നതിനു ശേഷം "ഒന്നാം

തീയതി" എന്ന് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

295. ഖണ്ഡം 2(സി)-ൽ ,

(i) "രൂപീകൃതമായ" എന്ന വാക്കിന് ശേഷം "ഒരു " എന്ന വാക്ക് ചേർക്കുക.

(ii)"മറ്റ് ഭരണസമിതിയോ" എന്നത് "മറ്റ് ഏതെങ്കിലും ഭരണസമിതിയോ" എന്നാക്കുക.

(iii)"മദ്രസ്സാദ്ധ്യാപകന്" എന്നത് "മദ്രസ്സാദ്ധ്യാപകർക്ക്" എന്നാക്കുക.

323. ഖണ്ഡം 2(ഇ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഇ) കോർപ്പസ് ഫണ്ട് " എന്നാൽ 4-ാം വകുപ്പ് പ്രകാരം സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് എന്നർത്ഥമാകുന്നു;"

338. ഖണ്ഡം 2 (എഫ്)-ൽ, "അച്ഛൻ/അമ്മ" എന്നതിനു പകരം "പിതാവ്/മാതാവ്" എന്ന് ചേർക്കുക.

351.ഖണ്ഡം 2(ഐ)-ൽ,

(i) " അനുഷ്ഠാനങ്ങളും" എന്ന വാക്കിന് ശേഷം "ആശയങ്ങളും " എന്ന വാക്ക് ചേർക്കുക.

(ii) "രൂപീകരിച്ചിട്ടുള്ള" എന്ന വാക്കിന് ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

(iii) "പേരിലറിയപ്പെടുന്ന" എന്ന വാക്കിന് ശേഷം "ഏത്" എന്ന വാക്ക് ചേർക്കുക.

367. ഖണ്ഡം 2 (ജെ)-ൽ,

(i) "അർദ്ധസർക്കാർ" എന്ന വാക്കിന് മുൻപായി "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

(ii) " കേരള എഡ്യൂക്കേഷൻ റൂളിന്റെ" എന്നത് "കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെ" എന്ന് ചേർക്കുക.

396. ഖണ്ഡം 2(എം)-ൽ "ഉണ്ടാക്കിയിട്ടുള്ള" എന്ന വാക്കിനു പകരം "രൂപീകരിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

407. ഖണ്ഡം 2(ക്യൂ)-ൽ,

(i) "ഏപ്രിൽ" എന്നതിനു ശേഷം "മാസം" എന്ന് ചേർക്കുക.

(ii) "ആരംഭിക്കുന്ന" എന്ന വാക്കിനു ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

306. ഖണ്ഡം 2(സി)-ൽ "മദ്രസ്സാദ്ധ്യാപകന്" എന്ന വാക്കിനുപകരം "മദ്രസ്സാദ്ധ്യാപകർക്ക് " എന്ന വാക്ക് ചേർക്കുക.

370. ഖണ്ഡം 2 (ജെ)-ൽ, "കേരള എഡ്യൂക്കേഷൻ റൂളിന്റെ" എന്ന വാക്കുകൾ ഒഴിവാക്കി "കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

315. ഖണ്ഡം 2(സി)-യിൽ, " ഉൾപ്പെടുന്നതുമാകുന്ന " എന്ന വാക്കിനു പകരം "ഉൾപ്പെട്ടിട്ടുള്ളതുമാകുന്ന " എന്ന വാക്ക് ചേർക്കുക.

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

337. ഖണ്ഡം 2 (എഫ്)-ൽ, "അച്ഛൻ/അമ്മ" എന്നതിനു പകരം "മാതാവും പിതാവും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 2(ഐ)-യിൽ, " പേരിലറിയപ്പെടുന്ന" എന്നതിനു പകരം "പേരിലുമറിയപ്പെടുന്ന" എന്നത് ചേർക്കുക.

368. ഖണ്ഡം 2 (ജെ)-ൽ, "മറ്റു" എന്നതിനു പകരം "മറ്റ് " എന്നത് ചേർക്കുക.

380. ഖണ്ഡം 2(കെ)-ൽ " വരുകയോ" എന്നതിനു പകരം "വരികയോ"എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

360. ഖണ്ഡം 2 (ജെ)-ൽ "എന്നതിൽ" എന്നതിനു പകരം "എന്നാൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

375. ഖണ്ഡം 2 (കെ)-ൽ "ആക്റ്റിലെ" എന്നതിനു പകരം "നിയമത്തിലെ" എന്ന് ചേർക്കുക.

384. ഖണ്ഡം 2(കെ)-ൽ " മദ്രസ്സാദ്ധ്യാപകൻ" എന്നതിനു പകരം "മദ്രസ്സാധ്യാപകൻ/മദ്രസ്സാധ്യാപിക"എന്ന് ചേർക്കുക.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

394. ഖണ്ഡം 2(എം)-ൽ "പ്രകാരം ഉണ്ടാക്കിയിട്ടുള്ള" എന്നതിനു പകരം "പ്രകാരം ഉണ്ടാക്കിയിട്ടുള്ളതും ഉണ്ടാക്കുന്നതുമായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 369, 400 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 369, 400 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 257, 274, 297, 310, 314, 347, 397 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 261, 282, 300, 319, 321, 328, 330, 336, 353, 366, 385, 392, 408, 411 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 262, 269, 281, 304, 322, 346, 365, 405 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 263, 265, 272, 287, 293, 326, 359, 364, 373, 382, 386 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി.അവതരിപ്പിച്ച 271, 305, 320, 334, 350, 395, 402 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 294, 363, 406 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 295, 323, 338, 351, 367, 396, 407 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 306, 370 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 355, 368, 380 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 375, 384 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 530-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

530. 3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് എന്നത് നീക്കം ചെയ്യുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

414. ഖണ്ഡം 3(1)-ൽ, "കഴിയുന്നത്ര വേഗം" എന്നത് "മൂന്ന് മാസത്തിനുള്ളിൽ" എന്നാക്കുക.

419. ഖണ്ഡം 3(1)-ൽ, "വിജ്ഞാപനം" എന്നതിന് മുമ്പായി "ഗസറ്റ് " എന്ന് ചേർക്കുക.

440. ഖണ്ഡം 3(3)(ബി)-ൽ "നൽകിയേക്കാവുന്ന" എന്ന വാക്കിനു പകരം "ലഭിച്ചേക്കാവുന്ന" എന്ന വാക്ക് ചേർക്കുക.

462. ഖണ്ഡം 3(3)(എഫ്)-ൽ, " കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ" എന്നതിനു പകരം "കേന്ദ്ര-സംസ്ഥാന സർക്കാരോ" എന്ന് ചേർക്കുക.

478. ഖണ്ഡം 3(3)(ജി)-ൽ, "ചുമത്തിയ" എന്നതിന് പകരം "ചുമത്തുന്ന" എന്ന് ചേർക്കുക.

489. ഖണ്ഡം 3(3)(ഐ)-ൽ, "ശേഖരിച്ച" എന്നതിന് പകരം "ശേഖരിക്കുന്ന" എന്ന് ചേർക്കുക.

509. ഖണ്ഡം 3 (5) (എ)-ൽ, "നൽകിയതുമായ" എന്നതിനു പകരം "അടച്ചിട്ടുള്ളതുമായ" എന്ന് ചേർക്കുക.

526. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 2-ൽ,

(i) "നിധിയിൽ" എന്നതിനുപകരം "നിധിയിലേക്ക്" എന്ന് ചേർക്കുക.

(ii) "ആ അംഗം" എന്ന വാക്കുകൾക്ക് ശേഷം വരുന്ന "നിധിയിൽ" എന്ന വാക്ക് ഒഴിവാക്കുക.

532. ഖണ്ഡം 3(5)(ബി)-യിൽ

(i)"അർഹനായ" എന്ന വാക്കിനു ശേഷം " ഒരു" എന്ന വാക്ക് ചേർക്കുക.

(ii)"ആളിന്റെ" എന്നതിനു പകരം "അംഗത്തിന്റെ" എന്ന വാക്ക് ചേർക്കുക.

536. ഖണ്ഡം 3(5)(ഇ)-യിൽ,

(i)"മരിച്ചുപോയാൽ" എന്ന വാക്കിനു പകരം "മരണപ്പെട്ടാൽ" എന്ന് ചേർക്കുക.

(ii)"മരണപ്പെട്ട ആളിന്റെ" എന്നതിനു പകരം "ആ അംഗത്തിന്റെ" എന്ന വാക്കുകൾ ചേർക്കുക.

546. ഖണ്ഡം 3(5)(എഫ്)-ൽ,

(i)"നിധിയിൽ" എന്ന വാക്കിനു പകരം "നിധിയിലേക്ക്" എന്ന വാക്ക് ചേർക്കുക.

(ii)"നൽകുന്നതിന്" എന്ന വാക്കിനു പകരം "ലഭിക്കുന്നതിന്" എന്ന

വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

424. ഖണ്ഡം 3(1)-ൽ, "പദ്ധതി ആവിഷ്കരിച്ചതിനുശേഷം" എന്നീ വാക്കുകൾ ഒഴിവാക്കുക.

438. ഖണ്ഡം 3(3)(എ)-ൽ "കോർപ്പസ് ഫണ്ട്" എന്നതിനു പകരം "മൂലധനം" എന്ന് ചേർക്കുക.

463. ഖണ്ഡം 3(3) (എഫ്)-ൽ, " സംസ്ഥാന " എന്ന വാക്ക് ഒഴിവാക്കുക.

523. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 1 ന ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ അത്തരം തീരുമാനങ്ങൾ ബോർഡ് മൂന്ന് കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ് ."

529. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 2-ന് ശേഷം ചുവടെ ചേർക്കുന്ന വാക്കുകൾ ചേർക്കുക.

"പ്രസ്തുത തുക പരമാവധി ആറ് മാസത്തിനുള്ളിൽ ബന്ധപ്പെട്ട അംഗത്തിന് നൽകേണ്ടതാണ് ."

535. ഖണ്ഡം 3(5)(ഇ) ഒഴിവാക്കുക.

544. ഖണ്ഡം 3(5)(എഫ്)-ൽ, "അവസാനിച്ച്" എന്നതിനു പകരം "അവസാനിപ്പിച്ച്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

439. ഖണ്ഡം 3(3)(ബി)-ൽ "സ്ഥാപനങ്ങളിൽ" എന്ന വാക്കിനു പകരം "സംഘടനകളിൽ" എന്ന വാക്ക് ചേർക്കുക.

459. ഖണ്ഡം 3(3) (എഫ്) നീക്കം ചെയ്യുക.

525. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 2-ൽ, "അഞ്ചു" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

542. ഖണ്ഡം 3(5)(എഫ്)ൽ, " അഞ്ചു" എന്ന വാക്കിനു പകരം " അഞ്ച്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

441. ഖണ്ഡം 3(3)(ഡി)-ൽ " സംഘടനയോ സ്ഥാപനമോ വ്യക്തിയോ" എന്നീ വാക്കുകൾക്കു പകരം " വ്യക്തിയോ സ്ഥാപനമോ സംഘടനയോ" എന്നീ വാക്കുകൾ ചേർക്കുക.

457. ഖണ്ഡം 3(3) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ഡി)ഏതെങ്കിലും സംഘടന/സ്ഥാപനം/വ്യക്തി എന്നിവരാരിലെങ്കിലും നിന്ന് ലഭ്യമായ സംഭാവന; "

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

454. ഖണ്ഡം 3(3)(ഡി)-ൽ " സംഭാവന" എന്ന വാക്കിനു പകരം " സംഭാവനകൾ" എന്ന വാക്ക് ചേർക്കുക.

483. ഖണ്ഡം 3(3)(ഐ)-ൽ, "വർദ്ധിപ്പിക്കുന്നതിനായി" എന്ന വാക്കിന് ശേഷം "നിയമാനുസൃതം" എന്ന വാക്ക് ചേർക്കുക.

528. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 2-ൽ, "അടച്ച തുകയ്ക്ക്" എന്നതിനു ശേഷം "ആനുപാതികമായി" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

484. ഖണ്ഡം 3(3)(ഐ)-ൽ, "മറ്റ് സ്രോതസ്സുകളിൽ നിന്നും" എന്നീ വാക്കുകൾക്ക് ശേഷം "10-ാം വകുപ്പ് പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

505. ഖണ്ഡം 3 (5) (എ)-ൽ, "അഞ്ച്" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

517. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം -1 ഒഴിവാക്കുക.

524. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 2-ൽ, "അഞ്ചു" എന്ന വാക്കിനു പകരം "മൂന്നു" എന്ന വാക്ക് ചേർക്കുക.

540. ഖണ്ഡം 3(5)(എഫ്)-ൽ, " അഞ്ചു" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

551. ഖണ്ഡം 3(5)(എഫ്)-ന് ശേഷം താഴെ പറയുന്നവ ചേർക്കുകയും തുടർന്നുള്ളവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

" (ജി) അംഗത്തിന്റെ ഭവനനിർമ്മാണത്തിന് സഹായം നൽകുന്നതിന്;

(എച്ച്) അംഗത്തിന്റെ മക്കളുടെ വിവാഹ ധനസഹായത്തിന്;"

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

496. ഖണ്ഡം 3(3)(ഐ)-യ്ക്കു ശേഷം താഴെപറയുന്ന ഇനം (ജെ) ചേർക്കുക:

"(ജെ) നിധിയുടെ ആവശ്യങ്ങൾക്കു വേണ്ടി 17-ാം വകുപ്പ് പ്രകാരം വാങ്ങിയ കടം. "

502. ഖണ്ഡം 3(5)(എ)-ൽ, "അറുപത്" എന്നതിനു പകരം "അൻപത്തിയഞ്ച്" എന്ന് ചേർക്കുക.

510. ഖണ്ഡം 3 (5) (എ)-ൽ, "ഏതൊരംഗത്തിനും" എന്ന വാക്കിനു പകരം "അംഗത്വമവസാനിച്ച ഏതൊരാൾക്കും" എന്ന വാക്കുകൾ ചേർക്കുക.

518. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 1-ൽ, "ജോലിയിൽ" എന്ന വാക്കിനു മുൻപിലായി "അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിലേയ്ക്ക് അംശദായം അടച്ച, " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

533. ഖണ്ഡം 3(5)(ബി)-യിൽ, "മരിച്ചുപോയാൽ" എന്ന വാക്കിനു പകരം "മരണപ്പെട്ടുപോയാൽ" എന്ന വാക്ക് ചേർക്കുക.

552. ഖണ്ഡം 3(5)(എച്ച്)-ൽ, "ചെലവുകൾക്ക്" എന്നതിനുശേഷം "എന്നാൽ, ഈ തുക അംശദായത്തിന്റെ ഇരുപത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

504. ഖണ്ഡം 3(5)(എ)-ൽ, "അറുപത്" എന്നതിനു പകരം "അൻപത്തിയാറ്" എന്ന് ചേർക്കുക.

538. ഖണ്ഡം 3(5)(ഇ)-യിൽ, "ആശ്രിതന്" എന്നതിനു പകരം "ആശ്രിതർക്ക്" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

511. ഖണ്ഡം 3 (5) (എ)-ൽ, "അയാൾ" എന്നതിനു പകരം "ടിയാൾ" എന്നത് ചേർക്കുക.

527. ഖണ്ഡം 3 (5) (എ) യുടെ വിശദീകരണം 2-ൽ, "അംഗം" എന്നതിനു ശേഷം "അതുവരെ" എന്നത് ചേർക്കുക.

545. ഖണ്ഡം 3(5)(എഫ്)-ൽ, "അംഗത്തിന്" എന്നതിനു ശേഷം "അതുവരെ" എന്നത് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 542-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 546 (ii)-ഉം സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 414, 419, 440, 462, 478, 489, 509, 526, 532, 536, 536, 546(i) എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 424, 438, 463, 523, 529, 535, 544 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 439, 459, 525 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 441, 457 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 454, 483, 528 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 484, 505, 517, 524, 540, 551 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 496, 502, 510, 518, 533, 552 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 504, 538 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 511, 527, 545 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

558. ഖണ്ഡം 4-ൽ,

(i) "പ്രവർത്തനത്തിന്" എന്ന വാക്കിന് പകരം "പ്രവർത്തനത്തിനും " എന്ന വാക്ക് ചേർക്കുക.

(ii) "പരിരക്ഷ" എന്ന വാക്ക് ഒഴിവാക്കുക.

(iii) "സേവന ചാർജ്ജ്" എന്നത് "സേവന നിരക്ക്" എന്നാക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

560. ഖണ്ഡം 4-ൽ "ന്യൂനപക്ഷ ക്ഷേമ" എന്നതിനുപകരം "ന്യൂനപക്ഷക്ഷേമ" എന്ന് ചേർക്കുക.

565. ഖണ്ഡം 4-ൽ "പലിശ രഹിത" എന്നതിനുപകരം "പലിശരഹിത" എന്ന് ചേർക്കുക.

570. ഖണ്ഡം 4-ൽ "നിറവേറ്റുന്നതിന്" എന്ന വാക്കിനുപകരം "വഹിക്കുന്നതിന് " എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

561. ഖണ്ഡം 4-ൽ "ബജറ്റിൽ" എന്ന വാക്കിനുപകരം "ബജറ്റിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

562. ഖണ്ഡം 4-ൽ "തുക" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനുപകരം "ആനുകൂല്യങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

566. ഖണ്ഡം 4-ൽ "നിക്ഷേപമായിരിക്കുന്നതും" എന്ന വാക്കിനുശേഷം "നിക്ഷേപത്തിന് ആനുപാതികമായി" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 4-ൽ കോർപ്പസ് ഫണ്ടിനെപ്പറ്റി പറയുന്നുണ്ട്. ഇതിൽ കോർപ്പസ് ഫണ്ട് പലിശരഹിത നിക്ഷേപമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. കൂടാതെ സർക്കാർ വിഹിതം നൽകുന്ന തുകയിൽനിന്നും ബോർഡിന്റെ ചെലവുകൾ വഹിക്കണമെന്നും പറയുന്നുണ്ട്. 2012-ൽ ഇത്തരത്തിലുള്ള കോർപ്പസ് ഫണ്ട് പലിശരഹിതമായി നിക്ഷേപിച്ച സമയത്ത് സർക്കാർ വിഹിതം നൽകുമെന്ന് തീരുമാനിച്ചിരുന്നു. ഈ സർക്കാർ വിഹിതം നിക്ഷേപത്തിന് ആനുപാതികമായിരിക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

568. ഖണ്ഡം 4-ൽ "വിരമിക്കുന്ന" എന്ന വാക്കിനുപകരം "വിരമിച്ച/വിരമിക്കുന്ന" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

569. ഖണ്ഡം 4-ൽ "അംഗീകരിക്കുന്ന" എന്ന വാക്കിനുപകരം "നിർദ്ദേശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീമതി ഷാനിമോൾ ഉസ്മാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

575. ഖണ്ഡം 4-ന് താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ ഈ തുക സ്വകാര്യ ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കാൻ പാടുള്ളതല്ല".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. ഉമ്മർ : സർ, ശ്രീ. പി. ടി. തോമസ് ഇല്ലെങ്കിൽ അടുത്ത അംഗങ്ങൾക്ക് കൊടുത്തുകൂടെ? ഞാനും അദ്ദേഹവും മൂവ് ചെയ്യുന്നത് ഒരേ ഭേദഗതിയാണ്. അതുകൊണ്ടാണ് ഞാൻ മൂവ് ചെയ്യാത്തത്. എന്റെ 557-ാം നമ്പർ ഭേദഗതി 554-ന് തുല്യമാണ്.

557. ഖണ്ഡം 4-ൽ "പ്രവർത്തനത്തിന്" എന്നതിനു പകരം" പ്രവർത്തനത്തിനും"എന്ന് ചേർക്കുക.

മി. സ്പീക്കർ: 554-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ് 555, 556, 557, 558(i) എന്നീ ഭേദഗതികൾ.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സാർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 557-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 558 (i, iii)-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 560, 565, 570 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 561-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 562-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 568-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ അവതരിപ്പിച്ച 575-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

587. ഖണ്ഡം 5 (1) ൽ

(i) "അമ്പത്" എന്നത് "അൻപത്" എന്നാക്കുക

(ii) "അമ്പത്" എന്നതിന് പകരം "എഴുപത്തിയഞ്ച്" എന്നാക്കുക

618. ഖണ്ഡം 5(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നവ ചേർക്കുക:

"എന്നാൽ ഏതെങ്കിലും കാരണത്താൽ കമ്മിറ്റിക്ക് അംശദായം അടയ്ക്കാൻ കഴിയാതെ വന്നാൽ മദ്രസ്സാദ്ധ്യാപകന് നേരിട്ട് നിധിയിലേയ്ക്ക് അംശദായം അടയ്ക്കാവുന്നതാണ്."

646. ഖണ്ഡം 5(5)-ൽ

(i) " ആവശ്യത്തിലേയ്ക്കായി" എന്നതിന് ശേഷം "ബോർഡ്" എന്ന് ചേർക്കുക.

(ii)" നൽകേണ്ടതാണ്" എന്നതിന് പകരം "അടയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

593. ഖണ്ഡം 5 (2) ഒഴിവാക്കുക.

626. ഖണ്ഡം 5(3) ഒഴിവാക്കുക.

643. ഖണ്ഡം 5(4) ഒഴിവാക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

608. ഖണ്ഡം 5(2)-ൽ "അമ്പത്" എന്നതിനു പകരം "നൂറമ്പത്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

613. ഖണ്ഡം 5(2)-ൽ "അടയ്ക്കേണ്ടതാണ്" എന്നതിനുശേഷം "ഈ തുക കമ്മിറ്റി നൽകിയില്ലെങ്കിൽ മദ്രസ്സാദ്ധ്യാപകന് അടയ്ക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

619. ഖണ്ഡം 5(2)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"അംശദായ തുക മദ്രസാ ഭരണ സമിതി നൽകിയിട്ടില്ലെങ്കിൽ അധ്യാപകന് അടയ്ക്കാൻ സൗകര്യമുണ്ടാക്കണം."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

622. ഖണ്ഡം 5(2)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, ഇപ്രകാരം അംശദായം യഥാസമയം അടയ്ക്കുന്നതിൽ ഏതെങ്കിലും കമ്മിറ്റി വീഴ്ച തുടർച്ചയായ മൂന്ന് മാസത്തിലധികം വരുത്തുന്ന പക്ഷം, പ്രസ്തുത കമ്മിറ്റിയുടെ പ്രതിനിധികളെ 10-ാം വകുപ്പ് പ്രകാരം രൂപീകൃതമാകുന്ന ബോർഡിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യാൻ പാടില്ലാത്തതുമാകുന്നു."

637. ഖണ്ഡം 5(3)-ൽ "അഞ്ഞൂറ് " എന്ന വാക്കിനു പകരം "മുന്നൂറ് " എന്ന വാക്ക് ചേർക്കുക.

സർ, അഞ്ചാം വകുപ്പിൽ ഈ ആക്ടിന്റെ ഭാഗമായി പദ്ധതിയുടെ നടത്തിപ്പിന് നിലവിലുള്ള അംശദായമായ 50 രൂപ 500 വരെയാക്കി വർദ്ധിപ്പിക്കാനുള്ള, അതായത് പത്തിരട്ടി, അധികാരം ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. ഇത് 300 ആക്കി കുറയ്ക്കണം. അംശദായം യഥേഷ്ടം പത്തിരട്ടി വരെ വർദ്ധിപ്പിക്കാൻ വരെ വ്യവസ്ഥ ചെയ്തിരിക്കുന്നത് ഉചിതമല്ല. ഇനി അഥവാ വേണമെങ്കിൽ വീണ്ടും നിയമമായിട്ട് കൊണ്ടുവരണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

639. ഖണ്ഡം 5(3)-ൽ "വരെ" എന്ന വാക്ക് നീക്കം ചെയ്യുക.

641. ഖണ്ഡം 5(3)-ൽ "പരിധിയിന്മേൽ" എന്ന വാക്കിനു പകരം "പരിധി വരെ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

640. ഖണ്ഡം 5(3)-ൽ "പരിധിയിന്മേൽ" എന്നതിനു പകരം "പരിധിയ്ക്കുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

642. ഖണ്ഡം 5(3)-ന ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക :

" എന്നാൽ നിരക്ക് വർദ്ധനവ് ഏറ്റവും കുറഞ്ഞത് അഞ്ച് വർഷത്തെ ഇടവേളകളിൽ മാത്രമേ പുറപ്പെടുവിക്കാൻ പാടുള്ളൂ."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

648. ഖണ്ഡം 5(5) താഴെപ്പറയും പ്രകാരം മാറ്റുക:

" (5) പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലോ അദ്ദേഹം നിർദ്ദേശിക്കുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിലോ നൽകേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 587, 618, 646 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 593, 626, 643 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 613-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 619-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 622, 637 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 639, 641 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 642-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 648-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. പി. വി. അൻവർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

649. ഖണ്ഡം 6 (1)-ൽ " (കെ)" എന്നതിന് പകരം "(ജെ)" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

650. ഖണ്ഡം 6 (1)-ൽ " ഇരുപത് " എന്നതിന് പകരം "പതിനെട്ട് " എന്ന് ചേർക്കുക.

668. ഖണ്ഡം 6 (1)-ൽ " പ്രവേശിക്കുന്നതിന്" എന്നതിനു പകരം "ചേരുന്നതിന്" എന്ന് ചേർക്കുക.

675. ഖണ്ഡം 6 (2)-ൽ " അങ്ങനെയുള്ള" എന്ന വാക്കിന് പകരം "പക്ഷം" എന്ന വാക്ക് ചേർക്കുക.

685. ഖണ്ഡം 6(2)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ" എന്നതിനു പകരം "അപേക്ഷകന്റെ അഭിപ്രായം ആരായാതെ" എന്ന് ചേർക്കുക.

698. ഖണ്ഡം 6(3) താഴെപ്പറയും പ്രകാരം മാറ്റുക:

"(3) ഓരോ അപേക്ഷകനും പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന തുക നിശ്ചിത അപേക്ഷാഫീസായി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്."

713. ഖണ്ഡം 6(5) -ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക:

" എന്നാൽ, ഓരോ അംഗവും അടവാക്കിയ അംശദായ തുക അഞ്ച് വർഷക്കാലാവധി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കുറവു കാലയളവിലെ അംശദായ തുക ഒന്നിച്ചടയ്ക്കുന്ന പക്ഷം നിധിയിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും "

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

651. ഖണ്ഡം 6 (1)-ൽ

(ii) "പൂർത്തിയായിട്ടില്ലാത്തതുമായ" എന്നത് "കവിയാത്തതുമായ" എന്നാക്കുക.

(iii)"വിനിർദ്ദേശിക്കാവുന്ന" എന്നത് "വിനിർദ്ദേശിക്കുന്ന" എന്നാക്കുക.

672.ഖണ്ഡം 6(2)-ൽ

(i) " പ്രകാരമുള്ള" എന്നത് "പ്രകാരം ലഭിച്ചിട്ടുള്ള" എന്നാക്കുക.

(ii) " അങ്ങനെയുള്ള" എന്നത് "രീതിയിലുള്ള" എന്നാക്കുക.

(iii)" എഴുതി രേഖപ്പെടുത്തിയ" എന്നത് "ലിഖിതമായ" എന്നാക്കുക.

(iv) ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ " നിരസിച്ചുകൊണ്ടുള്ള" എന്നത് "നിരസിച്ചു കൊണ്ടുള്ള" എന്നാക്കുക.

688. ഖണ്ഡം 6(2)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "പറയുവാൻ ഒരു അവസരം" എന്നതിനു പകരം "രേഖാമൂലം നോട്ടീസ് നൽകിയ ശേഷം നേരിട്ട് പറയുവാൻ ന്യായമായ ഒരു അവസരം" എന്നത് ചേർക്കുക.

690. ഖണ്ഡം 6(2)-ന്റെ ഒന്നാമത്തെ ക്ലിപ്തനിബന്ധന താഴെപ്പറയുംപ്രകാരം മാറ്റുക:

"എന്നാൽ അപേക്ഷ നിരസിക്കുന്നതിന് മുൻപ് അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകേണ്ടതാണ്"

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

652. ഖണ്ഡം 6 (1)-ൽ

ii) “ അൻപത്തിയഞ്ച് " എന്നതിന് പകരം "അറുപത് ” എന്ന് ചേർക്കുക.

671. ഖണ്ഡം 6 (2) ഒഴിവാക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

662. ഖണ്ഡം 6 (1)-ൽ “ അൻപത്തിയഞ്ച് " എന്ന വാക്കിന് പകരം "അൻപത്തിയേഴ് ” എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

667. ഖണ്ഡം 6 (1)-ൽ “ ഏതൊരു" എന്നതിനു പകരം "യാതൊരു” എന്ന് ചേർക്കുക.

680. ഖണ്ഡം 6(2)-ൽ "എഴുതി രേഖപ്പെടുത്തിയ" എന്നതിനു പകരം "രേഖാമൂലമുള്ള" എന്നാക്കുക.

708. ഖണ്ഡം 6(5) -ൽ " സേവനം പൂർത്തിയാക്കുമ്പോഴോ " എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

670. ഖണ്ഡം 6 (1)-ൽ “ ബോർഡിലേക്ക് അപേക്ഷിക്കാവുന്നതാണ് " എന്നതിനു പകരം "ബോർഡിന് അപേക്ഷ സമർപ്പിക്കാവുന്നതാണ് ” എന്നാക്കുക.

673. ഖണ്ഡം 6(2)-ൽ

i) “ അതിന് " എന്ന വാക്ക് ഒഴിവാക്കുക.

ii) “ അയാളുടെ" എന്നതിന് പകരം "ടിയാളുടെ” എന്നാക്കുക.

709. ഖണ്ഡം 6(5) -ൽ "പൂർത്തിയാക്കുമ്പോഴോ രാജിവച്ചൊഴിയുമ്പോഴോ" എന്നതിനു പകരം "പൂർത്തിയാക്കുകയോ രാജിവച്ചൊഴിയുകയോ" എന്നാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

678. ഖണ്ഡം 6(2)-ൽ "ചേർക്കുകയോ" എന്ന വാക്കിനു ശേഷം "മുപ്പത് ദിവസത്തിനകം നൽകുന്ന" എന്നീ വാക്കുകൾ ചേർക്കുക.

701. ഖണ്ഡം 6(3)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, ഇപ്രകാരമുള്ള അപേക്ഷാഫീസ് യാതൊരു കാരണവശാലും അംശദായത്തിന്റെ അഞ്ചിലൊന്നിൽ കൂടാത്ത വിധം നിശ്ചയിക്കേണ്ടതുമാണ്."

703. ഖണ്ഡം 6(4) -ൽ " പാസ്സ്ബുക്കും" എന്ന വാക്കിനു ശേഷം "ആശ്രിതരുടെ വിവരം രേഖപ്പെടുത്തിയ കാർഡും" എന്നീ വാക്കുകൾ ചേർക്കുക.

704. ഖണ്ഡം 6(4) -ൽ " പ്രകാരം" എന്ന വാക്കിനു പകരം "മാതൃകയിലും അങ്ങനെയുള്ള രീതിയിലും" എന്നീ വാക്കുകൾ ചേർക്കുക.

707. ഖണ്ഡം 6(4) -ൽ " രജിസ്റ്റർ " എന്ന വാക്കിനു ശേഷം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ " എന്നീ വാക്കുകൾ ചേർക്കുക.

678, 701, 703, 704, 707 എന്നീ നമ്പർ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുകയാണ്. 654-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നില്ല. ഒരു കാര്യം പറയാനുള്ളത്, നിധിയിലെ അംഗത്വത്തിനുള്ള കുറഞ്ഞ പ്രായം 18 ആക്കണമെന്നതാണ് ആ ഭേദഗതി. പല ബോർഡുകളിലും ഇതാണ് കുറഞ്ഞ പ്രായപരിധി. ഈ സമയംതന്നെ പരിഗണിക്കുന്ന കേരള കർഷക ക്ഷേമനിധി ബോർഡിന്റെ അംഗത്വത്തിനുള്ള പ്രായംപോലും കുറഞ്ഞത് 18 ആണ്. അതുകൊണ്ടാണ് 18 ആയി കുറയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. അതുപോലെത്തന്നെ 701-ൽ, ഈ നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ ഫീസ് ഈടാക്കുന്ന കാര്യം പറയുന്നുണ്ട്. ഈ ഫീസിന് പരിധി നിശ്ചയിക്കണം. അപേക്ഷ ഫീസ് ഒരു മാസത്തെ അംശദായത്തിന്റെ അഞ്ചിലൊന്നിൽ കൂടരുതെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

681. ഖണ്ഡം 6(2)-ൽ "ചെയ്യാവുന്നതുമാണ്" എന്നതിന് പകരം "ചെയ്യാവുന്നതും അപേക്ഷ നിരസിക്കുന്ന സംഗതിയിൽ അത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്" എന്നത് ചേർക്കുക.

691. ഖണ്ഡം 6(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "നിരസിക്കുന്നതിലൂടെ സങ്കടമനുഭവിക്കുന്ന" എന്നതിനു പകരം "നിരസിച്ചതിനെക്കുറിച്ച് പരാതിയുള്ള" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

689. ഖണ്ഡം 6(2)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "പറയുവാൻ" എന്ന വാക്കിനു ശേഷം "ന്യായമായ" എന്ന വാക്ക് ചേർക്കുക.

710. ഖണ്ഡം 6(5) -ൽ "പിരിച്ചുവിടപ്പെടുകയോ " എന്ന വാക്കിനു പകരം "പിരിച്ചുവിടുകപ്പെടുകയോ " എന്ന വാക്കു ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

702. ഖണ്ഡം 6(4)-ൽ "തിരിച്ചറിയൽ" എന്ന വാക്കിനു മുമ്പിൽ "ഫോട്ടോ പതിച്ച" എന്ന വാക്ക് ചേർക്കുക.

706. ഖണ്ഡം 6(4) -ൽ " രജിസ്റ്റർ " എന്ന വാക്കിന് ശേഷം "ഓഫീസിൽ " എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. പി. വി. അൻവർ അവതരിപ്പിച്ച 649-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 650-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ 654-ാം നമ്പർ ഭേദഗതിയിന്മേൽ ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലിയുടെ 654-ാം നമ്പർ ഭേദഗതി ശ്രീ. പി. ഉബൈദുള്ളയുടെ 650-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ മൂവ് ചെയ്തിട്ടില്ല. 650-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിട്ടുണ്ട് എന്നതിനാൽ ഇനി പോൾ വേണ്ടതുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എങ്കിൽ പോൾ വേണ്ട.

മി. സ്പീക്കർ: ശ്രീ. പി. വി. അൻവർ അവതരിപ്പിച്ച 649-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 650-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 668, 675, 685, 698, 713 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 651(i, iii), 672, 688, 690 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 652 (ii), 671 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 662-ാം എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 667, 680, 708 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 670, 673, 709 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 678, 701, 703, 704, 707 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 681, 691 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 689, 710 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 702, 706 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 718-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു:

718. ഖണ്ഡം 7(1)-ൽ, "പദ്ധതിപ്രകാരം" എന്ന വാക്കിനു പകരം "പദ്ധതി പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

716. ഖണ്ഡം 7 (1)-ൽ,

(i) "ഒരു അംഗം" എന്നതിന് ശേഷം "അംഗത്വത്തിനായി" എന്ന് ചേർക്കുക.

(ii) "നൽകിയിട്ടുണ്ടെന്നോ" എന്നതിന് പകരം"നൽകിയിട്ടുണ്ടെന്ന്" എന്ന് ചേർക്കുക.

(iii) "അംഗത്തിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

749. ഖണ്ഡം 7(3)ൽ

(i) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീൽ"എന്നതിന് പകരം"അംഗത്വം റദ്ദാക്കുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

(ii) "സർക്കാർ മുമ്പാകെ ഫയൽ ചെയ്യേണ്ടതാണ്" എന്നതിന് പകരം സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

717. ഖണ്ഡം 7(1)-ൽ, "ഏതെങ്കിലും" എന്ന വാക്കിനു മുൻപായി "പദ്ധതിയിൽ" എന്ന വാക്ക് ചേർക്കുക.

732. ഖണ്ഡം 7(2)-ൽ "ആറുമാസക്കാലം" എന്ന വാക്കിനു പകരം " പത്തുമാസക്കാലം " എന്ന വാക്ക് ചേർക്കുക.

752. ഖണ്ഡം 7(3)-ൽ, "ഫയൽ ചെയ്യേണ്ടതാണ്" എന്നതിന് പകരം "സമർപ്പിക്കേണ്ടതാണ്"എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

719. ഖണ്ഡം 7(1)-ൽ, "നൽകിയിട്ടുണ്ടെന്നോ" എന്ന വാക്കിനു പകരം "നൽകിയിട്ടുള്ളതായോ" എന്ന വാക്ക് ചേർക്കുക.

735. ഖണ്ഡം 7(2)-ൽ "ആറുമാസക്കാലം" എന്നതിന് പകരം " ഒരുവർഷക്കാലം " എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

723. ഖണ്ഡം 7(1)-ൽ, "ബോർഡിനോ അതിനായി അധികാരപ്പെട്ടത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ" എന്നതിനു പകരം "ബോർഡിന്" എന്ന് ചേർക്കുക.

736. ഖണ്ഡം 7(2)-ൽ "ആറുമാസക്കാലം" എന്നതിന് പകരം " ഒരുവർഷം " എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

725. ഖണ്ഡം 7(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അംഗത്തിന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ" എന്നതിനു പകരം "അംഗത്തിനെ കേൾക്കാതെ " എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

729. ഖണ്ഡം 7(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "പറയുവാൻ" എന്ന വാക്കിനു ശേഷം " ന്യായമായ " എന്ന വാക്കു ചേർക്കുക.

731. ഖണ്ഡം 7(2)-ൽ "ആറുമാസക്കാലം" എന്ന വാക്കിനു പകരം " ആറ് മാസക്കാലം " എന്നീ വാക്കുകൾ ചേർക്കുക.

729-ാം നമ്പർ ഭേദഗതി സ്വീകരിച്ചാൽ തരക്കേടില്ല. ക്ലിപ്തനിബന്ധനയിൽ "പറയുവാൻ" എന്ന വാക്കിനുശേഷം "ന്യായമായ" എന്ന വാക്ക് ചേർക്കുക എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ച് വേണ്ടത് ചെയ്യൂ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

730. ഖണ്ഡം 7(2) ഒഴിവാക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

742. ഖണ്ഡം 7(2)-ൽ, " അയാളുടെ" എന്നതിനു പകരം "ടിയാളുടെ"എന്നത് ചേർക്കുക.

746. ഖണ്ഡം 7(2)-ൽ, "അവസാനിക്കുന്നതാണ്" എന്നതിനു പകരം "നഷ്ടപ്പെടുന്നതാണ്"എന്നത് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

743. ഖണ്ഡം 7(2)-ൽ, " സ്വയമേവ അവസാനിക്കുന്നതാണ്" എന്നതിനു പകരം "റദ്ദാകുന്നതാണ്"എന്ന് ചേർക്കുക.

747. ഖണ്ഡം 7(2)-ൽ, താഴെപ്പറയും പ്രകാരമുള്ള ക്ലിപ്ത നിബന്ധന ചേർക്കുക: "എന്നാൽ അപ്രകാരം വീഴ്ച വരുത്തുന്നതു മൂലം അംഗത്വം അവസാനിക്കുന്ന കാലയളവിനു മുമ്പായി പ്രസ്തുത വിവരം അയാളെ രേഖാമൂലം അറിയിക്കേണ്ടതാണ്".

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

748. ഖണ്ഡം 7(3)-ൽ, "(1)-ാം" അക്കത്തിനു ചിഹ്നത്തിനും മുമ്പിലായി "അംഗത്വം റദ്ദാക്കപ്പെടുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരാളും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

750. ഖണ്ഡം 7(3)-ൽ, "വിനിർദ്ദേശിക്കാവുന്ന" എന്നതിനു പകരം "നിർദ്ദേശിക്കുന്നത്"എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എന്റെ 739-ാം നമ്പർ ഭേദഗതി മൂവ് ചെയ്തിട്ടില്ല.

<u>മി. സ്പീക്കർ</u>: 739-ാം നമ്പർ ഭേദഗതി 736-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 716, 749 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 717, 732, 752 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 719, 735 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 723, 736 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 725-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 729, 731 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 742, 746 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 738, 743, 747 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 748-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 750-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

756. ഖണ്ഡം 8-ൽ " അവസാനിപ്പിക്കപ്പെട്ട" എന്ന് കാണുന്നിടത്തെല്ലാം പകരം "നഷ്ടപ്പെട്ട"എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

762. ഖണ്ഡം 8-ൽ "ഒരു വർഷത്തിനകം" എന്നതിനു പകരം "അഞ്ചു വർഷത്തിനകം"എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

764. ഖണ്ഡം 8-ൽ "ഒരുമിച്ചടച്ചാൽ" എന്ന വാക്കിനു പകരം "ഒരുമിച്ചോ, നിശ്ചിത തവണകളായോ അടച്ചാൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

765. ഖണ്ഡം 8-ൽ " ഒരുമിച്ചടച്ചാൽ" എന്ന വാക്കിനു പകരം "ഒരുമിച്ചോ മൂന്ന് ഗഡുക്കളായോ അടച്ചാൽ പൂർണ്ണ തുകയും അടച്ച തീയതി മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

766. ഖണ്ഡം 8-ൽ "പുനരുജ്ജീവിപ്പിച്ച് " എന്ന വാക്കിനു പകരം "പുതുക്കി" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

769. ഖണ്ഡം 8-നു ശേഷം താഴെപ്പറയുന്ന കിപ്ത നിബന്ധന ചേർക്കുക: "എന്നാൽ, അംശദായം അടയ്ക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ഒരു വർഷത്തിനു മുകളിൽ പരമാവധി മൂന്ന് വർഷം വരെയുള്ള അംശദായം ഒരുമിച്ചടച്ചാൽ, സർക്കാരിന് അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ് "

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 756-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 764-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 766 നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

771. ഖണ്ഡം 9 (1) ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

772. ഖണ്ഡം 9(1)-ൽ, "വിജ്ഞാപനം" എന്നതിന് മുൻപ് "ആവശ്യമാകുന്ന പക്ഷം" എന്നത് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

773. ഖണ്ഡം 9(1)-ൽ, "വിജ്ഞാപനം" എന്നതിന് മുമ്പായി " ഗസറ്റ്" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

779. ഖണ്ഡം 9(1)-ൽ, "പിൽക്കാല പ്രാബല്യത്തോടുകൂടിയോ" എന്നതിന് ശേഷം " ഉടൻ പ്രാബല്യത്തോടുകൂടിയോ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 773-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

781. ഖണ്ഡം 10(1)-ൽ, " വിജ്ഞാപനം വഴി" എന്നതിന് മുമ്പ് " ഗസറ്റ് " എന്ന് ചേർക്കുക.

832. ഖണ്ഡം 10(3)(v)-ൽ, "ഡെപ്യൂട്ടി" എന്നതിനു പകരം "ജോയിന്റ്" എന്നു ചേർക്കുക.

837. ഖണ്ഡം 10(3)(vi)-ൽ, "സെക്ഷൻ ആഫീസറുടെ" എന്നതിനു പകരം "അണ്ടർ സെക്രട്ടറിയുടെ" എന്നു ചേർക്കുക.

857. ഖണ്ഡം 10 (3)(viii)-ൽ " ജോയിന്റ് " എന്നതിന് പകരം "ഡെപ്യൂട്ടി" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

783. ഖണ്ഡം 10(1)-ൽ, " നടത്തിപ്പിനും" എന്ന വാക്കിന് ശേഷം " മേൽനോട്ടത്തിനും" എന്ന വാക്ക് ചേർക്കുക.

816. ഖണ്ഡം 10(3)(ii)-ൽ "ആറ്" എന്ന വാക്കിനു പകരം "എട്ട് " എന്ന വാക്ക് ചേർക്കുക.

828. ഖണ്ഡം 10(3)(iii)-ൽ, "ആറ്" എന്ന വാക്കിനു പകരം "എട്ട്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

784. ഖണ്ഡം 10(1)-ൽ, " കേരള" എന്ന വാക്കിനു ശേഷം " സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

788. ഖണ്ഡം 10(2)-ൽ, " കേരള" എന്ന വാക്കിനു ശേഷം " സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

813. ഖണ്ഡം 10(3)(ii)-ൽ "ആറ്" എന്നതിനു പകരം "അഞ്ച്" എന്ന് ചേർക്കുക.

822. ഖണ്ഡം 10(3)(iii)-ൽ "ആറ്" എന്ന വാക്കിനു പകരം "അഞ്ച് " എന്ന വാക്ക് ചേർക്കുക.

844. ഖണ്ഡം 10(3)(vi)-ൽ "സെക്ഷൻ ഓഫീസറുടെ" എന്ന വാക്കുകൾക്കു പകരം "ഡെപ്യൂട്ടി സെക്രട്ടറിയുടെ" എന്ന വാക്കുകൾ ചേർക്കുക.

869. ഖണ്ഡം 10 (4)-ൽ " ഭരണനിർവ്വഹണം" എന്ന വാക്കിനു പകരം "ഭരണ നിർവ്വഹണവും ദൈനംദിന ചുമതലകളും" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

787. ഖണ്ഡം 10(1)-ൽ, " ബോർഡ്" എന്നതിന് പകരം " സ്ഥാപനം" എന്ന് ചേർക്കുക.

862.ഖണ്ഡം 10 (3)(viii)-ന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ix) മദ്രസ്സാദ്ധ്യാപകരുടെ സംഘടനയുടെ പ്രതിനിധി".

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

795. ഖണ്ഡം 10(3)(i)-ൽ, " സർക്കാർ" എന്ന വാക്കിന് മുൻപിലായി " മുസ്ലീം മതതത്വങ്ങളിലും അനുഷ്ഠാനങ്ങളിലും ആശയങ്ങളിലും പാണ്ഡിത്യമുള്ള," എന്ന് ചേർക്കുക.

809. ഖണ്ഡം 10(3)(ii)- ൽ "ആറ്" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

820. ഖണ്ഡം 10(3)(iii)-ൽ "ആറ്" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

881. ഖണ്ഡം 10(5)-ൽ " ചെയർമാനോ" എന്ന വാക്കിനു ശേഷം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ" എന്ന വാക്ക് ചേർക്കുക.

795, 809, 820, 881 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുകയാണ്. 795-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയാനുള്ളത്, പത്താം വകുപ്പിൽ ബോർഡിന്റെ ചെയർമാനായി സർക്കാരിന് ഒരാളെ നോമിനേറ്റ് ചെയ്യാമെന്നാണ് പറയുന്നത്. പക്ഷേ ഈ ചെയർമാന് യാതൊരു യോഗ്യതയും നിശ്ചയിച്ചിട്ടില്ല. ആരെ വേണമെങ്കിലും നിയമിക്കാം എന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ. അത് മാറ്റണമെന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. അബ്ദുൽ ഹമീദ് പി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

796. ഖണ്ഡം 10(3)(i)-ൽ, " നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്ക് ശേഷം " ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങളിൽ പരിചയവും പ്രാവീണ്യവും ഉള്ള" എന്നീ വാക്കുകൾ ചേർക്കുക.

835. ഖണ്ഡം 10(3)(v)-ൽ, "ഒരു ഉദ്യോഗസ്ഥൻ;" എന്നതിനു ശേഷം, "അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കുന്നതാണ്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

853. ഖണ്ഡം 10(3)(vii)-ൽ, "ഡെപ്യൂട്ടി " എന്നതിന് പകരം "അണ്ടർ" എന്ന് ചേർക്കുക.

855. ഖണ്ഡം 10(3)(viii)-ൽ "ജോയിന്റ് " എന്നതിന് പകരം "അണ്ടർ " എന്ന വാക്ക് ചേർക്കുക.

873. ഖണ്ഡം 10(5) ഒഴിവാക്കുക.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

797. ഖണ്ഡം 10(3)(i)-ൽ " ചെയ്യുന്ന ഒരാൾ, അദ്ദേഹം" എന്നതിന് പകരം " ചെയ്യുയാൾ" എന്ന് ചേർക്കുക.

806. ഖണ്ഡം 10(3)(i) താഴെപ്പറയും പ്രകാരം മാറ്റുക:

" (i) ബോർഡിന്റെ ചെയർപേഴ്സണായി ഒരാളെ സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്".

819. ഖണ്ഡം 10(3)(ii)-ൽ "ആറ്" എന്നതിനു പകരം "പത്ത്" എന്നത് ചേർക്കുക.

846. ഖണ്ഡം 10(3)(vi)-ൽ "സെക്ഷൻ ഓഫീസറുടെ" എന്ന വാക്കുകൾക്കു പകരം "ഡെപ്യൂട്ടി സെക്രട്ടറിയുടെ" എന്ന വാക്കുകൾ ചേർക്കുക.

867. ഖണ്ഡം 10 (4)-ൽ " നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണ നിർവ്വഹണം നടത്തേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "നിക്ഷിപ്തമായ അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

814. ഖണ്ഡം 10(3)(ii)-ൽ "ആറ്" എന്നതിനു പകരം "ഏഴ്" എന്ന് ചേർക്കുക.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

836. ഖണ്ഡം 10(3)(vi) നീക്കം ചെയ്യുകയും ശേഷിക്കുന്നവ ഇനം (vi), (vii) ആയി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്യപ്പെട്ട (vii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ചെയ്യുക :

"(viii) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ"

870. ഖണ്ഡം 10 (4)-ൽ " ഭരണനിർവ്വഹണം" എന്നതിനു പകരം "വിനിയോഗം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

848. ഖണ്ഡം 10(3)(vi)-ൽ "താഴെയല്ലാത്ത" എന്നതിനു പകരം "കുറയാത്ത" എന്ന് ചേർക്കുക

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

882. ഖണ്ഡം 10(5)-ൽ " ചെയർമാനോ" എന്ന വാക്കിനു ശേഷം "ബോർഡിലെ" എന്ന വാക്കു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ 863-ാം നമ്പർ ഭേദഗതി മൂവ് ചെയ്തിട്ടില്ല.

മി. സ്പീക്കർ: അങ്ങയുടെ 863-ാം നമ്പർ ഭേദഗതി ശ്രീ. എം.സി. കമറുദ്ദീൻ, എം.എൽ.എ.യുടെ 864-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാന വഖഫ് ബോർഡിലെ ഒരു പ്രതിനിധി ഈ ബോർഡിൽ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 781, 832, 837, 857 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 783, 816, 828 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 784, 788, 813, 822, 844, 869 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 787, 862 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 795, 809, 820, 881 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 796, 835, 853, 855, 873 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 797, 806, 819, 864, 867 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 814-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 836, 870 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 848-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 882-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

883. ഖണ്ഡം 11(1)-ൽ, "ബിസിനസ്സ്" എന്ന വാക്കിന് പകരം "സംഗതി" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

885. ഖണ്ഡം 11(1)-ൽ, "ബിസിനസ്സ്" എന്ന വാക്കിന് പകരം "കാര്യപരിപാടി" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

886. ഖണ്ഡം 11(1)-ൽ,

(i)"ബിസിനസ്സ് നടത്തിപ്പിനായി" എന്നതിന് പകരം "ഭരണനിർവ്വഹണത്തിനായി" എന്ന വാക്ക് ചേർക്കുക.

(ii)"മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും" എന്നതിന് പകരം "മൂന്നുമാസത്തിലൊരിക്കൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

888. ഖണ്ഡം 11 (1)-ൽ, "മൂന്നു" എന്ന വാക്കിന് പകരം "ഒരു" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

889. ഖണ്ഡം 11 (1)-ൽ, "മൂന്നു" എന്ന വാക്കിന് പകരം "രണ്ട്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

894. ഖണ്ഡം 11 (1)-ൽ, "മൂന്നുമാസത്തിൽ" എന്ന വാക്കിനു പകരം "മൂന്ന് മാസത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

903. ഖണ്ഡം 11(2)-ൽ " ആകെയുള്ള അംഗങ്ങളുടെ പകുതിയിലധികം" എന്നീ വാക്കുകൾക്കു പകരം " പത്ത് അംഗങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

895. ഖണ്ഡം 11 (1)-ൽ, "മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്"എന്നതിന് പകരം "രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം കൂടേണ്ടതാണ്" എന്ന് ചേർക്കുക.

900. ഖണ്ഡം 11(2)-ൽ " യോഗത്തിന് വേണ്ടിയുള്ള" എന്നതിന് പകരം " യോഗത്തിനായുള്ള" എന്ന് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ് പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

906. ഖണ്ഡം 11(2)-ൽ " ഔദ്യോഗിക അംഗങ്ങളിൽ, കുറഞ്ഞത് രണ്ട് അംഗങ്ങളെങ്കിലും ഹാജരുണ്ടെങ്കിൽ മാത്രമേ ക്വാറം തികഞ്ഞതായി കണക്കാക്കുകയുള്ളൂ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

907. ഖണ്ഡം 11(2)-ൽ " ഹാജരുണ്ടെങ്കിൽ" എന്ന വാക്കിനു പകരം "ഹാജരുണ്ടെങ്കിലോ മദ്രസ്സാദ്ധ്യാപകരെ പ്രതിനിധീകരിക്കുന്ന അംഗങ്ങളിലും മദ്രസ്സാ കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന അംഗങ്ങളിലും ഒരാളെങ്കിലും ഹാജരുണ്ടെങ്കിലോ" എന്നീ വാക്കുകൾ ചേർക്കുക.

914. ഖണ്ഡം 11(4)-ൽ " അംഗത്തിന്" എന്ന വാക്കിനുശേഷം " ഒരു" എന്ന വാക്ക് ചേർക്കുക.

907, 914 എന്നീ നമ്പർ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുകയാണ്. 907-ൽ ഈ ബോർഡിന്റെ ക്വാറം തികയുന്നതിന് 18 പേരിൽ 9 പേർ ഉണ്ടായാൽ മതിയെന്നാണ് പറയുന്നത്. രണ്ട് ഉദ്യോഗസ്ഥർ നിർബന്ധമായും ഉണ്ടാകണമെന്നതാണ് ഒരേയൊരു വ്യവസ്ഥ. മദ്രസാ അദ്ധ്യാപകരായ 6 പേരും പങ്കെടുത്തിട്ടില്ലെങ്കിലോ കമ്മിറ്റി പ്രതിനിധീകരിക്കുന്ന 6 പേരും പങ്കെടുത്തിട്ടില്ലെങ്കിലോ ക്വാറത്തിന് പ്രശ്നമില്ല. ഇത് ശരിയല്ല. രണ്ട് വിഭാഗത്തിൽനിന്നും ഒരാളെങ്കിലും നിർബന്ധമായും വരണമെന്നതാണ് എന്റെ ഭേദഗതി.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

912. ഖണ്ഡം 11(3)-ൽ " തെരഞ്ഞെടുക്കപ്പെടുന്ന" എന്ന വാക്കിന് ശേഷം " സീനിയറായ" എന്ന വാക്ക് ചേർക്കുക.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 883-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 885-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 886-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 888-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 889-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 894, 903 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 895, 900 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 906-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 907, 914 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 912-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

915. ഖണ്ഡം 12(1)-ൽ " അംഗങ്ങൾ" എന്ന വാക്കിനു പകരം "അംഗങ്ങൾക്ക്" എന്നും "വഹിക്കേണ്ടതാണ്" പകരം "വഹിക്കാവുന്നതാണ്" എന്നും ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

916. ഖണ്ഡം 12(1)-ൽ " വിജ്ഞാപനം" എന്ന വാക്കിനു പകരം "കേരള" എന്ന വാക്ക് ചേർക്കുക.

932. ഖണ്ഡം 12(3)-ൽ " താത്കാലിക" എന്നതിനു പകരം "താത്ക്കാലിക" എന്ന വാക്ക് ചേർക്കുക.

939. ഖണ്ഡം 12(4)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

" എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ബോർഡിലെ ഒരു ഔദ്യോഗിക അംഗത്തെ നീക്കം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്."

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

917. ഖണ്ഡം 12(1)-ൽ " വിജ്ഞാപനം" എന്ന വാക്കിനു ശേഷം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

922. ഖണ്ഡം 12(1)-ൽ " അഞ്ച്" എന്നതിനു മുൻപായി "തുടർച്ചയായ" എന്ന വാക്ക് ചേർക്കുക.

928. ഖണ്ഡം 12(2)-ൽ " നോട്ടീസ് നൽകിക്കൊണ്ട്" എന്നതിനു പകരം "നോട്ടീസ് ഒരു മാസം മുൻകൂർ നൽകിക്കൊണ്ട്" എന്ന് ചേർക്കുക."

937. ഖണ്ഡം 12(4)-ൽ " അങ്ങനെയുള്ള" എന്ന വാക്കിന് പകരം "പ്രസ്തുത" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

926. ഖണ്ഡം 12(1)-ൽ " വർഷക്കാലത്തേയ്ക്ക്"എന്നതിനു പകരം വർഷത്തേയ്ക്ക്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

927. ഖണ്ഡം 12(2)-ൽ, " ലിഖിതമായ" എന്ന വാക്കിനു പകരം "രേഖാമൂലം" എന്ന വാക്ക് ചേർക്കുക."

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

931 .ഖണ്ഡം 12(2)-ൽ " ഔദ്യോഗിക സ്ഥാനത്ത്" എന്നതിനു പകരം, "സ്ഥാനത്ത്" എന്ന വാക്ക് ചേർക്കുക."

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

935. ഖണ്ഡം 12(4)-ൽ " ഏതുസമയത്തും" എന്ന വാക്കിനു പകരം "ഏതു സമയത്തും" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 915-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 916, 932, 939 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം.സി. കമറുദ്ദീൻ അവതരിപ്പിച്ച 917, 922, 928, 937 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 926-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 927-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 931-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 935-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 953-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു:

953. ഖണ്ഡം 13(1) (സി)-ൽ "ഹാജരാകാതിരിക്കുകയാണെങ്കിൽ" എന്നതിന് ശേഷമുള്ള "കൂടാതെ" എന്നതിന് പകരം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

940. ഖണ്ഡം 13(1) (എ)-ൽ "അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ" എന്നതിന് പകരം "അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ല എന്ന് അധികാരപ്പെട്ട കോടതി സാക്ഷ്യപ്പെടുത്തുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

942. ഖണ്ഡം 13(1) (എ)-ൽ "അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ" എന്നതിന് പകരം "അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ല എന്നത് കഴിവുള്ള കോടതി സാക്ഷ്യപ്പെടുത്തുന്ന പക്ഷം" എന്ന് ചേർക്കുക.

957. ഖണ്ഡം 13(1)(ഡി)-ൽ "അഭിപ്രായമുള്ളപക്ഷം" എന്ന വാക്കിന് ശേഷം "അദ്ദേഹത്തെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

945. ഖണ്ഡം13(1)(എ)-ൽ"അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ" എന്നതിന് പകരം "ആ അംഗത്തിന് ബുദ്ധിസ്ഥിരതയില്ല എന്നത് ബന്ധപ്പെട്ട കോടതി സാക്ഷ്യപ്പെടുത്തുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

946. ഖണ്ഡം 13(1) (എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) അദ്ദേഹം ബുദ്ധിസ്ഥിരതയില്ലാത്ത ആളായി തീർന്നെങ്കിൽ;"

948. ഖണ്ഡം 13(1) (ബി)യ്ക്കു ശേഷം (സി) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക;

"(സി) അദ്ദേഹം സദാചാരദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ;"

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

947. ഖണ്ഡം 13(1) (ബി) ഒഴിവാക്കുക.

952. ഖണ്ഡം 13(1) (സി)-ൽ, "മൂന്ന് " എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

958. ഖണ്ഡം 13(1)(ഡി)-ൽ "ഔദ്യോഗിക" എന്ന വാക്ക് ഒഴിവാക്കുക.

963. ഖണ്ഡം 13(2)-ൽ "(സി)" എന്നത് ഒഴിവാക്കുക.

967. ഖണ്ഡം 13(2)-ൽ "മൂന്ന്" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

970. ഖണ്ഡം 13(3) ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

949. ഖണ്ഡം 13(1) (സി)-ൽ "ബോർഡിന്റെ" എന്ന വാക്ക് മാറ്റി "കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന്റെ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

950. ഖണ്ഡം 13(1) (സി)-ൽ "ബോർഡിന്റെ" എന്ന വാക്കിന് ശേഷം "മുൻകൂർ" എന്ന വാക്ക് ചേർക്കുക.

960. ഖണ്ഡം 13(1)(ഡി)-യുടെ ക്ലിപ്തനിബന്ധനയിൽ "കാണിക്കുന്നതിന്" എന്ന വാക്കിന് പകരം "ബോധിപ്പിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

962. ഖണ്ഡം 13(1)(ഡി)-യുടെ ക്ലിപ്തനിബന്ധനയിൽ "ന്യായമായ" എന്നവാക്കിന് പകരം "മതിയായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

959. ഖണ്ഡം 13(1)(ഡി)-യുടെ ക്ലിപ്തനിബന്ധനയിൽ "കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ" എന്നതിന് പകരം "ന്യായം ബോധിപ്പിക്കുന്നതിന് അദ്ദേഹത്തിന്" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

961. ഖണ്ഡം 13(1)(ഡി)-യുടെ ക്ലിപ്തനിബന്ധനയിൽ "ന്യായമായ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

964. ഖണ്ഡം 13(2)-ൽ "മൂന്ന്" എന്നതിനു പകരം "രണ്ട്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 940-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 942, 957 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 945-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 946, 948 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 947, 952, 958, 963, 967, 970 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 949-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 950, 960, 962 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 959-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 964-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

971. ഖണ്ഡം 14-ൽ "അംഗങ്ങളുടെ യാത്രാബത്തയും ദിനബത്തയും"എന്നീ വാക്കുകൾ ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

972. ഖണ്ഡം 14-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനുശേഷം "സർക്കാർ നിശ്ചയിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

973. ഖണ്ഡം 14-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, നിധിയിൽ അംഗത്വമവസാനിച്ചവർക്കുള്ള പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതിൽ മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശികയുള്ള പക്ഷം ഇപ്രകാരമുള്ള സിറ്റിംഗ് ഫീസിനും ദിനബത്തയ്ക്കും അർഹതയില്ലാത്തതുമാണ്".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 971-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 973-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

14 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

974. ഖണ്ഡം 15(1)-ൽ "ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

980. ഖണ്ഡം 15(1)-ൽ "ജീവനക്കാരെയും" എന്ന വാക്ക് ഒഴിവാക്കുക.

988. ഖണ്ഡം 15(2)-ൽ "ജീവനക്കാരുടെയും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

975. ഖണ്ഡം 15(1)-ൽ"രണ്ട് അസിസ്റ്റന്റുമാരെയും ഒരു അക്കൗണ്ടന്റിനെയും ഒരു ഓഫീസ് അറ്റൻഡന്റിനെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

976. ഖണ്ഡം 15(1)-ൽ "രണ്ട്"എന്നതിനു പകരം "മൂന്ന്" എന്ന്ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

977. ഖണ്ഡം 15(1)-ൽ "ആവശ്യമെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

978. ഖണ്ഡം 15(1)-ൽ "ആവശ്യമെന്ന് കരുതാവുന്നത്ര"എന്നതിനു പകരം "ആവശ്യമെന്ന് കരുതാവുന്ന അഞ്ചിൽ കൂടാത്ത" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

979. ഖണ്ഡം 15(1)-ൽ "ആവശ്യമെന്ന്" എന്ന വാക്കിന് പകരം "അത്യാവശ്യമെന്ന്" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

981. ഖണ്ഡം 15(1)-ൽ "ജീവനക്കാരെയും" എന്ന വാക്കിന് ശേഷം "സർക്കാർ അനുവാദത്തോടെ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

982. ഖണ്ഡം 15(1)-ൽ "ജീവനക്കാരെയും" എന്നതിന് ശേഷം "സർക്കാർ സർവ്വീസിൽ നിന്നോ, ബോർഡ്, കോർപ്പറേഷൻ-ൽ നിന്നോ ഡെപ്യൂട്ടേഷനിൽ" എന്നത് ചേർക്കുക.

991. ഖണ്ഡം 15(3)-ൽ " തീരുമാനങ്ങൾ" എന്ന വാക്കിന് ശേഷം "ആവശ്യമെങ്കിൽ സർക്കാർ നിർദ്ദേശത്തോടെ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

983. ഖണ്ഡം 15(1)-ൽ "ജീവനക്കാരെയും" എന്ന വാക്കിന് ശേഷം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

992. ഖണ്ഡം 15(3)-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓഫീസറോ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

984. ഖണ്ഡം 15(1) താഴെ പറയും പ്രകാരം മാറ്റുക:

"(1) സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും കൂടാതെ രണ്ട് അസിസ്റ്റന്റുമാരെയും ഒരു അക്കൗണ്ടന്റിനെയും ഒരു ഓഫീസ് അറ്റൻഡന്റിനെയും നിയമിക്കാവുന്നതാണ്" .

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

985. ഖണ്ഡം 15(1)-ന് താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, ബോർഡിൽ നിയമിക്കപ്പെടുന്ന ജീവനക്കാരിൽ പകുതി പേർ സർക്കാരിന്റെയോ വിവിധ കമ്പനി/ബോർഡ് കോർപ്പറേഷനുകളിൽ നിന്നോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന വരായിരിക്കണം" .

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

989. ഖണ്ഡം 15(2)-ൽ "നിയമനരീതിയും" എന്ന വാക്കിനു പകരം "നിയമന രീതികളും" എന്ന വാക്കു ചേർക്കുക.

993. ഖണ്ഡം 15(3)-ൽ "അധികാരപ്പെടുത്തുന്ന" എന്ന വാക്കിനു പകരം "ബോർഡിലെ ഏതെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

990. ഖണ്ഡം 15(2)-ൽ "സേവനവ്യവസ്ഥകളും" എന്നത് "സേവനവേതനവ്യവസ്ഥകളും" എന്നാക്കുക.

994. ഖണ്ഡം 15(3)-ൽ "അധികാരപ്പെടുത്തുന്ന" എന്ന വാക്കിനു ശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 974, 980, 988 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 975-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 976-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 977-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി ഷാനമോൾ ഉസ്മാൻ അവതരിപ്പിച്ച 978-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 979-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 981-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 982, 991 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 983-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 984-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 985-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 989, 993-ാം എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി.പി. സജീന്ദ്രൻ അവതരിപ്പിച്ച 990, 994 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

995. ഖണ്ഡം 16(1)-ൽ "പ്രവർത്തക" എന്ന വാക്ക് വരുന്നിടത്തെല്ലാം അത് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

997. ഖണ്ഡം 16(1)-ൽ "കണക്കിലുണ്ടായിരുന്ന തുക" എന്നതിനുപകരം "കണക്കിലുണ്ടായിരുന്ന മുഴുവൻ തുകയും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

998. ഖണ്ഡം 16(1)-ൽ "വരവ് വയ്ക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്കു പകരം "വരവ് വയ്ക്കേണ്ടതും നിധിയിൽ അംഗമാകുന്ന മുറയ്ക്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തി നൽകേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

999. ഖണ്ഡം 16(1)-ൽ "ട്രഷറി" എന്ന വാക്കിന് മുൻപിലായി "സ്പെഷ്യൽ" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1000. ഖണ്ഡം 16(1)-ൽ "ട്രഷറി" എന്ന വാക്കിനുപകരം "ട്രഷറിയുടെ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1001. ഖണ്ഡം 16(1)-ൽ "ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ (പലിശരഹിതം)" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "പലിശരഹിത ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എസ്. ശർമ്മ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1002. ഖണ്ഡം 16(2)-ൽ "അവകാശവാദങ്ങളും തീരുമാനിക്കാവുന്നതാണ്" എന്നതിന് പകരം "തർക്കങ്ങളിലും തീരുമാനമെടുക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ് " എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 997-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 998, 999 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1000-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 1002-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>17-ാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1004. ഖണ്ഡം 17-ൽ " ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ," എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം " സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ, ബോർഡിന്," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

1012. ഖണ്ഡം 17-ൽ "പണം" എന്ന വാക്കിനു ശേഷം "പലിശയില്ലാതെ" എന്ന വാക്ക് ചേർക്കുക.

1012-ൽ കടം വാങ്ങുന്നതിനെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്, 17-ാം വകുപ്പിൽ ബോർഡ് കടം വാങ്ങുന്ന പണം പലിശ രഹിതമായിരിക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1005. ഖണ്ഡം 17-ൽ "അംഗീകാരത്തോടെ" എന്ന വാക്കിനു പകരം "അനുമതിയോടെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1008. ഖണ്ഡം 17-ൽ "ഉപാധികൾക്കും" എന്ന വാക്കിന് ശേഷം "നിയമങ്ങൾക്കും" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1009. ഖണ്ഡം 17-ൽ "വിധേയമായി" എന്ന വാക്കിന് ശേഷം "സർക്കാർ അംഗീകൃത-ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1010. ഖണ്ഡം 17-ൽ "അതതു സമയം", എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "പലിശ രഹിത വ്യവസ്ഥയിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1011. ഖണ്ഡം 17-ൽ "അതതു സമയം" എന്ന വാക്കിന് ശേഷം "പലിശ രഹിതമായി ലഭിക്കുന്ന പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1013. ഖണ്ഡം 17-ൽ ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ ബോർഡിന് കടം വാങ്ങാവുന്ന തുകയുടെ പരമാവധി പരിധി നിർണയിക്കപ്പെടാവുന്ന രീതിയിൽ നിശ്ചയിക്കേണ്ടതാണ്".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1004, 1012 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി കമറുദീൻ അവതരിപ്പിച്ച 1005-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1008-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1009-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1010-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 1011-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1013-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1015. ഖണ്ഡം (18)-ൽ "ബോർഡിലെ ഓരോ അനൗദ്യോഗിക അംഗവും" എന്നീ വാക്കുകൾക്കു പകരം "ബോർഡിലെ അനൗദ്യോഗിക അംഗങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1016. ഖണ്ഡം (18)-ൽ "വരുന്ന" എന്ന വാക്കിനു ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1017. ഖണ്ഡം (18)-ൽ "പബ്ലിക് സെർവന്റായി" എന്ന വാക്കുകൾക്കു പകരം "പൊതു സേവകരായി" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1015-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1016-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1017-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1019. ഖണ്ഡം 19-ൽ" ഏതെങ്കിലും" എന്ന വാക്കിനു പകരം "യാതൊരു" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1021. ഖണ്ഡം 19-ൽ " അംഗത്തിനോ" എന്ന വാക്കിന് ശേഷം "ഉദ്യോഗസ്ഥനോ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1022. ഖണ്ഡം 19-ൽ " ബോർഡിനെ സഹായിക്കുന്ന മറ്റ് ഏതെങ്കിലും ആളിനോ" എന്നതിന് പകരം "ബോർഡിലെ ഉദ്യോഗസ്ഥനോ ജീവനക്കാരനോ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1023. ഖണ്ഡം 19-ൽ " ആളിനോ" എന്ന വാക്കിനു മുൻപിലായി "ഉദ്യോഗസ്ഥനോ" എന്ന വാക്ക് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1019-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1021-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 1022-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1023-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>20-ാം വകുപ്പ്</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1027. ഖണ്ഡം 20-ൽ " അതതു സമയം" എന്ന വാക്കിന് പകരം "സമയാസമയം " എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1028. ഖണ്ഡം 20-ൽ " ബോർഡിന് " എന്ന വാക്കിനു പകരം "ബോർഡ് അനുവർത്തിക്കേണ്ടതായ പൊതു" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1029. ഖണ്ഡം 20-ൽ " ബോർഡ് " എന്ന വാക്കിനു പകരം "ക്ഷേമനിധി ബോർഡ് " എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1030. ഖണ്ഡം 20-ൽ " ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ് " എന്ന വാക്കിനു പകരം "ചുമതലപ്പെട്ടവരുമാണ് " എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1027-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1028-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1029-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 1030-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>21-ാം വകുപ്പ്</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1033. ഖണ്ഡം 21(1)-ൽ "ഏതു സമയത്തും" എന്നീ വാക്കുകൾക്കു മുൻപായി "ആവശ്യമാകുന്ന പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1034. ഖണ്ഡം 21(1)-ൽ "ഗവൺമെന്റ്" എന്ന വാക്കിനു ശേഷം"ജോയിന്റ്" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1035.ഖണ്ഡം 21(1)-ൽ "ഗവൺമെന്റ്" എന്നതിനു ശേഷം "അഡീഷണൽ" എന്ന് ചേർക്കുക.

1042.ഖണ്ഡം 21(2)-ൽ "വിവരങ്ങളും" എന്നതിനു മുൻപ് "ആവശ്യമായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1038. ഖണ്ഡം 21(2)-ൽ

(i) "ആവശ്യപ്പെടുന്ന" എന്നതിനു പകരം "ആവശ്യപ്പെടുമ്പോൾ" എന്ന് ചേർക്കുക.

(ii) "നൽകുകയും ചെയ്യേണ്ടതുമാണ്" എന്നതിനു പകരം "ലഭ്യമാക്കേണ്ടതുമാണ്" എന്നത് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1033-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1034-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1035, 1042 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1038-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>22-ാം വകുപ്പ്</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1046. ഖണ്ഡം 22-ൽ

(i) "ആഡിറ്റ്" എന്ന് വരുന്നിടത്തെല്ലാം പകരം "ഓഡിറ്റ്" എന്നത് ചേർക്കുക.

(ii)"ആഡിറ്റർമാർ" എന്ന് വരുന്നിടത്തെല്ലാം പകരം "ഓഡിറ്റർമാർ" എന്നത് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1047. ഖണ്ഡം 22(2)-ൽ "സാമ്പത്തിക വർഷത്തിലും" എന്നതിന് പകരം "ആറു മാസത്തിലും" എന്ന് ചേർക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1048. ഖണ്ഡം 22(2)-ൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1049. ഖണ്ഡം 22(2)-ൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്ത് സർക്കാരിൽ റിപ്പോർട്ട് നൽകേണ്ടതാണ്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1046-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1047-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1048-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1049-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1051. ഖണ്ഡം 23-ൽ "ആഡിറ്റ്" എന്ന് വരുന്നിടത്തെല്ലാം പകരം "ഓഡിറ്റ്" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1053. ഖണ്ഡം 23(1)-ൽ "ആഫീസർ" എന്ന വാക്കിനു പകരം "ഓഫീസർ" എന്ന വാക്ക് ചേർക്കുക.

1057. ഖണ്ഡം 23(2)-ൽ "മുമ്പാകെ" എന്ന വാക്കിനു ശേഷം "തൊട്ടടുത്ത സമ്മേളനത്തിൽ തന്നെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1054. ഖണ്ഡം 23(1)-ൽ "ജൂലൈ 31" എന്നത് "മെയ് 1" എന്നാക്കുക.

ശ്രീ. എം. ഉമ്മർ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1055. ഖണ്ഡം 23(1)-ൽ "31-ാം" എന്നതിനു പകരം "30-ാം" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1056. ഖണ്ഡം 23(2)-ൽ "സ്റ്റേറ്റ്മെന്റ് സഹിതം" എന്നീ വാക്കുകൾക്കുശേഷം "യഥാസമയങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1053-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1053-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1051-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1057-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 1054-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1055-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1056-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1060. ഖണ്ഡം 24-ൽ "ആഫീസറോ" എന്ന വാക്കിനു പകരം "ഓഫീസറോ" എന്ന വാക്ക് ചേർക്കുക.

1061. ഖണ്ഡം 24-ൽ "ആഫീസറോ" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

1063. ഖണ്ഡം 24-ൽ "സംഗതി" എന്ന വാക്കിന് ശേഷം "പരിഗണിക്കുവാനോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1062. ഖണ്ഡം 24-ൽ "ഉദ്യോഗസ്ഥനോ" എന്നതിനു ശേഷം "അതതു സംഗതി പോലെ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 1058-ാം നമ്പർ ഭേദഗതിയുമുണ്ട്.

മി. സ്പീക്കർ: അത് വകുപ്പ് നീക്കം ചെയ്യാനുള്ള ഭേദഗതിയായതിനാൽ ക്രമപ്രകാരമല്ല. 1067-ാം നമ്പർ ഭേദഗതി 1064-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1060-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1060-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1061, 1063 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ്ബ് അവതരിപ്പിച്ച 1062-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 25-ാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1068. ഖണ്ഡം 25-ൽ "അന്വേഷണത്തിന്റെ" എന്ന വാക്കിന് പകരം"അന്വേഷണത്തിന്റെയും തെളിവെടുപ്പിന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1069. ഖണ്ഡം 25-ൽ "അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി" എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1070. ഖണ്ഡം 25(എ)-ൽ "സത്യപ്രതിജ്ഞയിന്മേൽ" എന്നവാക്ക് ഒഴിവാക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1068-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1069-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1070-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26-ാം വകുപ്പ്</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1071. ഖണ്ഡം 26(1)-ൽ "വൈഷമ്യം" എന്ന വാക്കിനുപകരം"ബുദ്ധിമുട്ട്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1072. ഖണ്ഡം 26(1)-ൽ "ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം" എന്നീ വാക്കുകൾക്ക് പകരം "വിജ്ഞാപനം വഴി" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1075. ഖണ്ഡം 26(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ട് വർഷത്തിനുശേഷം" എന്നതിനുപകരം "മൂന്ന് വർഷത്തിന് ശേഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1071-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1072-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1075-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1076. ഖണ്ഡം 27(1)-ൽ "വിജ്ഞാപനംവഴി" എന്നത് "ഗസറ്റ് വിജ്ഞാപനംവഴി" എന്നാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1077. ഖണ്ഡം 27(1)-ൽ "നടപ്പിലാക്കുന്നതിനായി" എന്നവാക്കിനുപകരം "നടപ്പിലാക്കുന്നതിനു വേണ്ടി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1079. ഖണ്ഡം 27(1)-ൽ "പിൽക്കാല പ്രാബല്യത്തോടെയോ" എന്നീ വാക്കുകൾക്ക് ശേഷം "ഉടൻ പ്രാബല്യത്തിലോ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി.പി. സജീന്ദ്രൻ അവതരിപ്പിച്ച 1076-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1077-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1079-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28-ാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1080. ഖണ്ഡം 28 (2) -ൽ "കാര്യമോ" എന്ന വാക്കിനു ശേഷം "കാര്യങ്ങളോ" എന്നും "നടപടിയോ" എന്ന വാക്കിനു ശേഷം "നടപടികളോ" എന്നും ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1081. ഖണ്ഡം 28 (2) -ൽ "ചെയ്തതായോ എടുത്തതായോ" എന്നീ വാക്കുകൾക്കു പകരം "വന്നതായി" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1080-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1081-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

ശ്രീ. പി. വി. അൻവർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1082. പട്ടികയിൽ, ക്രമ നം. 1 താഴെപ്പറയും പ്രകാരം മാറ്റുക:

"1. നിധിയുടെ വിനിയോഗം"

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1083. പട്ടികയിൽ, ക്രമ നം. 5-ൽ "ആഫീസറുടെ" എന്ന വാക്കിനു പകരം " ഓഫീസറുടെ " എന്ന വാക്ക് ചേർക്കുക.

1092. പട്ടികയിൽ, ക്രമനമ്പർ 15-നുശേഷം ക്രമനമ്പർ 16 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

“ 16. നിധിയുടെ ആവശ്യങ്ങൾക്ക് പണം കടം വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കൽ."

1093. പട്ടികയിൽ, ക്രമനമ്പർ 16-നുശേഷം ക്രമനമ്പർ 17 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

“ 17. ബോർഡിന്റെ ഏതെല്ലാം ഭരണ ചെലവുകൾ നിധിയിൽ നിന്നും വഹിക്കാമെന്നും.”

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1084. പട്ടികയിൽ, ക്രമ നമ്പർ 6-ൽ "കണക്കുകൾ" എന്നതിനു പകരം "കണക്കുകളും, കണക്കുപുസ്തകങ്ങളും" എന്നത് ചേർക്കുക.

1085. പട്ടികയിൽ, ക്രമ നമ്പർ 6-ൽ "ആഡിറ്റ്" എന്നതിനു പകരം "ഓഡിറ്റ് " എന്നത് ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1086. പട്ടികയിൽ, ക്രമ നമ്പർ 9-ൽ "റദ്ദാക്കലും" എന്നത് നീക്കം ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1087. പട്ടികയിൽ, ക്രമനമ്പർ 10-ൽ "വച്ചുപോരേണ്ടതായ" എന്നതിനു പകരം "സൂക്ഷിക്കേണ്ടതായ" എന്ന് ചേർക്കുക.

1091. പട്ടികയിൽ, ക്രമനമ്പർ 14 ഒഴിവാക്കിയ ശേഷം ശേഷിക്കുന്നവ

പുനരക്കം ചെയ്യുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1088. പട്ടികയിൽ, ക്രമനമ്പർ 10-ൽ "വച്ചുപോരേണ്ടതായ" എന്ന വാക്കിനു പകരം "സൂക്ഷിച്ചു പോരേണ്ടതായ" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1083-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1083-ാം നമ്പർ സഭ അംഗീകരിച്ചു.

ശ്രീ. പി. വി. അൻവർ അവതരിപ്പിച്ച 1082-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1092,1093 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1084, 1085 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1086-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1087, 1091 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1088-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

115. ദീർഘ ശീർഷകത്തിൽ "സംസ്ഥാനത്തെ" എന്ന വാക്കിനു മുൻപായി "കേരള" എന്ന് ചേർക്കുക.

142. ദീർഘ ശീർഷകത്തിൽ "നൽകുന്നതിനായും" എന്നതിനു പകരം "നൽകുന്നതിനും " എന്ന് ചേർക്കുക

165. പീഠികയിൽ "സംസ്ഥാനത്തെ" എന്ന വാക്കിനു മുൻപായി "കേരള" എന്ന വാക്ക് ചേർക്കുക.

183. പീഠികയിൽ "നൽകുന്നതിനായും" എന്നതിനു പകരം "നൽകുന്നതിനും" എന്ന് ചേർക്കുക.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. ദീർഘ ശീർഷകത്തിൽ "സംസ്ഥാനത്തെ മദ്രസ്സാദ്ധ്യാപകരുടെ" എന്നതിന് പകരം "കേരളത്തിലെ മദ്രസ്സാദ്ധ്യാപകരുടെ" എന്ന്ചേർക്കുക.

132. ദീർഘ ശീർഷകത്തിൽ "സംസ്ഥാനത്തെ മദ്രസ്സാദ്ധ്യാപകരുടെ" എന്നതിന് പകരം "മദ്റസ അധ്യാപകരുടെ" എന്ന് ചേർക്കുക.

140. ദീർഘ ശീർഷകത്തിൽ "മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനായും" എന്നതിനു ശേഷം വരുന്ന "അവർക്ക് " എന്ന വാക്ക് ഒഴിവാക്കുക.

149. ദീർഘ ശീർഷകത്തിൽ "മറ്റ് കാര്യങ്ങൾക്കും" എന്ന വാക്കിനു പകരം "ക്ഷേമ പ്രവർത്തനങ്ങൾക്കും " എന്ന് ചേർക്കുക.

162. ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക :"കേരളത്തിലെ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനും,പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ടതോ ആനുഷംഗിക മായതോ ആയ മറ്റ് കാര്യങ്ങൾക്കായി ഒരു ക്ഷേമനിധി രൂപീകരി ക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ബിൽ".

178. പീഠികയിൽ "ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും" എന്നതിനു പകരം "ക്ഷേമത്തിനും, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ" എന്ന് ചേർക്കുക.

186. പീഠികയിൽ "നൽകുന്നതിനായും" എന്ന വാക്കിനു പകരം "നൽകുന്നതിനും" എന്ന് ചേർക്കുക.

190. പീഠികയിൽ "നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും" എന്നതിന് പകരം "നൽകുന്നതിനും ബന്ധപ്പെട്ട ആനുഷംഗികമായ കാര്യങ്ങൾക്കും" എന്ന് ചേർക്കുക.

209. പീഠികയിൽ "രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "രൂപീകരിക്കുന്നത് ആവശ്യമായിരിക്കയാൽ" എന്ന് ചേർക്കുക.

226. ഖണ്ഡം 1(1)-ൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്നത് ചേർക്കുക.

231. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ഈ ആക്റ്റിന് 2019-ലെ കേരള സംസ്ഥാന മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം" .

252. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് നിയമസഭ പാസ്സാക്കി ഗവർണ്ണർ ഒപ്പ് വയ്ക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ് ".

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

103. ശീർഷകത്തിൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

107. ശീർഷകത്തിൽ "മദ്രസ്സാദ്ധ്യാപക" എന്നതിനു പകരം "മദ്റസ അധ്യാപക" എന്ന് ചേർക്കുക.

126. ദീർഘ ശീർഷകത്തിൽ "സംസ്ഥാനത്തെ മദ്രസ്സാദ്ധ്യാപകരുടെ" എന്നതിന് പകരം "കേരളത്തിലെ മദ്രസ്സാദ്ധ്യാപകരുടെ" എന്ന് ചേർക്കുക.

133. ദീർഘ ശീർഷകത്തിൽ "മദ്രസ്സാദ്ധ്യാപകരുടെ" എന്നതിന് പകരം "മദ്റസ അധ്യാപകരുടെ" എന്ന് ചേർക്കുക.

154. ദീർഘ ശീർഷകത്തിൽ "ചെയ്യുന്നതിനുള്ള" എന്ന വാക്കിനു പകരം "ചെയ്യുന്നതിനായുള്ള " എന്ന വാക്ക് ചേർക്കുക.

161. ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക :

"കേരളത്തിലെ മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനും, പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ബിൽ".

167. പീഠികയിൽ "സംസ്ഥാനത്തെ" എന്ന വാക്കിനു മുമ്പിൽ "കേരള" എന്ന വാക്ക് ചേർക്കുക.

177. പീഠികയിൽ "ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും" എന്നതിനു പകരം "ക്ഷേമത്തിനും, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾ" എന്ന് ചേർക്കുക.

189. പീഠികയിൽ "നൽകുന്നതിനായും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും " എന്നതിനു പകരം "നൽകുന്നതിനും ബന്ധപ്പെട്ട ആനുഷംഗികമായ കാര്യങ്ങൾക്കും" എന്ന് ചേർക്കുക.

215. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിനു പകരം "ആവശ്യമായിരിക്കയാൽ" എന്ന വാക്ക് ചേർക്കുക.

216. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "ഉചിതമായിരിക്കുകയാൽ" എന്ന വാക്ക് ചേർക്കുക.

221. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "ആവശ്യമാകയാൽ" എന്ന വാക്ക് ചേർക്കുക.

228. ഖണ്ഡം 1(1)-ൽ "ആക്റ്റ് " എന്ന വാക്കിന് പകരം "നിയമം" എന്ന വാക്ക് ചേർക്കുക.

232. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ഈ ആക്റ്റിന് 2019-ലെ കേരള സംസ്ഥാന മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

234. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക.

" (2) ഇതിനു കേരള സംസ്ഥാനത്ത് ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്".

238. ഖണ്ഡം 1(2)-ൽ "2018 സെപ്റ്റംബർ 4-ാം തീയതി" എന്നതിനു പകരം "ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ" എന്നാക്കി മാറ്റുക.

256. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്" .

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. ദീർഘ ശീർഷകത്തിൽ "സംസ്ഥാനത്തെ" എന്ന വാക്കിന് മുൻപിൽ "കേരള" എന്ന വാക്ക് ചേർക്കുക.

150. ദീർഘ ശീർഷകത്തിൽ "വേണ്ടി" എന്ന വാക്കിന് ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

164. പീഠികയിൽ "സംസ്ഥാനത്തെ" എന്ന വാക്കിന് മുമ്പിൽ "കേരള" എന്ന വാക്ക് ചേർക്കുക.

206. പീഠികയിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

241. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്കിന് ശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. ദീർഘ ശീർഷകത്തിൽ "ഒരു" എന്ന വാക്ക് വരുന്നിടത്തെല്ലാം ഒഴിവാക്കുക.

207. പീഠികയിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

242. ഖണ്ഡം 1(2)-ൽ "തീയതി" എന്ന വാക്കിന് ശേഷം "മുതൽ " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ "മദ്രസ്സാദ്ധ്യാപക" എന്നതിനു പകരം "മദ്റസ അധ്യാപക" എന്ന് ചേർക്കുക.

117. ദീർഘ ശീർഷകത്തിൽ "സംസ്ഥാനത്തെ" എന്ന വാക്കിനു മുമ്പിൽ "കേരള" എന്ന വാക്ക് ചേർക്കുക.

136. ദീർഘ ശീർഷകത്തിൽ "മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനായും" എന്ന വാക്കുകൾക്ക് പകരം "മദ്രസ്സാധ്യാപകരുടെ ദീർഘകാല ക്ഷേമത്തിനായും" എന്ന വാക്കുകൾ ചേർക്കുക.

138. ദീർഘ ശീർഷകത്തിൽ "മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമത്തിനായും" എന്ന വാക്കുകൾക്കു ശേഷം വരുന്ന "അവർക്ക്" എന്ന വാക്ക് ഒഴിവാക്കുക.

145. ദീർഘ ശീർഷകത്തിൽ "നൽകുന്നതിനായും" എന്ന വാക്കിനു പകരം "നൽകുന്നതിനും " എന്നത് ചേർക്കുക.

151. ദീർഘ ശീർഷകത്തിൽ "ചെയ്യുന്നതിനുള്ള" എന്ന വാക്കിനു ശേഷം "ഒരു" എന്നത് ഒഴിവാക്കുക.

166. പീഠികയിൽ "സംസ്ഥാനത്തെ" എന്ന വാക്കിനു മുമ്പിൽ "കേരള" എന്ന വാക്ക് ചേർക്കുക.

169. പീഠികയിൽ "മദ്രസ്സാദ്ധ്യാപകരുടെ" എന്ന വാക്കിനു ശേഷം "ദീർഘകാല " എന്ന വാക്ക് ചേർക്കുക.

173. പീഠികയിൽ "മദ്രസ്സാദ്ധ്യാപകരുടെ" എന്ന വാക്കിനു പകരം "മദ്റസ അധ്യാപകരുടെ " എന്ന് ചേർക്കുക.

184. പീഠികയിൽ "നൽകുന്നതിനായും" എന്ന വാക്കിനു പകരം "നൽകുന്നതിനും" എന്ന് ചേർക്കുക.

201. പീഠികയിൽ "മറ്റ് കാര്യങ്ങൾക്കും" എന്ന വാക്കിനു പകരം "ക്ഷേമപ്രവർത്തനങ്ങൾക്കും" എന്ന് ചേർക്കുക.

218. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "ഉചിതമായിരിക്കുകയാൽ" എന്ന വാക്ക് ചേർക്കുക.

235. ഖണ്ഡം 1(2)-ൽ "2018 സെപ്റ്റംബർ 4-ാം" എന്നതിനു പകരം "2019 ജനുവരി 1-ാം" എന്നത് ചേർക്കുക.

240. ഖണ്ഡം 1(2)-ൽ "2018 സെപ്റ്റംബർ 4-ാം തീയതി" എന്നതിനു പകരം "ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ" എന്നാക്കി മാറ്റുക.

244. ഖണ്ഡം 1(2)-ൽ "പ്രാബല്യത്തിൽ" എന്നതിനു പകരം "നിലവിൽ " എന്നു ചേർക്കുക.

247. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനു പകരം "കണക്കാക്കപ്പെടേണ്ടതാണ് " എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

208. പീഠികയിൽ "ഒരു ക്ഷേമനിധി" എന്നതിനു ശേഷം "ബോർഡ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

223. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്ന വാക്കിന് പകരം "ഇനിപ്പറയും" എന്ന വാക്ക് ചേർക്കുക.

250.ഖണ്ഡം 1(2) താഴെപ്പറയുന്ന രീതിയിൽ മാറ്റുക.

" (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 115, 142, 165, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. സി. കമറുദ്ദീൻ അവതരിപ്പിച്ച 127, 132, 140, 149, 162, 178, 186, 190, 209, 226, 231, 252 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 103, 107, 126, 133, 154, 161, 167, 177, 189, 215, 216, 221, 228, 232, 234,238, 256 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 116, 150, 164, 206, 241 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 155, 207, 242 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 117, 136, 138, 145, 151, 166, 169, 173, 184, 201, 218, 235, 240, 244, 247 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 223, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ... ശ്രീ. അൻവർ സാദത്ത്, ബില്ലിന്റെ മൂന്നാം വായന സമയത്ത് എന്താണ് സീറ്റിൽ ഇരിക്കാത്തത്? (...ബഹളം...) ഈ അജണ്ട പൂർത്തീകരിച്ചതിനുശേഷം പറയാം.

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, നമ്മുടെ സഹപ്രവർത്തകനായ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യ്ക്ക് കെ.എസ്.യു. മാർച്ചിനിടെ പോലീസ് അതിക്രമത്തിൽ തലയ്ക്ക് പരിക്കുപറ്റി ചോര വാർന്നൊലിച്ചിട്ടും ആശുപത്രിയിൽപോലും കൊണ്ടുപോകാതെ നിൽക്കുകയാണ്....(ബഹളം)... അങ്ങയുടെ സംരക്ഷണം ലഭിക്കേണ്ട ഒരാളാണ് അദ്ദേഹം.

മി. സ്പീക്കർ: അദ്ദേഹം എവിടെയാണുള്ളത്? ......(ബഹളം)..... ബഹുമാന്യനായ ഡോ. എം. കെ. മുനീർ സംസാരിക്കട്ടെ, അങ്ങ് ആവശ്യപ്പെടുന്നത് എന്താണെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മറുപടി പറയും. ...(ബഹളം)... നിങ്ങൾ ക്ഷമിക്കു... അദ്ദേഹം പറയട്ടെ, അതിൽ ഗവൺമെന്റ് നടപടിയുണ്ടാകും.

ഡോ. എം. കെ. മുനീർ: സർ, അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ഈ വിഷയത്തിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കും. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മന്ത്രി സംസാരിക്കും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വിഷയമെന്താണെന്ന് മനസ്സിലായിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പരിശോധിച്ച് കർശന നടപടി സ്വീകരിക്കും.....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ഇപ്പോൾ അതല്ലേ പറയാൻ പറ്റൂ. ഇക്കാര്യത്തിൽ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുമെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. ടി. തോമസ്: ഇന്ന് കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത്തിന്റെ നേതൃത്വത്തിൽ, കേരളത്തിലെ സർവ്വകലാശാലകളിലെ മാർക്ക് തട്ടിപ്പിനെതിരെയും പി.എസ്.സി. പരീക്ഷയിലെ ക്രമക്കേടുകൾക്കെതിരെയും വാളയാർ സഹോദരിമാരുടെ ദാരുണമായ സംഭവത്തിലും പ്രതിഷേധിച്ച് നിയമസഭാ മാർച്ചുണ്ടായിരുന്നു. ആ മാർച്ച് എളിയവനായ ഞാനാണ് ഉദ്ഘാടനം ചെയ്തത്. ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. എസ് ശബരീനാഥൻ എന്നീ യുവ എം.എൽ.എ.-മാർ ആ പരിപാടിയിൽ പങ്കെടുത്തിരുന്നു. അവിടെ പ്രസംഗിച്ചശേഷം മടങ്ങാൻ തുടങ്ങുന്ന ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ പോലീസ് ക്രൂരമായി മർദ്ദിച്ചു. അദ്ദേഹത്തിന്റെ തല പൊട്ടിയിട്ടുണ്ട്. കെ. എം. അഭിജിത്തിന് ഗുരുതരമായ പരിക്കേറ്റിട്ടുണ്ട്. എന്നിട്ടും അവരെ നന്ദാവനം പോലീസ് ക്യാമ്പിലേയ്ക്കാണ് കൊണ്ടുപോയത്. ഒരു എം.എൽ.എ.-യ്ക്ക് മർദ്ദനമേറ്റാൽ നന്ദാവനം പോലീസ് ക്യാമ്പിലേയ്ക്കാണോ കൊണ്ടുപോകേണ്ടത്?

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. ഗവൺമെന്റിന്റെ അഭിപ്രായം മന്ത്രി വ്യക്തമാക്കിയല്ലോ, ഗവൺമെന്റ് അന്വേഷിച്ച് ആവശ്യമായ ശക്തമായ നടപടി സ്വീകരിക്കും. അതിനുള്ള നിർദ്ദേശം പോയിക്കഴിഞ്ഞു. ....(ബഹളം)... സഭ നടക്കട്ടെ...... ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കാര്യങ്ങൾ സൂചിപ്പിച്ചു, വളരെ പോസിറ്റീവായി ഗവൺമെന്റിനുവേണ്ടി മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു....

## (ii) 2019 -ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എം. കെ. മുനീർ: സർ, ചെയർ ഇടപെട്ട് പരിക്കേറ്റ എം.എൽ.എ.-യെ ഉടനെ ആശുപത്രിയിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഞങ്ങളുടെ സഹപ്രവർത്തകനുണ്ടായ ഈ സംഭവത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഇല്ല.

മി. സ്പീക്കർ: 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ശ്രീ. ടി. എ. അഹമ്മദ് കബീർ, ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നീ അംഗങ്ങൾ സഭയിലില്ല.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പി. ടി. എ. റഹീം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് എഴുതിത്തള്ളാവുന്ന കാർഷിക കടങ്ങളുടെ പരിധി നിലവിൽ ഒരു ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപവരെയാണ്. അത് 2 ലക്ഷം രൂപയായി ഉയർത്തണമെന്നുള്ളതാണ് ഈ ഭേദഗതി. ഈ ഭേദഗതിയെ ആരും എതിർക്കുമെന്ന് തോന്നുന്നില്ല. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കർഷകർക്ക് കിട്ടുന്ന ഏറ്റവും വലിയ സമാശ്വാസമാണ് ഈ നടപടി. പരിധി ഉയർത്തുന്നതോടെ കടാശ്വാസ കമ്മീഷൻ നിർദ്ദേശിക്കുന്ന മുറയ്ക്ക് 2 ലക്ഷം രൂപവരെയുള്ള കാർഷിക കടങ്ങൾ സംസ്ഥാന സർക്കാരിന് ഏറ്റെടുക്കാൻ കഴിയുമെന്ന വ്യവസ്ഥയുണ്ട്.

മി. സ്പീക്കർ: സഭ നടക്കുമ്പോൾ ദയവായി സീറ്റിലിരിക്കണം. സീറ്റിലിരിക്കാൻ ബുദ്ധിമുട്ടുള്ളവർ പുറത്ത് പോകണം.

ശ്രീ. പി. ടി. എ. റഹീം: സർ, ഇതുവരെ സർക്കാരിന് ഇക്കാര്യത്തിൽ വരുമായിരുന്ന ചെലവ് 20 കോടി രൂപയായിരുന്നെങ്കിൽ ഇപ്പോഴത് 47 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇപ്പോഴത്തെ സന്ദിഗ്ദ്ധഘട്ടത്തിലും സർക്കാർ ഇത്തരമൊരു നിയമനിർമ്മാണവുമായി മുന്നോട്ടുവന്നത് സ്വാഗതാർഹമാണെന്ന് സൂചിപ്പിക്കുകയാണ്. കാർഷികകടം എന്നാൽ എന്താണെന്നുള്ളതു സംബന്ധിച്ച് പലരും പല അർത്ഥമാണ് കാണുന്നത്. കർഷകരെടുക്കുന്ന എല്ലാത്തരം വായ്പയും കാർഷിക കടമാണെന്ന കാര്യം നേരത്തേതന്നെ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പല ബാങ്കുകാർക്കും ഇപ്പോഴും വ്യക്തത വന്നിട്ടില്ല. ധാരാളം വികസന പ്രവർത്തനങ്ങളും ജനോപകാര പ്രദമായ നടപടികളുമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിന് മറയിടാൻവേണ്ടിയാണ് ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് പ്രതിപക്ഷം ആരോപണങ്ങൾ ഉന്നയിക്കുന്നത്. മാത്രമല്ല ചില പത്രക്കാരെ കൂട്ടുപിടിച്ചുകൊണ്ട് വാർത്തകൾ സൃഷ്ടിക്കുകയാണ്. കോഴിക്കോട് നിന്നും സി.പി.ഐ. (എം) നേതാവ് എന്തോ പറഞ്ഞുവെന്നുള്ള വാർത്തകൾ സ്വയം സൃഷ്ടിക്കുകയാണ്; അത്തരം വാർത്തകൾക്ക് മുകളിൽ ചർച്ചകൾ നടക്കുകയാണ്. കിഫ്ബിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നില്ല, യഥാർത്ഥത്തിൽ ഓഡിറ്റ് ചെയ്യാൻ സമ്മതിക്കുന്നില്ല എന്നുമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഓഡിറ്റുമായി ബന്ധപ്പെട്ട് Comptroller and Auditor General-Duties and Powers എന്നുപറഞ്ഞുകൊണ്ട് Act No.56 of 1971-പ്രകാരമാണ് സി. & എ. ജി കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത്. സർക്കാരിന്റെ തദ്ദേശഭരണ സ്ഥാപനങ്ങളുടേതുൾപ്പെടെ എല്ലാ കണക്കുകളും ഓഡിറ്റ് ചെയ്യാനുള്ള അവകാശവും അധികാരവും ഭരണഘടനാനുസൃതമായും നിയമാനുസൃതമായും ഓഡിറ്റർ ജനറലിനുണ്ട്. അതുകൊണ്ട് കിഫ്ബിയിലെ കണക്കും കൃത്യമായി ഓഡിറ്റ് ചെയ്യുന്നുണ്ട്. അത് സെക്ഷൻ 14 (1) പ്രകാരമാണ് ഓഡിറ്റ് ചെയ്യുന്നത്. അത് വളരെ വ്യക്തമായിത്തന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. ഏത് രീതിയിലുള്ള പരിശോധനയും നടത്താൻ 14-ാം വകുപ്പ് അനുവാദം നൽകുന്നുണ്ട്. പക്ഷെ, പുകമറ സൃഷ്ടിക്കാൻവേണ്ടി 20(2) പ്രകാരമാണ് ഓഡിറ്റ് നടത്തേണ്ടതെന്നാണ് ചില ആളുകൾ വാദിച്ചുകണ്ടത്. 'The audit of the accounts of which has not been entrusted to him by law'. 20 (2) വരണമെങ്കിൽ, മറ്റൊരു നിലയ്ക്കും ഓഡിറ്റർ ജനറലിന് പരിശോധിക്കാൻ അർഹതയില്ലാത്ത കണക്കുകളുടെ കാര്യത്തിൽ വേണമെങ്കിൽ, " The Comptroller and Auditor-

General may propose to the President or the Governor of a State" എന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ഇല്ലാത്തൊരു കാര്യം പറഞ്ഞുകൊണ്ട്, 20 (2) ആണെന്ന് പറഞ്ഞ് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കിഫ്ബിക്കെതിരായി അനാവശ്യമായ പ്രചണ്ഡ പ്രചാരവേലകളും പുകമറകളും സൃഷ്ടിക്കാനുള്ള ശ്രമത്തിലാണിവർ. ഇതിന്റെ ഭാഗമായി ഒരുപാട് കാര്യങ്ങൾ ഈ വിഷയത്തിൽ പറയാം. പക്ഷേ ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഒരുപാട് വിഷയങ്ങളിൽ, ഈ ഗവൺമെന്റിന്റെ പുരോഗമനപരമായ പ്രവർത്തനങ്ങൾ, വികസന പ്രവർത്തനങ്ങൾ ഇതിലൊന്നും മറുപടി പറയാനില്ലാത്തതുകൊണ്ട് ചില പത്രക്കാരെ കൂട്ടുപിടിച്ച് വാർത്തകൾ സൃഷ്ടിക്കുകയും അതിനുമുകളിൽ വലിയ ചാനൽ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അത് വളരെ വ്യക്തമായിത്തന്നെ കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ ജനങ്ങൾ മനസ്സിലാക്കിയിട്ടുള്ളതാണെന്നുമാത്രം സൂചിപ്പിച്ചു കൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജിമോൾ)

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കർഷക കടാശ്വാസ കമ്മീഷൻ എന്ന കർഷകപക്ഷ നിലപാട് സ്വീകരിച്ചത് 2006-ലെ വി. എസ്. ഗവൺമെന്റാണ്. ആ ഗവൺമെന്റ് അങ്ങനെയൊരു കടാശ്വാസ തീരുമാനം കൈക്കൊള്ളുന്നതിന് ന്യായമായ ചില കാരണങ്ങൾ രാജ്യത്തൊട്ടാകെ വളർന്നുവന്നിരുന്നു. ഒരുപക്ഷെ അതിന് തൊട്ടുമുമ്പ് പുതിയ സാമ്പത്തിക നയത്തിലേയ്ക്ക് രാജ്യം പോകുമ്പോൾ ഒട്ടും പരിഗണിക്കപ്പെടാതെ പോയത് ഇന്ത്യയിലെ ഒരു വിഭാഗം ദരിദ്രകർഷകരായിരുന്നു. അവരാണ് ഇന്ത്യൻ ജനസംഖ്യയിൽ മഹാഭൂരിപക്ഷം അന്നുമിന്നുമുള്ളത്. ആ മേഖലയിൽ വന്നുപെട്ട പ്രശ്നങ്ങൾകൊണ്ട് 1996-മുതൽ കർഷകരുടെ ആത്മഹത്യ രാജ്യത്ത് ചെറുതായി തുടങ്ങിയിരുന്നു. അത് 2003-ഓടുകൂടി നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത അളവിലേയ്ക്ക്, ദരിദ്രകർഷകരുടെ ജീവിതം ദുസ്സഹമായ സാഹചര്യത്തിൽ ജീവിക്കാൻ നിവൃത്തിയില്ലാതെ മാനം കാക്കാൻവേണ്ടി പ്രാണൻ കൊടുക്കാൻ ഇന്ത്യയിലെ കർഷകർ തീരുമാനിച്ചു. ഒരു നയമാണ് അതിന് കാരണമായത്. ആ നയം സ്വീകരിച്ചത് ആദ്യം കോൺഗ്രസ്സ് ഗവൺമെന്റാണ്. അതിനുശേഷം വന്ന ബി. ജെ. പി. ഗവൺമെന്റും ഇപ്പോഴുള്ള ബി.ജെ.പി. ഗവൺമെന്റും ആ നയം

തുടരുകയാണ്. അതുകൊണ്ടുതന്നെ രാജ്യത്തെ പ്രശ്നങ്ങൾ അവസാനിക്കുന്നില്ല. കർഷകർ ഇപ്പോഴും അവർക്ക് ജീവിക്കാൻ പറ്റാത്തത്രയും വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ സമയത്താണ് യു.ഡി.എഫ്. ഭരണകാലത്ത് 2001 മുതൽ 2006-വരെ കേരളത്തിൽ കർഷക ആത്മഹത്യകൾ ആരംഭിക്കുകയും അത് വളരുകയും ചെയ്തത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലെത്തുമ്പോൾ, എത്ര കർഷകർ കേരളത്തിൽ ആത്മഹത്യ ചെയ്തുവെന്നതിന്റെ കണക്കുപോലുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യ ക്യാബിനറ്റ് തീരുമാനിച്ചത്, ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾ നേരിടുന്ന കടം എഴുതിത്തള്ളുക എന്നതായിരുന്നു. പക്ഷെ, അതിന്റെ മുന്നിലുള്ള ഏറ്റവും വലിയ പ്രതിസന്ധി ആരൊക്കെയാണ് ആദ്യം ആത്മഹത്യ ചെയ്തത് എന്നതിന്റെ കൃത്യമായ കണക്കുണ്ടായിരുന്നില്ല എന്നതാണ്. എന്റെ ഓർമ്മയിൽ റവന്യൂ വകുപ്പിന്റെ കയ്യിലുണ്ടായിരുന്ന കണക്ക് 256 ആണ്. കേന്ദ്രം ആവശ്യപ്പെട്ടപ്പോൾ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്ത കണക്ക് 200-ൽ താഴെയാണ്, എന്റെ ഓർമ്മയിൽ 198 ആണ്. കണക്ക് വേണമെങ്കിൽ പരിശോധിക്കാം. കടം എഴുതിത്തള്ളുമെന്ന് എൽ.ഡി.എഫ്. തീരുമാനിച്ചപ്പോൾ വന്ന ആദ്യത്തെ പ്രതിസന്ധി കർഷക ആത്മഹത്യ എന്ന നിലയിൽ മരണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലെന്നതാണ്. അങ്ങനെയാണ് എൽ.ഡി.എഫ്.-ന്റെ ആദ്യ ക്യാബിനറ്റ് ഇത് അന്വേഷിക്കുന്നതിന് തീരുമാനിച്ചത്. അതിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടന്നത് വയനാടായിരുന്നു. അപ്പോൾ വയനാടിൽത്തന്നെ 500-ഓളം കർഷകർ ആത്മഹത്യ ചെയ്തുവെന്നാണ് പത്രവാർത്തകളിലും മാധ്യമങ്ങളിലൂടെയും വന്നത്. പക്ഷെ കൃത്യമായി കർഷക ആത്മഹത്യയ്ക്ക് രേഖയുണ്ടായിരുന്നില്ല. അങ്ങനെയാണ് കളക്ടറുടെ നേതൃത്വത്തിൽ കൃഷി ഓഫീസറും റവന്യൂ ഉദ്യോഗസ്ഥരുമെല്ലാംകൂടി ചേർന്ന് മരിച്ച കർഷകർ എത്രയാണെന്ന് കൃത്യമായി കണക്കെടുക്കാനുള്ളൊരു സംവിധാനം ആദ്യം ആരംഭിക്കുന്നത്. അത് ആ ഗവൺമെന്റിന്റെ ആദ്യ ക്യാബിനറ്റ് തീരുമാനത്തോടുകൂടിയാണ്. ആ ഗവൺമെന്റിന്റെ ആദ്യ ബജറ്റിലാണ് കർഷക കടാശ്വാസ കമ്മീഷനെന്ന ആശയം രേഖപ്പെടുത്തുന്നത്. അങ്ങനെയാണ് 952 കർഷകരെ അന്വേഷണത്തിന്റെ കുഴിമാടങ്ങൾ തേടി നടന്ന് എണ്ണിത്തിട്ടപ്പെടുത്തിയത്. പോലീസ് പരിശോധനയും കളക്ടർമാരുടെയും കൃഷി, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും സംയുക്ത അന്വേഷണമൊക്കെ കൂടിയാണ് ഇത് രേഖപ്പെടുത്തിയത്. അത് രേഖപ്പെടുത്തിയതിനുശേഷമാണ് കടം എഴുതിത്തള്ളാൻ ഗവൺമെന്റ് തീരുമാനിച്ചത്. ആഗ്രഹിച്ചപ്പോഴും ആഗ്രഹിച്ച കാര്യം നടപ്പാക്കുമ്പോഴും രേഖകളില്ലായിരുന്നുവെന്നതാണ് ആദ്യത്തെ പ്രതിസന്ധി.

രണ്ടാമത്തെ പ്രതിസന്ധി വിദർഭ പാക്കേജാണ്. വിദർഭയിലാണ് ഏറ്റവും കൂടുതൽ ആത്മഹത്യ നടന്നത്. ആ പാക്കേജ് സൃഷ്ടിച്ചപ്പോൾ കേരളത്തിലെ നാലഞ്ച് ജില്ലകളെങ്കിലും അതിൽ വരണം. പത്തിലധികം ആളുകൾ ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ ന്യായമായൊരു സാമൂഹ്യ കാരണമുണ്ട്. നയമോ വിലത്തകർച്ചയോ വിളകളുടെ നാശമോ മറ്റേതെങ്കിലുമുണ്ടായിരുന്നു. പക്ഷേ കേരളത്തിൽ അങ്ങനെ രേഖപ്പെടുത്താത്തതുകൊണ്ടാണ് ഇടുക്കിയും ആലപ്പുഴയുമൊന്നും വരാതിരുന്നത്. കാരണം പത്തിലധികം ആളുകൾ ആത്മഹത്യ ചെയ്തുവെന്ന് രേഖപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടാണ് ആ ഗവൺമെന്റിന് ഇടുക്കി-കുട്ടനാട് പാക്കേജുകൾ കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകമായി ആവശ്യപ്പെട്ട് നേടിയെടുക്കേണ്ടിവന്നത്. ഒരു കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ഇറക്കുമതി നയംകൊണ്ടും കർഷകർക്ക് അനുകൂലമല്ലാത്ത നിലപാടുകൾ സ്വീകരിച്ചതുകൊണ്ടും റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് കേരളമൊഴികെ ഇന്ത്യയിലെ കർഷകർ ഇപ്പോഴും കടംവാങ്ങുന്നത് 60% പ്രൈവറ്റ് മണി ലെൻഡേഴ്സിൽ നിന്നാണ്. ഇത് ഇന്ത്യയിൽ ഇപ്പോഴുമുള്ള കണക്കാണ്. ഇടുക്കി-പാലക്കാട്-ജില്ലകളുടെ അതിർത്തി പ്രദേശങ്ങളിൽ ഇപ്പോഴും ചില പ്രശ്നങ്ങളുണ്ട്. ആ പ്രദേശങ്ങളൊഴികെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് കടംകിട്ടാനെങ്കിലും സാധ്യതയുള്ളത് കേരളത്തിൽ മാത്രമാണ്. മറ്റ് പഠനങ്ങളെല്ലാം പറയുന്നത്, ഇന്ത്യയിലെ കർഷകർ അവർക്ക് കിട്ടുന്ന വരുമാനത്തിന്റെ വലിയ പങ്ക് പ്രൈവറ്റ് മണി ലെൻഡേഴ്സിന് പലിശ കൊടുക്കുകയാണെന്നാണ്. ഇന്ത്യയിൽ ഇത്രയും കൊട്ടിഘോഷിക്കുന്ന ബാങ്കിംഗ് സംവിധാനങ്ങൾക്കുപോലും പണം കടംകൊടുക്കാൻ കഴിയുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഇറക്കുമതി നയത്തിന്റെ ഫലമാണെന്ന് അങ്ങ് പറഞ്ഞു. നമ്മൾ എത്ര ആശ്വാസം കൊടുത്താലും കൃഷിക്കാരന് വരുമാനമുണ്ടാകണം. എന്നാൽ മാത്രമേ ഇത് അടയ്ക്കാൻപറ്റുകയുള്ളൂ. ഇറക്കുമതി തന്നെയാണ് വരുമാന കമ്മിയുടെ കാരണം. ആസിയാൻ കരാറും ആർ.സി.ഇ.പി. കരാറും വന്നു. ഇപ്പോൾ ആർ.സി.ഇ.പി. കരാർ ഒപ്പിടില്ലെന്നു പറഞ്ഞു. പക്ഷേ എന്ത് ഫലമാണുണ്ടായതെന്നറിയാമോ? ചൈനയുമായുള്ള ബന്ധംകൊണ്ടാണ് ആർ.സി.ഇ.പി. കരാർ ഒപ്പിടില്ലെന്ന് പറഞ്ഞത്. പക്ഷേ അമേരിക്കയിൽ നിന്ന് ഡയറിയും കാർഷികോത്പ്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചു. ഫിലിപ്പൈൻസ്, മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള എല്ലാ ഉത്പ്പന്നങ്ങളുടെയും ഡ്യൂട്ടി കമ്മിയാണ്. ഇന്തോനേഷ്യയിൽ നിന്ന് നാളികേരം ഇറക്കുമതി ചെയ്തതിന്റെ ഫലമായി 23 രൂപയായിരുന്ന നാളികേരത്തിന് ഇന്നലെ 11 രൂപയായി ചുരുങ്ങി. പാമോയിലിന്റെ ഡ്യൂട്ടി എടുത്തുകളഞ്ഞു; മലേഷ്യയിൽനിന്ന് ഇറക്കുമതി ചെയ്തു. ഫിലിപ്പൈൻസിന്റെ

കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെയൊക്കെ വരികയാണ്. ഇത് തടയാത്തിടത്തോളംകാലം നമുക്ക് കൃഷിക്കാരനെ രക്ഷിക്കാൻ വലിയ പ്രയാസമാണ്.

ചൈനയോട് എതിർക്കാൻ അമേരിക്ക ചെയ്ത പണിയാണ് ആർ.സി.ഇ.പി. കരാർ. ഇറക്കുമതി നയത്തിൽ കേന്ദ്രഗവൺമെന്റ് മാറ്റം വരുത്താതെ അവരെ രക്ഷിക്കാൻ കഴിയില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, തീർച്ചയായും. പണം ആരും നശിപ്പിച്ച് കളയുകയില്ല. പക്ഷേ ഒരു നയംകൊണ്ട് സംഭവിക്കുന്നത്- കർഷകന്റെ കയ്യിലെത്താനുള്ള പണം വ്യവസായിയുടെ കയ്യിലേയ്ക്ക് പോകും. മാണി സാറിന്റെ കണക്കനുസരിച്ച് റബ്ബർ കർഷകന്റെ കയ്യിൽ കിട്ടേണ്ട പന്ത്രണ്ടായിരം കോടി രൂപ മൂന്നുവർഷംകൊണ്ട് ടയർ മുതലാളിമാരുടെ കയ്യിലേയ്ക്ക് പോയിട്ടുണ്ട്. ടയർ മുതലാളിമാർ 48 പേരാണ്. കേരളത്തിലെ കർഷകനു കിട്ടേണ്ട പണമാണ് റബ്ബറിന്റെ വിലത്തകർച്ച കാരണം കിട്ടാതായത്. ആ വിലത്തകർച്ചയുടെ മുഖ്യകാരണം ഇറക്കുമതി നയമാണ്. ഈ പണം കൈമാറ്റം ചെയ്യപ്പെടുമ്പോൾ, കയ്യിൽ കാശില്ലാത്ത ഒരു സമൂഹത്തിന് മിനിമം അന്തസ്സ് കാത്തുസൂക്ഷിച്ച് ജീവിക്കാൻ കഴിയാതാകും. ഇന്ത്യയിൽ ഒരുമിച്ച് പോരാടാൻ തയ്യാറായി നിൽക്കുന്ന ഒരു സമൂഹമല്ല കർഷകർ. തൊഴിലാളികൾ അങ്ങനെയല്ല, ഒരുമിച്ച് പോരാടാൻ തയ്യാറായി നിൽക്കുന്ന ഒരു സമൂഹമായി അവർ വളർന്നുവരും. പക്ഷേ കർഷകർ ഒരുമിച്ച് പോരാടാൻ തയ്യാറായി നിൽക്കുകയെന്നു പറഞ്ഞാൽ വളരെ പ്രയാസമാണ്. ഒരുമിച്ച് തയ്യാറായി പൊരുതാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്കുള്ള ഒരു മാർഗ്ഗമാണ് ആത്മഹത്യ. മാനം കാക്കാൻവേണ്ടി അവർ മരണത്തിലേയ്ക്ക് നടന്നുപോകുകയാണ്. അതിനുകാരണമായ നയം സ്വീകരിക്കുന്നത് കേന്ദ്രഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിന് കർഷകരെ സംരക്ഷിക്കാനുള്ള നയം സ്വീകരിക്കാൻ കഴിയുന്നില്ല. 2006-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് അങ്ങനെയൊരു നയം ഇന്ത്യയിലാദ്യമായി സ്വീകരിച്ചത്. അതാണ് അതിന്റെ പ്രത്യേകത. അതാണ് ഇപ്പോൾ കൂടുതൽ ശക്തിയോടെ തുടരുന്നത്. അതിൽ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ കർഷകന് എത്രയാണോ നഷ്ടമായത്; ആ പണം അതിന്റെ എത്രയോ ഇരട്ടിയായി ഇന്ത്യയിൽ മറ്റാർക്കോ ലഭിച്ചിട്ടുണ്ട്. അത് കിട്ടിയവന്റെ കയ്യിൽ നിന്ന് കണ്ടെത്തി നഷ്ടപ്പെട്ടവന് വാങ്ങിക്കൊടുക്കാനുള്ള ഉത്തരവാദിത്വമാണ് കേന്ദ്രഗവൺമെന്റിനുള്ളത്. ആ ഉത്തരവാദിത്വം അവർ നിർവ്വഹിക്കുന്നില്ല. അവർ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം മുഴുവൻ ഒരു സംസ്ഥാന ഗവൺമെന്റിന് മാത്രം നിർവ്വഹിക്കാൻ കഴിയുകയില്ല.

2006 ഡിസംബർ മാസത്തിലെ ഒരു ദിവസം പാതിരാനേരത്താണ് ഈ നയം നടപ്പാക്കുന്നതിന് കർഷക കടാശ്വാസ കമ്മീഷൻ ആക്ട് ഇവിടെ പാസ്സാക്കിയത്. അന്ന് ഒരാവശ്യംകൂടി ഉന്നയിച്ചിരുന്നു. കർഷക കടാശ്വാസ കമ്മീഷൻ വഴി സഹായിക്കാവുന്നത് കേരളം നിയന്ത്രിക്കുന്ന പണമിടപാട് സംവിധാനത്തിലൂടെ മാത്രമാണ്. ഒരു സംസ്ഥാന ഗവൺമെന്റിന് അത്രയേ കഴിയുകയുള്ളൂ. ഇന്ത്യയിലെ പണമിടപാട് സംവിധാനത്തിന്റെ മുഖ്യപങ്കം നിയന്ത്രിക്കുന്നത് പാർലമെന്റ് പാസ്സാക്കുന്ന നിയമങ്ങളിലൂടെ റിസർവ് ബാങ്കിന്റെ കീഴിലാണ്. റിസർവ് ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നവരാണ് ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന പണമിടപാട് സംവിധാന ബാങ്കിംഗ് മേഖലയും. അവർക്ക് ഇത് ബാധകമല്ല.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഞാൻ അങ്ങയുടെ അഭിപ്രായം മനസ്സിലാക്കാൻവേണ്ടി ഒരു കാര്യം പറയാം. പ്രാദേശിക കാർഷിക വികസനത്തിന്റെ ഭാഗമായിട്ടാണ് കർഷകർക്ക് കൂടുതൽ വായ്പ നൽകുന്നത്. നാഷണലൈസ്ഡ് ബാങ്ക് വായ്പ നൽകുന്നുണ്ട്. 1980-ൽ വായ്പ വാങ്ങിയ ആളുകൾക്ക് ഇപ്പോഴും കടബാധ്യതയുണ്ട്. ധൈര്യംകൊണ്ടാണ് ചില ആളുകൾ ജീവിക്കുന്നത്. ആദ്യം വാങ്ങിയ പ്രിൻസിപ്പൽ എമൗണ്ട് + ഇന്ററസ്റ്റ് +പീനൽ ഇന്ററസ്റ്റ് = എമൗണ്ട്. പിന്നെ അതൊരു പ്രിൻസിപ്പൽ എമൗണ്ടായി മാറുകയാണ്. അതുകഴിഞ്ഞ് ആ പ്രിൻസിപ്പൽ എമൗണ്ടിനൊരു ഇന്ററസ്റ്റ്, പിന്നെയൊരു പീനൽ ഇന്ററസ്റ്റ് ഇങ്ങനെ 25, 30, 40 വർഷമായി കൂടിക്കൊണ്ടിരിക്കുകയാണ്. പ്രാഥമികമായി ആകെ വാങ്ങിയ പ്രിൻസിപ്പൽ എമൗണ്ടിൽനിന്നും എത്രയോ ഇരട്ടിയാണത്! കർഷകനെ ഈ കെണിയിൽനിന്നും രക്ഷിക്കാൻ എന്തെങ്കിലും ഉപദേശമുണ്ടോ?

3. 00 P.M.]

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ പറഞ്ഞുവരുന്ന കാര്യം അതാണ്. സംസ്ഥാന ഗവൺമെന്റിന് നിയന്ത്രിക്കാൻ കഴിയുന്നത് കർഷകൻ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പകളിൽ മാത്രമാണ്. സംസ്ഥാന ഗവൺമെന്റ് കാർഷിക കടാശ്വാസ കമ്മീഷൻ വഴി പണം കൊടുത്താൽ, ആ പണത്തിന്റെ അടിസ്ഥാനത്തിൽ അവർ വേണമെങ്കിൽ കർഷകരെ സഹായിക്കും. പക്ഷേ 2006-ൽ നിയമം പാസ്സാക്കിയതിന്റെ അന്ന് രാത്രി, അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നിർദ്ദേശം ഇതിനെ ശക്തിപ്പെടുത്താൻ കേന്ദ്രം മാതൃനിയമം കൊണ്ടുവരണമെന്നായിരുന്നു. കാരണം കേന്ദ്രത്തിന്റെ തെറ്റു കൊണ്ടാണ് കർഷകൻ കടത്തിൽപ്പെട്ടത്. അങ്ങനെ കേന്ദ്രത്തിന്റെ നയം തെറ്റായി ഉപയോഗിച്ച് കർഷകൻ കടത്തിൽപ്പെട്ടാൽ സംസ്ഥാന ഗവൺമെന്റിന് അത് മൊത്തത്തിൽ പരിഹരിക്കാൻ കഴിയുകയില്ല. ഇന്ത്യയിലെ പണമിടപാട് സംവിധാനം മുഴുവൻ

നിയന്ത്രിക്കുന്നത് സംസ്ഥാന ഗവൺമെന്റല്ല, ഒരു ചെറിയ അംശം മാത്രമേ സംസ്ഥാന ഗവൺമെന്റിന് നിയന്ത്രിക്കാൻ കഴിയൂ. എന്നാൽ ബാങ്കുകൾ പ്രവർത്തിക്കുന്നതുൾപ്പെടെ പ്രാഥമികമായി അതിന്റെ ഭാരം മുഴുവൻ ചുമക്കുന്നത് വ്യവസായിയോ മറ്റേതെങ്കിലും വിഭാഗമോ അല്ല, മറിച്ച് കർഷകരാണ്. കാരണം അവരാണ് പ്രാഥമിക ഉത്പാദനമേഖലയുടെ നട്ടെല്ലായിരിക്കുന്നത്. ഒരു നയം തെറ്റായി എടുത്തതുവഴി ഭാരമായി മാറിയാൽ അതിനുത്തരവാദി കേന്ദ്രഗവൺമെന്റാണ്. അന്ന് കേന്ദ്രം ഭരിക്കുന്നത് കോൺഗ്രസ്സ് ഗവൺമെന്റാണ്. ഈ നിയമത്തെ ശക്തിപ്പെടുത്താൻ, എല്ലാ സംസ്ഥാനങ്ങളിലെയും കർഷകന് സഹായകരമാകാൻ ഒരു മാതൃനിയമം കൊണ്ടുവരണമെന്നാണ് ആ ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. ഞാൻ കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ കേന്ദ്രത്തിൽ പോയപ്പോൾ അന്ന് കേന്ദ്രകൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ശരത്പവാറിനോട് 50:50 ശതമാനം എന്ന രീതിയിൽ, കേന്ദ്രഗവൺമെന്റ് കർഷക കടത്തിന്റെ 50 ശതമാനം തന്നാൽ ഇന്ത്യയിലെ എല്ലാ കർഷക ആത്മഹത്യകളും ആ ഒറ്റ കേന്ദ്ര മാതൃനിയമത്തിന്റെ ബലത്തിൽ അവസാനിപ്പിക്കാമായിരുന്നു. കർഷക കടം ആർക്കാണ്, എങ്ങനെയാണ് വന്നു ചേർന്നതെന്നൊക്കെ കൃത്യമായി ഈ നിയമത്തിലുണ്ട്. ഞാനിപ്പോഴും പറയുന്നത്, കേരളം പോലെയുള്ള സംസ്ഥാനം; മറ്റ് സംസ്ഥാനങ്ങളെ കൂട്ടിയോജിപ്പിച്ചാലും കുഴപ്പമില്ല; അത്തരമൊരു കർഷക കടാശ്വാസത്തിന്റെ മാതൃനിയമത്തിനുവേണ്ടി കേരളം കേരളത്തിന്റേതായ പങ്കുവഹിക്കണം. ഇവിടെ ഒരുലക്ഷം രൂപ രണ്ടുലക്ഷം രൂപയാക്കുന്നത് നല്ലതാണ്. അതിനെ അഭിനന്ദിക്കുകയും ചെയ്യുന്നു. ബന്ധപ്പെട്ട മന്ത്രിയും മെമ്പറും പറഞ്ഞതുപോലെ അതുകൊണ്ടുമാത്രം ഈ പ്രശ്നം അവസാനിക്കുകയില്ല. കർഷകന് ഇതുസംബന്ധിച്ച് കൃത്യമായ കണക്കൊന്നുമില്ല. ആധുനിക ഇന്ത്യ വന്നതിനുശേഷം, 1991-ലെ പുതിയ സാമ്പത്തിക നയത്തിലേയ്ക്കുള്ള മാറ്റത്തിനുശേഷം കർഷകന് നഷ്ടപ്പെട്ട ഭൂമി എത്രയാണ്; അവന് നഷ്ടപ്പെട്ട സമ്പത്ത് എത്രയാണ്; അത് കിട്ടിയതാർക്കാണ്; അതിന്റെ കൈവശാവകാശി ആരാണ്? ഇതൊക്കെ തീർച്ചയായും പഠനമാവശ്യമുള്ള വിഷയമാണ്. ഈ നയങ്ങൾ തിരുത്തുന്നതിന് ഒരു കർഷകന്, കർഷക കൂട്ടായ്മയ്ക്ക് ഒത്തുചേരാനും സമരം നടത്താനും പല തരത്തിലുള്ള വിഷമങ്ങളുമുണ്ട്. അവർക്കുവേണ്ടി കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് മനുഷ്യപക്ഷ, ഇടതുപക്ഷ മുഖമാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതുപോലെ പല കാര്യങ്ങളിൽ ഒന്നായി മുന്നോട്ടുവച്ചത്. മുന്നോട്ടുവച്ച ആ കാര്യം തുടർന്ന് മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ വലിയ സമ്മർദ്ദം വരികയും കേന്ദ്രം അതിനുവേണ്ടി ഒരു മാതൃനിയമമുണ്ടാക്കുകയും വേണം.

നിയമത്തിൽ പറഞ്ഞിട്ടുള്ള രണ്ടാമത്തെ കാര്യം, കർഷകൻ ആരെന്ന് ഡോ. എം. എസ്. സ്വാമിനാഥൻ കൃത്യമായി പറഞ്ഞിട്ടുണ്ട്. കൃഷി മാത്രം ചെയ്യുന്നവനല്ല, പശുവളർത്തുന്നവനും മത്സ്യം വളർത്തുന്നവനും കർഷകനാണ്. ഭൂമിയുമായി ബന്ധപ്പെട്ട് പണി ചെയ്ത് അദ്ധ്വാനിച്ച് സ്വന്തം വരുമാനത്തിന്റെ 50 ശതമാനത്തിലധികം കൊണ്ടുവരുന്നവനാരോ അവനാണ് കർഷകൻ. ഇന്ത്യയിൽ കേരളത്തിലാണ് ആ നമ്പർ ഏറ്റവും കുറവ്. ഉത്തർപ്രദേശിലെല്ലാം വളരെ കൂടുതലാണ്. അവിടെ ഇപ്പോഴും കർഷകർ 50 ശതമാനത്തിന് മുകളിലാണ്. ഇത് കൃത്യമായ കണക്കൊന്നുമല്ല. കേരളത്തിൽ 27 ശതമാനത്തിലും താഴെയാണ്. കേരളത്തിൽ കണക്കാക്കുമ്പോൾ രണ്ടുമൂന്ന് കാര്യങ്ങളിലാണ് കർഷക കടത്തിനപ്പുറമുള്ള വ്യക്തിപരമായ കടങ്ങളെ നോക്കി കാണേണ്ടത്. വിലത്തകർച്ച വന്നു, അതിന്റെ ഉത്തരവാദി കർഷകനല്ല. ഒരു കാർവ്യവസായിക്ക് കാർ ഉല്പാദിപ്പിക്കുമ്പോൾ അതിന്റെ വില നിശ്ചയിക്കാനുള്ള അവകാശമുണ്ട്. പക്ഷേ നെല്ലുല്പാദിപ്പിക്കുന്ന കർഷകന് തന്റെ നെല്ലിന് ഇത്ര വില വേണമെന്ന് പറയാൻ അവകാശമില്ല. നമ്മൾ ഒരു തറവില നിശ്ചയിക്കുന്നതുകൊണ്ടും ആ തറവില ഇന്ത്യയിൽ ഏറ്റവും കൂടിയ വിലയായി നെൽകർഷകന് കൊടുക്കുന്നതുകൊണ്ടുമാണ് ഇവിടെ നെൽകൃഷി കുറച്ചെങ്കിലും നിലനിൽക്കുന്നത്. ഒരു വ്യവസായിക്ക് തന്റെ ഉൽപ്പന്നത്തിന്റെ വില നിശ്ചയിക്കാൻ അവകാശമുള്ളപ്പോൾ, ആ അവകാശമില്ലാത്ത കർഷകന്, അവൻ മുടക്കുന്നതിന്റെ അമ്പത് ശതമാനംകൂടി അധികം കിട്ടുന്നതോടൊപ്പം ലാഭം കൂടി കിട്ടിയാലേ കൃഷി നടത്താൻ പറ്റൂ; അവന് ജീവിക്കാൻ പറ്റൂ. അങ്ങനെയുള്ള കർഷകന്, തന്റെ കുറ്റം കൊണ്ടല്ലാതെ, മഴയുടെയോ വെയിലിന്റെയോ കൂടുതൽകൊണ്ടോ കീടരോഗ ബാധകൊണ്ടോ വിലത്തകർച്ചകൊണ്ടോ, അതുമല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങൾകൊണ്ടോ ഒരു തകർച്ച നേരിട്ടാൽ, അവന്റെ ജീവിതത്തിൽ ഒരു സ്തംഭനമുണ്ടായാൽ, അവിടെയാണ് കർഷക കടാശ്വാസ കമ്മീഷന് ഇടപെടാൻ കഴിയുന്നത്. അങ്ങനെയുള്ള കർഷകർക്കുവേണ്ടി ഇടപെടാം. വയനാട്ടിലാണ് ഏറ്റവും കൂടുതൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിൽ കാർഷിക വൃത്തിയിൽനിന്നുമാത്രം ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന ഒരു ജില്ല അതാണ്. അതുകൊണ്ട് അവിടെയാണ് കൂടുതൽ സഹായം കൊടുത്തത്. വിളയുടെയും വിലയുടെയും തകർച്ച ഉണ്ടാകുമ്പോൾ കാർഷിക മേഖലയിലെ വരുമാനംകൊണ്ടുമാത്രം ജീവിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേകമായി സഹായിക്കേണ്ടിവരും. അത്തരം സഹായവും

കർഷക കടാശ്വാസ കമ്മീഷന് നൽകാം. വ്യക്തിപരമായോ ഒരു വിളയുടെ അടിസ്ഥാനത്തിലോ ഒരു പ്രദേശത്ത് മൊത്തംവരുന്ന കാര്യങ്ങളിലോ സഹായം നൽകാം. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു കർഷക കടാശ്വാസ കമ്മീഷനെ ശക്തിപ്പെടുത്തുന്ന ഒരു മാതൃ നിയമം ഉണ്ടാക്കിയാൽ, ഇന്ത്യയിലെ ആത്മഹത്യകൾ അവസാനിപ്പിക്കാമെന്നുമാത്രമല്ല, ഇന്ത്യയിലെ കർഷകന്റെ വിഷമങ്ങൾ മനസ്സിലാക്കുന്ന ഒരു ഗവൺമെന്റ് കേന്ദ്രത്തിലുണ്ടെന്ന് കണ്ടാൽ ഇറക്കുമതി നയം വരുമ്പോൾ കർഷകരുമായി ആലോചിക്കാനും കഴിയും. വ്യവസായികൾക്ക് ശരി എന്ന് തോന്നുന്നത് ഒരു വ്യവസായിയുടെ ശരിയാണ്. അത് കർഷകന്റെ മുന്നിൽ വലിയൊരു തെറ്റാണ്. ആലോചനകളെല്ലാം നടത്തുന്നത് വ്യവസായികൾക്ക് വേണ്ടിയാണ്. കോൺഗ്രസ് ഗവൺമെന്റ് കർഷകനുവേണ്ടി ഒരിക്കൽ കുറച്ച് കടം എഴുതിത്തള്ളിയിട്ടുണ്ട്. എന്നാൽ അതിന്റെ എട്ടിരട്ടി കടമാണ് ഇന്ത്യൻ വ്യവസായികൾ എടുത്തതിൽനിന്ന് ഒരു വർഷം കേന്ദ്ര ഗവൺമെന്റ് എഴുതിത്തള്ളിയത്. കുറച്ചുപേർക്കുവേണ്ടി ഒരു രാജ്യത്തിന്റെ സമ്പത്ത് നീക്കിവയ്ക്കുക, കോടിക്കണക്കിന് മനുഷ്യർക്കുവേണ്ടി അത് ചെയ്യാതിരിക്കുക, അതെന്ത് നയമാണ്? ഒരു കാർഷിക രാജ്യമെന്നാണ് നമ്മൾ നമ്മളെക്കുറിച്ച് പറയുന്നത്; അതിൽ പരമ്പരാഗത മേഖലയുംകൂടി ചേർന്നാൽ ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന മനുഷ്യരായി. അവരെക്കുറിച്ച് ചിന്തിക്കാത്ത, അവരുടെ പ്രശ്നങ്ങൾ ഏറ്റുവാങ്ങാത്ത, അവരുടെ ഹൃദയത്തിന്റെ നൊമ്പരം ഭരണകൂടത്തിന്റെ ഒരു മൂലയ്ക്കെങ്കിലും കാണാത്ത ഒരു നയത്തെ തിരുത്താൻ കഴിയുന്ന ശക്തി സത്യത്തിൽ ഇന്ത്യയിലെ ഒറ്റ കമ്മീഷനായ, കേരളത്തിലെ കർഷക കടാശ്വാസ കമ്മീഷനാണ്. കർഷകരെക്കുറിച്ച് എല്ലാ സംസ്ഥാന ഗവൺമെന്റുകളും പറയുന്നുണ്ട്, അവർക്കുവേണ്ടി എല്ലാവരും വാദിക്കുന്നുമുണ്ട്. നമ്മുടെ പ്രധാനമന്ത്രി നാവെടുത്താൽ കർഷകരുടെ കാര്യം പറയുന്നുണ്ട്. പക്ഷേ, ഇന്ത്യയിലെ ഒരു ഗവൺമെന്റ് മാത്രമേ കർഷക കടാശ്വാസ കമ്മീഷൻ ഒരു സംവിധാനമെന്ന നിലയിൽ കൊണ്ടുവന്നിട്ടുള്ളൂ. ഇത് കൊണ്ടുവരാൻവേണ്ടിയുള്ള സമ്മർദ്ദത്തിലേയ്ക്ക് നമ്മൾ വരണം.

വ്യവസായികൾക്ക് പണവും മറ്റും ഉള്ളതിനാൽ അവർക്കുവേണ്ടി പല പദ്ധതികളും കൊണ്ടുവരുന്നുണ്ട്. ഇന്ത്യയിൽ മൂന്ന് മാസം മുൻപ്, ഉള്ളിയുടെ വില രണ്ട് രൂപയായിരുന്നു. കർഷകന് വിറ്റഴിക്കാൻ കഴിഞ്ഞില്ല. കർഷകൻ ഉൽപ്പാദിപ്പിച്ച ഉള്ളിയെല്ലാം മുതലാളിമാരുടെ ഗോഡൗണുകളിലേയ്ക്ക് എത്തിയപ്പോൾ ഉള്ളിയുടെ വില വല്ലാതെ വർദ്ധിച്ചു. ഇപ്പോൾ ഇറക്കുമതി

ചെയ്യാൻപോലും തീരുമാനിക്കുന്നു. ഇതാണ് ഇന്ത്യൻ കർഷകൻ. അവന് ആരെയും സ്വാധീനിക്കാൻ പറ്റുന്നില്ല. അവന് ഒരു നയത്തെയും ബലപ്പെടുത്താൻ പറ്റുന്നില്ല. അവനെതിരായ ഒന്നിനെയും ഒരു ചെറുവിരൽ കൊണ്ടുപോലും എതിർക്കാൻ പറ്റുന്നില്ല. കർഷകൻ ഇങ്ങനെ വ്യസനിക്കുമ്പോൾ, മരണത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുമ്പോൾ, അവന് അനുകൂലമായി ചിന്തിക്കുന്ന ഒരു ഗവൺമെന്റുണ്ടാകേണ്ടിയിരിക്കുന്നു.

കേന്ദ്രഗവൺമെന്റിന്റെ ആഗോളവൽക്കരണ നയങ്ങളുടെ വേഗതയിലുള്ള സഞ്ചാരമാണ് ഇപ്പോൾ ഇന്ത്യയിൽ നടക്കുന്നത്. 2006-ൽ അതിനെതിരായ ചിന്ത ഉണ്ടായതും അത് ഒരു കമ്മീഷനായി രൂപപ്പെട്ടതും അന്നുതന്നെ ആവശ്യം ഉന്നയിച്ചതുമെല്ലാം ഇപ്പോഴും ഇന്ത്യാ ഗവൺമെന്റിന്റെ ബധിര കർണ്ണങ്ങളിലാണ് പതിച്ചുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടിയുള്ള സമ്മർദ്ദംകൂടി ഉണ്ടാകണം. ഇത് ഒരു നല്ല ഭേദഗതിയാണ്. കർഷക കടാശ്വാസ കമ്മീഷന്റെ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളാനുള്ള അധികാരം രണ്ട് ലക്ഷം രൂപയിലേയ്ക്ക് വർദ്ധിപ്പിച്ചു കൊടുക്കുന്നു. പക്ഷേ അങ്ങനെ രണ്ട് ലക്ഷം രൂപയിലേയ്ക്ക് വർദ്ധിപ്പിച്ചു കൊടുക്കുമ്പോഴും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞതു പോലെ ഇത് അവസാനിക്കുന്നില്ല. കാരണം, ഇത് ഇവിടെ തീർക്കാവുന്ന ഒന്നല്ല; ഇത് നമ്മുടെ കുളത്തിൽ രൂപപ്പെടുന്ന ഒരു ന്യൂനമർദ്ദമല്ല, ഇന്ത്യൻ കടലിൽ രൂപപ്പെടുന്ന ന്യൂനമർദ്ദമാണ്. അതുണ്ടാകുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ കർഷക വിരുദ്ധമായ നയങ്ങൾ കൊണ്ടാണ്. അതുകൊണ്ട് ഈ കൊടുങ്കാറ്റ് നമ്മൾ നേരിട്ടേ പറ്റൂ. വേണമെങ്കിൽ, ഒരു കുട പിടിക്കുകയോ ഒരു മതിൽ കെട്ടിക്കൊടുക്കുകയോ ചെയ്യാം. പക്ഷേ, ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾമൂലമാണ്. കർഷകനെ കണ്ണീര് കുടിപ്പിക്കുന്ന, അവനെ കുഴിമാടങ്ങളിലേയ്ക്ക് അയയ്ക്കുന്ന, അവന്റെ വിങ്ങലുകൾ വളർത്തുന്ന, അവന്റെ കുടുംബംതന്നെ ഇല്ലാതാക്കിക്കളയുന്ന ഇത്തരം തെറ്റുകളെ ചെറുക്കാനുള്ള കേരളത്തിന്റെ ഒരു ശ്രമമാണ് 2006-ൽ രൂപപ്പെട്ടത്. കാലത്തിനനുസരിച്ച്, അതിന്റെ തുക വർദ്ധിപ്പിച്ചുകൊണ്ട് ഞങ്ങൾ ഞങ്ങളാലാകുന്നത് ചെയ്യുന്നു എന്ന് കേന്ദ്രത്തോട് പറയുന്നുണ്ട്. പക്ഷേ, കേരളത്തിലെ പ്രതിപക്ഷാംഗങ്ങൾകൂടി ഉണ്ടാകും എന്നുകരുതിയാണ് ഇന്ന് ഞാൻ പ്രസംഗിക്കണമെന്ന് തീരുമാനിച്ചത്. കാരണം, ഇത് അവരും നമ്മളും തമ്മിൽ വേർപിരിയേണ്ട കാര്യമല്ല. ഒരു വലതുപക്ഷ വ്യതിയാനമൊക്കെ സാമ്പത്തിക നയത്തിൽ വന്നെങ്കിലും അതിന്റെ

ഏറ്റവും വലിയ ദുരിതമനുഭവിച്ചത് ഇന്ത്യയിലെ കർഷകരാണെങ്കിൽ, ആ ദുരിതത്തോടൊപ്പം ഇന്ത്യയിലെ വിദ്യാർത്ഥികളും തൊഴിലുള്ളവരും മറ്റ് പണിയെടുക്കുന്നവരുമൊക്കെ പങ്കുചേർന്നു കൊണ്ടിരിക്കുന്ന ആ ദുരിത നയങ്ങൾ ചെറിയ തീയായി വളർന്ന് ഇപ്പോഴത് ലോകത്തെയാകെ വിഴുങ്ങുന്ന കാട്ടുതീയായി മാറിക്കൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിൽ ഇന്ത്യയാകെ ശ്രമിച്ചാലേ ഇതിനെ അണയ്ക്കാനുള്ള വെള്ളം ലഭിക്കൂ. ആ വെള്ളം ഹിമാലയത്തിൽനിന്നേ ഉണ്ടാകൂ, സഹ്യപർവ്വതത്തിൽനിന്നുണ്ടാകില്ല. അത് അവിടെ ഉണ്ടാകാൻ വേണ്ടി ഈ നയം ഇന്ത്യയുടെ വടക്ക് ഭരിക്കുന്നവരുടെ മനസ്സിലേയ്ക്ക് എത്തിക്കാൻതക്ക തരത്തിലുള്ള ശക്തി ഉണ്ടാക്കിയെടുക്കാൻ തീർച്ചയായും കഴിയണം. അല്ലെങ്കിൽ തീർച്ചയായും, ഞാൻ ആദ്യം പറഞ്ഞതുപോലെ, ഒരു ചെറിയ മതിൽ കെട്ടാം. പക്ഷേ, അതുകൊണ്ട് ഈ കൊടുങ്കാറ്റ് നിൽക്കില്ല. ഇതൊരു നയമാണ്, ഒരു തെറ്റാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് കൊണ്ടുവരുന്ന ഈ ഭേദഗതിയെ ഞാൻ പിന്തുണയ്ക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഇത് കർഷകരെ സ്നേഹിക്കുന്ന, രാജ്യത്തെ സ്നേഹിക്കുന്ന, രാജ്യം ഒരുമിച്ച് നിൽക്കണമെന്ന് ആഗ്രഹിക്കുന്ന രാജ്യമൊട്ടാകെയുള്ള എല്ലാവരും ചേർന്ന് മുന്നോട്ട് കൊണ്ടുപോകേണ്ട ഒരു വലിയ യാത്രയാണ്. ആ യാത്ര കേരളത്തിൽനിന്ന് 2006-ൽ ആരംഭിച്ചതാണ്. അത് 2019-ലും കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ ശ്രദ്ധിക്കുന്ന എന്നതിൽ ഗവൺമെന്റിനോടുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഇവിടെ ബഹുമാന്യനായ മുൻ കൃഷി വകുപ്പുമന്ത്രിയും ശ്രീ. പി. ടി. എ. റഹീമും മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് സംസാരിച്ചത്. ഏത് സാഹചര്യത്തിലാണ് കർഷക കടാശ്വാസ നിയമം വന്നതെന്നും അന്ന് രാജ്യത്തും സംസ്ഥാനത്തുമുണ്ടായിരുന്ന സാഹചര്യമെന്തായിരുന്നുവെന്നും കർഷക ജനസമൂഹം എത്രമാത്രം വലിയ ദുരിതത്തിലായിരുന്നുവെന്നതുമെല്ലാം ദീർഘമായി വിശദീകരിക്കപ്പെട്ടു. അത്തരമൊരു സാഹചര്യത്തിലും കേന്ദ്ര ഭരണകർത്താക്കൾ കർഷക കടാശ്വാസ നിയമം കൊണ്ടുവരാനോ സഹായം നൽകാനോ യാതൊരുതരത്തിലുള്ള നടപടിയും സ്വീകരിക്കാത്ത ഘട്ടത്തിലാണ്, പന്ത്രണ്ട് വർഷങ്ങൾക്ക് മുൻപ് സഖാവ് വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ ഈ നിയമം കൊണ്ടുവന്നത്.ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾക്കുമാത്രം ബാധകമാകുന്നതാണിതെന്ന് എല്ലാവർക്കും

അറിയാവുന്ന കാര്യമാണ്. കർഷകന്റെ കടം എന്നുപറയുന്നത് ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്ന കൃഷിക്കാരന്റെ കടങ്ങളെല്ലാംകൂടി ചേരുന്നതാണെന്ന കാഴ്ചപ്പാട് കേരളത്തിന്റെ ഇന്നത്തെ ഗവൺമെന്റിനുണ്ടെങ്കിലും നമ്മുടെ കൊമേഴ്സ്യൽ ബാങ്കുകളെ സംബന്ധിച്ചിടത്തോളം അവർ പറയുന്ന കാര്യങ്ങൾ ഇപ്പോൾ ഇതിന്റെ പരിധിയിൽ വരുന്നില്ല എന്നും ഈ നിയമം കൊണ്ടുവന്നതുകൊണ്ട് സഹകരണ മേഖലയിൽനിന്നും വായ്പയെടുത്ത കൃഷിക്കാർക്ക് നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽനിന്നും കുറച്ചുകൂടി മെച്ചപ്പെട്ട അവസ്ഥയുണ്ടാക്കാൻ കഴിയും എന്നുമാത്രമേ നമുക്ക് പറയാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ 12 വർഷങ്ങളിലായി ഏതാണ്ട് 207,85,11,276 രൂപയുടെ സഹായം കേരളത്തിലെ കൃഷിക്കാർക്ക് കർഷക കടാശ്വാസ നിയമത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായും അന്നുണ്ടായിരുന്ന 50,000-ത്തിന് മുകളിൽ വരുന്ന വായ്പയുടെ ഇത്ര ശതമാനം വച്ച് പരിഗണിക്കപ്പെട്ട് അത് ആശ്വാസധനമായി നൽകുമെന്ന് തീരുമാനിച്ച് അതിലൊരു മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള ഇപ്പോഴത്തെ ഗവൺമെന്റിന്റെ നടപടിക്ക് ഇടവന്നത് 2018-ലെ പ്രളയവും അതിനുശേഷം 2019-ൽ ഉൾപ്പെടെ വന്നിട്ടുള്ള വലിയ തോതിലുള്ള അതിവൃഷ്ടിയും വലിയ ദുരന്തങ്ങളുമെല്ലാമാണ്. അത് കർഷകർക്ക് വരുത്തിവച്ചിട്ടുള്ള ദുരിതങ്ങളെക്കൂടി അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരമൊരു നിയമം, അത് നേരത്തെ ഓർഡിനൻസായും ഇപ്പോൾ ഈ സഭയിൽ ബില്ലായും അവതരിപ്പിക്കാൻ ഇടവന്നത്. അതുകൊണ്ടുതന്നെ നേരത്തെ നൽകിക്കൊണ്ടിരുന്ന പരമാവധി ആശ്വാസ ധനസഹായം എന്നുപറയുന്നത് ഒരു ലക്ഷം രൂപയായിരുന്ന സ്ഥാനത്ത് ഇന്നത്തെ ഈ ഭേദഗതി അംഗീകരിക്കപ്പെടുന്നതിനെത്തുടർന്ന് കർഷകർക്ക് കിട്ടുന്ന കടാശ്വാസം ഏതാണ്ട് ഒരു ലക്ഷത്തിനു പകരം രണ്ട് ലക്ഷമായി വർദ്ധിപ്പിക്കാൻ കഴിയുമെന്നതാണ് ഇതിന്റെ പ്രത്യേകത. മറ്റ് ദീർഘമായ വിശദീകരണങ്ങളൊന്നും ഞാൻ നടത്തുന്നില്ല. ബിൽ ഇവിടെ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയും അതിന്റെ വിശദീകരണങ്ങളുമെല്ലാം നിലനിൽക്കെ ഇത്തരമൊരു ബിൽ അവതരിപ്പിക്കുന്നതിലൂടെ കർഷകന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന ധാരണ എനിക്കില്ല. തീർച്ചയായും സഹകരണ മേഖലയിൽനിന്നും വായ്പയെടുക്കുന്ന കൃഷിക്കാരന്റെ പ്രശ്നങ്ങൾക്ക് മാത്രമാണ് ഈ ബിൽ വഴി ചെറിയ ഒരളവിലെങ്കിലും സഹായം ചെയ്യാൻ കഴിയുക. സംസ്ഥാനത്തിന്റെ എല്ലാ പരാധീനതകളും സാമ്പത്തിക പ്രശ്നങ്ങളുമെല്ലാം നിലനിൽക്കുമ്പോഴും കർഷകരുടെ രക്ഷയ്ക്കുവേണ്ടി ഒരു പ്രത്യേക സമീപനം സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ ബിൽ കൊണ്ടുവന്നത്. ഇന്നലെകളിലെയും ഇന്നത്തെയും രാജ്യം ഭരിക്കുന്ന ഗവൺമെന്റുകളുടെ സാമ്പത്തിക രംഗത്തെ നയം എടുത്ത് പരിശോധിച്ചാൽ

കാണാൻ കഴിയുന്നത് ലക്ഷക്കണക്കിന് കോടി രൂപയുടെ ആനുകൂല്യങ്ങൾ വൻകിട വ്യവസായികൾക്കും വ്യവസായ പ്രമുഖന്മാർക്കും അനുവദിച്ച് കൊടുക്കുന്നതല്ലാതെ, നാടിനെ തീറ്റിപ്പോറ്റുന്ന കർഷകർക്ക് ആശ്വാസകരമായ ഒരു നടപടിയും സ്വീകരിക്കാൻ മുന്നോട്ട് വരുന്നില്ല എന്നതാണ്. അത്തരമൊരു കേന്ദ്ര ഗവൺമെന്റിന്റെ നയം നിലനിൽക്കെ, അതിൽനിന്നും തികച്ചും വ്യത്യസ്തമായ കർഷകപക്ഷ നിലപാട് സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നുവെന്നതാണ് 2006-ലെ മൂലനിയമത്തിന്റെ അടിസ്ഥാനം. ഇപ്പോൾ ഭേദഗതിയിലൂടെ കൂറേക്കൂടി മെച്ചപ്പെട്ട രീതിയിൽ കർഷകന് ആശ്വാസം നൽകുന്ന തീരുമാനം ഉണ്ടാകാനും പോകുന്നു. ഇതാണ് പൊതുവിൽ ഇതുമായി ബന്ധപ്പെട്ട് എനിക്ക് സഭയുടെ മുൻപാകെ പറയാനുള്ളത്. ഇത്തരമൊരു സാഹചര്യത്തിലാണ് കർഷകർക്ക് കിട്ടുന്ന കടാശ്വാസം ഒരു ലക്ഷം രൂപയ്ക്കു പകരം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ചെയർപേഴ്സൺ: ശ്രീ. പി. ടി. എ. റഹീം, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ചെയർപേഴ്സൺ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ചെയർപേഴ്സൺ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ചെയർപേഴ്സൺ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.16-ന് പിരിഞ്ഞു)